

# പള്ളിവാണ പെരുമാൾ

ഇസഡ്. എം. പാറേട്ട്

# പള്ളിവാണ

# പെരുമാൾ

KOTTAYAM PUBLIC LIBRARY
KOTTAYAM
119364
X

GIFTED BY
THOMAS ABRAHAM
LIBRARIAN.

ഇസ്സഡ്. എം. പാറേട്ട്

Sunila Nath

(Malayalam)
PALLIVANAPERUMAL
(Historical Novel)
By Z. M. PARET
First Published; March 1963
Copies : 1000
Printed at :
C. M. S. Press, Kottayam, Kerala State
Published by :
JACOB MATHEWS Chemmarappally, Manganom P. O.
via KOTTAYAM. KERALA
Distributors:
MANORAMA PUBLISHING HOUSE,
P. B. No. 26, KOTTAYAM--1
Kerala State
Copyright: AUTHOR
Price: 5-00
MF2
PAR-P
KOTTAYAM PUBLIC LIBRARY
11364
KOTTAYAM

# ഇസ്സഡ്. എം. പാറേട്ടിൻെറ കൃതികൾ

| | |
|---|---|
| | നോവൽ |
| ആരണ്യ കന്യക | ,, |
| ആരണ്യ പുത്രി | ,, |
| അത്ഭുത വിഗ്രഹം | ,, |
| വാനരനാരി | ,, |
| വന്യവനിതകൾ | ,, |
| എൻെറ പെണ്ണ് | ,, |
| ബീഗംറോഷൻ | ,, |
| പന്ത്രണ്ടിൽ പതിമ്മൂന്ന് | ,, |
| അമ്മിണി | ,, |
| ബറബാസ് | ,, |
| മായാദേവി | ,, |
| സൌഭാഗ്യം അൺലിമിററഡ് | ,, |
| തൊമ്മൻെറ തൊപ്പിപ്പാള | ,, |
| തിരുടൻെറ ത്യാഗം | ,, |
| ഈ നരകപിശാചിക്ക് ആ നരകാസുരൻ | ,, |
| രാജകുമാരി പൂങ്കൊടി | ,, |
| കുഞ്ഞന്നംകുഞ്ഞ് | ,, |
| തിലകൻെറ തിലകം | , |
| മഹാദേവൻെറ രാജയോഗം | ,, |
| മഹാദേവൻെറ ജലരാജ്യം | ,, |
| മണികണ്ഠൻ (ഡി) | ,, |
| പറക്കും കുതിര | ,, |
| വക്രപ്പുലിയും പെരുമ്പാററയും (ചരിത്രാഖ്യായിക) | ,, |
| പള്ളിവാണപെരുമാൾ ,, | ,, |
| കൂനൻകുരിശ് (അച്ചടിയിൽ) ,, | ,, |
| ഹിപ്നോട്ടിസം (പ്രഥമപാഠങ്ങൾ) | ,, |
| ഹിപ്നോട്ടിസം (ഉപരിപാഠങ്ങൾ) | ,, |

# പള്ളിവാണപെരുമാൾ

(ചരിത്രാഖ്യായിക)

ഗ്രന്ഥകർത്താ :

ഇസ്സഡ്. എം. പാറേട്ട്

വിതരണം

**മനോരമ പബ്ലിഷിംഗ് ഹൗസ്**

*പി. ബാ. 26.*

*കോട്ടയം.*

വില. അഞ്ചു രൂപ.

# അവതാരിക

നോവലുകൾക്കു് അവതാരികയുടെ ആവശ്യം കാണുന്നില്ല. എന്നാൽ ഇതു് ഒരു ചരിത്രാഖ്യായികയാണു്. ക്രി. ഒന്നാം ശതാബ്ദത്തിൽ നടന്ന സംഭവങ്ങളാണു് ഇതിൽ വിവരിക്കുന്നതു്. അതിനാൽ ഇതിൻെറ ചരിത്ര പശ്ചാത്തലം വായനക്കാർ അവശ്യം അറിയേണ്ടതായി തോന്നിയതിനാലായിരിക്കാം ഇങ്ങനെ ഒരു അവതാരികയുടെ ആവശ്യം വന്നതു്.

വി. തോമസ് അപ്പൊസ്തലൻ, കൊടുങ്ങല്ലൂരിൽ ഭരിച്ചിരുന്ന ഒരു ചേര രാജാവിനെ ക്രിസ്തുമതത്തിൽ ചേർത്തു എന്നാണു് നസ്രാണികളുടെ ഇതിഹാസം. ഈ രാജാവിന്റെ അനന്തര ചെയ്തികളെപ്പററി ആ ഇതിഹാസം മൌനം ദീക്ഷിക്കുന്നെങ്കിലും, ചില വിവരങ്ങൾ ഹിന്ദുക്കളുടെ രേഖകളിൽ കാണാവുന്നതാണു്. പണ്ടു ഹിന്ദുക്കൾ ചരിത്രനിർമ്മാണത്തിൽ പ്രായേണ അലസരായിരുന്നു. എന്നാൽ, കേരളത്തിൽ ക്രിസ്തുമതത്തിൻെറ പ്രവേശനം സംബന്ധിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നതിൽ നമ്പൂതിരിമാർ ആ നയമല്ല സ്വീകരിച്ചതു്. ക്രിസ്ത്യാനികളേയും അവർ ബൌദ്ധന്മാരായി, ബുദ്ധമതക്കാരോടുകൂടെ എണ്ണി എങ്കിലും, വിദേശത്തു നിന്നു വന്ന ബൌദ്ധന്മാർക്കു നമ്പൂതിരിമാർ പ്രത്യേക പ്രാധാന്യം കല്പിച്ചതായി കാണാം. അസാധാരണ വിശ്വാസാദികളുള്ള ക്രിസ്തുമതത്തിൽ വളരെ നമ്പൂതിരിമാർ ചേർന്നതുകൊണ്ടു് അവർക്കു് സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ അനുഭവപ്പെട്ട പ്രത്യാഘാതങ്ങളാണു് ഇതിനു കാരണമായി ഭവിച്ചതു്. പാലയൂർ സംഭവങ്ങൾ സംബന്ധിച്ചുള്ള ഇതിഹാസം ഇതിനു് തെളിവാണു്.

സുപ്രസിദ്ധമായ കേരളോല്പത്തിയുടെ പാഠ ഭേദങ്ങളിലെല്ലാം, ബാണപെരുമാൾ എന്നൊരു കേരള രാജാവ് വൈദേശികനായ ഒരു മതപണ്ഡിതൻ കാരണം ബൌദ്ധമതത്തിൽ പ്രവേശിച്ചതായി കാണുന്നുണ്ട്. ഈ രാജാവിന് പള്ളിവാണപെരുമാൾ എന്ന നാമവും അവയിൽ കല്പിക്കപ്പെട്ടിരിക്കുന്നു. സൎവ്വവേദ വിഗ്രഹി ആയ ക്നായി തോമ്മാ എന്ന ഒരാൾ ചേര രാജാവായ ബാണപെരുമാൾ ഉൾപ്പെടെ ഉന്നതസ്ഥിതരായ പലരേയും ബൌദ്ധമതത്തിൽ ചേൎത്തു എന്നും, ബ്രാഹ്മണർ രാജാവിനെ സമീപിച്ച് "എന്തീയബദ്ധം കാട്ടിയതു്" എന്നു ചോദിച്ചു എന്നും, അവരുടെ പ്രതിനിധികളും വൈദേശികനും തമ്മിൽ പലപ്പോൾ തൎക്കിച്ചു എന്നും ആൎക്കും വിജയം സിദ്ധിച്ചില്ലെന്നും കേരളോല്പത്തിയുടെ രണ്ടു താളിയോല ഗ്രന്ഥങ്ങളിൽ ഞാൻ കാണുകയുണ്ടായി. പെരുമാൾ പുതിയ വേദത്തിൽ ചേൎന്നു കഴിഞ്ഞതിനാൽ അതിൽ തന്നെ തുടൎന്നു. ചായൽ, നിരണം, കോക്കമംഗലം കോട്ടക്കാവ് എന്നീ ദിക്കുകളിൽ നാലു പള്ളികൾ വയ്ക്കുന്നതിനു അനുമതി നല്കി. അപ്പൊസ്തലനും അദ്ദേഹത്തിന്റെ അനുയായികൾക്കും, സാരതരമായ പല അവകാശാധികാരങ്ങൾ നല്കിയ ശേഷം മകൻ കുലശേഖരനെ രാജസ്ഥാനത്തു പ്രവേശിപ്പിച്ചുകൊണ്ടു് പെരുമാൾ സ്ഥാനത്യാഗം ചെയ്തു മക്കത്തിനു പോയി എന്നും, ഈ ഗ്രന്ഥങ്ങൾ പറയുന്നു.

കേരളോല്പത്തിയുടെ വേറൊരു പാഠ ഭേദത്തിൽ ബ്രാഹ്മണർ പുറത്തു നിന്നു ആറു ശാസ്ത്രിമാരെ വരുത്തി പെരുമാളെ അഭിമുഖീകരിച്ച് മതം മാററത്തെപ്പററി വാദിച്ചു എന്നും, മതം മാറാൻ കാരണമായി "ഇതത്രെ നേരാകുന്നതു്" എന്നു പെരുമാൾ പറഞ്ഞു എന്നും, തുടൎന്നു ശാസ്ത്രിമാർ തൎക്കിച്ചു ബൌദ്ധരെ തോല്പിച്ചു എന്നും; മറെറാന്നിൽ തൎക്കത്തിൽ തോററ ബൌദ്ധരുടെ നാവ് പിഴുതു കളഞ്ഞു എന്നുമുണ്ടു്. മതം മാറിയശേഷം നാലു വൎഷം കൂടി ഭരണം നടത്തിയിട്ടാണ് പെരുമാൾ സ്ഥാനത്യാഗം ചെയ്തതെന്നു പറയുന്ന പാഠഭേദങ്ങളുമുണ്ടു്.

കേരളോല്പത്തി ശരിക്കു വിശ്വസിക്കാവുന്ന ഒരു ചരിത്രമല്ലെന്നും, നമ്പൂതിരിമാരുടെ അവകാശങ്ങൾ ഉറപ്പിക്കുന്ന

തിന്നു വേണ്ടി എഴുതിയുണ്ടാക്കിയതാണെന്നും അഭിപ്രായ മുണ്ടു്. എന്നാൽ തന്നെയും, കത്താക്കൾക്കു അനുകൂലമല്ലാത്ത കാൎയ്യങ്ങളിൽ, അവരുടെ താല്പൎയ്യങ്ങൾക്കു എതിരായി നടന്ന സംഭവങ്ങളെപ്പററി പറയുന്നവയ്ക്കു ചേൎന്ന വില കല്പിക്കാമല്ലൊ. പള്ളിവാണപെരുമാളെ സംബന്ധിച്ചുള്ള ചരിത്രം ആകെ കുഴഞ്ഞാണു് കിടക്കുന്നതു്.

ക്രൈസ്തവ-ബുദ്ധ-ഇസ്ലാം മതങ്ങളെ തന്നെ കൂട്ടി കുഴച്ചിരിക്കുന്നു. വിദേശത്തു നിന്നു വന്ന ഒരാൾ-ക്രൈസ്തവൻ എന്നു് വ്യക്തം-പെരുമാളെ ബുദ്ധമതത്തിൽ ചേൎത്തു എന്നും ഇസ്ലാം മതം ഉണ്ടാകുന്നതിന്നു മുമ്പു് പെരുമാൾ അതിൽ ചേൎന്നു മക്കത്തിന്നു പോയി എന്നും പറയുന്നതു് തെററാണെന്നു പറയേണ്ടതില്ലല്ലോ. പള്ളിബാണൻ സ്വീകരിച്ച വൈദേശിക മതം ക്രിസ്തുമതമായിരുന്നു എന്നും വ്യക്തം. അക്കാലങ്ങളിൽ അഹിന്ദുമതങ്ങളെ എല്ലാം ബൌദ്ധമതം എന്നു നാമകരണം ചെയ്തിരുന്നു എന്നുള്ള ചരിത്ര സത്യം ഇതു് തെളിയിക്കുന്നു.

ക്നായി തൊമ്മൻ എന്ന വണിക് പ്രഭു നാലാം ശതകത്തിൽ കേരളത്തിൽ വന്നു. അദ്ദേഹം മിഷ്യനറി പ്രവൎത്തനം നടത്തി എന്നു് സ്വവൎഗ്ഗക്കാർ പോലും പറയുന്നില്ല. ക്നായിതൊമ്മനെ ചേരമാൻ പെരുമാൾ സന്തോഷത്തോടെ സ്വീകരിച്ചു ബഹുമാനിക്കുകയും സ്ഥാനമാനങ്ങൾ നല്കുകയും ചെയ്തു. ഈ ആൾ ഒരു ചേര രാജാവിനെ ക്രൈസ്തവ മാൎഗ്ഗത്തിൽ ചേൎത്തു എന്നു പറയുന്നതു് നേരമ്പോക്കായിട്ടുണ്ടു്!

അപ്പോസ്തലൻ തോമസ്സ്, ക്നായി തോമ്മായേക്കാൾ വളരെ മുമ്പു് ഇവിടെ വന്നു. രാജാക്കന്മാരെയും വേദം അറിയിച്ചു, ഒരു ചേരരാജാവു് മാൎഗ്ഗത്തിൽ ചേൎന്നു, എന്നാണു് ക്രൈസ്തവരുടെ ഇതിഹാസം. നാലുപള്ളികളല്ല ഏഴു പള്ളികൾ സ്ഥാപിച്ചു എന്നും (ആ പള്ളികൾ ഇന്നുമുണ്ടു്). ഈ പള്ളികൾ എല്ലാം തന്നെ പ്രധാനപ്പെട്ട നമ്പൂതിരി ഗ്രാമങ്ങളിൽ സ്ഥാപിച്ചതിൽനിന്നു്, അദ്ദേഹത്തിന്നു പ്രബലനായ ഒരു രാജാവിൻെറ തുറന്ന സഹായം ഉണ്ടായിരുന്നു എന്നു മനസ്സിലാക്കാം.

ഒരു ചേരരാജാവിനെ അപ്പൊസ്തലൻ മാൎഗ്ഗത്തിൽ ചേൎത്തു എന്നു ക്രൈസ്തവ ഇതിഹാസത്തിലുണ്ടെങ്കിലും പിന്നീടെന്തു സംഭവിച്ചു എന്നു പറയുന്നില്ല. ഏതാനും വൎഷങ്ങൾക്കു മുമ്പു് നീലമ്പേരൂരിൽ ഒരു പഴയ ക്ഷേത്രത്തിന്റെ സമീപത്തുനിന്നു് ഏഴര ഇഞ്ചു് ഉയരമുള്ള ഒരു പ്രതിമ കണ്ടു കിട്ടി. അവിടത്തെ ഹിന്തുക്കളുടെ ഇടയിലുള്ള ഐതിഹ്യം ക്രിസ്തുമതം സ്വീകരിച്ച ശേഷം സ്ഥാനത്യാഗം ചെയ്തു്, ആ കുഗ്രാമത്തിൽ വന്നു താമസിച്ച പള്ളിവാണപെരുമാളിന്റെ പ്രതിമയാണിതെന്നാണു്. ഇതു പെരുമാൾ വന്ദിക്കാറുണ്ടായിരുന്ന ക്രിസ്തുവിന്റെ പ്രതിമ ആകാനും മതി.

പള്ളിവാണവർ നാലാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു ചിലർ വാദിക്കുന്നു. അതിനു തെളിവായി "രൌരവം ദേവരാജ്യം" എന്ന കലിവാക്യം ചൂണ്ടിക്കാണിക്കുന്നു. ഇതുപോലൊരു വാക്യം ഉണ്ടാക്കാൻ ആൎക്കാണു് പണി? അതു തെളിവായി സ്വീകരിക്കാൻ നിവൃത്തിയില്ല. ഈ കലിവാക്യം ക്നായി തൊമ്മന്റെ കുടിയേററത്തിന്റെ കാലം കാണിക്കുന്നു എന്നു വേണമെങ്കിൽ വയ്ക്കാം. നസ്രാണികളുടെ ഇതിഹാസം മാൎത്തോമ്മാ ശ്ലീഹാ ഒരു ചേരരാജാവിനെ മാൎഗ്ഗത്തിൽ ചേൎത്തു എന്നാണു്. അപ്പൊസ്തലന്റെ കാലശേഷം ഒരു രാജാവു് മാൎഗ്ഗത്തിൽ ചേൎന്നു എന്നില്ല.

ബാണപെരുമാൾ, തമിഴ കൃതികളിൽ പറയുന്ന വാനവരമ്പൻ ആകുന്നതിനു വളരെ സാദ്ധ്യതയുണ്ടു്. ആ രാജാവിന്റെ കാലം എ. ഡി. 50 നും 80 നും ഇടയ്ക്കാണെന്നാണു് വിദ്വാന്മാരുടെ മതം. കേരളോൽപത്തിയിൽ കാണുന്ന രാജാക്കന്മാരുടെ പട്ടികയും പതിററിപ്പത്തു തുടങ്ങിയ തമിഴ് ഗ്രന്ഥങ്ങളിലെ പട്ടികകളും തമ്മിൽ പൊരുത്തപ്പെടുത്തുക ക്ഷണസാദ്ധ്യമല്ല. ബാണപെരുമാൾ നാലാം ശതകത്തിൽ ജീവിച്ചിരുന്നു എന്നു സ്ഥാപിക്കുന്നവർ അദ്ദേഹം വാനവരമ്പനാണെന്നു സമ്മതിക്കുന്നതിനു തടസ്സമൊന്നും ഉന്നയിക്കുന്നില്ല. അതുകൊണ്ടു് വാനവരമ്പനും ബാണപെരുമാളും ഒരാൾ തന്നെ എന്നു വയ്ക്കാം.

ആദ്യത്തെ മൂന്നു ശതവൎഷക്കാലത്തു് ഒരു ഹിന്ദു മററൊരു മതം സ്വീകരിക്കുക എന്നുള്ളതു് വളരെ അസാധാരണമായിരുന്നില്ല. വിവരമുള്ളവരെ ബുദ്ധമതവും ജൈനമതവും ആകൎഷിച്ചുകൊണ്ടിരുന്നു. അക്കാലത്തെ പ്രസിദ്ധ കവികളിൽ പലരും ബുദ്ധമതസ്ഥരൊ ജൈനമതസ്ഥരൊ ആയിരുന്നു. ചിലപ്പതികാരത്തിൻെറ കൎത്താവും, ചെങ്കുട്ടവൻെറ സഹോദരനും വിശ്വസ്ത ഉപദേഷ്ടാവും, ആയിരുന്ന ഇളങ്കോവടികൾ ഒരു ബുദ്ധസന്യാസിയായിരുന്നു.

ഒന്നാം ശതകത്തിൽ കേരളത്തിലെ ഒരു രാജാവിന്നു ക്രിസ്തുമതം സ്വീകരിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. പിന്നെ എന്തുകൊണ്ടു് സ്ഥാനത്യാഗം ചെയ്തു? മതവൈരാഗ്യം കൊണ്ടായിരിക്കാം. പള്ളിവാണപെരുമാൾപ്രതിമയുടെ വേഷം ഇതിന്നു തെളിവല്ലെ? വേറെയും കാരണങ്ങളുണ്ടായിരിക്കാം. നമ്പൂതിരിമാർ ബുദ്ധമതത്തോടും ജൈനമതത്തോടും സഹിഷ്ണുത കാണിച്ചതു് അവ നിശ്ശേഷമായതുകൊണ്ടായിരിക്കാം. ക്രിസ്തുമാൎഗ്ഗം അങ്ങിനെ അല്ലല്ലൊ. "സത്യവേദം" അല്ലെങ്കിൽ "മാൎഗ്ഗം" എന്നു ഉറപ്പിച്ചു പ്രഖ്യാപിച്ചു കൊണ്ടിരുന്ന ക്രിസ്തുമതത്തോടു് ആ നയം സ്വീകരിക്കാൻ ബ്രാഹ്മണൎക്കു കഴിഞ്ഞില്ല. ക്രിസ്തുമതം സ്വീകരിക്കുന്നതിനെപ്പററി ബ്രാഹ്മണർ പള്ളിബാണരോടു ചോദിച്ചപ്പോൾ "ഇതത്രേ നേരാകുന്നതു്" എന്നൊ, "സത്യമതം എന്നു മനസ്സിൽ ഉറപ്പിപ്പൂതും ചെയ്തു.........പെരുമാൾ ആ വേദത്തെ അനുഷ്ഠിപ്പൂതും ചെയ്തു" എന്നൊ പറഞ്ഞതായി കേരളോൽപത്തിയിലുണ്ടു്. മതം മാറിയതുമൂലം ലൌകികമായി വളരെ അധികം നഷ്ടങ്ങളും ക്ലേശങ്ങളും സഹിക്കാനിടയുള്ളയാളാണല്ലോ ഇങ്ങിനെ പറഞ്ഞതു്. ഒരു പുതിയ അംഗത്തിൽ അങ്ങിനെ ഒരു മനഃസ്ഥിതി സൃഷ്ടിക്കുന്ന മതത്തോടു ബ്രാഹ്മണൎക്കു ശത്രുതയുണ്ടായതിൽ അത്ഭുതമില്ല. അവരുടെ വൎഗ്ഗക്കാരിൽ വളരെപ്പേർ അതിൽ ചേരുകയും കൂടി ചെയ്തപ്പോൾ ശത്രുത വൎദ്ധിച്ചിരിക്കണം.

മേൽക്കാണിച്ച ചരിത്രപശ്ചാത്തലം ഈ നോവലിൽ എത്രയും വിദഗ്ദ്ധമാംവണ്ണം ഉപയോഗിച്ചിട്ടുണ്ടെന്നാണു് എൻെറ അഭിപ്രായം.

ഇരുപത്തിമൂന്നിലധികം നോവലുകൾ രചിച്ചിട്ടുള്ള ഒരു സാഹിത്യകാരനാണ് ശ്രീ. പാറേട്ട്. അവയിൽ ചിലതു് ചരിത്രാഖ്യായികകളത്രെ. ക്രി. 14-ാം ശതാബ്ദത്തിലെ കേരളചരിത്രത്തെ സംബന്ധിക്കുന്ന ഒരു നോവൽ കഴിഞ്ഞ കൊല്ലം അദ്ദേഹം എഴുതി പ്രസിദ്ധീകരിക്കയുണ്ടായി. അന്ന് ഇവിടുത്തെ സമുദായമൈത്രി പ്രകാശിപ്പിക്കുന്ന ഒരു കഥയാണതു്. ഒന്നാം ശതാബ്ദത്തിലെ ചരിത്രം സംബന്ധിച്ച ഈ ആഖ്യായിക അതിലും കൂടുതലായി വായനക്കാരെ ആകർഷിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ കൃതിയ്ക്കു് പ്രചുരപ്രചാരം ഉണ്ടാകട്ടെ എന്നാശംസിക്കുന്നു.

*മാരമ്പള്ളി,*
*ഡിസം. 1962.*

ഡോ. പി. ജെ. തോമസ്

## ആമുഖം

മലങ്കര നസ്രാണിസമുദായചരിത്രത്തിൽ അഗാധ പാണ്ഡിത്യവും താൽപര്യവുമുള്ള ഡോക്ടർ പി. ജെ. തോമസാണ് "പള്ളിവാണപെരുമാൾ" എഴുതുന്നതിന് എന്നെ പ്രേരിപ്പിച്ചതു്. ഞാൻ മലങ്കര നസ്രാണിമാപ്പിളയുടെ ഒരു ചരിത്രം എഴുതിക്കൊണ്ടിരിക്കയാണ്—അതു പൂർത്തീകരണത്തോട്ട് അടുത്തിട്ടൊന്നുമില്ല.— അക്കാര്യം സംബന്ധിച്ച് ഡോ. പി. ജെ. തോമസുമായി എഴുത്തുകുത്തു നടത്താറുണ്ട്. ചരിത്രാഖ്യായികാനിർമ്മാണത്തിൽ ഞാൻ കൂടുതൽ ഉത്സുകനാകണമെന്ന് അദ്ദേഹം പലപ്പോൾ എഴുതി. 21-2-62 ലെ സുദീർഘമായ കത്തിൽ പറയുന്നതു് ഈവിധം പരിഭാഷ ചെയ്യാം "............വൃദ്ധന്മാരായ നമ്മൾ ഈ വിധം സമയം നഷ്ടപ്പെടുത്തുന്നതു് ശരിയല്ല. ചരിത്രാഖ്യായികാരചനയിൽ നിങ്ങൾ ഒരു പാരമ്പര്യം സൃഷ്ടിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ മുകളിൽ പേരു പറഞ്ഞിട്ടുള്ള പുസ്തകങ്ങൾ വായിച്ചാൽ വി. തോമസ് അപ്പോസ്തലനെ പ്രധാന കഥാപുരുഷനാക്കി ഒരു ചരിത്രാഖ്യായിക എഴുതാൻ വേണ്ട വിവരങ്ങൾ സമ്പാദിക്കാൻ നിങ്ങൾക്കു കഴിയും. യൂറോപ്യന്മാരായ ചരിത്രകാരന്മാർ എഴുതി കൂട്ടിയിട്ടുള്ളവ എല്ലാം നശിച്ചുകഴിഞ്ഞാലും, നിങ്ങളുടെ ആഖ്യായിക നമ്മുടെ ആളുകൾക്കു പ്രയോജനപ്രദമായിരിക്കും. ആ ജോലി ഏറെറടുക്കണം." 11-4-62 ൽ അദ്ദേഹം വീണ്ടും എനിക്കെഴുതിയതു് ഈ വിധം പരിഭാഷ ചെയ്യാം. "നിങ്ങൾ നിപുണനായ ഒരു നോവൽ എഴുത്തുകാരനാണ്. നമ്മുടെ പൂർവീകചരിത്രത്തെയും നമ്മുടെ അപ്പൊസ്തലനേയും ബന്ധിച്ചുള്ള ഒരു നോവൽ നിങ്ങൾ എഴുതുമെങ്കിൽ, അതു ചരിത്രം എഴുതുന്നതിനെക്കാൾ വളരെ അധികം പ്രയോജനപ്രദമായിരിക്കും.

ഇതേപ്പററി കാര്യമായി ചിന്തിക്കണം.'' ആ ഉപദേശം അനുസരിച്ചു് 22-6-62ൽ ഈ നോവൽ ആരംഭിച്ചു. അനാരോഗ്യവും വാദ്ധക്യവും പ്രതിബന്ധമായിരുന്നിട്ടും 29-8-62ൽ "പള്ളിവാണപെരുമാൾ'' പൂർത്തി ആക്കാൻ ദൈവം അനുഗ്രഹിച്ചു. കഥയുടെ ചരിത്രപശ്ചാത്തലം സംബന്ധിച്ചു വേണ്ട എല്ലാ വിവരങ്ങളും, ഡോ. പി. ജെ. തോമസ്സ് സദയം എഴുതിയിട്ടുള്ള അവതാരികയിൽ ഉള്ളതുകൊണ്ടു് ഞാൻ സ്പർശിക്കുന്നതേയില്ല. ഇതിൽ നിന്നെല്ലാം, ഈ ആഖ്യായികാരചനയിൽ എനിക്കു് ഡോ. പി. ജെ. തോമസിനോടുള്ള കടപ്പാടു് വായനക്കാർക്കു മനസ്സിലാക്കാമല്ലൊ. ഞാൻ അദ്ദേഹത്തോടു് അതീവ കൃതജ്ഞനാണു്.

ഈ ആഖ്യായികയിലെ കഥാപാത്രങ്ങളിൽ അധികവും സങ്കൽപസൃഷ്ടങ്ങളാണു്. ശങ്കരപുരി, പകലോമററം, കള്ളി, കാളികാവു്, എന്നീ നാലു പ്രധാന നമ്പൂതിരി ഇല്ലക്കാരെ മാർത്തോമ്മാ ശ്ലീഹാ മാർഗ്ഗത്തിൽ ചേർത്തു എന്നും, അവരുടെ നേതൃത്വം നസ്രാണികളുടെ പുരോഗതിക്കു വളരെ സഹായകമായിരുന്നു എന്നും ഉള്ള ഐതിഹ്യം സുസമ്മതി ആർജ്ജിച്ചിട്ടുള്ളതാണു്. അതിനോടു് ഏതാണ്ടു് അടുത്ത പ്രാബല്യമുള്ളതാണു്, നിരണത്തെ പട്ടമുക്കു്, തയ്യിൽ, മാങ്കി, മത്തിലാൻ എന്നീ മഠങ്ങൾ സംബന്ധിച്ചുള്ള ഐതിഹ്യം എന്നു തോന്നുന്നു. ഈ പേരുകൾപോലും ഞാൻ എടുത്തിട്ടില്ല. അതിനു സമാധാനമുണ്ടു്. ചരിത്രഗവേഷണപടുവായിരുന്ന ചിത്രമെഴുത്തു വറുഗീസിനെക്കൊണ്ടു്, ഒരു ക്രിസ്ത്യാനികുടുംബക്കാർ നമ്പൂതിരിവംശജന്മാരായിരുന്നു എന്നു സ്ഥാപിക്കുന്നതിനായി കുടുംബചരിത്രം എഴുതിച്ച കഥ അദ്ദേഹം അത്യന്തം തന്മയത്വത്തോടുകൂടെ 1944-ലൊ 1945 ലൊ വർണ്ണിച്ചതു് ഞാനിപ്പോഴും ഓർക്കുന്നു. ആ ചരിത്രം അടുത്ത കാലത്തു് കാണുന്നതിനും ഇടയായി! നമ്മുടെ ആളുകളുടെ ജുഗുപ്സാവഹമായ ഒരു ബലഹീനതയാണിതു്. മാർത്തോമ്മാ ശ്ലീഹാ ഒട്ടധികം ബ്രാഹ്മണരെ മാർഗ്ഗത്തിൽ ചേർത്തിട്ടുണ്ടാവണം. ഇന്നു ബ്രാഹ്മണോൽപത്തി അവകാശപ്പെടുന്ന കേരളക്രിസ്ത്യാനികളുടെ എല്ലാം പൂർവ്വീകർ ബ്രാഹ്മണരായിരിക്കാൻ മാർത്തോമ്മാ ശ്ലീഹാ കേരളം സന്ദ

ശിച്ച കാലത്തു് ഈ നാട്ടിൽ ഉണ്ടായിരുന്ന സർവ്വരും ബ്രാഹ്മണരായിരുന്നാൽ തന്നെയും പററുമെന്നു തോന്നുന്നില്ല. അവകാശികൾ അത്ര വളരെയാണു്! അന്നു് യഥാർത്ഥത്തിൽ ഇവിടെ ഉണ്ടായിരുന്ന ആകെ ജനസംഖ്യയെ രണ്ടോ മൂന്നോ ഇരട്ടി വർദ്ധിപ്പിക്കുകയും അവരെ എല്ലാം ബ്രാഹ്മണരാക്കുകയും ചെയ്താൽ പററി എന്നു വരാം!

നസ്രാണിചരിത്രത്തിനുവേണ്ടി ഗ്രന്ഥങ്ങൾ പരിശോധിച്ചു വരുമ്പോൾ ഓരോരുത്തർ അവരവരുടെ വിതത്തിനു പുതിയ ഇല്ലപ്പേരുകളും മററും ലിസ്റ്റിൽ കൊള്ളിക്കുന്നതു കാണാം. ഈ വക ചരിത്രങ്ങളിലൊ മറ്റോ ഉള്ള ഒരു ഇല്ലത്തിന്റെയൊ മഠത്തിന്റെയൊ പേരു സ്വീകരിച്ചാൽ, സമീപ കാലങ്ങളിൽ പുറത്തുവന്നിട്ടുള്ള പേരുകളോടു ബന്ധമുണ്ടെന്നു വാദിക്കുന്നവരും, ചിത്രമെഴുത്തിനെക്കൊണ്ടു് കുടുംബചരിത്രം എഴുതിച്ചവരെപ്പോലുള്ളവരും അവഗണിക്കപ്പെട്ടു എന്നു് പരാതിയുണ്ടാവാം. അതു ഒഴിവാക്കുന്നതിനും അനാരോഗ്യകരമെന്നു് എനിക്കു തോന്നിയിട്ടുള്ള വാസനയെ നിരുത്സാഹപ്പെടുത്താൻ എന്നാലവതു ചെയ്യാം എന്നുവച്ചും ആണു്, കഥാപാത്രങ്ങളുടെ പേരിൽ മാർത്തോമ്മാ ശ്ലീഹായുടേതും പെരുമാളിന്റേതും ഒഴിച്ചുള്ളതെല്ലാം തന്നെ സൃഷ്ടിച്ചതു്. കഥാഘടനയും മററും സംബന്ധിച്ച് ഒരു ആഖ്യായികാകാരനുള്ള സ്വാതന്ത്ര്യം ഞാൻ ആവശ്യം പോലെ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്.

ഏതുകാലത്തെ സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ചരിത്രാഖ്യായിക എഴുതുന്നുവോ, അക്കാലത്തു് ഉപയോഗത്തിലിരുന്ന ഭാഷയിലോ ഉച്ചാരണ രീതിയിലോ ആയിരിക്കണം കഥാപാത്രങ്ങളുടെ സംഭാഷണം എന്നൊരു വഴക്കം സർ വാൾട്ടർ സ്കോട്ടു് സൃഷ്ടിച്ചു. "വക്രപ്പുലിയും പെരുമ്പാററയും" എന്ന നോവലിൽ ആ ആചാരത്തെ ഞാൻ അവഗണിച്ചു എന്നൊരാരോപണം ഉണ്ടായതുകൊണ്ടു്, "പള്ളിവാണ പെരുമാൾ" എഴുതുന്ന സമയം, സംഭാഷണത്തിൽ ഉപയോഗിക്കേണ്ട ഭാഷാരീതിയെപ്പററി ആലോചിച്ചു. ഒന്നാം ശതകത്തിൽ കേരളത്തിലെ ഭാഷ എന്തായിരുന്നു എന്നു് ഇന്നും സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നാണു് ഞാൻ

മനസ്സിലാക്കിയിരിക്കുന്നതു്. ചെന്തമിഴായിരുന്നു; മലയാഴ്മയായിരുന്നു; ഇവ രണ്ടുമല്ല കേരളഭാഷയായിരുന്നു എന്നു് അഭിപ്രായമെഴുതി കണ്ടിട്ടുണ്ടു്. ഇവയിൽ ഏതു ശരിയായാലും ആ ഭാഷയിൽ എഴുതാനുള്ള കഴിവു് എനിക്കില്ല. അവയിൽ ഏതെങ്കിലും വായിച്ചു മനസ്സിലാക്കാൻ കഴിവുള്ള വായനക്കാർ അധികം ഉണ്ടോ എന്നും സംശയമാണു്. ഇക്കാരണങ്ങൾ കൊണ്ടു്, എനിക്കും വായനക്കാർക്കും അറിയാവുന്ന "മലയാളം" തന്നെയാണു് ഈ ആഖ്യായികയിൽ ഉപയോഗിച്ചിട്ടുള്ളതു്.

1961 ഒക്ടോബർ മാസത്തിൽ, "വക്രപ്പുലിയും പെരുമ്പാററയും" എന്ന ആഖ്യായികയുടെ ആമുഖത്തിൽ, കുരിശിനു് ക്രൈസ്തവരുടെ പരസ്യാരാധനയിൽ സ്ഥാനം ഉണ്ടായതു് നാലാം ശതകത്തിലൊ മററൊ ആണെന്നു ഞാൻ എഴുതിയിട്ടുണ്ടു്. "പള്ളിവാണ പെരുമാൾ" എന്ന ഈ ആഖ്യായികയിൽ, നസ്രാണികൾ ഒന്നാം ശതകത്തിൽ തന്നെ കുരിശിനു വളരെ വളരെ പ്രാധാന്യം കൽപ്പിച്ചതായി ചിത്രീകരിച്ചിട്ടുമുണ്ടു്. ഒരു വർഷംകൊണ്ടു് എൻെറ അഭിപ്രായത്തിനു് ഇത്ര വലിയ മാററം വന്നതെങ്ങിനെയാണു്, കഥാഘടനയനുസരിച്ചു് അഭിപ്രായം മാററുകയല്ലെ, എന്നു സംശയം തോന്നാം. മലങ്കര നസ്രാണികളുടെ ചരിത്രം എഴുതുന്നതിനു നടത്തിക്കൊണ്ടിരിക്കുന്ന ഗവേഷണ പര്യവേക്ഷണങ്ങൾ വഴി പുതിയ അറിവുകൾ—എന്നെ സംബന്ധിച്ചിടത്തോളം പുതിയതു്—കിട്ടുന്നതനുസരിച്ചു് അഭിപ്രായം മാറുന്നുണ്ടു്. വി. മത്തായി, വി. മർക്കോസ്, വി. ലൂക്കൊസ് എന്നീ സുവിശേഷങ്ങളിലും വി. പൌലൂസിൻെറ ലേഖനങ്ങളിലും കുരിശിൻെറ മാഹാത്മ്യത്തെപ്പററി അനേക പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടു്. അതിൽനിന്നു്, ആരംഭ ശതക

ത്തിൽ തന്നെ കുരിശു് ഒരു ആരാദ്ധ്യ വസ്തുവായി തീൎന്നു എന്നു മനസ്സിലാക്കാം. എ. ഡി. 160 മുതൽ 170 വരെ, എദേസ്സാ (ഉറഹാ)യിൽ ഭരണം നടത്തിയ മനുവിൻെറ പുത്രൻ അബ്ഗാർ രാജാവിൻെറ നാണയങ്ങളിൽ കുരിശടയാളം ഉണ്ടായിരുന്നു. "കോൺസ്റ്റൻറയിൻ ചക്രവൎത്തിയാണു് ക്രൂശിനു് പ്രാധാന്യം നൽകിയതു്, അതു് നാലാം നൂററാണ്ടിലായിരുന്നു" എന്നു് പാശ്ചാത്യർ പറയുന്നുണ്ടു്. എന്നാൽ," കോൺസ്റ്റെൻറയിൻ ചക്രവൎത്തിയുടെ നാണയത്തിന്മേൽ കുരിശടയാളം ഉണ്ടായിരുന്നില്ല. പാശ്ചാത്യരുടെ അഭിപ്രായത്തെ ആധാരമായി സ്വീകരിച്ചുകൊണ്ടാണു് ഞാൻ കഴിഞ്ഞ വൎഷം എഴുതിയതു്. ചുരുക്കിപ്പറഞ്ഞാൽ, കുരിശിൻെറ കാൎയ്യത്തിൽ നമ്മുടെ ഇതിഹാസത്തിൽ തെററു് ഉണ്ടാവാം എന്നു ഞാൻ രേഖപ്പെടുത്തിയതു് തെററാണെന്നു സസന്തോഷം സമ്മതിക്കുന്നു.

മലങ്കര നസ്രാണികളുടെ ചരിത്രം രചിക്കുന്നതിനു് ഞാൻ പരിശോധിക്കുകയും പഠിക്കുകയും ചെയ്ത ഗ്രന്ഥങ്ങളിൽ പലതും, "പള്ളിവാണപെരുമാൾ" എഴുതുന്നതിനു് എനിക്കു വളരെ സഹായകമായിട്ടുണ്ടു്. ആ ഗ്രന്ഥങ്ങളിൽ ചിലതിൻെറ പേരുകൾ അവസാന വശങ്ങളിൽ കാണാം.

പുതുപ്പള്ളി,
ഡിസംബർ 1962.

ഇസ്സഡ്. എം. പാറേട്ട്.



പള്ളിവാണപെരുമാൾ

"അമ്മാ, അമ്മാ," അല്പം ഉച്ചത്തിൽ വിളിച്ചുകൊണ്ടാണു്, ഉല്ലാസത്തോടും ഉത്സാഹത്തോടും കൂടെ രാജകുമാരി അറയിലേയ്ക്കു കടന്നതു്.

അമ്മ ആലോചനയിൽ ലയിച്ചിരിക്കയോ, സന്ധ്യാവന്ദനം നടത്തിക്കൊണ്ടിരിക്കയോ ചെയ്യുന്നതിനിടയിലാണു് ആ വിളി. അല്പം ശുണ്ഠി ഉണ്ടായി. പക്ഷെ വിളിച്ചയാൾ ഏകപുത്രി, അവരുടെ ജീവിതസാർവ്വസ്വം, ആയതുകൊണ്ടു ശുണ്ഠി പുറത്തു പ്രത്യക്ഷപ്പെട്ടതേ ഇല്ല. "ചേരപ്പെരുമാളിന്റെ മകൾ ആയാലും, പെണ്ണു പെണ്ണായി പെരുമാറണം" എന്നു് ആ അമ്മ എപ്പോഴും തന്നെ മകളോടു പറയാറുണ്ടു്. ആ ഉപദേശം എത്ര ആവർത്തിച്ചാലും അധികമായിരിക്കയില്ലെന്നു് അവർ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

അമ്മ പറഞ്ഞു " അക്കാൾ, നിന്നോടു ഞാൻ എപ്പോഴും എന്നോണം പറയുന്നതല്ലെ യുവതികളെ കാണുകയല്ലാതെ കേൾക്കാൻ ഇടയാകരുതെന്നു്?" രാജകുമാരിയുടെ പേർ അക്കമ്മാൾ എന്നാണെങ്കിലും അമ്മ പലപ്പോഴും അക്കാൾ എന്നു വിളിക്കാറുണ്ടു്.

തങ്ക :—"അമ്മാ, ഞാൻ ഇപ്പോൾ കണ്ട കാഴ്ച..."

അമ്മ:—എന്തു കണ്ടാലും എന്തു കേട്ടാലും എല്ലാം അടക്കാനും ഒതുക്കാനും കഴിവുണ്ടായിരിക്കണം. അതില്ലാത്ത സ്ത്രീ......

തങ്ക :—ഞാൻ കണ്ടതു്, അല്ല, കേട്ടതു്... ..

അമ്മ:—നീ കണ്ടതോ കേട്ടതോ എന്താണെന്നു ഞാൻ സംസാരിച്ചു കഴിഞ്ഞിട്ടു പറയൂ. കേൾക്കാം. നീ കുട്ടിക്കളി മതിയാക്കേണ്ട കാലം ആയി എന്നു്, രണ്ടു മാസം മുമ്പു് ഞാൻ പറഞ്ഞതു മറന്നുപോയോ? അന്നു തന്നെ അതു പറഞ്ഞുതന്നതു്, നിൻെറ ജീവിതത്തിലെ ഒന്നാമത്തെ പ്രധാന സംഭവവുമായി ബന്ധിച്ചായാൽ ഓത്തിരിക്കാൻ, അല്ല, വിസ്മരിക്കാതിരിക്കാൻ എളുപ്പമുണ്ടെന്നുവച്ചാണു്. അന്നു ഞാൻ പറഞ്ഞില്ലേ, നീ ഇന്നു സ്ത്രീ ആയി കഴിഞ്ഞിരിക്കുന്നു എന്നു്. ചേരച്ചക്രവത്തിയുടെ പുത്രി എന്ന ഉന്നത സ്ഥാനമാണു് നീ വഹിക്കുന്നതു്, സ്ഥാനത്തിൻെറ ഔന്നത്യത്തിനനുസരിച്ചുള്ള ഉത്തരവാദിത്വങ്ങളും ഉണ്ടെന്നു......

"ഞാൻ ഇപ്പോൾ എന്തു ചെയ്തിട്ടാണു് ഇതെല്ലാം പറയുന്നതു്" എന്നു് അമ്മയുടെ നിരോധനാജ്ഞയെ അവഗണിച്ചു് അക്കമ്മാൾ പെട്ടെന്നു് ഇടയ്ക്കു കേറി ചോദിച്ചുപോയി.

പുത്രി നിരോധനാജ്ഞ നിഷേധിച്ചു്, ഇടയിൽ കേറി പറഞ്ഞു എന്നു് അറിഞ്ഞ ഭാവംപോലും ഇല്ലാതെ അമ്മ തുടൎന്നു—"ഉയൎന്ന നിലയിലുള്ളവൎക്കു് അതിനനുസരിച്ചു വലിയ ഉത്തരവാദിത്വവുമുണ്ടു്. ഞാനിപ്പോൾ ഇങ്ങനെ പറയാൻ തക്കവിധം എന്താണു് ചെയ്തതെന്നല്ലേ നീ ചോദിച്ചതു്. ഒന്നാമതായി നിൻെറ ശബ്ദം ഉയൎന്നുപോയി. രണ്ടാമതു്, എന്തൊ കാണുകയൊ കേൾക്കുകയൊ ചെയ്തപ്പോൾ നീ ഇളകി. ഒരു സ്ത്രീ ഒരിക്കലും, അതേ ഒരിക്കലും, ഒന്നുകൊണ്ടും ഇളകരുതു്."

തങ്ക:—ഞാൻ ഇളകിയുമില്ല, ഒന്നുമില്ല. ക്ഷേത്രത്തിൽനിന്നു വരുന്നവഴി ഒരു കാഴ്ച കണ്ടു—അല്ല കേട്ടു. അല്ല കാണുകയും കേൾക്കുകയും ചെയ്തു. ആ വിശേഷം പറയാമെന്നു വച്ചു്......

അമ്മ:—കൊള്ളാം എനിക്കതു കേൾക്കണം. നിനക്കു് ഉത്സാഹത്തിനു് ഇടയാക്കിയതെന്തും എനിക്കും ഉത്സാഹ

കാരണമായിരിക്കുമല്ലൊ. ബദ്ധപ്പാട്ടം ബഹളവും കൂടാതെ സാവധാനമായി പറയുകയാണു് വേണ്ടതെന്നു ധരിപ്പിക്കാൻ ഞാൻ ഇത്രയും പറഞ്ഞു എന്നേയുള്ളൂ. എന്താണു് കാണുകയും കേൾക്കുകയും ചെയ്തതു് പറയൂ.

തങ്കം:—ഒരാൾ തെരുവിൽ, നാലും കൂടിയ വഴിയ്ക്കു സമീപത്തു നിന്നു് എന്തൊ പറയുന്നു. കുറെ ആളുകൾ ചുററിലും കൂടിയിട്ടുണ്ടു്; ഞങ്ങൾ കടന്നുപോരേണ്ട വഴി അടഞ്ഞു് ആളുകൾ നിന്നിരുന്നു. അതു കണ്ടിട്ടു് കണ്ടൻ മുമ്പോട്ട നടന്നു് ആളുകളെ മാററി. അവൻെറ പുറകിലുണ്ടായിരുന്ന മൂന്നു് അംഗരക്ഷകരും വിദേശീയരായിരുന്നു...

"ആരൊക്കെ ആയിരുന്നു ആ മൂന്നു പേർ?"

"ഒന്നു യവനൻ യുസ്റ്റിൻ, മറെറാന്നു ജൂതൻ ഏലീശാ, പിന്നൊന്നു് ഒരു റോമനും ആയിരുന്നു. അത്ഭുതകരമായി എനിക്കു തോന്നിയതു്, ആ പ്രഭാഷണം, അവർ മൂന്നു പേരും കണ്ടനും അവരവരുടെ ഭാഷയിൽ തന്നെ കേട്ടു എന്നുള്ളതാണു്—ഞാനും കണ്ടനും നമ്മുടെ ഭാഷയിലും, മററു മൂന്നു പേർ, അറാമിക്കിലും യവനായ ഭാഷയിലും ഇത്താലിയൻ ഭാഷയിലും കേട്ടു എന്നുള്ളതാണു്......

"നിനക്കു തോന്നിപ്പോയതായിരിക്കാം."

"എനിക്കു തോന്നിപ്പോയതായിരിക്കാമെന്നു വച്ചോളൂ അമ്മ. എന്നാൽ വേറെ അനേകർക്കും ആ വിധം തോന്നൽ ഉണ്ടായതെങ്ങനെയാണു്? പല്ലക്കു് അല്പം താമസിച്ചപ്പോഴേയ്ക്കു് ആളുകൾ ചുററിലും വന്നു കൂടി—പല്ലക്കിനു ചുററിലും വന്നു തിങ്ങിക്കൂടി എന്നല്ല, അകന്നു നിന്നതേയുള്ളൂ. എങ്കിലും അവിടെല്ലാം ആൾ നിറഞ്ഞു. അപ്പോൾ അണ്ണനും വന്നു കൂടി. കുതിരക്കുളമ്പടി കേട്ടു എല്ലാവരും വഴി ഒഴിഞ്ഞു. പല്ലക്കിൽ എന്നെ കണ്ടപ്പോൾ അണ്ണൻ കുതിരയെ പിടിച്ചു നിർത്തി എന്തു പററി എന്നു് അന്വേഷിച്ചു. ഞാൻ വിവരം ധരിപ്പിച്ചു. അണ്ണനും ബോദ്ധ്യമായി. അല്ലെങ്കിൽ വരുമ്പോൾ ചോദിച്ചുകൊള്ളണം.

ഈ സമയം, പെരുമാൾ വാനവരമ്പൻ പട്ടമഹിഷിയുടെ അറയിലേയ്ക്കു കടന്നു ചെന്നു. പെരിങ്കോയിലകത്തു തന്നെയാണെങ്കിലും പെരുന്തേവിയുടെ കൊട്ടാരം—ചിന്ന കോയിലകം—ഒരു പ്രത്യേക എട്ടപ്പാണ്. ഒരു എട്ടപ്പ് എന്നു പറയുന്നതു് ശരിയാകയില്ല. പെരിങ്കോയിലകത്തോടു ബന്ധപ്പെടുത്തി സംസാരിക്കുമ്പോൾ ഒരു എട്ടപ്പ് എന്നു പേർ കൊടുക്കുന്നെങ്കിലും അതു സാധാരണ രാജാക്കന്മാരുടെ കൊട്ടാരങ്ങളേക്കാൾ വളരെ വിശിഷ്ടവും, വിസ്തൃതവുമാണ്. സ്വഭാര്യയുടെ കോയിലിലേയ്ക്കു പെരുമാൾ എഴുന്നെള്ളുന്നതിനു തന്നെയും പ്രത്യേക ആചാരാനുഷ്ഠാന രീതികളുണ്ടു്. അവ അവഗണിക്കപ്പെടുക വളരെ സാധാരണമല്ല. എന്നാൽ അവയൊക്കെ പഴഞ്ചൻ സമ്പ്രദായങ്ങളാണെന്നും, രാജാവായാലും മന്ത്രി ആയാലും, പ്രജ ആയാലും മാറി വരുന്ന കാലസ്ഥിതിക്കും പരിതഃസ്ഥിതിക്കും അനുസരിച്ചു ജീവിതം നയിക്കണമെന്നുമാണ് ചേരപ്പെരുമാൾ വാനവരമ്പൻ തിരുമേനിയുടെ അഭിപ്രായം. അഭിപ്രായധീരതയുള്ള കൂട്ടത്തിലായതുകൊണ്ടു് അഭിപ്രായമനുസരിച്ചു ജീവിക്കാൻ ഒട്ടെല്ലാം ശ്രമിക്കുന്നുമുണ്ടു്. അദ്ദേഹം ഒരു യാഥാസ്ഥിതികനല്ല. എന്നാൽ ഒരു വിപ്ലവകാരിയുമല്ല. അതുകൊണ്ടു്, ആവശ്യമില്ലാത്തവയും പുരോഗതിക്കു വിലങ്ങുതടിയായി നില്ക്കുന്നവയും ആയ ആചാരാനുഷ്ഠാനങ്ങൾ ക്രമശ്ശഃ ദൂരീകരിക്കണമെന്നു നിശ്ചയിച്ചു പ്രവർത്തിച്ചു വരികയാണ്.

രാജാവായതുകൊണ്ടു്, ഭാര്യയേയും സന്താനങ്ങളേയും ഇഷ്ടാനുസരണം കാണുകയും അവരുടെ സഹവാസസുഖം അനുഭവിക്കുകയും ചെയ്തു കൂടാ എന്നു വല്ലേടത്തുമുണ്ടോ എന്നാണ് പെരുമാളിൻെറ മതം. അതുകൊണ്ടാണ്, മുന്നോടികളും അംഗരക്ഷകന്മാരും അനുചരന്മാരും ഇല്ലാതെ പെരുന്തേവിയുടെ കോയിലകത്തേയ്ക്കു എഴുന്നെള്ളിയതു്.

രാജകുമാരിക്കു് അമ്മയേക്കാൾ സ്നേഹം അപ്പയോടാണെന്നു, പട്ടമഹിഷി ആണ്ടാൾ പരാതിപ്പെടാറുണ്ടു്. അങ്ങിനെ ആ മഹിള വിശ്വസിക്കുന്നുമുണ്ടു്. മകൾ അക്കമ്മാളിനു് അമ്മ അശേഷം സ്വാതന്ത്ര്യം അനുവദിക്കയില്ലെന്നും,

അപ്പ (പെരുമാൾ) അവളെ ഒന്നിലും തടസ്സപ്പെട്ടത്താറി ല്ലെന്നും ഉള്ളതാണ് ഇതിൻെറ എല്ലാം ചുവട്ടിൽ കിടക്കു ന്നതു്. ഇതു് ഇന്നും പല കുടുംബങ്ങളിലും കാണാനുള്ള യഥാൎത്ഥവുമാണല്ലൊ.

അക്കമ്മാൾ എന്താണു് പറഞ്ഞുകൊണ്ടിരിക്കുന്നതെന്നു പെരുമാൾ ചോദിക്കാഞ്ഞ താമസമേ ഉണ്ടായിരുന്നുള്ളു; യുവതി സംഭവം ആദി മുതൽ വിശദമായി അദ്ദേഹത്തെ ധരിപ്പിക്കാൻ. അമ്മയുടെ ആശങ്കയൊ, അവിശ്വാസ്യതയൊ അല്ല പെരുമാൾ പ്രത്യക്ഷപ്പെട്ടത്തിയതു്! പല ഭാഷ ക്കാൎക്കു്, ഒരേ സമയം അവരുടെ എല്ലാം മാതൃഭാഷയിൽ കേൾക്കാൻ കഴിഞ്ഞവിധം സംസാരിച്ച ആ മനുഷ്യനെ പ്പററി അദ്ദേഹം ചോദിച്ചു.

"അക്കാൾ അദ്ദേഹത്തെ കണ്ടോ ?"

"കണ്ടു എന്നല്ല, അദ്ദേഹത്തിൻെറ ചിത്രം ഇപ്പോഴും കാണുന്നുണ്ടു് എന്നാണു് പറയേണ്ടതു്. ഇപ്പോഴാണെങ്കിൽ ഒരു സമയം ആ ചിത്രം ഈ ചുവരിൽ വരയ്ക്കാൻ തന്നെ പററിയേക്കാം."

പെരുമാൾ ചോദിച്ചു—ഏതു ദേശക്കാരനാണെന്നു മന സ്സിലാക്കിയൊ?

അക്കമ്മാൾ:—അദ്ദേഹം ഒരു ജൂതനാണെന്നു് ഏലീശാ പറഞ്ഞു.

പെരു:—നീ ശരിക്കു കണ്ടെന്നല്ലെ പറഞ്ഞതു്. ഒന്നു വൎണ്ണി ക്കാമോ ?

അക്ക:—ഒരു മുനി ആണെന്നാണു് ശരിക്കു കണ്ട ഉടനെ എനിക്കു തോന്നിയതു്.

പെരു:—വേഷവും മററും.........

അക്ക:—താടിമീശ ഒഴിച്ചു് ഒരു സന്യാസിക്കു ചേൎന്നതായി ഒന്നും ഇല്ല. എങ്കിലും എനിക്കു തോന്നിയതു് അങ്ങ നെയാണു്. എൻെറ ഓൎമ്മയിലുള്ള കാൎയ്യങ്ങൾ

ഞാൻ പറയാം. അതു കഴിഞ്ഞു് അപ്പ ചോദി ച്ചാൽ എല്ലാ വിവരങ്ങളും ആകുമായിരിക്കും.

പെരു:—അങ്ങനെ ആവട്ടെ.

പെരുമാളിൻെറ ചോദ്യങ്ങൾക്കുത്തരമായി ലഭിച്ച വിവരങ്ങൾ:—ഉയരം അധികമില്ലാത്ത ഒരാൾ. തടി ഒട്ടും തന്നെ ഇല്ല. എങ്കിലും ഒരു കുള്ളനൊ, കൃശനൊ അല്ല, ഒത്ത ആൾ എന്നു പറഞ്ഞാൽ ശരിയായിരിക്കും. മുടി വളത്തി പിമ്പോട്ടു ഇട്ടിരിക്കുന്നു. അധിക നീളമില്ല. കഴുത്തു വരെ ഉണ്ടെന്നാണു് ഓമ്മ. താടിമീശയും വളത്തിയിട്ടുണ്ടു്. അതിനും അധികം നീളമില്ല. നമ്മുടെ സന്യാസിമാരുടെ മുടിയുടേയും, താടിമീശയുടേയും നിറമല്ല. കറുപ്പല്ല. ചെമ്പൻ എന്നു പറയാം. സ്വണ്ണനിറമല്ല.

പെരു:—പ്രായം എന്തു കാണും ?

അക്ക:—പ്രായം ഉണ്ടു്. എങ്കിലും വലിയ വൃദ്ധനല്ല.

പെരു:—എന്നോളം പ്രായം തോന്നുമോ ?

അക്ക ;—ഇല്ല. എനിക്കു തോന്നുന്നതു ഞാൻ പറയാമല്ലോ. അമ്പതു വയസ്സു കാണുമായിരിക്കും. ക്ഷീണിച്ച ശരീ രമാണു്. മുഖവും ക്ഷീണിച്ചതു തന്നെ എങ്കിലും ആ മുഖത്തിനു് ഒരു പ്രത്യേകതയുണ്ടു്. കണ്ടിട്ടു പേടി തോന്നിയില്ല. അദ്ദേഹം വളരെ സൌമ്യനാണെ ന്നാണു് എനിക്കു തോന്നിയതു്. കണ്ണുകളുടെ വിശേ ഷമാണോ, എന്തൊ മുഖത്തൊരു പ്രത്യേക തേജസ്സു് ഉണ്ടു്.

പെരു:—വേഷം.

അക്ക:—വേഷം വെറും "പന്നാസാ"ണ്ണെന്നു പറയണം. നമ്മുടെ ഇവിടെ കാണുന്ന ജൂതന്മാരുടെ കുപ്പായം പോലെ തന്നെയുള്ള കുപ്പായമാണു്. "പത്താംതരം" തുണികൊണ്ടു തുന്നിയതാണെങ്കിലും, ആ തുണിക്കു് ഒരു തെളിച്ചം ഉണ്ടെന്നു് എനിക്കു തോന്നി. അരയ്ക്കു മീതെ എന്തോകൊണ്ടൊരു ചുററിക്കെട്ടുമുണ്ടു്......

ഞാൻ ഒന്നു വിട്ടു പോയി. അതാണ് എൻെറ ശ്രദ്ധയെ ഏററം അധികം ആകഷിച്ചതു്. അതു കൊണ്ടായിരിക്കുമോ വിട്ടുപോയതു്? അദ്ദേഹത്തിൻെറ കഴുത്തിൽ തടികൊണ്ടുള്ള എന്തോ ഒന്നു കിടക്കുന്നു. വെറും പാഴ്തടികൊണ്ടു പണിതതാണ് നിശ്ചയം. അതു തൂങ്ങുന്ന ചരടും "പത്താംതര" മാണ്. എന്നാലും ആ സാധനം ആരുടെ ശ്രദ്ധയേയും ആകഷിക്കുമെന്നുള്ളതിൽ സംശയമില്ല.

പെരു:—വലിപ്പം എന്തുണ്ടു്. വല്ല പതക്കവും ആയിരിക്കുമോ?

അക്ക:—പതക്കമൊന്നുമല്ല. രണ്ടു തടിക്കഷണങ്ങൾ വിലങ്ങനെ വച്ചുകെട്ടുകയൊ തറയ്ക്കുകയൊ ചെയ്തിരിക്കയാണ്. ഓരോ കഷണത്തിനും ഓരോ ചാൺ നീളം വന്നേയ്ക്കും. രണ്ടു വിരൽ വീതിയും. നമ്മുടെ സ്വസ്ഥികയുടെ ഒരു ബന്ധു ആണെന്നു പറയാം. അതു് ആഭരണമാക്കിയതിൻെറ രസമൊ രഹസ്യമൊ എന്താണാവൊ. ആഭരണമായിട്ടാണ് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ, അല്പം കൂടി ചെറുതായി സ്വർണ്ണം കൊണ്ടൊ മററൊ ഉണ്ടാക്കേണ്ടതായിരുന്നു.

പെരു:—സന്യാസി ആണെങ്കിൽ......

അക്ക:—സന്യാസിക്കു ആഭരണം ധരിക്കാമെങ്കിൽ, സ്വർണ്ണാഭരണം തന്നെ ആയി കൂടായോ......

പെരു:—ആഭരണമാണെങ്കിൽ, ആവാമെന്നു വയ്ക്കുക. ഇതു് ആഭരണമാണോ? എന്തിൻെറ എങ്കിലും ചിഹ്നമായിരിക്കാനിടയുണ്ടു്. നമ്മുടെ സന്യാസിമാക്കും ഉണ്ടല്ലൊ രുദ്രാക്ഷമാലയും തുളസി മാലയും മററും. അവ ആഭരണമല്ലല്ലൊ......

അക്ക:—ശരിയായിരിക്കും. ആ സാധനത്തിന്മേൽ ഞാൻ അല്പ നിമിഷങ്ങൾ സൂക്ഷിച്ചുനോക്കി. പിന്നെ അതിന്മേൽനിന്നു കണ്ണു പറിക്കാൻ പ്രയാസമായി

തോന്നി. അതിന്ന് എന്തോ ജീവനൊ ശക്തിയൊ ഉണ്ട്. അദ്ദേഹത്തിൻെറ ശക്തി അതിന്മേൽ വ്യാപിച്ചിരിക്കുന്നതായിരിക്കുമോ ?

പെരു:—അതു നില്ക്കട്ടെ. അദ്ദേഹം എന്താണ് സംസാരിച്ചു കൊണ്ടിരുന്നത് ?

അക്ക:—കാലിൽ പഴഞ്ചൻ രണ്ടു പാദരക്ഷ കൂടെ ഉണ്ടായിരുന്നു എന്നു പറഞ്ഞാൽ വേഷം പൂൎത്തി ആയി. അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നത് എന്താണെന്ന് എനിക്കു ശരിക്കു മനസ്സിലായില്ല. ദൈവം സ്നേഹമാണെന്നോ, സ്നേഹം മനുഷ്യനായി ലോകത്തിൽ വന്നു മനുഷ്യരെ രക്ഷിക്കാൻ യാഗമായി സ്വയം അൎപ്പിച്ചു എന്നൊ ഒക്കെയാണ് പറഞ്ഞതു്....

കൂടുതൽ ചോദിക്കുന്നതുകൊണ്ടു വലിയ പ്രയോജനം ഉണ്ടാവാനില്ലെന്നും, പുത്രിയെ വൃഥാ ബുദ്ധിമുട്ടിക്കയായിരിക്കും എന്നും മനസ്സിലാക്കി പെരുമാൾ സംഭാഷണ വിഷയം മാററി. പെരുന്തേവിയും പുത്രിയും ഒരുമിച്ച് ഏതാനും സമയം സന്തോഷമായി കഴിച്ച ശേഷം പെരിങ്കോയിലകത്തേയ്ക്കു മടങ്ങി. അക്കമ്മാൾ കണ്ട സന്യാസിയെ പററി കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിന് അദ്ദേഹത്തിൻെറ മനസ്സു എന്തുകൊണ്ടോ അതിയായി ദാഹിക്കുന്നുണ്ടായിരുന്നു. ഇങ്ങനെ ഒരു ജിജ്ഞാസ മുമ്പൊരിക്കലും, ഒരു കാൎയ്യത്തിലും ഉണ്ടായിട്ടില്ല. അക്കമ്മാളിൻെറ സന്യാസി ജൂതനായതു കൊണ്ടു വിവരം അറിയാൻ ഏററം പററിയ മാൎഗ്ഗം, ഏലീശാ എന്ന ജൂത തവണക്കാരനെ വരുത്തി ചോദിക്കുകയാണെന്നു തീൎച്ചപ്പെടുത്തി, അയാളെ കൂട്ടിക്കൊണ്ടു വരുന്നതിന് ഒരു സേവകനെ പറഞ്ഞയച്ചു. അതിന്നു ശേഷമേ അദ്ദേഹം വൈകുന്നേരത്തെ ദിനചൎയ്യകളിൽ പ്രവേശിച്ചുള്ളു.

സാധാരണ നേരത്തെ ഉറക്കറയിൽ പ്രവേശിക്കുക പതിവുള്ള പെരുമാൾ, അന്ന് ഏലീശായുടെ വരവും കാത്തു് ഇരുന്നു മുഷിയേണ്ടതായി വന്നു. കൊട്ടാരത്തിൽ "തവണ" ഇല്ലാതിരുന്നതുകൊണ്ടു് അയാൾ സ്വവസതിയിൽ ചെന്ന

ശേഷം എവിടേയ്ക്കോ ഇറങ്ങി. കൊട്ടാരത്തിൽനിന്നു് ആൾ ചെന്നപ്പോൾ, ഏലീശാ വീട്ടിലില്ല. എവിടെ ഉണ്ടായിരിക്കുമെന്നു വീട്ടുകാർക്കു നിശ്ചയവുമില്ല! ബദ്ധപ്പാടുള്ള സംഗതി ആയതുകൊണ്ടു, കൊട്ടാരത്തിൽനിന്നു പെരുമാൾ തിരുമേനിയുടെ നേരിട്ടുള്ള കല്പന അനുസരിച്ചു പ്രത്യേക ദൂതൻ വന്നിരിക്കുന്നതുകൊണ്ടു്, ഏലീശായുടെ സ്വന്തക്കാരും അയൽക്കാരും "ജൂതഭാഗം" മുഴുവൻ തെരഞ്ഞു പിടിച്ചു വന്നപ്പോഴേയ്ക്കു് രണ്ടു മൂന്നു നാഴിക കഴിഞ്ഞിട്ടുണ്ടാവണം. ചേരൻ വാനവരമ്പൻ വളരെ കരുണയുള്ളയാളാണെന്നു പ്രസിദ്ധമായിരുന്നതുകൊണ്ടു് ഏലീശായെ ശിക്ഷിക്കുന്നതിനു വിളിപ്പിച്ചതാണെന്നോ, പെരിങ്കോയിലകത്തു് എത്താൻ താമസിക്കുന്നതുകൊണ്ടു ശിക്ഷിക്കുമെന്നോ ആർക്കും ഭയമുണ്ടായിരുന്നില്ല. അന്നദാതാവായ തിരുമേനി ആവശ്യപ്പെടുന്ന സമയത്തു് അവിടെ എത്തേണ്ട ചുമതല അയാൾക്കുണ്ടെന്നും, രാജകല്പന അയാൾക്കു് എത്തിച്ചുകൊടുക്കാൻ സഹായിക്കേണ്ടതു് എല്ലാവരുടെയും ധർമ്മമാണെന്നും, വിശ്വസിച്ചു്, ഏലീശായെ തേടാൻ മററുള്ളവർ പുറപ്പെട്ടതാണു്. അയാളെ തേടിപ്പിടിച്ചു കൊണ്ടുചെല്ലുന്നതുവരെ, യാതൊരു ധൃതിയും കൂടാതെ ഏലീശായുടെ വാസസ്ഥലത്തു രുത്തിയിരുന്ന "സേവകൻ" അവിടെ ഉണ്ടായിരുന്ന ആഹാരസാധനങ്ങൾ എല്ലാം തീർക്കണമെന്നു മനഃപൂർവ്വം ആഗ്രഹിച്ചു പരിശ്രമിച്ചു എന്നു രേഖപ്പെടുത്തേണ്ടതുണ്ടു്!. 119364

പെരിങ്കോയിലകത്തു് എത്തിയാലുടൻ ഏലീശായെ പെരുമാളിന്റെ സന്നിധിയിൽ എത്തിച്ചുകൊള്ളണമെന്നു പ്രത്യേകം കല്പിച്ചിരുന്നതിനാൽ, അസമയമായി എങ്കിലും, ഏലീശാ നേരേ പെരുമാളിന്റെ അറയിലേയ്ക്കു് ആനയിക്കപ്പെട്ടു. ഏലീശായെ ആനയിച്ചവനും, അവിടെ ചുററിപ്പററി നിന്നിരുന്ന രണ്ടുമൂന്നാളുകളും പൊയ്ക്കൊള്ളുന്നതിനു പെരുമാൾ അനുമതി നൽകി. അവരുടെ സംഭാഷണം ആരും ഒളിഞ്ഞുനിന്നു കേൾക്കരുതെന്നു കരുതി ആയിരിക്കുമോ അദ്ദേഹം എല്ലാവരേയും പറഞ്ഞയച്ചതു്?

സേവകൻ പൊയ്ക്കഴിഞ്ഞയുടൻ തന്നെ പെരുമാൾ കാര്യത്തിൽ പ്രവേശിച്ചു. അദ്ദേഹം ചോദിച്ചു "അക്കമ്മാൾ

KOTTAYAM PUBLIC LIBRARY

ഇന്നു ക്ഷേത്രത്തിൽ നിന്നു മടങ്ങുന്ന സമയം തെരുവീഥിയിൽ നിന്നു് ഒരു ജൂതൻ സംസാരിക്കുന്നതു കേട്ട എന്നും, അദ്ദേഹം സ്വന്തം ഭാഷയിൽ സംസാരിച്ചാൽ, കേൾക്കുന്ന ഓരോരുത്തരും അവരവരുടെ മാതൃഭാഷയിലായിരിക്കും കേൾക്കുന്നതെന്നും, അവൾക്കും അങ്ങനെ അനുഭവപ്പെട്ട എന്നും പറഞ്ഞു. ഏലീശായും അപ്പോൾ ഉണ്ടായിരുന്നതുകൊണ്ടും സംസാരിച്ച ആൾ ജൂതനായതുകൊണ്ടും നിനക്കു എല്ലാ വിവരങ്ങളും അറിയാമായിരിക്കും എന്നുവച്ചു വിളിപ്പിച്ചതാണു്. വിവരങ്ങൾ അറിയാമോ ? "

ആചാരഭാഷയ്ക്കു വളരെ പ്രാധാന്യമുള്ള കാലത്തുണ്ടായ ഈ സംഭാഷണത്തിൽ "തിരുമേനിയും" "തമ്പുരാനും" "അടിയനും" "റാനും" "കല്പനയും" "കുപ്പപ്പാട്ടും" മററും മററും ഏലീശാ വളരെ ഭംഗിയായി പ്രയോഗിച്ചു എങ്കിലും, അവ ഇവിടെ അപ്പടി പകത്തുന്നില്ല. ഏലീശാ മറുപടി പറഞ്ഞു "അറിയാം".

പെരു:—ആ ജൂതൻ എന്നാണിവിടെ വന്നതു്?

ഏ:—കുറെ കാലമായി.

പെരു:—നിനക്കു് എല്ലാ വിവരങ്ങളും അറിയാമോ?

ഏ:—മിക്കവാറും എല്ലാ വിവരങ്ങളും അറിയാം.

പെരു:—അദ്ദേഹം ആരാണു്.

ഏ:—ഞങ്ങളുടെ ജാതിയെ രക്ഷിക്കുന്നതിനു ദൈവത്തിൻെറ പുത്രൻ മനുഷ്യനായി അവതരിച്ചു. അങ്ങനെ അവതരിച്ചയാളിൻെറ ശിഷ്യനാണു് ഇന്നു കൊച്ചുതമ്പുരാട്ടി കണ്ടയാൾ.

പെരു:—മനുഷ്യാവതാരം ചെയ്തു എന്നു പറഞ്ഞ ദൈവപുത്രൻ ഇപ്പോൾ എവിടെയുണ്ടു്. ആ ദേവൻെറ പേരെന്താണു് ?

ഏ:—ദേവൻെറ പേരു് യേശുക്രിസ്തു എന്നാണു്. അദ്ദേഹം ആരാണെന്നു മനസ്സിലാക്കാതെ, യെരുശലേമിലെ ഞങ്ങളുടെ ജാതിപ്രധാനികൾ അദ്ദേഹം മഹാ

പാതകി ആണെന്നു പരാതിപ്പെട്ടു. റോമൻ അധികാരികളുടെ സഹായത്തോടു കൂടി തൂക്കിക്കൊന്നു.

പെരു:—അപ്പോൾ അതു ദൈവപുത്രനായിരുന്നില്ല, അല്ലേ.

ഏ:—ദൈവപുത്രൻ തന്നെ ആയിരുന്നു. മനുഷ്യന്റെ പാപത്തിന്റെ ഭാരം തീക്കുന്നതിനു ദൈവപുത്രനെ യാഗമായി അപ്പിക്കേണ്ടതു് ആവശ്യമായിവരുമെന്നും അന്നു് ദൈവം തന്റെ പുത്രനെ ഭൂലോകത്തേയ്ക്കു അയക്കുമെന്നും, ആ യാഗംമൂലം മനുഷ്യവഗ്ഗത്തെ നാശത്തിൽനിന്നു വീണ്ടെടുക്കുമെന്നും ഞങ്ങളുടെ പ്രവാചകന്മാർ അനേകായിരം വഷങ്ങൾക്കു മുമ്പു് പറഞ്ഞിട്ടുള്ളതാണു്. അപ്രകാരം സംഭവിച്ചു.

പെരു—എനിക്കു് മനസ്സിലായില്ല. ദൈവപുത്രൻ കൊല്ലപ്പെട്ടു എന്നല്ലെ നീ പറഞ്ഞതു്. ദൈവത്തിനു മരണമുണ്ടോ?.

ഏ—ലോകരക്ഷയ്ക്കായി സ്വയം ബലിയായി അപ്പിച്ച യേശുക്രിസ്തുവിനെ തൂക്കിക്കൊന്നു, എങ്കിലും, അവിടുന്നു മൂന്നാം ദിവസം ഉയിത്തെണീററു. അതും ഞങ്ങളുടെ ദീഘദശിമാർ കാണുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

പെരു—ഉയിത്തു് എണീററിട്ടു് ഇപ്പോൾ എവിടെ?.

ഏ :—നാല്പതാം ദിവസം സ്വഗ്ഗത്തിലേയ്ക്കു പോയി. ഇപ്പോൾ പിതാവിന്റെ കൂടെ—ദൈവത്തിന്റെ കൂടെ—സ്വഗ്ഗത്തിൽ ഉണ്ടു്.

പെ:—അപ്പോൾ ഭൂമിയിൽ അവതരിച്ചു ചെയ്യാനുണ്ടായിരുന്നതെല്ലാം ചെയ്തു തീത്തോ?

ഏ:—അദ്ദേഹം നേരിട്ടു ചെയ്യേണ്ടതെല്ലാം ചെയ്തായിരിക്കം. ബാക്കി ഉള്ളതു ചെയ്തു തീക്കുന്നതിനു പന്ത്രണ്ടു പേരെ നിയോഗിച്ചിട്ടുണ്ടു്. അവരിൽ ഒരാളെയാണു് തമ്പുരാട്ടി ഇന്നു കണ്ടതു്.

പെ:—യേശുക്രിസ്തു എന്താണു് പഠിപ്പിച്ചതു്.

ഏ:—ദൈവം സ്നേഹമാണു്. എല്ലാവരും പരസ്പരം സ്നേഹിക്കണം. പ്രത്യേകിച്ചു ശത്രുക്കളെ സ്നേഹിക്കണം. ഒരു കാരണവശാലും, ഒരിക്കലും അധൎമ്മം പ്രവൎത്തിക്കരുതു്.........

പെ:—ഇത്രയുമേയുള്ളോ ? ശത്രുക്കളെ സ്നേഹിക്കാൻ ആരെക്കൊണ്ടെങ്കിലും സാധിക്കുമൊ ?

ഏ :—എനിക്കു് ഒന്നും തന്നെ അറിഞ്ഞുകൂടാ. ഇന്നു കണ്ട ശ്ലീഹായോടു ചോദിച്ചാൽ അറിയാം

പെ :—അദ്ദേഹത്തെ ഒന്നു കൂട്ടിക്കൊണ്ടു വരാമൊ? ഇപ്പോൾ അദ്ദേഹം എന്താണിവിടെ ചെയ്യുന്നതു്?

ഏ :—ഇവിടെ കൂട്ടിക്കൊണ്ടു് വരാൻ സാധിക്കുമൊ എന്നു് അറിഞ്ഞുകൂടാ. വരാനിഷ്ടമില്ലെങ്കിൽ ആരെല്ലാം പറഞ്ഞാലും എന്തെല്ലാം ചെയ്താലും വരികയില്ല.

പെ :—ഞാൻ, ചേരപ്പെരുമാൾ ആണു്, ആവശ്യപ്പെടുന്നതെന്നറിഞ്ഞാലും വരില്ലെന്നൊ ?

ഏ :—വരേണ്ടാ എന്നാണു് തോന്നിയതെങ്കിൽ വരികയില്ല. വരണമെന്നു തോന്നിയാൽ വരും. രാജാവും, അടിമയും, ധനവാനും പട്ടിണിക്കാരനും എല്ലാം ദൈവസൃഷ്ടി എന്നുള്ള പരിഗണനയേയുള്ളു എന്നാണദ്ദേഹം പറയുന്നതു്. തമ്പുരാനു് കാണണമെന്നാഗ്രഹമുണ്ടെന്നു അറിയിക്കാം

പെ :— നില്ക്കു്. അദ്ദേഹം ഈ ദിവസങ്ങളിൽ എന്താണു് ചെയ്തുകൊണ്ടിരിക്കുന്നതു് ?.

ഏ :—ഒട്ടധികം രോഗികൾ വന്നു കൂടുന്നുണ്ടു്. ആ കൂട്ടത്തിൽ ഭ്രാന്തു പിടിച്ചവരും പിശാചുബാധയുള്ളവരും വളരെ വളരെ ഉണ്ടായിരിക്കും. അവരെ സുഖപ്പെടുത്തുകയും അവൎക്കു യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ മനസ്സിലാക്കിക്കൊടുക്കയുമാണു് ചെയ്യുന്നതു്.

പെ :—അപ്പോൾ നല്ല വരുമാനമുണ്ടായിരിക്കുമല്ലൊ?

ഏ :—രോഗബാധിതരിൽനിന്നു് ആദായം കിട്ടുമെന്നാണൊ കല്പിച്ചു ചോദിച്ചതു്.

പെ :—അതേ. രോഗികൾ ധാരാളമുള്ളപ്പോൾ ആദായം ധാരാളമായിരിക്കണമല്ലൊ.

ഏ :— പ്രതിഫലം എന്നൊരു സംഗതി അദ്ദേഹം ഓക്കുക പോലും ചെയ്തിട്ടില്ല. അത്താഴത്തിനു മാർഗ്ഗമില്ലെങ്കിൽ പട്ടിണികിടക്കാൻ ഒരു പണിയുമില്ലെന്നാണു് പറയുന്നതു്. അദ്ദേഹത്തിൻെറ ആവശ്യങ്ങൾ നടത്തുന്നതു്, ഇവിടെയുള്ള ഞങ്ങളെല്ലാവരും കൂടിയാണു്. ഞങ്ങളിൽ വലിയ പണക്കാർ ഇവിടെ ഇല്ലെന്നു തമ്പുരാനറിയാമല്ലൊ. രണ്ടോ നാലൊ ഉള്ളവർ ഇദ്ദേഹത്തെ സ്വീകരിക്കാതെ മാറി നില്ക്കുകയാണു്. അദ്ദേഹത്തിൻെറ ആവശ്യങ്ങൾ മാത്രം നിറവേററിയാൽ പോരാ. ചിലപ്പോൾ വന്നു കൂടുന്ന രോഗികൾക്കും മററും ആഹാരവും ഒക്കെ കൊടുക്കാൻ ആജ്ഞാപിക്കും. എങ്ങിനെ സാധിക്കുമെന്നു പേടി തോന്നിയിട്ടുണ്ടു്. എന്നാൽ ഒരു ബുദ്ധിമുട്ടും കൂടാതെ അതൊക്കെ എങ്ങിനെയൊ മുറയ്ക്കു നടക്കുന്നതായിട്ടാണു് അനുഭവം. അത്രയുമെ അടിയനു് അറിഞ്ഞു കൂടൂ.

പെ :— ഇവിടെ വന്നപ്പോൾ മുതൽ ഇൗ ഭാഗത്തു താമസിച്ചു രോഗികളെ സുഖപ്പെടുത്തുകയാണു് ചെയ്യുന്നതെന്നും, രോഗികളിൽ നിന്നും യാതൊരു പ്രതിഫലവും പററില്ലടെന്നു് നിർബ്ബന്ധമുണ്ടെന്നുമല്ലെ ഇൗ പറഞ്ഞതിൻെറ സാരം. അപ്പോൾ പിന്നെ ആവശ്യങ്ങൾ നിറവേററാൻ മാർഗ്ഗമെന്താണെന്നു് ആരെങ്കിലും ചോദിച്ചിട്ടുണ്ടോ?

ഏ :—"നിങ്ങൾ ലോകത്തു് എല്ലായിടത്തും പോയി എൻെറ സുവിശേഷം എല്ലാ ജാതിക്കാരേയും അറിയിക്കണം. അതിനു വേണ്ട ശക്തി നിങ്ങൾക്കു ലഭിക്കും" എന്നു് ആജ്ഞാപിച്ചതു് സർവശക്തനും സർവവ്യാ

പിയും ആദിയും അന്തവും ഇല്ലാത്തവനും ആയ ദൈവമാണ്. പിന്നെ അങ്ങനെ നിയോഗിക്കപ്പെട്ട ഞങ്ങൾ എന്തിന് ഭയപ്പെടുന്നു. അത്താഴത്തിനു മാർഗ്ഗമെന്താണെന്ന് എന്തിനു ചിന്തിക്കുന്നു എന്നാണ് ചോദിക്കുന്നത്. അതിനു മറുപടി കൊടുക്കാൻ ആർക്കാണ് സാധിക്കുക. "ആകാശത്തിലെ പക്ഷികൾ അറയിൽ കൂട്ടിവെച്ചുകൊണ്ടാണോ ആഹാരം കഴിക്കുന്നത്. ഒരു നേരമെങ്കിലും പട്ടിണി ആകാതെ അവയെ പരിരക്ഷിക്കുന്ന എന്റെ സ്വർഗ്ഗീയ പിതാവ്, അദ്ദേഹത്തിന്റെ കൂലിക്കാരനായ എന്നെ അത്താഴപ്പട്ടിണി ഇടുമോ ? എന്നാണ് ശ്ലീഹാ ഒരിക്കൽ ഞങ്ങളോടു ചോദിച്ചത്.

പെ :— ആ പറയുന്നതു വളരെ ശരിയാണെന്നു തോന്നുന്നു. എനിക്ക് അദ്ദേഹത്തെ ഒന്നു കാണണം, ഇങ്ങോട്ടു വരണമെന്നു ഞാൻ ആവശ്യപ്പെടുകയില്ല. എവിടെ വച്ചാണ് കാണാൻ സൌകര്യമെന്നറിയിച്ചാൽ ഞാൻ അവിടെ ചെല്ലാം. പക്ഷെ അതിനു മുമ്പ് അദ്ദേഹത്തിന്റെ ദേവന്റെ ഉപദേശങ്ങൾ എന്തെല്ലാമാണെന്ന് ഒന്നു ശരിക്ക് അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. നമ്മുടെ നാട്ടിൽ വന്നിട്ടു കുറെ നാളായി എന്നാണല്ലൊ പറഞ്ഞതു്. ഇക്കാലമെല്ലാം എന്തു ചെയ്തുകൊണ്ടിരുന്നു, ആരെല്ലാം പുതിയ ഉപദേശം സ്വീകരിച്ചു, എന്നിങ്ങനെയുള്ള വിവരങ്ങളും അറിയണമെന്ന് ആഗ്രഹമുണ്ട്. അതിനെന്താണ് മാർഗ്ഗം.

ഏ :— അദ്ദേഹം ഇവിടെ വന്നപ്പോൾ മുതൽ കൂടെ നടക്കുന്ന ത്രുബൻ എന്നൊരാളുണ്ട്. അയാൾക്ക് ഈ വിവരങ്ങൾ എല്ലാം അറിയാം.

പെ :— അതു കൊണ്ട്?

ഏ:— ത്രുബൻ ഇങ്ങോട്ടു വരാൻ ഇവിടെനിന്നു കല്പിച്ചാൽ ഉടൻതന്നെ വരും. നാളെ തന്നെ കൂട്ടിക്കൊണ്ടു വരാം.

പെ :— നാളെ വേണ്ട. ഞാൻ പറയാം, അപ്പോൾ കുട്ടി ക്കൊണ്ടു വന്നാൽ മതി. ഒന്നു ചെയ്യൂ. ഏലീശാ യിക്കു ഇവിടെ എന്റെ മുമ്പിൽ തവണ തരാൻ പറഞ്ഞു വാങ്ങിക്കൊള്ളുക. അപ്പോൾ നിന്നോട്ട് ഈ വിഷയത്തെപ്പററി സംസാരിക്കാൻ സൌകര്യമാ കുമല്ലൊ. കാര്യങ്ങൾ ഒരു അടുക്കനുസരിച്ചു ശരിക്കു ധരിപ്പിക്കുന്നതിനു് ഒരുങ്ങിവരണം ത്രുബൻ. അവൻ തയ്യാറായിക്കൊള്ളട്ടെ. ഇപ്പോൾ കിട്ടിയ വിവര ങ്ങൾ വച്ചു ഞാൻ അല്പം ചിന്തിക്കട്ടെ. അതിനു ശേഷം കൂടുതൽ ആരായാം. വിശേഷസംഭവങ്ങൾ ഉണ്ടായാൽ എന്നെ അറിയിക്കണം. ഇതെല്ലാം നാ ളെ അങ്ങാടിയിൽ പാട്ടാവരുതെന്നു ഓർത്തുകൊള്ളുക.

ഏ :— അടിയൻ ആരോടും ഒന്നും ഉരിയാടുകയില്ല. ത്രുബനും തമ്പുരാന്റെ പേരുകുട്ടി ഒരക്ഷരം പറയുന്ന കൂട്ടത്തി ലല്ല.

പെ :— പ്രത്യേകമായി അറിയേണ്ട ഒരു കാര്യം, നിങ്ങളുടെ ആ......എന്താണു് പേരു്......തോമ്മായൊ, അതല്ല ല്ലൊ നീ മുമ്പു് പറഞ്ഞ പേരു്, ശ്ലീഹാ......അതു തന്നെ, അദ്ദേഹം സ്വന്ത ഭാഷയിൽ സംസാരിച്ചാൽ കേൾക്കുന്നവരെല്ലാം അവരവരുടെ മാതൃഭാഷയിലാ യിരിക്കും കേൾക്കുന്നതെന്നു പറയുന്നതു ശരിയാ ണോ ? അതിന്റെ രഹസ്യം എന്താണു് എന്നു് ശരി ക്കൊന്നറിയണം.

ഏ :— അടിയൻ ത്രുബനോടു പറഞ്ഞുകൊള്ളാം. തോമ്മാ ശ്ലീഹാ പറയുന്നതെല്ലാം, പല ഭാഷകളിൽ ഓരോരു ത്തർ കേൾക്കും എന്നു കേട്ടതു ശരിയാണു്. പുതിയ ഉപദേശം കേൾവിക്കാർ എല്ലാം മനസ്സിലാക്കണം എന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടുകൂടി അതേപ്പററി അദ്ദേഹം സംസാരിക്കുന്ന സമയം, അതു കേൾക്കുന്ന വർ ഏതു ജാതിക്കാരോ ദേശക്കാരോ, ഭാഷക്കാരോ, ആയാലും എല്ലാവക്കും മനസ്സിലാകും. അതു് ദൈവ പുത്രൻ കൊടുത്ത ഒരു വരത്തിന്റെ ഫലമാണു്.

അല്ലാതെ അദ്ദേഹം പറയുന്നതെല്ലാം എല്ലാവൎക്കും മനസ്സിലാകുമെന്നു തോന്നുന്നില്ല.

പെ:—അതേപ്പററിയും കൂടുതൽ പറയാൻ ത്രുബനു സാധിക്കുമോ?

ഏ:— സാധിക്കും. കുറച്ചു മുമ്പു് ശ്ലീഹാ പാലയൂർ എന്ന സ്ഥലത്തു് പോയി പുതിയ ഉപദേശം അവിടെ ഘോഷിച്ചു. അവിടുത്തെ പ്രബലന്മാരായ നമ്പൂരിമാർ ശക്തിയായി എതിൎത്തു എങ്കിലും, അവരിൽ തന്നെ പലർ, ശ്ലീഹായുടെ മതത്തിൽ ചേൎന്നു. ബാക്കിയുള്ളവർ ആ പ്രദേശം ഉപേക്ഷിച്ചു പോകയുമുണ്ടായി.........

പെ:—ആരൊ വിദേശത്തുനിന്നു വന്നു് ക്ഷുദ്രപ്രയോഗം കൊണ്ടു് വളരെ നാശങ്ങൾ വരുത്തുകയും, പലൎക്കു ബുദ്ധിഭ്രമമൊ സ്വബോധമില്ലാത്ത നിലയൊ, വരുത്തിക്കൂട്ടുകയും ചെയ്തു എന്നു്, അവിടെ നിന്നു കുറെ നമ്പൂരിമാർ വന്നു പരാതിപ്പെട്ടതു് ഇപ്പോൾ ഓൎമ്മയിൽ വരുന്നു.

ഏ:—ഇതായിരിക്കണം സംഭവം. അന്നു ത്രുബനും ശ്ലീഹായുടെ കൂടെ ഉണ്ടായിരുന്നു. അയാൾ എല്ലാം കാണുകയും കേൾക്കുകയും ചെയ്തതാണു്.

പെ:—കൊള്ളാം. ഇത്രയും വിവരങ്ങൾ അറിയാൻ സാധിച്ചതിൽ സന്തോഷമുണ്ടു്. കൂടുതൽ അറിയണം. അതിനു ത്രുബൻ തന്നെയാണു് പററിയ ആൾ എന്നു തോന്നുന്നു. ഞാൻ പറയാം, അപ്പോൾ അയാളെ കൂട്ടിക്കൊണ്ടു വരണം.

# 2

വേഗതയുള്ള വാഹനങ്ങൾ ഭൂലോകത്തെ പിടിച്ചു ചുരുക്കിക്കളഞ്ഞു. ശബ്ദത്തിന്റെ വേഗത്തെ വെല്ലുന്ന വേഗതയുള്ള വിമാനങ്ങൾ സർവസാധാരണമായപ്പോൾ അതു കുറെക്കൂടി ചുരുങ്ങി. എന്നാൽ സമയം ലാഭിക്കുന്നതിനുള്ള ഉപാധികൾ ഉണ്ടായതോടു കൂടെ, മാനവസമുദായത്തിന്റെ ബദ്ധപ്പാടും ധൃതികൂട്ടലും വർദ്ധിക്കയാണു് ചെയ്തിട്ടുള്ളതു്. യന്ത്രങ്ങളും ഗതിവേഗതയുള്ള വാഹനങ്ങളും ഒന്നുമില്ലാതിരുന്ന കാലത്തു ജീവിച്ചിരുന്ന ചേരപ്പെരുമാൾ വാനവരമ്പനു്, അക്കാലത്തെ മററു പലരേയും പോലെ ഒന്നിലും, ഒന്നിനും ബദ്ധപ്പാടു തോന്നാറുണ്ടായിരുന്നില്ല. ഒരാൾ സംസാരിക്കുന്നതു്, ഏതു ജാതിക്കാർക്കും ഭാഷക്കാർക്കും അവരവരുടെ മാതൃഭാഷയിൽ കേൾക്കാൻ സാധിക്കുന്നു എന്നു് സ്വപുത്രി പറഞ്ഞു കേട്ടപ്പോൾ, അതു അവിശ്വസനീയമായി തോന്നി. അതു ശരിയാണെങ്കിൽ.........എന്താണു് മനസ്സിലാക്കേണ്ടതു്, വിശ്വസിക്കേണ്ടതു് എന്നു രൂപമില്ലാത്ത ഒരു സ്ഥിതി ആവിർഭവിച്ചു. ആ നില അപകടതരമായിരിക്കുമെന്നു തോന്നിയതു കൊണ്ടാണു്, അപ്പോൾ തന്നെ ഏലിശായെ വരുത്താൻ പെരുമാൾ കൽപ്പിച്ചതും അയാളുമായി സംസാരിച്ചതും. രാജകുമാരി പറഞ്ഞതു പൊളി അല്ലെന്നു ബോദ്ധ്യമായപ്പോൾ, ഒരാൾക്കു അമാനുഷികശക്തി ലഭിക്കുന്നതെങ്ങിനെയാണു്; നൽവരം വഴി ശക്തി ലഭിച്ചയാൾ സാധാരണ മനുഷ്യരുടെ നിലയിൽ തന്നെ തുടരുകയായിരിക്കുമൊ; അയാളുടെ ശാരീരികവും മാനസികവുമായ പ്രവൎത്തനങ്ങളും, വികാരങ്ങളുടെ ഗതിയും എങ്ങിനെ ഏതു വിധത്തിലായിരിക്കാം എന്നു് ചിന്തിക്കുവാൻ അദ്ദേഹം ശ്രമിച്ചു.

ബദ്ധപ്പാടു് ഒന്നും ഇല്ലാതിരുന്നതുകൊണ്ടും, ബദ്ധപ്പെടുത്തുന്ന രാജ്യകാര്യങ്ങൾ ഒന്നും ആ കാലത്തു് ഉയൎന്നു വന്നിട്ടില്ലാതിരുന്നതുകൊണ്ടും, സൈ്വരമായി ചിന്തിക്കുന്ന

തിന്നു് പെരുമാളിനു അവസരം ലഭിച്ചു. വാനവരമ്പനു മതം ഇല്ലായിരുന്നു എന്നൊ, അദ്ദേഹം മതവിശ്വാസി അല്ലായിരുന്നു എന്നൊ ധരിക്കരുതു്. ബുദ്ധ–ജൈനമതങ്ങൾ തമ്മിൽ എന്തൊ ഒരു "ധാരണയിൽ എത്തി" പരസ്പരം കലശലായി കുത്താതെ ഒരു തരം "സമര സന്നദ്ധമായ നിഷ്പക്ഷാവസ്ഥ" യിൽ കഴിയുന്ന കാലമാണു്. പരസ്പരധാരണ ഉണ്ടായിരുന്നതുകൊണ്ടൊന്നുമല്ല, രണ്ടു മതങ്ങളും നിർജ്ജീവാവസ്ഥയോടു വളരെ അടുത്തു എത്തിയിരുന്നതുകൊണ്ടാണു് കുത്താതിരുന്നതു് എന്നും അഭിപ്രായമുണ്ടു്. അന്നു് ബ്രാഹ്മണ മതത്തിൻെറ പന്നഭവരുകൾ കേരളത്തിലേയ്ക്കു ഓടിത്തുടങ്ങിയിട്ടേയുള്ളു. ഈ വിധം മതപരമായി ഒരുതരം ഒരു ശൂന്യാന്തരാളാവസ്ഥ സംജാതമായിരുന്നതുകൊണ്ടു്, ഏതെങ്കിലും മതത്തോടു് ആർക്കെങ്കിലും അതിഗാഢമായ ഭക്തിയൊ ബന്ധമൊ ഉണ്ടായിരുന്നു എന്നു പറഞ്ഞുകൂടാ. പെരുമാളിൻെറ സ്ഥിതിയും ഇതിൽനിന്നു വ്യത്യസ്തമല്ലായിരുന്നു. അതുകൊണ്ടു് ഒരു പുതിയ മതത്തെപ്പററി, അതു സ്വീകരിക്കണമൊ, വേണ്ടയൊ എന്നു തന്നെ, ക്ഷോഭമോ വാശിയോ കൂടാതെ ചിന്തിക്കാൻ പെരുമാളിനു കഴിഞ്ഞു. പുതിയ മതം സ്വീകരിക്കുന്നതായാൽ എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നൊ, അതിൽ ആർക്കെങ്കിലും അസഹിഷ്ണുത തോന്നുമെന്നോ സംശയമുണ്ടായില്ല. മതവിശ്വാസം അത്ര മാത്രം ഉലഞ്ഞു് അയഞ്ഞു കിടന്നിരുന്നു എന്നു ചുരുക്കം.

ഒന്നിലും ധൃതിയില്ലാതിരുന്ന പെരുമാൾ പല കാലത്തെ ആലോചനയ്ക്കു ശേഷം മാത്രമാണു് ത്രുബനെ കൂട്ടിക്കൊണ്ടു വരുന്നതിനു് ഏലീശായോടു് കല്പിച്ചതു്. എല്ലാം പെരുമാൾ മറന്നുപോയി എന്നു് ഏലീശാ തീർച്ചപ്പെടുത്തിയ ശേഷമാണു് കല്പന ഉണ്ടായതു്. ത്രുബനെ കൂട്ടിക്കൊണ്ടു വരുന്നതിനു് ഇന്നു കല്പിക്കും, നന്നു കല്പിക്കും എന്നോർത്തു കാത്തു കാത്തിരുന്നു് അയാൾ മുഷിഞ്ഞു് ആശയററു. അതേപ്പററി ഓർക്കാതെ കഴിക്കാമായിരുന്നു, ത്രുബൻ കാണുമ്പോൾ ചോദിക്കാതിരുന്നെങ്കിൽ! ത്രുബൻ കാണാതെ ഒഴിഞ്ഞു മാറിയ അവസരങ്ങൾ എത്ര എത്ര!, തമ്പുരാനോടു ചോദിക്കുക

യൊ, അദ്ദേഹത്തെ ഓമ്മപ്പെട്ടത്തുകയൊ, ചെയ്യാമൊ എന്നു് ആലോചിക്കാനെ ഇല്ലല്ലൊ. അങ്ങനെ ആപ്പിൽ കുടുങ്ങിയ മട്ടിൽ കുഴങ്ങി കഷ്ടപ്പെട്ട ഏലീശായെ ആ കല്പന പെട്ടെന്നു ബന്ധവിമുക്തനാക്കി. സ്വജനങ്ങളുടെ ദൃഷ്ടിയിൽ താൻ അവഹേളനാപാത്രമാകുന്നു എന്നു ഓത്തു് ഈയിടെ എങ്ങും നിവന്നു നടക്കുന്നില്ല എന്നു് ഏലീശാ തന്നെത്താൻ പറയാറുണ്ടായിരുന്നു. മററാരോടെങ്കിലും അത്രയും പോലും പറയുന്നതിനു് അയാളുടെ സ്വാമിഭക്തി അനുവദിച്ചില്ല.

കല്പന അനുസരിച്ചു് നിർദ്ദിഷ്ട സമയത്തുതന്നെ ഏലീശാ രുബനെ പെരിങ്കോയിലകത്തു് ഹാജരാക്കി. രുബനും ഈ അവസരം നോക്കിപ്പാർത്തിരിക്കയായിരുന്നു. ശ്ലീഹാ എവിടേയ്ക്കു് എങ്കിലും കൂട്ടിക്കൊണ്ടു പോകുന്ന സമയത്തു് ആയിരിക്കുമൊ പെരുങ്കോയിലകത്തു നിന്നുള്ള കല്പന വരുന്നതു് എന്നയാൾക്കു ഭയമുണ്ടായിരുന്നു. ഭാഗ്യവശാൽ രണ്ടും ഒരേ സമയത്തു് ഉണ്ടായില്ല.

രുബനുമായുള്ള സംഭാഷണം, ഈ ഘട്ടത്തിൽ മററാരും കേൾക്കാതിരിക്കയായിരിക്കും ഉത്തമം എന്നുവച്ചു്, കുറെ അധികം പണിപ്പെട്ടാണു് പെരുമാൾ കളമൊരുക്കിയതു്. ചേരപ്പെരുമാൾ സർവാധിപതിയാണു്. ആരുടെയും തല കൊയ്യുന്നതിനു് കല്പന കൊടുക്കാം. കല്പന ഉടനടി നടപ്പിൽ വരികയും ചെയ്യും. എന്നാൽ അദ്ദേഹം എന്നല്ല എല്ലാ രാജാക്കന്മാരും പല തരത്തിൽ നിസ്സഹായരാണു്. പലരുടെ സഹായം കൂടാതെ ഒന്നും ചെയ്യാൻ പററുകയില്ല. ആരും കേൾക്കാതെ രുബനുമായി സംസാരിക്കാൻ ശ്രമിച്ചപ്പോൾ എങ്കിലും ഈ വസ്തുത വാനവരമ്പനു് ശരിക്കു് ബോദ്ധ്യപ്പെട്ടിരിക്കണം.

"എന്താണു് രുബൻ, ഒരു പുതിയ പ്രവാചകനൊ അവതാര പുരുഷനൊ വന്നിട്ടുണ്ടെന്നു കേൾക്കുന്നു. അതു് ശരിയാണോ." എന്നിങ്ങനെയാണു് പെരുമാൾ സംഭാഷണം ആരംഭിച്ചതു്.

പെരുമാൾ തിരുമേനിയുമായുള്ള അഭിമുഖ സംഭാഷണത്തെപ്പററി രുബൻ വളരെ ദിവസങ്ങൾ ചിന്തിച്ചതാണു്. പെരുങ്കോയിലകത്തു ചെല്ലുമ്പോഴും, തമ്പുരാനുമായി സം

സാരിക്കുമ്പോഴും സംഭ്രമം ഉണ്ടാകയില്ല ; അദ്ദേഹത്തിൻെറ ചോദ്യങ്ങൾക്കെല്ലാം വളരെ വ്യക്തമായും വിശദമായും മറുപടി കൊടുക്കും, എന്നു ഉറച്ചാണ് ത്രുബൻ വന്നതു്. സംഭാഷണം തന്നെ അയാൾ പല ദിവസം മനസ്സുകൊണ്ടു് ഉരുക്കാഴിച്ചതാണു്. എന്നിട്ടും തമ്പുരാനെ കണ്ടപ്പോൾ കാൽമുട്ടുകൾ തമ്മിൽ ഇടയാൻ പോകുന്നു എന്നു തോന്നി. അദ്ദേഹത്തിൻെറ ചോദ്യത്തിനു കൊടുക്കേണ്ട മറുപടി നല്ല നിശ്ചയമാണു്. അതു് നാവിൻെറ തുമ്പിൽ വന്നു നില്ക്കുന്നുമുണ്ടു്. പുറത്തേയ്ക്കു വരികയില്ലെങ്കിൽ, വായ്യ് തുറക്കാനും നാവു് അനക്കാനും പററുന്നില്ലെങ്കിൽ എന്താണു് ചെയ്യുക! ത്രുബൻ കൂടുതൽ കുഴയുന്നു !

ത്രുബനു് പററിയ അബദ്ധം പെരുമാളിനു മനസ്സിലായി. കാണാൻ വരുന്ന പലരും ആ വിധം കുഴങ്ങുന്നതു് അദ്ദേഹം എന്നും എന്നോണം കാണുന്നതാണല്ലൊ.

ത്രുബനു് ധൈര്യം കൊടുക്കുന്നതിനു് പററിയ മാൎഗ്ഗം പെരുമാൾ കണ്ടു. അതു ക്ഷണത്തിൽ സ്വീകരിക്കുകയും ചെയ്തു. കൈകൾ തമ്മിൽ കൂട്ടി ഒരിക്കൽ കൊട്ടി. തവണക്കാരൻ ഏലീശാ അക്ഷണം അവിടെ എത്തി. ത്രുബൻകൂടെ എന്തെങ്കിലും രണ്ടുവാക്കു പറയുന്നതിനു പററിയ വിധം, ത്രുബൻകൂടെ ഭാഗഭാക്കാകേണ്ട വിധത്തിൽ ഏലീശായോടു സംസാരിച്ചാൽ "കമ്പം" മാറുമെന്നു് പെരുമാളിനു നിശ്ചയമുണ്ടു്. ആ പ്രയോഗത്തിനു അച്ചട്ടായ ഫലം ഉണ്ടായി. പത്തുപതിനഞ്ച്യു വിനാഴികയ്ക്കകം ഏലീശായെ എന്തൊ കാൎയ്യമുണ്ടാക്കി പെരുമാൾ മടക്കി അയയ്ക്കുകയും ചെയ്തു.

പെരുമാൾ :— നാം എന്താണു് പറഞ്ഞുകൊണ്ടിരുന്നതു്? നിങ്ങളുടെ ഇടയിൽ ഒരു പുതിയ ഉപദേഷ്ടാവു വന്നിട്ടുണ്ടു്. ഇല്ലേ.

ഒററവാക്കിൽ മറുപടി പറഞ്ഞു പരിഭ്രമം നീക്കിക്കൊള്ളട്ടെ എന്നു കരുതിത്തന്നെയാണു് പെരുമാൾ ഈ വിധം ചോദിച്ചതു്.

"ഉവ്വ്" എന്നു മറുപടി കൊടുക്കാൻ ത്രുബനു് വൈഷമ്യം ഒന്നുമുണ്ടായില്ല. മറുപടി പറഞ്ഞു കഴിഞ്ഞപ്പോൾ

അയാൾക്കു കൂടുതൽ ധൈര്യമായി. അതു് പെരുമാൾ അയാളുടെ മുഖത്തു കണ്ടു. അദ്ദേഹം ചോദിച്ചു—അദ്ദേഹം എവിടെനിന്നാണു് വന്നതു്.

റൂബൻ :— പലസ്തീൻ നാട്ടിൽ നിന്നു്.

പെ :— വന്നിട്ടു് കുറെ കാലമായി. അല്ലേ.

റൂ :— ഉവ്വ്

പെ :— ഞാൻ കുറെ മുമ്പു് എന്തൊ കേൾക്കുകയുണ്ടായി. പക്ഷെ ശ്രദ്ധയിൽപെട്ടില്ല. അടുത്ത ദിവസമാണു് ശ്രദ്ധ ആ വശത്തേയ്ക്കു് ആകർഷിക്കപ്പെട്ടതു്. അദ്ദേഹത്തെ കണ്ടു സംസാരിച്ചാൽ കൊള്ളാമെന്നാഗ്രഹമുണ്ടു്. ആവശ്യപ്പെട്ടാൽ ഇങ്ങോട്ടു വരുമൊ ?

റൂ :— അടിയൻ ചോദിക്കാം.

റൂബനു് ആ വിധം മാത്രമെ മറുപടി പറയാൻ സാധിക്കയുള്ളു എന്നതു് ശരിയാണു്. എന്നാൽ ആ ഉത്തരത്തിന്റെ പിമ്പിൽ മററു് എന്തൊ കണ്ടതായി തോന്നിയിട്ടു് പെരുമാൾ പറഞ്ഞു. "ഞാൻ രാജ്യം ഭരിക്കുന്ന പെരുമാളാണു്, അതുകൊണ്ടു് അദ്ദേഹം ഇവിടെ വരുന്നതിനു ഞാൻ കല്പിക്കുകയാണു് എന്നു് ധരിക്കാത്തവിധം പറയണം. പെരുമാൾ എങ്ങോട്ടുപോയാലും കൂട്ടത്തിൽ ഒട്ടധികം ആളുകൾ ഉണ്ടാവും. അങ്ങിനെ ആണല്ലൊ കാലാകാലങ്ങളായിട്ടുള്ള നടപടി. അപ്പോൾ അങ്ങോട്ടു ചെന്നാൽ അദ്ദേഹത്തോടു സൈ്വരമായി സംസാരിക്കുന്നതിനു സാധിക്കാതെ വരും, എന്റെ ഇംഗിതം ധരിപ്പിക്കാൻ പററുകയില്ല. സംശയം തീക്കാൻ അവസരം ഉണ്ടാകയില്ല. പിന്നെ ഉണ്ടാകാവുന്ന ഏകഫലം, പുതിയ മതത്തിലേയ്ക്കു പെരുമാളിനു ചായ്വു് ഉണ്ടെന്നു ജനതയ്ക്കു പറഞ്ഞു പരത്താൻ അവസരം ഉണ്ടാകയെന്നതാണു്. അതു മുഴവൻ കേൾക്കാതെ തന്നെ യാഥാസ്ഥിതികർ കുശുകുശുക്കൽ തുടങ്ങും. ആകപ്പാടെ കാര്യമൊന്നുമില്ലാതെ അന്തരീക്ഷം കലുഷിതമായിത്തീരും. ഇക്കാരണങ്ങൾ കൊണ്ടാണു് കാണുന്നതിനു് ഞാൻ അദ്ദേഹത്തിന്റെ അടുക്കലേയ്ക്കു പോകാൻ ആലോചിക്കാതെ, അദ്ദേഹം കൊട്ടാരത്തിലേയ്ക്കു വരുമായിരിക്കുമൊ എന്നു ചോദിച്ചതു്.

പെരുമാളിൻെറ വാദം രുബൻ ശരിക്കു മനസ്സിലാക്കി. അദ്ദേഹം പറഞ്ഞതെല്ലാം അക്ഷരംപ്രതി ശരിയാണെന്നു അയാൾക്ക് ബോദ്ധ്യമായി. ആ വാദത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആസ്വദിച്ചതിനിടയിൽ അയാളുടെ പരിഭ്രമം അപ്രത്യക്ഷമായി എന്നുള്ള കഥ ആ ജൂതൻ അറിഞ്ഞതേ ഇല്ല.

രുബൻ പറഞ്ഞു :— തമ്പുരാൻ കല്പിച്ചതെല്ലാം വളരെ ശരിയാണെന്നു തോന്നുന്നു. അടിയൻ അദ്ദേഹത്തെ അതെല്ലാം ധരിപ്പിക്കാം. എന്തെങ്കിലും ചെയ്യുന്നതു് മററാളുകൾ കാണണമെന്നോ, അതുകൊണ്ടു് മററുള്ളവരുടെ ദൃഷ്ടിയിൽ സമത്ഥനാകണമെന്നോ, ആഗ്രഹിക്കുന്നതു തെററാണെന്നു ഞങ്ങളുടെ രക്ഷകൻ പഠിപ്പിച്ചിരുന്നു എന്നു് ശ്ളീഹാ പറഞ്ഞിട്ടുണ്ടു്. അപ്പോൾ സ്ഥാനവലിപ്പം കാണിക്കുന്നതിനായി അദ്ദേഹം എന്തെങ്കിലും പ്രവത്തിക്കുകയൊ തിരുമേനി പ്രവത്തിക്കണമെന്നു് ആഗ്രഹിക്കയൊ ചെയ്കയില്ല. അതുകൊണ്ടു് ഇങ്ങോട്ടു വരാൻ സമ്മതിക്കുമെന്നാണു് വിചാരിക്കേണ്ടതു്. അതൊരു പ്രദശ്നമാകരുതെന്നു നിബ്ബന്ധമുണ്ടായിരിക്കും. തിരുമേനിയുടെ അഭിപ്രായവും ആഗ്രഹവും അങ്ങിനെ തന്നെ ആണല്ലൊ. സത്യം ഏതെന്നു് അന്വേഷിക്കുന്നവരെ സഹായിക്കുക, അവക്കു വഴി കാണിച്ചു കൊടുക്കുക അതാണു് തൻെറ കത്തവ്യകമ്മം എന്നു് അദ്ദേഹം എപ്പോഴും പറയാറുണ്ടു്.

പെ:—അതാണു് എൻെറ ആവശ്യം ഏതാണു് സത്യം, ഏതാണു് ശരിയായിട്ടുള്ളതു്, ഏതു മാഗ്ഗമാണു് സ്വീകരിക്കേണ്ടതു് എന്നാണു് എനിക്കറിയേണ്ടതു്.

രു :—സത്യത്തിങ്കലേക്കു്, നിത്യജീവങ്കലേക്കു് ഒരു ഒററ മാഗ്ഗമേയുള്ളു എന്നാണു് ശ്ളീഹാ പറയുന്നതു്.

പെ :—ആ മാഗ്ഗം ഏതാണെന്നാണു് എനിക്കു് അറിയേണ്ടതു്. ശരിയായ മാഗ്ഗം കാണിച്ചുതന്നാൽ അതു സ്വീകരിക്കാൻ ഞാൻ ഒരുക്കമാണെന്നും, ഭവിഷ്യൽ ഫലം ഐഹികമായി ഉത്തമമായാലും തിക്തകമായാലും അനുഭവിക്കാൻ ഞാൻ തയ്യാറാണെന്നും

നിങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചാൽ, അഭിമുഖമായി കണ്ടു സംസാരിക്കുന്നതിന്ന് അവസരം തരാതിരിക്കയില്ല എന്നെനിക്കു വിശ്വാസമുണ്ട്.

ശ്രു:— വിശ്വസിച്ചാൽ സാധിക്കാത്ത കാര്യമൊന്നുമില്ലെന്നു രക്ഷകൻ പഠിപ്പിച്ചിട്ടുണ്ടെന്നു് ശ്ലീഹാ ഞങ്ങളോട്ട് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഞാൻ വിവരമെല്ലാം അദ്ദേഹത്തെ ധരിപ്പിക്കാം. വരാതിരിക്കയില്ലെന്നാണ് തോന്നുന്നതു്. പ്രേരിപ്പിക്കാൻ എനിക്കു് കഴിവൊന്നുമില്ല.

പെ:—ഇങ്ങനെയുള്ള ആളുകളെ പ്രേരിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടു് പ്രയോജനമൊന്നും ഉണ്ടാകാനില്ലെന്നു എനിക്കറിയാം. ഞാൻ പറഞ്ഞതെല്ലാം അദ്ദേഹത്തെ അറിയിച്ചാൽ മതി. വരാമെന്നു സമ്മതിക്കും. പിന്നൊന്നുകൂടിയുണ്ട്. പുതിയ ദേവന്റെ— രക്ഷകൻ എന്നാണൊ നിങ്ങൾ പറഞ്ഞതു് ? — രക്ഷകൻെറ ഏററം പ്രധാന ഉപദേശങ്ങൾ എന്തെല്ലാമാണെന്നു നിങ്ങൾക്കു പറയാമൊ.

ശ്രു:— തനുരാനെ പറഞ്ഞു മനസ്സിലാക്കാനുള്ള കഴിവു് അടിയനില്ല. നിൻെറ ശത്രുവിനെ സ്നേഹിക്കണം. നിന്നെ ദ്രോഹിക്കുന്നവരോടു ക്ഷമിക്കണം. മററുള്ളവരെ കുററപ്പെടുത്തരുതു്. വാങ്ങുന്നതിനേക്കാൾ അനുഗ്രഹപ്രദം കൊടുക്കുകയാണു്. തന്നെത്താൻ താഴ്ത്തുന്നവനു് ഉയച്ച ലഭിക്കും. നിൻെറ വലത്തെ ചെകിട്ടിൽ ഒരുവൻ അടിച്ചാൽ തിരിച്ചു് അടിക്കാതെ ഇടത്തെ ചെകിട്ടു കൂടെ കാണിച്ചുകൊടുക്കണം. ഇവ രക്ഷകൻെറ ഉപദേശങ്ങളിൽ ഉൾപ്പെട്ടിരുന്നു. "സ്നേഹം" സർവ്വവുമാണു് എന്നായിരുന്നു അദ്ദേഹത്തിൻെറ തത്വം. ജീവിതശുദ്ധി, ദാനധർമ്മങ്ങൾ, സമാധാനം പാലിക്കുന്നതിനുള്ള ആഗ്രഹം, തൻകാര്യമില്ലായ്ക ഇവ എല്ലാം ഉത്തമ ജീവിതത്തിൻെറ ലക്ഷണങ്ങളായി അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. ഇതിൽ കൂടുത

ലൊന്നും എനിക്കറിഞ്ഞുകൂടാ. ശ്ലീഹായെ കാണു മ്പോൾ തമ്പുരാനു ചോദിക്കാമല്ലൊ.

പെ:—നമ്മുടെ ജൈനസന്യാസികളും ഉപദേശങ്ങൾക്ക് ഏതാണ്ട് ഈ തത്വമാണ് അടിസ്ഥാനമാകുന്ന തെന്നു തോന്നുന്നു. നിങ്ങളുടെ സിദ്ധൻ ഇങ്ങോട്ടു വരാൻ വിസമ്മതിക്കുമൊ?

ശ്രു:— വരുമെന്നാണ് അടിയൻെറ വിശ്വാസം.

പെ:—വിശ്വസിച്ചാൽ കാര്യം സാധിക്കുമെന്നല്ലേ മുമ്പെ പറഞ്ഞത്. എനിക്ക് അങ്ങനെ വിശ്വാസം, ഉറ പ്പായ വിശ്വാസം ഇല്ലെങ്കിലും, വരുമെന്നു പ്രതീക്ഷ യുണ്ട്. ശ്രുബൻ അദ്ദേഹത്തെ അവസരം പോലെ വിവരങ്ങൾ ധരിപ്പിച്ച്, ഫലം എന്നെ അറിയി ക്കണം.

ശ്രു:— ഇവിടെ വന്നു പറയുകയൊ എലീശായോടു പറഞ്ഞ യയ്ക്കുകയൊ.........

പെ:—നീ തന്നെ വന്നു പറയുകയായിരിക്കും നന്ന്.

തന്നോടു യാത്ര പറയുകയായിരിക്കാമെന്നു വച്ചു "അങ്ങിനെ ചെയ്തുകൊള്ളാം" എന്നു മറുപടി കൊടുത്ത ശേഷം ശ്രുബൻ അറയിൽ നിന്നു പുറത്തേയ്ക്കു ഇറങ്ങാൻ ഭാവിച്ചു.

അതു കണ്ടിട്ടു പെരുമാൾ—പോകാൻ ബദ്ധപ്പാടില്ലെ ങ്കിൽ ഒരു കാര്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ശ്രു:— അടിയനു് അറിയാവുന്നതെന്തായാലും ചോദിച്ചാൽ അറിയിച്ചുകൊള്ളാം.

പെ:—നീയും ശ്ലീഹായും ഒരുമിച്ചു പാലയൂക്ക് പോയി കുറെ വാരങ്ങൾ താമസിച്ചു എന്നും, അവിടുത്തെ നമ്പൂതി രിമാരും ശ്ലീഹായുമായി വാദപ്രതിവാദം നടത്തി അവരെ തോല്പിച്ച സമയം നീയും സന്നിഹിതനാ യിരുന്നു എന്നും, ശ്ലീഹാ അവിടെ നടത്തിയ അത്ഭു തപ്രവൎത്തനങ്ങൾ എല്ലാം നീയും കണ്ടു എന്നും

ഏലീശാ പറയുകയുണ്ടായി. വിരോധമില്ലെങ്കിൽ വിവരങ്ങൾ കേട്ടാൽ വേണ്ടില്ലെന്നുണ്ട്.

ശ്രു:— പറഞ്ഞു് ഫലിപ്പിക്കുന്നതിനു് അടിയനു കഴിവു് വളരെ കുറവാണു്.

പെ:—അതു സാരമില്ല. പറയൂ, കേൾക്കട്ടെ. പെരുമാളോടു് പറയുന്നു എന്നു നിരൂപിക്കാതെ, ഒരു സ്നേഹിതനോടോ പരിചയക്കാരനോടോ പറയുകയാണെന്നു് വിചാരിച്ചുകൊണ്ടാൽ മതി. അവിടെ ഇരുന്നുകൊണ്ടു് പറഞ്ഞുകൊള്ളൂ.

ശ്രു:— അവിട്ടത്തെ മുമ്പിൽ ഇരിക്കാൻ തക്ക യോഗ്യനല്ല ഈയുള്ളവൻ. ഇവിടെ നിന്നുകൊണ്ടു തന്നെ പറഞ്ഞുകൊള്ളാം.

പെ:—ഇഷ്ടംപോലെ ആവാം.

ശ്രു:— ശ്ലീഹായും അടിയനുംകൂടെ പാലയൂർ പോകയല്ല ഉണ്ടായതു്. അദ്ദേഹം ഇവിടെ വരാനുണ്ടായ ഒരു പ്രധാന പ്രേരണ, ഞങ്ങളുടെ ജാതിക്കാർ, ജൂതന്മാർ, ഇവിടെ കുടിയേറി പാർത്തുവരുന്നു എന്നുള്ളതാണു്. രക്ഷകൻെറ ശിഷ്യന്മാർ വേദപ്രചരണത്തിനായി ആദ്യം പോയതു്, ഞങ്ങളുടെ ജാതിക്കാർ താമസിക്കുന്ന സ്ഥലങ്ങളിലേയ്ക്കായിരുന്നു. തോമ്മാശ്ലീഹാ അങ്ങനെ പല പല രാജ്യങ്ങളിൽ സഞ്ചരിച്ചു് മാർഗ്ഗം അറിയിച്ച ശേഷമാണു് നമ്മുടെ നാട്ടിൽ വന്നതു്..............

പെ:—നിങ്ങളുടെ ജാതിക്കാർ ഇവിടെ താമസമുണ്ടെന്നു പലസ്തീൻ രാജ്യത്തു് അറിയാമെന്നാണൊ പറയുന്നതു്.

ശ്രു:— അടിയനു് ചരിത്രവും മററും അങ്ങിനെ അറിഞ്ഞുകൂടാ. എങ്കിലും അതൊക്കെ അവിടെ—പലസ്തീനിൽ — അറിയാമായിരിക്കണം എന്നാണു് വിശ്വാസം. അറുനൂറോളം വഷങ്ങൾക്കു മുമ്പു് ബാബിലോണിലേയ്ക്കു ഞങ്ങളുടെ ജാതിയെ അടിമ

കളായി കൊണ്ടുപോയി. അവർ ഭയങ്കരമായ കഷ്ടപ്പാടുകൾ അനുഭവിച്ചു. അന്നു ലോകത്തിൻെറ നാനാഭാഗങ്ങളിലേയ്ക്കു് ഞങ്ങളുടെ ആളുകൾ പ്രാണരക്ഷാത്ഥം ഓടിപ്പോയി. ആ കൂട്ടത്തിൽ ഇവിടെ വന്നവരാണു് ഞങ്ങളുടെ പൂർവീകർ. ആ വിവരം ഞങ്ങളുടെ വിശുദ്ധ നഗരത്തിലുള്ള രേഖകളിൽ ഉണ്ടായിരിക്കണം............

പെ — അതു നിൽക്കട്ടെ പറഞ്ഞുവന്നതു് തുടരണം.

ശ്രു:— തോമ്മാശ്ലീഹാ ഇവിടെ വന്നു് ഞങ്ങളുടെ കൂടെ താമസിച്ചു. ഇവിടത്തെ ജൂതന്മാർ മിക്കവാറും എല്ലാവരും തന്നെ അദ്ദേഹത്തിൻെറ ഉപദേശം സ്വീകരിക്കയും ചെയ്തു. അതിനുശേഷം പാലയൂരിലെ ജൂതന്മാരുടെ അടുക്കലേയ്ക്കു അദ്ദേഹം പോയി. കുറെ വാരങ്ങൾക്കശേഷം, അവിടത്തെ വിവരങ്ങൾ ഒന്നും ശരിക്കു് അറിയാഞ്ഞതുകൊണ്ടു് അടിയൻ അങ്ങോട്ടു പോയി. അവിടെ ശ്ലീഹായുടെ കൂടെ താമസിച്ചു. വിപ്ലവം പൊട്ടിപ്പുറപ്പെട്ടതിനു ശേഷമാണു് മടങ്ങിപ്പോന്നതു്.

പെ :—അതു് എങ്ങിനെയാണെന്നു കേൾക്കാൻ മോഹം തോന്നുന്നു.

ശ്രു :— തോമ്മാശ്ലീഹാ പാലയൂർ ചെന്നതുതന്നെ നമ്പൂതിരിമാക്ക രസിച്ചില്ല. ഇവിടത്തേതുപോലൊന്നുമല്ല, അവിടെ അവരുടെ നില. അതു് അവരുടെ ഒരു പ്രബല കേന്ദ്രമാണല്ലൊ. മററുള്ള വർഗ്ഗക്കാർ എല്ലാം അവരുടെ കീഴിൽ കഴിഞ്ഞുകൊള്ളണമെന്നാണു് ഭാവം.

പെ :—ജൂതന്മാർ അതു സമ്മതിച്ചു കൊടുത്തോ ?

ശ്രു :— ജൂതന്മാരും നമ്പൂതിരിമാരും തമ്മിൽ വേഴ്ചയാവട്ടെ ശത്രുതയാവട്ടെ ഉണ്ടായിരുന്നില്ല. ഇരുകൂട്ടരുടെയും മണ്ഡലങ്ങൾ വ്യത്യസ്തമായതുകൊണ്ടും, തമ്മിൽ ഇടപോക്കൊന്നും തന്നെ ഇല്ല എന്നു പറയാമായിരുന്നതുകൊണ്ടും ആണു് വേഴ്ചയും ശത്രുതയും കൂടാതെ

കഴിഞ്ഞുകൂടിയതു്. തോമ്മാശ്ലീഹായുടെ പ്രവർത്തനങ്ങൾ, ജൂതമണ്ഡലത്തിൽ നിന്നു പുറത്തേയ്ക്കു വ്യാപിച്ചപ്പോൾ, നമ്പൂതിരിമാർ അസഹിഷ്ണുത പ്രദർശിപ്പിച്ചുതുടങ്ങി. തത്വത്തിൽ നിന്നു വ്യതിചലിക്കുക എന്നൊരു കാര്യം ശ്ലീഹായ്ക്കു് ഇല്ല. അപ്പോൾ നമ്പൂതിരിമാരെ പ്രീണിപ്പിക്കുന്നതിനു് എന്തെങ്കിലും ചെയ്യുമെന്നു വിചാരിക്കാനില്ലല്ലോ. കണ്ണുരുട്ടി ഭയപ്പെടുത്തി അദ്ദേഹത്തെ പിൻതിരിക്കാനും അവർ ശ്രമിക്കാതിരുന്നില്ല. "നിങ്ങളുടെ ക്ഷേത്രം ഉൾപ്പെടെ ഈ പ്രദേശം എനിക്കു് ഉഴിഞ്ഞു വച്ചു കഴിഞ്ഞു എന്നു് എനിക്കറിയാം. അതു നിങ്ങൾ അറിഞ്ഞില്ലായിരിക്കും." എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മത തത്വങ്ങളെപ്പററി പല ദിവസങ്ങളിൽ വാദങ്ങളും തർക്കങ്ങളും ഒക്കെ നടന്നു. ശ്ലീഹായെ തോൽപ്പിച്ചു പിൻതിരിക്കുന്നതിനു് അതുകൊണ്ടും അവർക്കു് കഴിഞ്ഞില്ല. "നിങ്ങളെ എനിക്കു് തന്നിരിക്കുന്നതായി എന്റെ ദൈവം എന്നെ അറിയിച്ചു" എന്നുവരെയായി ശ്ലീഹാ.

ഭീഷണികൊണ്ടോ പ്രീണിപ്പിക്കൽകൊണ്ടോ ഒന്നും പററുകയില്ലെന്നു ബോദ്ധ്യമായപ്പോൾ നമ്പൂതിരിമാർ വാദത്തിൽനിന്നു് പിൻമാറി. അതും ശ്ലീഹായ്ക്കു് സ്വീകാര്യമായില്ല. "നമ്പൂതിരിമാർ തന്റെ മാർഗ്ഗത്തിൽ ചേരാതെ രക്ഷ ലഭിക്കയില്ല. ദ്വിജൻ അല്ലെങ്കിൽ രണ്ടു പ്രാവശ്യം ജനിക്കുന്നവർ ആണെന്നു പറഞ്ഞതു കൊണ്ടൊന്നും പരലോകത്തിൽ ഫലം കിട്ടാൻ പോകുന്നില്ല. അതിനു് കല്ലും മരവും കൊണ്ടുള്ള മനുഷ്യനിർമ്മിതമായ ദൈവത്തെ പൂജിച്ചതുകൊണ്ടു് പ്രയോജനം ഉണ്ടാകയില്ല. ഞാൻ വിശ്വസിക്കുന്ന, എന്നെ ഇവിടേയ്ക്കു നിയോഗിച്ചിരിക്കുന്ന ജീവനുള്ള ദൈവത്തെ വന്ദിച്ചാൽ ഫലം കിട്ടുന്നതാണു്. അതിനു് ജ്ഞാനസ്നാനംവഴി വീണ്ടും ജനിച്ചു് ദ്വിജനാകണം. അതിനു് ഒരുങ്ങി മുമ്പോട്ടുവരണം എന്നു് അദ്ദേഹം നമ്പൂതിരിമാരെ ക്ഷണിച്ചു. അവരുടെ

ദൈവം കല്ലും മരവും കൊണ്ടു്മനുഷ്യൻ നിർമ്മിച്ച ചേതനാരഹിതമായ സാധനങ്ങളാണെന്നുണ്ടായ ആരോപണം അവരെ ചൊടിപ്പിച്ചു. ......"

പെ :—ചൊടിച്ചിട്ടു് എന്തു ചെയ്തു.

ശ്രു : — അവരുടെ ദേവന്മാരുടെ ശക്തി കാണിച്ചു കൊടുക്കുന്നതിനായി വാതുകെട്ടാൻ ശ്ലീഹായെ വെല്ലുവിളിച്ചു. ശ്ലീഹാ വെല്ലുവിളി സ്വീകരിച്ചു. ആ രാത്രി അവരുടെ പ്രധാന ക്ഷേത്രത്തിലെ ഒരു പ്രധാന വിഗ്രഹം താഴെ വീണു് ഉടയു മെന്നു് അദ്ദേഹം മുന്നറിയിപ്പു കൊടുത്തു. ഇന്ന വിഗ്രഹമായിരിക്കുമെന്നും, വീണു് ഉടയാതെ കഴിക്കാമൊ എന്നു ശ്രമിച്ചു നോക്കിക്കൊള്ളു ന്നതിനു വിരോധമില്ലെന്നും ധരിപ്പിച്ചു. നമ്പൂതിരി മാർ ഇളകി. ക്ഷേത്രത്തിൽ പ്രത്യേക കാവൽ ഏപ്പെടുത്തി. കാവലിന്നു് അമ്പലവാസികളെ യൊ, സ്വന്തം സിൽബന്ധികളെയൊ നിയോ ഗിക്കാൻ വിശ്വാസമില്ലായിരുന്നു. അവരിൽ പ്രധാന കുടുംബങ്ങളിലെ ചെറുപ്പക്കാർ തന്നെ കാവൽ ചെയ്തു. എപ്പോൾ ആണു് വീണതു് എന്തുകൊണ്ടാണു് വീണതു് എന്നു് ആക്കും നിശ്ചയമില്ല, ഒരു പ്രധാന വിഗ്രഹം ഉടഞ്ഞു കിടക്കുന്നതാണു് ഉറക്കമിളച്ചു കാവൽ ചെയ്തി രുന്ന ചെറുപ്പക്കാർ നേരം വെളുത്തപ്പോൾ കണ്ടതു്. ഉടഞ്ഞു വീണതാണൊ, വീണുടഞ്ഞ താണൊ എന്നും അതു എപ്പോൾ സംഭവിച്ചു എന്നും ആക്കും അറിഞ്ഞുകൂടാ. ആരും ഉറങ്ങി യില്ലെന്നാണു് പറയുന്നതു്. ആരും ഒന്നും അറി ഞ്ഞതുമില്ല.

പെ :—അതോടുകൂടെ നമ്പൂതിരിമാർ തോൽവി സമ്മതി ച്ചു പിന്മാറിയോ?

ശ്രു :—തോൽവി സമ്മതിക്കാനുള്ള മനക്കരുത്തു് അവക്കു ണ്ടായില്ല. പിൻമാറി എങ്കിലും, അതും സമ്മതി ക്കാനുള്ള സന്മനസ്സും ഇല്ലായിരുന്നു.

പെ :—അപ്പോൾ അടുത്ത പടി എന്തായിരുന്നു.

ത്രു :—നമ്പൂതിരിമാർ ഒന്നുമൊന്നും അറിഞ്ഞില്ല എന്ന രീതിയാണു് സ്വീകരിച്ചതു്. അതു് ശ്ലീഹാ വകവച്ചു കൊടുത്തില്ല. അദ്ദേഹം ആക്രമണത്തിലല്ല, നിരോധനത്തിൽ മാത്രമാണു് ശ്രദ്ധ പതിച്ചിരുന്നതു്. ആ നയം ഉപേക്ഷിക്കാൻ കാലം ആയി എന്നു് തോന്നിയിട്ടായിരിക്കണം അദ്ദേഹം അടുത്ത ദിവസം രാവിലെ നമ്പൂതിരിമാരുടെ പ്രധാനക്ഷേത്രത്തിൻെറ ഗോപുരത്തിൻ മുമ്പിൽ സ്ഥാനം പിടിച്ചതു്. അവിടെ നിന്നു കുറെ ആളുകളോടു പുതിയ മാർഗ്ഗത്തെപ്പററി സംസാരിച്ചു. ആ സംസാരം ശ്രവിച്ചവർക്കെല്ലാം, ശ്ലീഹാ അവരുടെ മാതൃഭാഷയാണു് ഉപയോഗിക്കുന്നതെന്നു തോന്നി. രക്ഷകൻ നൽകിയ ബഹുഭാഷാ നൽവരം അവിടെ പ്രദർശിക്കപ്പെട്ടു. അപ്പോഴേയ്ക്കു്, ഒട്ടധികം നമ്പൂതിരിമാർ കുളക്കടവിൽ ഉണ്ടെന്നും, അവിടെ കുളിയും "തേവാരവും" മുറയ്ക്കു നടക്കുന്നുണ്ടെന്നുംഅറിഞ്ഞു് ശ്ലീഹാ അവിടേയ്ക്കു പുറപ്പെട്ടു. കൗപീനമാത്രധാരികളായ നമ്പൂതിരിമാർ കുളത്തിൻെറ പടികളിൽ ഇരുന്നു എന്തൊക്കെയോ ജപിക്കുകയും, കൈയിൽ വെള്ളം കോരി മുകളിലേയ്ക്കു എറിയുകയും ചെയ്യുകയാണു്.

"നിങ്ങൾ എന്തു് ചെയ്യുകയാണെന്നു പറഞ്ഞു തരാമൊ" എന്നു് അദ്ദേഹം ചോദിച്ചു. തേവാരത്തിനിടയിൽ സംസാരിക്കാൻ മടിച്ചു. എങ്കിലും ശ്ലീഹായുടെ ചോദ്യം അവഗണിക്കാൻ പലക്കും സാധിച്ചില്ല. "ദേവാരാധന നടത്തുകയും മന്ത്രം ജപിക്കയും ചെയ്യുകയാണെന്നു" അവർ മറുപടി പറഞ്ഞു.

"ദേവനെ ആരാധിക്കുന്നതിനാണൊ വെള്ളം മേൽപോട്ടു് എറിയുന്നതു്" എന്നു് അദ്ദേഹം ചോദിച്ചു. 'അതേ' എന്നു മറുപടി ഉണ്ടായി.

"എങ്കിൽ നിങ്ങളുടെ ദേവനൊ, ദേവന്മാരൊ, അതു സ്വീകരിക്കുന്നില്ലല്ലൊ" എന്നായി ശ്ലീഹാ.

"സ്വീകരിക്കുന്നില്ലെന്നു നിങ്ങൾ എങ്ങിനെ മനസ്സിലാക്കി" എന്നു നമ്പൂതിരിമാർ ചോദിച്ചു.

"സ്വീകരിക്കുന്നെങ്കിൽ, എറിഞ്ഞു കൊട്ടക്കുന്ന വെള്ളം എങ്ങനെയാണ് കീഴ്പ്പോട്ടു വരുന്നതു്" എന്നു ശ്ലീഹാ ചോദിച്ചു.

"വെള്ളമൊ മറെറന്തെങ്കിലും സാധനമൊ മേൽപോട്ടെറിഞ്ഞാൽ കീഴ്പ്പോട്ടു പോരുകയാണല്ലൊ ചെയ്യുന്നതു്, അതാണ് പ്രകൃതിനിയമം" എന്നായി നമ്പൂതിരിമാർ.

"പ്രകൃതിയുടെ ശക്തിക്കു വിധേയനാണ് നിങ്ങളുടെ ദൈവം എന്നേ ഇതിനർത്ഥമുള്ളു" എന്നു ശ്ലീഹാ.
നമ്പൂതിരിമാരെ ചൊടിപ്പിക്കണമെന്നു കരുതി തന്നെയാണ് ശ്ലീഹാ ശാന്തമായും സൌമ്യമായും എന്നാൽ അവൎക്കു കുറിക്കു കൊള്ളത്തക്കവിധത്തിലും സംസാരിച്ചതു്.

ഒരു നമ്പൂതിരി ചോദിച്ചു "നിങ്ങൾ ദേവാരാധന ചെയ്തു വെള്ളം മുകളിലേക്ക് എറിഞ്ഞാൽ അതു് കീഴ്പോട്ടു പോരാതെ നിങ്ങളുടെ ദേവൻ സ്വീകരിക്കുമൊ."

"തീർച്ചയായും" എന്നായിരുന്നു മറുപടി.

"എന്നാൽ ഒന്നു കാണട്ടെ, നിങ്ങളുടെദേവന്റെ ശക്തി!" എന്നു നമ്പൂതിരിമാരിൽ ഭൂരിപക്ഷവും ആവശ്യപ്പെട്ടു.

"എനിക്കു പരീക്ഷിച്ചു നോക്കേണ്ട ആവശ്യമില്ല. പരീക്ഷിക്കാതെ തന്നെ അറിയാം. നിങ്ങൾക്കാണ് സംശയം. അതു് ഇപ്പോൾ തീൎത്തുതരാം. ഞാൻ മേൽപോട്ടെറിയുന്ന വെള്ളം അവിടെ നില്ക്കുകയും കുറെ കഴിഞ്ഞു ഞാൻ അപേക്ഷിക്കുമ്പോൾ പൂമഴയായി, പൂക്കളായി കീഴ്പോട്ട് വരികയും ചെയ്താൽ, എന്റെ ദേവൻ ജീവനുള്ള ദൈവമാണെന്നു സമ്മതിക്കയും, നിങ്ങളുടെ നിർജ്ജീവസാധനങ്ങൾ ഉപേക്ഷിച്ചു്, എന്റെ ജീവനുള്ള ദൈവത്തെ സ്വീകരിക്കയും ചെയ്യാമൊ?" എന്നു ശ്ലീഹാ ചോദിച്ചു.

നമ്പൂതിരിമാർ സമ്മതിച്ചു. അതു പോരാ. അവർ സത്യം ചെയ്യണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടു. ഒരിക്കലും നടക്കാൻ ഇടയില്ലാത്ത ഒരു കാര്യം നടന്നാൽ എന്തു വേണമെങ്കിലും ചെയ്യാമെന്നു് സത്യം ചെയ്തതു കൊണ്ടു് ഒന്നും വരാനില്ലെന്നുവച്ചു് നമ്പൂതിരിമാർ സത്യം ചെയ്യുകയും ചെയ്തു.

ശ്ലീഹാ നെററിയിലും നെഞ്ചിലും രണ്ടു തോളുകളിലും വലതു കൈ വച്ചു് ലോകരക്ഷകനെ ഓർത്തു കൊണ്ടു്, കൈയിൽ വെള്ളം കോരി മേല്പോട്ടു് എറിഞ്ഞു. ഒരു തുള്ളി വെള്ളമെങ്കിലും കീഴ്പോട്ടു പോന്നില്ല. മുകളിൽ നിന്നു. അതുവരെ നേരമ്പോക്കു പറഞ്ഞു കൊണ്ടിരുന്ന നമ്പൂതിരിമാർ മിണ്ടടങ്ങി. എല്ലാവരും അത്ഭുതസ്തബ്ധരായി. എന്നാൽ ചിലർ സന്തോഷിച്ചു. ചിലരുടെ മുഖഭാവം പകർന്നു, അവർ അവിടെ നിന്നു് എണീററു് ഓടി. ഈ സമയം ക്ഷേത്രത്തിൽ നിന്നു്, എന്തൊക്കെയൊ നിലത്തു വീണു പൊട്ടുന്നതുപോലുള്ള ശബ്ദം, ഭയങ്കര ശബ്ദം പുറപ്പെട്ടു. വലിയ ബഹളമായി. ശ്ലീഹാ ഒട്ടും കുലുങ്ങാതെ പിന്നെയും പ്രാർത്ഥിച്ചു. മുകളിൽ നിന്ന വെള്ളം പുഷ്പങ്ങളായി മാറി. അവ പുഷ്പവൃഷ്ടി ആയി കീഴ്പോട്ടു വന്നു. പ്രതിജ്ഞ അനുസരിച്ചു് ശ്ലീഹായുടെ ദേവനെ സ്വീകരിക്കാൻ ഇഷ്ടമില്ലാതിരുന്ന നമ്പൂതിരിമാർ അന്നു തന്നെ സ്ഥലം വിട്ടു. പ്രതിജ്ഞ അനുസരിച്ച നിന്നവരെ വേണ്ട തരത്തിൽ പഠിപ്പിച്ചു് ഒരുക്കി കർമ്മാനുഷ്ഠാനങ്ങൾക്കു ശേഷം ശ്ലീഹാ അദ്ദേഹത്തിന്റെ മാർഗ്ഗത്തിലേക്കു ചേർത്തു.

ത്രുബൻ പറഞ്ഞതെല്ലാം വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്ന പെരുമാൾ വാനവരമ്പൻ ചോദിച്ചു. "ഈ പറഞ്ഞതെല്ലാം നീ നേരിട്ടു കണ്ടതു തന്നെയാണോ?"

ത്രുബൻ:—നമ്പൂതിരിമാർ വെള്ളം കൈയിൽ കോരി മേല്പോട്ടെറിഞ്ഞതു കണ്ടു. അവരും തോമ്മാശ്ലീഹായുമായുണ്ടായ വാദപ്രതിവാദം കേട്ടു. അദ്ദേഹം വെള്ളം കോരി എറിഞ്ഞതും, അതു് ആകാശത്തു നിന്നു പൂക്കളായി മാറിയതും, പിന്നെ വൃഷ്ടിയായി കുളത്തിൽ പതിച്ചതും കണ്ടു. ചില നമ്പൂതിരിമാർ പരിഭ്രാന്തരായി ഓടിപ്പോയതും, ബാക്കി ആളുകളുടെ സന്തോ

ഷവും സംതൃപ്തിയും അടിയൻ കണ്ടു. ക്ഷേത്രത്തിലെ പല ബിംബങ്ങൾ വീണുടഞ്ഞു കിടക്കുന്നതും കണ്ടു. അവ വീണുടഞ്ഞതാണൊ, നിരാശരായിത്തീൎന്ന പൂജാരികളൊ മററൊ ഉടച്ചുകളഞ്ഞതാണൊ എന്നു് അറിഞ്ഞുകൂടാ.

പെ:—ക്ഷേത്രം ഇപ്പോൾ സിദ്ധൻ സ്വന്തം ദേവാലയമാക്കിയിരിക്കയാണോ ?

ശ്രു :— നാട്ടു വിട്ടുപോകാതെ അവിടെത്തന്നെ താമസിക്കുന്ന നമ്പൂതിരിമാർ "മാൎഗ്ഗ"ത്തിൽ ചേൎന്നശേഷം അതു പള്ളിയായി ഉപയോഗിക്കയാണു്. ശ്ലീഹാ പതിവായി അവിടെ ചെന്നു കൎമ്മങ്ങൾ നടത്തുന്നുണ്ടു്.

പെ:—ഇത്രയും വിവരങ്ങൾ കിട്ടിയതു സന്തോഷമായി. ഞാൻ ഈ സംഗതിയെപ്പററി കാൎയ്യമായി ആലോചിച്ചുകൊണ്ടിരിക്കയാണു്. കൂടുതൽ വിവരങ്ങൾ വേണമെന്നു കണ്ടാൽ ഏലിയായെ പറഞ്ഞയക്കുമ്പോൾ ഇങ്ങോട്ടു വരാമല്ലൊ."

ശ്രു: — എപ്പോൾ പറഞ്ഞയച്ചാലും ഹാജരായിക്കൊള്ളാം.

പെ:—ഒന്നു ചെയ്യണം. ഞാൻ ആളയച്ചു വരുത്തി ഈ വിധം അന്വേഷിച്ചു എന്നുള്ള വിവരം ഇപ്പോൾ പരസ്യമാക്കാതിരിക്കണം.

ശ്രു: — ആരോടും ഉരിയാടുകയില്ല

പാലയൂർ സംഭവം സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അറിയണമെന്നും, അതു നമ്പൂതിരിമാരിൽനിന്നു് ആയിരിക്കണമെന്നും, ശ്രുബനുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ പെരുമാൾ തീൎച്ചപ്പെടുത്തുകയുണ്ടായി. ഇരുഭാഗക്കാരുടെയും വാദവും, അഭിപ്രായങ്ങളും മനസ്സിലാക്കാതെ സത്യം ഗ്രഹിച്ചു നീതി നടത്താൻ പററുകയില്ലെന്നു പല കാലങ്ങളിലെ അനുഭവത്തിൽനിന്നു പെരുമാൾ മനസ്സിലാക്കിയിട്ടുള്ളതാണു്. ഏതു പ്രശ്നത്തിനും രണ്ടു വശം ഉണ്ടായിരിക്കുമല്ലൊ. കൊട്ടാരത്തിലെ അന്തേവാസികളും സിൽബന്ധികളും എന്നും തന്നെ രണ്ടു കക്ഷിയായി നില്ക്കും. അവർ

ഏതു പ്രശ്നത്തിനും ഓരോ വശത്തു് നില ഉറപ്പിച്ചു ചരട്ടു വലികൾ നടത്തും. തന്ത്രത്തിൽ പെരുമാളിൻെറ ഉപദേഷ്ടാക്കളേയും, പെരുമാളിനെ തന്നെയും അവർ പിടിച്ച ഭാഗത്തേയ്ക്കു ചായിക്കാൻ നോക്കും. ഇതു പെരിങ്കോയിലകത്തു പതിവാണു്. ഇപ്പോൾ പെരുമാളിൻെറ ഗൌരവതരമായ ചിന്തയ്ക്കു വിഷയീഭവിച്ചിട്ടുള്ള കാര്യം പരസ്യമാകുമ്പോൾ രണ്ടു കക്ഷി ഉണ്ടാകുമോ ? സംശയിക്കാനൊന്നുമില്ല. താൻ ഇതു് അതിഗൌരവതരമായ ഒരു സംഗതി ആയി വീക്ഷിക്കുന്നു എന്നറിഞ്ഞാൽ, തീർച്ചയായും രണ്ടോ അതിൽ കൂടുതലൊ കക്ഷികൾ ഉണ്ടാകും. തല്ക്കാലം ഉപദേഷ്ടാക്കളോടും പെരുന്തേവിയോടു തന്നെയും ഈ വിഷയത്തെപ്പററി സംസാരിക്കാതിരിക്കയാണു് നന്നെന്നു അദ്ദേഹം തീർച്ചപ്പെടുത്തി. ബദ്ധപ്പാടു കൂടാതെ, ശബ്ദമൊന്നുമുണ്ടാക്കാതെ സത്യാന്വേഷണം നടത്തണമെന്നാണു് നിശ്ചയിച്ചതു്. എന്തിനു് ഇക്കാര്യത്തിൽ തലയിടുന്നു, നമ്പൂതിരിമാരൊ, ജൂതന്മാരൊ അവരുടെ ശ്ലീഹായെയൊ എന്തെങ്കിലും വിശ്വസിക്കട്ടെ, പ്രവർത്തിക്കട്ടെ തനിക്കെന്തു നഷ്ടമെന്നുവെച്ചുകളയാമെന്നു പലപ്പോഴും, തോന്നി. ഏതാണ്ടൊക്കെ തീരുമാനിച്ച ശേഷവും, അതിനു മുമ്പു പലപ്പോഴും തോന്നി. പെരുമാൾ പ്രകൃത്യാ ശാന്തനാണു്, ഒരു കാര്യത്തിലും ധൃതിയൊ എരിവൊ ഇല്ലാത്ത പ്രകൃതമാണു്. പ്രകൃതം അങ്ങനെ ആയിട്ടുപോലും പുതിയ ഉപദേശത്തെയും സംഭവങ്ങളേയും പററി അന്വേഷിക്കേണ്ടെന്നുവയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എന്തൊ ഒരു ശക്തി, അപ്രതിരോധ്യമായ ഒരു ശക്തി, തന്നെ നയിക്കുന്നു എന്നു പെരുമാളിനു ബോദ്ധ്യമായി. ആ ശക്തിയോടു് എതിക്കാൻ കെല്പില്ല. എതിക്കണമെന്നു തോന്നുന്നുമില്ല. അതിനു വിധേയനാകുന്നതു സന്തോഷകരം, അല്ല ആനന്ദപ്രദം ആയി തോന്നുകയും ചെയ്യുന്നു. മനുഷ്യസഹജമായ ബലഹീനതകൾക്കെല്ലാം വിധേയനായ വാനവരമ്പൻ ആ ശക്തിയുടെ ആജ്ഞാനുവർത്തിയായി സ്വയം അർപ്പിച്ചു. ആ നിമിഷത്തിൽ തന്നെ, അതുവരെ ഇരുളടഞ്ഞു കിടന്നിരുന്ന മാർഗ്ഗം ശോഭായമാനമായിത്തീർന്നു. പാലയൂർ സംഭവത്തിൽ ഇരുഭാഗത്തിലുംപെട്ട ഓരോ നമ്പൂതിരിമാരെ വരുത്തി എന്തൊക്കെയാണു നടന്നതെന്നു് ആരാ

യുകയാണു വേണ്ടതെന്നു ബോദ്ധ്യമായി. ആ അന്വേഷണം രഹസ്യമായി നടത്താൻ ശ്രമിച്ചാൽ തെററിദ്ധാരണയ്ക്കു ഇടയാകും. പ്രജകളുടെ ക്ഷേമൈശ്വര്യങ്ങൾ ആരായേണ്ട ധർമ്മം പെരുമാളിനുള്ളതുകൊണ്ടു് തുറന്നു അന്വേഷിച്ചാൽ ആ കുഴപ്പം ഉണ്ടാകയില്ല എന്നു കണ്ടു. ഒന്നും ഒളിക്കേണ്ടെന്നു നിശ്ചയിച്ചു.

പിറേറന്നാൾ രാവിലെ കൊട്ടാരം കാര്യക്കാരൻ വയ്യാപുരി വിവരങ്ങൾ ധരിപ്പിക്കുന്നതിനും, കല്പന എന്തെല്ലാമാണെന്നു് അറിയുന്നതിനും വന്നപ്പോൾ, പാലയൂർ നമ്പൂതിരിമാരുടെ ഇടയിലുണ്ടായ പിളപ്പിനെപ്പററി ആരാഞ്ഞു. കാര്യക്കാരൻ അയാൾക്കറിയാവുന്ന വിവരങ്ങൾ ഉണർത്തിച്ചു. അതു കേൾക്കുകയും ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. അതിനുശേഷം, ഇരുഭാഗത്തേയും നേതാക്കന്മാരിൽ ഓരോരുത്തരെ എങ്കിലും കാണാൻ താൻ ആഗ്രഹിക്കുന്നു എന്നു കാര്യക്കാർ അറിയിക്കുന്നതിനു് ആജ്ഞാപിച്ചു.

# 3

പ്രത്യേക താല്പര്യമുള്ളവർ തിരശ്ശീലയ്ക്കുള്ളിൽ നിന്നു ചരട്ടുവലി ഒന്നും നടത്താത്തപക്ഷം രാജകൊട്ടാരങ്ങളിൽ എന്തെങ്കിലും കാര്യങ്ങൾ നടക്കുമൊ എന്നുതന്നെ സംശയിക്കണം. നടക്കുമെങ്കിൽ തന്നെ "സ" മട്ടിൽ എത്രതെങ്കിലും ഒരു കാലത്തു് ആയിരിക്കയും ചെയ്യും. പെരുമാൾ പ്രത്യേക താല്പര്യമൊന്നുമില്ലാത്ത തരത്തിൽ പറഞ്ഞതുകൊണ്ടു് പാലയൂർ സംഭവാന്വേഷണ നടപടിയുടെ പ്രഥമപടി ഇഴഞ്ഞു നിരങ്ങി നീങ്ങുകയാണുണ്ടായതു്. കാര്യക്കാരനു നല്കിയ കല്പന അദ്ദേഹം അപ്പോൾ തന്നെ രേഖപ്പെടുത്തിയതുകൊണ്ടു് അവഗണിക്കപ്പെട്ടുകയില്ലെന്നു പെരുമാളിനു നിശ്ചയമുണ്ടായിരുന്നു. എങ്കിലും പല കാലത്തേയ്ക്കു യാതൊരു വിവരവും ലഭിക്കാതെ വന്നപ്പോൾ അദ്ദേഹത്തിനും സംശയം തോന്നി. എന്നിട്ടും വീണ്ടും ഓർമ്മപ്പെടുത്താൻ മുതിന്നില്ല. ഓർമ്മപ്പെടുത്താൻ തുനിഞ്ഞാൽ സംശയം തോന്നിയെങ്കിലൊ? പല ആഴ്ചകൾക്കു ശേഷമാണു്, പാലയൂർ വിട്ടുപോയ നമ്പൂതിരിമാരിൽ രണ്ടുപേർ വന്നിട്ടുണ്ടെന്നു്, ഒരു ദിവസം രാവിലെ കാര്യക്കാരൻ പെരുമാളിനെ അറിയിച്ചതു്. പെരുമാളിനും നമ്പൂതിരിമാർക്കും ബദ്ധപ്പാടു് അശേഷം ഇല്ലാത്തവരാണു്. പിറേറന്നാൾ ഒരു പത്തു നാഴിക പുലന്നപ്പോൾ കൂടിക്കാഴ്ച നടന്നു.

കുശലപ്രശ്നങ്ങൾക്കു ശേഷം പെരുമാൾ പറഞ്ഞു:— പാലയൂർ എന്തൊക്കെയൊ സംഭവിച്ചതായി കേട്ടു. പലർ പല വിധത്തിൽ പറയുന്നു. എന്തെല്ലാമാണു് നടന്നതെന്നും അവയുടെ നിജാവസ്ഥ എന്തൊക്കെയാണെന്നും അറിവാൻ മോഹം. അതാണു് നിങ്ങൾ വന്നാൽ കൊള്ളാമെന്നു് അറിയിച്ചതു്.

നമ്പൂതിരിമാരിൽ പ്രായം കൂടിയ ആൾ പറഞ്ഞു, "എല്ലാ വിവരങ്ങളും വാണംതുരുത്തി (കൂടെയുള്ള ചെറുപ്പക്കാരൻ നമ്പൂതിരി) ക്കു് അറിയാം. ഇവിടെ അറിയിക്കയും ചെയ്യും.

പെരുമാൾ:—കൊള്ളാം. ഒരാൾ തന്നെ വിവരം ധരിപ്പിക്കയാണുത്തമം. എന്തൊക്കെയാണ് ഉണ്ടായതെന്നു വിശദമായി പറയൂ. കേൾക്കട്ടെ.

വാണംതുരുത്തി:—ഇശ്ശി ഒന്നും പറയാനില്ല. ആ ബൌദ്ധസന്യാസി വന്നു. പലപ്പോൾ സംഭാഷണം നടത്തി. ഒരുനാൾ ഓതിക്കനുമായി വാദമുണ്ടായി. വാദധ്യന്തം വിട്ടില്ല. ഊണും മുറുക്കും കഴിഞ്ഞു് അങ്ങനെ കൂട്ടമ്പോൾ അയാൾ വരും. വാദിക്കും. അതു് ഒരു പതിവായിഎന്നു വേണമെങ്കിൽ പറയാം. ചെറുപ്പക്കാക്കു നേരമ്പോക്കും, ബൌദ്ധൻ നേരമ്പോക്കായിട്ടല്ല ഗണിച്ചതെന്നു് വ്യക്തമാക്കിക്കൊണ്ടിരുന്നെങ്കിലും ആരും ഗൌനിച്ചില്ല.

പെ:—സന്യാസി പറഞ്ഞതു് ആരും ഗൌനിച്ചില്ലെന്നൊ?

ന:—ആരും ഗൌനിച്ചില്ലെന്നു പറഞ്ഞുകൂടാ. ഇദ്ദേഹം തുടങ്ങി ചിലക്കു് ആ സംഭാഷണത്തിൽ അല്പ രസമൊ സുഖമൊ ഉള്ളതുപോലെ കണ്ടു.

പെ:—ഇദ്ദേഹം വിവരമുള്ള കൂട്ടത്തിലല്ലെ?

ന:—വിവരമൊക്കെ പോയി. ആ ബൌദ്ധൻെറ മന്ത്രവാദം കടുകട്ടിയാണു്. അതിൽപെട്ടുപോയി അയാൾ.

പെ:—മന്ത്രവാദത്തിൽ വൈദഗ്ദ്ധ്യമുള്ള നമ്പൂതിരിമാർ ധാരാളമില്ലെ?

ന:—ഉവ്വു്. അവര് അറിഞ്ഞുവന്നപ്പോഴേയ്ക്കു ബൌദ്ധൻെറ പിടി മുറുകിപ്പോയി എന്നാണു തോന്നുക.

പെ:—ഉവ്വൊ........

ന:—അയാൾക്കു നല്ല നിശ്ചയമുണ്ടായിരുന്നതു കൊണ്ടു് ഓരോ ദിവസവും കൈ കൂട്ടതൽ കൂട്ടതൽ കടത്തിക്കൊണ്ടിരുന്നു എന്നു നിരുവിക്കുന്നു.

പെ:—എങ്ങിനെ?

ന:—ഒരുനാൾ തുറന്നു പറഞ്ഞു. "നിങ്ങൾ ദേവന്മാരെന്നു പറഞ്ഞു് ക്ഷേത്രത്തിൽ വച്ചു പൂജിക്കുന്ന

> സാധനങ്ങൾ വെറും കരിങ്കല്ലോ, ലോഹമോ ആണു്. അവയ്ക്കു് ഒരു ചുക്കും തിരിയുകയില്ല. ഒന്നിനും ഒരു കരിയില അനക്കാൻ പോലും ശക്തിയില്ല. അടിച്ചുടച്ചാൽ മണ്ണാങ്കട്ട. മണ്ണിനും ചുണ്ണാമ്പിനും കൊള്ളുകയില്ല" എന്നു്. കേട്ടവരെല്ലാം ജീവച്ഛവങ്ങളായി രൂപാന്തരപ്പെട്ടതുപോലെ തോന്നി.

പത്തു നിമിഷത്തിനുള്ളിൽ ചെറുപ്പക്കാരിൽ ചിലർ ചാടി എഴുണീററു. അവർ സംഹാരരുദ്രന്മാരായി മാറിക്കഴിഞ്ഞിരുന്നു. അന്തരീക്ഷം കലുഷിതമായി. ദേവന്മാരെ അതിരില്ലാതെ അധിക്ഷേപിച്ചതിൽ ക്ഷോഭിച്ചവർ, ബൌദ്ധന്റെ ധിക്കാരം അസഹ്യമായി തോന്നിയവർ, അയാളെ ക്ഷേത്രസന്നിധിയിൽ വച്ചു് ചെറുപ്പക്കാർ സംഹരിച്ചേക്കുമെന്നു് ഓർത്തു പരിഭ്രാന്തരായവർ, എന്തു വന്നാലും ദേവന്മാരെ അധിക്ഷേപിച്ചവനെ ഇനി വച്ചിരുന്നിട്ടേ കാര്യമില്ല എന്നുതോന്നി കുതിച്ചുചാടിയ ഭ്രാന്തുപിടിച്ച ബ്രഹ്മചാരികൾ ഇങ്ങനെ അവിടെ ഉണ്ടായിരുന്നവർ എല്ലാവരും ഭ്രാന്തന്മാരായി രൂപാന്തരപ്പെട്ടു. എല്ലാവരും ഭ്രാന്തന്മാരെന്നു പറയുന്നതു ശരിയാകയില്ല. ആ ബൌദ്ധൻ യാതൊരു കൂസലും കുലുക്കവും കൂടാതെ, ഇരുത്തിക്കെട്ടിയ ഭീമനെപ്പോലെ, പുഞ്ചിരിതൂകിക്കൊണ്ടങ്ങനെ ഇരിക്കുന്നുണ്ടു്. —"ഭീമൻ" എന്നുള്ളതു ശരിക്കു ചേരുന്നില്ല. അയാൾ തടിയനല്ല. അയാൾ ക്ഷോഭിച്ചില്ല. ആ അക്ഷോഭ്യാവസ്ഥ, മററുള്ളവരുടെ ക്ഷോഭം ശമിപ്പിച്ചു. പിരാന്തു് ഒട്ടു ശമിച്ചു എന്നു കണ്ടപ്പോൾ, ബൌദ്ധൻ ചോദിച്ചു, ആരോടെന്നില്ല, പൊതുവിൽ ഒരു ചോദ്യം. "നിങ്ങൾ എന്തിനാണു് ക്ഷോഭിച്ചതു്? ഞാൻ സത്യം പറഞ്ഞതിനാണോ? സത്യത്തിലും അഹിംസയിലും വിശ്വസിക്കുന്നവരാണെന്നാണല്ലോ നിങ്ങൾ പറയുന്നതു്. പിന്നെന്താണു് ഈ പേക്കൂത്തെല്ലാം കാണിച്ചതു്."

"നിങ്ങൾ സത്യം പറഞ്ഞിരുന്നെങ്കിൽ ഞങ്ങൾ ക്ഷോഭിക്കയില്ലായിരുന്നു. ഞങ്ങളുടെ ദേവന്മാരെപ്പോലും അനാവശ്യമായി അധിക്ഷേപിക്കാൻ തുനിഞ്ഞതാണു് ക്ഷോഭഹേതു. ക്ഷോഭിച്ചെങ്കിലും ഞങ്ങൾ അതിനെ പിടിച്ചമ

ത്തിയതു കണ്ടില്ലെ." എന്നു് മന്ത്രവാദിയെ അടിക്കാനൊരുങ്ങി അടുത്ത ബ്രഹ്മചാരികളിൽ ഒരുവൻ പറഞ്ഞു.

"ഞാൻ കളവു പറഞ്ഞെന്നൊ? നിങ്ങളുടെ ദേവന്മാർ വെറും കരിങ്കൽക്കഷണങ്ങളാണെന്നു് ഈ നിമിഷത്തിൽ തെളിയിച്ചുതരാം. ക്ഷേത്രത്തിന്റെ കിഴക്കേക്കെട്ടിൽ കിഴക്കഭിമുഖമായി ഒരു ബിംബം ഇരിക്കുന്നില്ലെ? അതിധീരനായ, സർവ്വശക്തനായ ദേവനാണു് അതെന്നാണല്ലൊ നിങ്ങളുടെ വിശ്വാസം. ഇപ്പോൾ ചെന്നു നോക്കണം ആ ബിംബത്തിന്റെ വലത്തുകൈ എവിടെയാണെന്നു്. പതിനാറു ചുവടു ദൂരത്തു്, അതും ഇടത്തുവശത്തു്—എതിർ വശത്തു്—കിടക്കുന്നു. ആരെങ്കിലും പോയി നോക്കിയിട്ടു വരണം. പോകുന്നയാൾ ആ സർവ്വശക്തന്റെ കൈ കൂടെ എടുത്തു കൊണ്ടുവരുന്നതു കൊള്ളാം" എന്നായിരുന്നു ബൌദ്ധന്റെ മറുപടി. ഞങ്ങൾ തമ്മിൽ തമ്മിൽ നോക്കി. ആരും ഒന്നും പറഞ്ഞില്ല, എല്ലാവക്കും സംശയവും ഭയവും തോന്നി. രണ്ടു പേർ ഒരുമിച്ചു് കിഴക്കെ കെട്ടിലേയ്ക്കു പോയി. മടങ്ങിവരേണ്ട സമയം കഴിഞ്ഞു. വളരെ വൈകി. പോയവരെ കണ്ടില്ല. വേറെ രണ്ടു പേർ പോയി. അവരും മടങ്ങി വരുന്നില്ല.

ബൌദ്ധൻ പരിഹാസഭാവം ലേശമില്ലാതെ പറഞ്ഞു "നിങ്ങളുടെ സർവശക്തന്റെ കയ്യും കൊണ്ടു് വരാൻ അവക്കു് ലജ്ജയാണു് മററൊന്നുമല്ല."

അതു ശരിയായിരുന്നു. മൂന്നാമതു് പോയവർ മടങ്ങി വന്നു്, ദേവന്റെ കൈ എങ്ങനെയൊ പൊട്ടിത്തെറിച്ചു് മറുവശത്തു് ദൂരത്തു്, വീണു കിടക്കുന്നു എന്നു സമ്മതിച്ചു.

ബൌദ്ധനു് വിജയഭാവമേ ഇല്ല. നല്ല നയമുള്ള കൂട്ടത്തിലാണു്. നിങ്ങളെ ഞാൻ കുററപ്പെടുത്തുകയില്ല. ആരൊക്കെയൊ തെററിദ്ധരിപ്പിച്ചു. കരിങ്കൽ കഷണങ്ങൾ സർവശക്തരാണെന്നു പഠിപ്പിച്ചു. അവർ പറഞ്ഞതു നിങ്ങൾ വിശ്വസിച്ചു. വിശ്വാസവഞ്ചന ചെയ്തവരെയാണു് കുററപ്പെടുത്തേണ്ടതു്. ഞാൻ സേവിക്കുന്ന ദേവനാണു്

യഥാൎത്ഥ ദേവൻ. സർവശക്തനും, സർവവ്യാപിയും, ആദിയും അന്തവും ഇല്ലാത്തവനും ആയ ആ ദേവൻ നമ്മെ സ്നേഹിക്കുന്നു. നമുക്കു വേണ്ടി മരിക്കാൻ പോലും ഒരുക്കമാണു്. അല്ല, നമുക്കു വേണ്ടി മരിച്ചു, വീണ്ടും ഉയിൎത്തെണീക്കുകയും ചെയ്തു. ആ ദേവനെ, എന്നോടു ചേൎന്നു വന്ദിക്കാനാണു് നിങ്ങളെ ഞാൻ ക്ഷണിക്കുന്നതു്. ബദ്ധപ്പെടാതെ സമാധാനമായും സാവധാനമായും ആലോചിച്ചു തീൎച്ചപ്പെടുത്തിയാൽ മതി. അല്പ ദിവസം കഴിഞ്ഞു ഞാൻ വരാം.'' എന്നു് പറഞ്ഞു അയാൾ യാത്രയായി.

ഞങ്ങളെല്ലാവരും ഭ്രാന്തന്മാരെപ്പോലെ ആയിട്ടും അല്പം പോലും ക്ഷോഭിക്കാതിരുന്നതു മൂലം ലഭിച്ച ധാൎമ്മിക വിജയത്തിനൊ, ബിംബം ഉടച്ചതുകൊണ്ടു ലഭിച്ച വിജയത്തിനൊ, ഏതിനാണു മാററു കൂടുതലെന്നു നിശ്ചയിക്കാൻ കഴിഞ്ഞില്ല. ഓരോ ദിവസവും കഴിയുമ്പോഴും ബൌദ്ധന്റെ നില പതിന്മടങ്ങു മെച്ചപ്പെടുന്നതായി ഞങ്ങൾക്കു തോന്നി എന്നു സമ്മതിക്കേണ്ടതുണ്ടു്. അല്പ ദിവസം കഴിഞ്ഞു് ഇനിയും വരുമെന്നു പറഞ്ഞു പോയ ആളെ രണ്ടാഴ്ചത്തേയ്ക്കു കണ്ടില്ല. കാണാഞ്ഞതുകൊണ്ടു് മനസ്സിനു് ആശ്വാസമല്ല ഉണ്ടായതു്, എന്തൊക്കെയൊ സംഭവിക്കാൻ പോകുന്നു എന്നുള്ള പ്രതീക്ഷ, ഭയം, എല്ലാവരേയും ഞെരുക്കി. സംഭവിച്ചേയ്ക്കുമെന്ന ഭയമല്ല,—സംഭവിക്കുമെന്നുള്ളതിൽ സംശയം ആൎക്കും തന്നെ ഇല്ലായിരുന്നു—എന്താണു്, എപ്പോഴാണു് സംഭവിക്കുന്നതു് എന്നതിലേ സംശയം ഉണ്ടായിരുന്നുള്ളു. ആ അനിശ്ചിതാവസ്ഥ, മധുരമുള്ള ചെന്നിനായകം പോലെയൊ, കയ്പുള്ള തേൻ പോലെയൊ ആയിരുന്നു. ഞങ്ങളുടെ മതവിശ്വാസത്തിനു്, ദേവന്മാരിൽ ഉള്ള വിശ്വാസത്തിനു് ക്ഷതം സംഭവിക്കുന്നു എന്നു് അറിയാമായിരുന്നു. എന്നാൽ ഹൃദയത്തിന്റെ അടിത്തട്ടിലൊ, അന്തർമനസ്സിന്റെ ഏതൊ കോണിലൊ, നമ്മുടെ ദേവന്മാർ തോല്ക്കുകയില്ല, എന്നൊരു പ്രതീക്ഷയുടെ ശകലം ഒളിഞ്ഞു കിടക്കുന്നുമുണ്ടായിരുന്നു.

ത്രാസിൽ തൂങ്ങിയ ആ ദിവസങ്ങളും, ആദിത്യൻ ഉദിച്ചും അസ്തമിച്ചും കടന്നു പോയി. ഒരു ദിവസം രാവി

ലെ ഞങ്ങൾ തളീക്കുളത്തിൽ കുളിക്കാൻ തയ്യാറാവുകയാണ്. വസ്ത്രം ധരിച്ചുകൊണ്ട് കുളിക്കരുതെന്നുള്ള ശാസ്ത്ര വിധി ശിരസാവഹിച്ചുകൊണ്ട്, ഒററ മുണ്ട് മാത്രം ധരിച്ചിരുന്ന എല്ലാവരും അവ ഉരിഞ്ഞു കളഞ്ഞു്, സർവതന്ത്ര സ്വതന്ത്രന്മാരായി വിഹരിക്കയാണ്. മൂന്നു വിരൽ വീതിയുള്ള കൌപീനത്തെ "വസ്ത്ര" മായി ഗണിക്കേണ്ടതില്ല എന്നു വിധിച്ച ശാസ്ത്ര നിർമ്മാതാക്കൾ, ശാസ്ത്രം നിർമ്മിക്കുന്നതിനു കഴിവുള്ളവർ തന്നെ എന്നു സമ്മതിക്കണം. കൌപീനമാത്രധാരികളായ കുറെ പേർ കൂടി നിന്ന് വെടി പറയുന്നു. മററു ചിലർ കൂടിഇരുന്നും. വേറെ ചിലർ കുളത്തിൽ ഇറങ്ങിക്കഴിഞ്ഞു. കുളത്തിൻെറ പടികളിൽ ഇരിക്കുന്നവർ ജപവും, തർപ്പണവും നടത്തുന്നു. ചിലർക്കെല്ലാം അതു് എന്തൊ ഒരു മതകർമ്മമാണെന്നുള്ള ബോധം ഉണ്ടായിരുന്നിരിക്കാം. അവർ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കയും ചെയ്തിരിക്കണം. ആ മാന്ത്രികൻ ആകാശത്തു നിന്നു വീണ മാതിരി ഞങ്ങളുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടു. ഒരു നൊടി മുമ്പ് അവിടെങ്ങും ഇല്ലാതിരുന്ന ആൾ അടുത്ത നിമിഷത്തിൽ ഞങ്ങളുടെ ഇടയിൽ പ്രത്യക്ഷനായി! ആഗമനം അപ്രതീക്ഷിതമായിരുന്നു എന്നു പറഞ്ഞുകൂടാ. ചിരപ്രതീക്ഷിതമായിരുന്നു എന്നു പോലും പറയാവുന്നതു് അപ്രതീക്ഷിതമായിരുന്നു എന്നു വാദിക്കാൻ ഏതായാലും എന്നാലാവില്ല. അപ്രതീക്ഷിതമൊ, ചിരപ്രതീക്ഷിതമൊ, എന്തുമാവട്ടെ ഒരു കുളത്തിൽ ഒരു വലിയ കല്ലു വലിച്ചിട്ടാൽ എന്തായിരിക്കും സംഭവിക്കുക ? വെള്ളം പെട്ടെന്നു് ക്ഷോഭിക്കും. കുറെ മേൽപോട്ട് ചിതറി പൊന്തി വീണ്ടും കുളത്തിൽ പതിക്കും. കുളത്തിലെ വെള്ളമത്രയും നാലു ഭാഗത്തേയ്ക്കും ഓടിമാറും. പുറത്തേയ്ക്കു കടക്കാൻ പററുകയില്ല എന്നു ബോദ്ധ്യമായി, നാലു വശത്തുമുള്ള ചുവരുകളുടെ തട്ടു വാങ്ങിക്കൊണ്ട് മനസ്സില്ലാമനസ്സോടെ പഴയ സ്ഥാനങ്ങളിലേയ്ക്കു മടങ്ങും. ഏതാണ്ട് അതു തന്നെ തളീക്കുളക്കരയിലും സംഭവിച്ചു. അർദ്ധനഗ്നന്മാരായ, അല്ല തൊണ്ണൂററി ഒൻപതു ശതമാനം നഗ്നന്മാരായ ഞങ്ങളെല്ലാം പെട്ടെന്നു് ഇളകി. അങ്ങോട്ടുമിങ്ങോട്ടും അല്പമൊക്കെ മാറിയ ശേഷം ഓരൊ ദിക്കിൽ കൂടി. വേദശാസ്ത്രവിധി അനുസരിച്ചു ഞങ്ങൾ നഗ്നരായി നടത്തിക്കൊ

ണ്ടിരുന്ന അനുഷ്ഠാനങ്ങൾ, മുട്ടിനു താഴെ എത്തുന്ന കുപ്പായം ധരിച്ച് ലജ്ജ ശരിക്കു മറച്ച ആ വൈദേശിക മാന്ത്രികൻ കണ്ടതിൽ അല്പം ലജ്ജ തോന്നിയവരും ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നിരിക്കണം. ഒന്ന് ഇളകിയിരുന്ന് ജപവും തർപ്പണവും തുടർന്നവരുടെ പ്രവർത്തനം ആ മനുഷ്യന്റെ ശ്രദ്ധയെ ആകർഷിച്ചു. അവർ എന്താണ് കാണിക്കുന്നതെന്ന് ചോദിച്ചതിന്, സമീപത്തു നിന്നവർ "തേവാരം—ദേവനെ ആരാധിക്കുക" ആണെന്നു മറുപടി കൊടുത്തു.

ബൌദ്ധൻ ചോദിച്ചു. "അതിനു വെള്ളം മേൽപ്പോട്ടു കോരി എറിയുന്നതെന്തിനാണ്."

അതു ആ കർമ്മത്തിലെ അനുഷ്ഠാനങ്ങളിൽ ഒന്നാണെന്നു ലഭിച്ച മറുപടി കേട്ട്, പുഞ്ചിരി ഇട്ടുകൊണ്ട് അദ്ദേഹം പറഞ്ഞു. " അവർ ചെയ്യുന്നതിൽ എന്തോ തെററുണ്ട്. അതല്ലേ നിങ്ങളുടെ ദേവൻ അതു സ്വീകരിക്കാത്തതു്. അതാ വെള്ളം അത്രയും തിരികെ കുളത്തിൽ വീഴുന്നുവല്ലൊ."

വെള്ളമല്ല, വേറെ എന്തു സാധനവും മേൽപ്പോട്ട് എറിഞ്ഞാൽ കീഴ്പോട്ടു വരുക എന്നുള്ളതു് പ്രകൃതി നിയമത്തിനു് അനുസരണമായിട്ടുള്ളതാണ്. മേൽപ്പോട്ട് തേകുന്ന വെള്ളം ദേവൻ സ്വീകരിക്കാത്തതുകൊണ്ടാണ് കീഴ്പ്പോട്ടു വരുന്നതു് എന്നുള്ള വാദമൊ, ആരോപണമൊ ശരിയല്ല, എന്നു തർക്കശാസ്ത്രജ്ഞനായ ഒരു നമ്പൂതിരി വാദിച്ചു.

മാന്ത്രികൻ ചോദിച്ചു:—അങ്ങനെയാണോ! ഞാൻ എൻെറ ദേവനെ ഭജിച്ചുകൊണ്ട് എറിയുന്ന വെള്ളം കീഴ്പോട്ടു വരാതെ നിർത്തിയാലോ? അപ്പോൾ ശരിയായ ദേവൻ എൻെറ ദേവനാണെന്നു സമ്മതിച്ചു ആ ദേവനെ മാത്രം വന്ദിക്കാൻ നിങ്ങൾ തയ്യാറാണൊ?

നേരമ്പോക്ക് ആസ്വദിക്കാൻ നമ്പൂതിരിക്ക് ഒരു പ്രത്യേക കഴിവുണ്ടല്ലൊ. അവിടെ കൂടിയിരുന്നവരെല്ലാം പൊട്ടിച്ചിരിച്ചുകൊണ്ട് " ഉവ്വ് " എന്നു വിളിച്ചു പറഞ്ഞു.

കൂട്ടച്ചിരിയും, നേരമ്പോക്കും കൊണ്ടൊന്നും ആ ബൌദ്ധന് ഭാവപ്പകർച്ച ഉണ്ടായില്ല. ചിരി കഴിഞ്ഞപ്പോൾ അദ്ദേഹം ചോദിച്ചു "ഞാൻ പറഞ്ഞതു നിങ്ങൾക്കു മനസ്സിലായോ? ഞാൻ ജപിച്ചുകൊണ്ട് കൈയിൽ കോരി മേൽപ്പോട്ടു എറിയുന്ന വെള്ളം, നിങ്ങൾ ജപിച്ച് എറിയുമ്പോൾ സംഭവിക്കുന്നതുപോലെ കീഴ്പ്പോട്ടുവരാതെ മുകളിൽ നില്ക്കുന്നപക്ഷം നിങ്ങളുടെ ദേവൻ ദേവനല്ലെന്നും, ഞാൻ വന്ദിക്കുന്ന ദേവനാണ് സാക്ഷാൽ ദേവനെന്നും സമ്മതിക്കാമോ? എൻെറ ദേവനെ വന്ദിക്കയും ഈ ക്ഷേത്രം എൻെറ ദേവൻെറ ആരാധനയ്ക്കായി വിട്ടുതരികയും ചെയ്യുമോ? ഇതാണ് എനിക്കറിയേണ്ടതു്. സൂര്യൻ പടിഞ്ഞാറ് ഉദിക്കുമെങ്കിൽ അല്ലാതെ, മേൽപ്പോട്ട് എറിയുന്ന വെള്ളം അവിടെ തങ്ങി നില്ക്കയില്ലെന്നു നിശ്ചയമുണ്ടായിരുന്ന നമ്പൂതിരിമാർ "ആവാം, ആവാം" എന്നു വിളിച്ചുപറഞ്ഞു. അതുപോരാ, അങ്ങിനെ ചെയ്യാമെന്നു സത്യം ചെയ്യണമെന്നായി ബൌദ്ധൻ. ഒരു കൊച്ചുകുട്ടിയുടെ സിദ്ധാന്തം പോലെ മാത്രമെ ബൌദ്ധൻെറ നിർബ്ബന്ധത്തെ ഞങ്ങൾ പരിഗണിച്ചുള്ളു. സത്യം ചെയ്യാമെന്നു സമ്മതിച്ചു സത്യം ചെയ്തു.

"എന്നാൽ എൻെറ ദേവൻെറ ശക്തി കണ്ടുകൊള്ളുവിൻ. നിങ്ങളിൽ പകുതിപ്പേർ എങ്കിലും സത്യം ചെയ്തതനുസരിച്ചു പ്രവർത്തിക്കയില്ലെന്നു നിശ്ചയിച്ചാണ് സത്യം ചെയ്തതെങ്കിൽ, ഞാൻ മേല്പോട്ട് എറിയുന്ന വെള്ളം ആകാശത്തു നില ഉറപ്പിക്കുന്ന ക്ഷണത്തിൽ ഈ ക്ഷേത്രത്തിലെ പ്രധാന ദേവൻെറ ബിംബം ഉൾപ്പെടെ എല്ലാ ബിംബങ്ങളും നിലത്തു വീണ് ഉടയും. അതു് ഒരു അടയാളമായിട്ടല്ലാതെ ഒരു അടിയായി നിങ്ങൾ എണ്ണരുതു്. എൻെറ ദേവൻ സ്നേഹമൂർത്തിയാണ്. അവിടുന്നു അടിക്കുകയില്ല. പുത്രീപുത്രന്മാർ നന്നാകണം എന്നുവെച്ചു ശിക്ഷിക്കയേയുള്ളൂ......"എന്നിങ്ങനെ ഒരു ചെറു പ്രസംഗം തന്നെ ചെയ്തു ആ മാന്ത്രികൻ. അക്ഷമരായ ചെറുപ്പക്കാരിൽ

ആരൊ വിളിച്ചു പറഞ്ഞു "പ്രസംഗിക്കാൻ വലിയ പ്രയാസമില്ല. അതൊന്നു നിത്തിയിട്ടു പറഞ്ഞതുപോലെ പ്രവത്തിച്ചു കാണിക്കു" എന്നു്.

"എന്നാൽ ഇതാ കാണണം" എന്നു വളരെ സൌമ്യമായി പറഞ്ഞുകൊണ്ടു് അയാൾ എന്തൊ ആംഗ്യം കാണിച്ച ശേഷം കുനിഞ്ഞു രണ്ടു കൈകളും കൂട്ടിപ്പിടിച്ചു വെള്ളം കോരി മേല്പോട്ടു് എറിഞ്ഞു. ഒരു മൂന്നടി ഉയന്നു് ആ വെള്ളം അതാ പ്രകൃതിനിയമത്തെ വെല്ലുവിളിച്ചുകൊണ്ടു് അവിടെ ഉറച്ചു നില്ക്കുന്നു. ഒരു തുള്ളിപോലും കീഴ്പോട്ടു വിഴുന്നില്ല. അതാ ഓരോ തുള്ളി വെള്ളവും ഓരോ പൂവായി മാറുന്നു. ധ്യാനനിരതനായി നില്ക്കുന്ന സന്യാസി ചുററും നടക്കുന്നതൊന്നും അറിയുന്നില്ല. മേല്പോട്ടു് എറിഞ്ഞ വെള്ളം അവിടെ തങ്ങി നില്ക്കുന്നതു കാണുന്നുമില്ല. എട്ടു പത്തു വിനാഴിക മാത്രമെ അയാൾ ആ വിധം നിന്നു കാണുകയുള്ളു. പക്ഷെ വളരെ സമയം ആയല്ലൊ, എന്തുകൊണ്ടാണു് കണ്ണു തുറന്നു ഞങ്ങളെ നോക്കുകയും, വെള്ളം പ്രകൃതി നിയമത്തെ വെല്ലുവിളിച്ചു കൊണ്ടു മുകളിൽ തുങ്ങി നില്ക്കുന്നതു കാണുകയും ചെയ്യാത്തതു് എന്നു ഞങ്ങൾ ഓത്തു, അക്ഷമരായി. ബൌദ്ധൻ കണ്ണു തുറന്നാൽ അടുത്തപടി എന്താണെന്നു തെളിയുമെന്നും ഞങ്ങളുടെ അമ്പരപ്പു് അവസാനിക്കുമെന്നും ഒരു സമയം പ്രതീക്ഷ ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം, ഈ വിധം അക്ഷമരായതു്.

മാന്ത്രികൻ കണ്ണു തുറന്നതും, ക്ഷേത്രത്തിനുള്ളിൽ ഇടിനാദത്തെ വെല്ലുന്ന വല്ലാത്ത ഭയങ്കര ശബ്ദം കേട്ടു ഞങ്ങൾ ഞെട്ടിയതും ഒന്നായി കഴിഞ്ഞു. മന്ത്ര ശക്തിയാൽ മനോഹര പുഷ്പങ്ങളായി മാറി പ്രകൃതിയെ വെല്ലുവിളിച്ചുകൊണ്ടു അന്തരീക്ഷത്തിൽ നില്ക്കുന്ന വെള്ളക്കട്ടയിൽ നോക്കി ബൌദ്ധൻ പുഞ്ചിരി തുകി. അതിൽ വിജയത്തിൻെറയൊ അപഹാസ്യത്തിൻെറയൊ ലാഞ്ഛനപോലും ഇല്ലായിരുന്നു.

ഞങ്ങളോടു വളരെ വിനയസ്വരത്തിൽ ചോദിച്ചു. "എൻെറ ദേവനാണു ജീവനുള്ള ദൈവം എന്നു് ഇപ്പോൾ ബോദ്ധ്യമായോ? സംശയമുണ്ടെങ്കിൽ ഇപ്പോൾ എൻെറ ദേവൻെറ വകയായിത്തീന്നിരിക്കുന്ന ക്ഷേത്രത്തിൽ കേറി

നോക്കണം. നിങ്ങളുടെ നിരവധി ദേവന്മാരിൽ ഒന്നെങ്കിലും പഴയ സ്ഥാനത്തു പഴയപടി ഇരിക്കുന്നുണ്ടോ എന്നു."

ക്ഷേത്രത്തിൽ കടന്നു പരിശോധിക്കണമെന്നു് ആൎക്കും തോന്നിയില്ല. ബിംബങ്ങൾ എല്ലാം തകൎന്നുപോയി എന്നു എല്ലാവൎക്കും ബോദ്ധ്യമായിരുന്നു.

പിന്നെ അവിടെ നടന്നതെന്തൊക്കെയാണെന്നു നല്ല രൂപമില്ല. കുളത്തിൽനിന്നു കരയ്ക്കു കേറുന്നതിലും, അഴിച്ചിട്ടിരുന്ന മുണ്ടുകൾ എടുത്തു് എത്രയും വേഗം ഉടുക്കുന്നതിലും എല്ലാവരും യോജിച്ചു വൎത്തിച്ചു. എന്തു വന്നാലും പൂൎവ്വികന്മാർ സ്വീകരിച്ചിരുന്ന ആചാരമൎയ്യാദകളെയും, ദേവന്മാരെയും ഉപേക്ഷിച്ചു, ബൌദ്ധനായ ആ മാന്ത്രികന്റെ പിന്നാലെ ഇല്ല, എന്നു തീൎച്ചപ്പെടുത്തിയ ഞങ്ങൾ എല്ലാം, അപ്പോൾ തന്നെ അവിടെനിന്നു് ഓടി. ആ നാട്ടിൽ ഇനി അന്തി ഉറങ്ങിക്കൂടെന്നു തീൎച്ചപ്പെടുത്തി അന്നുതന്നെ ഇല്ലങ്ങൾ ഉപേക്ഷിച്ചു പാലയൂരിൽ നിന്നു പോന്നു. ഇതാണു് സംഭവത്തിന്റെ രത്നച്ചുരുക്കം" എന്നു വാണംതുരുത്തി പറഞ്ഞു നിൎത്തി.

പെരുമാൾ പറഞ്ഞു. "വാണംതുരുത്തി നമ്പൂതിരി പൊളിപറഞ്ഞില്ല എന്നു ബോദ്ധ്യമായി, കേട്ടോ. നാടും ഇല്ലവും ഉപേക്ഷിച്ചു പോരേണ്ട ആവശ്യം ഉണ്ടായിരുന്നോ എന്തൊ, ഈശ്വരനറിയാം. ആവട്ടെ, നിങ്ങളുടെ എല്ലാവരുടെയും പേരുകളും മററു വിവരങ്ങളും കാൎയ്യക്കാരെ ഏല്പിക്കുക; സഹായം വളരെ അത്യാവശ്യമായിട്ടുള്ളവരുടെ വിവരവും ധരിപ്പിക്കണം. എന്തെങ്കിലും ചെയ്യാമൊ എന്നു നോക്കാം."

തോൽവി പററിയിട്ടും, പ്രതിപക്ഷത്തെ അനാവശ്യമായി കുററപ്പെടുത്തുകയും, അധിക്ഷേപിക്കുകയും ചെയ്യാഞ്ഞ വാണംതുരുത്തിയുടെ സാംസ്കാരികമായ ഔന്നത്യത്തിൽ പെരുമാളിനു ബഹുമാനം തോന്നി, അതുകൊണ്ടാണു സഹായം അത്യാവശ്യമുള്ളവരുടെ വിവരം കാൎയ്യക്കാരെ ധരിപ്പിക്കാൻ അപ്പോൾത്തന്നെ കല്പിച്ചതു്. ഒരു കാൎയ്യത്തിലും ഇരുഭാഗക്കാൎക്കും പറയാനുള്ളതു കേൾക്കാതെ അഭിപ്രായം

ത്രുപവല്ലരിക്കുകയൊ, തീരുമാനം എടുക്കുകയൊ ചെയ്യരുതെന്നു വാനവരമ്പനു നിർബ്ബന്ധമുണ്ടായിരുന്നു. വാണംതുരുത്തി പക്ഷത്തിൻെറ അഭിപ്രായത്തോടു വിയോജിച്ചു്, "ബൌദ്ധമാന്ത്രികനെ" അംഗീകരിച്ച പക്ഷത്തിൻെറ അഭിപ്രായം ആരായണം എന്നു് അദ്ദേഹം നിശ്ചയിച്ചു. ഒന്നിലും ധൃതി പാടില്ലെന്നു വച്ചിട്ടുള്ളതുകൊണ്ടു്, ആലോചനയ്ക്കു ശേഷം, പാലയൂർ വിട്ടുപോകാത്ത നമ്പൂതിരിമാരിൽ പ്രധാനി ആയ ഇട്ട്യേടത്തു നമ്പൂതിരിയെ കാണാൻ പെരുമാൾ ആഗ്രഹിക്കുന്നു എന്നു് അയാളെ അറിയിക്കുന്നതിനു് ആഴ്ചകളൊ മാസങ്ങളൊ കഴിയേണ്ടി വന്നു.

ഇട്ട്യേടം ഹാജരായി. വിളിപ്പിക്കുന്നതു് എന്തിനാണെന്നു് ഊഹിച്ചിരുന്നു. അതുകൊണ്ടു പാലയൂർ സംഭവത്തിൻെറ നാനാവശങ്ങളും പഠിച്ചുകൊണ്ടാണു പുറപ്പെട്ടതു്. പ്രായംകൊണ്ടു് ഓർമ്മക്കുറവു കുറേശ്ശയുണ്ടു്. ഓർമ്മ ശരിക്കില്ലാതെ വല്ലതും പറഞ്ഞു പിടിപ്പിച്ചു കുഴപ്പം ഉണ്ടാക്കാതിരിക്കുന്നതിനായി, സഹായത്തിനു രണ്ടു ചെറുപ്പക്കാരെയും കൂട്ടത്തിൽ കൊണ്ടുപോന്നു. അവർക്കും സംഭവങ്ങളെപ്പററി ചില അഭിപ്രായങ്ങളെല്ലാമുണ്ടു്.

ഇട്ട്യേടം മുഖം കാണിക്കാൻ വന്ന സമയം കൂട്ടത്തിലുള്ള നമ്പൂതിരിമാർ ഇരുവരെയും അദ്ദേഹവുമൊന്നിച്ചു കടത്തിവിടാൻ പെരുങ്കോയിലകം സിൽബന്ധികൾ വിസമ്മതിച്ചു. "നിയമമൊ നടപടിയൊ നിങ്ങൾ ലംഘിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയില്ല. ഇവർ ഇവിടെ ഇരിക്കട്ടെ. ഞാൻ അകത്തു ചെന്നു കടത്തിവിടുന്നതിനു് അനുവാദം വാങ്ങിക്കൊണ്ടു വരാം" എന്നു് ഇട്ട്യേടം പറഞ്ഞു. ഒരു സേവകൻ അദ്ദേഹത്തെ പെരുമാൾ സന്നിധിയിലേയ്ക്കു് ആനയിച്ചു. ഒരു നാഴിക കഴിഞ്ഞില്ല. അതിനു മുമ്പു് ഒരു സേവകൻ മടങ്ങി എത്തി. സ്വീകരണ അറയിൽ കാത്തിരുന്ന നമ്പൂതിരിമാരെയും അകത്തേയ്ക്കു കൂട്ടിക്കൊണ്ടു പോയി.

പെരുമാൾ:— "പാലയൂർ സംഭവത്തെപ്പററി അറിയുന്നതിനാണു നിങ്ങളെ ബുദ്ധിമുട്ടിച്ചതു്. വിശദവിവരങ്ങളാണു് വേണ്ടതു്. എത്ര സമയം വേണമെങ്കിലും സംസാരിക്കാം. എനിക്കു ബദ്ധപ്പാടൊന്നുമില്ല."

ഇടേ്യടം:—കാൎയ്യങ്ങൾ വിശദമായി ഗ്രഹിക്കുന്നതിന്ന് ഇവിടുന്ന് ആഗ്രഹിക്കുന്നു എന്നറിഞ്ഞതു തന്നെ ഞങ്ങൾക്കു വളരെ ആശ്വാസകരമാണ്. ഒററ ശ്വാസത്തിൽ രണ്ടു നാലു വാക്കുകൊണ്ടു പറഞ്ഞു തീക്കാവുന്നതല്ല പാലയൂർ സംഭവം. അതിൻെറ പശ്ചാത്തലവും ധരിപ്പിക്കണമല്ലൊ. ഒന്ന് അനുവദിച്ചു തന്നാൽ ഉപകാരമായിരുന്നു. എനിക്കു നല്ല ആരോഗ്യമില്ല. പ്രായം കടന്നുപോയതുകൊണ്ടു ചിലപ്പോൾ അല്പം ഓൎമ്മക്കുറവും ഉണ്ട്......"

പെ:— നമ്പൂതിരിക്കു പ്രായം കടന്നു എന്നോ. നേരമ്പോക്കു തന്നെ. എത്ര വയസ്സായി, അമ്പത്തിയെട്ടോ......"

ഇടേ്യടത്തിനു സന്തോഷമായി. അദ്ദേഹം പറഞ്ഞു. "അറുപത്തിയേഴായി. എങ്കിലും അത്രയും തോന്നുകയില്ല. അതു മേടലഗ്നം ജനിച്ചതുകൊണ്ടാണ്. പക്ഷെ ഓൎമ്മ മോശമാകുന്നു......"

പെ:— നമ്പൂതിരിക്കു പകരം വേറൊരാൾ കാൎയ്യങ്ങൾ നമ്മെ ധരിപ്പിക്കുന്നതിൽ എന്തെങ്കിലും വിരോധമുണ്ടായിട്ടല്ല. ഇവരിൽ ആരെങ്കിലും ഒരാൾ സംസാരിച്ചുകൊള്ളട്ടെ. രണ്ടാളും കൂടി ആയാൽ അല്പം......"

ഇ: — ഒരാൾ നീലമന, മാത്രമെ, സംസാരിക്കയുള്ളു. എന്തെങ്കിലും വിട്ടുപോയി എങ്കിൽ ഓൎമ്മപ്പെടുത്തുന്നതിനും, എനിക്ക് അത്യാവശ്യമുള്ള സൌകൎയ്യങ്ങൾ ശരിപ്പെടുത്തുന്നതിനുമാണ് മറെറയാൾ, എൻെറ ശിഷ്യനാണ്.

പെ:— അങ്ങനെ ആവട്ടെ. ഞാൻ ചോദിക്കുകയും അതിനു നമ്പൂതിരി ഉത്തരം നല്കുകയും ചെയ്യുന്നതിൽ നന്ന്, ധരിപ്പിക്കാനുള്ളതു വിശദമായി പറയുകയായിരിക്കയില്ലേ ?

നീലമന:—അങ്ങനെ ചെയ്യാൻ അനുവാദം തരുമെങ്കിൽ.

പെ:— അനുവാദം തരുമെങ്കിൽ എന്നൊന്നും വയ്യേണ്ടാ. ഇതാ അനുവദിച്ചിരിക്കുന്നു. ആരംഭിച്ചുകൊള്ളു.

നീലമന ഒരു സംസാരചതുരനാണ്, ഇമ്പമുള്ള ശബ്ദം. വിഷയം നന്നായി അറിയാം. അതിനാൽ, വാണം തുരുത്തിയുടെ പ്രഭാഷണത്തിൻെറ ആവർത്തനമെന്നു പറയാമായിരുന്നിട്ടും പെരുമാളിനു മുഷിച്ചിൽ തോന്നിയില്ല. സംഭവ വിവരമെല്ലാം രണ്ടു പാഠാന്തരങ്ങളിലും മിക്കവാറും ഒന്നുപോലെ തന്നെ ആയിരുന്നു. മാർത്തോമ്മാ ശ്ലീഹായെ സംബന്ധിച്ചു സംസാരിച്ചപ്പോഴെല്ലാം, വാണംതുരുത്തിയുടെ ശബ്ദത്തിൽ വിദ്വേഷമൊ പുഛരസമൊ കലന്നതായി പെരുമാളിനു തോന്നുകയുണ്ടായി. നീലമനയ്ക്കു ശ്ലീഹായോട്ട് അതിയായ ഭക്തിയും ബഹുമാനവും ഉണ്ടെന്നു് അയാളുടെ വാക്കുകൾ മാത്രമല്ല ആ പേരു് ഉച്ചരിക്കുന്ന രീതിയും, സ്വരവും അപ്പോഴത്തെ മുഖഭാവവും, തെളിയിക്കുന്നുണ്ടു്. വാണം തുരുത്തി, ബൌദ്ധൻ, മാന്ത്രികൻ, മന്ത്രവാദി എന്നീ പദങ്ങൾ പ്രയോഗിച്ചു. സിദ്ധൻ എന്ന പദമാണു് നീലമന ആരംഭം മുതൽ അവസാനംവരെ ഉപയോഗിച്ചതു്.

എല്ലാം വളരെ ക്ഷമയോടെ കേട്ടതിനു കൃതജ്ഞത അറിയിച്ചും, മേലിൽ വേണ്ട സഹായങ്ങളും അനുഗ്രഹങ്ങളും ഉണ്ടാകണമെന്നു് അപേക്ഷിച്ചും നീലമന അയാളുടെ പ്രഭാഷണം അവസാനിപ്പിച്ചു.

തുടൎന്നു് ഇട്ട്യേടം പറഞ്ഞു. "എനിക്കു രണ്ടു നാലു വാക്കുകൾ പറയാൻ അനുവാദം തരണമെന്നു് അപേക്ഷയുണ്ടു്?"......പെരുമാൾ തലകുലുക്കി അനുമതി നല്കി. "അവിടുത്തെ അനുഗ്രഹം, നിയമത്തിനു വിധേയമായി ജീവിക്കുന്ന എല്ലാ പൌരന്മാൎക്കും ആ കൂട്ടത്തിൽ ഞങ്ങൾക്കും ഉണ്ടെന്നു പൂൎണ്ണ ബോദ്ധ്യമാണു്. ഇവിടെ ഒരു നവ്യ പ്രസ്ഥാനമാണു് ഞങ്ങൾ ആരംഭിച്ചിരിക്കുന്നതു്. സംശയത്തോടെ മാത്രമെ പലരും ആ പ്രസ്ഥാനത്തെ വീക്ഷിക്കുകയുള്ളു. തെററു ചെയ്തു എന്നു തെളിയുന്നതിനു മുമ്പു തന്നെ തെററുകാരൻ എന്നു വിധിക്കുകയൊ, വിളിക്കുകയൊ ചെയ്യുന്നതു് അധൎമ്മമാണല്ലൊ. അവിടുന്നു് ആ വിധം ഒരു അധൎമ്മം പ്രവൎത്തിക്കയില്ലെന്നു് അറിയാം. അതിനു കൂട്ടുനില്ക്കുകയില്ലെന്നും അറിയാം. ഞങ്ങളുടെ സംരഭത്തിൽ തെററുണ്ടെന്നു സ്പഷ്ടമാകുന്നതുവരെ, തെററില്ലെന്നു മാത്രമെ വിചാരിക്കുകയുള്ളു

എന്നു പൌരാവലിക്കു മനസ്സിലാകത്തക്ക വിധം കരുണയോടു കൂടെ ഞങ്ങളെ കടാക്ഷിക്കണമെന്നപേക്ഷയുണ്ട്."

പെ:— ചിന്തയിലൊ പ്രവൃത്തിയിലൊ ധർമ്മവിരുദ്ധമായി ഒന്നും ഉണ്ടാവില്ലെന്നു വിശ്വസിച്ചുകൊള്ളുക. നിങ്ങളുടെ സംരംഭത്തിൻെറ നാനാവശങ്ങളും കാണുന്നതിനും മനസ്സിലാക്കുന്നതിനും ഞാൻ ശ്രമിക്കുന്നുണ്ട്. തുടന്നു ശ്രമിക്കുകയും ചെയ്യും. ഇതിൽ കൂടുതൽ എന്തെങ്കിലും എന്നിൽനിന്നു നിങ്ങൾ പ്രതീക്ഷിക്കയില്ലല്ലൊ.

ഇട്ട്യേടം:—അതു ധാരാളം മതി. കൂടുതൽ ഒന്നും ഞങ്ങൾ ഇപ്പോൾ പ്രതീക്ഷിക്കുന്നില്ല. ഞങ്ങളുടെ ആരാധനാസ്വാതന്ത്ര്യം.........

പെ:— നിങ്ങളുടെ ആരാധനാസ്വാതന്ത്ര്യത്തിന് ഹാനി സംഭവിക്കാൻ കാര്യമില്ലല്ലൊ. "പള്ളി" ആയി രൂപാന്തരപ്പെട്ടിരിക്കുന്ന ക്ഷേത്രത്തിന്മേലുള്ള അവകാശാധികാരങ്ങൾ, പ്രതിജ്ഞപ്രകാരം നഷ്ടപ്പെട്ടു എന്നു സമ്മതിക്കുന്നതുകൊണ്ടാണല്ലൊ നിങ്ങളുടെ പ്രതിപക്ഷം അവിടെനിന്നു പോയതു്. ഇനി അവർ വക്കാണത്തിനു വരുമെന്നു തോന്നുന്നില്ല. വരാൻ അവക്ക് അവകാശവും ഇല്ലെന്നാണ്, കിട്ടിയടത്തോളം വിവരങ്ങളിൽ നിന്നു മനസ്സിലാക്കേണ്ടതു്.

ഇട്ട്യേടം:—ഞങ്ങളുടെ പ്രസ്ഥാനത്തെപ്പററി പഠിക്കാമെന്ന്......"

പെ:— അതേ, പഠിക്കാമെന്നാണ് ഞാൻ പറഞ്ഞതു്. അതിനുള്ള ശ്രമം നടക്കുന്നുണ്ട്.

നമ്പൂതിരിമാർ സംതൃപ്തിയോടെ മടങ്ങി. അവക്ക് പ്രതിപക്ഷബഹുമാനമുണ്ടെന്നും, പ്രതിപക്ഷത്തോടു വിദ്വേഷം ഇല്ലെന്നും അറിഞ്ഞപ്പോൾ പെരുമാളിൻെറ സന്തോഷം വർദ്ധിച്ചു. വാണംതുരുത്തിയുടെ ഭാഷയിൽ പറയുമ്പോൾ വൈദേശീകനായ ബൌദ്ധൻ അല്ലെങ്കിൽ "മാന്ത്രിക"നായ മാത്തോമ്മായെ നേരിട്ടു കണ്ടു കാര്യങ്ങൾ മനസ്സിലാക്കാൻ

ഇനി വൈകേണ്ടതില്ലെന്നു പെരുമാൾ ഉറച്ചു. സംശയത്തിനും സംസാരത്തിനും ഇടംകൊടുക്കാതെ അതു സാധിക്കുന്നതിന്നു് എന്താണു് മാർഗ്ഗം ? പെരുങ്കോയിലകത്തു ജോലി ഒന്നുമില്ലാത്തവർ ധാരാളമുണ്ടു്. അതുകൊണ്ടു കുശുകുശുപ്പിനും, കൂട്ടിപ്പിടിപ്പിക്കലിനും, കുണ്ടണിക്കും വളരാൻ നല്ല അന്തരീക്ഷമാണു് അവിടെയുള്ളതു്. പെരുമാളെപ്പററിയുള്ള അപവാദമാണെങ്കിൽ ആസ്വദിക്കാൻ കൂടുതൽ ആളും കാണും. അവക്കു് അതു കൂടുതൽ രുചികരവും ആയിരിക്കും. ഇതെല്ലാം വാനവരമ്പൻ നന്നായി അറിഞ്ഞിട്ടുള്ളതാണു്. അതിന്റെ ചീത്തഫലം അനുഭവിച്ചിട്ടുള്ളതുമാണു്. എന്തായാലും അദ്ദേഹത്തെ കാണണം. കാണാതെ കഴിവില്ല. കൂടിക്കാഴ്ചയ്ക്കു സൌകര്യമുള്ള വേറൊരു സ്ഥലവും കാണുന്നില്ല. നാട്ടിൻ പുറത്തും, ചെറു നഗരങ്ങളിലും എഴുന്നെള്ളുന്ന ദിവസങ്ങളിൽ ഒന്നോ രണ്ടോ ദിവസം താമസിക്കുന്നതിനു പററിയ ചെറിയ കോവിലകങ്ങൾ ഉണ്ടു്. അങ്ങനെയുള്ള ഏതെങ്കിലും കോവിലകത്തു വച്ചായാൽ എന്താ ? ശ്ലീഹായോടു് ഇന്നിടത്തു വന്നു കാണണമെന്നു പറയാൻ പററുകയില്ല. പറയാമെന്നു വച്ചാൽ തന്നെ, അദ്ദേഹം വരുമൊ എന്നു സംശയവും ആണു്. അതൊരു ഒളിച്ചുകളിയാണെന്നു മനസ്സിലാക്കി "സാദ്ധ്യമല്ല" എന്ന മറുപടി പറയുകയെയുള്ളു. പിന്നൊന്നു, പെരുമാൾ ഒരു ചിന്ന കോയിലകത്തു താമസിക്കുക സാധാരണമല്ലാത്തതുകൊണ്ടു് അങ്ങനെയുള്ള സ്ഥാനത്തുവച്ചു ചെറുവിരൽ അനക്കിയാൽ അതുപോലും ഉററുനോക്കി അതിന്റെ ഉദ്ദേശവും, ഫലവും എന്താണെന്നു് ആരായുന്നതിനും ആളുകൾ വളരെ ഉണ്ടായിരിക്കും. അത്ര വലിയ ഒരു നോട്ടപ്പുള്ളി ആയിരിക്കും പെരുമാൾ. ആലോചന പലവഴിക്കു പോയി. പല ദിവസങ്ങൾ ആലോചിച്ചു, പെരുങ്കോയിലകത്തു വച്ചു കൂടി കാഴ്ച നടത്തുകയല്ലാതെ മാർഗ്ഗം ഒന്നുമില്ലെന്നു ഒടുവിൽ തീർച്ചപ്പെടുത്തി.

# 4

"വൈദേശീകനും ബൌദ്ധനും" ആയ ഒരാളെ പെരുങ്കോയിലകത്തേയ്ക്കു ക്ഷണിച്ചു വരുത്തുന്നു എന്നറിഞ്ഞാൽ, പാർശ്വവർത്തികളിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ എന്തായിരിക്കും? പ്രത്യക്ഷത്തിൽ, ഉപരിതലത്തിൽ, കോളിളക്കമൊ, ചലനം പോലുമൊ ഇല്ലായിരിക്കാം. അതിനു കീഴിലൊ മേലിലൊ പിമ്പിലൊ വളരെ അധികം ചരടുവലികളും വടംവലികളും നടക്കാം. പ്രത്യക്ഷമായ ശാന്തത കണ്ടു്, പരോക്ഷമായി ഒന്നും നടക്കുന്നില്ലെന്നു് വിശ്വസിക്കുന്നതു് അബദ്ധമായിരിക്കും. അപകടത്തെ വിളിച്ചു വരുത്തുന്നതിനു പര്യാപ്തമായിരിക്കും. ഏററം അധികം ഭയപ്പെടേണ്ടതു് തൻെറ പെരുന്തേവി ആണ്ടാളെയാണെന്നു, ഈ ആലോചന മനസ്സിൽ മൊട്ടിട്ടപ്പോൾ തന്നെ പെരുമാളിനു് തോന്നി. അങ്ങനെ തോന്നാൻ കാരണമെന്തെന്നു നിശ്ചയമില്ല. ആ മഹിള തൻെറ പ്രസ്ഥാനത്തോടു് അനുകൂലഭാവം നടിക്കുമെന്നു് തോന്നാനുള്ള കാരണവും ആരംഭത്തിൽ വ്യക്തമായിരുന്നില്ല. ഇപ്പോൾ അതു കുറെക്കൂടെ വ്യക്തമായ ഒരു രൂപം സ്വീകരിച്ചിട്ടുണ്ടു്. പക്ഷേ അവരുടെ ആനുകൂല്യത്തിൻെറ ലക്ഷ്യവും ഫലവും എന്തായിരിക്കും? ധാർമ്മിക മൂല്യങ്ങൾക്കു അക്കാലത്തുണ്ടായിരുന്ന താരിപ്പനുസരിച്ചു് നോക്കുമ്പോൾ പെരുമാൾ ഉത്തമനായിരുന്നു. ആണ്ടാളിൻെറ പേരിലും സുശക്തമായ ആരോപണങ്ങൾ അധികമൊന്നും ഉണ്ടായിട്ടില്ല. അവരുടെ കുടുംബജീവിതം വിജയകരമായിരുന്നു. അതിനു മകൻ കുലശേഖരനും, മകൾ അക്കമ്മാളും തെളിവുമാണല്ലൊ. ഇതു് ഉപരിതലത്തിലെ ശാന്തതയാണു്. "വിവാഹബന്ധത്തിൽ ഏർപ്പെട്ടുമ്പോൾ സ്ത്രീയും പുരുഷനും, രക്തരഹിതമായ ഒരു സമരം ഉൽഘാടനം ചെയ്യുകയാണു്." പുറമെ എല്ലാം ശാന്തമായിരിക്കും. തിരശ്ശീലയ്ക്കു പിമ്പിൽ ഉണ്ടാകുന്ന സംഘട്ടനങ്ങളുടെ ശബ്ദം

പുറത്തേയ്ക്കു വരികയില്ല. ശബ്ദം പുറത്തേയ്ക്കു പോകരുതെന്നു് ഇരുപക്ഷക്കാർക്കും നിർബ്ബന്ധമുണ്ടായിരിക്കും. ബലഹീന പാത്രമായി ലോകം ഗണിക്കുന്നു, എന്നുവച്ചിട്ടുള്ള സ്ത്രീയാണു് ഈ ഭൂഗർഭ സമരത്തിൽ ആക്രമണ നയം സ്വീകരിക്കുക പതിവു്. പുരുഷകേസരി തട്ടുകകമാത്രവും "കർത്തൃത്വം ആർക്കായിരിക്കണം. ?" ഇതാണു് തീരുമാനിക്കപ്പെടേണ്ടതു്. അതിനാണു് സമരം. നാഥനെ തോല്പിക്കാൻ പതിനെട്ടടവുകളും പ്രയോഗിക്കുന്ന "ബലഹീനപാത്ര" ത്തിന്റെ ആഗ്രഹവും പ്രാർത്ഥനയും തന്റെ പുരുഷൻതന്നെ തോല്പിക്കണമെന്നായിരിക്കും. സമരത്തിൽ വിജയിച്ചാൽ സ്ത്രീയുടെ ജീവിതസുഖം നഷ്ടപ്പെട്ടു. വിജയിച്ചില്ലെങ്കിൽ സമരംതുടരും". ഇതാണു് വിവാഹജീവിത നാടകത്തിൽ തിരശീലയ്ക്കുള്ളിൽ നടക്കുന്നതെന്നു്, ഭാര്യയും മാതാവും ആയ ഒരു മഹിളാമണി രേഖപ്പെടുത്തിയിട്ടുണ്ടു് (അഭിപ്രായം പറയാൻ വിവരവും അർഹതയും ഇല്ലാത്തവർക്കു് അനുഭവക്കാരുടെ അഭിപ്രായം പകർത്താമല്ലോ !) അപ്പോൾ സ്വൈരം കെടുത്തുന്നതും സമാധാനം ഭഞ്ജിക്കുന്നതും ആയ സമരം ആനന്ദദായകമാണെന്നും, സമാധാനം, സൌഭാഗ്യഹാനികരമാണെന്നും വരുന്നു. ഇതു് ശരി ആയിരിക്കുമോ ? ദേവന്മാരുടെ നേരമ്പോക്കോ ദൈവ ദുർനിയോഗമൊ ആയിരിക്കാം എന്നു വയ്ക്കുന്നതിനേ തരമുള്ളു. ലോകാരംഭം മുതൽ എല്ലാ ദമ്പതികളും നടത്താറുള്ള ഈ സമരം വാനവരമ്പന്റെ കോയിലകത്തും നടക്കുന്നുണ്ടു്. ആണ്ടാൾ അതിസാമർത്ഥ്യത്തോടുകൂടി പൊരുതി. ഇപ്പോഴും പൊരുതുന്നുണ്ടു്. വാനവരമ്പനു് സമരം ശല്യമായി തോന്നിത്തുടങ്ങിയിരിക്കുന്നു. അന്തമില്ലാത്ത ഈ സമരം എന്തിനു്? "പെണ്ണായിപ്പിറന്നവൾക്കു് വിജയിക്കണമെന്നാണെങ്കിൽ വിജയിച്ചുകൊള്ളട്ടെ. അപ്പോൾപിന്നെ സ്വൈരമായിരിക്കാമല്ലോ" എന്നു് വാനവരമ്പനു് തോന്നിയിരിക്കാം. തന്റെ പ്രാർത്ഥനയ്ക്കല്ല, ആക്രമണത്തിനാണു് ഫലം ലഭിക്കുന്നതെന്നു മനസ്സിലായപ്പോൾ തന്നെ ആണ്ടാളുടെ സമരാസ്വാദന ശക്തി ക്ഷയിച്ചുതുടങ്ങി. ജീവിതത്തിനു് എന്തെങ്കിലും ഒരു ലക്ഷ്യം ഉണ്ടായിരിക്കണമല്ലോ. ഭർത്താവു് തോൽവി സമ്മതിച്ചപ്പോൾ അദ്ദേ

ഹാര്യമായിട്ടുള്ള സമരം-പ്രണയസമരമൊ, ശബ്ദരഹിത സമരമൊ, രക്തരഹിത സമരമൊ എന്തുമാവട്ടെ—അവ സാനിച്ചു. പിടിച്ചടക്കാൻ വേറെന്തുണ്ടെന്നു ആലോചനയായി. രാജസിംഹാസനം ആയാലെന്താണ്? കുടുംബനാഥൻ എന്ന സ്ഥാനം, സൈ്വരത്തിനു വേണ്ടി വാനവരമ്പൻ വച്ചൊഴിഞ്ഞു, എന്നാൽ സിംഹാസനം അങ്ങനെ ഒഴിഞ്ഞു കൊടുക്കുന്നതല്ലെന്ന് അദ്ദേഹം ഒരു നൂറു പ്രാവശ്യം മനസ്സിൽ ശപഥം ചെയ്തിട്ടുണ്ട്. കുടുംബനാഥസ്ഥാനം തൻെറ സ്വന്തമാണ്. അതു് വച്ചൊഴിഞ്ഞു കൊടുക്കുന്നതിനു് മറെറാരുത്തരുടെയും അനുമതി ആവശ്യമില്ല. ഒഴിഞ്ഞുകൊടുക്കുന്നതുകൊണ്ടു് തന്നെയോ ആണ്ടാളെയോ അല്ലാതെ ആരെയും ദ്രോഹിക്കുന്നുമില്ല. സിംഹാസനം പ്രത്യക്ഷമായൊ പരോക്ഷമായൊ ഒഴിഞ്ഞുകൊടുക്കുന്നതു് രാജ്യത്തോടും, പ്രജാവലിയോടും, പിൻതുടച്ചക്കാരോടും ചെയ്യുന്ന അക്ഷന്തവ്യമായ അപരാധമായിരിക്കും. ആ നീചകർമ്മത്തിനു തയ്യാറില്ല. ഇതാണ് വാനവരമ്പൻെറ നില. ഇതൊന്നും ആണ്ടാൾ അറിയുന്നില്ല എന്നു കാണികൾക്കു തോന്നും. അവൾക്ക് ഭർത്തൃശുശ്രൂഷ ചെയ്യണമെന്നും, സന്താനങ്ങളെ ഉത്തമമായ രീതിയിൽ വളർത്തിക്കൊണ്ടുവരണമെന്നും മാത്രമെ ഉദ്ദേശമുള്ളു എന്നു തോന്നാം: ലോകം അങ്ങനെ ധരിക്കണമെന്നുവച്ച് ആവിധം പ്രദർശിക്കപ്പെടുന്നു.

കാര്യങ്ങൾ ഈ വിധം ആയിരിക്കുമ്പോൾ ഒരു ബൌദ്ധസിദ്ധനെ കൊട്ടാരത്തിൽ വരുത്തി അദ്ദേഹവുമായി രഹസ്യാലോചന നടത്തിയാൽ എന്താണ് സംഭവിക്കാൻ പാടില്ലാത്തതു്? തെളിച്ചു പറഞ്ഞാൽ, വാനവരമ്പനെ സിംഹാസനഭ്രഷ്ടനാക്കാൻ ആണ്ടാൾ ഇറങ്ങിയിറങ്ങി ഒന്നും ചെയ്യുകയില്ലെങ്കിലും, അതിനു വേണ്ട കരുക്കൾ ഒരുക്കാൻ മടിക്കുകയില്ല എന്നു അദ്ദേഹത്തിനു നല്ല ബോദ്ധ്യമാണ്. ഈയിടെ വേറൊരു സംഭവവികാസം കൂടി ഉണ്ടായിട്ടുണ്ട്. ആണ്ടാളുടെ സഹോദര പുത്രൻ വീരപാണ്ഡ്യൻ അല്പദിവസമായി കോയിലകത്തുണ്ട്. കൃഷ്ണവർണ്ണനെങ്കിലും സുഭഗനായ ആ യുവാവു് പാണ്ഡ്യൻെറ കനിഷ്ഠ പുത്രനാണ്. കുമാരി മുട്ടം ദേശത്തിൻെറ ആധിപത്യം കിട്ടുമത്രെ. കുമാരി മുട്ടം "സിംഹാസന" ത്തിൻെറ വലിപ്പമൊ, "കിരീട

ത്തിന്റെ" ത്തക്കമൊ വെറും പൂജ്യമായാലെന്തു? കിരീടം പാളത്തൊപ്പിയൊ, പാണ്ടിത്തൊപ്പിയൊ ആയാലും കിരീടം തന്നെയാണല്ലൊ. അക്കമ്മാൾ ബാല്യത്തിൽ നിന്നു കൌമാരത്തിലേയ്ക്കു കടന്നപ്പോൾ തുടങ്ങിയതാണു് ആണ്ടാൾ ആകാശത്തിൽ കോട്ട കെട്ടാൻ. അവൾ ഇപ്പോൾ യൌവനത്തിലേയ്ക്കു് കാലൂന്നിയ സ്ഥിതിക്കു് ആ അമ്മ എന്തൊക്കെ ആയിരിക്കും ചെയ്യുക? അക്കമ്മാൾ-വീരപാണ്ഡ്യൻ-പെരുമാൾപദം, ഇതൊക്കെ അവരുടെ ലക്ഷ്യങ്ങളിൽ പെട്ടുന്നുണ്ടു്. മകൻ കുലശേഖരനോടു സ്നേഹമില്ലാഞ്ഞിട്ടൊന്നുമല്ല. അയാൾ അപ്പയുടെ മകനാണെങ്കിലും തന്റെ വയററിലല്ലെ ജനിച്ചതു്. വാനവരമ്പനെ നയിക്കുന്ന തരത്തിൽ ഒന്നും അവനെ നയിക്കാൻ പററുകയില്ലെന്നു് ഇതിനകം തന്നെ ബോദ്ധ്യമായിട്ടുണ്ടു്. കാലം മുമ്പോട്ടു പോകുന്തോറും അമ്മയുടെ പിടി അയയുക സ്വാഭാവികമാണു്. ഒരു സഹധർമ്മിണികൂടി വരുമ്പോൾ അമ്മ പുറംതള്ളപ്പെട്ടുകയും ചെയ്യും. അക്കമ്മാൾ നല്ല കൂട്ടത്തിലാണു്. തന്റേടമുണ്ടെങ്കിലും അതു അമ്മയോടു് എട്ടുക്കയില്ലെന്നു വിശ്വസിക്കാം. അവൾ വീരപാണ്ഡ്യനെ നിയന്ത്രിച്ചുകൊള്ളട്ടെ, അതിനാക്കു ഭേതം. അല്ല അതല്ലേ ലോകഗതി. മകൻ ഉണ്ടെങ്കിലും മകളെ കിരീടാവകാശി ആയി സ്വീകരിക്കുന്നതു് നടപടിക്കും, നിയമത്തിനും, എതിരല്ലെന്നു ആണ്ടാൾ വിശ്വസിക്കുന്നു.

ഏതാണ്ടു് ഈ വിധമാണു് ആണ്ടാളുടെ ചിന്താഗതി എന്നു വാനവരമ്പനു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹം പ്രകൃത്യാ ശാന്തനാണു്; കഴിവുണ്ടെങ്കിൽ, ഒരു രംഗത്തിലും ആക്രമണനയം സ്വീകരിക്കയില്ല. സ്വീകരിക്കാൻ നിർബ്ബന്ധിതനായാൽ ഉത്തമസമരമുറയും തന്ത്രവും അനുസരിച്ചു് അക്രമണം നടത്തും എന്നു് പലപ്പോൾ തെളിയിച്ചിട്ടുണ്ടു്. എന്നിട്ടും ശാന്തനാണെന്നാണു് പൊതുവെ ഉള്ള വയ്പു്. ശാന്തത, അദ്ദേഹത്തിന്റെ കുശാഗ്രബുദ്ധിയെ ആവരണം ചെയ്തിരിക്കുന്നു. ആ തിരശ്ശീല മാററി നോക്കാൻ അവസരം കൊടുക്കാതെ കഴിക്കുക എന്ന അദ്ദേഹത്തിന്റെ നയം വിജയിച്ചിട്ടുമുണ്ടു്. ആണ്ടാളുടെ ചിന്താഗതി അവരുടെ സംഭാഷണത്തിൽ നിന്നു തന്നെ പലപ്പോഴായി

മനസ്സിലാക്കിയ വാനവരമ്പൻ, അതു് ഹൃദയത്തിൻെറ ഉള്ള റയിൽ അടച്ചു വച്ചിരിക്കയാണു്.

ഭവിഷ്യത്തു് എന്തു തന്നെ ആയാലും ആ ബൌദ്ധ സിദ്ധനെ കാണാതെ കഴിക്കാൻ സാദ്ധ്യമല്ല എന്നുള്ള നിലയിൽ വാനവരമ്പൻ എത്തിച്ചേൎന്നു. അതിനു കാലം വളരെ അധികം വേണ്ടിവന്നില്ല. ശ്രുബൻ കോവിലക ത്തേയ്ക്കു വരണമെന്നു് ഏലീശായോടു് പറയാൻ പലപ്പോൾ ഒരുങ്ങി. അപ്പോഴൊക്കെ വരട്ടെ, ഒരാഴ്ചകൂടി കഴിയട്ടെ, എന്നിങ്ങനെ അവധി മാററിക്കൊണ്ടിരുന്നു. ഇനി മാററി വയ്ക്കാൻ കഴിവില്ല എന്നു ഒരുനാൾ ബോദ്ധ്യമായി. അന്നു ഏലീശായെ വരുത്തി ശ്രുബൻ വരാൻ ചട്ടം കെട്ടി. പിറെറ ന്നാൾ ഉച്ചയ്ക്കുശേഷം മാത്രമെ ഏലീശായ്ക്കു വിവരം ധരി പ്പിക്കുന്നതിനു് അവസരം ലഭിച്ചുള്ളു. ശ്രുബനു സ്ഥല ത്തില്ല. അദ്ദേഹം തോമ്മാ ശ്ലീഹായുമൊന്നിച്ചു് എവി ടെയ്ക്കോ പോയിരിക്കയാണു് എന്നു ഏലീശാ പറഞ്ഞു.

പെ:— എവിടേയ്ക്കാണു് പോയിരിക്കുന്നതു്?

ഏലീശാ:—എവിടേയ്ക്കാണു് പോയതെന്നൊ, എന്നു മടങ്ങി എത്തുമെന്നൊ, ശ്രുബൻെറ വീട്ടുകാൎക്കു് അറിഞ്ഞു കൂടാ. മററാൎക്കും ഒരു വിവരവുമില്ല.

പെ:—ഈ വിധം പോയാൽ എത്ര ദിവസം കഴിഞ്ഞാണു് മടങ്ങി എത്താറുള്ളതു്.

ഏ :—ഒരു നിശ്ചയവുമില്ല. ചിലപ്പോൾ അടുത്ത ദിവസം വരും. ചിലപ്പോൾ ഒരു മാസമൊ, രണ്ടു മാസമൊ താമസിച്ചെന്നും വരാം.

പെ:—അങ്ങനെ ആകുമ്പോൾ ചെലവു വളരെ ആകുമല്ലോ. അതിനു മാൎഗ്ഗം? അദ്ദേഹം ധനവാനാണോ ?

ഏ :—ധരിച്ചിട്ടുള്ള കുപ്പായമല്ലാതെ ഈ ലോകത്തിൽ വേറൊന്നുമില്ല. അല്ല, എന്തൊ ഒരു ഗ്രന്ഥം ഉണ്ടു്.

പെ:—അങ്ങനെ ആയാൽ.........?

ഏ :—ലോകത്തെ രക്ഷിക്കാനായി അവതരിച്ചു് യാഗമായി ക്രൂശിൽ സ്വയം അൎപ്പിച്ച കൎത്താവു് അവസാന

മായി കൽപിച്ചിട്ടുള്ളതു് ലോകമെല്ലാം പോയി സുവിശേഷം അറിയിക്കണമെന്നാണു്. ആഹാരത്തിനും വസ്ത്രത്തിനും മാര്ഗ്ഗമെന്താണെന്നു ചിന്തിക്കയേ വേണ്ടെന്നു അതിനു മുമ്പു് പഠിപ്പിക്കുകയും അതു പ്രയോഗത്തിൽ വരുത്തിക്കാണിക്കുകയും ചെയ്തിട്ടുണ്ടെന്നു് ശ്ലീഹാ പലപ്പോഴും പറയാറുണ്ടു്. കര്ത്താവിൻെറ ജോലിക്കിറങ്ങുമ്പോൾ കര്ത്താവു് നടത്തും, കാത്തുകൊള്ളും, എന്നാണു് തത്വം.

പെ:—അങ്ങനെ ആയാൽ ചിലപ്പോൾ പട്ടിണി.........

ഏ :—പട്ടിണികിടക്കുന്നതിനും, മററു് ഏതെല്ലാം തരത്തിൽ കഷ്ടപ്പെടുന്നതിനും എപ്പോഴും തയ്യാറാണു്. കഷ്ടപ്പെടേണ്ടതു് ആവശ്യമാകുന്ന സമയത്തു മാത്രമെ ആ അനുഭവം ഉണ്ടാകയുള്ളു എന്നാണു് ശ്ലീഹായുടെ വിശ്വാസം.

പെ:—ത്രുബനൊ?

ഏ :—ത്രുംബൻ ആ കാര്യത്തിൽ ശ്ലീഹായുടെ ശിഷ്യനാണു്. അദ്ദേഹത്തിൻെറ കൽപനയൊ നിര്ദ്ദേശമൊ എന്തു തന്നെ ആയാലും അതു ശിരസ്സാവഹിക്കാൻ തയ്യാറായി ഇറങ്ങിയിരിക്കയാണു് അയാൾ.

പെ:—അയാളുടെ കുടുംബത്തിലുള്ളവർ......

ഏ:—അവർ എതിരു പറയുന്നില്ല. ചില്ലറ വ്യാപാരവും ചില്ലറ കൃഷിയും കൊണ്ടു് പട്ടിണി കൂടാതെ കഴിയുന്നു.

പെ:—ത്രുബൻ നിങ്ങളുടെ ഗുരുക്കന്മാരിലൊ, നേതാക്കന്മാരിലൊ ഒരാളാണെന്നാണല്ലൊ ഞാൻ ധരിച്ചിരുന്നതു്.

ഏ:—അങ്ങനെയാണു്. പക്ഷേ ധനവാനല്ല. ഞങ്ങളിൽ ധനവാന്മാരെന്നു പറയാൻ ഒന്നോ രണ്ടോ പേർ മാത്രമേ ഇവിടെയുള്ളു.

പെ:—ഈ പുതിയ ഉപദേശം സംബന്ധിച്ചു് അവരുടെ നില എന്താണു?

ഏ:—ഒന്നും വ്യക്തമായിട്ടില്ല. എതിരായി നിന്നാൽ ശാപമൊ, ശരമൊ ഉണ്ടായെങ്കിലൊ എന്നു ഭയം

തോന്നിയിരിക്കണം. അനുകൂലിച്ചാൽ പണം കൊടുക്കേണ്ടിവരുമൊ എന്നു പേടിയും ഉണ്ടായിരിക്കാം. അവർമാത്രം പുതിയ വേദത്തിൽ ചേൎന്നില്ല.

പെ:—പുതിയ വേദത്തിനു പുതിയ നിയമങ്ങളും വിശ്വാസങ്ങളും, പേരും ഉണ്ടായിക്കഴിഞ്ഞൊ.

ഏ:—അടിയനു നല്ല വിവരമൊന്നുമില്ല. നസ്രാണി വേദമെന്നാണു പേര്. സത്യവേദമെന്നും, സത്യ മാൎഗ്ഗമെന്നും ഒക്കെ പറയുന്നുണ്ടെന്നു തോന്നുന്നു.

ഏലീശായിക്കു പുതിയ ഉപദേശത്തെയൊ, മതത്തെയോ സംബന്ധിച്ച വലിയ വിവരമൊന്നും ഉണ്ടായിരിക്കയില്ലെന്നു അറിഞ്ഞുകൊണ്ടാണ് പെരുമാൾ അവനുമായി സംസാരിച്ചതു്. അദ്ദേഹത്തെ പൂൎണ്ണമായി ഗ്രസിച്ചിരിക്കുന്ന, അദ്ദേഹത്തിന്റെ ഉള്ളു നിറഞ്ഞു നില്ക്കുന്ന ആ കാൎയ്യത്തെപ്പററി സംസാരിക്കുന്നതു് ആശ്വാസകരം മാത്രമല്ല, സന്തോഷപ്രദവും ആയിട്ടാണ് വാനവരമ്പനു് അനുഭവപ്പെട്ടുന്നതു്. അതേപ്പററി സംസാരിപ്പാൻ മററാരും ഇല്ലാത്തതു കൊണ്ടു്, ഏലീശായുമായി സംസാരിക്കയാണുണ്ടായതു്. അവിടെയും പ്രതിബന്ധങ്ങളും പരിമിതിയും ഉണ്ടെന്നറിയാമായിരുന്നു. സംഭാഷണവിഷയം എന്താണെന്നു ഏലീശാ ആരെയും ധരിപ്പിക്കയില്ലായിരിക്കാം. എന്നാൽ തന്നെയും കോയിലകത്തെ താന്ന ജോലിക്കാരിൽ ഒരുവനോടു പെരുമാൾ ഇത്ര അധികം സമയം സംസാരിക്കുന്നതെന്തെന്നു സംശയമുണ്ടാകും. ഒളിവിൽ നിന്നു് അതു കേൾക്കാൻ ആൎക്കും സൌകൎയ്യമുണ്ടാകരുതെന്നു കരുതി തുറന്ന കോലായിൽ വച്ചാണ് ഇപ്പോൾ സംസാരിച്ചതു്. എപ്പോഴെങ്കിലും ആരെങ്കിലും കേൾക്കുകയോ, അറിയുകയോ ചെയ്യുമെന്നു തന്നെ വയ്ക്കണം. അതുകൊണ്ടു്, മററുള്ളവർ തോന്നിയപാടു് കെട്ടിച്ചമച്ചു് എന്തെങ്കിലും കഥ പ്രചരിപ്പിക്കുന്നതിനു മുമ്പ് താൻ തന്നെ അല്പ വിവരങ്ങൾ പുറത്തേയ്ക്കു വിട്ടുകൊടുക്കുകയായിരിക്കും നന്നെന്നു തോന്നി. രാത്രി അതെപ്പററി കൂലങ്കഷമായി ചിന്തിച്ചു, പെരിങ്കോയിലകം കാൎയ്യക്കാരന്റെ അഭിപ്രായം ആരായുന്ന രീതിയിൽ അയാളെ കുറെ എല്ലാം ധരിപ്പിക്കാമെന്നു്, ഒന്നുരണ്ടു ദിവസങ്ങൾക്കുള്ളിൽ ആലോചിച്ചു തീൎച്ചപ്പെടുത്തി.

കാര്യക്കാരൻ വയ്യാപുരി വിശ്വസ്തനാണ്, കാര്യപ്രാപ്തി ഉള്ളവനാണ്. സമർത്ഥൻ, അതിസമർത്ഥൻ ആണ്. ബുദ്ധിശക്തി അസാധാരണമാണ്. ഏതു സംഗതിയെയും പററി ആലോചിച്ച് പറയുന്ന അഭിപ്രായം ശങ്കകൂടാതെ സ്വീകരിക്കാം. സ്വാമിഭക്തിയും ഉണ്ട്. ഇവ എല്ലാം വാനവരമ്പനും ബോദ്ധ്യമാണ്. അതിസാമർത്ഥ്യം രണ്ടു വശവും മൂർച്ചയുള്ള വാളാണെന്ന് ഓർക്കേണ്ടതുണ്ടെന്നു പെരുമാൾ തന്നത്താൻ പറഞ്ഞു. ഏതായാലും അയാളോടു സംസാരിക്കുക. തൻെറ അന്തർഗതം എന്താണെന്നു ധരിപ്പിക്കണമെന്നില്ലല്ലോ എന്നാണ് വാനവരമ്പൻ അവസാനമായി ഉറച്ചതു്. അടുത്ത ദിവസം രാവിലെ, വിവരങ്ങൾ ധരിപ്പിക്കുന്നതിനും, കല്പനകൾ വാങ്ങുന്നതിനും വയ്യാപുരി ഹാജരായി. പതിവുള്ള നടപടികളും ചടങ്ങുകളും കഴിഞ്ഞപ്പോൾ പെരുമാൾ ചോദിച്ചു —: "ഇനിയാരൊക്കെയാണ് കാത്തു നില്ക്കുന്നതെന്നു് അന്വേഷിക്കണം. അധികം ആളുകളില്ലെങ്കിൽ, അവരെ പറഞ്ഞയച്ച ശേഷം പോയാൽ പോരായോ വയ്യാപുരിക്കു്?

അന്വേഷണമോ അഭിപ്രായപ്രകടനമോ അല്ല, അതു രാജകല്പനയാണെന്നു അറിയാം ആ രാജസേവകനു്. കാത്തു നിന്നവരെയെല്ലാം കാര്യം കേട്ടു പറഞ്ഞയച്ച ശേഷം വയ്യാപുരി ഹാജരായി. പെരുമാൾ ചോദിച്ചു; "വെദ്ധപ്പാടൊന്നുമില്ലല്ലോ ?" അദ്ദേഹത്തിൻെറ ജീവിതത്തിൽ അങ്ങനെ ഒന്നുണ്ടായിട്ടേയില്ല എന്നു തോന്നുമായിരുന്നു വയ്യാപുരിയുടെ നോട്ടം കണ്ടാൽ! പെരുമാൾ തുടർന്നു. "എനിക്കു തോന്നുന്ന ചില സംശയങ്ങളെപ്പററി സംസാരിക്കണമെന്നു വച്ചാണ് വയ്യാപുരി നിൽക്കാൻ പറഞ്ഞതു്."

ആചാര ഭാഷയിലും അതോടു ബന്ധമുള്ള എല്ലാ രീതികളിലും അതിയായ വൈദഗ്ദ്ധ്യമില്ലാത്ത ഒരുവനു് രാജസേവയിൽ വിജയിക്കാൻ അക്കാലത്തല്ല, ഇക്കാലത്തും സാധിക്കയില്ല. ഡെമൊക്രസിയുടെയും, അണുകായുധങ്ങളുടെയും, ബാഹ്യാകാശ സഞ്ചാരത്തിൻെറയും കാലം. നവഗ്രഹങ്ങളെയെല്ലാം പിടിച്ചടക്കാൻ ശ്രമം നടക്കുന്നു. അങ്ങനെയുള്ള ഇക്കാലത്ത് എല്ലാവരും സമന്മാരാണെന്നു വയ്പുണ്ടു്.

പക്ഷെ ആ വസ്തു് ഒരു അതിരിങ്കൽ ചെല്ലുമ്പോൾ താഴത്തു വച്ചില്ലെങ്കിൽ, അപ്പുറത്തു കടക്കാൻ പററിയാൽ തന്നെയും പുരോഗതിക്കു മന്ദത സംഭവിക്കയെങ്കിലും ചെയ്യുമെന്നു് അനുഭവിച്ചിട്ടുള്ളവക്കു് അറിയാം. വയ്യാപുരി കൊട്ടാരത്തിൽ കേറിയിട്ടു പല പന്തീരാണ്ടായി. ആചാരഭാഷയും നടപടികളും എല്ലാം "സഹജ"മായി പോയിട്ടുള്ള ആ മനുഷ്യൻെറ സംഭാഷണം അതേ പടി പകത്താൻ ഞങ്ങളാൽ ആവില്ല. അതിനു തുനിയുന്നില്ല. ആചാര ഭാഷാ പ്രയോഗം വിട്ടു കളയുന്നു.

വയ്യാപുരി, ഒററ നോട്ടംകൊണ്ടു്, പെരുമാൾ പറയുന്നതു കേൾക്കുന്നതിനും അനുസരിച്ചു പ്രവത്തിക്കുന്നതിനും താൻ തയ്യാറെടുത്തു നിൽക്കുകയാണെന്നു ധരിപ്പിച്ചു.

പെ:—ഒരു ബൌദ്ധസന്യാസി നമ്മുടെ രാജ്യത്തു് എത്തിയിട്ടുണ്ടല്ലോ.

വയ്യാപുരി യാതൊരു ശബ്ദവും പുറപ്പെട്ടവിക്കാതെ, ഒററ നോട്ടം കൊണ്ടു് ആ ചോദ്യത്തിനു വളരെ വിശദമായ മറുപടി നൽകി.

പെ:—അദ്ദേഹം വളരെ ആളുകളെ ശിഷ്യന്മാരായി സ്വീകരിക്കയും, തൻെറ വേദമൊ ഉപദേശങ്ങളൊ പഠിപ്പിക്കയും ചെയ്യുന്നുണ്ടെന്നു കേട്ടു. അദ്ദേഹത്തെ ഒന്നു കണ്ടു സംസാരിച്ചാൽ എന്തെന്നൊരു മതം.

വയ്യാപുരി:—നമ്മുടെ നാട്ടിൽ വരുന്നവർ ആരുതന്നെ ആയാലും ഇവിടെ വന്നു് മുഖം കാണിക്കണമെന്നു് കല്പിക്കാമല്ലൊ.

പെ:—ഞാൻ കുറെ കൂടി വ്യക്തമായി പറയാം. വയ്യാപുരി ഈ സംഭാഷണം തൽക്കാലം പരസ്യമാക്കേണ്ടാ. അഭിപ്രായം എന്തെന്നു വച്ചാൽ തുറന്നു പറയുകയും ആവാം. ആ വ്യക്തിയൊ അയാളുടെ വേഷമൊ, രൂപമൊ കാണുക എന്നു ഉള്ളതല്ല എൻെറ ഉദ്ദേശം. അയാൾ പഠിപ്പിക്കുന്നതു് എന്താണു്. അതിൻെറ ലക്ഷ്യം എന്താണു്; ലക്ഷ്യപ്രാപ്തിക്കു നിർദ്ദേശിക്കുന്ന മാർഗ്ഗം എന്താണു് എന്നാരായുകയാണു്.

വയ്യാ:—സത്യം എന്താണെന്നും എവിടെയാണെന്നും അതനുസരിച്ചു ജീവിക്കുന്നതെങ്ങനെയാണെന്നും ആരായേണ്ടതു് എല്ലാവരുടെയും ചുമതലയാണു്. അപ്പോൾ ഒരു മഹാരാജ്യം ഭരിക്കുന്ന, അവിടുത്തെ ജനങ്ങളുടെ എല്ലാം ഭാഗധേയത്തിൻെറയും ചുമതല വഹിക്കുന്ന ചക്രവത്തീതിരുമേനി സത്യാന്വേഷണം നടത്തുന്നതു് തെററല്ല. എന്നല്ല അതു് അവശ്യാവശ്യമാണു് എന്നു സംശയലേശം കൂടാതെ പറയാം. പുതിയ വേദമൊ ഉപദേശമൊ എന്തൊക്കെയാണെന്നു ആരായുന്നതിലും അപകടം ഒന്നുമില്ലല്ലൊ.

പെ:—വയ്യാപുരി പറഞ്ഞതു ശരി. പക്ഷെ ബൌദ്ധനെന്നു പറയപ്പെട്ടുന്ന ഒരാളുമായി വേദത്തേയൊ ദൈവത്തേയൊ പററി ഞാൻ സംസാരിക്കുന്നു എന്നു പരസ്യമാകുമ്പോൾ ആളുകൾ ഓരൊ കൂട്ടം അനാവശ്യങ്ങൾ പറഞ്ഞു പരത്തുകയില്ലെ എന്നാണു് സംശയം.

വ:—ബൌദ്ധൻ എന്നു പറഞ്ഞാൽ ബുദ്ധമതക്കാരൻ എന്നും നിരീശ്വരൻ എന്നും വരുമല്ലൊ. അതിൽ നിരീശ്വരൻ എന്നതു മാത്രം സ്വീകരിച്ചു കൊണ്ടു് വല്ലതുമെല്ലാം പറഞ്ഞുണ്ടാക്കാൻ ആഗ്രഹവും ഒരുക്കവും ഉള്ളവർ കണ്ടേക്കാം. പശുവിൻെറ അകിട്ടിൽ നിന്നായാലും പാൽ കുടിക്കാതെ രക്തമല്ലേ കൊതുകു കുടിക്കു. അതു പോലുള്ള ആളുകൾ അസംഖ്യമാണു്. രാജസ്ഥാനത്തു നിന്നു വിചാരിച്ചാലും അവരുടെ നാവിനെ നിരോധിക്കാൻ പററുല. അവററകൾക്കു അനാവശ്യം പറയണമെങ്കിൽ പറഞ്ഞു കൊള്ളട്ടെ എന്നു വയ്ക്കുകയെ തരമുള്ളു. ഇവിടുത്തെയും പ്രജകളുടെയും നന്മയ്ക്കു് ആ സന്യാസിയുമായുള്ള സംഭഷണം ഉതകുമെന്നു തോന്നുന്നു എങ്കിൽ അദ്ദേഹത്തെ കാണുകയാണു് വേണ്ടതു്.

പെ:—വയ്യാപുരിയുടെ അഭിപ്രായം എൻെറ അഭിപ്രായത്തോടു യോജിച്ചുവന്നതു് സന്തോഷമായി. ഏതാ

നം ദിവസങ്ങളായി ഞാൻ ഈ കാര്യത്തെപ്പററി ചിന്തിക്കാൻ തുടങ്ങിയിട്ട്. ഏതു കാര്യത്തിലായാലും പുതിയ ഒരു മാർഗ്ഗം സ്വീകരിക്കുകയൊ ആരായുകയൊ ചെയ്താൽ ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തി കെട്ടുകഥകൾ കെട്ടി ചമച്ച് പ്രസിദ്ധപ്പെടുത്തുന്നതിന് നമ്മുടെ ആളുകൾക്കു് ഒരു പ്രത്യേക വിരുതുണ്ട്. അതുകൊണ്ടാണ് ഞാൻ സംശയിച്ചതു്.

വയ്യാപുരിയുടെ അഭിപ്രായം പെരുമാളിനെ ധൈര്യപ്പെടുത്തി. പെരുമാൾ അപകടത്തിൽ ചാടിക്കൊള്ളട്ടെ എന്നു വച്ച്, അയാൾ സ്വാഭിപ്രായം മറച്ചു വച്ച് വേറൊരു അഭിപ്രായം പറഞ്ഞുവെന്നു വരികയില്ലെന്നു പെരുമാൾക്കു നല്ല ബോദ്ധ്യം ഉണ്ടു്. അതുകൊണ്ടു് മുമ്പോട്ടു പോകാൻ തന്നെ ഉറച്ചു.

അന്നു രാത്രി വേറൊരു ആലോചന തോന്നി. ആണ്ടാളുമായി ഈവിഷയത്തെപ്പററി ഒന്നു സംസാരിച്ചാലെന്താണ്? വിശാല വീക്ഷണം ഉള്ള കൂട്ടത്തിലല്ല തൻെറ പട്ടമഹിഷി എന്നാണ് വാനവരമ്പൻ ചിരകാലാനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി തീർച്ചപ്പെടുത്തിയിട്ടുള്ളതു്. വലിയ കാര്യങ്ങളും നിസ്സാര കാര്യങ്ങളും തമ്മിൽ വിവേചിച്ച് ഫലത്തിന് അനുസരണമായ തീർപ്പു കല്പിക്കുകയൊ നടപടികൾ സ്വീകരിക്കുകയൊ ചെയ്യേണ്ടതായി വരുമ്പോളാണ് ഈ ബലഹീനത സ്പഷ്ടമാകുന്നതു്. എന്നാലും പൊറിന്തേവിയും സന്താനങ്ങളുടെ മാതാവും, സുഖദുഃഖങ്ങളിൽ തുല്യപങ്കാളി ആയിരിക്കേണ്ടവളും ആകയാൽ, ആണ്ടാളോടു സംസാരിക്കുക തന്നെ എന്നു പെരുമാൾ ഉറച്ചു. പിറേറന്നാൾ ഈ വിഷയം എടുത്തിട്ടു. അവർ അതു കേവലം നിസ്സാരമായി തള്ളി മാററിക്കളഞ്ഞു എന്നു പെരുമാളിനു തോന്നി. അവർ പറഞ്ഞു "എന്തൊക്കെയൊ പുതിയ തത്വങ്ങളുമായി ഒരു വിദ്വാൻ വന്നിട്ടുണ്ടെന്നും അയാൾക്കു് പല ഭാഷകൾ അറിയാമെന്നും ഞാൻ കുറെനാൾ മുമ്പു കേട്ടു. അക്കമ്മോളാണ് ആദ്യം പറഞ്ഞതെന്നു തോന്നുന്നു. കൺകെട്ട്, ഇന്ദ്രജാലം, മന്ത്രവാദം ഇവകൊണ്ടു് പലരും പല വിദ്യകൾ കാണിക്കുന്നുണ്ടല്ലൊ. ഈ മനുഷ്യൻ വലിയ മാന്ത്രികനാണെന്ന

ന്നാണ് പറയുന്നത്. അയാളെ വരുത്തി അയാളുടെ വിദ്യ കൾ കാണുന്നതിലെന്താണ് തെററ് ?

വീരപാണ്ഡ്യൻ ഒരു പുതിയതരം വീണ കൊണ്ടുവന്നി ട്ടുണ്ട്. അതു വായിക്കുന്നതിനു് അക്കമ്മാളെ അയാൾ പഠി പ്പിച്ചുകൊണ്ടിരിക്കുന്ന ദിവസങ്ങളാണ്. ആ അഭ്യസനം ഇല്ലാത്ത സമയത്താണെങ്കിൽ കൺകെട്ടും മഹേന്ദ്രജാലവും മററും കാണാൻ ഞാനും വരാം" എന്നു പെരുമാളെ സമാധാനപ്പെടുത്തി. ആണ്ടാൾ അവർ വച്ച വലയിൽ പൂച്ചി വീഴാൻ തുടങ്ങുന്നതു കണ്ടു രസിക്കുന്നതിനായി അക്ക മ്മാൾ വീണ വായിക്കുന്നിടത്തേയ്ക്കു പോയി.

# 5

പെരുന്തേവിയും, വിശ്വസ്തനായ കാര്യക്കാരനും അറിഞ്ഞതേ ഇല്ല, എന്നു പിന്നീടു പറയാൻ ഇടയാകരുതെന്നു പെരുമാളിനു നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ടും, കാര്യമായ എന്തെങ്കിലും അഭിപ്രായം അവർ പുറപ്പെടുവിക്കുന്ന പക്ഷം അതു പരിഗണിക്കാമെന്നുവച്ചും ആണ് അദ്ദേഹം അവരോടു സംസാരിച്ചതു്. വാനവരമ്പൻ നിർബ്ബന്ധബുദ്ധിയല്ല, എങ്കിലും ഒരഭിപ്രായം ഉണ്ടാകയും അതു ശരിയാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്താൽ ഉറച്ചുനിൽക്കാൻ കഴിവുണ്ടു്. അഭിപ്രായ ദാർഢ്യത ഉണ്ടെന്നു സ്ഥാപിക്കുന്നതിനുവേണ്ടി മാത്രം സ്വാഭിപ്രായത്തിൽ ഉറച്ചുനിൽക്കാൻ മുതിരുകയുമില്ല. വയ്യാപുരിയോ ആണ്ടാളോ, പെരുമാളുടെ അഭിപ്രായം ശരിയല്ലെന്നു വാദിച്ചിരുന്നു എങ്കിൽ, അവരുടെ വാദത്തെപ്പററി വേണ്ടവിധം പരിഗണിക്കുമായിരുന്നു. ഇവിടെ ആ വക ശല്യം ഒന്നും ഉണ്ടായില്ലല്ലോ. മുമ്പോട്ടു പൊയ്ക്കൊള്ളാൻ വിധി അനുവദിച്ചു എന്നാണ് പെരുമാൾ വിശ്വസിക്കുന്നതു്. ശ്ലീഹായുമായി അഭിമുഖസംഭാഷണം നടത്തുന്നതിനു് കഴിയും വേഗത്തിൽ അവസരം ഉണ്ടാക്കണമെന്നു ത്രുബനെ അറിയിക്കാൻ ഏലീശയോടു് പിറേറന്നാൾ തന്നെ ആവശ്യപ്പെട്ടു. "അധികതാമസം കൂടാതെ ശരിപ്പെടുത്തികൊള്ളാം; ശ്ലീഹാ രണ്ടാഴ്ചക്കുള്ളിൽ മടങ്ങുമെന്നാണ് താൻ അദ്ദേഹത്തെ പിരിഞ്ഞു സ്വഗൃഹത്തിലേക്കു പോരുന്ന സമയം പറഞ്ഞിട്ടുള്ളതു്." എന്നു് ത്രുബൻ പറഞ്ഞതായി ഏലീശാ അറിയിച്ചു. അപ്പോൾ മുതൽ, അദ്ദേഹം വന്നാൽ എവിടെവച്ചാണ് സംസാരിക്കേണ്ടതു്; രഹസ്യസംഭാഷണം ആണെന്നു പെരുങ്കോയിലകം അന്തേവാസികൾക്കു് തോന്നരുതു്; എന്നാൽ സംഭാഷണം മററാരും കേൾക്കുകയും വേണ്ടാ, അതിനുള്ള മാർഗ്ഗമെന്താണ്, എന്നായിരുന്നു ആദ്യമായി ഉണ്ടായ ചിന്ത. ഏകദേശം തൃപ്തികരമായ ഒരു വഴി കണ്ടുപിടിച്ചു. അതു കഴിഞ്ഞപ്പോൾ ആ സിദ്ധനോടു് എന്തെല്ലാമാണ് ചോ

ദിക്കേണ്ടതു് എന്നു് ആലോചിച്ചു തുടങ്ങി. എന്തു വന്നാലും പതറാത്ത മനസ്സ് ഇപ്പോൾ ഒന്നിലും ഉറച്ചുനില്ക്കുന്നില്ല. ഒന്നും ആലോചിക്കാൻ പററുന്നില്ല. എവിടെ നിന്നൊ വന്ന ഒരു സന്യാസി, ബൌദ്ധനൊ മന്ത്രവാദിയൊ അണെന്നു പറയപ്പെട്ടുന്നു. സാക്ഷാൽ ഈശ്വര ചൈതന്യം ഉള്ള ആളാണെന്നും അഭിപ്രായമുണ്ടു്. ഇതിൽ ഏതു ശരിയായാലും അദ്ദേഹത്തെ കാണുകയും, സംസാരിക്കുകയും, അദ്ദേഹം പ്രചരിപ്പിക്കുന്ന പുതിയ വേദത്തിൻെറ തത്വങ്ങളും രഹസ്യങ്ങളും ആരായുകയും ചെയ്യുന്നതിൽ എന്താണു് ഇത്ര ഭ്രമിക്കാനൊ പരിഭ്രമിക്കാനൊ ഉള്ളതു്? ഈ ചോദ്യത്തിനു മറുപടിയും തന്നത്താൻ പറഞ്ഞു. ഒന്നുമില്ല. അദ്ദേഹത്തോട്ടു് ഒന്നു ചോദിക്കണമെന്നു് ആദ്യം തന്നെ തീർച്ചപ്പെട്ടുത്തിയിട്ടുണ്ടു്. "ബെഹു ഭാഷാ നൽവരത്തെ"പ്പററി, അതല്ലാതെ ഒന്നും ഇപ്പോൾ തോന്നുന്നില്ല. ചോദിക്കാതെതന്നെ അദ്ദേഹം പറയുമായിരിക്കുമല്ലൊ, എന്നാണു് ഒട്ടുവിൽ വച്ചതു്.

അധിക ദിവസങ്ങൾ കാത്തിരിക്കേണ്ടതായിവന്നില്ല. "ഇന്നുവന്നേയ്ക്കും" എന്നു ഏലീശാ തിരുമനസ്സറിയിച്ചു. എപ്പോൾ വരുമെന്നു കൂടി അറിയിച്ചിരുന്നെങ്കിൽ എന്നോർത്തു. കാണാൻ വരുന്നവരെ നിയന്ത്രിക്കയൊ, സംഭഷണത്തിനിടയിൽ ആരും വന്നു ശല്യപ്പെട്ടുത്താതിരിക്കാൻ ചട്ടം കെട്ടുകയൊ എങ്കിലും ചെയ്യാമായിരുന്നു. അതും പററുന്നില്ല. ജീവിതരീതി വളരെ ലളിതമായതുകൊണ്ടു്, ദിനചര്യകൾ ക്രമപ്പെട്ടുത്തി, സന്യാസിയെ കാത്തിരിക്കാൻ വാനവരമ്പനു് ഒരു ബുദ്ധിമുട്ടും ഇല്ല. അദ്ദേഹത്തിനും മററുള്ളവക്കും അസൌകര്യത്തിനിടയാകരുതെന്നേയുള്ളൂ.

സന്യാസി വന്നാൽ ഉടൻ തന്നെ തൻെറ അട്ടത്തേയ്ക്കു് കൂട്ടിക്കൊണ്ടുവരണം. അദ്ദേഹം കാത്തുനില്ക്കാൻ ഇടയാകരുതു്. കൂടെ ശ്രുമ്പൻ എന്ന ജൂതപ്രധാനിയും ഉണ്ടായിരിക്കും എന്നു് തവണക്കാരോട്ടു് ആജ്ഞാപിച്ചിരുന്നു. സന്യാസി വന്നു. ഒരുത്തക്കും അസൌകര്യമില്ലാത്ത സമയം. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ സന്ദശ്കർ ആരെങ്കിലും വരുന്നെങ്കിൽ, ആ വിവരം അറിയിച്ചു മറുപടി കിട്ടാൻ ശ്രമിക്കാതെ, ആഗതൻ അല്പസമയം കാത്തിരിക്കാൻ ആവശ്യ

പ്പെടണം. കഴിവുണ്ടെങ്കിൽ സംസാരിച്ചുകൊണ്ടിരിക്കു മ്പോൾ ആരും തന്നെ സന്ദർശനമുറിയിലേയ്ക്കു വരാതിരിക്കണം എന്നും പെരുമാൾ ആജ്ഞനല്കി.

ത്രുബൻ ദ്വിഭാഷി ആയിട്ടാണ് സംസാരം ആരംഭി ച്ചതു്. കുശലപ്രശ്നങ്ങൾക്കു ശേഷം പെരുമാൾ ചോദിച്ചു, "അങ്ങേയ്ക്കു ഏതു ഭാഷ സംസാരിക്കുന്നതിനും കഴിയുമെന്നാ ണല്ലൊ ഞാൻ ധരിച്ചിരുന്നതു്."

മാർ തോമ്മാശ്ലീഹായുടെ മറുപടി ത്രുബൻ പരിഭാഷ പ്പെടുത്തി പറഞ്ഞു, "ഞാൻ ശരിയായ വിദ്യാഭ്യാസം തന്നെ ഉള്ളവനല്ല. എൻെറ മാതൃഭാഷ എഴുതുകയും വായി ക്കുകയും ചെയ്യാം. അതു തന്നെ കഷ്ടിയാണ്."

പെരുമാൾ:—അപ്പോൾ ഞാൻ കേട്ടതൊ?

ശ്ലീഹാ:—അങ്ങു് കേട്ടതു് ശരിയാണ്. അല്പം ഒരു തിരു ത്തൽ വേണമെന്നേയുള്ളു.

പെ:—എനിക്കു വ്യക്തമായില്ല.

ശ്ലീ:—അല്പം പിമ്പോട്ടു പോയി, എൻെറ പര്യടനോദ്ദേശ ത്തേയും, അതിനിടയാക്കിയ സംഗതികളെയും പററി നന്നാ ചുരുക്കിപ്പറയാം. ഉത്തരത്തിനു് അങ്ങിനെ ഒരു മുഖവുര വളരെ അത്യാവശ്യമാണ്.

പെ:—ഉത്തരം എനിക്കു മനസ്സാലാകുന്നതിനും അതു് ആവ ശ്യമായിരിക്കുമല്ലൊ. ഇങ്ങനെ ചോദിക്കാൻ എന്നെ പ്രേരിപ്പിച്ചതു് കേവലം ജിജ്ഞാസ അല്ലെന്നു് അറിയിക്കാൻ ആഗ്രഹമുണ്ടു്.

ശ്ലീ:—അങ്ങനെ ഒരു സംശയം തോന്നിയില്ല. ആമുഖം വളരെ ചുരുക്കാം. സർവചരാചരങ്ങളുടെയും സ്രഷ്ടാ വായ ദൈവം, ലോകത്തെ പാപഭാരത്തിൽ നിന്നു വിമുക്തമാക്കാൻ, തൻെറ പ്രിയപുത്രനെ ഇങ്ങോ ട്ടയച്ചു. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ യാതൊരു കളങ്കവും തീണ്ടിയിരുന്നില്ലെങ്കിലും അദ്ദേ ഹത്തിൻെറ സ്വജാതിക്കാർ മൃഗീയമാംവിധം വധിച്ചു. അങ്ങനെ യാഗമൃഗമായി പരിണമിച്ച ദൈവപുത്രൻെറ ഐഹിക ജീവിതകാലത്തു് ശിഷ്യ

ന്മാരായി ചിലരെ സ്വീകരിച്ചിരുന്നു. മരണാനന്തരം അദ്ദേഹം ഉയിർത്തെഴുന്നേററു. ഭയവിഹ്വലരായിത്തീന്നിരുന്ന ശിഷ്യന്മാക്കു് മുമ്പു് നൽകിയിരുന്ന ഉപദേശങ്ങൾക്കു് പുറമെ മററുപല ഉപദേശങ്ങളും നൽകിക്കൊണ്ടു് ലോകരക്ഷകൻ നാല്പതുദിവസം, അവരെ ധൈര്യപ്പെടുത്തുന്നതിനായി അവരോടു സമ്പക്കം പുലത്തി ഇഹത്തിൽ കഴിച്ചു. അദ്ദേഹത്തിൻെറ ഉപദേശം പ്രചരിപ്പിക്കുന്നതിനു് ശിഷ്യന്മാർ ലോകമെല്ലാം സഞ്ചരിക്കണമെന്നും, എല്ലാ ജാതിക്കാരെയും സമീപിക്കണമെന്നും അക്കാലത്തു് ആജ്ഞാപിച്ചു. അതിനുവേണ്ട അധികാരങ്ങളും കഴിവുകളും ശിഷ്യഗണത്തിനു പ്രദാനം ചെയ്യുകയും ഉണ്ടായി. സ്വഗ്ഗത്തിൻെറ ഉടയവനും, സർവശക്തനുമായ ദൈവം എല്ലാ കഴിവുകളും ഉപദേശ പ്രചരണത്തിനുവേണ്ടി ശിഷ്യന്മാക്കു നല്കുകയാണു് ചെയ്തതു്. അന്നു് ലഭിച്ചനൽവരങ്ങളുടെ ആഴവും വലിപ്പവും മഹാത്മ്യവും മനസ്സിലാക്കുന്നതിനു ശിഷ്യന്മാരായ ഞങ്ങൾക്കു കഴിഞ്ഞില്ല. ആ വരങ്ങളിൽ ഒന്നാണു് ബഹുഭാഷാനൽവരം. ദിവ്യരക്ഷകൻെറ ഉപദേശങ്ങൾ ഏതു ഭാഷക്കാക്കും മനസ്സിലാകത്തക്കവിധം, ശിഷ്യന്മാരുടെ വാക്കുകൾ കേൾവിക്കാരുടെ ഭാഷയിലേയ്ക്കു പരിഭാഷപ്പെടുന്നു

പെ:—ഇപ്പോൾ അങ്ങയുടെ സംസാരം ബ്രൂബർ പരിഭാഷപ്പെടുത്തുന്നല്ലൊ.

ശ്ലീ:—ദൈവത്തിൻെറ ഉദ്ദേശവും പ്രവൎത്തനരീതികളും മനസ്സിലാക്കാൻ മനുഷ്യനു കഴിവില്ല. കല്പനപ്രകാരം രക്ഷകൻെറ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നതിനു് ഞാൻ പ്രഭാഷണം ചെയ്യുമ്പോൾ, ദൈവത്തിൻെറ ശക്തിചൈതന്യം എൻെറ മേൽ ആവസിക്കുമ്പോൾ എൻെറ വാക്കുകൾ പല ഭാഷകളിലേയ്ക്കു പകത്തപ്പെടും. അങ്ങനെയുള്ള ഈശ്വര പ്രേരണ ഉണ്ടാകുന്നതു് അറിയാം. എന്നാൽ അതു് എപ്പോൾ സംഭവിക്കുമെന്നറിഞ്ഞുകൂടാ. അവിടുത്തെ ദിവ്യജ്ഞാന

ത്തിൻെറ ആഴം അളക്കുന്നതിനൊ, ചോദ്യം ചെയ്യുന്നതിനൊ കേവലം കീടമായ മനുഷ്യനു സാധിക്കുമോ?

പെ:—ഒന്നു കൂടെ ചോദിച്ചുകൊള്ളട്ടെ. അങ്ങ് ഇവിടെ വന്നതു് എങ്ങിനെയാണു്.

ശ്ലീ:—എങ്ങനെയെന്നു എനിക്കുതന്നെ നിശ്ചയമില്ല. എന്നെ നിയന്ത്രിക്കുകയും നടത്തുകയും ചെയ്യുന്ന ദിവ്യശക്തി ഇവിടേയ്ക്കു തിരിച്ചുവിട്ടു് നടത്തിക്കൊണ്ടുവന്നു എന്നു ചുരുക്കത്തിൽ പറയാം. ജൂതജാതി വളരെ അധികം കഷ്ടതകൾ അനുഭവിച്ചിട്ടുണ്ട്. അവർ അർഹിക്കുന്നതുകൊണ്ടൊ, അവരിലുള്ള കറ എല്ലാം കളഞ്ഞു തെളിച്ചു് എടുക്കുന്നതിനു വേണ്ടിയോ ആയിരിക്കാം അനവധി ശതാബ്ദങ്ങളായി ഈ വിധം സംഭവിക്കുന്നതു്. ഓരൊ പീഡനം ഉണ്ടാകുമ്പോൾ അനേകായിരങ്ങൾ നാനാവഴിക്കും ചിതറും. അവിടവിടെ വേരുറയ്ക്കും. അങ്ങനെ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിയേറിയ ജൂതവർഗ്ഗത്തെ് ദിവ്യരക്ഷകൻെറ സദ്‌വാർത്ത അറിയിക്കേണ്ടതു് ഞങ്ങളുടെ പ്രഥമ ചുമതലയാണെന്നു ഒരു ധാരണ ഉണ്ടായിരുന്നു. അതും, യാത്രാ സൌകര്യാദികളും ജൂത ജാതിക്കാരുള്ള ദിക്കിലേയ്ക്കു ഞങ്ങളെ ആകർഷിച്ചു. അങ്ങെയുടെ രാജ്യത്തിൻെറ പല ഭാഗങ്ങളിൽ, അവർ സ്വന്തനാട്ടിലേക്കാൾ സുഖമായും സന്തോഷമായും ജീവിതം നയിക്കുന്നു എന്നു് അറിയാമായിരുന്നു. ഇവിടേയ്ക്കു വരുന്നതിനുള്ള അതിയായ സൌകര്യവും ഒരു ആകർഷണമായിരുന്നു. എന്നാൽ എവിടേയ്ക്കു എപ്പോൾ എങ്ങിനെ പോകണമെന്നു് തീരുമാനിച്ചതൊന്നും ഞാനല്ലാ എന്നു പറഞ്ഞല്ലൊ. എന്നെ നടത്തുന്നശക്തി ഇവിടേയ്ക്കു നടത്തി. ഞാൻ വന്നു എന്നു പറഞ്ഞാൽ പൂത്തി ആവും.

അവർ തമ്മിൽ തുടന്നുണ്ടായ സംഭാഷണം പൂർണ്ണമായി മതപരമായിരുന്നു. അതുകൊണ്ടു് അവ ഈ ഗ്രന്ഥത്തിൽ

ഛേക്കത്തെക്കവെയല്ല. രണ്ടാൾക്കും അവരുടെ അഭിമുഖ സംഭാഷണം സന്തോഷവും തൃപ്തിയും നൽകി എന്നുമാത്രം രേഖപ്പെടുത്തിയാൽ മതി.

പെ:—"കുറെക്കാലങ്ങളായി, എനിക്കു് മനസ്സിനു സ്വസ്ഥത ഇല്ലാതായിട്ടു്. ലോകപ്രകാരം നോക്കുന്നപക്ഷം ഞാൻ വളരെ സന്തുഷ്ടനായിരിക്കേണ്ടതാണു്. ആരോഗ്യമുണ്ടു്. രാജസ്ഥാനമുണ്ടു്. രാജ്യത്തു് കലാപങ്ങളൊ പകർച്ചവ്യാധികളൊ ഇല്ല. ശത്രുക്കളെ ഇപ്പോൾ ഭയപ്പെടേണ്ടതില്ല. സൌഭാഗ്യകരമായ കുടുംബജീവിതമാണു് എൻേറതു്. ഇങ്ങിനെ ഒക്കെ ആയിട്ടും ജീവിതത്തോടു ഒരു മടുപ്പു് തോന്നിയതിന്റെ രഹസ്യം അങ്ങു് കാണിച്ചുതന്നപ്പോഴാണു് മനസ്സിലായതു്. ജീവിതദശയിൽ മൂന്നാം ഘട്ടം വാനപ്രസ്ഥമായിരിക്കണമെന്നാണു് ഞങ്ങൾ വച്ചിട്ടുള്ളതു്. പ്രാചീന ഭാരതീയ സംസ്കാരത്തിൽ ആ പ്രസ്ഥാനത്തിനു് അതിമഹത്തായ ഒരു സ്ഥാനമാണു് കല്പിച്ചിട്ടുള്ളതു്. അതിലേക്കു പ്രവേശിക്കുന്നതിനുള്ള കാലം ഇപ്പോൾ ആയിരിക്കുന്നു എന്നു തെളിഞ്ഞു. അവിടുന്നു വെളിച്ചം കാണിച്ചു തന്നില്ലായിരുന്നെങ്കിൽ, അവിടുത്തെ വെളിച്ചം എൻെറ കണ്ണു തെളിച്ചില്ലായിരുന്നു എങ്കിൽ, ഞാൻ ഈ കൂരിരുട്ടിൽ കിടന്നു് തപ്പിത്തടഞ്ഞു്, എൻെറ ആത്മാവിനെ നശിപ്പിക്കുമായിരുന്നു. ജീവാജീവാവസ്ഥയെപ്പററിയും, ധർമ്മാധർമ്മങ്ങളെപ്പററിയും അണുസ്കാന്ധങ്ങളെപററിയും, പരിണാമത്തെ സംബന്ധിച്ചും ഞാൻ പഠിച്ചിട്ടുണ്ടു്. അവയൊന്നും എൻെറ ആത്മാവിനെ രക്ഷിക്കുമായിരുന്നില്ല എന്നു ഇപ്പോൾ ബോദ്ധ്യമായി. അടുത്തനടപടി എന്താണെന്നു് അങ്ങു്തന്നെ തീർച്ചപ്പെടുത്തണം."

ശ്രീ:—എനിക്കു തീർച്ചപ്പെടുത്താനൊന്നുമില്ല, ദിവ്യരക്ഷകൻ വരച്ച വരയിൽകൂടി നമുക്കു പോകാം. അങ്ങെയെ മുദ്രകുത്തി രക്ഷകൻെറ പോരാളികളിൽ ഒരുവനായി സ്വീകരിക്കയാണു് ഇനി നടക്കേണ്ടതു്.

പെ:—മുദ്ര കുത്തപ്പെടാൻ ഞാൻ ഇതാ തയ്യാറായിരിക്കുന്നു.

ശ്രീ:—നല്ലതു തന്നെ. പെട്ടെന്നു ചെയ്യാവുന്നതൊ തീരുമാനിക്കാവുന്നതൊ ആയ ഒരു സംഗതിയല്ല അതു്.

പ്രത്യേകിച്ച് ലോകദൃഷ്ടിയിൽ വളരെ അധികം ചുമതലകളുള്ള, അത്യുന്നതമായ ഒരു സ്ഥാനം വഹിക്കുന്ന ഒരാൾ ഒന്നും ധൃതിയിൽ ചെയ്യരുത്. ഞാൻ നിർദ്ദേശിച്ച ഒരുക്കങ്ങൾ നടത്തുക.

പെ:—അവിടുത്തെ ഉപദേശം ഞാൻ സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഒന്നു് അറിയിച്ചുകൊള്ളട്ടെ. എന്തൊ വലിയ മാററങ്ങൾ വരുന്നു എന്നു്, എനിക്കു് എങ്ങിനെയൊ അറിയാമായിരുന്നു. ഞാൻ അതിനു ഒരുങ്ങിക്കൊണ്ടിരിക്കയുമായിരുന്നു. അതുകൊണ്ടാണു് അടുത്ത പടിയിലേയ്ക്കു കടക്കാം എന്നു ഞാൻ പറഞ്ഞതു്.

ശ്ലീ:—അങ്ങയെ രക്ഷകനു് ആവശ്യമുള്ളതിനാൽ ഒരുക്കുകയായിരുന്നു. അതിവിശാലമായ ഈ രാജ്യാധികാരാതിർത്തിയിലും അതിനു ചുററിലുള്ള രാജ്യങ്ങളിലും ദൈവവചനം പ്രചരിപ്പിച്ചു് അവിശ്വാസ സമുദ്രത്തിൽ കിടന്നു നട്ടം തിരിയുന്ന ജനലക്ഷങ്ങളെ സത്യദൈവത്തിങ്കലേയ്ക്കു തിരിക്കുന്നതിനുള്ള ദീപസ്തംഭമായിട്ടാണു് അങ്ങു് പരിണമിക്കാൻ പോകുന്നതു്. ഒരുക്കം മുമ്പോട്ടു പോകട്ടെ. ദൈവമാണു് അങ്ങയെ നടത്തുന്നതെന്നു് ഓക്കണം.

പെ:—ദൈവഹിതം എന്നിൽ നിവ്വഹിക്കപ്പെടട്ടെ.

അന്നത്തെ അതിപ്രാധാനവും ലോകചരിത്രത്തിന്റെ ഗതിമാററുന്നതിനു പര്യാപ്തമായതും ആയ അഭിമുഖസംഭാഷണം ആരംഭിച്ചതുപോലെ തന്നെ പകിട്ടൊന്നും കൂടാതെ, കൌതുകാത്മകമായ സംഭവ വികാസങ്ങൾ കൂടാതെ അവസാനിച്ചു. കൂടിക്കാഴ്ച അവസാനിക്കുന്നതുവരെ പെരുമാളിനെ കാണാൻ ആരെങ്കിലും വരികയൊ ഔദ്യോഗിക കായ്യങ്ങൾക്കായി ആർക്കെങ്കിലും അദ്ദേഹത്തെ സമീപിക്കേണ്ട ആവശ്യം ഉണ്ടാകയൊ ചെയ്തില്ല എന്നുള്ളതു്, ശകുനാദികളിൽ വിശ്വാസമുണ്ടായിരുന്ന വാനവരമ്പനു് ഇത്തമനിമിത്തമൊ, പിശുനശകുനമൊ ആയി തോന്നുകയുണ്ടായി.

ശ്ലീഹാ എണീററു. അപ്പോൾ പെരുമാൾ പറഞ്ഞു:- ക്ഷമിക്കണെ, പ്രത്യേകമായി അന്വേഷിച്ചറിയണമെന്നു

വച്ചിരുന്ന ഒരു സംഗതി ചോദിക്കാൻ വിട്ടുപോയി; പോകാൻ ധൃതി ഇല്ലെങ്കിൽ.........

ശ്ലീഹാ—യാതൊരു ധൃതിയുമില്ല. എന്താണ്? എനിക്ക് അറിയാവുന്ന സംഗതിയാണെങ്കിൽ, സന്തോഷത്തോടെ വിവരം ധരിപ്പിക്കാം.

പെ:—ഒരു അതിഥി ധരിച്ചിട്ടുള്ള വസ്തുത്തെയും മററും പററി ചോദിക്കരുതെന്നാണ് ഞങ്ങളുടെ വയ്പു്. സ്ത്രീകളെ ഇതു ബാധിക്കുകയില്ലെന്നു വയ്ക്കാം.

ശ്ലീ:—അങ്ങനെ ശങ്കിക്കേണ്ട. ക്ഷമാപണം കൂടാതെ തന്നെ ചോദിക്കാം.

പെ:—അങ്ങയുടെ കഴുത്തിൽ ധരിച്ചിരിക്കുന്ന ആ വസ്തു...

ശ്ലീ:—അന്വേഷിച്ചതിൽ എനിക്കു സന്തോഷമേയുള്ളു. അവിടുത്തേയ്ക്കു ബദ്ധപ്പാടില്ലെങ്കിൽ അല്പം വിശദമായി പറയാം.

പെ:—യാതൊരു ബദ്ധപ്പാടുമില്ല.

ശ്ലീ:—ഇതു് ഒരു ദണ്ഡനോപകരണത്തിൻെറ മാതൃകയാണ്. ഞങ്ങളുടെ ദേശങ്ങളിൽ മരണശിക്ഷയ്ക്കു വിധേയരാകുന്ന കുററവാളികളെ കഴുത്തിൽ കുടുക്കിട്ട് മരക്കൊമ്പിലൊ മററൊ തൂക്കിക്കൊല്ലുകയായിരുന്നു നടപ്പ്. എന്നാൽ ആ ശിക്ഷയ്ക്കു വിധേയനാകുന്നവൻ ക്ഷണത്തിൽ മരിച്ചുപോകുമെന്നുള്ളതുകൊണ്ടു്, അവർ അർഹിക്കുന്നത്ര വേദന അനുഭവിക്കുന്നില്ല എന്നു തോന്നിയവർ ആരൊ കണ്ടുപിടിച്ചതാണ് ഈ പൈശാചിക സാധനം—സ്ളീബാ. രണ്ടു കൈകളിലും കാലുകളിലും ആണിതറച്ചു മരത്തിൽ തൂക്കിനിർത്തിയാൽ കുററവാളി ക്ഷണത്തിൽ മരിക്കുന്നില്ല. വളരെസമയം അതിവേദന അനുഭവിച്ചേ അവസാനം ഉണ്ടാകയുള്ളു. ഞങ്ങളുടെ രാജ്യം പിടിച്ചടക്കിയ റോമക്കാർക്ക് ഈ ദണ്ഡനോപകരണത്തോടു വലിയ പഥ്യമാണെന്നു തോന്നുന്നു. ദിവ്യരക്ഷകനായ ഞങ്ങളുടെ കർത്താവിനെ, എൻെറ ജാതിക്കാരായ പുരോഹിതന്മാരുടെ പ്രേരണ അനുസരിച്ചു്, അവർ ആവ

ശ്യപ്പെട്ടതനുസരിച്ച് ഈ ഭയങ്കരയന്ത്രം ഉപയോഗിച്ചാണ് റോമൻ അധികൃതർ കൊന്നതു്. അങ്ങനെ ആയിരിക്കും താൻ ഈ ലോകത്തിൽ നിന്നു വേർപെട്ടുന്നതെന്നു അദ്ദേഹം പലപ്പോൾ സൂചിപ്പിച്ചതാണ്. അതിഭയങ്കരന്മാരായ കുററവാളികളെയും, അടിമകളെയും വധിക്കാൻ ഉപയോഗിക്കുന്ന ദണ്ഡനോപകരണം കുററമില്ലാത്തവനായ അദ്ദേഹത്തെ വധിക്കുന്നതിനു് ഉപയോഗിക്കുമെന്നു് വിശ്വസിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നില്ല. ഏതായാലും ഞങ്ങളുടെ ഗുരു, ഞങ്ങളുടെ കർത്താവ്, പറഞ്ഞതു പോലെ സംഭവിച്ചു. ആ മഹാത്യാഗത്തിൻെറ സ്മരണയ്ക്കായി ഈ പീഡനോപകരണത്തെ ഒരു ചിഹ്നമായി ഞങ്ങൾ സ്വീകരിച്ചു. തമ്മിൽ തമ്മിൽ പറഞ്ഞു് ഒത്തൊ ആലോചിച്ചൊ അല്ല. എല്ലാവക്കും ഒരേ സമയം ഒരേ തരത്തിലുള്ള പ്രചോദനം ഉണ്ടായി. ഇന്നും നിന്ദ്യമായി ഗണിക്കപ്പെട്ടുന്ന അതിനീചമായ ഒരു സാധനത്തിൻെറ പ്രതിരൂപമാണെങ്കിലും ഭാവിയിൽ, ഇതു് വാനോളം ഉയത്തപ്പെട്ടും. സ്ളീബാ, ഒരു സ്വർഗ്ഗീയ ചിഹ്നമായി, ലോകമെല്ലാം വണങ്ങുന്ന ഒരു സാധനമായിത്തീരും. എൻെറ കഴുത്തിൽ തൂങ്ങുന്ന ഈ മരക്കമ്പിനു് തിളക്കം ഉണ്ടെന്നു് അങ്ങേയ്ക്കു തോന്നിയതാണ്. ഒരു സമയം ഇതിന്മേൽ തട്ടിയ സൂയ്യപ്രകാശരശ്മികൾക്കു എങ്ങിനെയൊ ചലനം ഉണ്ടായതുകൊണ്ടായിരിക്കാം. ലോകമെല്ലാം ഇതിനെ പുകഴ്ത്തുകയും വണങ്ങുകയും ചെയ്യുന്നകാലം വരുന്നു എന്നു പറയാൻ നല്ല ധൈര്യമുണ്ടു്. ആ സ്ഥിതി കൈ വരുത്തുന്നതിനു് അവിട്ടുന്നും പ്രവത്തിക്കും; അവിട്ടത്തെ പ്രവത്തനങ്ങൾ അതിനു വളരെ സഹായിക്കും എന്നു് എനിക്കു് നല്ല ഉറപ്പുണ്ടു്...........

**പെ:—ഞങ്ങൾക്കു് ഈ ചിഹ്നം പുത്തരിയല്ല. ഒരു നീചായുധത്തോടൊ, ദണ്ഡനത്തോടൊ ബന്ധിച്ചല്ല ഞങ്ങൾ അതിനെ അറിയുന്നതു്. മംഗള സൂചകമായ ഒരു ചിഹ്നമായിട്ടാണു് ഞങ്ങൾ അതിനെ ഗണിക്കുന്നതു്.**

"സ്വസ്ഥികാ" എന്നാണ് പേരു്. സ്ലീബായു ടെയും സ്വസ്ഥികായുടെയും ആദ്യക്ഷരങ്ങൾ ഒന്നുത ന്നെയാണല്ലൊ.

ശ്ലീ:—സ്ലീബാ – സ്വസ്ഥികാ നിങ്ങൾക്കു്, ഈ രാജ്യ ത്തിനു് അത്യന്തം മംഗള സൂചകമായ ഒരു ചിഹ്നമാ യിരിക്കും നിശ്ചയം.

പെ:—അങ്ങെയുടെ ആശംസ ഈ രാജ്യത്തിനും എനിക്കും, അത്യന്തം അനുഗ്രഹപ്രദമായി ഭവിക്കുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. എൻെറ പേരു ഇന്നു സാൎത്ഥവത്തായിത്തീൎന്നു.

ശ്ലീ:—അതെനിക്കു ശരിക്കു മനസ്സിലായില്ല.

പെ:—വാനവരുടെ അൻപുള്ളവൻ ആണല്ലൊ "വാനവ രമ്പൻ." അങ്ങെയെ കാണുന്നതിനും പരിചയപ്പെട്ടു ന്നതിനും, പുതിയ വേദത്തെപ്പററി അറിയുന്നതിനും, എനിക്കു് ഇന്നു് അവസരം തന്നതു്, സ്വൎഗ്ഗവാസി കൾക്കു് എന്നോട്ടു് അതിയായ കരുണയും സ്നേഹവും ഉള്ളതുകൊണ്ടാണു്. അതാണു് എൻെറ പേരു സാൎത്ഥവത്തായി എന്നു പറഞ്ഞതു്.

ശ്ലീ:—കൎത്താവു് നിങ്ങളെ അനുഗ്രഹിച്ചു.

# 6

പാലയൂർ ഗ്രാമവും ക്ഷേത്രവും, ഉപേക്ഷിച്ച് ഓടിപ്പോയ നമ്പൂതിരിമാരുടെ പ്രധിനിധി എന്ന നിലയിൽ വാണംതുരുത്തി ത്രാതൻ നമ്പൂതിരിപ്പാട്ട് പെരുമാളിനെ കണ്ടു സംസാരിച്ചു. പ്രകൃത്യാ യാഥാസ്ഥിതികരും നിഷ്കളങ്കരുമാണ് നമ്പൂതിരിമാരെന്നുമുള്ള വസ്തു ഉറപ്പിക്കാൻ സഹായിക്കുന്ന കൂട്ടത്തിലാണ് വാണംതുരുത്തിയുടെ പ്രകൃതം. പാലയൂർ നമ്പൂതിരിഗ്രാമത്തിൻെറ നേതൃസ്ഥാനമായി ലോകം അംഗീകരിച്ചിട്ടുള്ള ഇല്ലമാണ് വാണംതുരുത്തി. ഇന്നും അതു പ്രത്യക്ഷമായി ചോദ്യം ചെയ്യപ്പെട്ടിട്ടില്ല. അദ്ദേഹത്തെ പെരുമാൾ സ്വീകരിച്ചതു് ആ നിലയിലാണ്. എന്നാൽ കലികാലം വരുത്തിയ മാററങ്ങൾ മൂലം പാലയൂരിൽ ചിലക്കു വാണംതുരുത്തിയുടെ നേതൃസ്ഥാനം വകവെച്ചു കൊടുക്കുന്നതിൽ അതൃപ്തിയുണ്ട്. അതു വളരെ പരസ്യമായില്ലെന്നേയുള്ളൂ. വാണംതുരുത്തിക്കു പ്രാധാന്യം നല്കിയതും, അദ്ദേഹത്തെ പാലയൂർ നമ്പൂതിരിമാരുടെ പ്രതിനിധിയായി ക്ഷണിച്ചതും മൂലം, പെരുമാൾ പാലയൂർ നമ്പൂതിരിമാരെ ആകമാനം അധിക്ഷേപിച്ചു എന്ന് ഈ അസംതൃപ്തർ ഒരു വാദം ഉയർത്തിയിട്ടുണ്ട്. ഈ വാദവുമായി ആരും അങ്ങിനെ മുമ്പോട്ട് ഇറങ്ങി ശബ്ദമുയർത്തിയില്ല. നമ്പൂതിരിമാർ കൂടി വെടിപറയുന്ന കൂട്ടത്തിൽ ക്ഷേത്ര പരിസരങ്ങളിൽ വച്ചു ചില പ്രസ്ഥാവനകൾ ഉണ്ടായതേയുള്ളൂ. എങ്കിലും അതിൻെറ സ്രഷ്ടാവായ കല്ലൂർ മനയ്ക്കൽ തുപ്പൻ ഭട്ടതിരിപ്പാട്ട്, ആ ഓശയിൽ നിന്ന് എത്രമാത്രം ലാഭം എടുക്കാൻ പററുമെന്ന് ആലോചിച്ചു, കണക്കു കൂട്ടി. പിന്നെ ചില ചെറിയ കുരങ്ങന്മാരുടെ കൈയിൽ പിടിച്ചു തീവാരിച്ചു. കല്ലൂർ വളരെ ചെറുപ്പമൊന്നുമല്ലെങ്കിലും ചെറുപ്പക്കാരുടെ കൂട്ടത്തിലാണ്! അല്പം മഷി ചേർത്താണ് അയാളെ ബ്രഹ്മാവു സൃഷ്ടിച്ചതെന്നു കല്ലൂർ പറയാറുണ്ട്. മഷി ചേർത്തതൊന്നുമല്ല, സാക്ഷാൽ ആസുരരക്തത്തോടു വേറേതൊ അല്പം ചേർന്നുകൊണ്ടു പററിയതാണ്, കുററപ്പെട്ടത്തേണ്ടതു

ബ്രഹ്മാവിനെ അല്ല എന്നു ചില "കുണ്ടണി"ക്കാർ പറയു ന്നുണ്ടു്. അതു ശരിയല്ല കേട്ടോ. അയാളുടെ ബുദ്ധിസാമ ൎത്ഥ്യത്തിൽ, അസൂയാലുക്കളായ "സ്നേഹിതന്മാർ" കെട്ടി ചമ ച്ചതാണതു്. ഒന്നുണ്ടു്. ആ ആഭാസത്തരം കല്ലൂരിൻെറ മുഖത്തു നോക്കി പറഞ്ഞാൽ പോലും അയാൾ ക്ഷോഭിക്ക യില്ല. അത്രമാത്രം നയമൊ, ക്ഷമയൊ ഉള്ള കൂട്ടത്തിലാണു്. എന്നാൽ പറഞ്ഞ മനുഷ്യൻ സൂക്ഷിച്ചുകൊള്ളണം. എന്നെ ങ്കിലും എവിടെവെച്ചെങ്കിലും കല്ലൂർ പകരം ചോദിക്കും. എന്നു്, എപ്പോൾ, ആ വിധം ആരോടു ചെയ്തിട്ടുണ്ടെന്നു കാണിക്കാൻ ആക്കും സാധിക്കയുമില്ല. എന്നാൽ ചുരുക്ക ത്തിൽ നാല്പത്തിരണ്ടു വയസ്സുള്ള കല്ലൂർ തുപ്പൻ ഭട്ടതിരി പ്പാട്ടു് ഒരു "കഥാപുരുഷൻ" ആയി കഴിഞ്ഞിരിക്കുന്നു. അയാളോടു് അസൂയയും ശത്രുതയും ഉള്ളവർ പലരുണ്ടു്. നേരിട്ടു് എതിക്കുന്നതിനൊ, എതിരു പറയുന്നതിനൊ അവ രിൽ വളരെ വളരെ ചുരുക്കം പേരെ മുതിരുകയുള്ളു. "പൂച്ച മയക്കി" എന്ന ചെടി മണത്ത പൂച്ചയെപ്പോലെയൊ, കീരിയെ കണ്ട പാമ്പിനെപ്പോലെയൊ ആണു് കല്ലൂരിനെ കാണുന്ന നമ്പൂതിരിമാരുടെ സ്ഥിതി എന്നു പ്രസിദ്ധമാണു്.

പാലയൂർ വിട്ടുപോയ നമ്പൂതിരിമാരിൽ ഭൂരിഭാഗവും വെമ്മേനാട്ടിലാണു് കുടിയിരുന്നതു്. വാണംതുരുത്തി ആ കൂട്ട ത്തിൽ പെട്ടയാളല്ല. അദ്ദേഹം മുശിരിക്കോടിനടുത്തു് ജയ രഥേശ്വരത്തേയ്ക്കാണു് പുറപ്പെട്ടുപോയതു്. ഒപ്പം രണ്ടുനാലു് ഇല്ലക്കാരും ഉണ്ടു്. അതുകൊണ്ടും പാലയൂരുനിന്നു ഇറ ങ്ങിപ്പോയ നമ്പൂതിരിമാരുടെ പ്രാതിനിധ്യം വാണംതുരുത്തി ഒരിക്കലും അർഹിക്കുന്നില്ല എന്നു കല്ലൂർ കണ്ടുപിടിച്ചു! പാലയൂരിൽ യഥാൎത്ഥത്തിൽ ഉണ്ടായ സംഭവങ്ങൾ എല്ലാം വാണംതുരുത്തി അതേപടി പെരുമാളിനെ ധരിപ്പിക്കയാൽ "ആ മാന്ത്രികൻെറ പ്രവൎത്തനങ്ങൾ എല്ലാം നീതീകരിക്ക യാണു് ചെയ്തതു്. അതു നമ്മുടെ മുഖത്തു കരിതേയ്ക്കുകയായി രുന്നോ?" ഇവ ആയിരുന്നു ശബ്ദകോലാഹലങ്ങൾ കൂടാതെ കല്ലൂർ നടത്തിയ പ്രചരണത്തിൽ ഉന്നയിച്ച വാദ ങ്ങൾ. വെമ്മേനാട്ടു കുടിയിരുന്ന നമ്പൂതിരിമാർ എല്ലാവരും തന്നെ അയാളോടു യോജിച്ചു. അത്രയും സാധിച്ചു കഴിഞ്ഞു് ഇനി എന്താണു് വേണ്ടതെന്നു കല്ലൂർ സ്വപക്ഷീയരോടു

ചോദിച്ചു. അവർ വായ് പൊളിച്ചു, കൈമലത്തി. "പെരുമാളെ വാണംതുരുത്തി തെററിദ്ധരിപ്പിച്ചതുകൊണ്ടാണ് നമ്മുടെ പരാതികൾക്കു പരിഹാരം ഉണ്ടാകാതിരിക്കുന്നതു്. ആ തെററിദ്ധാരണ നീക്കാൻ ശ്രമിക്കണം. പെരുമാൾ ഒരു ശുദ്ധാത്മാവാണ്. അദ്ദേഹത്തെ കണ്ടു സംഗതികൾ നേരാംവണ്ണം ധരിപ്പിക്കണം" കല്ലൂരിൻെറ ഈ അഭിപ്രായം വളരെ ശരിയാണെന്നും, പെരുമാളിൻെറ തെററിദ്ധാരണ നീക്കാൻ വേണ്ടതു ചെയ്യേണ്ടതാണെന്നും, എല്ലാവരും സമ്മതിച്ചു. അതിനു പററിയ മാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുക്കേണ്ട ഭാരവും കല്ലൂരിൻെറ തലയിൽ തന്നെ വീണു.

"ആരെങ്കിലും രണ്ടോ മൂന്നോ പേർ പെരുമാളിനെ നേരിട്ടു കണ്ടു വിവരങ്ങൾ ധരിപ്പിക്കണം" ഇതായിരുന്നു കല്ലൂരിൻെറ കുറിപ്പടി. നേതാവിൻെറ അഭിപ്രായം അനുയായികൾ സ്വീകരിച്ചു.—ഇതിനകം നേതാവെന്ന നില അംഗീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു.—പ്രതിനിധി സംഘത്തെ നയിക്കുന്ന ഭാരവും കല്ലൂരിൽ സമപ്പിക്കപ്പെട്ടു. ഗത്യന്തരമില്ലാഴികയാൽ പൊതുനന്മക്കായി അതു വഹിച്ചുകൊള്ളാമെന്നു നേതാവു സമ്മതിക്കുകയും ചെയ്തു.!!

കല്ലൂരിൻെറ പദ്ധതിക്കു് ഒരു രൂപം ഉണ്ടായി. ഇനി അതു വികസിപ്പിച്ചു ഫലപ്രാപ്തിയിൽ എത്തിക്കണം. ഫലം എന്തായിരിക്കുമെന്നു നിശ്ചയമില്ലെന്നു വയ്ക്കുക. എന്നാലും നേതാവായി അംഗീകരിക്കപ്പെട്ടതു വിജയം തന്നെ ആണല്ലൊ. തലസ്ഥാനത്തു് എത്താതെ പെരുങ്കോയിലകത്തു സ്വാധീനം ചെലുത്താൻ പററുകയില്ല. കല്ലൂരും അനുയായികളും കൂടൊരു ദിവസം ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. നേതാവു് കല്ലൂർ തുപ്പൻ ഭട്ടതിരി പറഞ്ഞു. "നാം ഒന്നു് ഓത്തിരിക്കേണ്ടതുണ്ടു്. നമുക്കു ലക്ഷ്യം പ്രാപിക്കണമെങ്കിൽ, ഇപ്പോൾ ഒന്നും പരസ്യമാകരുതു്. ഒരുക്കമെല്ലാം വളരെ രഹസ്യമായി, ഗോപ്യമായി നടത്തണം. പൂത്തി ആകുമ്പോൾ......"

എടയാട്ടു് ഇല്ലത്തു ചങ്കരൻ നമ്പൂതിരി ഉശിരുള്ള ഒരാളാണ്. ഗൂഢാലോചനക്കാരിൽ അയാളെക്കാൾ ബുദ്ധിശക്തിയുള്ളവർ പലരുണ്ടു്. അത്രയും കായികശക്തിയുള്ള

വർ വേറെ ആരുമില്ല. എടയാട്ട പറഞ്ഞു. "ഗോപ്യമായിരിക്കേണ്ടയാവശ്യമെന്താണു്? ഒളിച്ചുകളി നന്നല്ല. എനിക്കു് അതു തീരെ ഇഷ്ടമല്ല."

കല്ലൂർ:—നമ്പൂരിയുടെ അഭിപ്രായം ആദരണീയമാണെന്നുള്ളതിൽ സംശയമില്ല. എന്നാൽ തന്ത്രം വളരെ ആവശ്യമാണെന്നു ദേവന്മാർ പോലും സമ്മതിക്കുന്ന കാൎയ്യമാണെന്നു പുരാണങ്ങളിൽ നിന്നു നമുക്കു മനസ്സിലാക്കാം.

എട:— ദേവന്മാൎക്കു് അതൊക്കെ ആവാം. നമ്മൾ മനുഷ്യരല്ലെ. കൈയ്യൂക്കുള്ളവനാണു് കാൎയ്യക്കാരൻ എന്ന തത്വം വിസ്മരിച്ചാൽ......

കല്ലൂർ:— ഒന്നും വിസ്മരിക്കയില്ല. കൈയ്യൂക്കു് എടുത്തു പ്രയോഗിക്കേണ്ട ഘട്ടവിൽ അതു പ്രയോഗിക്കാം. നമ്പൂരി കൂടെയുള്ളപ്പോൾ അതിനു പണി ഇല്ലല്ലൊ. ഞാൻ പറഞ്ഞുവന്നതു തുടരാം. പെരുങ്കോയിലകത്തു എന്തെങ്കിലും നടക്കണമെങ്കിൽ അവിടുത്തെ സിൽബന്ധികളിൽ ചിലരെ എങ്കിലും പാട്ടിലാക്കണം. അതു വളരെ പ്രയാസമുള്ള സംഗതിയാണെന്നു നിരുവിക്കേണ്ടാ. പക്ഷെ......

ഒരു നമ്പൂതിരി:—എന്താ പൂൎത്തി ആക്കാത്തതു്......

കല്ലൂർ:—വിശേഷിച്ചെന്തെങ്കിലും ഉണ്ടായിട്ടല്ല. അതിനൊക്കെ ഒരു തത്വം വേണം. തക്കം നോക്കി പ്രയോഗിച്ചാൽ അവരെ എല്ലാം ക്ഷണത്തിൽ പാട്ടിലാക്കാം.

എട:—എന്നു വച്ചാൽ.

കല്ലൂ:—കണ്ടു പറഞ്ഞാൽ ഒക്കെ ശരിപ്പെട്ടത്തിക്കളയാമെന്നു പറയും. പക്ഷെ......

എട:—കല്ലൂരിനു് ഇന്നു വിക്കു പിടിപെട്ടോ എന്തോ സംസാരം പൂൎത്തി ആക്കാൻ പററുന്നില്ലല്ലൊ.

കല്ലൂ:—എൻെറ പ്രകൃതത്തിനും, നമ്മുടെ നമ്പൂരിത്വത്തിനും യോജിച്ച മാൎഗ്ഗമാണോ ഞാൻ ചൂണ്ടിക്കാണിക്കേ

ണ്ടതായി വന്നതു് എന്നൊരു ശങ്ക. അതാണു് മടിക്കുന്നതു്.

എട:—എന്തായാലും പറയൂ. കേൾക്കാതെ അഭിപ്രായം പറയുന്നതിനൊ, തീരുമാനിക്കുന്നതിനൊ പററുകയില്ലല്ലൊ.

കല്ലൂ:—പെരുങ്കോയിലകത്തെ, സിൽബന്ധികളുടെ ആനുകൂല്യം സമ്പാദിക്കുന്നതിനു് അവക്കു വല്ല സമ്മാനവും കൊടുക്കേണ്ടതായി വരും.

ഒരു നമ്പൂതിരി:—അത്ര മാത്രമെയുള്ളോ. അതു സാരമില്ല. കൈക്കൂലി കൊടുക്കുന്നതിനാണെങ്കിൽ, ഞാൻ ഒരു കാലത്തും സമ്മതിക്കയില്ല. അതു് ആയ്യന്മാക്കു് യോജിച്ചതല്ല. എന്തു നഷ്ടം വന്നാലും സമ്മതിക്കയില്ല. സമ്മാനം കൊടുക്കുന്നതു്—അതു വേറെ കായ്യം. അതിൽ തെറെറാന്നുമില്ല.

കല്ലൂർ ഒന്നു് ഇളകിയിരുന്നു. "അല്ല തെററുണ്ടെന്നു് എനിക്കു ശങ്കയുണ്ടായിട്ടൊന്നുമല്ല. നിങ്ങൾക്കു് ആ വിധം തോന്നി മക്കടമുഷ്ടി പിടിച്ചെങ്കിൽ നമ്മുടെ ലക്ഷ്യത്തിൽ എത്താൻ സാധിക്കാതെ വരുമല്ലൊ, എന്നു വച്ചു ശങ്കിച്ചതാണു്."

നെട്ടേടത്തു കേശവൻ നമ്പൂതിരി കൈ ഇരിപ്പു വളരെയുള്ള കൂട്ടത്തിലാണു്. ഉള്ളതിൽ കൂടുതൽ ഉണ്ടെന്നു ലോകർ ധരിച്ചിട്ടുണ്ടെന്നും, എല്ലാവക്കും വലിയ സ്പദ്ധയാണെന്നും, നെട്ടേടത്തിനു സ്ഥിരം പരാതിയുണ്ടു്. സമ്മാനമൊ കൈക്കൂലിയൊ എന്താണു് പെരിങ്കോയിലകം സിൽബന്ധികൾക്കു കൊടുക്കുന്നതെന്നു വച്ചാലും അതു തൻെറ കൈയിൽനിന്നു് എടുക്കേണ്ടതായി വരുമെന്നാണു് അയാളുടെ ഭയം. അതു് ഏറക്കുറെ ശരിയുമാണു്. എങ്കിലും നെട്ടേടം മൌനമായിരുന്നില്ല. "കായ്യം കാണാൻ സമ്മാനം കൊടുക്കണമെങ്കിൽ കൊടുക്കണം. മററുള്ളവർ എടുക്കുന്ന വീതം എടുക്കാൻ ഞാൻ തയ്യാറാണു്."

കല്ലൂ:—ഒരാളിൽ നിന്നു് അതിലധികം പ്രതീക്ഷിക്കുന്നതു് അധമ്മമാണല്ലൊ. അധമ്മം മൂലം ഉണ്ടായിട്ടുള്ള

കെട്ടതികൾ പരിഹരിച്ചു കിട്ടുന്നതിനാണു് നാം ശ്രമിക്കുന്നതു്. ആ നാം അധൎമ്മത്തിനു മുതിരുന്നതു് ഒരിക്കലും ശരിയല്ല. ഞാൻ അതിനു കൂട്ടു നില്ക്കുകയു മില്ല.

തത്വം ശരിയാണെങ്കിലും ചെലവു മുഴുവനും അല്ലെങ്കിലും ഭൂരിഭാഗവും താൻ വഹിക്കേണ്ടതായി വരുമെന്നു് അറിഞ്ഞുകൊണ്ടു തന്നെ, ഗതികെട്ട നെട്ടേടവും സമ്മതം മൂളി. അടുത്ത ദിവസം പുറപ്പെടണമെന്നും, രണ്ടോ മൂന്നോ പേർ പോയാൽ മതി എന്നും കല്ലൂർ അഭിപ്രായപ്പെട്ടു.

ഒരു ബ്രഹ്മചാരി:—അതല്ല ഒരു പത്തു പേരെങ്കിലും ഉണ്ടായിരിക്കണം.

കല്ലൂ:—അതു നല്ല അഭിപ്രായമാണു്. ആൾ കൂടുതലുണ്ടെങ്കിൽ, നമ്മുടെ സങ്കടം വളരെ വലുതാണെന്നു പെരുമാൾക്കു ക്ഷണത്തിൽ മനസ്സിലാകും പക്ഷെ......

എട:—പറയൂ ബാക്കി കൂടെ. കല്ലൂരിനാണു് ഈ വക സംഗതികളിൽ ഞങ്ങളെക്കാൾ വിവരമുള്ളതു്. അതല്ലെ നിങ്ങൾ പറയുന്നതു ഞങ്ങൾ സ്വീകരിക്കുന്നതു്. പ്രതിനിധി സംഘത്തിന്റെ നേതാവായി അംഗീകരിച്ചതും അതുകൊണ്ടല്ലെ ? എന്താണു് അഭിപ്രായമെന്നു വച്ചാൽ തുറന്നു തന്നെ പറയാം. തെററിദ്ധരിക്കയും മററുമില്ല.

കല്ലൂ:—തെററിദ്ധരിക്കുമെന്നു വച്ചിട്ടൊന്നുമല്ല. നിങ്ങളേക്കാൾ ഈ കാൎയ്യത്തിൽ എനിക്കു വളരെ കൂടുതൽ വിവരമില്ല. എങ്കിലും നാം ഒന്നിനു് ഇറങ്ങി തിരിക്കുമ്പോൾ നാനാവശങ്ങളും നോക്കണമല്ലൊ എന്നു വച്ചാണു്. അവിടെ എത്തിയാൽ അന്നു തന്നെയൊ അടുത്ത ദിവസമൊ പെരുമാളിനെ കാണാൻ പററിയില്ല എന്നു വരാം. ചിലപ്പോൾ ഒരാഴ്ചയൊ പത്തു ദിവസമൊ താമസിക്കേണ്ടതായി വരാൻ പാടില്ലാഴികയില്ല. അപ്പോൾ നാം എല്ലാവരും കൂടി പുറപ്പെട്ടാൽ പല ബുദ്ധിമുട്ടുകൾ ഉണ്ടാവാം. ചെലവധികമാകും. അധിക ദിവസം അവിടെ താമസി

ക്കാൻ സൌകര്യമില്ലാത്തവർ ഉണ്ടായിരിക്കാം. ഒക്കെ കൂടെ ആലോചിച്ചാണ് രണ്ടൊ മൂന്നൊ ആൾ പുറപ്പെട്ടുക എന്നു ഞാൻ അഭിപ്രായപ്പെട്ടതു്.

എട:— അങ്ങിനെ തന്നെ ആവട്ടെ.

കല്ലൂ:—ആൾ കൂട്ടുതൽ ഉണ്ടായാൽ കൂട്ടുതൽ പ്രയോജനമുണ്ടാകുമെന്നു കണ്ടാൽ ഇങ്ങോട്ടു് അറിയിക്കാം. നിങ്ങൾക്കു ക്ഷണത്തിൽ വരാൻ പററുമല്ലൊ.

എട: —ആവട്ടെ, രണ്ടൊ മൂന്നൊ പേർ പുറപ്പെട്ടുക തന്നെ. ആരൊക്കെയാണു്? കല്ലൂർ തീച്ചപ്പെടുത്തണം.

കല്ലൂ:—നെട്ടേടം കൂടെ വരുമെങ്കിൽ പെരിങ്കോയിലകത്തും കുറെ ഒക്കെ അറിയപ്പെട്ടുന്ന ആളായതുകൊണ്ടു്— വേറെ ആരും തന്നെ ഇല്ലെങ്കിലും തെററില്ല.

പ്രതീക്ഷിച്ച കുരുക്കിൽ നിന്നു ചാടാൻ മാൎഗ്ഗം കാണാതെ കുഴങ്ങുകയാണു് നെട്ടേടം. അല്പ സമയം ആലോചിച്ചു. ഒടുവിൽ "ആവട്ടെ" എന്നു മാത്രം പറഞ്ഞു. കല്ലൂരിനെ നോക്കിയ നോട്ടത്തിൽ ശിവൻെറ മൂന്നാം തൃക്കണ്ണിലെ ജ്വാല അത്രയും ഉണ്ടായിരുന്നു. കല്ലൂർ അതു കാണുകയും അറിയുകയും ചെയ്ത ഭാവമെ ഇല്ല. എങ്കിലും ചുണ്ടുകളിൽ ഉയൎന്ന ഇളം പുഞ്ചിരി, കഥ അറിഞ്ഞു എന്നു നെട്ടേടത്തെ ധരിപ്പിച്ചു.

എന്നു്, എപ്പോഴാണു് പുറപ്പെട്ടുന്നതെന്നു് ആയിരുന്നു പിന്നത്തെ ആലോചന. "അട്ടുത്ത ശനിയാഴ്ച ആയാലെന്താണു്" എടയാട്ടു ചോദിച്ചു. "ശനി താമസം വരുത്തുന്നവനാണു്. അന്നു വേണ്ട. ഞായറാഴ്ച ആയാൽ വേണ്ടില്ലായിരിക്കും" എന്നു് ഒരാൾ പറഞ്ഞു.

"നാൾ നന്നല്ല. രമാരുദ്രാഹി.........യാത്ര പോകിലവൻ വരാ" എന്നല്ലെ. ഞങ്ങൾ മടങ്ങി വരരുതെന്നു നിങ്ങൾ ആഗ്രഹിക്കുന്നില്ലല്ലൊ" എന്നായി കല്ലൂർ. നാളും തിഥിയും എല്ലാം ഒത്തുവന്നു തിങ്കളാഴ്ച. അന്നു തന്നെ പുറപ്പെട്ടുക എന്നു തീച്ചപ്പെടുത്തി.

യാത്രച്ചെലവു് ആലോചനാവിഷയമാക്കാൻ ഭാവമെ ഇല്ലെന്ന സംശയം തോന്നിയ നെട്ടേടം ചോദിച്ചു. "ഞങ്ങളുടെ യാത്രച്ചെലവിനുള്ള വഴി എന്താണു്. അതു പരിഗണിക്കേണ്ടയോ."

"നെട്ടേടം കൂട്ടത്തിൽ പോകുമ്പോൾ യാത്രച്ചെലവിനെപ്പററി മററുള്ളവർ ചിന്തിക്കാനുണ്ടോ" എന്നു എല്ലാവരും കൂടി എന്നവണ്ണം ചോദിക്കുകയും തുടന്നു പൊട്ടിച്ചിരിക്കുകയും ചെയ്തതോടെ ആ പ്രശ്നം പരിഹൃതമായി! നെട്ടേടം ഒഴിച്ചു ബാക്കി എല്ലാവരും സന്തുഷ്ടരുമായി.

കല്ലൂരും, നെട്ടേടവും ശിഷ്യൻ ഒരു ബ്രഹ്മചാരിയുമായിട്ടാണു് പുറപ്പെട്ടതു്. വളരെ അടുത്ത കാലംവരെ ലളിതജീവിതത്തിനു പ്രസിദ്ധരായിരുന്ന നമ്പൂതരിമാരുടെ സ്ഥിതി രണ്ടായിരത്തോളം വഷങ്ങൾക്കു മുമ്പു്, എത്രമാത്രം ലളിതമായിരുന്നിരിക്കണം ? ആദിശങ്കരൻെറ കാലത്തിനു ശേഷം ഹിന്ദുമതത്തിനും ചതുവ്വാണ്യത്തിനും, തൻമൂലം നമ്പൂതിരിബ്രാഹ്മണക്കും ലഭിച്ച ഉച്ചനില, ക്രിസ്ത്വാബ്ദാരംഭ കാലത്തു ഉണ്ടായിരുന്നില്ല. അതുകൊണ്ടു പെരിങ്കോയിലകത്തു "തള്ളിപ്പൊളിച്ചു" കേറിച്ചെല്ലുന്നതിനു കല്ലൂർ പ്രഭൃതികൾക്കു കഴിഞ്ഞില്ല. പെരുമാളിൻെറ സമയം കാക്കുന്നതിനേക്കാൾ പണി, പെരിങ്കോയിലകത്തെ അധികാരികളെയും സിൽബന്ധികളെയും പ്രീതിപ്പെടുത്തുക ആയിരുന്നു. രാജസ്ഥാനങ്ങൾ അന്തദ്ധാനം ചെയ്യുന്നതുവരെ സ്ഥിതി ഏതാണ്ടു് അങ്ങിനെ തന്നെ ആയിരുന്നുവല്ലൊ. കല്ലൂരിൻെറ സാമത്ഥ്യം പെരിങ്കോയിലകത്തെ സേവക പരിഷകളെ പാട്ടിലാക്കാൻ വളരെ പ്രയോജനപ്പെട്ടു എന്നാണു് അയാളുടെ ഭാവം. പക്ഷെ തൻെറ മടിശ്ശീല വളരെ ശുഷ്കിച്ചു പോയി എന്നു നെട്ടേടം സങ്കടപ്പെടുന്നുണ്ടു്. അതു് അദ്ദേഹത്തിൻെറ പ്രകൃതമാണെന്നു കല്ലൂർ സമാധാനപ്പെട്ടു.

തിരുവഞ്ചിക്കുളത്തു് എത്തി നാലാം ദിവസം പെരിങ്കോയിലകം കാര്യക്കാരെ കണ്ടു കാര്യം പറയുന്നതിനു സാധിച്ചതു കാര്യമായ ഒരു വിജയം തന്നെ ആണെന്നാണു് കല്ലൂരിൻെറ അഭിപ്രായം. നമുക്കും അയാളോടു് യോജിച്ചുകളയാം. മുഖം കാണിക്കുന്നതിനു് അനുമതി ആവശ്യപ്പെട്ടാൽ, വാങ്ങി

ക്കൊട്ടക്കണമൊ വേണ്ടയൊ എന്നു കാൎയ്യക്കാർ അന്വേഷിക്കുക പതിവുണ്ടു്. അനുമതി നല്ക്കേണ്ടതാണെന്നു് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടാൽ മാത്രം പെരുമാളിനെ അറിയിക്കും. ആ വിധം ഒരു നിയന്ത്രണമേൎപ്പെട്ടത്താതിരുന്നാൽ തിരുമേനിക്കു മററൊന്നിനും സമയവും സാവകാശവും ഉണ്ടായിരിക്കുക ഇല്ലെന്നാണു് കാൎയ്യക്കാർ വയ്യാപുരിയുടെ അഭിപ്രായം. പെരിങ്കോയിലകം കാൎയ്യങ്ങൾ സംബന്ധിച്ചു് അല്പ വിവരം ഉള്ളവരെല്ലാം, കാൎയ്യക്കാരോടു സന്തോഷമില്ലാത്തവർ പോലും, അതു ശരിയാണെന്നു സമ്മതിക്കുകയും ചെയ്യും. ഇക്കാരണങ്ങളാൽ കല്ലൂർ മുതൽപേർ ആദ്യമായി കാൎയ്യക്കാരെ "മുഖംകാണിക്കുക"യാണുണ്ടായതു്.

വയ്യാപുരി പറഞ്ഞു. "തമ്പുരാനു് വളരെ ജോലിയുണ്ടു്—തിട്ടക്കമുള്ളവ തന്നെ ഉണ്ടു്. വഹിക്കാവുന്നതിൽ അധിക ഭാരമാണു് അവിടെ നിന്നു വഹിക്കുന്നതു്. അതു കൊണ്ടു മുഖം കാണിക്കാൻ ആഗ്രഹിക്കുന്നവരുടെ ഉദ്ദേശം എന്താണു് എന്നുള്ളതും അവർ തിരുമനസ്സറിയിക്കാൻ ആഗ്രഹിക്കുന്ന സംഗതിയുടെ സംക്ഷിപ്ത വിവരവും അന്വേഷിച്ചറിയണമെന്നു കല്പിച്ചിട്ടുണ്ടു്. അല്ല, വളരെ രഹസ്യമാണെന്നോ എന്നെ അറിയിക്കുന്നതിനു മററന്തെങ്കിലും കാരണവശാൽ തടസ്സമുണ്ടെന്നൊ തോന്നുന്നുണ്ടെങ്കിൽ അറിയിക്കണമെന്നു നിർബ്ബന്ധമില്ല. ഉദ്ദേശം മാത്രം പറഞ്ഞാലും നിങ്ങൾ മുഖം കാണിക്കാൻ ആഗ്രഹിക്കുന്നു എന്നു തിരുമനസ്സറിയിക്കാം.

കല്ലൂർ:—ഞങ്ങളുടെ സന്ദൎശനോദ്ദേശം രഹസ്യമൊന്നുമല്ല. കാൎയ്യക്കാരെ ധരിപ്പിക്കുന്നതിനു മടിയുമില്ല.

കാൎയ്യ:—സന്തോഷമായി......

കല്ലൂർ "വെടിപറയലി"ൻെറ രീതിയിൽ കുശലപ്രശ്നവും മററുമായി ആരംഭിച്ച പ്രഭാഷണം ഏതാനും സമയം കാൎയ്യക്കാർ കേട്ടു. ഇടയ്ക്കു രണ്ടു വാക്കു പറയുന്നതിനു സൌകൎയ്യം കിട്ടിയപ്പോൾ അതു പരമാവധി പ്രയോജനപ്പെടുത്തി. വശ്യമായ ഒരു പുഞ്ചിരിയോടു കൂടെ പറഞ്ഞു. "അവിടുത്തെ സംഭാഷണം എന്നെ മയക്കിക്കളഞ്ഞു. അതു കുറെ അധിക സമയം കേട്ടുകൊണ്ടിരിക്കണമെന്നു മോഹം തോ

നാനു. പക്ഷെ വളരെ ബദ്ധപ്പാടുണ്ട്. മുഖം കാണിക്കാൻ അനുമതി ആവശ്യപ്പെട്ടു കാത്തുനില്ക്കുന്ന പലരുമായും സംസാരിക്കാനുണ്ട്. നമുക്കു സുദീർഘ സംഭാഷണം നാളെ ആവാമെന്നു വച്ചാലൊ ? അപ്പോൾ എനിക്കു സൈ്വരമായി കേൾക്കുകയും ആസ്വദിക്കുകയും ചെയ്യാൻ സാധിക്കും.''

കല്ലൂരിനു് അതിനും വിരോധം തോന്നിയില്ല. ആ അഭിപ്രായം പുറപ്പെടുവിക്കാൻ അവസരം കൊടുക്കാതെ നെട്ടേടം ഗതികേടുകൊണ്ടു ധൈര്യം അവലംബിച്ചു പറഞ്ഞു. ''ഇന്നു തന്നെ, അല്പ സമയം അനുവദിക്കാൻ വിരോധമില്ലെങ്കിൽ, പട്ടേരി ക്ഷണം കാര്യം പറഞ്ഞു തീർക്കും.''

കല്ലൂരും അതു സമ്മതിക്കേണ്ടതായി വന്നു പോയി. ''അധികമൊന്നും പറയാനില്ല. നാലാറു വാചകത്തിൽ തീർത്തുകളയാം.''

കാര്യക്കാർ:—അങ്ങിനെ ആവട്ടെ. നിങ്ങൾ വലിയ ആളുകളായതുകൊണ്ടു ഞാൻ അധികസമയം സംസാരിച്ചുകൊണ്ടിരുന്നു എന്ന പരാതി ഉണ്ടാകരുതല്ലൊ. കുററവും കുറവും കണ്ടുപിടിക്കാൻ നോക്കിയിരിക്കയാണു് ആളുകൾ.

കല്ലൂർ മുഖവുര കൂടാതെ തന്നെ ആരംഭിച്ചു—''ഞങ്ങൾ വെമ്മേനാട്ടു നിന്നാണിപ്പോൾ. പാലയൂർ ഗ്രാമം വിട്ടൊഴിഞ്ഞു വെമ്മേനാട്ടു താമസമാണു്. ഒരു മാന്ത്രികൻ പാലയൂർ വന്നു മന്ത്രശക്തികൊണ്ടു ഞങ്ങളുടെ ആളുകളിൽ ചിലരെ പാട്ടിലാക്കി, ക്ഷേത്രം കൈ അടക്കുകയും, വളരെ വളരെ പുരാതനവും, അതി പാവനവുമായ വിഗ്രഹങ്ങൾ തല്ലി ഉടയ്ക്കുകയും ചെയ്തു. അയാളുടെ കൈവശത്തു നിന്നു ക്ഷേത്രം വീടത്തി തരണമെന്നും, മന്ത്രശക്തികൊണ്ടു് അടിമകളാക്കിയിരിക്കുന്ന നമ്പൂരിമാരെ മോചിപ്പിക്കുന്നതിനു വേണ്ടതു ചെയ്യണമെന്നും അപേക്ഷിക്കുക എന്നതാണു് ഞങ്ങളുടെ ഉദ്ദേശം.''

കാര്യ:—ഈ വിവരം തിരുമനസ്സറിയിക്കാം. വാണംഉരുത്തി നമ്പൂരിപ്പാട്ടു മുഖം കാണിച്ചു തിരുമനസ്സറിയിച്ചു എന്നൊരോർമ്മ.........

കല്ലം:—ശരിയാണു്. വാണംതുരുത്തി പാലയൂർ വിട്ടൊഴിഞ്ഞു പോന്നതാണെങ്കിലും അയാളും മാന്ത്രിക ശക്തിക്കു് അടിമപ്പെട്ട കൂട്ടത്തിലാണു്.

കാര്യ:—ഉവ്വൊ. എങ്കിൽ അദ്ദേഹം തമ്പുരാനെ മുഖം കാണിച്ചു മാന്ത്രികനെതിരായി സങ്കടം അറിയിക്കുമായിരുന്നോ എന്തൊ. അല്ല, അല്ല അങ്ങിനെ ഓത്തു പോയി എന്നേയുള്ളൂ. ഇന്നു തന്നെ തിരുമനസ്സറിയിക്കാം.

എടയാട്ട്:—നാളെ എങ്കിലും മുഖം കാണിക്കാൻ ഒന്നു സൌകര്യപ്പെടുത്തി തന്നാൽ വലിയ സഹായമായിരുന്നു, ഞങ്ങൾ വന്നിട്ട നാലാറു ദിവസങ്ങളായി.

കാര്യ:—നാലാറു ദിവസങ്ങളൊ. അതു ഞാൻ ധരിച്ചില്ലല്ലൊ. നാളെത്തന്നെ അവസരം ഉണ്ടാകുമൊ എന്നു ശ്രമിച്ചു നോക്കാം.

കല്ലം:—അങ്ങിനെ സാധിക്കുമൊ എന്നു വൈകുന്നേരം അറിഞ്ഞാൽ......

കാര്യ:—വൈകുന്നേരത്തേയ്ക്കു തീരുമാനിക്കാൻ കഴിയണം.

കല്ലം:—അതു് അറിയുന്നതിനു് ഞങ്ങൾ ഇങ്ങോട്ട വന്നാൽ.

കാര്യ:—വൈകുന്നേരം ഇങ്ങോട്ട പുറപ്പെടാൻ അസൌകര്യമില്ലെങ്കിൽ അങ്ങിനെ ചെയ്യാം. അല്ലാത്തപക്ഷം ഇവിടെനിന്നു സേവകരിൽ ഒരാളെ അയച്ചു വിവരം ധരിപ്പിക്കാമല്ലൊ. എവിടെ താമസിക്കുന്നു എന്നാണു് പറഞ്ഞതു്.

കല്ലം:—താമസത്തിനു സൌകര്യമായ സ്ഥലം ഒന്നും കിട്ടിയില്ല. അപ്പോൾ സേവകനെ അയച്ചാൽ കണ്ടുകൂടിയില്ലെന്നു വരാനിടയുണ്ടു്......

എടയാട്ട്:—സേവകർ ചില സമയം..........

"ഞങ്ങൾ വൈകുന്നേരം ഇങ്ങോട്ട വന്നുകൊള്ളാം. അങ്ങയെ കാണാൻ അനുമതി നല്കണമെന്നു് ഇവിട്ടത്തെ

സിൽബന്ധികളോട്ട് ആജ്ഞാപിച്ചാൽ മതി'' എന്നു കല്ലൂർ ഇടയ്ക്കു കേറി പറഞ്ഞു. കൊട്ടാരം സേവകരെ കുററപ്പെട്ടുത്തി എന്തൊ പറയാനാണു് എടയാടിൻെറ പുറപ്പാടെന്നു മനസ്സിലാക്കിയിട്ടാണു് കല്ലൂർ അങ്ങിനെ ചെയ്തതു്. കാൎയ്യക്കാരൻെറ കീഴ്ജീവനക്കാരുടെ പേരിൽ പരാതി ഉന്നയിച്ചാൽ അദ്ദേഹത്തിനു സുഖിക്കാതെ വരുമെന്നു തന്ത്രജ്ഞനായ കല്ലൂരിനു ഭയം തോന്നി. കാൎയ്യക്കാരുടെ ശ്രമം ഫലിച്ചു. പതിവിൽ അല്പം വ്യത്യസ്തമായി നമ്പൂതിരിമാർ ഇരുവരും ഒരുമിച്ചു പിറെറന്നാൾ രാവിലെ മുഖം കാണിക്കുന്നതിനു പെരുമാൾസന്നിധിയിലേയ്ക്കു് ആനയിക്കപ്പെട്ടു. ഒന്നിലധികം ആളുകൾ ഒരുമിച്ചു മുഖം കാണിക്കാൻ സാധാരണ അനുവദിക്കാറില്ല.

കുശലാന്വേഷണ രൂപത്തിൽ രണ്ടു നാലു വാക്കുകൾ പറഞ്ഞശേഷം പെരുമാൾ;—നമ്പൂരാർ വന്നതു് എന്തിനാണാവൊ.

കല്ലൂർ:—ഞങ്ങൾ പാലയൂർ ഗ്രാമക്കാരാണു്. ഇദ്ദേഹം ഇടയാട്ടു ഇല്ലത്തു ചങ്കരൻ നമ്പൂരിയാണു്. ഞാൻ കല്ലൂർ മനയ്ക്കൽ തുപ്പൻ ഭട്ടതിരിപ്പാട്ട്. ഞങ്ങളുടെ പൂൎവ്വികന്മാരുടെ കാലം മുതൽ, ഇവിടുത്തെ പൂൎവ്വികന്മാരുടെയും, ഇവിടുത്തെയും കൃപാകടാക്ഷം കൊണ്ടു പാലയൂർ ഗ്രാമക്കാർ സൈ്വരജീവിതം നയിച്ചുവരികയായിരുന്നു. അടുത്ത കാലത്തു ബൌദ്ധനായ ഒരു മാന്ത്രികൻ വന്നുകൂടി. വിപ്ലവതരമായ സംഭവവികാസങ്ങൾക്കു ഇടവരുത്തി. പൂൎവ്വികമായിട്ടുണ്ടായിരുന്നവ എല്ലാം ഉപേക്ഷിച്ചു് അവിടെനിന്നു് ഓടിപ്പോരേണ്ടതായി വന്നു കൂടി.

പെരുമാൾ:—ബൌദ്ധൻ എന്തു ചെയ്തു എന്നാണു്; മാന്ത്രികശക്തികൊണ്ടു് നിങ്ങളെ ഓടിച്ചു എന്നൊ ?

കല്ലൂ:—മാന്ത്രിക ശക്തികൊണ്ടു ഓടിച്ചു എന്നല്ല. മാന്ത്രികശക്തി ഹേതുവാൽ ഓടിപ്പോകാൻ ഇടയാക്കി എന്നാണു്......

പെരു:—അതു് ഏതുവിധം സംഭവിച്ചുവൊ?

കല്ലൂ:—ഗ്രാമക്കാരിൽ ഒരു വിഭാഗത്തെ മന്ത്രവാദം കൊണ്ടു വശത്താക്കി; അങ്ങിനെ അവരുടെ പിൻതുണ കിട്ടിയപ്പോൾ അയാൾക്കു് എന്തുമാകാമല്ലൊ?''

പെരു:—അതു ശരിയാണു്. പ്രാബല്യം വരുമ്പോൾ പ്രവത്തനങ്ങൾക്കു് പ്രാബല്യം സിദ്ധിക്കും. ആ വിധത്തിൽ ആ ബൌദ്ധനൊ മാന്ത്രികനൊ എന്തു ചെയ്തു എന്നാണു് പരാതി? ഗ്രാമക്കാരിൽ ചിലരെ മന്ത്രവാദംകൊണ്ടു വശത്താക്കിക്കളഞ്ഞു എന്നാണൊ?

കല്ലൂ:—ഗ്രാമക്കാരിൽ ചിലരെ പാട്ടിലാക്കിയതിനു പുറമെ ഞങ്ങളുടെ ക്ഷേത്രം കൈ അടക്കുകയും ചെയ്തു.

പെരു:—ബലപ്രയോഗംകൊണ്ടു ക്ഷേത്രം കൈവശപ്പെടുത്തി എന്നാണു് പരാതി അല്ലേ?

കല്ലൂ:—ബലപ്രയോഗംകൊണ്ടല്ല. മാന്ത്രിക വിദ്യകൊണ്ടൊ കൺകെട്ടുകൊണ്ടൊ ആയിരുന്നു.

പെരു:—മാന്ത്രികവിദ്യയെ മാനസീക പ്രവത്തനമായി അല്ലെ ഗണിക്കേണ്ടതു്? ശരീരത്തെ നിയന്ത്രിക്കാനല്ലാതെ, മനസ്സിനെ നിയന്ത്രിക്കാൻ രാജസ്ഥാനത്തെക്കൊണ്ടു സാധിക്കുമെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? അതിനു് അധികാരമുണ്ടോ?

കല്ലൂർ കുഴങ്ങി.— വല്ലാതെ കുഴങ്ങി. പിൻതുണ കിട്ടാനിടയുണ്ടോ എന്നറിയാൻ അയാൾ എടയാടിനെ നോക്കി. അയാൾ ആ നോട്ടം കണ്ടതേ ഇല്ല! താൻ കഷ്ടിക്കുന്നതു കണ്ടു വിദ്വാൻ രസിക്കുകയാണൊ എന്നുപോലും കല്ലൂരിനു സംശയം തോന്നി. പെരുമാളിൻെറ ചോദ്യത്തിനു് എന്തെങ്കിലും ഉത്തരം കൊടുക്കണമല്ലൊ എന്നുവച്ചു പറഞ്ഞു. ''രാജസ്ഥാനത്തേയ്ക്കു് സവ്വ അധികാരങ്ങളും ഉണ്ടല്ലൊ. ദേഹത്തേയും ദേഹിയേയും വേർതിരിക്കുന്ന കൊലശ്ശ വിധിക്കാൻ അധികാരമുള്ളപ്പോൾ മനസ്സിന്മേലും അധികാരമുണ്ടോ എന്നു സംശയിക്കാനില്ല എന്നു ധരിച്ചിട്ടുള്ളതുകൊണ്ടു പറഞ്ഞതാണു്.

പെരു:—അതു ശരിയാണെന്നു വച്ചാൽതന്നെയും ഒരു കുററവാളിയുടെ, അല്ല, ഒരുവൻെറ മനസ്സിനെ രാജസ്ഥാനം ഏതു വിധം നിയന്ത്രിക്കും? മനസ്സിനെ നിയന്ത്രിക്കാൻ രാജസ്ഥാനത്തിനുള്ള അധികാരം പ്രയോഗത്തിൽ വരുത്തുന്നതും, ജലത്തിൽ വരയ്ക്കുന്ന വര മാഞ്ഞുപോകാതെ രക്ഷിക്കുന്നതും ഒന്നുപോലെ അപ്രായോഗികമാണ്. അല്പം ചിന്തിച്ചാൽ ഇതു മനസ്സിലാകും.

കല്ലൂർ മൌനം ദീക്ഷിക്കുകയാൽ പെരുമാൾ തുടർന്നു:— സാങ്കേതികമായി ഏതാണ് ശരിയെന്ന് ഇപ്പോൾ തീരുമാനിക്കേണ്ടതില്ല. മാന്ത്രികവിദ്യകൊണ്ടു ക്ഷേത്രം കൈഅടക്കി എന്നു നിങ്ങൾ പരാതിപ്പെടുന്നു. വാണംതുരുത്തി നമ്പൂരി പറഞ്ഞതു് എന്തൊ വാതു കെട്ടിയെന്നോ, അതിൽ തോററവർ സ്വമനസ്സാലെ ക്ഷേത്രം വിട്ടു് ഇറങ്ങി എന്നൊ ആണല്ലൊ.

119364

കല്ലൂ:—അദ്ദേഹം മാന്ത്രികൻെറ പിണിയാളാണ്.

പെ:—വാണംതുരുത്തി ആ ക്ഷേത്രവും ഗ്രാമവും ഉപേക്ഷിച്ചു ഇറങ്ങിപ്പോയ കൂട്ടത്തിലല്ലെ?

കല്ലൂ:—പാലയൂർ നിന്നുപോയി എങ്കിലും ആ മാന്ത്രികൻെറ ആൾ, അല്ല അയാളുടെ മന്ത്രശക്തിയിൽപെട്ടുപോയ ആൾ തന്നെയാണ്.

പെ:—അങ്ങനെ ആവട്ടെ. ഇവിടെനിന്നു് എന്തു ചെയ്യണമെന്നാണ് നിങ്ങളുടെ അപേക്ഷ.

കല്ലൂ:—ക്ഷേത്രം ഞങ്ങളുടെ കൈവശത്തിലാക്കിത്തരണമെന്നും, ആ മാന്ത്രികൻെറ അടിമകളായിപ്പോയവരെ മോചിപ്പിക്കണമെന്നും.

പെ:—ക്ഷേത്രത്തിൽ നിന്നു് നിങ്ങൾ ഇറങ്ങിപ്പോകണമെന്നു് ആരെങ്കിലും നിർബ്ബന്ധിച്ചോ? ആരെങ്കിലും ബലം പ്രയോഗിച്ചോ?

"ഇല്ല" എന്നല്ലാതെ ഒന്നും പറവാൻ കല്ലൂർ കണ്ടില്ല.

പെരുമാൾ തുടർന്നു:—ആരും നിർബ്ബന്ധിക്കാതെ, ബലപ്രയോഗം കൂടാതെ സ്വയം ഇറങ്ങിപ്പോന്ന ദിക്കിലേയ്ക്കു

KOTTAYAM PUBLIC LIBRARY

നിങ്ങൾ വീണ്ടും ചെല്ലരുതെന്നു് വിലക്കുള്ളതായി വിചാരിക്കേണ്ടതുണ്ടോ? സ്വമനസ്സാലെ മടങ്ങി ചെല്ലുമ്പോൾ ആരെങ്കിലും ബലംകൊണ്ടു് നിങ്ങളുടെ അവകാശത്തെ എതിക്കുന്നെങ്കിൽ പരാതിപ്പെടാം. അപ്പോൾ അതേപ്പററി പരിഗണിക്കാം. ഇനി ബാക്കി നില്ക്കുന്നതു് ആരൊ മന്ത്രവാദംകൊണ്ടു് നിങ്ങളുടെ ആളുകളെ പാട്ടിലാക്കിക്കളഞ്ഞു എന്നുള്ള പരാതിയാണു്. മനസ്സിനെ നിയന്ത്രിക്കുന്നതിനൊ മനസ്സിൻെറ ഏതെങ്കിലും പ്രവൎത്തനത്തെ നിരോധിക്കുന്നതിനൊ രാജസ്ഥാനത്തിനു് അധികാരവും കഴിവും ഇല്ലെന്നാണു് എൻെറ മതം. അധികാരം ഉണ്ടെങ്കിൽ തന്നെയും അതു് അപ്രായോഗികമാണു്. നമ്പൂരിമാരിൽ വലിയ മന്ത്രവാദികൾ ഉണ്ടെന്നാണല്ലൊ പറയുന്നതു്. നിങ്ങളുടെ മന്ത്രവാദവും, ബൌദ്ധൻ എന്നു് നിങ്ങൾ പറഞ്ഞ ആളിൻെറ മന്ത്രവാദവും തമ്മിൽ ഒരിക്കൽ കൂടെ ഇടയട്ടെ. അപ്പോൾ എല്ലാം ശരിയാകുമെന്നു വിചാരിക്കാം. എന്താ?

കല്ലം:—ഇവിടുന്നു് ഞങ്ങളെ കൈ ഒഴിയുകയാണെങ്കിൽ...

പെ:—ഞാൻ കൈ ഒഴിയുന്നു എന്നൊ. അങ്ങനെ ശങ്കിക്കേണ്ടാ. മന്ത്രവാദം കൊണ്ടാണു് നിങ്ങളെ തോല്പിച്ചതെന്നു വിചാരിക്കുന്നുണ്ടെങ്കിൽ, മന്ത്രവാദം കൊണ്ടുതന്നെ എതിരിടുക എന്നാണു് അഭിപ്രായപ്പെട്ടതു്.

കല്ലം:—ഉള്ളതു പറയാമല്ലൊ. ആ മാന്ത്രികനെ എതിരിടാൻ ഭയമുണ്ടു്. അയാൾ എന്തൊക്കെ ചെയ്യുമെന്നാക്കറിയാം. അയാളൊരു മുട്ടാളനാണു്.

പെ:—അതു വേണ്ടില്ലായിരുന്നു. നിങ്ങൾ ഇതുവരെ പറഞ്ഞ വിവരങ്ങളും ഇതിനു് മുമ്പു് ഇവിടെ വന്നവർ പറഞ്ഞ വിവരങ്ങളും, ആ മനുഷ്യൻ ഒരു മുട്ടാളനാണെന്നു സൂചിപ്പിക്കുകപോലും ചെയ്തിട്ടില്ല.

കല്ല,:—അവർ എല്ലാം പറഞ്ഞില്ലെന്നേയുള്ളു.

പെ :—നിങ്ങൾ കളവു പറഞ്ഞു എന്നു് ആരോപിക്കയല്ല... എന്തൊ തെററിദ്ധാരണയുണ്ടെന്നാണു് തോന്നുക.

കല്ലം :—തെററിദ്ധാരണയൊന്നുമില്ല. ആ മാന്ത്രികൻ എന്തു ചെയ്യുന്നതിനും മടിക്കുകയില്ലെന്നു് ഇവിട്ടത്തെ ഒരിക്കൽ കണ്ടാൽ ബോദ്ധ്യമാകും.

പെ :—ഉവ്വൊ. എന്നാൽ കേട്ടുകൊള്ളുക. നിങ്ങൾ പറയുന്നതിനു് എതിരു പറയേണ്ടെന്നു വിചാരിക്കുകയായിരുന്നു ഇതുവരെ. മാന്ത്രികൻ എന്നു പറയുന്ന ആളെ ഒന്നിലധികം പ്രാവശ്യം ഞാൻ കണ്ടിട്ടുണ്ടു്. വ്യക്തിപരമായി എനിക്കുണ്ടായ അഭിപ്രായം വച്ചുകൊണ്ടു് നിങ്ങളുടെ പരാതിക്കു തീർപ്പു് കല്പിക്കുന്നതു് നീതിക്കും ന്യായത്തിനും യോജിച്ചതല്ലെന്നു തോന്നിയിരുന്നു. എന്നാൽ യാഥാർത്ഥ്യത്തിനു വിരുദ്ധമായി, മററു വാദങ്ങൾ നില നില്ക്കുകയില്ലെന്നു കണ്ടപ്പോൾ നിങ്ങൾ പുതിയ വാദം ഉന്നയിച്ചു. പുതിയ ആരോപണവും. അതിനു് യാതൊരു അടിസ്ഥാനവുമില്ലെന്നു നല്ല ബോദ്ധ്യമുള്ളപ്പോൾ, അതേപ്പററി അന്വേഷിക്കാൻ എൻെറ സമയം ചെലവാക്കുന്നതു് ധർമ്മമല്ല. അതുകൊണ്ടു മാത്രമാണു് ഇപ്പോൾ ഇത്രയും തുറന്നു പറയുന്നതു്: പ്രജകളിൽ ആർക്കും രാജസമക്ഷം സങ്കടം അറിയിച്ചു നിവൃത്തി നേടാൻ അവകാശമുണ്ടു്. ആ അവകാശം ദുർവ്വിനിയോഗം ചെയ്യരുതു്.

കല്ലം :—ആ മനുഷ്യൻ ഇവിട്ടത്തെ തെററിദ്ധരിപ്പിച്ചതു്...

പെ :—പാലയൂർ വിട്ടുപോന്ന നമ്പൂരിമാരുടെ പ്രതിനിധിയും പാലയൂർ താമസം തുടരുന്നവരുടെ പ്രതിനിധിയും ഒരേ സംഭവത്തിൻെറ രണ്ടു വശങ്ങളും വിവരിച്ചു കേൾപ്പിച്ചു. എനിക്കു നേരിട്ടു ലഭിച്ച അറിവും അവയോടു യോജിക്കുന്നു എന്നാണു് പറയേണ്ടതു്. നിങ്ങളുടെ ആരോപണങ്ങൾ അവയിൽനിന്നു വ്യത്യസ്ഥമായി കാണുന്നു. കാര്യം കാണാൻ പൊളി...

കല്ലംർ വിട്ടില്ല. "ആ മാന്ത്രികൻ അങ്ങയെ തെററിദ്ധരിപ്പിച്ചതായിരിക്കുമൊ എന്തൊ.

പെ.—ആക്കറിയാം. ഏതായാലും നിങ്ങൾ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കാതിരുന്നില്ല എന്നറിയാം.

കല്ലൂർ വിഡ്ഢിവേഷം കെട്ടിയാണ് പെരിങ്കോയിലകത്തു നിന്ന് ഇറങ്ങിയതെന്നു് അയാൾക്കു തന്നെ ബോദ്ധ്യമായി. തെററിദ്ധരിപ്പിച്ച കാര്യം കാണാൻ ചെയ്ത ശ്രമം വിഫലമായതിൽ ജാള്യതയും, വിഫലമാക്കിയ പെരുമാളിനോട്ട് അതിയായ ശത്രുതയും ആ വിപ്രന്ന് ഉണ്ടായി. സപ്പം എന്നു പേരു സമ്പാദിച്ച കല്ലൂരിനു് വല്ല കല്ലിന്മേൽ കടിച്ചിട്ടെങ്കിലും വിഷം കളയണമെന്നു തോന്നി. അങ്ങനെ വരുമ്പോഴാണ് പഴയ ഒരു പരിചയക്കാരൻ സേതുവിനെ കണ്ടുമുട്ടിയതു്. സേതു ഇപ്പോൾ പെരുമാളിൻെറ പടത്തലവൻ തിതിയൻെറ "അരിവയ്പു" കാരനെന്ന പേരിൽ അദ്ദേഹത്തിൻെറ ആനക്കാരനൊ സർവ്വാധിയൊ ആണു്. രണ്ടാളും ഒരിക്കൽ വലിയ ചങ്ങാതിമാരായിരുന്നു. ആ പ്രായത്തിനടുത്ത പലതിലും രണ്ടാളും ചേൎന്നു ചാടിയിട്ടുണ്ട്. അപകടങ്ങളിൽ നിന്നു രക്ഷപ്പെട്ടിട്ടുണ്ട്. കാലം മുമ്പോട്ടു നീങ്ങി. യൌവനം പിൻതള്ളപ്പെട്ടു. കല്ലൂരു ഗൃഹഭാരം ഏറെറടുക്കാൻ നിബ്ബന്ധിതനായി. സേതു പല വലകൾ പൊളിച്ചും പലരെ കറക്കിയും ഇക്കാലമെല്ലാം കഴിച്ചു. രണ്ടാളുകളുടെയും തലയിൽ ഓരോ തരത്തിൽ ചുമതലകൾ കേറി. എന്നാലും രണ്ടാളും ഒരുമിച്ചു് ചെന്നുചാടിയിട്ടുള്ള കുരുക്കുകളെപ്പററിയും അവയിൽ നിന്നു് രക്ഷ പ്രാപിക്കുന്നതിനു പ്രയോഗിച്ച തന്ത്രങ്ങളെപ്പററിയും തുറന്നു സംസാരിക്കുന്നതു് രസകരമായിരുന്നു. പഴയ സ്നേഹിതനുമൊരുമിച്ചു് ഏതാനും മണിക്കൂറുകൾ ചെലവഴിക്കുന്നതിലുള്ള ഉത്സാഹമാണു് കല്ലൂരിനു ആദ്യം അനുഭവപ്പെട്ടതു്. അല്പസമയം കഴിഞ്ഞപ്പോൾ, തൻെറ യാത്രോദ്ദേശ്യം വിഫലമായിക്കഴിഞ്ഞെങ്കിലും, അതിൽ വല്ലതുമെങ്കിലും ഇനി സാധിക്കാൻ സേതുവിൻെറ സഹായംകൊണ്ടു്പററുമൊ എന്നൊരു ചിന്ത ഉണ്ടായി. ആ മാൎഗ്ഗത്തിലൂടെ അയാളുടെ മനസ്സ്, മലപ്പൊടിക്കാരൻ ബ്രഹ്മചാരിയുടെ മനസ്സുപോയ കണക്കെ കുതിച്ചു പാഞ്ഞു. സേതു സേവിക്കാനും സേവപിടിക്കാനും സമൎത്ഥനാണു്. ആരുടെ കൂടെ കൂടിയാലും അയാളുടെ ഇഷ്ടാനിഷ്ടങ്ങൾ ക്ഷണത്തിൽ മനസ്സിലാക്കി "സേവിച്ചു പ്രത്യക്ഷ

പ്പെട്ടത്തും." അങ്ങനെ സേവിക്കുന്നതു് "ബഹുമാന ഭക്തി" കൊണ്ടാണെന്നു് ആക്കും തോന്നും. അതാണു് സേതു വിനു സാധിക്കേണ്ടതും. സേവിച്ചു് പ്രത്യക്ഷപ്പെട്ടതിക്കഴിഞ്ഞാൽ, "ചട്ടമായി" എന്നാണു് (ആനക്കാർ പിണക്കമുള്ള ആനകളെ അനുസരണത്തിൽ കൊണ്ടുവന്നു എന്ന' അത്ഥത്തിൽ ഈ പദം ഉപയോഗിക്കുന്നു) സേതു പറയുന്നതു് സേതുവിനു ചട്ടമാകാത്ത ആളുകൾ ഇല്ലെന്നാണു്. പക്ഷേ വീട്ടമ്മമാർ എപ്പോഴും എതിരായിരിക്കും. അവക്കു എതിപ്പു വരുന്ന മാർഗ്ഗത്തിലൂടെയാണത്രെ സേതു യജമാനന്മാരെ "ചട്ട" മാക്കുന്നതു്.

പടത്തലവനും പത്നിയും ആയി അല്പമൊന്നു തെററി അവർ പിതൃഗൃഹത്തിലാണിപ്പോൾ താമസം. സേതുവാണു് ആ തെററലിൻെറ ചുവട്ടിൽ എന്നു ലോകം പറയുന്നു. അതു് എന്തായാലും പടത്തലവൻെറ വസതിയിലെ സവ്വാധിപതിയാണു് സേതു ഇന്നു്. ഒരു സ്നേഹിതനെ സ്വീകരിക്കയൊ സല്ക്കരിക്കയൊ ചെയ്യുന്നതിനു വേണ്ട സ്വാതന്ത്ര്യം സേതുവിനു് മുമ്പുതന്നെ ആ ഗൃഹത്തിലുണ്ടായിരുന്നു. അപ്പോൾ ഇന്നത്തെ കായ്യം പറയാനില്ലല്ലൊ.

പടത്തലവനു് മനഃപ്രയാസങ്ങൾ ഉണ്ടു്. അതു് നീക്കുന്നതിനും, ദഹനത്തിനും ഉറക്കത്തിനും വേണ്ടിയും, അത്താഴസമയത്തു് ഒരു പ്രത്യേക ഔഷധി സേവിക്കാറുമുണ്ടു്. സേതു കുറിച്ചതാണു് ആ മരുന്നു എന്നു് ധരിക്കരുതു്. വിശ്വസ്തൻ ആയതുകൊണ്ടു്, അയാൾ വിസ്മരിക്കാതെ അതു് സമയത്തു് എടുത്തുകൊടുക്കുമെന്നേയുള്ളു. സ്വാമിഭക്തിയുടെ വലിപ്പം മരുന്നിൻെറ അളവു് അല്പം കൂട്ടുന്നതിനു സേതുവിനെ പ്രേരിപ്പിക്കുന്നുണ്ടെന്നു സമ്മതിക്കണം. മരുന്നു് സേവിച്ചു്, ഊണും കഴിഞ്ഞു് പടത്തലവൻ ഉറക്കത്തിനു അറയിൽ കേറി കഴിഞ്ഞാൽ സേതു പൂണ്ണസ്വതന്ത്രനായി. ചുരുങ്ങിയതു് പതിനെട്ടു നാഴിക നേരത്തേയ്ക്കു് അദ്ദേഹം പരമസുഖമായി ഉറങ്ങിക്കൊള്ളും.

"യജമാനനെ" ഉറക്കിക്കഴിഞ്ഞു് കല്യാണിയും സേതുവും ആഹാരം കഴിച്ചു. ഉള്ളതു പറയണമല്ലൊ, പടനായകൻെറ

"മരുന്നിൽ "അല്പം രുചി നോക്കുന്നതിനു പോലും അയാൾ ഉപയോഗിച്ചില്ല.

കല്ലൂർ ചോദിച്ചു :—തനിക്കു വയററിൽ കെട്ടതിയും ഉറക്കമില്ലാഴികയും ഉണ്ടെന്നു പറഞ്ഞുവല്ലോ. അങ്ങനെയാണെങ്കിൽ പടത്തലവൻ ഉപയോഗിക്കുന്ന മരുന്നിൽ അല്പം സേവിക്കരുതൊ ?

സേതു :—പാടില്ലാഴികയൊന്നുമില്ല. പക്ഷെ എന്നെപ്പോലുള്ള സാധുക്കൾക്കു് അതു് അത്ര പററിയതല്ല. എപ്പോഴും ഉണർന്നിരുന്നിട്ടു് ജീവിക്കാൻ പണി. അപ്പോൾ, ആ മയക്കമരുന്നു് കുടിച്ചാലത്തെ സ്ഥിതി എന്തായിരിക്കും. വേണ്ടപ്പാ, വേണ്ടാ, നമുക്കു വേണ്ടാ. പിന്നെ എന്തൊക്കെയാണു് വിശേഷങ്ങൾ. എന്താണിങ്ങോട്ടു് പുറപ്പെട്ടതു് ? .

കല്ലൂ :—ഞങ്ങൾക്കു് ഒരാപത്തു സംഭവിച്ചു. അതിനൊരു ഒഴിവുണ്ടാക്കിത്തരുന്നതിനു് പെരുമാളിനെ കണ്ടു് സഹായം അപേക്ഷിക്കുന്നതിനാണു് വന്നതു്.

സേതു :—കാര്യമെന്താണു്? അപേക്ഷ അനുവദിച്ചോ?

കല്ലൂ :—എവിടെനിന്നോ ഒരു മന്ത്രവാദി, ഒരു ബൌദ്ധൻ വന്നുകൂടി. പാലയൂരുള്ള നമ്പൂരിമാരിൽ അധികം പേരെയും പാട്ടിലാക്കി. ഞങ്ങളുടെ ക്ഷേത്രവും കൈവശപ്പെടുത്തി. ദേവന്മാരെ എല്ലാം തള്ളിത്തുകത്തു. അമ്പലം ബൌദ്ധന്മാരുടെ പള്ളി ആയി. അതിനൊരു പോംവഴി ഉണ്ടാക്കിത്തരണമെന്നാണു് അപേക്ഷിച്ചതു്. അനുവദിച്ചില്ല. ആ മന്ത്രവാദി പെരുമാളിനെ വന്നു കണ്ടു് അദ്ദേഹത്തെയും കീഴ്പെടുത്തി എന്നാണു് തോന്നുന്നതു്.

സേതു :—പൊളിപറയാതിരിക്കു മനുഷ്യാ.

കല്ലൂ :—എന്റെ പൊളി ഒന്നുമല്ല. മന്ത്രവാദി വന്നുതന്നെ കണ്ടു. ആ "സിദ്ധൻ" —സിദ്ധൻ എന്ന പദമാണു് പെരുമാൾ പ്രയോഗിച്ചതു്. —നല്ല ആളാണു്, തെററുകാർ ഞങ്ങളായിരിക്കണം എന്നു് പറഞ്ഞു് ഞങ്ങളെ പിരിച്ചു വിടുകയാണു് പെരുമാൾ ചെയ്തതു്. "സിദ്ധൻ" അയാളുടെ മന്ത്രവാദം

കൊണ്ടു് പെരുമാളിനെയും പാട്ടിലാക്കിയതു തന്നെ യാണെന്നു തോന്നുന്നു.

സേതു :—എന്തോ ഒരു സംസാരം ഇവിടെയും ഉണ്ടായതായി ഓക്കുന്നു. പടത്തലവനാണു് ഒരുദിവസം പറഞ്ഞതു്. മൂപ്പരു വളരെ അതൃപ്തനാണു്. പെരുമാളും സന്തോഷത്തിലല്ല എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ആ മന്ത്രവാദിയുടെ പിടിയിൽ പെരുമാൾ അമന്നു എന്നു വന്നാൽ നല്ലൊരു സമരം നമുക്കു കാണാം. നിങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു് അതു സഹായകരമായിരിക്കും. നഖം ചുരണ്ടിക്കൊള്ളുക.

കല്ലം :—പെരുമാളും പടത്തലവനും തമ്മിൽ ഇടഞ്ഞതുകൊണ്ടു് പാലയൂരിലെ അഭയാത്ഥികളായ നമ്പൂരിമാക്കു് എന്തു പ്രയോജനമാണുണ്ടാവുന്നതു്?

സേതു :—മേഷങ്ങൾ തമ്മിൽ ഇടഞ്ഞതുകൊണ്ടു് പ്രയോജനമുണ്ടായതാക്കാണു്? ലാക്കു നോക്കി നില്ക്കുന്നവനു് ഫലം സിദ്ധിക്കും. നിങ്ങളുടെ കാര്യം ഞാൻ മറക്കുകയില്ല. അവർ തമ്മിൽ ഇടഞ്ഞാൽ കാര്യം ശരിപ്പെട്ടുത്തിത്തരാമെന്നു ഞാനിതാ ഏല്ക്കുന്നു. പെരുമാൾ കല്പിച്ചാൽ അനുസരിക്കാൻ പത്താളുണ്ടെങ്കിൽ, പടത്തലവന്റെ ആജ്ഞ അനുസരിക്കാൻ പതിനായിരമാണു്.

കല്ലം :—മേഷയുദ്ധംകൊണ്ടു് ലാഭം ഉണ്ടാക്കാൻ തുനിഞ്ഞ ജംബുകനു് ലാഭം ഉണ്ടായോ? ആകപ്പെട്ടുകയല്ലെ ചെയ്തതു്! അപ്പാ!! എനിക്കു വേണ്ടാ,

സേതു :—ആ ജംബുകൻ വേണ്ടവിധം തക്കം നോക്കാതെ കൊതികൊണ്ടു് എടുത്തുചാടി. അതാണു് പററിയതു്. അല്പംകൂടി കാത്തിരുന്നു എങ്കിൽ രണ്ടു മേഷങ്ങളുടെയും ഹൃദയം തന്നെ കിട്ടുമായിരുന്നല്ലൊ. സേതുവിനു് അങ്ങനെ അപകടം പിണയുകയില്ല. നോക്കിക്കൊള്ളണം. നിങ്ങളെ മറക്കുകയുമില്ല. മേഷങ്ങൾ തമ്മിൽ ഇടഞ്ഞാൽ മതി. നിങ്ങൾ പറഞ്ഞ മന്ത്രവാദിയുടെ സംഗതി ശരിയെങ്കിൽ അവർ ഇടയുകയും ചെയ്യും.

# 7

"എന്തു് എന്തു് അദ്ദേഹം മടങ്ങി എത്തി. എന്നൊ ഇങ്ങോട്ടു വരാമെന്നൊ?". പെരുമാൾ അതീവസന്തോഷത്തോടു കൂടിയാണു് ചോദിച്ചതു്.

ഏലീശാ രാവിലെ മുതൽ അവസരം പാർത്തിരുന്നു. ആളൊഴിഞ്ഞു് അടുത്തുചെന്നു് കാര്യം പറയാൻ ഒന്നു പറ്റേണ്ടയൊ. പെരുമാൾസന്നിധിയിൽ അങ്ങനെ ഓടിക്കേറി ചെല്ലാമൊ. ആ ദിവസം അവസരം കിട്ടാതെ വന്നേക്കുമോ എന്നുതന്നെ അയാൾക്കു ഭയം തോന്നി. ഭാഗ്യവശാൽ സൌകര്യം കിട്ടി. അക്ഷണത്തിൽ തിരുമനസ്സറിയിച്ചു. "ശ്ലീഹാ മടങ്ങി എത്തി. മുഖം കാണിക്കാൻ എപ്പോൾ അനുവദിക്കുമെന്നു് അറിയിക്കാൻ അപേക്ഷയുണ്ടു്, എന്നു് കുബേൻ രാവിലെ വന്നു പറഞ്ഞു" എന്നു്.

പെരുമാൾ :—അദ്ദേഹം ഈ ദിവസങ്ങളിലെല്ലാം എവിടെ ആയിരുന്നു. എന്നാണു് മടങ്ങി എത്തിയതു്.

സന്തോഷവാർത്ത ലഭിച്ചാൽ അതേപ്പററി ആരോടെങ്കിലും സംസാരിക്കാൻ ആഗ്രഹിക്കുക മനുഷ്യസഹജമാണു്. പണ്ഡിതനും പാമരനും, കുബേരനും കുചേലനും എല്ലാം ഇതിനു് വിധേയരാണു്. അത്യുന്നതനായ പെരുമാളിനു് അടുത്ത കാലത്തു് ലഭിച്ച "വിലമതിക്കാവതല്ലാത്ത മുത്തിനെപ്പററി" സംസാരിക്കാൻ സ്വസേവകനായ ഏലീശാ അല്ലാതെ ആരുമില്ല!

ഏലീശാ മറുപടി പറഞ്ഞു:—രണ്ടുമൂന്നു ദിവസമായി മടങ്ങി എത്തിയിട്ടു്. എവിടെല്ലാമോ പോയിരുന്നു എന്നു് കുബേൻ പറഞ്ഞു. അടിയൻ ഇവിടെ എത്താൻ സമയത്തിനു പുറപ്പെട്ടപ്പോൾ വഴിക്കുവച്ചാണു് അയാൾ കണ്ടു പറഞ്ഞതു്. നിന്നു വർത്തമാനം പറയാൻ നേരമില്ലായിരുന്നു. അയാളും എന്തൊ ബദ്ധപ്പാടിൽ ആയിരുന്നു എന്നു തോന്നുന്നു.

പെരു:—അദ്ദേഹവുമായി ഒട്ടധികം സമയം സംസാരിക്കണമെന്നുണ്ട്. നാളെയും സൈ്വരമായി സംസാരിക്കാൻ സമയം കിട്ടുകയില്ല. പല തൊന്തിരവുകളും വന്നു കഴിഞ്ഞിട്ടുണ്ട്. ഒന്ന് ചെയ്യു. ത്രുബൻ നാളെ വൈകുന്നേരം എന്നെ കാണണമെന്ന് പറയൂ. വൈകുന്നേരമാകുമ്പോഴേയ്ക്കു് ബദ്ധപ്പാട് കുറയും ത്രുബൻ വേണ്ടി വന്നാൽ കുറെ കാത്തു നില്ക്കട്ടെ. പലതും അയാളിൽ നിന്ന് മനസ്സിലാക്കാം.

ഏലീ:—ത്രുബൻ നാളെ വരണമെന്നു അറിയിച്ചുകൊള്ളാം.

പെ:—അയാൾ വന്നു കഴിഞ്ഞാൽ നീ എന്നെ അറിയിക്കണം. ആരെല്ലാം സമീപത്തുണ്ടെങ്കിലും അറിയിക്കണം.

ഏലീ:—സന്ദർശകരുള്ളപ്പോൾ........

പെ:—നീ ദൂരത്ത് നിന്നാൽ മതി. ഞാൻ കാര്യം മനസ്സിലാക്കിക്കൊള്ളാം അല്ല ഒന്നു ചെയ്യണം. വലത്തുകണ്ണ് ഒന്ന് തിരുമ്മുക കൂടി ചെയ്യുക. എന്താ.

കണ്ണു തിരുമ്മാൻ ഏലീശായിക്കു പ്രയാസമൊന്നുമില്ലല്ലോ. ത്രുബൻ പിറെറന്നാൾ നേരത്തെ തന്നെ ഹാജരുകൊടുത്തു. അയാൾ എന്തിനാണു വന്നതെന്ന് ആരായാനൊന്നുമില്ല. പെരിങ്കോയിലകം സിൽബന്ധികളിൽ ആരെ എങ്കിലും കണ്ടു് വല്ലതും സാധിക്കുന്നതിനൊ, അയാളോട്ട കടം വാങ്ങിയതു ചോദിക്കുന്നതിനൊ വന്നതായിരിക്കുമെന്നേ കാണുന്നവർ വിചാരിക്കുകയുള്ളൂ. എങ്കിലും സംശയം തോന്നിയേയ്ക്കാം എന്നു് ഏലീശാ ശങ്കിച്ചതുകൊണ്ടു്, അയാൾ ത്രുബനെ ഒരു ഒഴിഞ്ഞ ദിക്കിൽ കൊണ്ടിരുത്തി. ലാക്കുനോക്കി തിരുമുമ്പിൽ എത്തി. ലാക്കുനോക്കി കണ്ണു തിരുമ്മി. അധികതാമസം കൂടാതെ അവിടെ ഉണ്ടായിരുന്നവർ പോയി. ത്രുബനെ ഒരു നാഴിക കഴിയുമ്പോൾ കൂട്ടിക്കൊണ്ടു ചെല്ലാൻ പെരുമാളിന്റെ നിർദ്ദേശവും ലഭിച്ചു. സന്ദർശന അറയിൽ നിന്ന് അല്പം ദൂരത്തുള്ള ഒരു ചെറിയ അറയിൽ എത്തിക്കാനായിരുന്നു കല്പന. തുറസ്സിൽ കൂടെ അല്ലാതെ അവിടെ എത്താമെന്നും, അങ്ങോട്ടു്, രാവിലെ തൂത്തുതളിക്കാരോ

മറെറാ അല്ലാതെ സാധാരണ ആരും കടക്കുകയില്ലെന്നും ഉള്ള തായിരുന്നു, ആ ചെറിയ അറയ്ക്കുണ്ടായിരുന്ന ഗുണം. രൂബനെ കൂട്ടിക്കൊണ്ടു് ഏലീശാ ചെല്ലുമ്പോൾ പെരുമാൾ ഒരു ഗ്രന്ഥം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു. "ഏലീശാ ഒന്നു ചെയ്യണം. ദാ, അങ്ങോട്ടു മാറി അവിടെ നിൽക്കു. ആരും തന്നെ ഇവിടേയ്ക്കു കടന്നു വരാനിടയില്ല. അഥവാ വന്നാൽ, ഞാൻ ഇവിടെ ഒരു ജോലി ചെയ്തുകൊണ്ടിരിക്കുന്നു, ആരും ശല്യപ്പെടുത്താൻ വരരുതെന്നു നിർദ്ദേശമുണ്ടു്, എന്നു പറഞ്ഞു തടഞ്ഞു കൊള്ളണം.

ഏലീശാ പോയിക്കഴിഞ്ഞപ്പോൾ പെരുമാൾ രൂബനോടു ചോദിച്ചു. —"അദ്ദേഹം എവിടെ ഉണ്ടു്. ക്ഷേമം തന്നെയല്ലെ."

രൂബൻ:—ശ്ലീഹാ രാവിലെ പള്ളിയിലേയ്ക്കു പോയി ഉച്ചയോടുകൂടി മടങ്ങി എത്തി. രോഗികളെയും കൊണ്ടു് പലർ വന്നുകൂടിയിട്ടുണ്ടു്. പള്ളിയിൽ വച്ചു് ചിലരെ മാത്രമെ നോക്കാൻ പററിയുള്ളു. ഉപദേശങ്ങൾ പഠിക്കാൻ ഇന്നു സാധാരണയിൽ അധികം ആളുണ്ടായിരുന്നതുകൊണ്ടു്, രോഗികളിൽ ബാക്കിയുള്ളവരെ, അദ്ദേഹത്തിന്റെ താമസസ്ഥലത്തേയ്ക്കു് അയച്ചു. ഇപ്പോൾ അവരെ ശുശ്രൂഷിക്കുക ആയിരിക്കും.

പെ:—"ക്ഷേമം തന്നെ അല്ലേ?"

രൂ:—"കണ്ടാൽ നല്ല ആരോഗ്യമുള്ള ആളാണെന്നു തോന്നുകയില്ലെങ്കിലും രോഗമുള്ള ശരീരമല്ല. ആഹാരവും ഉറക്കവും നിർബ്ബന്ധവിഷയങ്ങളല്ല എന്നുപോലും പറയാം. ഏതു സമയത്തും എത്രമാത്രം ആയാസപ്പെടുന്നതിനും പ്രയാസമില്ല. ക്ഷീണിക്കയേ ഇല്ല.'

പെ:—"ദൈവം കൊടുക്കുന്ന ശക്തിയല്ലെ."

രൂ:— അതുകൊണ്ടു മാത്രമാണു്. ആഹാരവും ഉറക്കവും ഉപേക്ഷിക്കാത്തവരായ കൂടെയുള്ള ചെറുപ്പക്കാർ തളന്നു കഴിഞ്ഞാലും ശ്ലീഹായിൽ വിശപ്പിന്റെയൊ, ക്ഷീണത്തിൻെറയൊ ലക്ഷണം പോലും കാണാനുണ്ടാകയില്ല. ദാഹവും ഇല്ലെന്നു തോന്നുന്നു.

"ദാഹംപോലും ഇല്ലെന്നോ" പെരുമാൾ ആത്മഗതം എന്ന തരത്തിൽ പറഞ്ഞു.

ശ്രു:— ഞാനൊരിക്കൽ ചോദിച്ചു.

പെ:—എന്നിട്ട് എന്തു മറുപടിയാണു കിട്ടിയതു്.

"എൻെറ കർത്താവു് എൻെറ കൂടെ ഉണ്ടു്. സർവ്വശക്തനായ ദൈവത്തിൻെറ ശക്തിയുടെ അംശമല്ലെ ഞങ്ങൾക്കു തന്നതു്. പിന്നെങ്ങിനെ ക്ഷീണിക്കുന്നു. എങ്ങനെ വിശപ്പുണ്ടാകും." എന്നു് ചോദ്യരൂപത്തിലായിരുന്നു മറുപടി.

പെ:—കുറെ അധിക ദിവസങ്ങൾ യാത്രയിലായിരുന്നല്ലൊ.

ശ്രുബനും അദ്ദേഹത്തോടൊന്നിച്ചു യാത്രയിലായിരുന്നുവോ. ?

ശ്രു:—അദ്ദേഹം തനിയെ എവിടേയ്ക്കെങ്കിലും പോയിക്കഴിഞ്ഞാൽ പിന്നെ അടിയനു് ഇവിടെ ഇരിക്കാൻ സാധിക്കാത്ത തരത്തിൽ ആയിട്ടുണ്ടു്. സ്വന്തം സുഖത്തെയൊ, സൗകര്യത്തെയൊ സംബന്ധിച്ചു് ശ്ലീഹായിക്കു് ഒരു ചിന്തയുമില്ല. ആ വക കാര്യങ്ങളിൽ കുറെ എങ്കിലും ശ്രദ്ധിക്കുന്നില്ലെങ്കിൽ രോഗം വല്ലതും പിടിക്കുമെന്നു് ഈയുള്ളവനു് പേടിയുണ്ടു്. ഇവിടത്തെ കാലാവസ്ഥയുമായി അദ്ദേഹം പരിചയപ്പെട്ടുവരുന്നതേയുള്ളല്ലോ. ഭാഷയുടെ കുഴപ്പവുമുണ്ടു്. അതുകൊണ്ടാണു് കൂടെ യാത്ര ചെയ്യുന്നതു്.

പെ:—ഒരു നല്ല കാര്യത്തിൽ ബുദ്ധിമുട്ടാൻ അവസരം കിട്ടുന്നതു് ഭാഗ്യമായി കരുതണം, ശ്രുബൻ.

ശ്രു:—ആദ്യം അങ്ങിനെ ഒന്നും തോന്നിയില്ല. ഇപ്പോൾ ഈ കിട്ടിയിരിക്കുന്നതു് മഹത്തായ ഒരവസരമാണെന്നും, അതിൽ പങ്കെടുക്കാൻ അയോഗ്യനായ എന്നെ തെരഞ്ഞെടുത്തതു് ദൈവത്തിൻെറ കരുണകൊണ്ടു മാത്രമാണെന്നും ബോദ്ധ്യമായിട്ടുണ്ടു്.

പെ:—നിങ്ങൾ ഈ ദിവസങ്ങളിൽ എവിടെല്ലാം പോയി.

ശ്രു:—ശ്ലീഹായുടെ കാര്യം ഒന്നും പറയാനില്ല. അദ്ദേഹം പറന്നു നടക്കുകയാണു്. വളരെ വളരെ അധികം കൃഷിസ്ഥലങ്ങൾ വിളഞ്ഞു കിടക്കുന്നു. കൊയ്ത്തു

കാർ ച്ചുരുക്കം. അപ്പോൾ ഉള്ളവർ ഓടി നടന്നു കൊയ്യാതെ പററുകയില്ല. ഓടി നടക്കുകയല്ല, പറന്നു നടക്കുക തന്നെ വേണം, എന്നാണദ്ദേഹം പറയുന്നതു്.

പെ :—എവിടൊക്കെ പറന്നു നടന്നു. എന്തൊക്കെ ചെയ്തു?

ശ്ലീ :—കുറെ കാലം കോട്ടക്കാവിൽ ആയിരുന്നു. തിരുമേനിയുടെ അനുവാദം ഉണ്ടെന്നു പറഞ്ഞുവല്ലോ.

പെ :—കോട്ടക്കാവോ?

ശ്ലീ :—പറവൂരു്. ഇവിടെ അടുത്താണെങ്കിലും ഞാൻ അവിടെ മുമ്പു പോയിട്ടില്ല. ആ ചെറിയ ഗ്രാമ രാജ്യവും അതിൻെറ നടുവിലെ ക്ഷേത്രവും ചുററിലും ഉള്ള മതിലൊ, കോട്ടയൊ അതും അതിനുള്ളിൽ കാവുപോലെ വൃക്ഷങ്ങളും ധാരാളം വീടുകളും, അധികാരിയായി ഒരു രാജാവും, ഒക്കെക്കൂടെ കൗതുകം തോന്നി.

പെ :—അതാണു് പറവൂർ ദേശമെന്നു പറയപ്പെടുന്ന ഗ്രാമരാജ്യം. അവിടത്തെ അധിപൻ ദേശവാഴിയാണു്. നിങ്ങൾ അവിടെ എന്തു ചെയ്യുകയായിരുന്നു ഈ ദിവസങ്ങളെല്ലാം. ഞാൻ അനുവദിച്ചതാണു് അവിടെയും പ്രവർത്തനം നടത്താൻ.

ശ്ലീ :—കർത്താവിൻെറ സദ്വാർത്ത, അതു കേട്ടിട്ടില്ലാത്തവരെ അറിയിച്ചു് കർത്താവിങ്കലേക്കു കൊണ്ടു വരിക എന്നുള്ളതാണല്ലോ ശ്ലീഹായുടെ ജീവിതോദ്ദേശം. അതായിരുന്നു കോട്ടക്കാവിലും ചെയ്തുകൊണ്ടിരുന്നതു്.

പെ :—എന്നിട്ടു് എന്തുഫലം കിട്ടി. ഇവിടൊന്നും കേട്ടില്ല.

ശ്ലീ :—നല്ല ഫലം വളരെ നല്ല ഫലം, കിട്ടി.

പെ :—പാലയൂരെപ്പോലെ വിപ്ലവം ഒന്നും പൊട്ടി പുറപ്പെട്ടില്ല, അല്ലെ? അതായിരിക്കും ശബ്ദമുണ്ടാകാതിരുന്നതു്.

ശ്ലീ :—രാജാവു്, അല്ല ദേശവാഴി.........

പെ :—രണ്ടിൽ ഏതു പദവും പ്രയോഗിക്കാം. തെററില്ല

ശ്ലീ :—ദേശവാഴി ആദിമുതൽ തന്നെ ശ്ലീഹായെ വളരെ ബഹുമാനിച്ചു. അദ്ദേഹത്തിൻെറ സന്ദേശം രാജാ

വിനെ ആകഷിച്ചു. അതു രാജാവിൻെറ ഹൃദയത്തിൽ പതിഞ്ഞു.

പെ :—എന്നിട്ട്.

ശ്രു :—രാജാവും കുടുംബാംഗങ്ങളുമാണ് അവിടെ ആദ്യമായിട്ട് ജ്ഞാനസ്നാനം സ്വീകരിച്ച് നസ്രാണികളായത്.

പെ :—അവരും നമ്പൂരിമാരാണ്.

ശ്രു :—അതേ. ശ്ലീഹായുടെ സന്ദേശത്തിൻെറ മാഹാത്മ്യം ക്ഷണത്തിൽ മനസ്സിലാക്കാൻ അദ്ദേഹത്തിനു സാധിച്ചു. അതാണ് ശരിയായ മാൎഗ്ഗം എന്നു ബോദ്ധ്യപ്പെട്ട ക്ഷണത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കാൻ ആഗ്രഹിക്കുന്നു എന്നറിയിച്ചു. ദേശവാഴിയും കുടുംബവും ഒരുക്കങ്ങൾ പൂൎത്തി ആക്കി മാൎഗ്ഗത്തിൽ ചേൎന്നു കഴിഞ്ഞപ്പോൾ ഞങ്ങളുടെ ശ്രമം വളരെ ലഘുവായി. നമ്പൂരിമാരിൽ ഒരു നല്ല ഭാഗം പല ദിവസങ്ങളിലായി ജ്ഞാനസ്നാനപ്പെട്ടു. അവരോടൊന്നിച്ച് ഓരോ ഇല്ലത്തോടും അടുത്തു നിന്നിരുന്ന ശൂദ്രനായർ വൎഗ്ഗങ്ങളും മാൎഗ്ഗത്തിൽ ചേൎന്നു.

പെ :—എല്ലാവരും ചേൎന്നു, അല്ലെ.

ശ്രു :—കുറെ നമ്പൂരിമാൎക്ക് പൂൎണ്ണ ബോദ്ധ്യമായിട്ടില്ല, പൂൎണ്ണ വിശ്വാസം ഇല്ലാത്തവർ ഒരിക്കലും ചേരരുത്. അല്പ സംശയമുള്ളവരെ താൻ ഇപ്പോൾ സ്വീകരിക്കയില്ല എന്നു ശ്ലീഹാ തുറന്നു പറഞ്ഞു. അവൎക്കും ആ മാൎഗ്ഗം സ്വീകരിക്കേണ്ടതാവശ്യമാണെന്നു ഉത്തമ വിശ്വാസമായി, തന്നെ സമീപിക്കുമ്പോൾ സ്വീകരിക്കാമെന്നും ധരിപ്പിച്ചു. പുതിയ വേദത്തിൻെറ ഉപദേശങ്ങളെപ്പററി സംശയം എന്തെങ്കിലും ആൎക്കെങ്കിലും ഉണ്ടെങ്കിൽ അതു തീൎത്തു കൊടുക്കാനുള്ള സന്നദ്ധത വ്യക്തമാക്കുകയും ചെയ്തു.

പെ :—എന്നിട്ടോ ?

ശ്രു :—ഏതാനും പേർ മുമ്പോട്ടു വന്നു് വിശദവിവരങ്ങൾ ആരാഞ്ഞു. അവരിൽ പലരും മാൎഗ്ഗം സ്വീകരിച്ചു.

പെ:—അപ്പോൾ അവിടത്തെ ആളുകൾ രണ്ടു ഭാഗമായി പിരിയുകയാണുണ്ടായതു്?

ശ്രു:—അതെ, സൌഹാർദ്ദപരമായിട്ടാണു് പിരിഞ്ഞതു്. അതു സാധിച്ചതു് ദേശവാഴിയുടെ സൽബുദ്ധിയും നയവും കൊണ്ടാണു്. താൻ നസ്രാണി മാർഗ്ഗം സ്വീകരിച്ചതുകൊണ്ടു് പ്രജകൾ എല്ലാം ആ വേദത്തിൽ ചേരണമെന്നു നിർബ്ബന്ധിക്കുകയില്ല; ചേരേണ്ടതു് ആവശ്യമാണെന്നു വിശ്വസിക്കുന്നവർ മാത്രം ചേർന്നാൽ മതി; എങ്ങിനെ ആയാലും പ്രജകളെ മുമ്പിലത്തെപ്പോലെ തന്നെ ഗണിക്കുന്നതാണു് എന്നു് അദ്ദേഹം പ്രഖ്യാപനം ചെയ്തു. അതു കഴിഞ്ഞപ്പോൾ കുറെ ആളുകൾ കൂടെ മാർഗ്ഗത്തിൽ ചേർന്നു. ഭൂരിപക്ഷം അവർക്കായി. ഭൂരിപക്ഷക്കാർക്കു ദേവാലയമായി പഴയ ക്ഷേത്രം വിട്ടു കൊടുക്കണമെന്നും പഴയ നിലയിൽ തന്നെ നില്ക്കുന്നവർക്കു വേറൊരു ക്ഷേത്രവും പണിയിച്ചു കൊടുക്കാമെന്നും ദേശവാഴി പറഞ്ഞു. അതു് ഇരുകക്ഷിക്കാർക്കും സ്വീകാര്യമായിരുന്നു. പഴയ ക്ഷേത്രത്തിൽ നിന്നു് അല്പദൂരത്തിൽ ഒരു പുതിയ ക്ഷേത്രം അതിവേഗം പൂർത്തി ആക്കി. ഇപ്പോൾ ഇരുഭാഗക്കാരും അവരവരുടെ ദേവാലയങ്ങളിൽ ആരാധന നടത്തിവരുന്നു.

പെ:—മതം ഓരോ വ്യക്തിയുടേയും കാര്യമാണു്. അവരവർ വിശ്വാസമനുസരിച്ചു്, ഏതു മതത്തിലെങ്കിലും ചേരട്ടെ. അതിനു് അടിപിടിയും ലഹളയും ഉണ്ടാക്കേണ്ടതില്ല. പറവൂരിലെ ആളുകളും ദേശവാഴിയും സ്വീകരിച്ച നയം മററുള്ളവർ മനസ്സിലാക്കി, അവരെ അനുകരിക്കേണ്ടതാണു്.

ശ്രു:—ലഹള കൂട്ടാഞ്ഞതുകൊണ്ടുള്ള പ്രയോജനം എല്ലാവർക്കും അനുഭവപ്പെട്ടുന്നുണ്ടു്.

പെ:—ശ്ലീഹായെ ഒന്നു കണ്ടു സംസാരിക്കണമല്ലൊ. എനിക്കു് ചില സംശയങ്ങൾ ഉണ്ടു്. അവ തീർക്കണം. ഭാവി നടപടികൾ എങ്ങിനെ എല്ലാമാണു് എന്നു് ആലോചിച്ചു് തീരുമാനിക്കാൻ ധൃതി ആയി. ഒരു

തീരുമാനം എടുത്തിട്ട് കാലം വളരെ ആയല്ലൊ. ഇനി വൈകാതെ മുദ്രകുത്തി മാർഗ്ഗത്തിൽ പ്രവേശിക്കയൊ എന്തൊക്കെയാണ് വേണ്ടതെന്നു വച്ചാൽ നടത്തണം. ഈ തരം അനിശ്ചിതാവസ്ഥയിൽ തുടരാൻ ഇഷ്ടമില്ല. മനസ്സിന് അതു വലിയ ഭാരവും ആയിരിക്കുന്നു.

ത്രു:—വിവരം ഇന്നു തന്നെ ശ്ലീഹായെ അറിയിച്ചു കൊള്ളാം.

പെ :—അദ്ദേഹം എന്നാണിങ്ങോട്ടൊന്നു വരുന്നതു്. എനിക്ക് അങ്ങോട്ട് വരാൻ സ്വാതന്ത്ര്യമില്ലല്ലൊ.

ത്രു :—തമ്പുരാൻ അങ്ങോട്ടു വന്നാൽ വലിയ ഒച്ചപ്പാടുണ്ടാകും. ഇപ്പോൾ അതിന്നിടം കൊടുക്കാതിരിക്കയായിരിക്കും നന്നെന്നാണ് അദ്ദേഹം പറയുന്നതു്.

പെ :—അതു വളരെ ശരിയാണെന്നു ഞാനും സമ്മതിക്കുന്നു. പക്ഷെ എനിക്ക് അദ്ദേഹത്തെ കാണാൻ ധൃതി ആയി. ഇനി വൈകാൻ നിവൃത്തിയില്ല.

ത്രു :—ശ്ലീഹായിക്കു സൌകര്യമുള്ള ഏതു ദിവസം ആയാലും ഇവിടെ സൌകര്യമായിരിക്കുമെന്നു പറഞ്ഞുകൂടല്ലൊ. ഇവിടെ സൌകര്യമുള്ള ഒന്നൊ രണ്ടൊ ദിവസങ്ങളും സമയവും പറഞ്ഞുതന്നാൽ......

പെ :—ഞാൻ ഒന്ന് ഓക്കട്ടെ. നാലാം നാൾ വ്യാഴാഴ്ച സൌകര്യമായിരിക്കും. അല്ലെങ്കിൽ സൌകര്യപ്പെടുത്തിക്കൊള്ളാം.

ത്രു :—വ്യാഴാഴ്ച രാവിലെ വന്നാൽ മുഖം കാണിക്കാൻ പലർ—

പെ :—രാവിലെ വേണ്ടാ. ഉച്ചയോടു കൂടെ ആയാൽ അദ്ദേഹത്തിന്ന് അസൌകര്യമാകുമൊ. ആഹാരം കഴിക്കുന്നതു് എപ്പോഴൊക്കെയാണെന്ന് എനിക്കു രൂപമില്ല. ഇവിടെ ആഹാരം തയ്യാറാക്കിയാൽ.

ത്രു :—ശ്ലീഹായിക്കു വിരോധമുണ്ടായിരിക്കയില്ല. പക്ഷെ അതും സംസാരത്തിനു വിഷയമാകും. ഇപ്പോഴത്തെ നിലയ്ക്കു് അതു് ഒഴിവാക്കുകയായിരിക്കുമല്ലൊ ഉത്തമം.

ഇതിനകം നാലഞ്ചു പ്രാവശ്യം പെരുമാളുമായി കണ്ടു സംസാരിച്ചിട്ടുണ്ട് ശ്രുബൻ. ആദ്യ ദിവസത്തെ കമ്പമൊക്കെ പോയ പോക്ക്! ഒരു ഗൂഢാലോചനയിൽ പങ്കുകാരാകുന്നവർ തമ്മിൽ സാമൂഹ്യമായൊ മറ്റു തരത്തിലൊ എത്ര വലിയ അന്തരം ഉണ്ടായിരുന്നാലും, അതു ക്ഷണനത്തിൽ തേഞ്ഞുമാഞ്ഞു പോകും. അങ്ങിനെ സംഭവിക്കാത്തപക്ഷം അവക്ക് ആത്മാർത്ഥമായി സഹകരിക്കുവാൻ പററുകയില്ല. പെരുമാളിൻെറയും ശ്രുബൻെറയും കാര്യത്തിലും അതാണു് നാം കാണുന്നതു്. തിരുമേനി, അടിയൻ എന്നിങ്ങനെയുള്ള ആചാരഭാഷ പ്രയോഗിക്കുന്നുണ്ട്. ഒപ്പം ഇരിക്കുന്നില്ല. ഓഛരാനിച്ചു നിൽക്കുന്നുണ്ട്. ഇങ്ങിനെ എല്ലാം ആയാലും താഴ്ചയും ഉയർച്ചയും ഒട്ടെല്ലാം തീൎന്ന് ഇപ്പോൾ മിക്കവാറും നിരപ്പായി എന്നു് അവക്ക് അറിയാം. അതിൽ അസുഖമൊന്നും പെരുമാളിനു് തോന്നിയിട്ടില്ല. നിഗളം ശ്രുബനുമുണ്ടായില്ല.

ശ്രുബൻെറ അഭിപ്രായത്തോടു യോജിച്ചു പെരുമാൾ പറഞ്ഞു "കാര്യങ്ങൾ ഇപ്പോൾ പരസ്യമാക്കേണ്ടെന്നു ശ്ലീഹാ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് നാം വളരെ സൂക്ഷിച്ചു തന്നെ പ്രവൎത്തിക്കണം."

ശ്രു :— രാഷ്ട്രീയമായി ഉണ്ടാകാവുന്ന സംഭവവികാസങ്ങൾ ഓൎത്തോ ഭയന്നോ അല്ലായിരിക്കണം, ഇപ്പോൾ പരസ്യമാക്കേണ്ടാ എന്നു ശ്ലീഹാ പറയുന്നതു്.

പെ :—പിന്നെ................

ശ്രു :—കൎത്താവിൻെറ സുവിശേഷം പ്രചരിക്കുന്നതിനു കൂടുതൽ സൌകൎയ്യം ഉണ്ടാകുന്നതു് എങ്ങിനെയാണു്, സൌകൎയ്യമുണ്ടാക്കുന്നതിനുള്ള മാൎഗ്ഗമെന്താണു്, എന്നു മാത്രമെ ശ്ലീഹായിക്കു ചിന്തയുള്ളു. ശാരീരികമായൊ ലൌകികമായൊ ഉള്ള യാതൊരു ചിന്തയും അദ്ദേഹത്തിനില്ല. അവ പരിഗണിക്കപ്പെടാനേ ഇല്ലെന്നാണു് അഭിപ്രായം. അഭിപ്രായമെന്നല്ല പറയേണ്ടതു്, അതാണു് അദ്ദേഹത്തിൻെറ വിശ്വാസപ്രമാണം. ആ വിധത്തിൽ ചിന്തിച്ചുകൊണ്ടായി

രിക്കണം ശ്ലീഹാ പറയുന്നതു്. അതിലധികം അറിഞ്ഞു കൂടാ.

പെ.:—ലോകത്തെ ഉപേക്ഷിച്ചു കഴിഞ്ഞാൽ ആ വക പരിഗണനകൾക്കൊന്നും ഒരു മനുഷ്യന്റെ ഹൃദയത്തിൽ സ്ഥാനം ഉണ്ടാകയില്ല. വ്യാഴാഴ്ച ഉച്ചയ്ക്കു ശേഷം അദ്ദേഹത്തിനു സൌകര്യപ്പെട്ടുമെങ്കിൽ.........

ശ്ലീഹായോടു് ചോദിച്ചു് ഏലിശാവഴി വിവരം അറിയിച്ചു കൊള്ളാമെന്നു് ഉറപ്പുകൊടുത്തിട്ടു് ത്രുബൻ പോയി.

ശ്ലീഹായുമായുള്ള ആലോചന ഈ ഘട്ടത്തിൽ ആരും തന്നെ അറിയാതിരിക്കയാണു് നന്നെന്നു് പെരുമാളിനും അഭിപ്രായമുണ്ടു്. താൻ ചെയ്യുന്നതു് തെററായതുകൊണ്ടു് ഗോപ്യമായിരിക്കണമെന്നല്ല. തെററാണെന്നു് ഒരിക്കൽപോലും സംശയം ഉണ്ടായിട്ടില്ല. പലർ അറിഞ്ഞാൽ അപ്രതീക്ഷിതമായി എന്തെങ്കിലും കുഴപ്പമൊ തടസ്സമൊ വന്നുകൂട്ടുമൊ എന്നുള്ള ഭയം കൊണ്ടു മാത്രമാണു്. പരസ്യമാകാതെ ആലോചന നടത്താൻ പററുകയില്ലെന്നു വരുന്ന പക്ഷവും ഈ സംരംഭത്തിൽ നിന്നു് പിന്മാറണമെന്നു് ഓക്കാൻപോലും കഴിവില്ല. പരസ്യമായാലും രഹസ്യമായാലും കാര്യം മുമ്പോട്ടു പോകണം. കഴിവുണ്ടെങ്കിൽ തല്ക്കാലം പരസ്യമാകാതെ കഴിക്കണം, എന്നേയുള്ളു. വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം ശ്ലീഹാ വരാതിരിക്കയില്ല എന്നു വിശ്വസിച്ചു്, ആ സന്ദർശനത്തിനും സംഭാഷണത്തിനും പെരുമാൾ ഒരുക്കം തുടങ്ങി. ശ്ലീഹായെ സ്വീകരിക്കുന്നതിനൊ, സല്ക്കരിക്കുന്നതിനൊ ഒരുങ്ങാനില്ല. അദ്ദേഹത്തിൽനിന്നു് അറിയേണ്ട വിവരങ്ങൾ എന്തൊക്കെയാണെന്നു പല ആഴ്ത്തെ ചിന്തയുടെ ഫലമായി ഒരു പട്ടിക മനസ്സിൽ തയ്യാറാക്കിയിട്ടുണ്ടു്. അതു് രേഖപ്പെടുത്തേണ്ട ആവശ്യമൊന്നുമില്ല. ഒരു വള്ളിയൊ പുള്ളിയൊ പോലും മറന്നുപോകയില്ല, ആ പട്ടിക ഒന്നു രണ്ടു് ആവൎത്തി പരിശോധിച്ചു ക്രമപ്പെടുത്തി. അങ്ങിനെ സ്വീകരണത്തിനുള്ള ഏററം പ്രധാന കാര്യം ശരിയായി. പിന്നെ വേണ്ടതു് അദ്ദേഹവുമായി സംസാരിക്കുമ്പോൾ മററാരും അലട്ടാതിരിക്കണമെന്നുള്ളതാണു്. പെരുങ്കോയിലകം കാര്യക്കാൎക്കു് ശ്ലീഹായു

മായുള്ള സന്ദേശനവിവരം അറിയാവുന്നതുകൊണ്ടു് സന്ദേശ കന്മാരിൽ നിന്നും മററുമുള്ള ശല്യം ഒഴിക്കാനുള്ള ബുദ്ധി മുട്ടു് ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടു്. ശ്ലീഹാ വ്യാഴാഴ്ച ഉച്ചയ്ക്കു ശേഷം വരുന്നുണ്ടു്. സംഭാഷണസമയത്തു് ആരും ഒരു തരത്തിലും കടന്നുവരികയോ ഉപദ്രവിക്കുകയോ ചെയ്യാതിരിക്കണം. തവണയ്ക്കു് ഏലിശായെ നിയോഗിക്കണം എന്നു് വയ്യാപുരിയോടു് ആജ്ഞാപിച്ചപ്പോൾ ആ ഒരുക്കവും പൂർത്തി ആയി.

വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം ശ്ലീഹാ വരുമെന്നു ബുധനാഴ്ച രാവിലെ തന്നെ ഏലീശാ പെരുമാളിനെ അറിയിച്ചു. അദ്ദേഹം പതിവുള്ള ഉറക്കം അല്പംനേരത്തെ കഴിച്ചുകളയാമെന്നുവച്ചു് ശ്രമിച്ചു. ഉറക്കം വരുന്നതേ ഇല്ല. ശ്ലീഹായെ കാണുന്നതിലുള്ള ആഹ്ളാദമൊ ഉത്സാഹമൊ, ഉറക്കത്തെ ഉച്ചാടനം ചെയ്തുകളഞ്ഞു. പെരുമാൾ പ്രതീക്ഷിച്ച സമയത്തു തന്നെ ശ്ലീഹാ വന്നു. സാഷ്ടാംഗപ്രണാമം ചെയ്തു് സ്വീകരിക്കുന്നതിനു് തുനിഞ്ഞ പെരുമാളിനെ തടഞ്ഞിട്ടു് ശ്ലീഹാ പറഞ്ഞു. "നമ്മുടെ കർത്താവിൻെറ—ദൈവത്തിൻെറ—മുമ്പിലല്ലാതെ പ്രണാമം ചെയ്യരുതെന്നാണു് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതു്. ഞാനും കേവലം ബലഹീനനായ ഒരു മനുഷ്യൻ മാത്രമാണു് ".

കുശലപ്രശ്നങ്ങൾ കഴിഞ്ഞപ്പോൾ ശ്ലീഹാ ചോദിച്ചു :—ആലോചനകളും അഭ്യസനങ്ങളും എങ്ങിനെ ഇരിക്കുന്നു ? എന്നെ കാണ്മാൻ വളരെ തിടുക്കമുണ്ടെന്നു് ത്രുബൻ പറഞ്ഞു.

പെ :— അങ്ങയെ കണ്ടപ്പോൾ തന്നെ, എനിക്കു് തോന്നിയിരുന്ന പ്രയാസങ്ങളും ബദ്ധപ്പാടും വളരെ കുറഞ്ഞു. ഒട്ടധികം കാര്യങ്ങൾ അറിയണമെന്നു് ആഗ്രഹമുണ്ടു് അല്പസമയം നമുക്കു സംസാരിക്കാം. അപ്പോൾ എനിക്കു് മനസ്സിനു സ്വാസ്ഥ്യം ഉണ്ടാകും. തുടർന്നു അറിയേണ്ട കാര്യങ്ങൾ ആരായുകയും ചെയ്തുകൊള്ളാം.

ശ്ലീഹാ :—അങ്ങിനെ ആവട്ടെ. അവിട്ടത്തെ ഇഷ്ടവും സൌകര്യവും അനുസരിച്ച്, അറിയേണ്ടവ ചോദിക്കാം.

പെ :—അങ്ങ് വിശ്രമം ലേശമില്ലാതെ ഈ വിധം സഞ്ചരിക്കുന്നതെങ്ങിനെയാണ്. യാത്രയിൽ ആഹാരത്തിനൊ താമസത്തിനൊ വേണ്ട സൗകര്യങ്ങൾ എങ്ങിനെ ഉണ്ടാകും?.

ശ്ലീ :—കർത്താവിൻെറ കല്പന അനുസരിച്ച് അവിട്ടത്തെ നിർദ്ദേശം നിർവ്വഹിക്കുന്നതിനാണല്ലൊ ഞാൻ യാത്ര ചെയ്യുന്നതു്. സർവ്വ ചരാചരങ്ങളുടെയും സൃഷ്ടാവും, കർത്താവും ആയ ദിവ്യരക്ഷകന്, എൻെറ ഗുരുവിന്, അവിട്ടത്തെ ദാസൻെറ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു അറിയാം. വേണ്ടതു തരും. തരുന്നവ മാത്രമാണ് എനിക്ക് ആവശ്യമെന്നു ഞാൻ മനസ്സിലാക്കി തൃപ്തിപ്പെട്ടും, സന്തോഷിക്കും.

പെ :—അതു വളരെ ശരിയാണ്. എന്നാലും ഇന്ന് ആഹാരം എവിടെ കിട്ടും, എവിടെ ഉറങ്ങും എന്നു പോലും അറിയാതെങ്ങിനെയാണ്.

ശ്ലീ :—അതിനു വേണ്ട പരിശീലനമാണ് ഞങ്ങൾക്കു തന്നതു്. വളരെ അധികംപേർ ഞങ്ങളുടെ ഗുരുവിനെ അനുധാവനം ചെയ്തുകൊണ്ടിരുന്നു. ഏതൊ പുതിയ വിദ്യയൊ, തന്ത്രമൊ കണ്ടുപിടിച്ചയാളാണ്, ജൂതജാതിയുടെ രാജാവാകാൻ ഇടയുണ്ട്, എന്നിങ്ങനെ ഓരോരുത്തർ മനോധർമ്മംപോലെ പറഞ്ഞു പരത്തുന്നുണ്ടായിരുന്നു. പുറകെ കൂടിയാൽ, പുതിയ വിദ്യയൊ, തന്ത്രമൊ, പ്രസ്ഥാനമൊ നടപ്പിൽ വരുമ്പോൾ ധാരാളം സമ്പാദിക്കാം എന്നു വച്ചു കൂടിയവർ ഉണ്ടായിരുന്നു. രാജസ്ഥാനം പ്രാപിക്കുമ്പോൾ നല്ല ഉദ്യോഗം കൈക്കലാക്കാം എന്നുള്ള ലാക്കിൽ അനുഗമിച്ചവരുമുണ്ടായിരുന്നു. ആവക ലാഭങ്ങൾ ഒന്നും പ്രതീക്ഷിക്കാൻ ഇല്ലാ എന്നു കണ്ടപ്പോൾ വളരെപ്പേർ പിരിഞ്ഞു പോയി.

പെ :—അതു ശരിക്കു മനസ്സിലായില്ല.

ശ്ലീ :—ഒരിക്കൽ കൂടിയിരുന്ന ശിഷ്യ സ്ഥാനാർത്ഥികളിൽ എഴുപ തുപേരെ വിളിച്ച് "എൻെറ ശിഷ്യന്മാരായ നിങ്ങൾ എൻെറ മുന്നോടികളായി, ഞാൻ പ്രയാണത്തിൽ സന്ദർശിക്കാനുദ്ദേശിക്കുന്ന, ഇന്നിന്ന ഗ്രാമങ്ങളിലും പട്ടണങ്ങളിലും പോകണം. "അതിന്ന് ഒരുങ്ങേണമെന്നൊ ?" ഒരുക്കമൊന്നും ആവശ്യമില്ല. ധരിച്ചിട്ടുള്ള വസ്ത്രങ്ങൾ മാത്രം മതി. അതു് മാററുവാൻ വേറെ കൊണ്ടുപൊയ്ക്കൂടാ ; പാദരക്ഷ, വടി ഇവ ഒന്നും വേണ്ടാ. "വഴിച്ചെലവിനു കാശോ ? കാശും വേണ്ടാ. ഒഴിഞ്ഞ മടിശ്ശീല പോലും കൈവശമുണ്ടായിരിക്കരുതു്. ആഹാരസാധനങ്ങളും വേണ്ടാ. നിങ്ങൾ എവിടെ എത്തുന്നുവൊ ,ആ സ്ഥലവാസികൾ നിങ്ങളുടെ ആവശ്യങ്ങൾ നിർവ്വഹിക്കും. നിങ്ങൾ സഞ്ചരിച്ചു "ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കണം" എന്നു കർത്താവു് ആജ്ഞാപിച്ചു. ഈവക പരീക്ഷണങ്ങളെയും, പരിശീലനങ്ങളെയും അതിജീവിച്ചവരാണു് ഞങ്ങൾ.

പെ :—ഇന്നും കഷ്ടപ്പാടിനു് കുറവൊന്നും ഇല്ലല്ലൊ ?

ശ്ലീ :—കഷ്ടപ്പാടുള്ളതായി ഒരിക്കലും തോന്നാറില്ല. ഒരു വിജയഘോഷയാത്രയിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകുന്നതിലും ഉത്സാഹമാണു് എപ്പോഴും തോന്നുന്നതു്. കർത്താവിൻെറ കല്പന, ലോകമെല്ലാം സഞ്ചരിച്ച് സകല ജാതികളെയും എൻെറ സദ്വാർത്ത അറിയിക്കുക എന്നാണു്. അതിനായി ഓട്ടുക എന്നുള്ളതു മാത്രമെ ഞങ്ങൾ ചെയ്യേണ്ടതുള്ളു. ഫലം തരേണ്ട കർത്താവു ധാരാളം ധാരാളം തരും, തരുന്നുണ്ടു്. ചെല്ലുന്ന ദിക്കിൽ എല്ലാം വിജയം സിദ്ധിക്കുന്നതു് കർത്താവു് അതിനു വേണ്ടതു് ചെയ്യുന്നതുകൊണ്ടു് മാത്രമാണു്. എന്നെക്കൊണ്ടു് എന്തു സാധിക്കാനാണു്.

പെ:—അപ്പോൾ പറവൂരിൽ തൃപ്തികരമായ പുരോഗതി ലഭിച്ചു, അല്ലേ?

ശ്രീ:—പറവൂരൊ, അതു്.........

പെ:—കോട്ടക്കാവു് എന്നായിരിക്കും അങ്ങേക്കു അറിവുള്ള പേരു്.

ശ്രീ:—കോട്ടക്കാവിലും കർത്താവു് വിജയിച്ചു. അങ്ങയുടെ അനുമതി പ്രയോജനപ്പെട്ടു. "വിളവു് പാകമായി കിടക്കുന്ന പാടങ്ങൾ വളരെയുണ്ടു്. കൊയ്യാൻ ആളുകൾ കുറവാണു്. വിളഞ്ഞുകിടക്കുന്ന ധാന്യമണികൾ പൊഴിഞ്ഞുപോകാതെ എത്രയും വേഗത്തിൽ കൊയ്തെടുക്കണം, വളരെ ഉത്സാഹമായി പ്രവർത്തിക്കണം" എന്നാണു് ഞങ്ങളോടു കൽപ്പിച്ചതു്. ഞാൻ ഓടി നടന്നു കൊയ്യുകയാണു്. ഫലം കർത്താവിനു കിട്ടുന്നു എന്നു് എനിക്കു് നല്ല വിശ്വാസം ഉണ്ടു്.

പെ:—കോട്ടക്കാവിൽ, അവിടത്തെ ദേശവാഴിയും കുടുംബവും, വളരെ നമ്പൂരിമാരും മാർഗ്ഗം സ്വീകരിച്ചു, അല്ലെ.

ശ്രീ:—ജൂതജാതിക്കാർ അവരുടെ ദൈവമായ യഹോവക്കു പക്ഷികളെയും മൃഗങ്ങളെയും ബലിഅർപ്പിക്കും. ബലിക്കുള്ള മൃഗമൊ പക്ഷിയൊ യാതൊരു ന്യൂനതയും ഇല്ലാത്തതായിരിക്കണം; എന്നാൽ മാത്രമെ യഹോവ തൃപ്തിപ്പെടുകയുള്ളു എന്നാണവരുടെ വിശ്വാസം.........

പെ:—അങ്ങു ജൂതജാതി......

ശ്രീ:—അതേ ഞാനും ജാതിയിൽ ജൂതൻ തന്നെ. വേദം വേറെ ആണെന്നേയുള്ളു. നസ്രാണി വേദത്തിൽ മൃഗബലി ഇല്ലെന്നും, ദൈവപുത്രൻ സ്ലീബായിൽ സ്വയം ബലിയായി അർപ്പിച്ചു എന്നും ഇന്നാൾ ഞാൻ പറഞ്ഞുവല്ലൊ.......

പെ:—അപ്പോൾ നസ്രാണികൾക്കു് ഇനി ഒരിക്കലും ഒരു ബലിയും വേണ്ടെന്നോ.

ശ്രീ :—കത്താവു് സ്വയം ബലിയായി അപ്പിച്ചതിൻെറ ഓമ്മയ്ക്കും അതിൻെറ ചിഹ്നമാനും രക്തരഹിതമായ ബലി, ശബ്ദകോലാഹലങ്ങൾ കൂടാതെ, പതിവായി അപ്പിക്കാൻ ഞങ്ങളോടു് ആജ്ഞാപിച്ചിട്ടുണ്ടു്. ആവക രഹസ്യങ്ങൾ ഞാൻ ധരിപ്പിച്ചുകൊള്ളാം. അതിനുള്ള അവസരം അടുത്തു തന്നെ ഉണ്ടാകും. യാതൊരു കോട്ടവും ഇല്ലാത്തവ ആയിരിക്കണം ബലിക്കുള്ളവ എന്നു പറഞ്ഞുവല്ലോ. ഇവിടെ എന്നെക്കൊണ്ടു് പ്രവത്തിപ്പിക്കുന്നതു് കത്താവാണു്. ആ പ്രവൃത്തിയുടെ ഫലം കത്താവിനാണു്. അവിടേയ്ക്കു കോട്ടമില്ലാത്ത വക തന്നെ കിട്ടണം എന്നാണു് എൻെറ ആഗ്രഹം. എന്നിൽ കൂടി പ്രവത്തിക്കുന്ന കത്താവു് കോട്ടമില്ലാത്ത ഫലം തരുന്നു. സ്വീകരിക്കുന്നു. അതാണു് എൻെറ പ്രവൃത്തി രംഗങ്ങളിൽ എല്ലാം, സംസ്കാരികമായും മററും ഔന്നത്യമുള്ളവരെ തന്നെ കത്താവു് തരുന്നതു്. പറവൂരിലും ഈ അനുഭവം തന്നെ ഉണ്ടായി എന്നേയുള്ളു. അങ്ങു തന്നെ ഈ പുതിയ മാഗ്ഗത്തെപ്പററി അന്വേഷിക്കുകയും, അതിൽ ഇത്ര അധികം താല്പയ്യം പ്രത്യക്ഷപ്പെടുത്തുകയും, ആ മാഗ്ഗത്തിൽ പ്രവേശിക്കുന്നതിനു തയ്യാറാവുകയും ചെയ്യുന്നതു് എൻെറ സാമത്ഥ്യം വല്ലതും കൊണ്ടാണോ? അല്പം ആലോചിച്ചാൽ, എൻെറ പ്രേരണ കൊണ്ടുപോലുമല്ല ഇപ്പോഴത്തെ മനഃസ്ഥിതി ഉണ്ടായതെന്നു സമ്മതിക്കും.

പെ :—അതു കുറെ ശരിയാണെന്നു തോന്നുന്നു.

ശ്രീ :—ഈ രാജ്യത്തിനു് കത്താവിൻെറ പ്രകാശം ലഭിച്ചു് അനുഗ്രഹം പ്രാപിക്കുന്നതിനു് അങ്ങയെ ആവശ്യമുണ്ടെന്നു കണ്ടു. അതു സാധിക്കുന്നതിനു ബലഹീനനായ എന്നെ കത്താവു് ഒരു ആയുധമായി സ്വീകരിച്ചു എന്നു മാത്രം.

പെ :—ദൈവത്തിൻെറ ഉദ്ദേശം മനസ്സിലാക്കാനുള്ള കഴിവു് മനുഷ്യനില്ല.

ശ്രീ:—അങ്ങിനെ വിശ്വസിച്ചു കഴിഞ്ഞാൽ നമ്മുടെ ബുദ്ധി മുട്ടുകൾ ഒട്ടധികം അപ്രത്യക്ഷമായിക്കൊള്ളും; അതു നില്ക്കട്ടെ. കോട്ടക്കാവിലെ സംഭവമായിരുന്നല്ലൊ നമ്മുടെ സംസാരവിഷയം. അവിടത്തെ ഉത്തമന്മാരിൽ ഭൂരിഭാഗവും സത്യം എന്തെന്നു മനസ്സിലാക്കി, അവക്കു പ്രകാശവും ലഭിച്ചു കഴിഞ്ഞു. ഇന്നു വിഘടിച്ചു നില്ക്കുന്ന ന്യൂനപക്ഷത്തേയും, കത്താവ് ശരിയായ മാൎഗ്ഗത്തിലേക്കു കൊണ്ടുവരും. അതിന് ഏററവും പററിയ കാലം എതാണെന്നു അവിടുത്തേക്കറിയാം.

പെ:—കേവലം കീടങ്ങളായ നമുക്ക് ആ കാര്യങ്ങളൊന്നും അറിഞ്ഞുകൂടാ. ദൈവം നടത്തുന്ന മാൎഗ്ഗങ്ങളിലൂടെ പോകാനുള്ള കഴിവ്, സന്മനസ്സ്, തരണമേ എന്നാണ് എന്റെ പ്രാൎത്ഥന.

ശ്രീ:—അത്രമാത്രമെ നമുക്കു ചെയ്യാൻ പ്രാപ്തിയുള്ളു. പക്ഷെ ആ പരമാൎത്ഥം—നാം കീടങ്ങളാണ്, ഒന്നിനും കഴിവില്ല എന്നു്—മനസ്സിലാക്കാനും, വിശ്വസിക്കാനും വലിയ പണിയാണ്. അങ്ങ് വലിയ പണിയുള്ള ആ കാര്യം സാധിച്ചു. അതൊരു വിജയം തന്നെയാണ്. ദൈവം നടത്തുന്ന മാൎഗ്ഗത്തിലൂടെ പോകാൻ ആഗ്രഹിക്കുന്നതു നിസ്സാര കാൎയ്യമൊന്നുമല്ല. പ്രാൎത്ഥിക്കുക, മുട്ടിപ്പായി പ്രാൎത്ഥിക്കുക, അപ്പോൾ ദൈവം വഴി തുറന്നുകാണിച്ചു തരും.

പെ:—പ്രാൎത്ഥിക്കാം. വേറെ എന്തൊക്കെയാണ് ചെയ്യേണ്ടതു്; അറിയാൻ ധൃതിയായി. എന്നെ അങ്ങയുടെ മാൎഗ്ഗത്തിലേക്കു ചേൎക്കാൻ ഇനി വൈകേണ്ടതുണ്ടോ എന്നു് ആലോചിക്കണം. ധൃതിവെക്കാതിരിക്കണം. സാവധാനമായി മുന്നോട്ടു പോകാം എന്നാണല്ലൊ പറഞ്ഞതു്.

ശ്രീ:—ഇനി വൈകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല, അന്നു ഞാൻ പറഞ്ഞതെല്ലാം അങ്ങു ശരിപ്പെടുത്തി കഴിഞ്ഞല്ലോ.

പെ :—എന്നാൽ എന്നു് ഏതു സമയത്തു് എന്നു കൂടി തീർച്ചപ്പെടുത്തി പറഞ്ഞാൽ ഒരുക്കങ്ങൾ പൂർത്തിയാക്കിക്കൊള്ളാം.

ശ്രീ :—ഉടൻ തന്നെ ആകുന്നതിനു വിരോധമില്ലല്ലോ ? തയ്യാറല്ലെ ?

പെ :—വിരോധമില്ലെന്നല്ല, എത്രയും വേഗത്തിൽ ചെയ്യണമെന്നു് അതിയായി ആഗ്രഹിക്കുന്നു എന്നാണു് പറയേണ്ടതു്. തയ്യാറു തന്നെ.

ശ്രീ :—നല്ലതു്. അതിലേയ്ക്കു ഒരു ദിവസം നിശ്ചയിച്ചു് നാളെ വരുമ്പോൾ പറയാം.

പെ :—നാളെ വരാൻ പററുമോ ?

ശ്രീ :—അങ്ങേയ്ക്കു പറയാനുള്ളതെല്ലാം പറയുകയും സംശയം തീർക്കാനുള്ളതു തീർക്കയും ചെയ്തു കഴിഞ്ഞില്ലല്ലോ എന്നു വച്ചു പറഞ്ഞതാണു്. ഇപ്പോൾ സന്ധ്യയോടടുക്കുന്നു, എനിക്കു പോകണം. ഇവിടെ അസൌകര്യമില്ലെങ്കിൽ, ഇന്നു വന്ന സമയത്തോടടുത്തു നാളെയും വരാം.

പെ :—അങ്ങു് വരുന്നതിനു തടസ്സമുണ്ടാക്കാൻ എന്റെ ജോലികളിൽ ഒന്നിനുപോലും കഴികയില്ല ഒരു ദിവസം ആരെയും കാണുന്നില്ല എന്നു തീർച്ചപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യമെങ്കിലും ഇല്ലാത്ത രാജാക്കന്മാർ കാണുമൊ ?

ശ്രീ :—പ്രജകളുടെ ജീവധനാദികളുടെ സംരക്ഷകനൊ, രക്ഷകർത്താവോ ആണു് ഒരു രാജാവു്. അതുകൊണ്ടു് പ്രജകളോടു ധാർമ്മികമായി ചില കടപ്പാടുകൾ ഉണ്ടാകുന്നു. ആ സ്ഥിതിക്കു് നാളെ ആരെയും കാണുന്നില്ല എന്നു് ഏകപക്ഷീയമായി തീർച്ചപ്പെടുത്താൻ രാജാവിനു് അവകാശമുണ്ടൊ എന്നു് സംശയം തോന്നാം. നാളെ ആരെയും കാണുന്നില്ല എന്നു വിധിച്ചാൽ, നാളെ എന്തെങ്കിലും അത്യാവശ്യമായ ഒരു കാര്യം അങ്ങയുടെ മുമ്പാകെ ബോധിപ്പിക്കേ

ണ്ടതായി ആക്കെങ്കിലും ഉണ്ടെങ്കിൽ അവക്ക് കഷ്ട പ്പാട്ട് ഉണ്ടാകയില്ലെ, നീതി ലഭിക്കാതെ വരിക യില്ലെ?

പെ:—നീതി–ന്യായ പരിപാലനാദി ദൈനംദിന കാര്യങ്ങ ളിൽ ഞാൻ ഇടപെടാറില്ല. അല്ലാതെ തന്നെ അവ മുറയ്ക്കു നടക്കത്തക്കവിധം എല്ലാ ഏർപ്പാടുകളും ഇവി ടെ ഉണ്ട്. അതിഗൌരവതരമായ കാര്യങ്ങളും നീതി ന്യായ നിർവ്വഹണത്തിനു നിയോഗിച്ചിട്ടുള്ളവരുടെ തീർപ്പുകളിൽ സങ്കടമുള്ളവരുടെ പരാതികളും ആണ് സാധാരണ എൻെറ അടുക്കൽ വരുന്നതു്. അങ്ങിനെ സങ്കടമുള്ളവർ രാവിലെ വരണമെന്നാണ് ചട്ടം. നടപടികൾ രാജാവിനെ ധരിപ്പിച്ച്, അഭിപ്രായം അറിയുകയും, മേൽനടപടിക്കു വേണ്ട നിർദ്ദേശ ങ്ങൾ വാങ്ങുകയും ചെയ്യേണ്ട ഉദ്യോഗസ്ഥന്മാർ അതിരാവിലെ വരിക എന്നതാണ് ഈ രാജ്യത്തു് നടപ്പ്. അതു കാലാകാലങ്ങളായിട്ടുള്ള രീതിയാണ്. ആ രീതി ഞാൻ മാററിയില്ല. ഇന്നും ആ രീതി അനുസരിച്ച് പലരെയും കാണുകയും സംസാരി ക്കയും ചെയ്യു. സിംഹാസനത്തോടുള്ള ബഹുമാനം കാണിക്കുന്നതിനായും മററും, എല്ലാ ദിവസവും തന്നെ പലർ വരാറുണ്ട്. അവക്കു സന്ദർശനത്തി നായി വച്ചിട്ടുള്ള സമയം മിക്കവാറും ഏഴര നാഴിക പുലരുമ്പോൾ മുതൽ പത്തു നാഴിക പുലരുന്നതു വരെയാണ്.

ശ്രീ:—പ്രത്യേക ഉദ്ദേശ്യത്തോടൊന്നുമല്ല; ഈ രാജ്യത്തെ രീതി മനസ്സിലാക്കാമല്ലൊ എന്നുവച്ച് ചോദിക്കു കയാണ്.........

പെ:—ചോദിക്കുകയാണ് എന്നു പറഞ്ഞു നിർത്തി യാൽ ചോദ്യമാകയില്ലല്ലൊ. ചോദിക്കണം ഞാൻ ഉത്തരം പറയാം.

ശ്രീ:—പത്തു നാഴിക പുലരുന്നതിനകം ഈ ജോലി എല്ലാം ബദ്ധപ്പെട്ടു തീർത്താൽ ബാക്കിയുള്ള സമയത്തു എന്തു ചെയ്യുമെന്ന് ചോദിക്കാമെന്നു വിചാരിച്ചാണ്...

പെ :—ഞാൻ വിശദമായി പറയാം. അവിട്ടത്തേയ്ക്കു സാവ കാശം ഉണ്ടെങ്കിൽ, അല്ല പോകാൻ സമയമാകുന്നു എന്നു പറഞ്ഞിട്ടു കുറെ നേരം ആയല്ലൊ. ഈ ചോദ്യത്തിനു് നാളെ വന്നാലുടനെ ഉത്തരം ചോദിക്കാതെ തന്നെ പറഞ്ഞു കൊള്ളാം. വല്ലതും അല്പം കുടിക്കുകയൊ.........

ശ്ലീ: —പാൽ കുടിച്ചിട്ടു് അല്പസമയമേ ആയുള്ളല്ലൊ.

പെ :—ഒരു ഇളനീരു് ?

ശ്ലീ: —എത്ര രുചികരമായ ഒരു സാധനം! ക്ഷീണം തീക്കാൻ അതിനുള്ള കഴിവു് വളരെയാണു്. ഇവിടെ നിന്നു തരാമെന്നു പറയുന്നതു് കുടിക്കാം.

ഇളനീരു് എത്ര എണ്ണം കുടിച്ചാലും മതിയാകയില്ല; അക്കാര്യത്തിൽ അമിത ഭക്ഷണം എന്ന തെററു താൻ ചെയ്തു പോകുന്നില്ലെ എന്ന സംശയം തോന്നാറുണ്ടു എന്നു്, നേരമ്പോക്കായിട്ടെങ്കിലും മാർതോമ്മാ പറയാറുണ്ടായിരുന്നു. "ഏദൻ തോട്ടത്തിലെ അത്യുത്തമമായ കായ് ഇതായിരുന്നൊ എന്തൊ. ഹവ്വാ പറിച്ചതിനു ശാപം വാങ്ങിയതു് ഒരു പഴമൊ, കനിയൊ ആയിരുന്നതു കൊണ്ടു് അതു് ഇളനീർ ആയിരിക്കയില്ല. ഇളനീർ കായ് ആണെങ്കിലും പഴം അല്ലല്ലൊ;" എന്നും അദ്ദേഹം നേരമ്പോക്കു പറയുമായിരുന്നു.

പിറെറന്നാൾ പതിവുള്ള സമയത്തു തന്നെ ശ്ലീഹാ പെരിങ്കോയിലിൽ എത്തി. പെരുമാൾ കാത്തിരിക്കുന്നു. തവണക്കാരൻ ഏലീശ തന്നെ. അതുകൊണ്ടു് ശ്രുമ്പൻ തന്നിച്ചിരുന്നു ബുദ്ധിമുട്ടേണ്ടതായി വന്നില്ല.

ശ്ലീഹായെ കണ്ടു് കുശലപ്രശ്നങ്ങൾ കഴിഞ്ഞപ്പോൾ പെരുമാൾ പറഞ്ഞു–"പത്തു നാഴിക പുലരുമ്പോഴേയ്ക്കു ജോലികൾ എല്ലാം തീർത്താൽ പിന്നെ സമയം കളയാൻ എന്താണു് മാർഗ്ഗം," എന്നു് ഇന്നലെ ചോദിച്ചതിനുത്തരം പറയാം. രാജകൊട്ടാരങ്ങൾ തോന്നിയാസത്തിൻെറയും, വഷളത്തങ്ങളുടെയും ഉറവിടമാണെന്നാണു് പ്രാചീനകാലം മുതൽ പൊതുവെയുള്ള വയ്പു്. അതു എറെക്കുറെ ശരിയുമാണു്. പക്ഷെ "വഷളത്തം" എന്നതിൻെറ നിർവ്വചനത്തെ ആശ്ര

യിച്ചാണ് ഗുണദോഷവിവേചനം ചെയ്യേണ്ടതു്. ഒരു രാജ്യക്കാർക്കോ, ജാതിക്കോ അറുവഷളത്തമായി തോന്നുന്ന ഒരു ഏർപ്പാട്ട്, അത്യുന്നതമായ ഒരു രീതിയാണെന്നു വേറൊരു കൂട്ടർക്ക തോന്നാൻ പാടില്ലാഴികയില്ല. കൊട്ടാരങ്ങളിൽ ശൃംഗാരാദിരസങ്ങൾ വേണമെങ്കിൽ ഉണ്ടാകും. അതിൻെറ ആസ്വാദനം ആവശ്യമാണെന്നോ, വഷളത്തമാകുമെന്നോ ഇല്ലെങ്കിൽ, എന്തിനു വേണ്ടെന്നു വയ്ക്കുന്നു എന്നു ചോദിക്കപ്പെടാം. ക്രീഡയും ക്രീഡാസക്തിയും ബലഹീനതയോ, അനാവശ്യമൊ, തെറ്റൊ ആണെന്നില്ലെങ്കിൽ അവ വജ്ജിക്കേണ്ടതായി വരുന്നില്ല. ഈ വക കാര്യങ്ങളിൽ ഞാൻ മനസ്സിലാക്കിയിട്ടുള്ളടത്തോളം, നിങ്ങളുടെ സംസ്കാരവും ഞങ്ങളുടെ സംസ്കാരവും തമ്മിൽ പൊരുത്തമില്ലെന്നു മാത്രമല്ല, വളരെ വളരെ അന്തരവുമുണ്ടു്. ഇവിടത്തെ സ്ത്രീകൾ സാധാരണ മാറു മറയ്ക്കാതെയാണ് നടക്കുന്നതു്. ജൂതന്മാൎക്ക് അതു് ഓർക്കാൻപോലും പാടില്ലാത്ത ഒരു സംഗതിയാണ്. യവനന്മാൎക്കും, റോമാക്കാൎക്കും എന്നല്ല പലൎക്കും, ആ വേഷം ധരിച്ച, അല്ലെങ്കിൽ വേഷമില്ലാത്ത ഒരു സ്ത്രീ പതിവ്രതയും ഉത്തമയും ആയിരിക്കുമെന്നു ഓർക്കാൻ തന്നെ പാറുകയില്ല. ആ വേഷവും ചാരിത്രവും ചാരിത്രരാഹിത്യവും തമ്മിൽ വലിയ ബന്ധമൊന്നുമില്ല എന്നതാണ് പരമാർത്ഥം..........

ശ്ലീ:—എന്നുവച്ചാൽ.

പെ:—നാട്ടിൽ നടപ്പുള്ള വേഷം ധരിക്കുന്നു എന്നു മാത്രം. അർദ്ധനഗ്നത—സൌകൎയ്യത്തിനു വേണ്ടി ആ വാക്കു ഉപയോഗിക്കയാണ്—അതാണ് എല്ലാവരുടെയും വേഷം എന്നു വരുമ്പോൾ അതിൽ പുതുമ ഒന്നും ഇല്ലാതാകുന്നു. അർദ്ധനഗ്നകളായ സ്ത്രീകളും, അർദ്ധനഗ്നരായ പുരുഷന്മാരും ധാരാളം ഉള്ളതുകൊണ്ടു മാത്രം കൊട്ടാരം വഷളത്വത്തിൻെറ കേളീരംഗമായിരിക്കും എന്നു വയ്ക്കുന്നതു് ശരിയായിരിക്കയില്ലെന്നാണ് ഞാൻ പറഞ്ഞതു്. ആഹാരം വേണ്ടപ്പോഴൊക്കെ കഴിച്ചു് തൊഴിലൊന്നുമില്ലാതെ വിഹരിക്കുന്ന ഒട്ടധികം സ്ത്രീപുരുഷന്മാർ എപ്പോഴും ഉള്ളതുകൊണ്ടു്, വഷളത്വത്തിനും വളം വച്ചുകൊടുക്കുന്ന രംഗമാണ് കൊട്ടാരങ്ങൾ എന്നുള്ളതു ശരിയാണ്. ആ മാർഗ്ഗത്തിൽ ജീവിക്കണമെന്നു

ള്ളവക്ക് വേണ്ട സൌകര്യം ഉണ്ടായിരിക്കും അവിടെ. നന്നാ ചെറുപ്പത്തിൽ ഞാനും ബലഹീനതകൾക്കു വിധേയ നായിട്ടുണ്ട്. വിവേകബുദ്ധി ഉദിച്ച ഘട്ടം മുതൽ ധർമ്മതല യുടെ കാഠിന്യം ബോദ്ധ്യമായതിനാൽ ഞാൻ ആ വശത്തേ യ്ക്കു നോക്കാതായി. ഉദ്യോഗസ്ഥന്മാരുടെ ചെയ്തി അറിയി ക്കലും, അവക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കലും ശരിയ്ക്കു നടത്തുകയാണെങ്കിൽ സമയം വളരെ വേണ്ടിവരും. മുഖം കാണിക്കലും ഉദ്യോഗസ്ഥന്മാരുടെ സന്ദർശനവും കഴിഞ്ഞാൽ ഉടൻതന്നെയാണ് കുളിയും ആഹാരവും. പിന്നെ കുറച്ചു സമയം വിശ്രമിക്കും. അപ്പോൾ ഉറങ്ങി എന്നു വരാം. അ തു കഴിഞ്ഞുവരുമ്പോൾ പത്തു പന്ത്രണ്ടു നാഴിക പകലാവും. ഉ ദ്യോഗസ്ഥന്മാർ എഴുതി കൊണ്ടുവരുന്നവയിൽ പ്രത്യേകിച്ച ശ്രദ്ധ അർഹിക്കേണ്ടവ എല്ലാം അവിടെ വച്ചിട്ട് പോകാൻ ആവശ്യപ്പെടും. അവ ശരിയ്ക്കു പരിശോധിക്കുകയും, പഠി ക്കുകയും ചെയ്‌വാൻ സമയം പോരാതെ വരികയേയുള്ളൂ. "രാജത്വം", ഒരു ഭാരവും ഇല്ലാത്ത പണി ആണെന്നുവച്ചു, ധർമ്മതല എല്ലാം ഉദ്യോഗസ്ഥന്മാരെ ഏല്പിക്കയാണെങ്കിൽ, എന്നുവച്ചാൽ അധികാരമത്രയും അവക്കു വിട്ടുകൊടുക്കുകയാ ണെങ്കിൽ, സമയച്ചെലവും, ബുദ്ധിമുട്ടും കൂടാതെ കഴിക്കാം. അതു് ധർമ്മമല്ലെന്നല്ല, അധർമ്മമാണെന്നാണ് എന്റെ മതം. അതുകൊണ്ട് എനിക്കു് സമയം ഇല്ലാതെ വരികയാണ്. സമയം കളയാൻ മാർഗ്ഗം എന്തെന്നു് ആരായേണ്ടതായി വരുന്നില്ല.

ശ്ലീ:—മനസ്സാക്ഷിക്കു് അനുസരണമായി ധർമ്മതല വഹി ക്കുകയും, സ്വയം നിയന്ത്രിക്കുകയും ചെയ്യുന്നതു കൊണ്ടാണ് അങ്ങേയ്ക്കു് ഞാൻ അറിയിച്ച സദ്‌വാ ർത്തയിൽ സന്തോഷം തോന്നി ഞങ്ങളോടു ചേരുന്ന തിനു് അവസരം ലഭിച്ചതു്. ദൈവം അങ്ങെ അനുഗ്രഹിച്ചു് അങ്ങെ നടത്തും കാത്തു രക്ഷിക്കും.

പെ:—അങ്ങിനെ സംഭവിക്കട്ടെ, എന്നാണെന്റെ പ്രാർത്ഥന.

ശ്ലീ:—അടുത്ത ദിവസം തെക്കൻപ്രദേശങ്ങളിലേയ്ക്കു പുറ പ്പെടണമെന്നാണ് ആഗ്രഹിക്കുന്നതു്. അങ്ങേയ്ക്കു വിരോധമില്ലെങ്കിൽ അവിടെയും പ്രചരണം നടത്തു

കയും, ചിലയിടങ്ങളിൽ എങ്കിലും പള്ളികൾ (ദേവാലയങ്ങൾ) ഉണ്ടാക്കുകയും ചെയ്യണമെന്നാണ് ഉദ്ദേശ്യം.

പെ :—എനിക്ക് വിരോധമൊ ? പ്രചരണത്തിനു നേരിട്ട് ഒന്നും ചെയ്‌വാൻ സാധിക്കുന്നില്ലല്ലൊ എന്ന് മനസ്താപം ഉണ്ട്. എവിടൊക്കെ വേണമെങ്കിലും പള്ളികൾ സ്ഥാപിക്കുന്നതിന് ഞാൻ മുമ്പു തന്നെ അനുവദിച്ചതല്ലെ ?

ശ്ലീ : —ആ അനുവാദം, സമീപ പ്രദേശങ്ങളിലേയ്ക്ക് എന്നു ധരിച്ചു. അതിന്മേൽ ആശ്രയിച്ചാണ് "കോട്ടക്കാവിൽ" പ്രവത്തിച്ചതു്. ഇനി ഞാൻ ആഗ്രഹിക്കുന്നതു് തെക്കെ ദേശങ്ങളിലേയ്ക്കു പോകണമെന്നാണ്.

പെ :—എൻെറ അധികാരസീമയിൽപെട്ട ഏതു ദേശത്തും പള്ളി വെയ്ക്കാൻ അനുവദിച്ചിരിക്കുന്നു. ഓരോ പ്രദേശത്തേയ്ക്കും പ്രത്യേകം അനുമതി ചോദിക്കേണ്ടാ. ഞാൻ കൂടി മാർഗ്ഗത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ എന്തെങ്കിലുമൊക്കെ നേരിട്ടു പ്രവത്തിക്കുന്നതിനു സാധിച്ചേക്കാം. എന്നാണ് എന്നെ സ്വീകരിക്കുന്നതു് ?

ശ്ലീ : —അങ്ങയുടെ പ്രവേശനം ഇനീം നീട്ടിവയ്ക്കേണ്ടതില്ലെന്നു ബോദ്ധ്യമായി. നാളെത്തന്നെ ആകുന്നതിനു എനിക്ക് തടസ്സമില്ല,—ഇവിടെ അസൌകര്യം ഇല്ലെങ്കിൽ.

പെ : —എനിക്ക് അസൌകര്യമൊന്നും തോന്നുന്നില്ല. നാളെ ഒരു ശുഭദിനമാണെന്നു അല്പം മുമ്പ് ഞാൻ പഞ്ചാംഗത്തിൽ നോക്കിയപ്പോൾ കണ്ടു. നാളെത്തന്നെ ആവട്ടെ.

ശ്ലീ : —ആവാം.

പെ :—എന്നെ സ്വീകരിച്ചിട്ട് ഉടൻ തന്നെ തെക്കൻ ദേശത്തേയ്ക്കു പുറപ്പെടണമെന്നാണൊ. എനിക്ക് വിശ്വാസം സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടെ

ങ്കിൽ ഒന്നു് ചോദിക്കുന്നതിനു് ആരും ഇല്ലാതെ വരുന്നു. കുറെ ദിവസം വിശ്രമിച്ചശേഷം ഈ ശ്രമകരമായ യാത്രയ്ക്കു പുറപ്പെട്ടാൽ പോരായൊ.

ശ്ലീ:—വിശ്വാസകാര്യങ്ങളിൽ അങ്ങേയ്ക്കു സംശയം ഒന്നും ഉണ്ടാവില്ല. ഉണ്ടാകാനാണെങ്കിൽ ഇതിനു മുമ്പു തന്നെ ഉണ്ടാകുമായിരുന്നു. ഇനി ചോദ്യത്തിൻെറ രണ്ടാം ഭാഗത്തിനു് ഉത്തരം പറയാം. അതു് അല്പം ദീർഘമായിരിക്കും. ഒന്നു രണ്ടു പ്രാവശ്യം ആ സംഗതിയെപ്പററി സംസാരിക്കാൻ ഒരുങ്ങിയതായിരുന്നു. അപ്പോഴൊക്കെ സമയമായില്ല എന്നു തോന്നി. അതുകൊണ്ടു് മാററിവച്ചതാണു്. അങ്ങു് എന്നെ കാണുമ്പോളൊക്കെ ഈ വിധം, ഇടതടവില്ലാതെ യാത്ര ചെയ്യാലൊ, അതു് അത്യന്തം ക്ലേശകരമല്ലേ എന്നു ചോദിക്കാറുണ്ടു്. എൻെറ മനസ്സാക്ഷി എന്നെ അടിച്ചോടിക്കയാണെന്നുള്ളതാണു് പരമാത്ഥം. ഞാൻ ഒരു മഹാപരാധിയാണു്. എന്നെ ആത്മാത്ഥമായി സ്നേഹിക്കുകയും എനിക്കു വേണ്ടി സ്വജീവൻ തന്നെ വെടിയുകയും—അതും അത്യന്തം നികൃഷ്ടവും ഭയങ്കര വേദന ഉണ്ടാക്കുന്നതുമായ മരണം മൂലം—ചെയ്ത എൻെറ കത്താവിനോടു ഞാൻ വിശ്വാസവഞ്ചന കാണിച്ചു. അതു് ഓക്കുന്ന സമയത്തെല്ലാം എനിക്കു് അതിവേദനയാണു് അനുഭവപ്പെടുന്നതു്.........

ഗൽഗദംകൊണ്ടു് ശ്ലീഹായിക്കു സംസാരിക്കാൻ വയ്യാതായി. അനുഭാവമൊ, അനുശോചനമൊ അറിയിക്കയല്ല, മനോവികാരത്തെ താനെ അടക്കുവാൻ അവസരം നല്കുകയാണു്, വേണ്ടതെന്നു് തോന്നുകയാൽ പെരുമാൾ മൌനം ദീക്ഷിച്ചു.

അല്പനിമിഷങ്ങൾകൊണ്ടു് വികാരത്തെ അടക്കിയിട്ടു് ശ്ലീഹാ തുടന്നു "........ആ സംഭവത്തെപ്പററി ഓക്കുമ്പോൾ, ഇപ്പോഴും ഞാൻ വികാരാധീനൻ ആയിപ്പോകുന്നു. ക്ഷമിക്കണെ. ഞാൻ തുടരാം. അദ്ദേഹം, എൻെറ കത്താവു, ദൈവപുത്രനാണെന്നു് എനിക്കു് ശരിക്കു് അറിയാമായി

രുന്നു. ലോകത്തിൻെറ രക്ഷയ്ക്കായി താൻ യാഗമായി അർപ്പിക്കപ്പെട്ടുമെന്നും, എന്നാൽ മൂന്നാംനാൾ ഉയിർത്തു എണീല്ക്കുമെന്നും ഞങ്ങളെ ധരിപ്പിച്ചിരുന്നതാണ്. അതു സംഭവിച്ചപ്പോഴോ? ഞാൻ അശ്ശേഷം വിശ്വസിച്ചില്ല. മരണശേഷം ഞാൻ ഹാജരില്ലാഞ്ഞ അവസരത്തിൽ കർത്താവ് എൻെറ സഹശിഷ്യന്മാരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവർ ഭയന്നു വാതിൽ അടച്ച് മുറിയിൽ കുത്തിയിരിക്കുമ്പോൾ, കതകു തുറക്കാതെയാണ് കർത്താവ് അവരുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ടതു്; അദ്ദേഹത്തിൻെറ കൈകളിലും, കാലുകളിലും, പള്ളയിലും ഉള്ള മുറിവുകൾ ശരിക്കു കണ്ടു എന്നു് അവർ എന്നോടു പറഞ്ഞു. ആരു പറഞ്ഞാലും എൻെറ കണ്ണുകൊണ്ടു് കാണുകയും, പഞ്ചമുറിവുകളിൽ തൊട്ടുനോക്കി ആൾമാറാട്ടമല്ലെന്നു ബോദ്ധ്യം വരുത്തുകയും ചെയ്യാതെ വിശ്വസിക്കാൻ ഞാൻ തയ്യാറില്ല എന്നു് ഞാൻ അവരോടു തീർത്തുപറഞ്ഞു. കർത്താവ് വീണ്ടും പ്രത്യക്ഷപ്പെട്ടു. ഞാൻ പറഞ്ഞതെല്ലാം അദ്ദേഹം അറിഞ്ഞിരുന്നു. "തോമ്മാ എന്താണ് എന്നെ അവിശ്വസിക്കുന്നതു്, എൻെറ വാക്കുകൾ വിശ്വസിക്കാത്തതു്? ഇതാ എൻെറ മുറിവുകൾ വേണ്ടവിധം പരിശോധിച്ച്, ആൾമാറാട്ടം വല്ലതുമുണ്ടോ എന്നു തീർച്ചപ്പെടുത്തുക. എങ്ങിനെയും നീ വിശ്വസിക്കണമെന്നാണ് എനിക്ക് പറയാനുള്ളതു്. ഒരാൾ അവിശ്വാസിയായിരിക്കുന്നതു് നന്നല്ല". എന്നു് കർത്താവു പറഞ്ഞു. അതു് ശാസനാരൂപത്തിലൊന്നുമായിരുന്നില്ല. സ്നേഹം കവിഞ്ഞൊഴുകുന്ന നോട്ടവും വാക്കുകളും! ഭൂമി പിളർന്നു് എന്നെ വിഴുങ്ങിക്കളഞ്ഞിരുന്നെങ്കിൽ മതിയായിരുന്നു എന്നു് എനിക്കു് തോന്നി. എന്താണു് ചെയ്യേണ്ടതു്. എന്താണു് പറയേണ്ടതു് എന്നെനിക്കു അറിഞ്ഞുകൂടായിരുന്നു. "എൻെറ കർത്താവേ, എൻെറ ദൈവമെ!" എന്നു മാത്രം ഞാൻ വിളിച്ചു. അതിൽ എൻെറ പശ്ചാത്താപവും ഗുരുഭക്തിയും, സ്നേഹവും എല്ലാം ശരിക്കു പ്രതിഫലിച്ചിരുന്നു. കർത്താവിന്നു് തൃപ്തിയായി. എന്നെ ഏല്പിച്ച ജോലി വിശ്വസ്തതയോടും, ആത്മാർത്ഥതയോടും നിർവ്വഹിക്കുമെന്നു ബോദ്ധ്യമായി എന്നു ഞാൻ കണ്ടു. ഒരിക്കൽ ഞാൻ അവിശ്വസ്തനായി. ഇനി

അങ്ങിനെ വരാതിരിക്കുന്നതിനു്, എൻെറ ജോലി എന്നാൽ കഴിവതുപോലെ നിവ്വഹിക്കുന്നതിനു് ശ്രമിക്കയാണു്. അതിനുവേണ്ട എല്ലാ സൗകര്യങ്ങളും സ്വൎഗ്ഗീയ ശക്തി തന്നെ ഏൎപ്പെടുത്തി തന്നുകൊണ്ടാണിരിക്കുന്നതു്. ഞാൻ കേവലം ഒരു ആയുധം മാത്രമാണു്. ഓരോ സമയത്തും ഉണ്ടാകുന്ന കല്പന, എൻെറ അന്തരംഗം വഴി തന്നെ അയച്ചു തരുന്ന കല്പന അനുസരിച്ചു പ്രവൎത്തിക്കുക മാത്രമാണു് ഞാൻ ചെയ്യുന്നതു്. ഓടാനും പറക്കാനും വേണ്ടതിലധികം ശക്തി തന്നാൽ പിന്നെ ഓടരുതൊ? പറക്കരുതൊ? ഇപ്പോഴും ഏററം നിസ്സാര സംഗതികൾ പോലും കൎത്താവു് ക്രമപ്പെടുത്തി തന്നുകൊണ്ടാണിരിക്കുന്നതു്. ഞാൻ ചെയ്ത വിശ്വാസവഞ്ചനക്കു ശരിയായ പരിഹാരം ആയി എന്നു് എനിക്കു തന്നെ ബോദ്ധ്യം വരുന്നതുവരെ ഓടാനുള്ള ശക്തി തരണമെ എന്നാണെൻെറ പ്രാൎത്ഥന. ഇന്നു് അറിയപ്പെടുന്ന ലോകത്തിൻെറ ഒരു നല്ല ഭാഗമെല്ലാം എന്നെ നടത്തി. ബാക്കി ഭാഗങ്ങളിൽ, ഞാൻ എത്തേണ്ട ദിക്കുകളിലേയ്ക്കും നടത്തുമെന്നാണു് എൻെറ വിശ്വാസം. എപ്പോഴെങ്കിലും അല്പ സംശയം തോന്നിയാൽ ഞാൻ ഈ കൈയിൽ ഒന്നു നോക്കും. സംശയം തോന്നിയാൽ ഈ വിരലുകളിൽ ഒന്നു നോക്കും. തൽക്ഷണം സംശയം തീരുകയും ചെയ്യും.

പെ:—ആ വിരലുകളിൽ കാണുന്ന ചുവപ്പുനിറം?

ശ്ലീ:—കൎത്താവിൻെറ പഞ്ച മുറിവുകളിൽ തൊടുന്നതുവരെ ഈ വിരലുകൾ പെട്ടകെട്ടിയാണിരുന്നതു്. തൊട്ടശേഷം അവ വിട്ടുമാറി. അതിൽ പിന്നെ അവയുടെ നിറവും ഇതാണു്. ഒരിക്കലും മാറുന്നില്ല. ഞാൻ എപ്പോഴും ഓൎത്തിരിക്കുന്നതിനായിരിക്കണം.

# ൮

പെരിങ്കോയിലകത്തു് എത്ര ഉദ്യോഗസ്ഥന്മാരുണ്ടു്, താണതരം ജോലിക്കാരെത്രയുണ്ടു്, അന്തേവാസികൾ ആകെ എത്രയുണ്ടു് എന്നു് ആർക്കെങ്കിലും നിശ്ചയമുണ്ടോ എന്നു സംശയമാണു്. വാനവരമ്പനു് നിശ്ചയമില്ലെന്നു് തീർച്ച. പ്രതിഫലം പററുന്ന ഉദ്യോഗസ്ഥന്മാരുടെയും ജോലിക്കാരുടെയും എണ്ണം കാര്യക്കാർ വയ്യാപുരിക്കു് അറിയാൻ സാധിക്കും. ഇപ്പോൾ അറിയാമെന്നല്ല, അറിയണമെങ്കിൽ ഓരോ വകുപ്പിന്റെയും ചുമതല വഹിക്കുന്നവരോടു് ആവശ്യപ്പെട്ടു വരുത്താൻ കഴിയും. മാസാന്ത്യം എല്ലാം കൂട്ടി എഴുതി ശമ്പളം എല്ലാം ഒരുമിച്ചു് വാങ്ങി വിതരണം ചെയ്യുക എന്നുള്ള ഏർപ്പാടൊന്നും നടപ്പുണ്ടായിരുന്നില്ല. പ്രതിഫലം ക്ലിപ്തപ്പെടുത്തിയിട്ടുള്ളവർക്കുതന്നെ "കിട്ടുമ്പോൾ കിട്ടി" എന്ന നിലയിലാണു് കാര്യങ്ങൾ നടന്നുവന്നതു്. പ്രതിഫലക്ലിപ്തി ഇല്ലാതെയും, ജോലിക്കാരുടെ എണ്ണത്തിൽപെടാതെയും ഓരോ വകുപ്പിന്റെയും മേധാവികളുടെ തണലിൽ അനേകമനേകം ആളുകൾ ഉണ്ടായിരുന്നു. അവരെല്ലാം പുരുഷന്മാർ മാത്രമായിരുന്നു എന്നു ധരിക്കേണ്ടതില്ല. സ്ത്രീകൾ ചെയ്യേണ്ട ജോലികൾ ചെയ്യുന്നതിനെന്നുള്ള ഭാവത്തിൽ പെരിങ്കോയിലകത്തു കഴിച്ചുകൂട്ടുന്ന യുവതികളുടെ സംഖ്യ വളരെയാണു്. യൌവ്വനം കടന്നതൊ നശിച്ചതൊ ആയ സ്ത്രീകളെ അവിടെ അധികമായി കാണാനില്ല. യൌവ്വനയുക്തകളായ ഇന്നത്തെ കോയിലകം സേവികമാർ, നാളെ അല്ലെങ്കിൽ യൌവ്വനം എന്നു നശിക്കുന്നുവൊ അന്നു് ഏതു വഴിക്കു് പോകുന്നു എന്നു് ആരും അന്വേഷിക്കാറില്ല. ആ കാലം വരുമ്പോൾ, അങ്ങിനെയുള്ള വനിതകൾ, പകരം പുത്രിമാരെയൊ, സ്വന്തത്തിലുള്ള മററു് ഏതെങ്കിലും യുവതികളെയൊ, കോയിലകം സേവനത്തിന്റെ മൂലസൂത്രങ്ങൾ പഠിപ്പിച്ചു് പ്രവേശിപ്പിച്ചിട്ടു് പിൻവാങ്ങി വിശ്രമസുഖം അനുഭവി

...എന്നു നമുക്കു വിശ്വസിച്ചുകളയാം ... ഒന്നു തീച്ച്. പെരിങ്കോയിലകത്ത് ഒരു ...രം" തന്നെയുണ്ട്. അതിൽ ഭൂരിപക്ഷത്തിനും ...ായ കായക്ലേശമൊ മനഃക്ലേശമൊ ഉണ്ടാകുന്ന തൊ...ം സാധാരണ ഗതിയിൽ ഇല്ല. സ്ത്രീകൾക്കു കൂടിയിരുന്നു ...ററം പറഞ്ഞു രസിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ എല്ലാം ഉണ്ട്. പെരിങ്കോയിലകത്ത് ഏതെങ്കിലും ഓണം കേററ മൂലയിൽ സ്ത്രീകളുടെ ഏഷണി സംഘടനയുടെ പ്രത്യേകയോഗം നടക്കുന്നതു് ആണ്ടാൾ കണ്ടാൽ അപ്പോഴെല്ലാവരും കടക്കാൻ വഴി കടക്കും. ആ അമ്മ അവരുടെ വാസഗൃഹമായ ചിന്നകോയിലകത്തുനിന്നു് ഇറങ്ങി, അതിവിശാലമായ പെരിങ്കോയിലകത്തെ ഗർഭഗൃഹങ്ങളിൽ ചരിക്കാറില്ല. അതുകൊണ്ട് ഏഷണി സംഘടനാ സമ്മേളനങ്ങൾ തടസ്സമൊന്നും കൂടാതെ നടന്നുകൊള്ളും.

പുരുഷന്മാക്കും കൂടിയിരുന്നു് വെടി പറയുന്നതിനും "മററും" വേണ്ട സൗകര്യങ്ങൾ എല്ലാം ഉണ്ട്. സ്ത്രീപുരുഷസമാഗമം വിലക്കപ്പെട്ടിട്ടില്ലാഞ്ഞതിനാൽ ഇരുവർഗ്ഗക്കാരും യോജിച്ചു നടത്തുന്ന ശൃംഗാര കലാസമ്മേളനങ്ങളും വിരളമായിരുന്നില്ല. പൊതുസമ്മേളനങ്ങളിലെയും ചച്ചാവിഷയങ്ങൾ പെരുമാൾ, ആണ്ടാൾ, ഇതര രാജകുടുംബാംഗങ്ങൾ ഇവരും ഇവരുടെ നടത്തകളും തന്നെ. കാര്യക്കാരെയും വിട്ടുകളയാറില്ല. ഈ ഉന്നത വ്യക്തികളോടു അതതു സമയം അടുത്തു നില്ക്കുന്നവർ, അവരവരുടെ ആളുകളെപ്പററി സംസാരിക്കും. തുറന്നു് അപലപിക്കാൻ ആക്കും ധൈര്യമുണ്ടാവില്ല. എങ്കിലും ഓരോരുത്തരു് നോട്ടംകൊണ്ടും ഭാവം കൊണ്ടും ഒക്കെ കഥ മററുള്ളവരെ ധരിപ്പിക്കും. തിരിഞ്ചല്ലൂർ (കൊടുങ്ങല്ലൂർ) ചേരൻെറ പെരിങ്കോയിലകത്തെ രീതി ഏതാണ്ട് ഈ വിധത്തിലായിരുന്നു.

വാനവരമ്പൻെറ ജ്ഞാനസ്നാനം സുദീഘമൊ, പരസ്യമൊ ആയ ചടങ്ങായിരുന്നില്ല. ഇന്നു ക്രിസ്തുമതത്തിൻെറ വിവിധ ശാഖക്കാരും, അവരവരുടെ മതകമ്മങ്ങൾക്കു് എല്ലാം പ്രത്യേകം പ്രത്യേകം അനുഷ്ഠാന രീതികളും, ആചാര മയ്യാദകളും ക്രമീകരിച്ചിട്ടുണ്ട്. കാലം കൊണ്ട് അവ

വളന്നതു് അപ്രകൃതമല്ല. മാർത്തോമ്മാ ശ്ലീഹായ്ക്കു് വാനവരമ്പനെ "മുദ്രകുത്തി" സ്വീകരിക്കുന്നതിനു് അധികസമയം വേണ്ടിവന്നില്ല. ജ്ഞാനസ്നാനം ചെയ്യുമ്പോൾ "പേരിടുക" എന്ന രീതിയും അന്നു നടപ്പിൽ വന്നിരുന്നില്ല. അതുകൊണ്ടു് ക്രിസ്ത്യൻ നാമമെന്നോ ജ്ഞാനസ്നാന നാമമെന്നോ എന്തെങ്കിലും ഒന്നു സ്വീകരിച്ചു് പഴയ പേരു് ഉപേക്ഷിക്കാൻ അദ്ദേഹം നിർബ്ബന്ധിതനായില്ല. വാനവരമ്പൻ വാനവരമ്പനായിതന്നെ തുടന്നു.

കമ്മാനുഷ്ഠാനന്തരം പെരുമാളിനു പ്രത്യേക ഉപദേശങ്ങൾ അധികമൊന്നും കൊടുക്കേണ്ടതായി വന്നില്ല. അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ടവ എല്ലാം, അദ്ദേഹത്തെ പഠിപ്പിച്ചാണു് ജ്ഞാനസ്നാനത്തിനൊരുക്കിയതു്. കമ്മാനുഷ്ഠാനത്തെപ്പററി അല്പം എന്തോ പറഞ്ഞശേഷം ശ്ലീഹാ അടുത്തു തന്നെ തെക്കൻ ദിക്കിലേയ്ക്കു പുറപ്പെടുന്നു എന്നു് പെരുമാളെ ഓമ്മപ്പെടുത്തി.

പെ:—ആ യാത്രയിൽ എവിടൊക്കെയൊ പള്ളികൾ വയ്ക്കുന്നതിനു് ഞാൻ അനുവദിക്കണമെന്നു് സൂചിപ്പിച്ചതായി ഓക്കുന്നു. എവിടെല്ലാം പള്ളികൾ സ്ഥാപിക്കണമെന്നു് ശ്ലീഹായ്ക്കു തോന്നുന്നുവൊ, അവിടൊക്കെ ആവാം എന്നു് മുമ്പു തന്നെ പറഞ്ഞിട്ടുണ്ടു്. ഔപചാരികമായുള്ള അനുവാദകല്പന എഴുതി ശരിപ്പെടുത്താൻ ഇന്നു തന്നെ കാര്യക്കാരെ ഏപ്പാടു ചെയ്തു നാളെ തന്നു കൊള്ളാം.

ശ്ലീ:—അതു് വലിയ വലിയ സഹായമായിരിക്കും. എന്നെ സംബന്ധിച്ചിടത്തോളം, ഇവിടുത്തെ വാങ്മൂലമായ അനുമതി ധാരാളം മതി. പക്ഷെ ഇവിടെ നിന്നു ദൂരത്തുള്ള ദേശവാഴികളെയൊ അധികാരികളെയൊ തൃപ്തിപ്പെടുത്താൻ അതു മതിയാകാതെ വന്നേക്കാം. അതുകൊണ്ടാണു് രേഖാമൂലമുള്ള അനുവാദം വലിയ സഹായമായിരിക്കുമെന്നു പറഞ്ഞതു്.

പെ:—എനിക്കു ചില സംശയങ്ങളൊ പ്രയാസങ്ങളൊ ഒക്കെ തോന്നുന്നു. ശ്ലീഹായുടെ ആലോചന ....

ശ്ലീ:—എനിക്കു അറിയാവുന്ന ഏതെങ്കിലും കാര്യം സംബന്ധിച്ചാണെങ്കിൽ..........

പെ:—രാജ്യകാര്യമൊ, രാജകാര്യമൊ.........

ശ്ലീ:—അയ്യൊ ! എനിക്കാവക ഒന്നുമെ അറിഞ്ഞുകൂടായല്ലൊ.

പെ:—അനേക രാജ്യങ്ങളിൽ സഞ്ചരിക്കയും നിരവധി ആളുകളുമായി ഇടപെടുകയും ചെയ്തിട്ടുള്ളതുകൊണ്ട് എനിക്കു വേണ്ട ഉപദേശം തരുന്നതിനു ശ്ലീഹാസ്സു സാധിക്കുമെന്നാണു് എന്റെ വിശ്വാസം.

ശ്ലീ—എനിക്കു് അറിയാവുന്നതെന്തു തന്നെ ആയാലും പറയാം. അല്ലാത്തവസ്സു് എന്തുപദേശമാണു് തരേണ്ടതെന്നു് എനിക്കു് കാണിച്ചു തരാൻ ഞാൻ കൎത്താവിനോടു പ്രത്യേകം പ്രാൎത്ഥിച്ചു് വിവരം കിട്ടുമ്പോൾ പറഞ്ഞുതരാം.

പെ:—ശ്ലീഹാ യാത്ര പുറപ്പെട്ടശേഷം, എനിക്കുണ്ടാകുന്ന പ്രയാസങ്ങൾക്കും, സംശയങ്ങൾക്കും, നിവാരണം ഉണ്ടാക്കി തരണമെന്നു് ഞാൻ അപേക്ഷിച്ചാൽ കൎത്താവു കേൾക്കുമൊ, മറുപടി തരുമൊ.

ശ്ലീ:—തീൎച്ചയായും കേൾക്കും, മറുപടി തരികയും ചെയ്യും. പക്ഷെ നാം പ്രതീക്ഷിക്കുന്ന വിധത്തിലല്ലായിരിക്കാം മറുപടി. കിട്ടുന്ന മറുപടിയുടെ അൎത്ഥം നാം അനുഭയിച്ചു മനസ്സിലാക്കേണ്ടതായി വരാം. പരിഭാഷ ചെയ്യേണ്ടതായിവരാം. അപേക്ഷിക്കുന്നതെല്ലാം അനുവദിക്കുമെന്നു് പ്രതീക്ഷിക്കരുതു്. ഇന്നു്, ഇപ്പോൾ വളരെ നന്നെന്നു് നാം വിശ്വസിക്കുന്ന ഒന്നു സൎവ്വാബദ്ധമാണെന്നു നാളെ തോന്നാം. അല്പം ആലോചിച്ചാൽ ഈ വിധമുള്ള സംഭവങ്ങൾ അങ്ങേയ്ക്കും അനുഭവപ്പെട്ടിട്ടുള്ളതായി കാണാൻ കഴിയുമെന്നാണെന്റെ വിശ്വാസം. മനുഷ്യബുദ്ധികൊണ്ടു് ആലോചിച്ചു നാം നന്നെന്നു വയ്ക്കുന്നതു്, നന്നല്ലാ എന്നു് സൎവ്വശക്തനായ ദൈവം കണ്ടാൽ, നമ്മുടെ അപേക്ഷ അനുവദിക്കേണ്ടതില്ലല്ലൊ.

പെ:—അതു ശരിയാണ്. ആ വശം ഞാൻ ഇപ്പോഴാണ് കണ്ടതു്.

ശ്ലീ:—എൻെറ അനുഭവത്തിൽ നിന്നാണ് ഞാനീപറഞ്ഞതു് എന്നു ധരിക്കണെ-

പെ:—എന്നെ കുറെ ബുദ്ധിമുട്ടിക്കുന്ന ഒരു സംഗതി എന്റെ സ്ഥാനവും, അതിൻെറ ചുമതലകളുമാണ്. ഞാൻ നസ്രാണി വേദം സ്വീകരിച്ചതു് ഒളിച്ചുവയ്ക്കാതെ ഉടൻ തന്നെ പരസ്യമാക്കാൻ പോകയാണ്. അതു് അറിയുമ്പോൾ ചിലരെല്ലാം ക്ഷോഭിച്ചേയ്ക്കാം. പ്രക്ഷോഭണം ഉണ്ടാവാൻ എളുപ്പമുണ്ട്. അങ്ങിനെ രാജ്യത്തു് അസമാധാനമൊ കലാപങ്ങളൊ ഉണ്ടായാൽ ഞാൻ എന്തു ചെയ്യണം. സ്ഥാനം രാജിവച്ചു് പിൻമാറുകയാണൊ വേണ്ടതു്; അതൊ എതിർക്കുന്നവരെ അമർത്തുകയാണൊ വേണ്ടതു്.

ശ്ലീ—അങ്ങു് നസ്രാണി ആയതിനെ ആസ്പദമാക്കി പ്രക്ഷോഭണമൊ ബഹളമൊ നടന്നേയ്ക്കും എന്നു് എന്തിനു ഭയപ്പെടുന്നു.

പെ:—ഭയമുണ്ടായിട്ടല്ല. ബഹളം ഉണ്ടായേക്കാമെന്നു് ഞാൻ ഒന്നും അറിയാതെ പറയുന്നതല്ല. അവസരം പാർത്തിരിക്കുന്ന ചിലരുണ്ട്. അവർ ചാടി പുറപ്പെട്ടേയ്ക്കും. അങ്ങിനെ സംഭവിച്ചാൽ ഞാൻ സ്വീകരിക്കേണ്ട നയമെന്തെന്നാണ് ശ്ലീഹായുടെ അഭിപ്രായം.

ശ്ലീ:—ഇത്ര വലിയ ഒരു കാര്യത്തിൽ അഭിപ്രായം പറയുന്നതിനൊ, ഉപദേശം നൽകുന്നതിനൊ ഉള്ള കഴിവു് എനിക്കില്ല. കർത്താവു് ഞങ്ങളെ പന്ത്രണ്ടു് പേരെയാണ് ശിഷ്യന്മാരായി തെരഞ്ഞെടുത്തതു്. ഞങ്ങളാരും ജനസമുദായത്തിൽ ഉയന്ന സ്ഥാനമുള്ളവരായിരുന്നില്ല. ഭൂരിപക്ഷവും മീൻ പിടിച്ചു് വിററു കാലയാപനം ചെയ്യുന്നവരായിരുന്നു. കർത്താവു് ഞങ്ങളെ വിളിച്ചു് "നിങ്ങളുടെ വലകൾ വള്ളത്തിൽ വിട്ടിട്ടു് വരിക" എന്നാണാജ്ഞാപ

ച്ചതു്. ആ കല്പന ഞങ്ങൾ അനുസരിച്ചു. അതിൽ പശ്ചാത്തപിക്കുന്നില്ല. ഇതാണു് എൻെറ ചുവട്ടു്. രാജ്യകാര്യത്തെപ്പററിയൊ, രാജസിംഹാസനം സംബന്ധിച്ചുള്ള സംഗതികളെപ്പററിയൊ എന്തെങ്കിലും ആലോചന പറഞ്ഞുതരാൻ ഞാൻ യോഗ്യനല്ലെന്നു് ഇതിൽനിന്നു് മനസ്സിലാക്കാമല്ലൊ. എന്നാൽ "എനിക്കുവേണ്ടി ത്യാഗം സഹിക്കുന്നവക്കു് ഒരിക്കലും നഷ്ടം ഉണ്ടാകയില്ല. ഇഹത്തിൽ സഹിക്കുന്ന നഷ്ടം പരലോകത്തിൽ അവക്കുണ്ടാകുന്ന ലാഭമായിരിക്കും". എന്നു് കത്താവു് തെളിച്ചു് പറഞ്ഞിട്ടുണ്ടു്. അതു് അങ്ങേക്കും ബാധകമായിരിക്കും. നമ്മുടെ കത്താവു് ശരിക്കു് വാക്കു് പാലിക്കും എന്നു് അനുഭവത്തിൽ നിന്നു തന്നെ പറയാൻ കഴിയും. ഞാൻ ഈ ദീഘപര്യടനത്തിനു പുറപ്പെട്ടപ്പോൾ എന്തെല്ലാമാണു് എൻെറ തലയിൽ വന്നു വീഴാൻ പോകുന്നതെന്നു് വലിയ ഭയം തോന്നി. ഞാൻ അതേപ്പററി പ്രാത്ഥിച്ചു. "നീ പോകുന്ന ദിക്കിലെല്ലാം കൂട്ടായി നിൻെറ കൂടെ ഞാനും ഉണ്ടു്. ഭയപ്പെടേണ്ടാ. പൊയ്ക്കൊൾകാ" എന്നു് കല്പിച്ചു. ഞാൻ ആ വാഗ്ദത്തത്തെ ആശ്രയിച്ചു പുറപ്പെട്ടു. ഒരു നിമിഷം പോലും കത്താവു് എന്നെ വിട്ടു പിരിഞ്ഞിട്ടില്ല എന്നുള്ള ബോധം എനിക്കുണ്ടു്. അതു് എന്നെ ധൈര്യപ്പെടുത്തുന്നുമുണ്ടു്. അങ്ങു് കത്താവിൽ പൂണ്ണമായി വിശ്വസിച്ചും, ആശ്രയിച്ചും ആണല്ലൊ നസ്രാണി വേദം സ്വീകരിച്ചതു്. കത്താവിൽ പൂണ്ണമായി ശരണപ്പെട്ടു മുമ്പോട്ടു പോകണം. ബുദ്ധിമുട്ടുകളൊ, പ്രയാസങ്ങളൊ, ഉണ്ടായാൽ അവ കത്താവിൻെറ മുമ്പിൽ സമപ്പിച്ചു് അവയെ എങ്ങിനെ അഭിമുഖീകരിക്കണം, തരണം ചെയ്യണം, എന്നു കാണിച്ചു തരുവാൻ അപേക്ഷിക്കണം. നിശ്ചയമായും വഴികാണിച്ചു തരും. അതു സ്വീകരിച്ചു കൊണ്ടാൽ മതി.

പെ :—ശ്ലീഹായുടെ ഈ ഉപദേശം എനിക്ക് അതിയായ ആശ്വാസം തന്നു കഴിഞ്ഞു. അവിടുന്നു ചൂണ്ടി ക്കാണിച്ച മാർഗ്ഗത്തിലൂടെത്തന്നെ ഞാൻ പോകാം.

ശ്ലീ :—കഷ്ടപ്പാടുകളും പ്രയാസങ്ങളും വരുന്നതു് അല്ലെങ്കിൽ വരുത്തുന്നതു് നമ്മെ നന്നാക്കാൻ ആണെന്നു വിശ്വ സിച്ചു കഴിഞ്ഞാൽ അവയെ നേരിടാൻ എളുപ്പ മാകും. ഞാൻ നാളെത്തന്നെ തെക്കൻ ദേശങ്ങളി ലേയ്ക്കു പുറപ്പെടുകയാണു്. അവിടുത്തേയ്ക്കു വേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിച്ചു കൊള്ളാം. എനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്നു് അപേക്ഷയുണ്ടു്. എന്തു തന്നെ സംഭവിച്ചാലും പരിഭ്രാന്തനാകാതെ കർത്താവിൽ പൂർണ്ണമായി ആശ്രയിച്ചു കൊള്ളണം. ഒരിക്കലും മനസ്സാക്ഷിക്കു് എതിരായി ഒന്നും ചെയ്യരുതു്. കർത്താവു് നിങ്ങളെ അനുഗ്രഹിക്കും.

മാർ തോമ്മായുമായി പിരിഞ്ഞശേഷം ഒന്നു രണ്ടു് ദിവസത്തേയ്ക്കു് പെരുമാൾ ഭാവി പരിപാടികളെപ്പററി വളരെ കാര്യമായി ചിന്തിക്കയാണു് ചെയ്തതു്. പ്രാർത്ഥനാ പൂർവം നടത്തിയ ആലോചനയിൽ ശരിയായ ഒരു കർമ്മ പദ്ധതി രൂപം പ്രാപിക്കയുണ്ടായി. ആദ്യമായി പെരു ന്തേവിയേയും, മകളേയും താൻ പുതിയ മാർഗ്ഗത്തിൽ പ്രവേ ശിച്ച വിവരം ധരിപ്പിക്കുക എന്നു് നിശ്ചയിച്ചു. അതിനു ശേഷം വിശ്വസ്ത സചിവനായി വർത്തിക്കുന്ന കാര്യക്കാരൻ വയ്യാപുരിയുമായി ആലോചിച്ചു്, ഈ സംഗതി പ്രജകളെ എല്ലാവരെയും പരസ്യമായി അറിയിക്കണമൊ, വേണമെ ങ്കിൽ എങ്ങനെ എന്നും നിശ്ചയിക്കണമെന്നു് തീർച്ചപ്പെ ടുത്തി. പെരുമാളിനു് പടത്തലവൻ തിതിയൻെറ ആത്മാ ർത്ഥതയിൽ സംശയമുണ്ടു്. തിതിയനു് ശത്രുതയ്ക്കു കാരണ മൊന്നും ഉണ്ടായിട്ടില്ല. അയാളെ മദ്യപാനത്തിൽ നിന്നു വിടർത്താൻ ഒരിക്കൽ ശാസിക്കയുണ്ടായി. തൻെറ നന്മ യ്ക്കാണു് അങ്ങിനെ ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യു ന്നതെന്നറിയാം. ഇനിമേൽ മദ്യപാനം ചെയ്കയില്ല എന്നു് പറഞ്ഞെങ്കിലും അയാൾക്കു ശത്രുതയുണ്ടു്. ചതിക്കാൻ ശ്രമി ച്ചേയ്ക്കും എന്നാണു് വാനവരമ്പനു് തോന്നിയതു്. പരി

ഗണനാഗ്ഹമായ എതൃപ്പ് പെരുന്തേവി ആണ്ടാളിൽ നിന്നായിരിക്കും ഉണ്ടാകുന്നതെന്നും ഭയമുണ്ട്. ആരെല്ലാം എതിർത്താലും, എന്തെല്ലാം പ്രയാസങ്ങൾ ഉണ്ടായാലും മുമ്പോട്ടു തന്നെ പോകണം. ഒന്നും ഒളിച്ചു വയ്ക്കുകയും വേണ്ടാ എന്നാണ് അദ്ദേഹം തീരുമാനിച്ചതു്. ഭാവിയിൽ എന്തെല്ലാമുണ്ടാകുമെന്നു് ഇപ്പോൾ കണ്ടറിഞ്ഞു് അവയ്ക്കു് പരിഹാരം നിശ്ചയിക്കാൻ പററുകയില്ലല്ലോ. വരുന്നവ, വരുമ്പോൾ മറുപോരൊ പോംവഴിയൊ കാണുക എന്നും വച്ചു.

രണ്ടു നാലു ദിവസങ്ങൾക്കു ശേഷമേ പെരുന്തേവിയെ വിവരം ധരിപ്പിക്കാൻ അവസരം ഉണ്ടായുള്ളു. മകൾ അക്കമ്മാൾ കൂടി ഉണ്ടായിരിക്കുകയും, മകൻ ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ മാത്രം സംസാരിക്കാമെന്നാണ് നിശ്ചയിച്ചിരുന്നതു്. അവസരം ഉണ്ടായി. പെരുമാൾ പറഞ്ഞു:—"ഒരു സന്തോഷവാത്ത നിങ്ങളെ രണ്ടാളെയും അറിയിക്കാനുണ്ടു്."

"അപ്പ, എന്താണു്; എന്താണു്.?" എന്നു് അത്യുത്സാഹത്തോടെ അക്കമ്മാൾ ചോദിച്ചു. ആണ്ടാൾ "കേൾക്കാൻ ഞാൻ ഇതാ തയ്യാറായിരിക്കുന്നു" എന്നു ധരിപ്പിച്ചു.
പെ:—"ഞാൻ നസ്രാണി മാഗ്ഗത്തിൽ ചേന്നു."

ആണ്ടാൾ മൌനം ദീക്ഷിച്ചു. എന്നാൽ കൂട്ടതൽ അറിയാൻ ആഗ്രഹമുണ്ടെന്നു ധരിപ്പിക്കുകയും ഉണ്ടായി. അക്കമ്മാൾ "അതെന്താണു് അപ്പ" തുറന്നു ചോദിച്ചു.

പെ:—കുറെ മുമ്പു് ഒരു ദിവസം നീ ക്ഷേത്രത്തിൽ നിന്നു് വരുമ്പോൾ ഒരാൾ നാലും കൂട്ടുന്ന വഴിയിൽ നിന്നു സംസാരിക്കുന്നതു കണ്ടു എന്നും, അദ്ദേഹം പറയുന്നതു് പലരും അവരവരുടെ ഭാഷയിൽ കേട്ടു എന്നും പറഞ്ഞതു് ഓമ്മയുണ്ടൊ ? അദ്ദേഹം പ്രചരിപ്പിക്കുന്ന വേദമാണു് നസ്രാണിമാഗ്ഗം.

"നന്നായി" എന്നു് അക്കമ്മാൾ ക്ഷണത്തിൽ പറഞ്ഞു.

"ആ മനുഷ്യൻ ഒരു മന്ത്രവാദിയാണെന്നല്ലെ പറയുന്നതു്" എന്നു ആണ്ടാൾ ചോദിച്ചു.

അക്കമ്മാളുടെ താൽപര്യം വേറൊരു വഴിക്കു തിരിഞ്ഞതു കൊണ്ടോ നരതൊ അമ്മയുടെ ചോദ്യം സുഖിക്കാഞ്ഞതു കൊണ്ടോ, എന്തോ അവൾ അവിടെ നിന്നു് ഇറങ്ങിപ്പോയി.

പെ:—"ആ മനുഷ്യൻ മന്ത്രവാദിയാണെന്നും, ബൌദ്ധനാണെന്നും പറയുന്നവരുണ്ട്. എന്നാൽ അദ്ദേഹം ഒരു മഹാസിദ്ധനാണെന്നു് എനിക്കു് ബോദ്ധ്യപ്പെട്ടിട്ടുമുണ്ട്. ഞാൻ ഇവയിൽ ഏതാണു് സ്വീകരിക്കേണ്ടതെന്നു് ആണ്ടാൾ തന്നെ പറയണം."

ആണ്ടാൾ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണു്. "ഞാൻ ആ മനുഷ്യനെ കണ്ടിട്ടില്ല. അദ്ദേഹത്തിൻെറ സംസാരം കേട്ടില്ല. അയാളുടെ മതത്തെപ്പററി യാതൊന്നും മനസ്സിലാക്കിയുമില്ല. പിന്നെങ്ങിനെയാണു് ഒരഭിപ്രായം പറയുന്നതു്?" എന്നു് ചോദിച്ചു.

പെ:—അഭിപ്രായം രൂപവൽക്കരിക്കണം, എനിക്കു് വേണ്ട ആലോചന പറഞ്ഞുതരണം, എന്നു തീർച്ചപ്പെടുത്തിക്കൊണ്ടു് വിവരങ്ങൾ ശേഖരിക്കാമല്ലോ."

ആണ്ടാ:—അതാവാം. അദ്ദേഹത്തിൻെറ മാർഗ്ഗത്തിൽ ചേർന്നു കഴിഞ്ഞെങ്കിൽ; ഇനിയും ആലോചനയും ഉപദേശവും ഒന്നും ആവശ്യമില്ലല്ലൊ.

പെ:—ചേർന്നു എന്നു വച്ചു് വിവരങ്ങൾ അറിയുന്നതിലും വിവിധ അഭിപ്രായഗതികൾ മനസ്സിലാക്കുന്നതിലും എന്താണു് തെററു്?

ആ:—തെററില്ലെങ്കിലും പ്രയോജനമില്ലാത്ത പാഴ്‌വേലയാണെന്നു് അറിഞ്ഞുകൊണ്ടു് ആരെങ്കിലും എന്തെങ്കിലും ചെയ്യുമൊ.?

പെ:—പാഴ്‌വേലയാണെന്നു് എന്തിനു് വയ്ക്കുന്നു.

ആ:—എൻെറ പേടി വേറൊന്നാണു്. ഈ വിവരം പരസ്യമാകുമ്പോഴേയ്ക്കു് ആളുകൾ ഒക്കെ കൂടി ബഹളം കൂട്ടുകയില്ലേ. ദേശവാഴികൾ ശല്യം തുടങ്ങുകയില്ലേ എന്നാണു്.

പെ :—ഞാൻ ദൈവത്തെ ഏതു രൂപത്തിലാണ് കാണേണ്ടതു്, ധ്യാനിക്കേണ്ടതു് എന്നു് തീരുമാനിക്കുന്നതു് പ്രജകളും, ദേശവാഴികളും കൂടെയാണോ, ഞാനാണോ എന്നു് തീരുമാനിച്ചു കളയാം.

ആ :—ഇതൊന്നും പരസ്യമാക്കാതിരുന്നാൽ പോരായൊ ? അപ്പോൾ കുഴപ്പം ഉണ്ടാകയില്ലല്ലൊ.

പെ :—രഹസ്യമായി വച്ചുകൊണ്ടിരിക്കേണ്ട കാൎയ്യമല്ലാത്തതുകൊണ്ടു് പരസ്യമാക്കണമെന്നാണു് ഞാൻ തീൎച്ചപ്പെടുത്തിയതു്.

ആ :—ഇഷ്ടമുള്ള ദൈവത്തെ ഇഷ്ടംപോലെ സേവിക്കയൊ, ദ്വേഷിക്കയൊ ചെയ്തു കൊണ്ടാൽ മതി എന്നും, അതു മററാരെയും വിളിച്ചറിയിക്കേണ്ട എന്നും വയ്ക്കുകയല്ലേ നന്നു് ? എനിക്കു് തോന്നിയ അഭിപ്രായം പറഞ്ഞു എന്നേയുള്ളു. ഇവിടുത്തെ ഇഷ്ടംപോലെ ചെയ്യാമല്ലൊ. അപകടം ഒന്നും വരുത്തിക്കൂട്ടാതിരിക്കണമെന്നൊരു അപേക്ഷയേ എനിക്കുള്ളു.

പെ :—എന്തു് അപകടമാണു് നീ കാണുന്നതു്.

ആ ;—ഇവിടുത്തെ സ്ഥാനവലിപ്പത്തിൽ അസൂയ ഉള്ളവർ വളരെ ഉണ്ടെന്നറിഞ്ഞുകൂടായൊ, എങ്ങിനെയാണു് ഒന്നു താഴ്ത്തിക്കെട്ടേണ്ടതെന്നു് തല പുകഞ്ഞു് ആലോചിക്കുന്നവർ രാജ്യത്തിൻെറ നാനാഭാഗത്തുമുണ്ടു്. മേൽക്കോയ്മസ്ഥാനം വലിച്ചെറിഞ്ഞു് സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യണമെന്നും, അതെ തുടൎന്നു പെരുമാൾ സ്ഥാനം തന്നെ കയ്യടക്കണമെന്നും മോഹമുള്ള ദേശവാഴികൾ ഉണ്ടായിരിക്കുമൊ. ഉണ്ടെങ്കിൽ അങ്ങിനെയുള്ളവർ വക്കാണത്തിനു വരുമൊ എന്നു ആലോചിക്കണമെന്നപേക്ഷയുണ്ടു്. എന്തിനാണു് വയ്യാവേലി വിലയ്ക്കു വാങ്ങുന്നതു് ? മതം മാറണമൊ, ആകാമല്ലൊ. ഇതെല്ലാം പരസ്യമാക്കുന്നതെന്തിനാണെന്നാണു് ഞാൻ ബഹുമാനപുരസ്സരം ചോദിക്കുന്നതു്. ചോളൻ .........?

പെ :—ഒളിച്ചു വയ്ക്കേണ്ടതായി ഞാൻ ഒന്നും ചെയ്തിട്ടില്ല. ചോളൻ വക്കാണത്തിനു വരികയില്ല. ദേശവാഴികൾ ആരും ആ വിധം മോഹിക്കുമെന്നു തോന്നുന്നില്ല.

ആ :—തുറന്നു പറയുന്നതു് ക്ഷമിക്കണം. ഒളിച്ചുവയ്ക്കത്തക്കതായി ഒന്നും ചെയ്തിട്ടില്ലെങ്കിൽ നന്നു്. എന്നാലും എല്ലാം പരസ്യമാക്കണമെന്നുണ്ടോ എന്നാണു് ഞാൻ പിന്നെയും ചോദിക്കുന്നതു്. കലികാലമാണു്. അതിൻെറ മാററങ്ങൾ ഓരോ ദിവസവും കൂടുതൽ കൂടുതൽ പ്രത്യക്ഷപ്പെട്ടുന്നുണ്ടു്. പൂച്ചയ്ക്കു് എന്താണു് പൊന്നു് ഉരുക്കുന്നിടത്തു കാര്യം എന്നു തോന്നാം. കുലനെ ഓർത്തിട്ടാണു് ഞാൻ ഇത്രയും പറഞ്ഞുപോയതു്.

പെ :—കുലശേഖരൻെറ ഭാവി ശോഭനമായിരിക്കണമെന്നാണു് എൻെറയും ആഗ്രഹം. അവൻെറ അപ്പ കൊള്ളരുതാത്തവനൊ, ഭീരുവൊ ആയിരുന്നു എന്നു് ലോകം പഴിക്കരുതെന്നു് എനിക്കു് നിർബ്ബന്ധമുണ്ടു്.

ആ :—അപ്പയെപ്പററി ആരോപണങ്ങൾ ഉണ്ടാകുന്നതും, പിൻതുടച്ചാവകാശം നഷ്ടപ്പെട്ടുന്നതും തമ്മിൽ തട്ടിച്ചു നോക്കിയാൽ ഏതായിരിക്കും ഭേദം എന്നു ഒന്നു് ആലോചിച്ചാൽ വേണ്ടില്ല.

പെ :—ആലോചിക്കുന്നതിനു് വിരോധമൊന്നും തോന്നുന്നില്ല. അവസാനമായി പറയാമല്ലൊ. ഞാൻ ഒളിച്ചു കളിക്കാൻ തയ്യാറില്ല. അതിനാവശ്യമില്ലെന്നാണു് എൻെറ മതം. ഫലം എന്തു തന്നെ ആയാലും, അനുഭവിക്കേണ്ടതായി വരുന്നയാൾ, ഞാനായാലും, അവകാശികളായാലും ശരി, എൻെറ അഭിപ്രായം മാറേറണ്ട ആവശ്യം ഒന്നും കാണുന്നില്ല. എൻെറ ശക്തിക്കനുസരിച്ചു് ആലോചിച്ചു്, ദീർഘമായി ആലോചിച്ചു ചെയ്ത കാര്യമാണു്. ഈ ലോകജീവിതം ക്ഷണഭംഗുരമാണു്. കഷ്ടപ്പാടുണ്ടായാൽ അതും ക്ഷണത്തിൽ തീരും. പാരത്രിക ജീവിതം അങ്ങനെ അല്ല. അതു കഷ്ടത്തിലാകരുതെന്നു

വച്ചാണ് ഈ ജന്മത്തിൽ പുണ്യം ചെയ്യണമെന്നു പറയുന്നതു്. ഞാൻ ചെയ്ത തീച്ച് പുനഃ പരിശോധന ചെയ്യേണ്ട ആവശ്യം കാണുന്നില്ല.

ആ :—ഇഷ്ടം പോലെ ആവട്ടെ. എനിക്കു് തോന്നിയ അഭിപ്രായം, അറിയിച്ചു എന്നേയുള്ളു. അവിട്ടന്നു ചെയ്യുന്ന തീരുമാനം ഇന്നും എന്നും എനിക്കു സ്വീകാര്യം തന്നെ.

വാനവരമ്പൻ നിശ്ചയമനുസരിച്ചു് മുമ്പോട്ടു തന്നെ പോകുകയാണു്. നസ്രാണിവേദമൊ, മറെറതു മതമൊ സ്വീകരിക്കുന്നതിനു് മററാരെയും പോലെ തനിക്കും സ്വാതന്ത്ര്യമുണ്ടെന്നാണു് അദ്ദേഹത്തിൻെറ മതം. ആ നിലയ്ക്കു്, പുതിയ മാഗ്ഗം സ്വീകരിച്ച വിവരം, പ്രത്യേകിച്ചു് ആരെയും അറിയിക്കേണ്ട അവശ്യമില്ല. എങ്കിലും പെരുമാൾ എന്ന നിലയിൽ പൊതു മനുഷ്യനൊ, പൊതുജനപ്രതിനിധിയൊ ആണു്. അതുകൊണ്ടു് മതം മാറിയ വിവരം പ്രജകളെ ധരിപ്പിക്കയാണു് നന്നു്. ഒരു ഔദ്യോഗിക പ്രസ്താവനയൊ, പ്രഖ്യാപനമൊ ആവശ്യവുമില്ല. ഒളിച്ചുവയ്ക്കേണ്ടതുമില്ല. ഇതായിരുന്നു പെരുമാൾ സ്വീകരിച്ച നില. പിറെറന്നാൾ കാര്യക്കാർ ചെയ്തികൾ അറിയിക്കുന്നതിനും കല്പനകൾ വാങ്ങുന്നതിനും വന്നപ്പോൾ നസ്രാണിവേദം സ്വീകരിച്ച വിവരം ഒരു സാധാരണ സംഭവമെന്ന രീതിയിൽ അദ്ദേഹത്തെ ധരിപ്പിച്ചു. ഇത്ര ക്ഷണത്തിൽ ഇതുപോലൊരു തീരുമാനം ചെയ്തു് നടപ്പിൽവരുത്തുമെന്നു്, ആ മാഗ്ഗത്തെയും അതിൻെറ ആചാര്യനെയും പററി മുമ്പു് പെരുമാൾ സംസാരിച്ചപ്പോൾ കാര്യക്കാർ ഓത്തതേ ഇല്ല. വാത്ത കേട്ടപ്പോൾ അതിൽ പുത്തരിയായി എന്തെങ്കിലും ഉണ്ടെന്നു് തോന്നിയതായി കാര്യക്കാർ ഭാവിച്ചതുമില്ല. കാര്യക്കാരുടെ നയം പെരുമാളിനു് ഇഷ്ടപ്പെട്ടു. രാജ്യകാര്യത്തെയൊ പൊതുജനക്ഷേമത്തെയൊ, ഗുണമായൊ, അല്ലാതെയൊ സ്പർശിക്കത്തക്കവിധത്തിൽ, പെരുമാൾ ഒന്നും പ്രവത്തിച്ചില്ലെന്നാണു്, കാര്യസാരജ്ഞനായ കാര്യക്കാരുടെ തീപ്പെന്നു് പെരുമാൾ അനുമാനിച്ചു.

പടത്തലവൻ തിതിയനെ വിവരം ധ...
അട്ടത്തപടി. തിതിയൻ അത്യുത്തനാണെന്നും ...
പൂർണ്ണമായി വിശ്വസിച്ചുകൂടെന്നും പെരുമാളിനു് ...
പക്ഷെ ഏതെങ്കിലും തരത്തിൽ ശല്യപ്പെട്ടത്താൻ ഇന്ന...
പരിതഃസ്ഥിതികളിൽ അയാൾ തുറന്നു് ഇറങ്ങുകയില്ല. ശ...
വിൻെറ ആക്രമണമൊ, രാജ്യത്തു് കാര്യമായ അസ്വസ്ഥ...
തയൊ ഉള്ള കാലത്താണെങ്കിൽ, അയാൾ ഭീഷണിപ്പെട...
ത്താനൊ, ചതിക്കാൻ തന്നെയൊ മടിച്ചില്ലെന്നുവരാം .ഏത...
യാലും തിതിയൻ അറിയും. ഒന്നും മറച്ചുവയ്ക്കണമെന്നു്
വിചാരിക്കുന്നുമില്ല. ഒക്കെക്കൂടി ആലോചിക്കുമ്പോൾ അയാ
ളെ താൻ തന്നെ ധരിപ്പിക്കുന്നതാണു് ഉത്തമം എന്നാണു്
പെരുമാളിനു് തോന്നിയതു്. അട്ടത്ത ദിവസം മുഖം
കാണിക്കുവാൻ വരുന്ന സമയം, സാധാരണ സംഭാഷണ
ത്തിനിടയിൽ നസ്രാണിവേദം സ്വീകരിച്ച വിവരവും അറി
യിക്കാമെന്നു വച്ചു.

പടത്തലവൻ വന്നു. പെരുമാളിനെ ധരിപ്പിക്കേണ്ട വിവരങ്ങൾ ധരിപ്പിച്ചു കഴിഞ്ഞപ്പോൾ, അനൌപചാരികമായി എന്തൊക്കെയൊ പെരുമാൾ സംസാരിച്ചു. അതിനുശേഷം ചോദിച്ചു. "പരദേശത്തു നിന്നു് ഒരു സിദ്ധൻ വന്നിട്ടുണ്ടെന്നു കേട്ടൊ."

തിതിയൻ: —"ഒരു ബൌദ്ധസന്യാസിയൊ മാന്ത്രികനൊ വന്നിട്ടുണ്ടെന്നു കേട്ടു. എന്താണാവൊ കല്പിച്ചു ചോദിച്ചതു്.

പെ:—സൈനികർക്കു വിവരം ലഭിച്ചോ എന്നറിയാമല്ലൊ എന്നുവച്ചും.......

തിതി:—ആ മനുഷ്യൻ പാലയൂരിൽ ചെന്നു് മാന്ത്രികവിദ്യ കൊണ്ടു് അവിട്ടത്തെ നമ്പൂരിമാരെ പരിഭ്രാന്തരാക്കി, ക്ഷേത്രത്തിലെ പ്രതിമകൾ എല്ലാം താഴെ വീണു് ഉടയുവാൻ ഇടയാക്കി. വേറെയും എന്തൊക്കെയൊ നടത്തി നമ്പൂരിമാരിൽ ഒരു ഭാഗത്തെ പാട്ടിലാക്കി ക്ഷേത്രം കൈവശപ്പെട്ടത്തി. ബാക്കി ഉണ്ടായിരുന്ന നമ്പൂരിമാർ പരിഭ്രാന്തരായി, എല്ലാം

...ച്ചു് സ്ഥലംവിട്ടു. എന്നിങ്ങിനെയാണു് ...ന്നു് കിട്ടിയിട്ടുള്ള വിവരങ്ങൾ. ഓടിപ്പോയ ...നമ്പൂരിമാരിൽ ആരൊ മുഖം കാണിച്ചു് സങ്കടം അറിയിച്ചു എന്നു കേട്ടതും ഇപ്പോൾ ഓർമ്മയിൽ വരുന്നു.

...:—ശരിയാണു് ചിലർ വന്നിരുന്നു, അവർ വാതുകെട്ടി.. വാതുകെട്ടിയ നമ്പൂരിമാക്കു തോൽവി സംഭവിച്ചു. അതു പരദേശിയായ ആ സിദ്ധൻെറ മന്ത്രവാദം കൊണ്ടായിരുന്നു എന്നാണു് പരാതി.

...തിതി:—അങ്ങനെ അല്ല സംഭവിച്ചതെന്നായിരിക്കുമൊ തിരു മേനി കണ്ടുപിടിച്ചതു്.

പെ:—മാന്ത്രികവിദ്യകൊണ്ടാണെന്നു് അവക്കു് സംശയ മുണ്ടെന്നെയുള്ളു. ആ സിദ്ധൻ ഇവിടെ വരികയു ണ്ടായി. മാന്ത്രികനൊന്നുമല്ല. അദ്ദേഹത്തിൻെറ അത്ഭുതസിദ്ധികൊണ്ടാണു് എല്ലാം സാധിച്ചതെന്നു് ബോദ്ധ്യമായി.

തിതി:—അപ്പോൾ അദ്ദേഹം.....

പെ:— ഒരു പുതിയ വേദത്തിൻെറ അപ്പോസ്തലനാണു്. അഹിംസയാണു് അവരുടെ സിദ്ധാന്തങ്ങളുടെ ആണിക്കല്ലു് എന്നുവയ്ക്കാം. ശ്വസിക്കുമ്പോൾ ഈച്ച കളൊ പ്രാണികളൊ അപായപ്പെടാതെ സൂക്ഷി ക്കുക എന്നുള്ള അപ്രായോഗികമായ അഹിംസാരീ തിയല്ല. സംസാരം കൊണ്ടും നോട്ടം കൊണ്ടും, പ്രവ ത്തനങ്ങൾ വഴിക്കും ഹിംസ നടത്താം, അതു് ചെയ്യ രുതു്. ധാമ്മിക നിലവാരം ഉയത്തണം. അതു് മാനസികമായും, ശാരീരികമായും നിമ്മലമായ ജീവി തംകൊണ്ടു് സാധിക്കണം; എന്നിവ അവരുടെ മത സിദ്ധാന്തങ്ങളിൽ ഉൾപ്പെടുന്നു. വളരെ വിശിഷ്ട മായ തത്വങ്ങളിൽ അടിയുറപ്പിച്ചിട്ടുള്ളതാണു് ആ വേദമെന്നു നമുക്കു ബോദ്ധ്യമായി.

തിതിയനു് പറയാനൊന്നുമില്ലായിരുന്നതിനാൽ മൌ നം ഭജിച്ചില്ല. പെരുമാൾ തുടന്നു. " ആ വിധം ബോദ്ധ്യ

മായതിനാൽ നാം ആ മാർഗ്ഗം സ്വീകരിക്കുകയും ചെയ്തു." തിതിയന്റെ മുഖത്ത് ഒരു നിമിഷം പ്രത്യക്ഷപ്പെടുകയും, പ്രത്യക്ഷപ്പെടുന്നതിനു മുമ്പുതന്നെ എന്നു പറയത്തക്കവിധം അപ്രത്യക്ഷമാകുകയും ചെയ്തതു്, ഏതു വികാരത്തിന്റെ പ്രതിഫലനമായിരിക്കാമെന്നു പെരുമാൾ തന്നോടു തന്നെ ചോദിച്ചു; അത്ഭുതമൊ, ബീഭത്സമൊ, അവ രണ്ടും കൂടെയൊ? എന്താണെന്നു തീർച്ചപ്പെടുത്താൻ പെരുമാളിനു കഴിഞ്ഞില്ല. രസം ഏകമൊ സങ്കരമൊ എന്തായാലും തിതിയന്റെ നടപടികൾ എന്തെന്നു സൂക്ഷിക്കേണ്ടതുണ്ടെന്നു പെരുമാൾ തീർച്ചപ്പെടുത്തി. വാനവരമ്പൻ ദ്രോഹബുദ്ധി അല്ല. കന്മഷം ഇല്ലാത്ത, പക്വമതിയായ ഒരു ഉത്തമനാണു്.

എന്നാൽ നയജ്ഞനുമാണു്. ഉദ്യോഗസ്ഥ പ്രധാനന്മാരുടെ എല്ലാ നടപടികളും, നടത്തകളും സൂക്ഷ്മാവലോകനം ചെയ്തു്, വിവരം അറിയിക്കുന്നതിനു് അതിസമർത്ഥരായ ചില ചാരന്മാർ അദ്ദേഹത്തിനുണ്ടു്. തിതിയന്റെ ഉദ്ദേശവും ലക്ഷ്യവും അറിഞ്ഞിരിക്കേണ്ടതു് അടിയന്തിരാവശ്യമാണെന്നു് പെരുമാൾ നിശ്ചയിച്ചു. അതിലേയ്ക്കു് ചാരൻ ചാണക്യനെ നിയോഗിക്കുകയും ചെയ്തു.

അധികതാമസം കൂടാതെ, പെരുമാൾ നസ്രാണി മതം സ്വീകരിച്ചു എന്നുള്ള വിവരം അങ്ങാടിയിൽ പാട്ട് ആയിക്കഴിഞ്ഞു. അതു് ആണ്ടാൾ അവരുടെ വിശ്വസ്തദാസിയോടു് രഹസ്യം പറഞ്ഞതിന്റെ ഫലമാവാം. തിതിയൻ വഴി പരസ്യമായതുമാവാം. വയ്യാപുരിയുടെ കയ്യിൽ നിന്നു് ആയിരിക്കുമൊ എന്നു് പെരുമാൾ സംശയിച്ചതേ ഇല്ല. ഏതു മാർഗ്ഗത്തിൽ കൂടെയാണു് പരസ്യമായതെങ്കിലും അതു് ഉപകാരമായി എന്നാണു് പെരുമാളിനു് തോന്നിയതു്. പെട്ടെന്നു് പരസ്യമായിക്കഴിയുമ്പോൾ അതു് പൌരാവലിയിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതം എന്താണെന്നും ക്ഷണത്തിൽ പ്രത്യക്ഷമാവും. അതാണു് വാനവരമ്പനു് അറിയേണ്ടതു്.

ചാണക്യനു് ഏതു സമയത്തും പെരുമാളിന്റെ സന്നിധിയിൽ പ്രവേശിക്കുന്നതിനു അനുമതിയുണ്ടു്. അയാളുടെ

ശരിയായ പേരെന്താണെന്നു പെരുമാളൊഴിച്ച് ആക്കും അറിയാമെന്നു തോന്നുന്നില്ല. എല്ലാവക്കും ചാണക്യൻ തന്നെ. അയാളെ എല്ലാവക്കും അറിയാമെന്നാണ് വയ്പ്. അത് എത്ര കണ്ട് ശരിയാണ് ? തൊണ്ണൂററിഒൻപതു ശതമാനം ആളുകൾക്കും, അവരുടെ ധാരണ തെററാണെന്ന് സംശയവുമുണ്ട്. പെരിങ്കോയിലകവുമായി എന്തൊ ബന്ധമുള്ള ഒരാൾ. ഊണും ഉറക്കവും കറങ്ങിത്തിരിഞ്ഞു നടക്കലും തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒരു അരക്കിറുക്കൻ, ഈ കൂട്ടതൽ വിവരങ്ങളും പൊതുസ്വത്താണ്. അരക്കിറുക്കനെന്നുള്ള ധാരണ വളത്താൻ ചാണക്യൻ ആവുന്നതെല്ലാം ചെയ്യുന്നതു്, പൊതുജന ധാരണ ആ വഴിക്കു തിരിഞ്ഞാൽ തനിക്കു പ്രവത്തന സൌകയ്യം കൂട്ടതൽ കിട്ടുമെന്നു വച്ചായിരിക്കണം. എല്ലാവക്കും സംശയം ജനിപ്പിക്കുന്ന ഒരു സമ്മോഹകനായി കഴിയുകയാണു വിദ്വാന്ന് സന്തോഷം.

# 9

പടത്തലവൻ തിതിയനിൽ അടുത്ത കാലത്തുണ്ടായ മാററങ്ങൾ പെരുമാൾ അറിഞ്ഞുകൊണ്ടാണിരിക്കുന്നതു്. ഒരു യോദ്ധാവെന്ന നിലയിൽ അയാളെ വെല്ലാൻ ആളില്ല. ഭടന്മാരുടെ സ്നേഹബഹുമാന മൂർത്തിആണു്. സമരതന്ത്രത്തിൽ ചില ബലഹീനതകൾ ഉണ്ടെന്നു വയ്ക്കുക. അയാളെ അവിശ്വസിച്ചു എന്നു വരുത്തേണ്ട ആവശ്യമില്ല. അല്പം അകന്നു പോയിട്ടുണ്ടു്. അതു സാരമില്ല. അടുപ്പിക്കാൻ പണി ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നിങ്ങനെ പലവശങ്ങൾ ആലോചിച്ച ശേഷമാണു് വാനവരമ്പൻ തൻെറ നസ്രാണിമാർഗ്ഗ പ്രവേശനവാർത്ത തിതിയനെ അറിയിക്കാമെന്നു തീർച്ചപ്പെടുത്തിയതു്. ഗൗരവതരമായ പ്രത്യാഘാതങ്ങൾ ഒന്നും പ്രതീക്ഷിക്കാൻ ഇല്ലെന്നു പ്രത്യക്ഷത്തിൽ തോന്നാമെങ്കിലും കുഴപ്പങ്ങൾ ഉണ്ടാകും എന്നു് ഒരു ശങ്ക പെരുമാളിനെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അതുകൊണ്ടാണു് "ചെവിഓർത്തി" രുന്നതു്. തിതിയനോടു സംസാരിച്ചു കഴിഞ്ഞു വളരെ വൈകാതെ വിവരം അങ്ങാടിയിൽ പരസ്യമായി. ക്ഷണത്തിൽ പെരുമാളും അറിഞ്ഞു. അന്നു രാത്രി ചാണക്യൻ പള്ളിഅറയിൽ ഹാജരാകണമെന്നു കല്പന ഉണ്ടായി. ആ വിദ്വാനെ പെരുമാളിനു വാത്സല്യമാണു്. ഒന്നു രണ്ടു പ്രത്യേകതകളാണു് അതിനു കാരണം. ഏററം പ്രധാനമായിട്ടുള്ളതു് ഒരു സംഗതി സൂചിപ്പിച്ചാൽ ക്ഷണം അതിൻെറ അങ്ങേ അററം വരെ മനസ്സിലാക്കുമെന്നുള്ളതാണു്. തലയിട്ടലയ്ക്കാതെ രണ്ടുനാലു വാക്കുകൾ പറഞ്ഞാൽ, സംസാരിക്കുന്ന ആളിൻെറ ഉള്ളിലിരിക്കുന്നതെല്ലാം മനസ്സിലാക്കിക്കൊള്ളുന്നതു് എത്രമാത്രം സുഖപ്രദവും സൌകര്യപ്രദവുമാണെന്നു് പെരുമാൾ തന്നെത്താൻ ചോദിക്കാറുണ്ടു്. ആൾ സുമുഖനാണു്. എപ്പോഴും ഒരുള്ളും പുഞ്ചിരി കണ്ണുകളിൽ നൃത്തംവച്ചു് ചുണ്ടുകളിൽ കൂടി എത്തിനോക്കിക്കൊണ്ടിരിക്കും. അതുകൊണ്ടു് ചാണക്യൻ

ഒരു തന്ത്രജ്ഞനാണെന്ന് ആരും സംശയിക്കയില്ല. പുഞ്ചിരി തൂകുന്ന കണ്ണുകൾക്ക ഒരു പ്രത്യേകത കൂടിയുണ്ട്. അമ്മഞ്ഞി ഉണ്ണുന്ന ഓമനക്കുട്ടനേക്കാൾ നിഷ്കളങ്കനാണ് ഞങ്ങളുടെ ഉടമസ്ഥൻ എന്ന് അവ എപ്പോഴും ഇടതടവില്ലാതെ പ്രഖ്യാപനം ചെയ്യുന്നു. അന്യൻെറ മനസ്സിൻെറ മൂലയിലൊ ഹൃദയത്തിൻെറ ആഴത്തിലൊ മണ്ടയിലെവിടെങ്കിലുമൊ രഹസ്യം വല്ലതും ഒളിച്ചു വച്ചിട്ടുണ്ടൊ? ഉണ്ടെങ്കിൽ ഒററ നോട്ടത്തിൽ മനസ്സിലാക്കും, പോക്കററടിക്കാരനെ വെല്ലുന്ന വേഗത്തിലും വൈദഗ്ദ്ധ്യത്തോടും അതു് കൈക്കലാക്കും ചാണക്യൻ. ചാരവൃത്തി തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒരാൾക്കു്, ഈ ഗുണവിശേഷങ്ങൾ നല്ല ആസ്തികളല്ലെ? തൻെറ നസ്രാണിമതപ്രവേശന വാർത്ത പരസ്യമാക്കിയതു് ആരാണെന്നു് അറിവാൻ അഗ്രഹമുണ്ടെന്നു് വാനവരമ്പൻ സൂചിപ്പിച്ചു. അടുത്ത ദിവസം ചാണക്യൻ ഹാജരായി.

പെരുമാൾ " ഉം " എന്നു മൂളി.

ചാണക്യൻ പറഞ്ഞു, "ആ വാർത്തയുടെ ഉത്ഭവം പടത്തലവൻെറ ഹർമ്മ്യത്തിൽ നിന്നാണു്.

പെരു :—അയാൾ തന്നെയോ.

ചാണ :— അദ്ദേഹത്തിൻെറ സർവ്വാധി ആയി സേതു എന്നൊരാളുണ്ടു്. അരിവയ്പുകാരനാണു് താനെന്നു പറയും. അയാളാണു് എല്ലാം പരസ്യമാക്കിയതു്.

പെ :—അങ്ങിനെയൊ. കൊള്ളാം നടക്കട്ടെ. ഇതു സംബന്ധിച്ചു കിട്ടാവുന്നത്ര വിവരങ്ങൾ ശേഖരിച്ചു കൊള്ളണം. ശബ്ദകോലാഹലത്തിൻെറ പുരോഗതി അറിഞ്ഞുകൊണ്ടിരിക്കണം.

ചാണക്യൻ അപ്രത്യക്ഷനായി. കൂടെ ഒരു ഒററ കുഞ്ഞുപോലുമില്ലാതെ ചാണക്യനു് ഏതു വിവരവും എവിടെ നിന്നും ശേഖരിക്കാനൊരു പണിയുമില്ല, അതു് എങ്ങിനെ സാധിക്കുന്നു എന്നു പെരുമാൾ ചിന്തിക്കാറുണ്ടു്. ചാണക്യനു മാസശമ്പളമൊ ആണ്ടുശമ്പളമൊ ക്ലിപ്തപ്പെടുത്തിയിട്ടില്ല. പെണ്ണും പിടക്കോഴിയും ഒന്നും ഇല്ലാത്ത തനിക്കു ശമ്പളം ആവശ്യമില്ല. പശി അടക്കുന്നതിനും ലജ്ജ മറയ്ക്കുന്നതിനും

അത്യാവശ്യമുള്ളവ മാത്രം കിട്ടണം. പശരിക്കായ്യം ഒരു പ്രശ്നമേയല്ല. പെരിങ്കോയിലകത്തെ വയ്യിൽ നിന്നു് അതു തീക്കാം. വസ്ത്രം അധികമൊന്നും വേണ്ടല്ലൊ. പെരുമാൾ കൊട്ടക്കുന്ന ഓണക്കോടി കൊണ്ടു് ആണ്ടോടാണ്ടുള്ള ആവശ്യം നടന്നുപോകും. സ്വന്തം കാര്യങ്ങൾക്കായി ചെലവി ല്ലെങ്കിലും ചാണക്യന്റെ കയ്യിൽ കൂടെ വലിയ സംഖ്യ കടന്നുപോകുന്നുണ്ടു്. അതു ആവശ്യമാണെന്നും, അനാവ ശ്യമായി ചെലവാക്കുകയില്ലെന്നും പെരുമാളിനു വിശ്വാസ മുണ്ടു്. അതിനാൽ ചോദിക്കുന്നതു കൊട്ടക്കും. ചെലവു ക ണക്കു് അന്വേഷിക്കാറില്ല. സ്വന്തം കൈയിൽ നിന്നു കൊട്ടക്കുന്നതിനാൽ എത്രമാത്രം ചെലവാകുന്നു എന്നു മററാ രും അറിയുകയുമില്ല, ഏതു് ഉദ്യോഗസ്ഥനെ സംബന്ധി ച്ചുള്ള വിവരമായാലും, ഏതു പൌരനെപ്പററിയുള്ള വിവ രമായാലും, ചാണക്യൻ നിഷ്പ്രയാസം ശേഖരിച്ചുകൊണ്ടു വരും.

ചാണക്യനും സേതുവും പഴയ പരിചയക്കാരാണു്. എ ന്നല്ല തമ്മിൽ നന്നായി അറിയും. ചാണക്യൻ സേതുവിനെ നേരിട്ടു കണ്ടു് നടത്തിയ സംഭാഷണം നമുക്കൊന്നു കേൾ ക്കാം. പല വിവരങ്ങളും അതിൽ നിന്നു മനസ്സിലാക്കാൻ സാധിക്കും.

ചാണക്യൻ—സേതു ഇവിടെ ഉണ്ടെന്നും പടത്തലവന്റെ മന്ത്രിയും മററും മററുമാണെന്നും ഞാൻ അറിഞ്ഞില്ലെന്നാ ണോ ഓത്തതു്.

സേതു:—കണ്ടിട്ടു കാലം വളരെ ആയില്ലേ. വിവരങ്ങൾ ഒന്നും കേൾക്കുകയും അറിയുകയും ചെയ്യുന്നുമില്ലായി രുന്നു. അപ്പോൾ കടന്നുപോയിരിക്കാം എന്നോത്തു.

ചാണ:—കാലൻ എന്നെ കൊണ്ടുപോയി എന്നാണോത്തതു്? എന്നു്?.

സേതു:—എന്നാണെന്നു തീയതി ഒന്നും നിശ്ചയിച്ചില്ല. ഒരിക്കലെങ്ങാണ്ടു് ഓത്തു. കടന്നുപോയെങ്കിൽ ഭൂമി യുടെ ഭാരവും ചോറിന്റെ ചെലവും അത്രയും കുറ

ഞ്ഞിരിക്കും എന്നു തന്നെത്താൻ പറഞ്ഞു് ആ വിഷയമേ മനസ്സിൽ നിന്നു മാററി വച്ചു.

ചാണ :—ആൾ വീരൻ തന്നെ. പഴയ ഒരു ചങ്ങാതി തുലഞ്ഞെങ്കിൽ അത്രയും നന്നായി എന്നോർത്തു പോലും. ഞാൻ നിന്നെ അങ്ങിനെ തള്ളിക്കളഞ്ഞില്ല.

സേ :—എന്നെങ്കിലും എന്നെ പിടിച്ചു് മുതലെടുക്കാമെന്നു വച്ചായിരിക്കുമല്ലൊ.

ചാ :—നിന്നെപ്പോലല്ല ഞാൻ. പഴയ സ്നേഹിതന്മാരെ മറന്നുകളയുക എന്നുള്ള അപരാധം എന്നെ തീണ്ടിയിട്ടേയില്ല. അതുകൊണ്ടു് കൃതജ്ഞത ലേശവുമില്ലാത്ത സേതുവിനെയും മറന്നില്ല.

സേതു :—കൊള്ളാം. ചാണക്യൻ ഉത്തമൻ. സേതു അധമൻ. സമ്മതിച്ചു. എന്തൊക്കെയാണു് വിശേഷങ്ങൾ.

ചാ:—പാവപ്പെട്ട ഞാനെന്തു വിശേഷം അറിയാനാണു്. പടത്തലവൻെറ കാര്യക്കാരനും സേവകനും ആയ സേതു പറഞ്ഞാൽ ഞാൻ കേൾക്കാം.

സേ :—എന്താണു് ലാക്കു് ചങ്ങാതി. പറയണം തുറന്നു പറയണം.

ചാ :—ഞാൻ പറഞ്ഞതു ശരിയല്ലെങ്കിൽ പിൻവലിച്ചു ക്ഷമായാചനം ചെയ്യാൻ തയ്യാറാണു്. പറയു തെററാണെന്നു്.

സേ :—ഏതു തെററാണെന്നു പറയാനാണാവശ്യപ്പെട്ടതു് ?

ചാ :—അധികം കിഴക്കോട്ടു പോയാൽ പനി പിടിക്കും. കേട്ടോ. ചാണക്യനോടാണോ ഈ അടവെടുക്കുന്നതു്. നീ പടത്തലവൻ തിതിയൻെറ കാര്യക്കാരനും സചിവനും അല്ലെ ?

സേ :—കാര്യക്കാരെന്നും സചിവനെന്നും ഉള്ള ഉദ്യോഗവും സ്ഥാനവും പെരുങ്കോയിലകത്തല്ലെ ഉള്ളതു് ?

ചാ:—സ്ഥാനപ്പേരില്ല. പക്ഷെ സ്ഥാനമുണ്ട്. സേതുവാണ് ആ സ്ഥാനം ഇവിടെ വഹിക്കുന്നത്. ശരിയല്ലെ.

സേ:—അദ്ദേഹത്തിൻെറ അരിവയ്പുകാരനാണ് ഞാൻ. ആജ്ഞയനുസരിച്ച് കാര്യങ്ങൾ നടത്തുന്നുണ്ട്. എന്തെങ്കിലും ചോദിച്ചാൽ അറിയാമെങ്കിൽ അതു പറയാറുമുണ്ട്.

ചാ:—ശരി അത്രയുമായി. എന്നാൽ ഞാൻ പറയാം. പടത്തലവൻെറ എല്ലാ കാര്യങ്ങളും നിൻെറ ഇഷ്ടംപോലെയാണ് നടക്കുന്നതും നടത്തുന്നതും. അദ്ദേഹവും ഭാര്യയുമായി തെററിപ്പിരിയുന്നതിനുള്ള കരുക്കൾ ശരിപ്പെട്ടുത്തിയതു് നീ തന്നെ ; ഒളിയമ്പുകൊണ്ടു സാധിച്ചു. അവർ തമ്മിൽ അടുക്കാതെ കൂടുതൽ കൂടുതൽ അകലുന്നതിനു് വേണ്ടതെല്ലാം ചെയ്യുന്നുണ്ടു്. മന്ത്രവാദമൊ, കൈവിഷമൊ, മയക്കുമരുന്നൊ അതാതിൻെറ ഭാഗം നിവ്വഹിക്കുന്നുണ്ടു്. ഇതാണ് ഞാൻ വരയ്ക്കുന്ന ചിത്രം. തെററാണെന്നു വാദിക്കാമെങ്കിൽ വാദിക്കു.

സേതു:—സാധുവായ ഞാൻ, പെരിങ്കോയിലകം സേവക്കാരൻ ചാണക്യനോടു വാദിച്ചാൽ ജയിക്കുകയില്ലെന്നു നിശ്ചയമല്ലെ. പിന്നെന്തിനു പാഴ്‌വേല ചെയ്യുന്നു.

ചാ:—അപ്പോൾ കുലഞ്ഞെന്നോർത്ത ഞാൻ കോയിലകത്തു് സേവയാണെന്നറിഞ്ഞു. അല്ലേ. അതും നന്നായി. ഒന്നുചെയ്യണം. ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കുത്തരം കിളിപോലെ പറഞ്ഞു കൊള്ളണം. പെരുമാൾ തിരുമനസ്സുകൊണ്ടു് നസ്രാണി മാർഗ്ഗത്തിൽ ചേർന്നു എന്നു് സേതു ഈ നഗരമെല്ലാം പരസ്യമാക്കി. ആ വാർത്ത എവിടെ നിന്നാണ് കിട്ടിയതു്.

സേതു:—പടത്തലവൻ പറഞ്ഞു കേട്ടതാണ്.

ചാ:—ആ വാർത്ത കഴിയുന്നത്ര പരസ്യപ്പെടുത്തണമെന്നു അദ്ദേഹം ആവശ്യപ്പെട്ടോ. അതോ അദ്ദേഹത്തി

ന് ആഗ്രഹമുണ്ടെന്നു മനസ്സിലാക്കിത്തരികയാണൊ ഉണ്ടായതു്.

സേതു :—ഈ വിധം ചോദിച്ചാൽ എങ്ങിനെ ഉത്തരം പറയാനാണു്.

ചാ :—മാററി ചോദിക്കാം. ആ വാൎത്തക്കു നല്ല പ്രചരം കൊടുത്താൽ അതു അദ്ദേഹത്തിനു വളരെ രസിക്കും എന്നു മനസ്സിലാക്കിയൊ.

സേതു :—മനസ്സിലാക്കി.

ചാ :—ചെയ്യുവുന്നതു ചെയ്തു. അല്ലെ. കഴിഞ്ഞതൊക്കെ പോകട്ടെ. ഇനി അക്കാൎയ്യത്തിൽ തലയിടരുതു്. എനിക്കു താല്പൎയ്യമുള്ള സംഗതിയാണു്. പടത്തലവനെ പാട്ടിലാക്കി വല്ലതും തട്ടിക്കാമെങ്കിൽ തട്ടിച്ചു കൊള്ളണം. അതു ശരിയല്ലെങ്കിലും ഞാൻ നിരോധിക്കുന്നില്ല. എന്നെ വല്ലപ്പോഴും എങ്കിലും ഒന്നു് അന്വേഷിക്കയൊ കാണുകയൊ ചെയ്താൽ അതു രണ്ടാൾക്കും ആദായകരമായിരിക്കും. സ്നേഹിതന്മാരെ മറന്നുകളയുന്നവനല്ല ഞാൻ.

ചാണക്യൻ ഒരു "ആൾ" ആയി സംസാരിച്ചതു സേതുവിനു അശേഷം രസിച്ചില്ല. "നീ നിൻെറ പാട്ടിനു പോകണം" എന്നു നേരിട്ടു പറഞ്ഞില്ല. ഭാവിച്ചുമില്ല. അതു ഒരു തന്ത്രം ആയിരുന്നു എന്നാണു് സേതു ഭാവിക്കുന്നതു്. എന്തു വന്നാലും ശരി, ഇപ്പോഴത്തെ സംഭവവികാസങ്ങൾ കല്ലൂർ ഭട്ടതിരിപ്പാടിനെ അറിയിക്കണം. അദ്ദേഹവും പടത്തലവനും ഒക്കെ കൂടി ആലോചിച്ചു എന്തെന്നുവച്ചാൽ ചെയ്യട്ടെ. അക്കാൎയ്യങ്ങളിൽ എന്തെങ്കിലും താൻ നേരിട്ടു ചെയ്യേണ്ടതായി ഇല്ല. ചാണക്യൻ ചോദിച്ചാൽ കള്ളം പറയാതെ തന്നെ നില്ക്കുകയും ആവാമല്ലൊ. ഈ വിധമാണു് സേതു ആലോചിച്ചതും തീരുമാനിച്ചതും. പടത്തലവൻെറ കൂടെ ഉള്ള താമസംകൊണ്ടു് പലവഴിക്കു ധാരാളം സ്വാധീനം ചെലുത്താൻ സേതുവിനു കഴിയുമായിരുന്നു. "സംഭവവികാസങ്ങൾ ഉണ്ടു്, ഉടൻ എത്തണം" എന്നു് അയാൾ കല്ലൂരിനെ അറിയിച്ചു. എന്തു സംഭവമാണു്

എന്തു വികസനമാണുണ്ടായതെന്നൊന്നും ഇല്ല. ഏററം ചുരുക്കം വാക്കുകൾകൊണ്ടു് സാധിക്കാവുന്നതു് സാധിക്കയാണു് ചെയ്തതു്. കല്ലൂരിനു് കാൎയ്യം മനസ്സിലായില്ലെങ്കിലും, ഉദ്ദേശം വ്യക്തമായി. അയാൾ വേഗത്തിൽ തന്നെ തിരുവഞ്ചിക്കുളത്തു് എത്തി സേതുവിനെ കണ്ടു. അവരുടെ സമാഗമം വളരെ രഹസ്യമായിരിക്കണം, അല്ലാത്തപക്ഷം പലപല തൊന്തരവുകൾ ഉണ്ടാകാം. ഉദ്ദേശം ഫലിക്കാതെ വരിക മാത്രമല്ല തൻെറ തല പോയി എന്നും വന്നേക്കാമെന്നും സേതു കല്ലൂരിനെ ധരിപ്പിച്ചു. പടത്തലവന്റെ മന്ദിരത്തിൽ അല്ലാതെ ഒരു രഹസ്യ സ്ഥാനത്തുവച്ചു് തമ്മിൽ കാണുന്നതിനു ഏൎപ്പാടു ചെയ്തു. സമയവും നിശ്ചയിച്ചു.

രഹസ്യ സംഭാഷണത്തിനു സേതു തെരഞ്ഞെടുത്ത സ്ഥലം, ആ നഗരത്തിലേയ്ക്കു് ഏററം അധികം തുറന്നതാണെന്നു കണ്ടപ്പോൾ കല്ലൂർ ചോദിച്ചു — രഹസ്യം പറയാനോ ആലോചിക്കാനോ ക്ഷേത്രഗോപുരം തെരഞ്ഞെടുത്തതിൻെറ രസമൊ രഹസ്യമൊ ഒന്നു മനസ്സിലാക്കിത്തരാമൊ.

സേതു :—ഒരു വിരോധവുമില്ല. നിങ്ങളുടെ ചോദ്യം അല്ലായിരിക്കും മററുള്ളവർ ചോദിക്കുന്നതു്. വെടി പറയുന്ന ഈ വിദ്വാന്മാർ ആരായിരിക്കും എന്നു് ഓൎക്കുമ്പോൾ തന്നെ നാം ഗൂഢാലോചന ചെയ്കയല്ല എന്നുള്ള ബോദ്ധ്യവും അവൎക്കുണ്ടാകണമല്ലൊ. ഒളിച്ചുകളിയുടെ വല്ല ലാഞ്ഛനയും കണ്ടാൽ ആളുകൾ പ്രത്യേകം സൂക്ഷിക്കും. കിഴിച്ചു നോക്കി കാൎയ്യം മനസ്സിലാക്കാൻ ശ്രമിക്കും. ഇപ്പോൾ കാൎയ്യം വ്യക്തമായോ ?

കല്ലൂ :—വ്യക്തമായി. തത്വം ശരിയായിരിക്കുമെന്നു തോന്നുന്നു.

സേതു :—മുമ്പു് എന്നോടു ഒരു സംഗതി പറഞ്ഞതും, അവസരം വരുമ്പോൾ ഞാൻ വേണ്ടതു ചെയ്യാം എന്നു വാക്കു തന്നതും ഓൎക്കുന്നുണ്ടോ.

കല്ലം :—കുടുംബത്തിൽ നിന്നു പുറംതള്ളപ്പെട്ട, അല്ല പൂവ്വ കുടുംബം ഉപേക്ഷിച്ചിറങ്ങിയ കഥ വിസ്തരിക്കാൻ ആക്കെങ്കിലും സാധിക്കുമൊ.

സേതു :—അതിന്ന് മറുപോരു നോക്കാനുള്ള അവസരം അടുത്തുവരുന്നു. അതുകൊണ്ടാണ് വേഗം വരണ മെന്നു ഞാനറിയിച്ചതു്.

കല്ലം :—എന്തു്, എങ്ങിനെ, ഒന്നും മനസ്സിലാകുന്നില്ല.

സേതു :—പാലയൂരിൽ നിന്നു നിങ്ങളെ പുറത്തു തള്ളിയ വരോട്ട സമാധാനം ചോദിക്കുകയൊ, നിങ്ങൾക്കു സങ്കടപരിഹാരം ഉണ്ടാക്കിത്തരാൻ കൂട്ടാക്കുകയൊ ചെയ്യാതിരുന്ന ആ........ആ......ആ

കല്ലം :—പെരുമാൾ......

സേതു :—പേരു് എനിക്കു് നിശ്ചയമില്ലാഞ്ഞല്ല ഉച്ച രിക്കാതിരുന്നതു്. ഇങ്ങിനെയുള്ള ആലോചനക ളിൽ ആരുടെയും പേരു ഉച്ചരിക്കാതിരിക്കയാണു് ഉത്തമം. പോകട്ടെ ഇനി ആ പേരു പറയാതി രിക്കണം, ഗ്രഹപ്പിഴസ്സു ആരെങ്കിലും കേട്ടഎന്നുവ ശ്ലുക. കുഴപ്പം വന്നു കൂടാൻ അതു മതി. ഞാൻ പറഞ്ഞുവന്നതു തുടരാം. നിങ്ങളുടെ സങ്കടം പരി ഹരിക്കാൻ വിസമ്മതിച്ച ആൾ ഇന്നു് ഒരു വൈ തരണിയിൽ ചാടിയിരിക്കയാണു്. എന്റെ ആളും നിങ്ങളുടെ ആ ആളും തമ്മിൽ ഉരസ്സുന്ന ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. അങ്ങിനെ ഉരസ്സുമ്പോൾ നിങ്ങൾക്കു് എന്തെങ്കിലും ലാഭം വരുത്താൻ സാ ധിക്കുമൊ എന്നു പരീക്ഷിക്കാമെന്നു തോന്നി. അതിലേസ്സു നിങ്ങളുടെ സാന്നിദ്ധ്യം ആവശ്യമായി വരുമെന്നുവച്ചാണു് ഉടൻ ഇങ്ങെത്തണമെന്നറി യിച്ചതു്.

കല്ലം :—ആജ്ഞപ്രകാരം ഞാൻ ഇതാ ഹാജരായിരിക്കുന്നു. അടുത്ത പടി എന്താണു്.

സേതു:—തന്ത്രപ്പെടാതിരിക്കണം. ഈവക സംഗതികളിൽ വിജയിക്കണമെങ്കിൽ ഭൂമിയോളം തന്നെ ക്ഷമ വേണം.

കല്ലൂ.—ഞങ്ങളുടെ ജാതിക്കു ധൃതി ഇല്ലെന്നു്, ഒന്നിനും ധൃതി ഇല്ലെന്നു് പ്രസിദ്ധമല്ലെ.

"നിങ്ങളുടെ പ്രകൃതം അതിൽ നിന്നു് അല്പം വ്യത്യസ്തമാണെന്നും പറയാറുണ്ടല്ലൊ" എന്നു് സേതു തട്ടി വിട്ടതു് കല്ലൂരിൻെറ ജനനത്തെപ്പററിയുള്ള സംസാരം ഓർത്തുകൊണ്ടായിരുന്നു. എന്നാൽ അതിൻെറ യാതൊരു ലക്ഷണവും മുഖത്തോ ശബ്ദത്തിലൊ പ്രത്യക്ഷപ്പെടുത്തിയില്ല. കല്ലൂർ മനസ്സുകൊണ്ടൊന്നു ഞെട്ടി. സേതുവിനെ ഉററുനോക്കി എന്നുയാൾ അറിയരുതെന്നു കരുതിത്തന്നെ ഉററുനോക്കി. ഉള്ളിൽ ഞെട്ടിയതും ഉററുനോക്കിയതും മനസ്സിലാക്കിയ സേതു "എന്നെ കണ്ടാൽ കിണ്ണൻ കട്ടോ" എന്ന മാതിരി പച്ചപ്പരമാർത്ഥി ആയി അങ്ങിനെ ഇരിക്കുകയാണു്.

സേതു കരുതിക്കൂട്ടി പറഞ്ഞതല്ലെന്നു് മനസ്സില്ലാമനസ്സോടെ—എന്നാൽ തെല്ലു് ആശ്വാസത്തോടും—ഉറച്ചശേഷം കല്ലൂർ ചോദിച്ചു "ധൃതികൂട്ടാതെ ഞാൻ എന്തു ചെയ്യണമെന്നാണു് ആവശ്യപ്പെടുന്നതു്".

സേതു:—കല്ലൂർ ഭട്ടതിരിപ്പാടിനോടു് ആവശ്യപ്പെടാനോ ആജ്ഞാപിക്കാനൊ ഞാനാരാണു്. കേവലം ഒരു അരിവയ്പുകാരൻ.

കല്ലൂ:—അരിവയ്പുകാരൻ എന്ന സർവാധി ആവശ്യപ്പെട്ടതനുസരിച്ചു് പറന്നെത്തിയ കല്ലൂർ ഭട്ടതിരിപ്പാടു എന്ന വിധേയൻ തന്നെയാണു്, ഇനി എന്താണു് വേണ്ടതെന്നു് അന്വേഷിക്കുന്നതു്.

സേതു:—ഉവ്വോ. പറയാം. നിങ്ങളുടെ സങ്കടം പരിഹരിക്കണം. അതിനു മാർഗ്ഗം ഉണ്ടാകുമെന്നു തോന്നുന്നു. അതു് പരിഹരിച്ചു കിട്ടിയാൽ എൻെറ സങ്കടവും പരിഹരിച്ചു തരാനൊരുക്കമാണൊ?

കല്ലൂ :—നിങ്ങൾക്കു സങ്കടമുണ്ടെന്നു് അറിയുകയൊ ഓൎക്കുകയൊ ചെയ്തിരുന്നില്ല. ഓൎക്കാപ്പുറത്തു് ഈ വിധം ചോദിച്ചാൽ ഞാൻ എന്തുത്തരമാണു് തരിക.

സേതു :—ഇഷ്ടമുണ്ടെങ്കിൽ സങ്കടം പരിഹരിച്ചു തരണം് ഇരുഭാഗക്കാൎക്കും പ്രയോജനപ്രദമായിരിക്കും.

കല്ലൂ :—എന്നാൽ കഴിവതു് എന്തും ചെയ്യാൻ ഒരുക്കമാണെന്നു പറഞ്ഞുവല്ലൊ.

സേതു :—അതു മാത്രമാണു് ചെയ്യാതിരുന്നതു്.

കല്ലൂ :—എന്തു മാത്രം.

സേതു :—കഴിവുണ്ടെങ്കിൽ ചെയ്യാം എന്നു വാഗ്ദത്തം ചെയ്തു മാത്രം ഉണ്ടായില്ല. അതുമിതും പറഞ്ഞിരുന്നിട്ടു പ്രയോജനമില്ല. ഞാൻ ചോദിക്കുന്നു, നിങ്ങൾ വാഗ്ദത്തം ചെയ്യാനൊരുക്കമാണൊ.

സേതു പടനായകനെ പാട്ടിലാക്കിയിരിക്കുന്നതു്, എരിവും വീൎയ്യവും ഉള്ള ആ സാധനം ആവശ്യത്തിലധികം കൊടുത്താണെന്നു് അറിഞ്ഞിട്ടുള്ള കല്ലൂരിനു സംശയമായി, അയാളും ആ പിശാചിന്റെ അടിമയായിപ്പോയി എന്നു്. കല്ലൂർ "ധീരനാണെന്നൊ ഭീരുവല്ലെന്നൊ പറഞ്ഞു കൂടാ" എന്നു വരുമാറുള്ള ത്രിശങ്കുസ്വൎഗ്ഗസ്ഥിതനാണു് ധീരതയുടെ കാൎയ്യത്തിൽ. എങ്കിലും ഭൂമിയുടെ ആകൎഷണത്തിനാണു് കൂടുതൽ ശക്തി തോന്നുന്നതു്—എന്നു വച്ചാൽ ഭയത്തിനാണു് ശക്തി കൂടുതൽ എന്നു സാരം! ഒന്നു പകച്ചു. അവസാന കൈ പ്രയോഗിച്ചു നോക്കുക എന്നുറച്ചു് പറഞ്ഞു— "നിങ്ങളുടെ പരാതിയൊ സങ്കടമൊ എന്താണെന്നു വ്യക്തമാക്കിയാൽ, അതു പരിഹരിക്കാമൊ എന്നു് എന്നാലാവതു് നോക്കാം. ഇതിലധികം ആൎക്കെങ്കിലും ചെയ്യാൻ പററുമൊ? എന്താണു് പരാതി. എന്തു പരിഹാരമാണു് ആവശ്യം എന്നു പറയു"

സേതു :—എന്റെയാളും മററെയാളും തമ്മിൽ തെററാനുള്ള പണി എല്ലാം ശരിപ്പെടുത്തി. തെററിയാൽ വലിയ ആളായിരിക്കും മറിഞ്ഞു വീഴുന്നതു്. അതിനു

പകരം വരുന്നതു് ആ ചെറു മൂരി ആയിരിക്കുമല്ലൊ! ആണെങ്കിൽ അയാളെ ഞാൻ വരയ്ക്കുന്ന വരയിൽ നിർത്താം. അന്നു് നിങ്ങൾ ഉയൎന്ന സ്ഥനത്തു് എത്തും. ഞാനൊ? പഴയ അരിവയ്പുകാരൻ തന്നെ. അതു പററൂല.

കല്ലൂ:—അതുകൊണ്ടു് എന്തു വേണമെന്നാണു്? ഞാൻ എന്തു ചെയ്യണമെന്നാണു്?

സേതു:—പെരുങ്കോയിലകം കാൎയ്യക്കാർ സ്ഥാനം എനിക്കു വേണം.

കല്ലൂ:—എനിക്കു് അതിനു യാതൊരു വിരോധവുമില്ല. ആ സ്ഥാനത്തു് എത്തിക്കാൻ എന്നാലാവതു് എല്ലാം ചെയ്യാനും തയ്യാറാണു്.

സേതുവിനു തൃപ്തി ആയതിപ്പോഴാണു്. അയാൾ സന്തോഷിച്ചു. ചിരിച്ചു. "ഇനി നമുക്കു മുമ്പോട്ടു പോകാം" എന്നു തറച്ചു പറഞ്ഞു. തന്റെ സംശയം അസ്ഥാനത്തല്ലായിരുന്നു എന്നു് കല്ലൂരിനു ബോദ്ധ്യമായി. എന്തായാലും കടമ്പ കടന്നല്ലൊ എന്നു് ആശ്വസിച്ചു. സേതുവിൽ സാരമായ മാററമാണുണ്ടായതു്. അപ്പോൾവരെ ഉണ്ടായ സംഭാഷണം ഓൎക്കുന്നുണ്ടെന്നു ഇടയ്ക്കിടയ്ക്കു തെളിയുന്നുണ്ടു്. എങ്കിലും എന്തൊ ഒരു തടസ്സമൊ മറയൊ ഉണ്ടായിരുന്നു എന്നു കാണാം.

സേതുവിന്റെ ശബ്ദത്തിനു തന്നെ ഒരു മാററം വന്നു. അയാൾ ചോദിച്ചു. "ഞാൻ കഥയില്ലാത്ത വൎത്തമാനമാണു് പറഞ്ഞുകൊണ്ടിരുന്നതെന്നു തോന്നുന്നുണ്ടൊ". "എന്താണു് ഈ വിധം ചോദിക്കുന്നതു്" എന്നൊരു മറുചോദ്യമാണു് കല്ലൂരിന്റെ നാവിൽ ഉദിച്ചതു്. "ചോദ്യം പിന്നെയും ആ വിഷമവൃത്തത്തിലേയ്ക്കു വഴിതെളിക്കുമെന്നോൎത്തു് അതു കടിച്ചമൎത്തിക്കൊണ്ടു സത്യത്തിന്മേൽ മൊഴി കൊടുക്കുന്ന തരത്തിൽ പറഞ്ഞു "കഥ ഉള്ള കാൎയ്യമാണു പറഞ്ഞതെന്നു തന്നെയാണു് തോന്നിയതു്"

സേതു:—എനിക്കിന്നു് നല്ല സുഖം തോന്നിയില്ല. അതുകൊണ്ടു് ഇത്തിരി മരുന്നു സേവിച്ചു. ആ മരുന്നു്

എനിക്കു പിടിച്ചില്ല......അല്ല എന്നെ അതു പിടിച്ചു കളഞ്ഞു......കല്ലൂരു മറുപടി പറയാൻ മുതിന്നില്ല. സേതു തുടന്നു "ഇപ്പോൾ ആ വിഷമമൊക്കെ മാറി. ഞാൻ തുറന്നു പറയാമല്ലൊ. നിങ്ങളെ അവഗണിച്ചയാളിനെ "ഞാൻ തുരത്താം" അതു കഴിയുമ്പോൾ എനിക്കു വേണ്ടി നിങ്ങൾ കൂടി ശ്രമിക്കാമെന്നു വാക്കു തരണം. അല്ല, സത്യം ചെയ്യണം"

കല്ലൂ:—യാതൊരു മടിയുമില്ല, സത്യം ചെയ്യാൻ. എന്നാൽ കഴിയുന്നതു് എന്താണെന്നു വച്ചാൽ ചെയ്യാം. ഞാൻ തരുന്ന ഈ വാക്കു് പാലിക്കാൻ പാലയൂരിൽ നിന്നു പുറത്തുപോയ മററുള്ളവരും ബദ്ധപ്പെട്ടും. ബദ്ധപ്പെട്ടുകൊള്ളാമെന്നു അവർ വാക്കുതരും. തരുവിക്കാം.

സേതു:—അതുമതി.

കല്ലൂ:—നിങ്ങൾ എന്തുചെയ്യാനാണു് ഭാവം എന്നുംപോലും മനസ്സിലാക്കിത്തരാതെ എന്നെക്കൊണ്ടു് സത്യം ചെയ്യിച്ചു. അതു സേതുവിൻെറ സാമർത്ഥ്യം. ഇനി എങ്കിലും മനസ്സിലാക്കിത്തരാമൊ. എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതെന്നു്? അതു ഞങ്ങൾക്കു് എങ്ങിനെ പ്രയോജനപ്പെട്ടുമെന്നും.

സേതു:—അതൊന്നും ഞാനറിയിച്ചില്ലെ? എന്നാൽ കേട്ടു കൊള്ളണം. വലിയ ആളും എൻെറ ആളും തമ്മിൽ തെററിയിരിക്കയാണു്. പൊട്ടി വിട്ടുമാറിയിട്ടില്ലെന്നേയുള്ളു. ഇപ്പോൾ ബൌദ്ധനായിക്കഴിഞ്ഞതു കൊണ്ടു് ഭരണം......ആ വാക്കു പറയേണ്ടായിരുന്നു. പറഞ്ഞു എന്നു് നിങ്ങൾ ഓക്കാതിരിക്കണം—കാൎയ്യങ്ങൾ നടത്താനുള്ള അവകാശവും അധികാരവും ഈ മാററം നഷ്ടപ്പെട്ടുത്തി. അതുകൊണ്ടു് വച്ചൊഴിഞ്ഞുപോകണമെന്നു് എൻെറ ആൾ ആവശ്യപ്പെട്ടും. അങ്ങിനെ ആവശ്യപ്പെടാൻ സ്വല്പം മടിയുണ്ടു് ഇപ്പോഴും. എന്നാലും ഞാൻ ആ നിലയിൽ കൊണ്ടുവരാം. വച്ചൊഴിയണമെന്നു എൻെറ ആൾ ആവശ്യപ്പെട്ടാൽ എതിക്കുകയില്ല. അഥവാ എതിത്താലൊ? കൈയ്യൂക്കുള്ളവനല്ലെ കാൎയ്യക്കാരൻ?

സംഘടിതമായ ബലം എന്റെ ആളിനാണല്ലൊ? ഒന്നു മൂളിയാൽ ആയിരക്കണക്കിനു ചെറുപ്പക്കാർ ചാടിയിറങ്ങി എല്ലാം തകർക്കുകയില്ലെ? അപ്പോൾ മൂപ്പരു പറഞ്ഞാൽ വലിയ മൂപ്പരു ചുളുങ്ങും. വരച്ച വരയിൽ നിന്നുകൊള്ളും എന്നു തോന്നുന്നില്ലെ?

കല്ലു:—വരവരച്ച് അതിൽ നിൽക്കാൻ ആജ്ഞാപിച്ചാൽ നില്ക്കുമായിരിക്കാം. വരയ്ക്കുമൊ, ആജ്ഞാപിക്കുമൊ എന്നാണു സംശയം.

സേതു:—അതു ഞാനേററു.

കല്ലു:—ഞങ്ങൾ ചെയ്യാനുള്ളതു ഏററം അന്ത്യത്തിൽ, രണ്ടുനാല്ല് അല്ല എട്ടുപത്തു രംഗങ്ങൾ കഴിഞ്ഞാണല്ലൊ വരുന്നതു്.

സേതു:—നിങ്ങൾ ചെയ്യേണ്ടതു വേണ്ട മുഹൂർത്തത്തിൽ ചെയ്യണമെന്നേയുള്ളു

കല്ലു:—ആ മുഹൂർത്തം വരുന്നെങ്കിൽ........

സേതു:—വരുമെന്നുള്ളതിൽ സംശയമൊന്നുമില്ല. വലിയ മൂപ്പർ കെട്ടു കെട്ടി ഇറങ്ങും. ഇറക്കാം.

കല്ലു:—ആ സ്ഥാനം ഒഴിഞ്ഞു കിടന്നുകൊള്ളട്ടെ എന്നു വയ്ക്കാമെന്നോ

സേതു:—അല്ല, ഭാരം ചുമക്കാൻ ഒരാളുണ്ടാവണം. അതിനു ആ മൂരിക്കിടാവിനെ പിടിച്ചു വയ്ക്കാം.

കല്ലു:—അതൊ തന്റെ മൂപ്പരു്........

സേതു:—ആജ്ഞാനുസരണം തീക്കനൽ വാരാൻ കൊച്ചു കുരങ്ങുണ്ടെങ്കിൽ പിന്നെ വലിയ കുരങ്ങ് എന്തിനു തീയ് വാരി കൈ പൊള്ളിക്കുന്നു? വാസ്തവത്തിൽ തീക്കളി തന്നെയാണു് മുടി ചൂടൽ. അതു് എന്റെ മൂപ്പർക്ക് അറിയാം. ഭാരം ചുമക്കാതെ സുഖം അനുഭവിക്കയും അധികാരം നടത്തുകയും ചെയ്യാമെങ്കിൽ അതല്ലെ നന്നു് എന്നാണു ചോദിക്കുന്നതു്.

കല്ലം:—അതാണു് നന്നെന്നു തോന്നാം. പക്ഷെ അധികാര ലഹരി അനുഭവിച്ചു രസിച്ചു തുടങ്ങുമ്പോൾ പോരാ പോരാ എന്നു തോന്നും.

സേതു:—മററു ലഹരികൾക്കും സുഖങ്ങൾക്കും ഉള്ള തകരാറും അതു തന്നെയാണു്. എൻെറ മൂപ്പരു് അതിപ്പോൾ അറിഞ്ഞുകൊണ്ടിരിക്കയാണു്. ഞാൻ എത്ര തടുത്തിട്ടും നിൽക്കാതെ കൂട്ടിക്കൂട്ടി കൊണ്ടു പോകുന്നു.

കല്ലം:—ചുമതല വദ്ധിക്കുമ്പോൾ ആ സുഖക്കേടിനു കുറവു വരുമായിരിക്കാം.

സേതു:—കുറഞ്ഞു എന്നു വരാൻ പാടില്ലായ്കയില്ല. കൂടി എന്നും വരാം. നിങ്ങളെ ഉടൻ കാണേണ്ടതായി വന്നതു് ഈ കാര്യങ്ങൾക്കു് ആരംഭത്തിൽ കുറെ അധികം ചെലവുള്ളതുകൊണ്ടാണു്. യുദ്ധമുറയിൽ തന്നെയാണു് ഒരുക്കങ്ങൾ നടത്തുന്നതു്. ഇവിടെ കുറെ ശബ്ദം ഉണ്ടാക്കണം. നിങ്ങളുടെ വീതത്തിനു എത്ര ശബ്ദം, എന്നു്, എവിടെ ഉണ്ടാക്കണമെന്നറിയിക്കാം. അതിനു വലിയ ചെലവൊന്നുമില്ലല്ലൊ.

കല്ലം:—പിന്നെന്തിനാണു് ചെലവു വരുന്നതു്?

സേതു:—സമരതന്ത്രങ്ങൾ അങ്ങിനെ പുറത്തു വിടുന്നതു ശരിയല്ല.

കല്ലം:—ഇതു ആയോധന തന്ത്രമൊന്നുമല്ലല്ലൊ? കുശലോപായമെന്നോ കപടതന്ത്രമെന്നോ പറഞ്ഞാൽ ശരിയെന്നു വന്നേയ്ക്കാം.

സേതു:—ഒരു വാക്കിൻെറ അത്ഥമൊ പ്രയോഗമൊ സംബന്ധിച്ചു വാദിക്കേണ്ട ഘട്ടമല്ല ഇതു്. കാര്യം നടക്കാൻ കൈ നിറച്ചു വാരി എറിയണം.

കല്ലം:—രാജ്യം ഒട്ടാകെ മേൽകീഴ് മറിയാൻ ഇട വരുന്ന ഒരു സംഗതിയിൽ തലയിടുന്നതു സാമത്ഥ്യമായിരിക്കുമൊ എന്നു തന്നെ സംശയം തോന്നുന്നു.

സേതു:—അങ്ങിനെയാണോ പോക്കു്. വേണ്ടില്ല. അകത്തുള്ളവരോടു യാത്ര പറഞ്ഞാണോ പോന്നതു്.

കല്ലൂ:—ആണെങ്കിൽ എന്തു്? അല്ലെങ്കിൽ എന്തു്? അതു ഇവിടെ പരിഗണിക്കേണ്ട കാര്യമല്ല. ഞങ്ങൾ എന്തു ചെയ്യണമെന്നു പറയൂ.

സേതു:—വാരിച്ചെലവു ചെയ്യേണ്ട ഘട്ടമാണു്. നിങ്ങളുടെ മടിശ്ശീല, അല്ല ഭണ്ഡാരം തന്നെ ഇങ്ങോട്ടു ഏല്പിക്കണമെന്നാണു് ആവശ്യപ്പെടുന്നതു്.

കല്ലൂ.—എന്തിനാണു് ഇത്ര വലിയ ചെലവു വരുന്നതെന്നു ചോദിച്ചതിനു മറുപടി തരാതെ തന്ത്രത്തിൽ ഒഴിഞ്ഞു മാറുകയും ഭീഷണിപ്പെടുത്തുകയുമാണല്ലൊ ചെയ്തതു്. ഞങ്ങൾക്കെവിടെയുണ്ടു് ഭണ്ഡാരം.!!

സേതു:—രഹസ്യം കുറച്ചറിഞ്ഞപ്പോൾ തന്നെ ഭാവം പകർന്നു. അപ്പോൾ കൂടുതൽ അറിഞ്ഞാൽ എന്തായിരിക്കും വന്നു ഭവിക്കുന്നതെന്നാർക്കറിയാം.

കല്ലൂ:—അഭിമാനത്തെ ക്ഷതപ്പെടുത്തുന്നവിധം സംസാരിക്കുന്നതു നന്നല്ലെന്നു ധരിക്കണം. ഞങ്ങൾ പാലയൂർ ഗ്രാമം വിട്ടൊഴിഞ്ഞു പോന്നതുകൊണ്ടാണല്ലൊ നിങ്ങളെയൊക്കെ സമീപിക്കാൻ ഇടയായതു്. വിട്ടൊഴിഞ്ഞു പോന്നതു് എന്തിനാണെന്നു ചിന്തിക്കണം. അഭിമാനം നഷ്ടപ്പെടുത്താതെ കഴിക്കുന്നതിനായിരുന്നു. കുടുംബം ഉപേക്ഷിച്ചു് ഇറങ്ങി പോന്നിട്ടും പുലർത്തണമെന്നാഗ്രഹിക്കുന്ന അഭിമാനത്തെ ചളിക്കുണ്ടിൽ ഇട്ടു ചവിട്ടുകയാണു് സേതു ചെയ്യുന്നതു്. അക്കാര്യം സൂചിപ്പിച്ചപ്പോഴോ? ഭീഷണിപ്പെടുത്തൽ. മനസ്സൽ മടങ്ങി എത്താൻ പറവുകയില്ലെന്നു! ഇതൊക്കെ പഴയ നമ്പൂരിമാരോട്ടു് ഓട്ടം. അടിയും കളിയും പഠിച്ച ഇന്നത്തെ ചെറുപ്പക്കാരോടു പറവുകയില്ല.

കല്ലൂരിനെ ഭീഷണിപ്പെടുത്താൻ പറവുകയില്ല. അദ്ദേഹത്തോടു ഇണങ്ങി കൂടുകയാണു നന്നു് എന്നു സേതുവിനു

ബോദ്ധ്യമായി. ഏതു വേഷം കെട്ടിആടുന്നതിനും അയാൾക്ക് മടിയൊന്നുമില്ല.

സേതു പറഞ്ഞു :—അങ്ങെന്താണ് ഇങ്ങിനെ തെററിദ്ധരിക്കുകയും മുഷിയുകയും ചെയ്യുന്നതു്. സംശയിച്ചിട്ടൊന്നുമല്ല; നമ്പൂരിമാരുടെ അഭിമാനത്തെ ക്ഷതപ്പെട്ടുത്തണമെന്നു വച്ചുമല്ല, ഞാൻ പറഞ്ഞതു്. കാൎയ്യത്തിൻെറ ഗൗരവം മനസ്സിലാക്കിത്തരുന്നതിനു മാത്രമാണ്. കാൎയ്യങ്ങൾ മുമ്പോട്ടു പോകും. നമ്മുടെ പ്രതീക്ഷയിൽ കവിഞ്ഞ വിജയം സിദ്ധിക്കുമെന്ന് എനിക്കു പൂൎണ്ണ ബോദ്ധ്യമാണ്. പക്ഷെ ചെലവുവരും. സംഗതിയുടെ വലിപ്പത്തിനനുസരിച്ചൊന്നും വരികയില്ല. ഇതു രാജ്യകാൎയ്യമായതുകൊണ്ടു് അതിനനുസരണമായി ചെലവു വരും. ആവശ്യമുള്ളത്രയും നിങ്ങൾ കാണണമെന്നൊ, ഉടനെ ഉണ്ടാക്കണമെന്നൊ ഒന്നുമല്ല. പ്രാരംഭച്ചെലവുകൾക്കുള്ളതുണ്ടായാൽ നടന്നുതുടങ്ങുമ്പോൾ വേണ്ടതെല്ലാം വന്നുകൂടിക്കൊള്ളും.

കല്ലു :—ഉടനടി നടക്കേണ്ടതു് എന്താണെന്ന് വ്യക്തമാക്കിയാൽ അതിന് ആവശ്യമായതുണ്ടാക്കാമൊ എന്നു ഞാൻ നോക്കാം. നെട്ടേടത്തു നമ്പൂരിയുടെ പക്കൽ കുറെ കയ്യിരിപ്പുണ്ടു്. അയാളോടു വലിയസംഖ്യ ആവശ്യമുണ്ടെന്നു പറഞ്ഞാൽ മോഹാൽസ്യമുണ്ടാകുമെന്നു തീൎച്ച. സാവധാനത്തിൽ അടുത്തു കൂടി കുറെ എങ്കിലും വാങ്ങാം.

സേതു :—ആദ്യം ഒരു ചെറിയ സംഖ്യ ആവശ്യപ്പെട്ടാൽ മതി. അതു കിട്ടിക്കഴിഞ്ഞാൽ അദ്ദേഹത്തെ ആപ്പിലാക്കാം.

കല്ലു :—അതെങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല.

സേതു :—എല്ലാം അങ്ങേയററംവരയ്ക്കു മനസ്സിലാക്കണമെന്നു വച്ചേക്കുണ്ടാ.........

കല്ലു :—കണ്ണുംപൂട്ടി എടുത്തു ചാടാൻ സന്തോഷമുള്ള കൂട്ടത്തിലല്ല, ഞാൻ.

സേതു :—അതെനിക്കു ശരിക്കറിയാം. കുറെ എങ്കിലും തന്നു് അയാൾ നമ്മുടെ കൂടെ കൂടി എന്നുവന്നാൽ, പിന്നെ നടക്കേണ്ടതും നടത്തേണ്ടതും എനിക്കറിയാം.

കല്യ:—അതു എനിക്കും അറിയണം. അല്ലാതെ പററില.

സേതു :—ഉള്ള പരമാൎത്ഥം പറഞ്ഞാൽ അങ്ങ് പേടിച്ച് ഓട്ടുകയില്ലെന്നു വിശ്വാസമുള്ളതുകൊണ്ടു് പറയാം. നാം വെറും കുട്ടിക്കളിയിലല്ല ഏൎപ്പെട്ടിരിക്കുന്നതു്. അല്പം കൂടെ അടുത്തിരിക്കണം. മഹാരഹസ്യമാണു്. അപകടം നിറഞ്ഞ രഹസ്യം. മനസ്സിൽ വച്ചുകൊണ്ടിരിക്കയല്ലാതെ, ശബ്ദിക്കാൻ പാടില്ലാത്തതാണു്. ഒരു രാജാവിനെ ഗളഹസ്തം ചെയ്തു് സിംഹാസനം കൈവശപ്പെടുത്തുവാനാണല്ലൊ നാം ആലോചിക്കുന്നതു്. കാൎയ്യം പററിയാൽ നാം സൎവ്വാധിപതികൾ. പററിയില്ലെങ്കിൽ രാജദ്രോഹികൾ. ഇതാണു് നില........

കല്യ:—വിജയിക്കണം. തോല്ക്കാൻ പാടില്ല........

സേതു :—അതു തന്നെയാണു് ഞാൻ പറയുന്നതു്. വിജയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനു വേണ്ട ചെലവിനു മാൎഗ്ഗം തേടുകയാണു നാം. ആ ശ്രമത്തിൽ നെട്ടേടത്തേയും ഉൾപ്പെടുത്തണം. അദ്ദേഹം അതിൽ ഭാഗഭാക്കായിക്കഴിഞ്ഞാൽ...പിന്നെ തോൽവി പററാതിരിക്കാൻ താനേ ശ്രമിച്ചുകൊള്ളും. ജയിച്ചാൽ സൎവ്വാധിപതികളാകാൻ പോകുന്നവർ തോററാൽ രാജദ്രോഹികളായിത്തീരും. അവൎക്കു കിട്ടുന്ന സമ്മാനം കഴുത്തിൽ കയറും കഴുമരവുമാണു്. ഈ പരമാൎത്ഥം, കൂട്ടത്തിൽ കൂടി കഴിഞ്ഞതിനു ശേഷം മാത്രമെ നെട്ടേടം അറിയേണ്ടതുള്ളു. അപ്പോൾ ആവശ്യം പോലെ, നാം ആവശ്യപ്പെടുമ്പോഴൊക്കെ അയാൾ മടിശ്ശീല അഴിച്ചുകൊള്ളും.

കഴുത്തിൽ കയറും കഴുമരവും ആയിരിക്കും തോല്ക്കുന്നവനു് കിട്ടുന്നതെന്നു കേട്ടപ്പോൾ കല്യരൊന്നു ഞെട്ടാതിരുന്നില്ല, അതു് സേതു കണ്ടൊ എന്നു നോക്കി. കണ്ട ഭാവമൊന്നുമില്ല. അടുത്ത നിമിഷത്തിൽ തന്നെ ഒഴിവുകണ്ടു. നെട്ടേടം രാജദ്രോഹകരമായ ഗൂഢാലോചനയിൽ ഏൎപ്പെ

ട്ടകയും അതിന്നു വേണ്ടതു ചെലവാക്കുകയും ചെയ്യതിന്നു്, വെറും ദരിദ്രനായ കല്ലൂരിൻെറ സഹകരണം ഉണ്ടായിരുന്നില്ല; അത്താഴത്തിനു വകയില്ലാത്തവൻ എങ്ങിനെ പൊതുക്കാര്യങ്ങൾക്കു വാരിച്ചെലവിടാനാണു് എന്നു വാദിച്ചു നിന്നുകൊള്ളാം. ശത്രുത കാരണത്താൽ തൻെറ പേരു കൂടെ പറയുന്നതാണെന്നും വാദിക്കാം' എന്നുറച്ചു. മുമ്പോട്ടു തന്നെ പോകാമെന്നും. അയാൾ പറഞ്ഞു—'ഇനി ഞാൻ എന്താണു് വേണ്ടതെന്നു വച്ചാൽ അതുചെയ്യാം.'

സേതു:—പ്രാരംഭ ചെലവിനുള്ള സംഖ്യയിൽ ഒരു ഭാഗം ഉടനെ ഉണ്ടാകണം.

കല്ലൂ:—ഒരു അംശം മതിയല്ലോ. ഉടൻ തന്നെ മടങ്ങിപ്പോയി നെട്ടേടത്തെ വളച്ചു് ഇങ്ങു കൊണ്ടുവരാം, ഞാൻ പറയുന്നതിൽ നന്നു് നിങ്ങളോ പടത്തലവനോ സംസാരിക്കയായിരിക്കും.

സേതു:—അദ്ദേഹവുമായി ഇപ്പോൾ കൂട്ടിമുട്ടിക്കേണ്ടാ. തുഅ ഒരു പടികൂടെ കഴിഞ്ഞിട്ടാവാം.

കല്ലൂ:—അതാണു് കുറെക്കൂടെ നല്ലതെങ്കിൽ അങ്ങിനെ ആവട്ടെ. ഞാൻ ഇപ്പോൾ തന്നെ മടങ്ങാം. ഒന്നറിഞ്ഞാൽ കൊള്ളാമെന്നുണ്ടു്.

സേതു:—എന്താണു് അത്യാവശ്യമായി അറിയേണ്ടതു്!

കല്ലൂ:—നിങ്ങൾ എന്തുചെയ്യാനാണു് നിശ്ചയിച്ചിരിക്കുന്നതു്. രഹസ്യം മുഴവൻ അറിയേണ്ടാ, ആദ്യപടിമാത്രം....

സേതു:—അറിയാതിരിക്കയാണു് ഉത്തമം എന്നു് ഇപ്പോഴും ബോദ്ധ്യമായിട്ടില്ല, അല്ലേ? കേട്ടുകൊള്ളണം. മറു ചെവിയിൽ പോകരുതു്, നെട്ടേടം കിഴിച്ചു കിഴിച്ചു ചോദിക്കും. എന്നാലും വിട്ടുകൊടുത്തു പോകരുതു്. ഇവിടെ ആഭ്യന്തരമായി വിപ്ലവമൊ കലാപമൊ ഉണ്ടാകുന്ന ഭാവം കാണിക്കണം. ആ സമയത്തു് പുറത്തു നിന്നു് ഒരു ആക്രമണവും വന്നേയ്ക്കുമെന്നു കണ്ടാൽ, നമ്മുടെ വിദ്വാൻ നമ്മുടെ വ്യവസ്ഥകൾ സ്വീകരിക്കാനെളുപ്പമുണ്ടു്.

കല്ലു :—ആരു് ? പെരുമാളൊ.........

സേതുവിനു ശുണ്ഠി ആയി. "പേരു പറയരുതെന്നു് ഞാനാദ്യം തന്നെ ധരിപ്പിച്ചതല്ലെ. ഇത്തരം മറയത്തരം...."

കല്ലു :—ക്ഷമിക്കണം. തെറ്റിപ്പോയി. ഇനി അങ്ങിനെ വരില്ല.

സേതു :—നമ്മുടെ വ്യവസ്ഥകൾ സ്വീകരിച്ചു്, രക്തച്ചൊരിച്ചിലും കലാപവും കൂടാതെ ഒഴിഞ്ഞുപോകുമെങ്കിൽ നന്നല്ലെ?

കല്ലു :—അതിനു് എന്താണു് മാർഗ്ഗം. പണം ചെലവു ചെയ്താൽ എന്തു സാധിക്കാമെന്നാണു്.

സേതു :—ഞാൻ സൂചിപ്പിച്ചതു ഗ്രഹിച്ചില്ല. തുറന്നു പറഞ്ഞു കഴവേറുക തന്നെ ചെയ്യാം. പുറത്തു നിന്നൊരാക്രമണം ഉണ്ടാകുമെന്നു കണ്ടാൽ, ചൊൽപ്പടിക്കു വരുമെന്നാണല്ലൊ സങ്കല്പം. ആക്രമണത്തിനു വരാൻ ആരാണുള്ളതു് ? അകത്തുള്ള ദേശവാഴികളിൽആർക്കും ഇന്നതിനു ശേഷിയില്ല. എല്ലാവരുടേയും വിഷപ്പല്ലു് അദ്ദേഹം തല്ലിക്കളഞ്ഞു. അതു കഴിഞ്ഞു് പാലും പഴവും കൊടുത്തു് ഇണക്കുകയും ചെയ്തു. രണ്ടോ മൂന്നോ ചുണയുള്ള ദേശവാഴികൾ ഓരോ ദിക്കിൽ തലയുയർത്തിയിരുന്നെങ്കിൽ മതിയായിരുന്നു. അവരിൽ ആരിലും ആശ വയ്ക്കാനില്ല. അതുകൊണ്ടു് പുറത്തു നിന്നു വല്ലവരെയും ഇളക്കാൻ മാർഗ്ഗമുണ്ടോയെന്നു് ആരായുന്നതു........

കല്ലു :—അതു നല്ല പണിയാണു്. പാണ്ഡ്യനും ചോളനും അല്ലാതാരുമില്ലല്ലൊ.

സേതു :—പാണ്ഡ്യനെ കണക്കിൽ എടുക്കേണ്ട. അടുത്ത ബന്ധമല്ലെ. ഇപ്പോൾ പ്രത്യേകിച്ചു വലിയ മമതയില്ലമാണു്. പോരെങ്കിൽ വീരപാണ്ഡ്യനെ പെരിങ്കോയിലകത്തു് കുടുക്കിലാക്കിയിട്ടുമുണ്ടു്.

കല്ലം :—അതെങ്ങിനെയാണോ, എന്താണെന്നൊ മനസ്സിലായില്ല.

സേതു :—പുറകെ മനസ്സിലായിക്കൊള്ളും. ഇപ്പോൾ വിസ്തരിക്കാൻ സമയമില്ല. ആവശ്യവുമില്ല. പാണ്ഡ്യനിൽ നിന്നു് ഒന്നും പ്രതീക്ഷിക്കേണ്ടെന്നു വച്ചാൽ മതി. പിന്നെ ബാക്കി നിൽക്കുന്നതു് ചോളൻ മാത്രമാണു്. അവിടെ പോയി ചില "വേലത്തരങ്ങൾ" എടുത്തു പ്രയോഗിച്ചാൽ, ഒരു സമയം വിജയിച്ചേക്കാമെന്നു് നേരിയ ഒരാശയുണ്ടു്. അതിനു കുറെ ചെലവു വരും. സൈന്യത്തെ ഇങ്ങോട്ടയക്കുന്നതിനുള്ള ചെലവൊന്നുമല്ല. അവിടെ സ്വാധീനമുള്ളവരെ പാട്ടിലാക്കുന്നതിനാണു്. ഇത്രയും രഹസ്യങ്ങൾ അറിഞ്ഞാൽ മതിയൊ? ഇതിൽ അല്പമെങ്കിലും ആരെ എങ്കിലും ധരിപ്പിച്ചാൽ പിന്നെ തുടങ്ങാൻ —അല്ല ധരിപ്പിച്ചില്ലെങ്കിൽ തന്നെ അതിനു വേണ്ട വകയായി. മതിയൊ?

കല്ലം :—മതി. ഞാൻ ഇപ്പോൾ തന്നെ പുറപ്പെടാം. രണ്ടു നാലു ദിവസങ്ങൾക്കകം നെട്ടേടത്തെ കൂട്ടിക്കൊണ്ടു വന്നുകളയാം.

സേതു :—അതു വേണമെന്നുണ്ടോ? അദ്ദേഹത്തെ നിങ്ങൾ തന്നെ പറഞ്ഞു സമ്മതിപ്പിച്ചു് വാങ്ങിക്കൊണ്ടു വന്നാൽ പോരായൊ. കാര്യം പരസ്യമാകരുതെന്നുള്ളതുകൊണ്ടാണു്.

കല്ലം :—ഞാൻ ആകപ്പാടെ ഒരു മുഖവുര തുടങ്ങി വച്ചൂ്ാം. നിങ്ങൾ ആവശ്യപ്പെടുന്നതും ഞാൻ ആവശ്യപ്പെടുന്നതും തമ്മിൽ അന്തരമുണ്ടല്ലൊ.

സേതു :—അങ്ങിനെയല്ലെങ്കിൽ നടപ്പില്ലാതെ വരുമെന്നു ഭയമുണ്ടോ? എന്നാൽ കൂട്ടിക്കൊണ്ടു വരികയായിരിക്കും നന്നു്.

കല്ലം :—പററാതെ വരരുതല്ലൊ എന്നുവച്ചാണു്.

സേതു :—ആവട്ടെ. അങ്ങിനെ തന്നെ ചെയ്യണം. എത്രയും വേഗത്തിൽ നടക്കേണ്ടതാണു്. "ശുഭസ്യശീഘ്രം" എന്നുണ്ടല്ലൊ.

കല്ലം:—ഒന്നിനിറങ്ങിയാൽ എത്രയും ക്ഷണത്തിൽ സാധിക്കണം, അല്ലെങ്കിൽ നടപ്പില്ലെന്നു്, ഒരു മാൎഗ്ഗത്തിലും നടപ്പില്ലെന്നു തെളിയണം. അതുവരെ മുമ്പോട്ടു് അതിവേഗത്തിൽ പോകുകയാണെൻെറ പ്രകൃതം.

അക്കാൎയ്യം ഏകദേശം ശരിപ്പെട്ട എന്നു ബോദ്ധ്യമായപ്പോൾ സേതു പറഞ്ഞു "ഇനി നിങ്ങൾ ചെയ്യേണ്ട ഒരു സംഗതി കൂടെയുണ്ടു്".

കല്ലം:—ഇനി ഒരു കാൎയ്യംകൂടെ ഞാൻ ചെയ്യേണ്ടതായിക്കിടക്കുന്നുവൊ. ഇപ്പോൾ ഏറ്റതു തന്നെ നടത്താൻ എന്നെക്കൊണ്ടു സാധിക്കുമൊ എന്നു സംശയമാണു്. അപ്പോൾ......

സേതു:—ഇനിവരുന്നതു വളരെ നിസ്സാരമാണു്. പ്രയത്നം വേണമെന്നേയുള്ളു. ചെലവൊന്നും അങ്ങിനെ വരാനില്ല.

കല്ലു:—നനച്ചിറങ്ങിയല്ലൊ. ഇനി കുളിച്ചുതന്നെ കേറാമെന്നു വയ്ക്കാം. പറയൂ. എന്നാൽ കഴിയുന്നതാണെങ്കിൽ......

സേതു:—കഴിയുമെന്നു എനിക്കു നിശ്ചയമുണ്ടു്. എന്നല്ല നിങ്ങളാലേ കഴിയൂ എന്നും പറയാം.

കല്ലു.—എന്താണെന്നു കേൾക്കട്ടെ.

സേതു:—ചോഴനെ ഇളക്കി പുറത്തുനിന്നു് ക്ഷേമം വരുത്തി മൂപ്പരെ ഞെക്കാനുള്ള പണിയാണല്ലൊ ഞാൻ മുമ്പെ പറഞ്ഞതു്. അതു സാധിച്ചാലും ഇല്ലെങ്കിലും ഉള്ളിൽ കുറെ ബഹളങ്ങൾ ഉണ്ടാക്കണം.

കല്ലം:—അതുകൊണ്ടെന്തു സാധിക്കാനാണു്.

സേതു:—മനസ്സിലായില്ലെ? പുറത്തുനിന്നു ക്ഷേമം വരുമ്പോൾ അകത്തും ശല്യമുണ്ടായാൽ പെട്ടെന്നു മുട്ടുമടക്കിക്കൊള്ളും. രക്തച്ചൊരിച്ചിലും കലാപങ്ങളും കൂടാതെ കാൎയ്യങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള വഴിയാണു് ഞാൻ ഇപ്പോൾ ചൂണ്ടിക്കാണിച്ചതു്.

കല്ലം :—അതിനു ഞാൻ എന്തു ചെയ്യണമെന്നാണ്.

സേതു :—പറയാം. ഒരു പ്രയാസവുമുള്ള കാൎയ്യമല്ല. കുറെ ഒച്ചപ്പാടുണ്ടാക്കിയാൽ മതി. നിങ്ങളുടെ വൎഗ്ഗത്തിൽ പെട്ട ചുണയുള്ള കുറെ ചെറുപ്പക്കാരെ പിടിക്കണം. ശാന്തിക്കാരെല്ലായിടത്തുമുണ്ടല്ലൊ. ഓരോ ഭാഗത്തു നിന്നു രണ്ടും നാലും പേരുണ്ടായാലും മതി. നാട്ടിന്റെ എല്ലാഭാഗത്തു നിന്നും നിങ്ങളുടെ ആളുകളെ പിടിക്കണം. എണ്ണം എത്ര കൂടുതലുണ്ടോ അത്രയും നല്ലതു്.

കല്ലം :—അവരെന്താണ് ചെയ്യേണ്ടതു്.

സേതു :—മൂപ്പരു മന്ത്രവാദക്കാരന്റെ അടിമയായി. ബൌദ്ധനായി. മന്ത്രവാദത്തിന്റെ പിടിയിൽ പെട്ടതുകാരണം ഭരണം നടത്താൻ ബുദ്ധിശക്തിയില്ലാതായി. ബൌദ്ധമതത്തിൽ ചേൎന്നതുകൊണ്ടു് അശുദ്ധനുമായി. അതിനാൽ അദ്ദേഹം ഭരണം ഒഴിയണം. ഒഴിഞ്ഞു മാറുകയില്ലെങ്കിൽ പുറം തള്ളണം. രാജ്യത്തിന്റെ രക്ഷയ്ക്കു് അതു് അത്യാവശ്യമാണ്, എന്നു് എല്ലാവരോടും രഹസ്യമായി പറഞ്ഞു പരത്തുന്നതിനാണ് ഈ ചെറുപ്പക്കാരെ വേണ്ടതു്. മനസ്സിലായൊ? പൊതുജനാഭിപ്രായം അങ്ങിനെ സൃഷ്ടിക്കണം. പൊതുജനാഭിപ്രായത്തെ അവഗണിക്കാൻ ഒരു ഭരണാധികാരിക്കും സാധിക്കയില്ല.

കല്ലു :—ചെറുപ്പക്കാരായ നമ്പൂരിമാരെ കുറെ പിടിക്കാൻ പ്രയാസമില്ല. പക്ഷെ അതിനൊക്കെ ചെലവു വരുമല്ലൊ.

സേതു :—സാരമില്ല. ആദ്യം ഞാൻ തരാം. അതിനു വേണ്ടതും കൂടി പിന്നെ നിങ്ങളുടെ ആളിനോടു വാങ്ങിക്കൊള്ളാം.

കല്ലം :—ഒക്കെ കൂടി കേട്ടാൽ നെട്ടേടം പേടിച്ചു ഓടും.

സേതു :—ഈ കാൎയ്യം അദ്ദേഹത്തോടു പറയേണ്ടാ. കുട്ടിക്കൊണ്ടു വരൂ. ഞാൻ ശരിപ്പെടുത്തിക്കൊള്ളാം.

കല്ലം :—കൂട്ടിക്കൊണ്ടുവരാം.

സേതു :—കൂട്ടിക്കൊണ്ടു വന്നാൽ അടുത്ത ദിവസം തന്നെ അങ്ങു് ചെറുപ്പക്കാരെ കൂട്ടാൻ ഇറങ്ങണം. തല്ക്കാലം ആവശ്യങ്ങൾക്കു വേണ്ടതു തന്നുകൊള്ളാം. മററ സംഖ്യ കിട്ടുമ്പോൾ ഞാൻ തരുന്നതു നികത്താമല്ലൊ. ഈ കുത്തുകുത്തുപ്പിനു് ചോഴൻെറ പടയേക്കാൾ ശക്തിയുണ്ടായിരിക്കുമെന്നോർക്കണം. അപ്പോൾ അങ്ങു് ചെയ്യുന്ന ആ പ്രവൃത്തി എത്ര മാത്രം പ്രാധാന്യമുള്ളതാണെന്നു മനസ്സിലാക്കാമല്ലൊ.

# 10

കല്ലം:—ഞങ്ങളുടെ, നമ്പൂരിമാരുടെ നില എന്താണെന്നു് ഓക്കാതെയാണു്. പറയുന്നതെന്നു തോന്നുന്നു.

സേതു :—എന്തുകൊണ്ടു്.

കല്ലം :—ഞങ്ങൾക്കീരാജ്യത്തിൽ എന്തുനിലയാണിന്നുള്ളതു്? ക്ഷേത്രങ്ങളോട്ടു അട്ടത്തും, ക്ഷേത്രജീവികളായും കുറെ ആളുകൾ ഉണ്ടെന്നുള്ളതു ശരിയാണു് സ്ഥാനവും സ്ഥിതിയുമുള്ളവർ ചുരുക്കമാണു്.

സേതു :—ശബ്ദമുണ്ടാക്കാൻ ആളുകൾ വേണമെന്നല്ലെ ഞാൻ ആവശ്യപ്പെട്ടതു്.

കല്ലം :—അതേ. പക്ഷെ സ്വാധീനമോ പ്രാബല്യമൊ ഇല്ലാത്ത കുറെ ആളുകൾ ചാടി ഇറങ്ങുകയോ ശബ്ദം ഉണ്ടാക്കാൻ ശ്രമിക്കുകയൊ ചെയ്തിട്ടു എന്തു സാധിക്കാനാണു് ?

സേതു :—കുറെക്കൂടെ തെളിച്ചു പറയരുതൊ ? എന്താണു് നിങ്ങളുടെ ഉദ്ദേശം ?

കല്ലം :—ഈ രാജ്യത്തു നമ്പൂരിക്കു് നല്ലൊരു ഭാവിയുണ്ടെന്നു് എനിക്കു് വിശ്വാസമുണ്ടു്. ഇന്നു് ഞങ്ങൾക്കു് ഒരു സ്ഥാനവും ഇല്ല. ഞങ്ങൾ ആചാര്യന്മാരാണു്. പക്ഷെ വേണ്ടത്ര അംഗീകാരം, ഞങ്ങളുടെ സ്ഥാനത്തിനു ഇതുവരെ ലഭിച്ചിട്ടില്ല.

സേതു :—എൻെറ സ്വാമിയുടെ കുററംകൊണ്ടു് നിങ്ങൾ അർഹിക്കുന്ന സ്ഥാനം കിട്ടാതെ പോയി എന്നൊ പോകുന്നു എന്നൊ ആണോ സൂചിപ്പിക്കുന്നതു്.

കല്ലം :—അല്ല. അല്ല. ജൈന ആചാര്യന്മാരും ബുദ്ധഭിക്ഷുക്കളും മാത്രം മതി ഇദ്ദിക്കിലുള്ളവക്കു്. ഞങ്ങളുടെ ആചാര്യത്വം അവരെ തൃപ്തിപ്പെടുത്തുന്നില്ല. ഞങ്ങളുടെ കാലം വരുന്നതേയുള്ളു......

സേതു :—ആ കാലം വേഗത്തിൽ വരുത്തുന്നതിനു് സഹായിക്കുന്ന പദ്ധതിയാണു ഞാൻ നിർദ്ദേശിച്ചതെന്നു്, അല്പം ആലോചിച്ചാൽ മനസ്സിലാകും.

കല്ലൂ :—പാവപ്പെട്ട നമ്പൂരികിടാങ്ങളെ ബഹളം കൂട്ടി എന്ന കുററത്തിനു്, അധികാരികളും ജനങ്ങളുംകൂടി അടിച്ചുടസ്സുകയില്ലെ എന്നാണെൻെറ പേടി,

സേതു :—ഇവിടെ കുറെ ബഹളം ഉണ്ടാകണം, അതിനു് പററിയ ആളുകൾ നിങ്ങളാണു്.

കല്ലൂ :—സംഖ്യയിലും സ്വാധീനത്തിലും സ്ഥാനത്തിലും ഉയർന്നുനില്ക്കുന്ന ജൈനരേയും ബൌദ്ധരേയും ഇതിനു് പ്രേരിപ്പിക്കുകയോ നിയോഗിക്കുകയോ ചെയ്യാതെ, ഞങ്ങളെ പിടികൂടിയതു്...

സേതു :—അതാണൊ ആലോചന ? ഇവിടെ കുറെ ശബ്ദമുയർത്തി മൂപ്പരെ അധികാര സ്ഥാനത്തുനിന്നു ചാടിക്കാൻ പററി എങ്കിൽ നിങ്ങളുടെ നില എന്തായിരിക്കും ? നിങ്ങൾ പേരുപറഞ്ഞ മറെറ രണ്ടു വകുപ്പുകാരേയും ചവിട്ടിത്താഴ്ത്തി നിങ്ങൾ മുകളിൽ കയറുക ആയിരിക്കും ഫലം. പ്രയോജനം വരുന്നതു് നിങ്ങൾക്കു് ആവട്ടെ എന്നാണു് എൻെറ സ്വാമിയുടെ അഭിപ്രായം. നിങ്ങളിൽ ചിലരോടുള്ള സ്നേഹം കൊണ്ടു് ഇങ്ങിനെ തീർച്ചപ്പെടുത്തി എന്നു ധരിക്കരുതു്. നിങ്ങളുടെ വേദങ്ങളോടും ഉപദേശങ്ങളോടും അദ്ദേഹത്തിനുള്ള ബഹുമാനവും ഭക്തിയുമാണു് പ്രേരണാശക്തി.

കല്ലൂ :—ഞങ്ങളുടെ ആളുകളെ ഞാൻ പിടിച്ചു് ഇറക്കാം. ആ കൂട്ടത്തിൽ കുറെ ജൈനരേയും ബൌദ്ധരേയും കൂടെ ചേർക്കാമെങ്കിൽ.......

സേതു :—നിങ്ങൾ കാര്യം ഇനിയും ശരിക്കു മനസ്സിലാക്കിയിട്ടില്ല. എല്ലാ വിവരങ്ങളും തുറന്നു പറയേണ്ടാ എന്നു വിചാരിക്കയായിരുന്നു. ജൈന—ബൌദ്ധ

ആചാൎയ്യന്മാരിൽ പ്രധാനികളെ വലിയ മൂപ്പര് പാട്ടിലാക്കിയെന്നൊരു അറിവുണ്ട്.......

ക. ല്ലു :—ആര് ? പെരുമാളൊ.

സേതു :—പേരു പറയാതിരിക്കണം എന്നു വീണ്ടും വീണ്ടും ഉപദേശിച്ചതു്... കഷ്ടംതന്നെ. അതേ മൂപ്പരു പിടികൂടിയിട്ടുണ്ട്. അവർ രണ്ടുകൂട്ടരുടേയും വേദവും ഉപദേശങ്ങളും, മൂപ്പര് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള വേദവും തമ്മിൽ വളരെ സാമ്യമുണ്ടത്രെ. അതു് ചൂണ്ടിക്കാണിച്ചപ്പോൾ, ആ ആചാൎയ്യന്മാർ അദ്ദേഹത്തിൻെറ പാട്ടിലായി എന്നാണു് നടിക്കുന്നതു്...

കല്ലു:—നടിക്കുന്നതേയുള്ളു എങ്കിൽ അവരെ സ്വാധീനപ്പെടുത്താൻ പററുകയില്ലെ?

സേതു :—അങ്ങിനെയല്ല. വേദവും ശാസ്ത്രവും ഒക്കെ പുറമെ കാണിക്കുന്നതേയുള്ളു. ആചാൎയ്യന്മാൎക്ക മതിയാകുന്നിടത്തോളം കൊടുത്തിരിക്കും എന്നാണെൻെറ സ്വാമി പറയുന്നതു്.

കല്ലു:—അപ്പോൾ ?

സേതു :—അവർ വലിയ മൂപ്പരുടെ ആരാധകരായി. അദ്ദേഹം സ്വീകരിച്ച മാൎഗ്ഗവും വാനലോകത്തേയ്ക്കുള്ളതുതന്നെ എന്നു് പ്രഖ്യാപിക്കും. അതുകൊണ്ടു് ജൈനരേയും ബൌദ്ധരേയും പ്രക്ഷോഭണത്തിനു കിട്ടുകയില്ല.

കല്ലു—അപ്പോൾ ഞങ്ങൾ മാത്രം——

സേതു :—അതേ നിങ്ങൾ മാത്രമേയുള്ളു. അതുമൂലം ഉണ്ടാകുന്ന ലാഭവും മററുള്ളവരുമായി പങ്കുവയ്ക്കാതെ നിങ്ങൾക്കുതന്നെ കിട്ടും എന്നുംകൂടെ ഓൎക്കണം.

കല്ലു :—എന്നാലും......നമ്മുടെ പ്രതീക്ഷയ്ക്കു് എതിരായിട്ടാണു് കാൎയ്യങ്ങൾ അവസാനിക്കുന്നതെങ്കിലൊ?

സേതു :—കുറെ ചെറുപ്പക്കാർ, രക്തത്തിളപ്പുകൊണ്ടു് വിവേകമില്ലാതെ ശബ്ദമുണ്ടാക്കി. അവരോടു ക്ഷമിക്കണം എന്നു പറഞ്ഞു്, നിങ്ങൾക്കു്—നേതാക്കന്മാൎക്കു്—

ഒഴിയാം. ഒഴിയുക മാത്രമല്ല ഉന്നതാധികാരികളെ തൃപ്തിപ്പെടുത്തുകയും പാട്ടിലാക്കി കാര്യം കാണുകയും ചെയ്യും.

സേതുവിൻെറ വാദഗതി കല്ലൂരിനെ തൃപ്തിപ്പെടുത്തി. ഏതുതരത്തിലായാലും തനിക്കു് സ്ഥാനപ്രാപ്തിയായിരിക്കും ഫലം എന്നയാൾ വിശ്വസിച്ചു. താൻ വായുവിലാണു് സഞ്ചരിക്കുന്നതെന്നു കല്ലൂരിനു തോന്നിപ്പോയി. അത്രമേൽ ഉത്സാഹത്തിലാണു് അയാൾ മടങ്ങിപ്പോയതു്.

സേതുവും അയാളുടെ സ്വാമി തിതിയനും തനിയേയുള്ളു. രാവിലെ ആണെങ്കിൽ മാത്രമെ സ്വാമിയെ കാര്യങ്ങൾ കുറെ എങ്കിലും ധരിപ്പിക്കാൻ പററുകയുള്ളു എന്ന സ്ഥിതിയിൽ എത്തിയിട്ടുണ്ടു്. സേതുവിനെ അതിൽ കുററപ്പെടുത്തുന്നതു് ശരിയായിരിക്കയില്ല. അല്ല സേതുവിനെ മാത്രം കുററപ്പെടുത്താനില്ല. അയാൾ കൂടിയിട്ടു് അധിക കാലമായില്ല. വന്നപ്പോൾ തന്നെ തിതിയൻ "അതിനു്" അടിമയായിക്കഴിഞ്ഞിരുന്നു. ഭാര്യ പഠിച്ച പണി പതിനെട്ടും നോക്കി. ഫലമൊന്നുമുണ്ടായില്ല. പടത്തലവൻ തിതിയൻ പേരെടുത്ത യോദ്ധാവാണു്. പതിനെട്ടടവും മനഃപാഠം. നേരിട്ടു് നിന്നു് പൊരുതാൻ ആരും തന്നെ ഇല്ല. തിതിയൻ സമരത്തിൽ സ്വാമിപദം പ്രാപിക്കുമെന്നു്, രാജ്യഭരണതന്ത്രമീമാംസയിൽ അത്യഗാധ പാണ്ഡിത്യമുള്ള വാനവരമ്പൻ മുൻകൂട്ടി കണ്ടു് അയാളെ പ്രോത്സാഹിപ്പിച്ചു. ന്യായമായി കൊടുക്കാവുന്ന കേററങ്ങൾ എല്ലാം കൊടുക്കുകയും, അഭിനന്ദിക്കാൻ അവസരം കിട്ടിയപ്പോഴെല്ലാം പരസ്യമായി അഭിനന്ദിച്ചു് ആ വിധത്തിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വന്നിരുന്നു. അങ്ങിനെയാണു് പ്രായത്തിൽ കവിഞ്ഞ പ്രശസ്തിയും അതിനു ചേന്ന പദവിയും ഉയച്ച്യും തിതിയനു ലഭിച്ചതു്. അത്യന്തം ഭാസുരമായ ഒരു ഭാവി അദ്ദേഹത്തെ അറിയുന്നവരെല്ലാം പ്രതീക്ഷിച്ചു. തിതിയനെ, അപ്രതീക്ഷിതമായി ഒഴിവുണ്ടായപ്പോൾ, ചിലരുടെ തലയ്ക്കു മുകളിൽ കൂടെ പടത്തലവനായി ചേരൻ നിയമിക്കാൻ നിശ്ചയിച്ചു. അതു് ഉപദേഷ്ടാക്കളുടെ അഭിപ്രായത്തെ അവഗണിച്ചാണെന്നു പറഞ്ഞു കൂടാ. എതിരഭിപ്രായം പുറപ്പെടുവിച്ചവരെ ന്യായവാദം ചെയ്തു സമ്മതിപ്പിച്ച ശേഷമാണു് നിയമിച്ചതു്.

ച്ചമതലയേറിയ ആ സ്ഥാനം വഹിക്കുന്നതിനു പ്രായംകൊണ്ടു് പക്വബുദ്ധിയായിതീൎന്നിട്ടുള്ള ആരെ എങ്കിലും നിയോഗിക്കുന്നതായിരിക്കും ഉത്തമം എന്നായിരുന്നു അവരുടെ അഭിപ്രായത്തിൻെറ സാരം. ആ അഭിപ്രായം വളരെ ശരിയാണെന്നു പെരുമാൾ സമ്മതിച്ചു. തിതിയൻ ചെറുപ്പമാണെങ്കിലും, പ്രായത്തിൽ വളരെ കവിഞ്ഞ വിവേകവും പക്വതയും ഉണ്ടെന്നു് പലപ്പോൾ തെളിയിച്ചിട്ടുണ്ടെന്നു് അദ്ദേഹം ഉദാഹരണങ്ങൾ എടുത്തു കാണിച്ചു തെളിയിച്ചു. ഉപദേഷ്ടാക്കൾ അതിനെതിരൊന്നും കണ്ടില്ല. അങ്ങിനെയാണു് തിതിയൻ പടത്തലവസ്ഥാനം പ്രാപിച്ചതു്.

തിതിയൻ പടയിൽ വരുത്തിയ പരിഷ്കാരങ്ങൾ അതിൻെറ മാററു പല മടങ്ങു വൎദ്ധിപ്പിച്ചു എന്നു് ഒരു വൎഷത്തിനുള്ളിൽ, നിയമനത്തെ അനുകൂലിക്കാതിരുന്ന ഉപദേഷ്ടാക്കൾ തന്നെ സമ്മതിച്ചു. ആവിധം "വിജയത്തിൽ നിന്നു വിജയത്തിലേയ്ക്കു്" എന്ന രീതിയിൽ ഉയൎന്നുകൊണ്ടിരിക്കുന്ന കാലത്താണു അയാൾ വിവാഹം കഴിച്ചതു്. എല്ലാംകൊണ്ടും അനുയോജ്യയായ ഒരു അംഗനാരത്നത്തെ അയാൾക്കു ലഭിച്ചു. തിതിയൻ മഹാ ഭാഗ്യവാൻതന്നെ, അല്ലെങ്കിൽ കോലവും ശീലവുംഒന്നുപോലെ മനോഹരമായ ഈ പങ്കാളിയെ കിട്ടുകയില്ലെന്നു് എല്ലാവരും വിശ്വസിച്ചു. രണ്ടു വൎഷം കഴിഞ്ഞു. ആ ദമ്പതികളുടെ പ്രണയം പൂക്കുകയും കായ്ക്കുകയും ചെയ്തില്ല. തിതിയൻ രണശൂരനാണു്. രണാങ്കണത്തിൽ മുമ്പിൽ കാണുന്ന ശത്രുക്കളെ എല്ലാം തട്ടിത്തകൎത്തു മുന്നേറുന്ന സമയം കാണുന്നവർ അയാൾ ഒരു മനുഷ്യനല്ല, ഗന്ധർവനൊ പിശാചൊ ആണു് എന്നു് വിധിച്ചുപോകും എന്നു പ്രസിദ്ധമാണു്. അതു് സ്വഭാവത്തിൻെറ ഒരു വശം. മറുവശം ഒരു കൊച്ചു കുഞ്ഞിൻേറതുപോലെ നിഷ്കളങ്കവും സ്നേഹസമ്പൂൎണ്ണവും ആയിരുന്നു. ആ വശം ഒരു "കുഞ്ഞുകാലു കാണാൻ" അതിയായ വാഞ്ഛയോടു കൂടെയാണു് വിവാഹ ബന്ധത്തിൽ ഏൎപ്പെട്ടതു്. എന്നല്ല വിവാഹം ചെയ്യണമെന്നു തീൎച്ചപ്പെടുത്തിയതു തന്നെ ഒരു സന്താനം വേണമെന്നുള്ള മോഹത്തെ തടുക്കുവാൻ പാടില്ലാതെ വന്നപ്പോളാണു്. രണശൂരനെന്നല്ല, രുധിര

പ്രിയൻ എന്നു തന്നെ പറയാവുന്ന ഒരാളുടെ സ്വഭാവത്തിന് ഈ വിധം കരുണമൊ ശാന്തപൂർണ്ണമൊ ആയ ഒരു വശമുണ്ടെന്നു വിശ്വസിക്കാൻ സാധാരണക്കാക്ക് സാധിക്കയില്ല. ഒരു സന്താനത്തിനു വേണ്ടിയുള്ള ദാഹശമനാത്ഥം നാട്ടിലുള്ള പ്രസിദ്ധ ഭിഷഗ്വരന്മാരുടെ എല്ലാവരുടെയും സഹായം തേടി. അതിനു പുറമെ ദേവന്മാരെ പ്രീണിപ്പിക്കാൻ പററിയതെന്നു ദുർബ്ബലനായ മനുഷ്യൻ വിധിച്ചിട്ടുള്ള മാർഗ്ഗങ്ങളെല്ലാം സ്വീകരിച്ചു. കാത്തിരിക്കുക എന്നതല്ല പ്രവത്തിക്കുക എന്നതാണ് തിതിയൻെറ സ്വഭാവത്തിൻെറ അസ്ഥിവാരം. തന്നാൽ കഴിവതെല്ലാം ചെയ്തു. ഫലം കിട്ടിയില്ല. അദ്ദേഹം നിരാശക്കുണ്ടിൽ പതിച്ചു. വാത്സല്യഭാജനമായിരുന്ന ഭാര്യയെ കാണുന്നതു് ചതുത്ഥി കാണുന്നതു പോലായി. മഹാ ഭാഗ്യവാൻ എന്നു് ലോകം പുകഴ്ത്തിയ, ഭാഗ്യവിപ്ലവത്തിൻെറ അശനപാതം തലയിൽ പതിച്ച ആ സാധു, സമാധാനാത്ഥം മദ്യദേവതയുടെ അടിമപദം സ്വീകരിച്ചു. ഈ ഘട്ടത്തിലാണ് സേതു രംഗപ്രവേശം ചെയ്തതു്. തിതിയനെ സ്വന്തം ചൊല്പടിക്ക് നിർത്തുന്നതിനായി സേതു അയാളെ മദ്യ ദേവതയുടെ അടിമയാക്കി എന്നു് ഒരു പരാതിയുണ്ടു്. അതു ശരിയല്ല. നാശത്തിങ്കലേക്കു കുതിച്ചുപായുന്ന ആളിനു് അല്പ സഹായം ചെയ്തു് തൻ്റെ കായ്യം സാധിക്കാമെന്നുറച്ച്യ് പ്രവത്തിച്ചു എന്നതു മാത്രമാണ് സേതു ചെയ്ത തെററു്. ഔദ്യോഗിക കൃത്യങ്ങൾ വലിയ കുഴപ്പമൊന്നും കൂടാതെ നടത്തിയശേഷം വസതിയിൽ എത്തിയാൽ, തിതിയൻ മറിഞ്ഞു പോകുമെന്നാണ് ഇപ്പോൾ എല്ലാവരും ധരിച്ചിരിക്കുന്നതു്. അതു വളരെ തെറ്റാണെന്നു പറഞ്ഞു കൂടാ. അയാളോടു അതിയായ സ്നേഹവാത്സല്യങ്ങളുണ്ടായിരുന്ന പെരുമാൾ തിതിയനെ മദ്യദേവതയിൽ നിന്നു രക്ഷിക്കാൻ ആദ്യം മറഞ്ഞും പിന്നെ തെളിഞ്ഞും ശ്രമിച്ചു. പററിയില്ല. ഒടുവിൽ കഠിനമായി ശാസിച്ചു. അതുകൊണ്ടും ഫലമുണ്ടായില്ലെന്നു മാത്രമല്ല, തിതിയൻെറ ശത്രുതക്കു പെരുമാൾ പാത്രമാകയും ചെയ്തു. സേതു അരിവയ്പുകാരനായി തിതിയൻെറ സേവനത്തിൽ പ്രവേശിച്ചു എന്നും, ഇന്നും അരിവയ്പുകാരനാണെന്നും പറയുന്നതു് ശരിയല്ല. ഭാര്യയുമായി അകൽച്ച ഉണ്ടായപ്പോൾ വീട്ടുകായ്യങ്ങളുടേയും അടു

ക്കളക്കാര്യങ്ങളുടേയും മേൽനോട്ടം വഹിക്കുന്നതിനു പററിയ ഒരാളെ തിതിയൻ അന്വേഷിച്ചു. ഉദ്യോഗമുറയിൽ വീട്ടു ഭരണം നടത്താനല്ല, വേണ്ടിവന്നാൽ അരിവയ്ക്കുന്നതിനു തന്നെയും കെൽപും പരിചയവും ഉള്ള ഒരു വിശ്വസ്തനെ കിട്ടാൻ ശ്രമിച്ചു. കിട്ടിയതു് സേതുവിനെയാണു്. അവർ രണ്ടാളും പൂർവ്വ പരിചയക്കാരാണു്. സ്വദേശികളാണു്. ധനസ്ഥിതിയിൽ സമത്വമില്ലെങ്കിലും, ബന്ധുക്കളായി കഴിഞ്ഞിരുന്ന രണ്ടു കുടുംബങ്ങളിലെ അംഗങ്ങളാണു്. പ്രായത്തിൽ അല്പം അന്തരമുണ്ടെങ്കിലും, അവർ ചെറുപ്പത്തിൽ കൂട്ടുകാരായിരുന്നു. അരിവയ്പുകാരനായി പണി എടുക്കുന്നതിനും തയ്യാറായിരിക്കണമെന്നുള്ള വിചിത്ര വ്യവസ്ഥയും നിയമനസമയം ഉന്നയിക്കപ്പെട്ടതു ൈൊണ്ടോ എന്തോ, സേതുവിനെ സമനായി ഗണിക്കുവാൻ തിതിയന്റെ ഭാര്യ തയ്യാറില്ലായിരുന്നു. ആ ദമ്പതികൾ തമ്മിലുണ്ടായ അകൽച്ച വർദ്ധിപ്പിക്കുന്നതിനും, ഭർത്താവു് സേതുവിനോടു കൂടുതൽ അടുക്കുന്നതിനും അതു കാരണമായിത്തീർന്നു. തിതിയനും സേതുവും തമ്മിൽ നടക്കുന്ന സംഭാഷണം ശ്രവിക്കുന്നതിനു മുമ്പു് ഈ പശ്ചാത്തലം മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാകയാൽ അല്പം വിസ്തരിച്ചതാണു്. ഈ രണ്ടുപേരും തമ്മിൽ ഇന്നുള്ള യജമാനഭൃത്യ ബന്ധത്തിന്റെ ഏകസൂചന, സേതു തിതിയനെ "സ്വാമി" എന്നു സംബോധന ചെയ്യുന്നതാണു്. ഒപ്പം ഇരിക്കുന്നു എന്നു പറഞ്ഞുകൂടാ. താഴ്ന്ന സമ്മതിക്കുന്ന രീതിയിലാണു് സേതു ആസനസ്ഥനാകുക.

തിതിയൻ "ദേവതയെ" ഇന്നു കാര്യമായി സേവിച്ചു എന്നു പറഞ്ഞുകൂടാ! രാവിലെ ഉള്ള വിറയൽ തീർക്കാൻ മാത്രം അല്പം സേവിച്ചതേ ഉള്ളു. ബുദ്ധിക്കു് മന്ദത ഇപ്പോഴില്ല.

തിതിയൻ:—ആരോ, വരുന്നുണ്ടു്. നമ്മുടെ പദ്ധതിയുടെ പ്രാരംഭ ചെലവിനുള്ളതു് അയാളിൽ നിന്നു വാങ്ങാമെന്നു പറഞ്ഞതായി ഒരോർമ്മ. അയാൾ വന്നോ, കിട്ടിയോ.

സേതു:—വന്നിരുന്നു, ആ ന........

തിതി:—പേരും നാളും ഒന്നും പറയാതിരിക്കയില്ലെ നന്ന്.

സേതു:—ആരാണ് തുണയ്ക്കുന്നതെന്നു സ്വാമി അറിഞ്ഞിരിക്കണമെന്നു വച്ചു.........

തിതി:—തുണച്ചോ—കൈയിൽ കിട്ടിയൊ.

സേതു:—കൈയിൽ കിട്ടിയില്ല. കിട്ടും എന്നാണ് തോന്നുന്നതു്.

തിതി:—തോന്നലേ ആയിട്ടുള്ളല്ലൊ. പ്രതീക്ഷകൾ എല്ലാം നിറവേറുമെന്നാണോ നീ ഇപ്പോഴും വിശ്വസിക്കുന്നതു്? വളരെ അധികം ആഗ്രഹിക്കുന്നതു് ഒരിക്കലും ദേവന്മാരെന്നു പറയുന്നവർ മനുഷ്യനു കൊടുക്കുകയില്ല. അനുഭവിച്ചു അറിഞ്ഞവനാണ് ഞാൻ എന്നു ഓക്കണം. ഒന്നും പ്രതീക്ഷിക്കാതിരിക്കാമൊ? അത്രയും മിടുക്കു്.

സേതു:—ഇതങ്ങനെയല്ല. നമ്മെപ്പോലെയൊ നമ്മെക്കാൾ കൂടുതലൊ താല്പര്യമുണ്ടവക്കു്. അപ്പോൾ പുറകോട്ടു വലിഞ്ഞുകളയുകയില്ല.

തി:—അത്രയും നന്ന്. നാം ഇപ്പോൾതന്നെ ഇരുന്നു നിരങ്ങുകയാണ്. അപ്പോൾ കുറെക്കൂടെ മുമ്പോട്ടുചെന്നു് ചെലവുകൾ വദ്ധിക്കുമ്പോഴത്തെ സ്ഥിതി എന്തായിരിക്കുമെന്നു ഞാൻ ചിലപ്പോൾ ഓക്കാറുണ്ടു്.

സേതു:—അത്രടം വരെ പോകാതെ സംഗതികൾ അവസാനിക്കയില്ലെ?

തി:—അദ്ദേഹം അങ്ങിനെ കീഴ്പ്പെടുന്ന കൂട്ടത്തിലല്ല. ആത്മാഭിമാനം വളരെയുണ്ടു്. എന്നാൽ തന്നെയും ചെയ്തതു് തെററാണെന്നു ബോദ്ധ്യപ്പെട്ടാൽ തിരുത്താൻ ഒരിക്കലും മടിക്കുകയില്ല.

സേതു:—അങ്ങിനെയാണെങ്കിൽ നാം മുമ്പോട്ടു പോകുന്നതു് അബദ്ധമായിത്തീരുകയില്ലെ?

തി:—അബദ്ധമാകാം. അപകടം സംഭവിക്കാം.

സേതു:—എന്നാൽ പിന്നെ തിന്നു മുമ്പോട്ടു പോകുന്നു.

തി:—അദ്ദേഹം ചെയ്തതു് തെററാണെന്നാണു് എൻെറ ബോദ്ധ്യം.

സേതു:—ലോകർ ചെയ്യുന്ന തെററുകളെല്ലാം തിരുത്തുന്ന തൊഴിലല്ലല്ലൊ, സ്വാമിക്കുള്ളതു്.

തി:—മാലോകരെ നേർവഴി നടത്തുകയല്ല എൻെറ തൊഴിൽ. ഇവിടെ എവിടെയൊ കിടക്കുന്ന മാലോകരാരുമല്ല, ചേരനാണു് അപഥ സഞ്ചാരത്തിനു പുറപ്പെട്ടിരിക്കുന്നതു്. അതു തടയേണ്ടതു് എൻെറ ധർമ്മമാണെന്നാണു് വിശ്വാസം.

സേതു:—ഉവ്വൊ?

തി:—ഉവ്വ്.

സേതു:—തമ്പുരാൻെറ ചോറു് ഉപ്പുകൂട്ടി തിന്നുന്നയാൾ, ആ തിരുമേനിയോടു കൂറു പ്രഖ്യാപിച്ചിട്ടുള്ള, പ്രതിജ്ഞ ചെയ്തിട്ടുള്ള, ഒരാൾ അദ്ദേഹത്തെ തുത്തു് ദൂരത്തെറിയാൻ ഒരുങ്ങുന്നതു് ന്യായമാണോ, നീതിയാണോ, ധർമ്മമാണോ എന്നു ചിന്തിക്കേണ്ടതില്ലെ.

തി:—ഒരു വ്യക്തി എന്ന നിലയിലല്ല ചേരനെ വീക്ഷിക്കേണ്ടതു്. രാജ്യത്തിൻെറ പ്രതിനിധി ആയിട്ടാണു്. അല്ല രാജ്യമായി തന്നെ ആണെന്നു വയ്ക്കാം. അപ്പോൾ ആ ആൾ രാജ്യത്തെ ദ്രോഹിക്കാൻ തുനിയുമ്പോഴത്തെ നില എന്താണു്. ഒരാൾ ആത്മഹത്യ ചെയ്യാൻ പുറപ്പെടുമ്പോഴത്തെ പോലെ തന്നെ. സ്വയഹത്യക്കാരൻ, താല്ക്കാലികമായി സുബോധമില്ലാത്ത നിലയിൽ എത്തുകയും അപ്പോൾ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നു എന്നാണു് ശാസ്ത്രവിധി. ഇവിടെ പെരുമാൾ—താല്ക്കാലികമായി എന്നു വയ്ക്കാം.—സുബോധം നഷ്ടപ്പെട്ടതുകൊണ്ടു് ആത്മഹത്യക്കു് ഒരുങ്ങുന്നു, എന്നുവച്ചാൽ രാജ്യത്തെ നശിപ്പിക്കാൻ തയ്യാറാകുന്നു എന്നു സാരം. എനിക്കു ജീവൻ തന്ന രാജ്യത്തെ, എനിക്കു് ആഹാരം തന്നുകൊണ്ടിരിക്കുന്ന രാജ്യത്തെ നാശത്തിൽ നിന്നു രക്ഷിക്കേണ്ടതു

എന്റെ പരിപാവനമായ ധർമ്മമാണ്. അതിനായി ശ്രമിക്കുമ്പോൾ, ഒരു വ്യക്തി—അയാൾ എത്ര തന്നെ ഉന്നതനാവട്ടെ, എന്നെ എത്ര തന്നെ സഹായിച്ചിട്ടുള്ളവനൊ, ഞാൻ എത്രതന്നെ കടപ്പെട്ടവനൊ ആവട്ടെ—,ആ വ്യക്തിയെപ്പററിയുള്ള ചിന്തയൊ കടപ്പാടൊ ധർമ്മത്തിൽ നിന്നു എന്നെ വ്യതിചലിപ്പിച്ചുകൂടാ. വ്യതിചലിച്ചാൽ ഞാൻ രാജ്യദ്രോഹി ആയിത്തീരുന്നതാണു്.

സേതു :—ചുരുക്കത്തിൽ, അവസാനംവരെ പോകാതെ അടങ്ങുകയില്ലെന്നു തന്നെ. അല്ലെ ?

തി :—അതെ. അല്ലെങ്കിൽ അദ്ദേഹം സ്ഥാനത്യാഗം ചെയ്യണം.

സേതു :—എന്നിട്ട് ആ സ്ഥാനത്തു ആരു് പ്രവേശിക്കണമെന്നാണു് ?

തി :—ന്യായമായ അവകാശി.

സേതു :—നാം ഈവിധം വാദിച്ചിട്ട് വിശേഷമൊന്നുമില്ല. ഇനി ഉടനെ നടക്കാനുള്ളതു് എന്താണെന്നു വച്ചാൽ നടത്തണം. ആ മനുഷ്യൻ ധനവാനായ ഒരു മഹാ പിശുക്കൻ നമ്പൂരിയേയും കൊണ്ടുവരും.

തി :—ചെലവിനുള്ളതു കയ്യിൽ കിട്ടിയാൽ ഉടനെ ആളെ അയയ്ക്കണം.

സേതു :—എന്തു ചെലവിനുള്ളതു് ? യാത്രച്ചെലവിനുള്ളതാണോ.

തി :—യാത്രച്ചെലവു് അങ്ങിനെയൊന്നും വരാനില്ല. അവിടെവരെ പോയാൽ മതിയല്ലൊ.

സേതു. —എവിടെവരെ ?

തി :—കാവേരി പൂമ്പട്ടണത്തിലേയ്ക്കു പുറപ്പെടണം. അവിടെ ഇല്ലാതെ വന്നേക്കാം. ചില സമയങ്ങളിൽ ഉൾരിയൂരിൽ പോയി താമസിക്കാറുണ്ടു്. ഇപ്പോൾ എവിടെയാണെന്നറിവില്ല. ആൾ പോയി വന്നശേഷം എന്തെല്ലാമാണു് വേണ്ടതെന്നു തീരുമാനിക്കാം.

സേതു:—സ്വാമിയുടെ ഇഷ്ടംപോലെ നടക്കട്ടെ. അത്രേടം പോകണമൊ എന്നു് ഒരിക്കൽ കൂടെ ആലോചിച്ചാൽ വേണ്ടില്ല.

തി:—ആലോചിച്ചു. ശരിക്കു തന്നെ ആലോചിച്ചു.

സേതു:—ഇനി എനിക്കൊന്നും പറയാനില്ല. സ്വാമിയുടെ യുക്തംപോലെ. അപകടം വിളിച്ചു വരുത്തുന്നതു്......

തി:—സാമർത്ഥ്യമല്ല എന്നു സമ്മതിക്കുന്നു, അപകടം വിളിച്ചുവരുത്തുകയല്ല.

സേതു:—പോകാനുള്ള ആൾ ഒരുങ്ങിക്കൊള്ളട്ടെ. എടുത്തു ചാടാൻ തീർച്ചപ്പെട്ടെന്നി എങ്കിൽ എത്രയും വേഗത്തിൽ ചാടിത്തീർക്കണമെന്നാണു് പറയാനുള്ളതു്.

തി:—പോകാനുള്ള ആൾ ഒരുങ്ങിനില്ക്കുന്നുണ്ടു്.

ഈ സംഭാഷണം നടന്നതിൻെറ മൂന്നാം ദിവസം കല്ലൂരും നെടുട്ടടവും വന്നുചേൎന്നു് "പടത്തലവനുമായി അഭിമുഖ സംഭാഷണം കഴിഞ്ഞിട്ടു് എന്താണു വേണ്ടതെന്നു് തീർച്ചപ്പെടുത്താം" എന്നാണു് നെട്ടേടത്തിൻെറ നില. സേതു പല തരത്തിൽ ശ്രമിച്ചു. ചലനമില്ല. ഒടുവിൽ പിറെറന്നാൾ പത്തുനാഴിക പുലരുമ്പോൾ പടത്തലവനെ കണ്ടു സംസാരിക്കാമെന്നു പറഞ്ഞു വച്ചു. നമ്പൂതിരിമാർ സമയത്തോടടുത്തു വന്നുചേൎന്നു. തിതിയൻ കൈ വിറയ്ക്കാതിരിക്കാൻ ആവശ്യമുള്ളത്ര മാത്രമെ "എടുത്തിട്ടുള്ളു". അപ്പോൾ ബുദ്ധിക്കു് മന്ദതയല്ല, അല്പം, കൂൎമ്മതയാണു് "സേവ" കൊണ്ടു് ഉണ്ടാകുന്നതെന്നാണു് തിതിയൻ വാദിക്കുന്നതു്. അതു് ഏതാണ്ടു് ശരിയാണെന്നു്, സേതുവും സമ്മതിക്കുന്നു.

അഭിമുഖസംഭാഷണം ആരംഭിച്ചു. നെട്ടേടത്തിനു വലിയ കമ്പമൊ പരിഭ്രമമൊ ആയിരിക്കുമെന്നും അതുകൊണ്ടു് വലിയ പിടിയും വലിയും കൂടാതെ എല്ലാം ശരിപ്പെട്ടുമെന്നും കല്ലൂരും സേതുവും പ്രതീക്ഷിച്ചു. എത്ര സാധു

പശു ആയാലും അതിൻെറ കിടാവിനെ പിടിക്കാൻ വരുന്ന പുലിയോടു എതിരിടും എന്നു പറയാറുള്ളതു് ശരിയാണെന്നവക്കു ബോദ്ധ്യപ്പെട്ടു. ഏതായാലും കുറെ പോക്കടിക്കും. അതു് എത്രമാത്രം കുറയ്ക്കാം, എന്തിന്നായി ചെലവിടാനാണു് ഭാവം; ഇവ അറിയണമെന്നു ഉറച്ചുകൊണ്ടാണു് നെട്ടേടം വന്നിരിക്കുന്നതെന്നു് രണ്ടു നാലു ചോദ്യങ്ങളും ഉത്തരങ്ങളും കഴിഞ്ഞപ്പോൾ സേതുവിനു ബോദ്ധ്യമായി. സ്വാമി അതിഗഹനമായ ഒരു കാൎയ്യത്തെപ്പററി ആലോചിക്കുന്നതിനിടയിൽ കേറി എന്തെങ്കിലും പറയുന്നതു് ശരിയല്ലെന്നു വച്ചു് സേതു മൌനം ദീക്ഷിച്ചു. മൌനം ഭഞ്ജിക്കണമെന്നു പലപ്പോൾ തോന്നിയതാണു്. ആ തോന്നലിനു കീഴടങ്ങിയില്ല.

തിതിയൻ ചോദിച്ചു—നിങ്ങളിൽ ആരാണു്..............

കല്ലൂർ പറഞ്ഞു "ഇദ്ദേഹമാണു" നെട്ടേടത്തുമനയ്ക്കൽ കേശവൻ നമ്പൂരിപ്പാട്ടു്. അങ്ങേയ്ക്കു കാണണമെന്നു് അറിയച്ചതനുസരിച്ചു വന്നതാണു്.

തിതിയൻ:—വന്നതു സന്തോഷമായി. കണ്ടാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടെന്നും, അതിൻെറ ഉദ്ദേശമെന്താണെന്നും അറിഞ്ഞിരിക്കുമല്ലൊ.

നെട്ടേടം:—കാണാൻ അങ്ങു് ആഗ്രഹിക്കുന്നു എന്നു മാത്രമെ എന്നെ ധരിപ്പിച്ചുള്ളു.

തിതിയൻ:—ഞാൻ തന്നെ ധരിപ്പിച്ചാൽ കൂടുതൽ പ്രയോജനമുണ്ടാകുമെന്നുവച്ചായിരിക്കും അദ്ദേഹം.........

കല്ലൂർ:—ഞാൻ അല്പം, എന്തൊ സൂചിപ്പിച്ചതേയുള്ളു. ഇവിടെനിന്നു അറയിക്കുന്നതാണല്ലൊ എല്ലാവിധത്തിലും ഉത്തമം. ഞാൻ പറഞ്ഞാൽ വിവരങ്ങൾ ശരിയായില്ലെങ്കിലൊ എന്നു ഭയമുണ്ടായിരുന്നു. രാജ്യാഭിമാനിയാണു് നമ്പൂരിപ്പാട്ടു്. രാജ്യസേവനത്തിനു് അദ്ദേഹത്തിനു കിട്ടേണ്ട അവസരം എൻെറ സൂക്ഷ്മക്കുറവുകൊണ്ടൊ പിടിപ്പില്ലാഴികകൊണ്ടൊ നഷ്ടപ്പെടാൻ ഇടയാകരുതല്ലൊ.

തിതിയൻ :—നമ്മുടെ രാജ്യം ഒരു ഗ്രഹപ്പിഴ സന്ധിയിൽ എത്തിയിരിക്കയാണ്. രാജ്യാഭിമാനികൾ യോജിച്ചുനിന്നു് വേണ്ടതു ചെയ്യാത്തപക്ഷം നാം വിദേശിയരായ ബൌദ്ധന്മാരുടെ അടിമകളായി തീരുമെന്നുള്ളതിൽ വലിയ സംശയമൊന്നുമില്ല. ഈ ഘട്ടത്തിൽ അങ്ങയുടെ സേവനം അത്യാവശ്യമാണ്.

നെട്ടേടം :—നമ്മുടെ രാജ്യം വിദേശിയരായ ബൌദ്ധന്മാർ കൈ അടക്കാൻ എന്തെങ്കിലും സാദ്ധ്യതയുള്ളതായി ധരിച്ചിരുന്നില്ല. അങ്ങിനെ വരാതിരിക്കട്ടെ!

തിതിയൻ :—ആശംസ കൊണ്ടൊന്നും രക്ഷപെടാൻ പററുകയില്ല. അങ്ങും തുറന്നു ശ്രമിച്ചാൽ അപകടം ഒഴിവാക്കാൻ പററിയേക്കാം.

നെട്ടേടം :—എനിക്കൊരു പിടിയും കിട്ടുന്നില്ല. ഞാൻ ഒരു രാജ്യതന്ത്രജ്ഞനൊ തന്ത്രജ്ഞനൊ അല്ലാത്തതുകൊണ്ടായിരിക്കാം. കുറെക്കൂടെ തെളിച്ചു പറയാമെങ്കിൽ നന്നു്.

തിതിയൻ :—ഇവിട്ടത്തെ സംഭാഷണം പരമരഹസ്യമാണെന്നും, അതു് ഒരു കാരണവശാലും മറുചെവി പോകരുതെന്നും ധരിക്കണം.

നെട്ടേടം :—ഇവിട്ടുന്നു കിട്ടുന്ന വിവരങ്ങൾ ഒന്നും ഒരു മനുഷ്യരെയും അറിയിക്കുന്നതല്ല എന്നു് ഞാൻ സത്യം ചെയ്യുന്നു.

തിതിയൻ :—അനുമതി. ഇനി തുറന്നു പറയാം. പെരുമാൾ തിരുമേനിക്കു് പ്രായം വളരെ ആയിട്ടില്ലെങ്കിലും പ്രായക്കോളു പിടിപെട്ടുപോയി. മനക്കരുത്തു് നിശ്ശേഷം നഷ്ടപ്പെട്ടു. അപ്പോഴാണു് ഉത്തമ ബ്രാഹ്മണരായ നിങ്ങളെ മന്ത്രവാദംകൊണ്ടു് പാലയൂരിൽ നിന്നു് ഓടിച്ചു് ആ പ്രദേശം കൈ അടക്കിയ ആ ബൌദ്ധ മാന്ത്രികൻ എത്തിക്കൂടിയതു്. നിങ്ങളുടെ ഇല്ലങ്ങളും പരിപാവനമായി ഗണിക്കപ്പെട്ടുന്ന പാലയൂർ ക്ഷേത്രവും. പടിച്ചെടുത്തു അയാ

ളുടെ കിങ്കരന്മാക്ക് അവ കൊടുത്തു്, വിജയോന്മത്തനായി തീൎന്ന ആ മനുഷ്യനു് തിരുമേനിയെ അടിമപ്പെടുത്താൻ ഒരു പണിയും ഉണ്ടായില്ല.

നെട്ടേടം :—പെരുമാൾ ആ ദ്രോഹിയുടെ ശിഷ്യപദം പ്രാപിച്ചെന്നൊ ?

തിതിയൻ :—ശിഷ്യപദം മാത്രമായിരുന്നെങ്കിൽ സഹിക്കാമായിരുന്നല്ലൊ...

നെട്ടേടം :—അല്ല, അതിൽ കവിഞ്ഞു്......

തിതിയൻ :—അയാളുടെ അടിമ ആയിക്കഴിഞ്ഞു. ഇനി മൂത്രിക്കരുതെന്നൊ ആഹാരം കഴിക്കരുതെന്നൊ ആജ്ഞാപിച്ചാൽ, മറുക്കാൻ കെല്പില്ലാത്തതുകൊണ്ടു് അനുസരിക്കാൻ ശ്രമിക്കും.

നെട്ടേ :—സാഹസര

തിതി :—അതുകൊണ്ടും തീൎന്നില്ല. അധികതാമസം കൂടാതെ ആ മാന്ത്രികൻ സിംഹാസനം പ്രാപിക്കും. അതായിരിക്കണം അയാളുടെ ലക്ഷ്യം.

നെട്ടേ :—എങ്ങിനെ?

തിതി :—തമ്പുരാൻ, സ്ഥാനം ആയാൾക്കായി ഒഴിഞ്ഞുകൊടുക്കണമെന്നാവശ്യപ്പെട്ടാൽ, അടിമയായിക്കഴിഞ്ഞ അദ്ദേഹം ആ ക്ഷണത്തിൽ അനുസരിക്കും.

നെട്ടേ :—ആവൂ !

തിതി :—ആ ബൌദ്ധ മന്ത്രവാദിയിൽ നിന്നും തിരുമേനിയേയും രാജ്യത്തേയും നമ്മെത്തന്നെയും രക്ഷിക്കുന്നതിനു് അങ്ങയുടെ സഹായം ആവശ്യമായിത്തീൎന്നിരിക്കുന്നു. അതുകൊണ്ടാണു് തമ്മിൽ കണ്ടു സംസാരിച്ചാൽ കൊള്ളാമെന്നു് അറിയിച്ചതു്.

നെട്ടേ :—എന്താണു് എനിക്കു് കഴിവുള്ളതു്. കഴിവുള്ളതെല്ലാം ചെയ്യാം.

തിതി :—എനിക്കു നല്ല നിശ്ചയമായിരുന്നു, ദേശാഭിമാനി ആയ അങ്ങു് എന്തിനും തയ്യാറാകുമെന്നു്.

നെട്ടേ:—ഞാൻ എന്താണു് ചെയ്യേണ്ടതെന്ന അറിഞ്ഞില്ല.

തിതി:—യാതൊരു കലവറയും കൂടാതെ ഞാൻ തുറന്നു പറയാമല്ലോ. രാജ്യത്തെ ഈ ആപൽഗത്തത്തിൽ നിന്നു രക്ഷിക്കാൻ വേണ്ട സംരംഭങ്ങൾ എല്ലാം ശരിപ്പെടുത്തിക്കഴിഞ്ഞു. അതിൻെറ ചെലവിലേയ്ക്കു ആവശ്യമായ സാമ്പത്തികസഹായം.........

നെട്ടേ:—അല്ല, കേട്ടോ.........

തിതി:—ഞാൻ പൂർത്തിആക്കിക്കൊള്ളട്ടെ. അങ്ങു നഷ്ടം സഹിക്കേണ്ടതായിവരുമെന്നു ഭയപ്പെടേണ്ടാ. ഈ അപകടത്തിൽ നിന്നു രക്ഷപ്പെട്ടു കഴിഞ്ഞാൽ, രാജ്യത്തിൻെറ മുതലെടുപ്പിൽ നിന്നു തന്നെ, ഇപ്പോൾ മുടക്കുന്ന സംഖ്യയും അതിൻെറ വട്ടിയും കിട്ടുന്നതിനാവശ്യമായ കരണങ്ങൾ നിർമ്മിക്കാം. ഞാൻ നിർമ്മിച്ചാൽ അവ സാധുവായിരിക്കുമൊ എന്നു് ചോദിക്കാനല്ലേ ഒരുങ്ങിയതു്. ഞാൻ ഉദ്ദേശിക്കുന്നവിധം സംഗതികൾ നടന്നാൽ അവ സാധുവാകും. നടന്നില്ലെങ്കിൽ ചോദ്യം ചെയ്യപ്പെടാം. അതിനും പോം വഴി കണ്ടിട്ടുണ്ടു്. അങ്ങേയ്ക്കു് ഒരു തരത്തിലും നഷ്ടത്തിനിടയാകരുതല്ലൊ. ഞാൻ വ്യക്തിപരമായി ഉത്തരിക്കത്തക്ക കരണങ്ങൾ കൂടെ ശരിപ്പെടുത്താൻ ഒരുക്കമാണു്. സാദ്ധ്യമല്ല എന്നു ശഠിക്കരുതെന്നു മാത്രം.

തിതിയനല്ല, പടനായകനാണു് സംസാരിക്കുന്നതെന്നു് നെട്ടേടത്തിനു നല്ല ഓർമ്മയുണ്ടു്. സാദ്ധ്യമല്ല എന്നു മറുപടി കൊടുത്താൽ അവിടെ നിന്നു പുറത്തുകടക്കാൻ പറയാതെ ഖരാനും മതി എന്നുള്ള വസ്തുതയും വിസ്മരിച്ചില്ല. ഇവയൊന്നുമല്ല അയാളുടെ ഹൃദയത്തിൽ പതിഞ്ഞതു്. ഇപ്പോൾ കേട്ട പദ്ധതി വിജയിക്കയാണെങ്കിൽ താൻ രാജ്യാധിപതിയെ നിയന്ത്രിക്കുന്നയാളായിത്തീരുകയാണു് ചെയ്യുന്നതു്. അതിലധികം എന്താണു് വേണ്ടതു്? ആഗ്രഹിക്കാവുന്നതു്! വിജയിക്കുന്നില്ലെങ്കിൽ തന്നെയും, താൻ വ്യക്തിപരമായി ഉത്തരിക്കുന്ന രേഖ നിർമ്മിക്കാമെന്നല്ലെ പടത്തലവൻ സമ്മതിച്ചതു്. പിന്നെന്തുവേണം?

നെട്ടേടം മറുപടിപറഞ്ഞു :—രാജ്യത്തെ അപകടത്തിൽനിന്നു രക്ഷിക്കേണ്ടതു് നാം ഓരോരുത്തരുടേയും ധർമ്മമാണ്. നഷ്ടപ്പെടാൻ ശേഷിയുള്ളവനല്ലാത്തതുകൊണ്ടു് അങ്ങു് സ്വന്ത നിലയിൽ ഉത്തരിച്ചു കൊള്ളാമെന്ന രേഖ കൂടെആദ്യം പറഞ്ഞതിന്നു് പുറമെ തന്നാൽ മതി.

തിതി :—അതിന്നു യാതൊരു മടിയുമില്ല. അങ്ങു നമ്മുടെ രാജ്യത്തിന്നു ചെയ്യുന്ന ഈ സേവനം ആചന്ദ്രതാരം സ്മരിക്കപ്പെടും. അവിടുത്തെ കുടുംബത്തിൻെറ പ്രശസ്തി എക്കാലവും നിലനിൽക്കും. ഈയുള്ളവൻ ജീവാവസാനംവരെയും അവിടുത്തെ അടിമ ആയിരിക്കും.

നെട്ടേടത്തിൻെറ സംശയം എല്ലാം ഓടി ഒളിച്ചു. രേഖകൾ ശരിപ്പെടുന്ന ക്ഷണത്തിൽ ആവശ്യമുള്ള സാമ്പത്തിക സഹായം പ്രതീക്ഷിക്കാമെന്നു ഉറപ്പുകൊടുത്തു. അതു ഏതു തരത്തിൽ വിനിയോഗിച്ചു രാജ്യത്തെ രക്ഷിക്കാനാണുദ്ദേശിക്കുന്നതെന്നു് അറിയാൻ മോഹമുണ്ടെന്നും ആ കൂട്ടത്തിൽ സൂചിപ്പിച്ചു.

തിതിയൻ പറഞ്ഞു "രാജ്യത്തെ രക്ഷിക്കാൻ കൈ തുറന്നു സഹായിക്കാൻ തയ്യാറായി പുറപ്പെട്ടിരിക്കുന്ന അങ്ങയെ ഏതു വിവരവും ധരിപ്പിക്കേണ്ടതു തന്നെയാണ്. എന്നാലും രാജ്യതന്ത്രത്തിൻെറ മൌലികമായ വ്യവസ്ഥകൾ അവഗണിക്കപ്പെടരുതല്ലൊ. അവഗണിച്ചാൽ അപകടം സംഭവിക്കുമെന്നു ചരിത്രം ഉടനീളം കാണിക്കുന്നു. അതുകൊണ്ടു് സ്വീകരിക്കാൻ തീർച്ചപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ വിശദാംശങ്ങളിലേയ്ക്കു കടക്കണമെന്നു നിർബ്ബന്ധിക്കാതിരിക്കണം.

നെട്ടേ :—വിശദാംശങ്ങൾ അറിയണമെന്നില്ല. പദ്ധതിയുടെ സ്വരൂപത്തെപ്പററി ഏകദേശമായ ഒരു ജ്ഞാനം.........

തിതി :—ഏകദേശമായവിവരം വരുമ്പോൾ, മിക്കവാറും എല്ലാം വെളിവാകും. അത്ര ലളിതമായ, ഒരു വിധ

ത്തിലും തെററു പററാൻ ഇടയില്ലാത്ത ഒരു പദ്ധതി യാണ് രൂപവൽക്കരിച്ചിട്ടുള്ളതു്.

നെട്ടേ :—എങ്കിൽ വേണമെന്നില്ല. അല്ല ഒരു...ഒരു...ഒരു... അപകടം പററിയല്ലൊ. ഉത്സാഹത്തിളപ്പ് കാരണം—പൊളിയല്ല—രാജ്യം അപകടത്തിലാവുന്നു. ഞാൻ നിരൂപിച്ചാൽ രക്ഷപ്പെടുത്താം എന്നു കേട്ടപ്പോൾ ഒരുതരം ഒരു ഉൾക്കിടിലം അങ്ങുണ്ടായി. മേൽകീഴ തന്നെ നിശ്ചയമില്ലാത്ത മട്ടിലായി.ഞാൻ വാക്കുതന്നു എന്നുതന്നെ പറയാം. നിങ്ങൾക്കു ആവശ്യം എത്രയാണ്, എന്നിൽനിന്നു പ്രതീക്ഷിക്കുന്നതു് എത്രയാണു എന്നു പറഞ്ഞുമില്ല, അറിഞ്ഞുമില്ല. എൻെറ കഴിവിനപ്പുറമാണൊ എന്നുപോലും അറിഞ്ഞില്ല. അതൊന്നറിയണം. സ്നേഹിതന്മാർ മാത്രമാണിവിടെ ഉള്ളതു്. എന്നാൽ തന്നെയും തുക എത്ര ആണെന്നു് ഉറച്ചുപറയേണ്ടാ. അവരും ഇപ്പോൾ അറിയേണ്ടാ. അങ്ങിനെ ഒരു വ്രതം മനസ്സുലേണ്ടു്. ചുരുങ്ങിയ സംഖ്യ എത്ര എന്നു് ഒന്നു കുറിച്ചിങ്ങടു തന്നാൽ മതി. വട്ടിഎത്ര എന്നും. ഞാൻ ഇപ്പോൾ തന്നെ ഉവ്വൊ, ഇല്ലയൊ എന്നു പറയാം.

പടത്തലവൻ ഒരു കഷണം ഓലയിൽ എന്തൊ എഴുതി കേശവൻ നമ്പൂരിപ്പാടിൻെറ മുമ്പിൽ വച്ചു. അദ്ദേഹം അതു എടുത്തു സാവധാനം രണ്ടുമൂന്നു പ്രാവശ്യം വായിച്ചു. അതുകഴിഞ്ഞു് മടി അഴിച്ചു അതു മടിയിൽ വച്ചു കുത്തിയ ശേഷം പറഞ്ഞു "ഇതിലധികമായിരുന്നെങ്കിൽ പററുകില്ല എന്നുതന്നെ പറയേണ്ടതായി വരുമായിരുന്നു. ഒരു വ്യക്തിക്കാണെങ്കിൽ ഇങ്ങിനെ ഒരു സംഖ്യ കൊടുക്കുകയില്ല. കൊടുക്കാൻ ധൈര്യമുണ്ടാകില്ല. ഇതു് രാജ്യത്തെ അപകടത്തിൽനിന്നു രക്ഷിക്കാനായതുകൊണ്ടു് ചെയ്യാം.

തിതി:—രേഖകൾ ചുരുങ്ങിയ ദിവസങ്ങൾക്കകം എഴുതി ശരിപ്പെടുത്താം. അങ്ങു് മടങ്ങി എത്തിയാലുടൻ മുമ്പിൽ വച്ചു് ഒപ്പിടാം.

നെട്ടേ:—അപ്പോൾ അട്ടത്ത ആഴ്ച അല്ല, പിന്നത്തെ ആഴ്ച ആരംഭത്തിൽ എല്ലാം പൂർത്തിയാക്കാമെന്നു വയ്ക്കാം സംഖ്യയും അപ്പോഴേയ്ക്കു തയ്യാറാക്കാം.

തിതി:—കഴിവുണ്ടെങ്കിൽ അട്ടത്ത ആഴ്ച തന്നെ ആയാൽ നന്നു്.

നെട്ടേ:—അട്ടത്ത ആഴ്ച വെള്ളിയാഴ്ച നല്ല ദിവസമല്ലേ? അന്നു രേഖ ശരിപ്പെട്ടുത്താമൊ എന്നു നോക്കണം.

സംഭാഷണം കേട്ടുകൊണ്ടിരുന്ന സേതുവും കല്ലൂരും ഒരുമിച്ചുപറഞ്ഞു "അന്നു വളരെ നല്ല ദിവസമാണു്" എന്നു്.

ഇതിനിടയിൽ, അവിടെനിന്നിറങ്ങി നെട്ടേടത്തെ എവിടെയെങ്കിലും ആക്കിയ ശേഷം വേഗം മടങ്ങി വരണമെന്നു സേതു കല്ലൂരിനെ ധരിപ്പിച്ചു. അയാൾ ക്ഷണത്തിൽ കാര്യം മനസ്സിലാക്കി തല കുലുക്കി.

കല്ലൂരും നെട്ടേടവും പൊയ്ക്കഴിഞ്ഞു് സേതു, അയാളുടെ സ്വാമിയോടു പറഞ്ഞു " സ്വാമിയുടെ ആജ്ഞ ഇല്ലാതെ ഞാനൊരു ചുവടുവച്ചു ".

എന്താണെന്നു തിതിയൻ അന്വേഷിച്ചു. പുറത്തുനിന്നു ചോഴൻെറ ആക്രമണം ഉണ്ടാകുന്നതോടൊപ്പം ഉള്ളിലും കുറെ ബഹളം നടക്കുന്നതു് നന്നായിരിക്കുമെന്നു തോന്നി, ചെറുപ്പക്കാരെ കുത്തുകുത്തുപ്പു പ്രക്ഷോഭണരത്തിനു് ഇളക്കിവിടുന്നതിനു കല്ലൂരുമായി നടത്തിയ ആലോചനയുടെ വിവരങ്ങൾ സേതു ധരിപ്പിച്ചു, തിതിയനു് ആ പദ്ധതി വളരെ രസിച്ചു" നല്ലതു്, നല്ലതു്, നടക്കട്ടെ, വേഗം നടക്കട്ടെ' എന്നദ്ദേഹം പറഞ്ഞു.

സേതു:—കല്ലൂരു് ഇപ്പോൾ മടങ്ങിവരും. വേണ്ടവിധം ചട്ടം കെട്ടാം. ചെലവിനു കുറച്ചു വല്ലതുമെങ്കിലും ഇനി നെട്ടേടത്തെ കൂട്ടിക്കൊണ്ടുവരുന്ന സമയം കൊടുക്കണം.

തിതി:—എന്താണു് വേണ്ടതെന്നുവച്ചാൽ നീ തന്നെ എടുത്തു കൊടുത്തുകൊള്ളണം. ഞാൻ നേരിട്ടു അയാളോടു് അതേപ്പററി സംസാരിക്കേണ്ടല്ലൊ.

സേതു :—വേണ്ടാ. സ്വാമി ആവശ്യപ്പെട്ടിട്ടാണെന്നു ഞാൻ പറഞ്ഞിട്ടില്ല.

തിതി :—നന്നായി. ഇപ്പോൾ ഒന്നുകൂടെ തോന്നുന്നു. ആ കുശുകുശുപ്പിൽ, ചേരൻ ബൌദ്ധനായതുമൂലം ഭ്രഷ്ടനായി, ഭരണം ഒഴിയാതിരുന്നാൽ രാജ്യം നശിക്കും, എന്നിങ്ങനെ ഒരു വശം കൂടെ ഉണ്ടെന്നു് അവർ പറഞ്ഞു പരത്തട്ടെ. പ്രധാന ബ്രാഹ്മണർ എല്ലാവരും കൂടെ ചേരനെ കണ്ടു് ഭരണം ഒഴിയാൻ ആവശ്യപ്പെടണമെന്നും പറഞ്ഞു പരത്തട്ടെ. എല്ലാവരും കൂടി പിറുപിറുത്താൽ മതി അതിഭയങ്കര ശബ്ദമാകും. ഓടിക്കൊള്ളും. അതങ്ങിനെ ഉടനടി തുടങ്ങട്ടെ. ചോഴൻെറ അട്ടത്തേയ്ക്കു ഇന്നു തന്നെ ഒരു ദൂതനെ അയയ്ക്കാം.

സേതു :—ആരെയാണു് അയയ്ക്കേണ്ടതു്? ഞാൻ പോയാൽ ഇവിടെ........

തിതി :—സേതു ബുദ്ധിമുട്ടേണ്ട. അവിട്ടത്തെ കോയിലിൽ അല്പം സ്വാധീനം ചെലുത്താൻ പററിയ ഒരാളുണ്ടു്.

സേതു :—അങ്ങിനെയുള്ള ആളാണു് വേണ്ടതു്. അല്ലാത്ത പക്ഷം അവിടെ എത്തിയാൽ ചോഴനെ മുഖം കാണിച്ചു വിവരം ധരിപ്പിക്കാൻ വേഗമൊന്നും പററാതെ വന്നേയ്ക്കാമല്ലൊ.

തിതി :—അവിട്ടത്തെ അന്തേവാസികളിൽ ചിലരെല്ലാമെങ്കിലും നമ്മുടെ മൂപ്പരോടു് ചായ്‌വുള്ളവരായിരിക്കാം. അപ്പോൾ കാര്യവിഘ്നം സംഭവിക്കുമെന്നു മാത്രമല്ല, വിവരം ഇവിടെ അറിയിച്ചു എന്നും വരാം.

സേതു :—അങ്ങിനെ വന്നാൽ ആകെ കുഴപ്പമാകും. കുഴപ്പമല്ല, അപകടമാവും. നമ്മുടെ തലതന്നെ നഷ്ടപ്പെട്ടു എന്നും വരാം.

തിതി :—ആ മരുന്നിൽ കുറെ കൊണ്ടുവരണം. ഗൌരവമേറിയ കാര്യത്തെപ്പററിയല്ലെ സംസാരിച്ചതു്. അതിനാൽ സേവിച്ചതിൻെറ ശക്തി ക്ഷണത്തിൽ അസ്ത

മിച്ചു. ഇനി, ആളയയ്ക്കുമ്പോൾ എന്തെല്ലാം നിർദ്ദേശങ്ങളാണ് കൊടുക്കേണ്ടതു്, അവിടെ എത്തിയാൽ സ്വീകരിക്കേണ്ട നയവും അടവുകളും എന്തെല്ലാം എന്നു കൂലങ്കഷമായി ചിന്തിക്കണം. ആ മരുന്നു സ്വല്പം അകത്തു ചെന്നാൽ എല്ലാം നന്നായി തോന്നും.

സേതു :—അധികമാകുന്നില്ലെ എന്നുകൂടി ആലോചിക്കണം.

തിതി :—അല്പം അധികമാകയാണ് നന്നു്. അപ്പോൾ പിന്നെ പഴയ കാര്യങ്ങളും ഇപ്പോഴത്തെ സംരഭത്തിൽ എന്തെങ്കിലും നോട്ടപ്പിഴ ഉണ്ടായാൽ വരാവുന്ന ഭവിഷ്യത്തുകളും മുമ്പിൽ അണിനിരന്നു നിന്നു ശല്യപ്പെടുത്തുകയില്ല. നോക്കുന്നതും കാണുന്നതും എല്ലാം ശോഭായമാനമായിരിക്കും. പക്ഷെ, മരുന്നിൻെറ ശക്തി കുറഞ്ഞാൽ അക്ഷണം ഘോരാന്ധകാരമാണ് പിന്നെ.

സേതു :—അധികമാകുന്നില്ലെ എന്നു് ഓർക്കണമെന്നാണ് ഞാൻ വീണ്ടും പറയുന്നതു്.

തിതി :—ഓർക്കാം. ഇപ്പോഴത്തെ ഈ പദ്ധതി വിജയിച്ചാൽ പിന്നെ ഞാൻ ഒരിക്കലും ഈ മരുന്നു തൊടുകയില്ലെന്നു സത്യം ചെയ്യുകയുമാം.

സേതു :—നമ്പൂരി വല്ലാണ്ടു് ഭ്രമിച്ചു് ഇളകിയാണ് പോയിരിക്കുന്നതു്. ഓടി ഇങ്ങു് എത്തും. അപ്പോഴേയ്ക്കു ക്രമപ്പെടുത്തേണ്ടവ എല്ലാം ക്രമപ്പെടുത്തേണ്ടായോ.

തിതി :—ചോഴൻെറ മറുപടി അറിയുന്നതിനു മുമ്പു് മുമ്പോട്ടുപോകാമൊ എന്നു സംശയം തോന്നുന്നു.

സേതു :—മറുപടി അനുകൂലമല്ല, മുമ്പോട്ടുപോകേണ്ടാ എന്നു വന്നാൽ തന്നെയും എന്താണ് കുഴപ്പം? നമ്പൂരിയോട്ട വാങ്ങുന്നതു് മടക്കി കൊടുത്താൽ മതിയല്ലൊ. അവർ വരും. വന്നാലുടൻതന്നെ അതു വാങ്ങി അറയിൽ വയ്ക്കണം. ഈ വക കാര്യങ്ങൾ നീട്ടുന്നതു് അബദ്ധമാണ്.

തിതി :—കൊള്ളാം. മരുന്നു് കുറെക്കൂടെ എടുക്കു. എനിക്കു് ശരിക്കു് ആലോചിക്കുന്നതിനു് അല്പം കൂടെ ആവശ്യമാണു്.

പടത്തലവൻെറ ഹർമ്മ്യത്തിൽ നിന്നു് പുറത്തു കടന്ന നെട്ടേടം ഒരക്ഷരം പോലും ഉരിയാടാതെ നടക്കുകയാണു്. അദ്ദേഹത്തിനു് ഇപ്പോൾ തന്നെ ഗർവായിക്കഴിഞ്ഞോ എന്നു് കല്ലൂർ തന്നെത്താൻ ചോദിച്ചു. എന്തുവന്നാലും ഇങ്ങോട്ടു് സംസാരിക്കാതെ അങ്ങോട്ടു കേറിപ്പിടിക്കുന്നില്ല. ഗർവാണെങ്കിൽ അതും ഒരാൾക്കു മാത്രമുള്ളതല്ലെന്നു ധരിക്കട്ടെ എന്നുറച്ചു കല്ലൂരും മൗനം ദീക്ഷിച്ചു. ഒരു രണ്ടുനാഴിക നടന്നുകാണും നെട്ടേടം ഞെട്ടി ഉണന്നു. അതേ ഉണരുക തന്നെയാണുണ്ടായതു്. ഉണന്നു് കൂട്ടാളിയെ സൂക്ഷിച്ചു നോക്കി, എന്നിട്ടു ചോദിച്ചു—: "ഞാൻ സമ്മതിച്ചതു അബദ്ധമായൊ എന്നൊരു സംശയം. ഇപ്പോൾ. കല്ലൂരെന്തുപറയുന്നു".

കല്ലൂ—ഞാനെന്തു പറയണമെന്നാണു് ആഗ്രഹിക്കുന്നതു്?

നെട്ടേടം :—അഭിപ്രായമെന്താണെന്നു്.

കല്ലൂ—നിങ്ങൾ നാനാവശവും ചച്ചചെയ്തു എന്തൊക്കെയൊ തീച്ചപ്പെടുത്തി. രേഖകൾ തയ്യാറാക്കുന്നതിനു പോലും ഏൎപ്പാടായി. ഇനി അഭിപ്രായം അറിയുന്നതു് എന്തിനാണു്. അഭിപ്രായം അനുകൂലമാവട്ടെ, പ്രതികൂലമാവട്ടെ അറിഞ്ഞിട്ടു വിശേഷമൊന്നുമില്ല.

നെട്ടേടം :—അതു് ശരിയാണു്. എങ്കിലും......ഞാൻ ചെയ്തതിൽ അപാകം വല്ലതും സംഭവിച്ചോ, എന്തു പറയുന്നു കല്ലൂരു്.

കല്ലൂ :—നല്ലവട്ടി കിട്ടും. പടത്തലവനും അദ്ദേഹത്തിൻെറ സവ്വവും, ഈ രാജ്യം തന്നെയും ഉത്തരിക്കും. ഇതിലധികം എന്താണു് കിട്ടാവുന്നതു്, സാധിക്കേണ്ടതു്!

നെട്ടേടം :—അതൊക്കെ ശരിയാണു്. അതുകൊണ്ടാണല്ലോ ഞാൻ സമ്മതിച്ചതു്. ഇപ്പോൾ പിമ്പോട്ടു നോക്കിയപ്പോൾ ചില ആശങ്കകളൊക്കെ തോന്നുന്നു. വലിയൊരു സംഖ്യയുമാണു്.

കല്ലം :—സംഖ്യ വല്യതാണെന്നു മനസ്സിലാക്കിയശേഷമ ല്ലെ വാക്കു കൊടുത്തതു്.

നെട്ടേടം :—അതെ. എന്നാലും സംഖ്യയുടെ വലിപ്പം ഓക്കുമ്പോൾ ഒരു.........

കല്ലം :—പടത്തലവൻെറ നിലയും സ്ഥിതിയും സ്വത്തും, അവസ്ഥപ്പുറമെ രാജ്യവും കൂടി പിടിയിൽ വരുന്നതാ ണു് ഏറ്റപ്പാടെന്നു കൂടെ ഓത്താൽ വിഷമമൊക്കെ മാറും.

നെട്ടേടം :— ശരിയാണു്. അതുകൊണ്ടാണല്ലൊ ഞാൻ സമ്മതിച്ചതു്.

കല്ലം:—രാജ്യത്തെയും പെരുമാളിനെയും പടത്തലവനെയും എല്ലാം ചൊല്പടിക്കു നിത്താൻ ശ്രമിക്കുമ്പോൾ അല്പം ആയാസം വരുന്നെങ്കിൽ സങ്കടപ്പെടാനില്ലെന്നാണു് എന്റെ അഭിപ്രായം. രാജ്യത്തെ ഒന്നാമത്തെ വ്യക്തി യാകാനാണു് പോകുന്നതു്. ചുമതലകൾ ഒന്നുമില്ലാ തെ പ്രശസ്തിമാത്രം! നിങ്ങളുടെ തലയിലെഴുത്തു വളരെ വളരെ വിശേഷം തന്നെ ആയിരിക്കണം.

നെട്ടേടം ;—ഇതിനൊരു മറുവശം കൂടെ ഉണ്ടു്. അതു കല്ലരു കണ്ടില്ലെന്നു വിചാരിക്കാനുള്ള മൌഢ്യം എനിക്കില്ല. ഞാൻ അതു കാണേണ്ടെന്നോ, കല്ലരു ചൂണ്ടിക്കാണിച്ചിട്ടു കാണേണ്ടെന്നോ വച്ചായിരി ക്കാം.

കല്ലം ;—എന്തു മറുവശമാണു് ?

നെട്ടേടം :—ഞാൻ അതൊന്നും കാണാതെ, ലാഭമൊ പ്ര ശസ്തിയൊ മാത്രം കണ്ടു് കണ്ണു് അഞ്ചി എടുത്തു ചാടിയതാണെന്നു ധരിക്കേണ്ടാ. മറുവശം എന്തെ ന്നല്ലെ ചോദിച്ചതു്. കേട്ടുകൊള്ളണം. എന്തിലും വിജയമുണ്ടാകാമെങ്കിൽ അപജയവും ഉണ്ടാവാം. ഇവയുള്ള സാദ്ധ്യതയ്ക്കു കൂടുതൽ കുറവു് ഓരോ പദ്ധതിക്കും പ്രത്യേകമായിരിക്കുമെന്നു വയ്ക്കുക. ഇ വിടെ പടത്തലവൻെറ സംരംഭം വിജയിച്ചില്ലെ

ങ്കിൽ എന്തായിരിക്കും അനുഭവം? അയാളുടെ ഉദ്യോഗം പോകും. രാജദ്രോഹിയും രാജ്യദ്രോഹിയും ആകും. ആസ്തിയെല്ലാം കണ്ടുകെട്ടി പെരിങ്കോയിലേക്കു മുതൽ കൂട്ടി എന്നു വരാൻ പാടില്ലാഴ്കയില്ല. അപ്പോൾ എൻെറ നില എന്തായിരിക്കും? രാജദ്രോഹിയെ സഹായിച്ചു, രാജ്യദ്രോഹം ചെയ്യുന്നതിനു കൂട്ടുനിന്നു എന്നായിരിക്കും എൻെറ പേരിലുള്ള കുറ്റം. സഹായിച്ചു എന്നുള്ളതുമാററി, പ്രേരിപ്പിച്ചു എന്നാക്കും. ഞാൻ സംഖ്യ കൊടുത്തില്ലായിരുന്നു എങ്കിൽ അയാൾ ഈ സംരംഭത്തിൽ ചാടുകയില്ലായിരുന്നു, ചാടാൻ അയാൾക്കു കഴിവുണ്ടാകയില്ലായിരുന്നു എന്നു അനുമാനിക്കുന്നതിനും തെളിയിക്കുന്നതിനും സാധിച്ചേയ്ക്കാം....

കല്ലം :—അല്ല, ഇതെല്ലാം അറിഞ്ഞുകൊണ്ടെന്തിനാണ് ആ കുരുക്കിൽ കൊണ്ടെ തലയിട്ടതു്?

നെട്ടൂടം :—ആകർഷണീയമായ മറുവശം കല്ലൂർ ആദ്യം ചൂണ്ടിക്കാണിച്ചല്ലൊ—പെരുമാളും പടത്തലവനും, ദേശം തന്നെയും നമ്മോടു കടപ്പെട്ടിരിക്കുക! അതു നിസ്സാര കാര്യം വല്ലതുമാണൊ? പിന്നെ മറുകുററി പാഞ്ഞെങ്കിൽ എന്നല്ലെ? അങ്ങിനെ വരുന്ന ഘട്ടങ്ങളിൽ ഭൂരിഭാഗവും, ഒടുവിൽ ഏതെങ്കിലും ഒരു ഒത്തുതീർപ്പിലായിരിക്കും അവസാനിക്കുക. ഈ പ്രത്യേക സംഗതിതന്നെ എടുക്കാം. പടത്തലവൻ തോററുകഴിഞ്ഞാൽ, വീണുകഴിഞ്ഞാൽ പിന്നെ അയാളെ ചവിട്ടാൻ ചേരൻ മടിക്കും. മടിക്കാതെ ചവിട്ടിയാൽ ബഹുജനം അദ്ദേഹത്തെ ആക്ഷേപിക്കും. അങ്ങനെ വരുമ്പോൾ, ഉത്തമ വിശ്വാസത്തോടു കൂടെ പണം വട്ടിക്കു കൊടുത്ത നമ്മെ ദ്രോഹിക്കാൻ തുനിയുകയുമില്ല.

കല്ലം :—ഉത്തമ വിശ്വാസത്തോടുകൂടെ കൊടുത്തതൊന്നുമല്ലെന്നു് നിങ്ങൾ വാങ്ങുന്ന രേഖ നോക്കിയാൽ, ദേശവുംകൂടി ഉത്തരിക്കത്തക്കവിധം എഴുതുന്ന രേഖ നോക്കിയാൽ, തെളിയുകയില്ലെ?

നെട്ടേടം :—അതു സാരമില്ല. രേഖ എൻെറ കൈവശമല്ലെ. "സ്വന്തം ആവശ്യങ്ങൾക്ക് കടം വാങ്ങി. അതിലേയ്ക്കു തനിക്കുള്ള സൎവ്വസ്വവും ഈടായിരിക്കും 'എന്നു പടത്തലവനോടു വാങ്ങുന്ന രേഖയിൽ വ്യക്തമാക്കിയിരിക്കും. അതു മാത്രം കാണിക്കുമ്പോഴൊ ?

കല്ലൂ. :—വേറെ ഇടപാടൊന്നുമില്ലെന്നു പറഞ്ഞാൽ അതു് പൊളി ആകയില്ലെ. അതു നന്നൊ.

നെട്ടേ :—പൊളിയാകാത്ത തരത്തിൽ പറഞ്ഞു ശരിപ്പെടുത്തണം. രാജ്യത്തെ അപകടത്തിൽ നിന്നു രക്ഷിക്കാൻ ഞാൻ ഇന്നു് ഈ അപകടത്തിൽ-അതെ, അപകടത്തിൽ തന്നെ—തലയിടുന്നുണ്ടല്ലൊ. അതുപോലെ, എൻെറ തലയെ അപകടത്തിൽ നിന്നു രക്ഷിക്കുന്നതിനു് സ്വൽപം ചാഞ്ഞൊ ചരിഞ്ഞൊ പറയേണ്ടതായി വന്നേയ്ക്കാം. അതു് ഒരു അപരാധമായി വിവേകമുള്ളവർ ആരും ഗണിക്കുകയില്ലെന്നാണെൻെറ വിശ്വാസം.

കല്ലൂ. :—അങ്ങിനെ എങ്കിൽ കുഴപ്പമില്ല. എനിക്കൊ പരാതി ഇല്ലല്ലൊ.

നെട്ടേ :—ഞാൻ എല്ലാം കാണുകയും മനസ്സിലാക്കുകയും ചെയ്തു ശേഷമാണു് ഇതിൽ പ്രവേശിച്ചതു്. വരുന്നതെന്താണെന്നു കാണട്ടെ. പടത്തലവൻെറ പ്രതീക്ഷകൾ എല്ലാം അലസിപ്പോയാലും, എന്തെങ്കിലും ഒരു ഒത്തുതീൎപ്പിലായിരിക്കും കാൎയ്യം അവസാനിക്കുന്നതു്. പിന്നെ അങ്ങേ അററത്തു് ഒന്നുകൂടി ഞാൻ കണ്ടിട്ടുണ്ടു്. "ഇടത്തെ ചെകിട്ടിൽ അടിക്കുന്നവനെ തിരിച്ചടിക്കരുതു്, അവനോടു് അതു ക്ഷമിച്ചു് വലത്തെ ചെകിട്ടിൽ അടിച്ചു കൊള്ളാൻ ക്ഷണിക്കണം" എന്നു് ഉപദേശിച്ച ആ ബൌദ്ധ മന്ത്രവാദിയെയാണു് പെരുമാൾ ഗുരുവായി സ്വീകരിച്ചതു്. അപ്പോൾ...... കല്ലൂരെന്തുപറയുന്നു ? ജൈനൻെറ പഴയ അഹിംസയ്ക്കു പുറമെയാണു് പെരുമാളിനു് ഇതു കിട്ടിയിരിക്കുന്നതെന്നു ഓൎക്കണം.

കല്ലൂ :—നെട്ടേടം ഞാൻ ഓർത്തിരുന്നതിൽ പതിന്മടങ്ങു സമർത്ഥനാണു്.

"പതിന്മടങ്ങു സമർത്ഥനെ" തന്ത്രത്തിൽ ഒരു ദിക്കിൽ ഇരുത്തിയിട്ടു കല്ലൂരു മടങ്ങി പടത്തലവൻെറ മന്ദിരത്തിൽ എത്തി. സേതുവുമായി കണ്ടു കശ്ശുകശ്ശുപ്പു പ്രചരണം സംബന്ധിച്ചു് വേണ്ട നിർദ്ദേശങ്ങൾ വാങ്ങി. കിട്ടിയ മടിശ്ശീല അരയിൽ തിരുകിഒളിച്ചു. അതിവേഗം നെട്ടേടം വിശ്രമിച്ചസ്ഥലത്തു എത്തുകയും ചെയ്തു.

# 11

"എനിക്കിനിവയ്യാ. കൈകഴയ്ക്കാൻ തുടങ്ങിയിട്ട് എത്ര നേരമായെന്നൊ ; വിരലിൻെറ വേദന പറയാനൊന്നുമില്ല" വീണ വായിക്കാൻ അഭ്യസിക്കുന്ന അക്കമ്മാൾ പരാതിപ്പെട്ടുകയാണു്.

"വീണവായന പഠിക്കുന്നതിനു് അല്പംപോലും ബുദ്ധിമുട്ടാൻ ഒരുക്കമില്ലെങ്കിൽ എങ്ങിനെയാണു് ? ഇന്നു വായന തുടങ്ങിയിട്ടു് അരനാഴികയിലധികമായില്ല. അപ്പോഴേയ്ക്കു കൈ കഴച്ചു എന്നു പറഞ്ഞാൽ," ചേരൻെറ ഏകപുത്രിയെ വീണവായന പഠിപ്പിക്കുന്ന ഭാഗവതർ ശാസിച്ചു. അതു മററാരുമല്ല, പാണ്ഡ്യൻെറ മകൻ വീരപാണ്ഡ്യനാണു്. പിതൃസഹോദരിയായ ആണ്ടാളുടെ ക്ഷണമനുസരിച്ചു് അല്പദിവസത്തെ സന്ദർശനത്തിനു് തിരുവഞ്ചിക്കുളത്തു് പെരിങ്കോയിലകത്തു് എത്തിയ യുവാവിനു് സംഗീതത്തിൽ നല്ല വൈദഗ്ദ്ധ്യമുണ്ടു്. വന്നുചേർന്നപ്പോൾ എത്രയും വേഗത്തിൽ മടങ്ങേണ്ട അത്യാവശ്യങ്ങൾ പലതുണ്ടെന്നു പ്രസ്താവിക്കയുമുണ്ടായി. അതിനുശേഷമാണു് അക്കമ്മാളുടെ ഗുരുസ്ഥാനം സ്വീകരിച്ചതു്. പിന്നെ നാട്ടിലേയ്ക്കു മടങ്ങുന്ന കാര്യം പറഞ്ഞുകേട്ടിട്ടില്ല. ഒരു തൊഴിലുമില്ലാതെ മുഷിഞ്ഞപ്പോൾ മടങ്ങിപ്പോകാമെന്നു് ആലോചിച്ചു. സംഗീതത്തിൽ കമ്പമുള്ള യുവാവിനു് പഠിപ്പിക്കാൻ പററിയ ആളെ കിട്ടിയപ്പോൾ അതു് അത്യന്തം ആനന്ദപ്രദമായ തൊഴിലായി. മുഷിവുതീർന്നു. മടങ്ങേണ്ട ആവശ്യമില്ലാതെവന്നു എന്നു വിചാരിക്കാമല്ലോ.

വീരപാണ്ഡ്യൻ പരമസുന്ദരനാണെന്നു പറഞ്ഞുകൂടാ. എങ്കിലും ആകപ്പാടെ നോക്കുമ്പോൾ നല്ലൊരു സുമുഖനാണെന്നു ഉറപ്പിച്ചുപറയാം. മുഖത്തു ഒരു പ്രത്യേക ശ്രീയോ ആകർഷണീയതയൊ ഉള്ളതാണു് കാരണം. അല്ലാതെ ആകാരത്തിൻെറ വൈശിഷ്ട്യമല്ല. നല്ല ഉയരം. ഉറപ്പുള്ള ശരീരം. ആയുധവിദ്യ അഭ്യസിച്ചതുകൊണ്ടും, ഇന്നും കുറെ സമയ

മെങ്കിലും അതിൻെറ പഴയ പാഠങ്ങൾ അയവിറക്കുന്നതു കൊണ്ടും അവയവങ്ങൾക്ക് നല്ല സൌഷ്ഠവം ഉണ്ട്. 'ഞങ്ങളുടെ ഉടയവൻ ക്രൂരനല്ല, ഉല്ലാസശീലനാണ്'' എന്നു വിളിച്ചറിയിക്കുന്ന നല്ലരണ്ടു കണ്ണുകൾ. അല്പം ഇരുണ്ടനിറം. ഒക്കെക്കൂടെ നോക്കിയാൽ പൂവമ്പനൊന്നുമല്ല എങ്കിലും, വളരെ അടുത്തു പെരുമാറുന്ന ഒരു യുവതിയുടെ ഹൃദയത്തെ തട്ടി എടുക്കാൻ വേണ്ട യോഗ്യതകൾ എല്ലാമുണ്ട്. അക്കമ്മാൾ നല്ലൊരു സുന്ദരിയാണെന്നും, ബാല്യത്തിൽ തന്നെ പ്രത്യക്ഷമായ സൌന്ദര്യ്യ ലക്ഷണങ്ങൾ വളത്തുന്നതിനു താൻ ചെയ്തതും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതുമായ ശ്രമങ്ങൾ വിജയിക്കുന്നുഎന്നും ആണ്ടാൾക്ക് അറിയാം. ചേരൻെറ സുന്ദരിയായ ഏകപുത്രിക്ക് ഒരു വരനെ കിട്ടാൻ പണി ഉണ്ടാവില്ല. എങ്കിലും എല്ലാത്തരത്തിലും അനുയോജ്യനായ ഒരു വരനെ കിട്ടുക വളരെ എളുപ്പമൊന്നുമല്ല എന്നും അവക്കു നിശ്ചയമുണ്ട്. വിവാഹ കാര്യ്യങ്ങളിൽ പുരുഷന്മാരേക്കാൾ കൂടുതൽ താല്പര്യ്യം സ്ത്രീകൾക്കാണ്. സ്വന്തം പുത്രിയുടെ വിവാഹകാര്യ്യമാകുമ്പോൾ പറയാനുമില്ലല്ലൊ. ഒഴിഞ്ഞുമാറാൻ മാർഗ്ഗമില്ലാഞ്ഞിട്ടാണു് സൌഗന്ധികപുഷ്പം പറിക്കാൻ ഭീമസേനൻ പുറപ്പെട്ടതു്. ആ പര്യ്യടനവും കഷ്ടപ്പാടും കൂടാതെ പാഞ്ചാലിയെ തൃപ്തിപ്പെടുത്താൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടായിരുന്നെങ്കിൽ തൻെറ,തടിയും തടിമാടൻ ഗദയും വഹിച്ചുകൊണ്ട് ഭീമസേനൻ ഇറങ്ങി തിരിക്കുമായിരുന്നോ എന്തൊ. വീരപാണ്ഡ്യനായ കല്യാണസൌഗന്ധികത്തെ, അക്കമ്മാളായ പാഞ്ചാലിക്കു വേണ്ടി ഇറുത്തെടുക്കുന്നതിനു്, ഭീമസേനൻ സഹിച്ച ബുദ്ധിമുട്ടുകളെക്കാൾ എത്ര അധികം ബുദ്ധിമുട്ടുകളും സഹിക്കാൻ ഒരു സ്ത്രീ ആണെങ്കിലും ആണ്ടാൾ മടിക്കുകയില്ലായിരുന്നു. ഇവിടെ ബുദ്ധിമുട്ടുമില്ല കഷ്ടപ്പാടുമില്ല. അല്പം ചില തന്ത്രപ്രയോഗങ്ങൾ മാത്രം മതി. വീരപാണ്ഡ്യൻ സൌഗന്ധികം അക്കമ്മാളായ പാഞ്ചാലിയുടെ മടിയിൽ ഞെട്ടററു വീണുകൊള്ളും! ഇതു വീരപാണ്ഡ്യൻെറ ആഗമനസമയത്തു തന്നെ ആണ്ടാൾ കണ്ടതാണ്. നന്നെന്നു ബോദ്ധ്യമായി. സംഗതി മുമ്പോട്ടു പോകട്ടെ എന്നും നിശ്ചയിച്ചു. ആ ദേവിയുടെ ആലോചനയും തീരുമാനവും ഒന്നും അറിയാ

തിരുന്ന രണ്ടു യുവഹൃദയങ്ങൾ അതാ സ്വർഗ്ഗസുഖത്തിന്റെ സ്വാദു് നോക്കിത്തുടങ്ങിയിരിക്കുന്നു!

വീണക്കമ്പികളിൽ തടയുമ്പോൾ പുറപ്പെടുന്ന അത്യാനന്ദദായകമായ സംഗീതധ്വനി കേൾക്കുന്നതിനെക്കാൾ സുഖം ശാസനാരൂപത്തിലുള്ള ആ പരാതിപറയൽ കേൾക്കുന്നതിനല്ലെ എന്നു് അക്കമ്മാളിനു് തോന്നിത്തുടങ്ങിയിട്ടുണ്ടു്. ആദ്യമെല്ലാം ആ ശബ്ദത്തിന്റെ മാധുരി അവൾ അറിഞ്ഞില്ല. ഒരു ദിനം, വീണയിൽ വിരലുകൾ വച്ചിരിക്കുന്നതു് ശരിയാകുന്നില്ല. ഇന്നവിധം ശരിപ്പെടുത്തണം എന്നു വീരപാണ്ഡ്യൻ നിർദ്ദേശിച്ചു. വളരെ വ്യക്തമായിരുന്നു ആ നിർദ്ദേശം. പക്ഷെ അതിനു് നേർ വിപരീതമായ തരത്തിലാണു് അക്കമ്മാൾ ചെയ്തതു്. അതു ശരിപ്പെടുത്താൻ കുമാരൻ വീണ്ടും നിർദ്ദേശം നൽകി. കുമാരി അനുസരിച്ചു. പക്ഷെ പിന്നെയും വേണ്ട സ്ഥാനത്തും രീതിയിലുമായിരുന്നില്ല കൈപ്പെരുമാററം. അയാൾ അവളുടെ കയ്യിൽ പിടിച്ചു് വിരലുകൾ ശരിക്കു വയ്ക്കാൻ മുതിന്നു. ആവൂ, എന്തൊരനുഭവമാണുണ്ടായതു്! തന്റെ വിരലുകളിൽ, ഇടിച്ചുതകത്തു പ്രവേശിച്ച എന്തൊ ഒരു ശക്തി ഒരു ഞൊടിയിടയിൽ ഹൃദയത്തിൽ എത്തി അവിടെ ഒരു വെടിക്കെട്ടു തന്നെ നടത്തി. അതുകൊണ്ടും മതിയാകാഞ്ഞു് ശരീരത്തിന്റെ എല്ലാ ഭാഗങ്ങളിലും ഓടിയെത്തി ആ പണി ആവത്തിച്ചു. ഹൃദയത്തിൽ കരിമരുന്നു പ്രയോഗം നടന്നാൽ, ശരീരത്തിന്റെ എല്ലാഭാഗങ്ങളിലും നടന്നാൽ, കരിമരുന്നു പ്രയോഗം കാണുന്ന സുഖം പലമടങ്ങു് വദ്ധിച്ച അനുഭവം കിട്ടും. എങ്കിലും അതിൽനിന്നു പുറപ്പെടുന്ന ചൂടും ശബ്ദകോലാഹലങ്ങളും കുറെ എല്ലാം, അല്ല ധാരാളം, സ്വർഗ്ഗാനുഭൂതിനല്കുന്ന വേദനയും ഉണ്ടാക്കുമെന്നു വീരപാണ്ഡ്യൻ അനുഭവിച്ചറിഞ്ഞു. അങ്ങിനെ ഒരു ശക്തി ഉണ്ടെന്നു് ആ കുമാരൻ സ്വപ്നത്തിൽ പോലും ഓത്തിരുന്നില്ല. അനുഭവിച്ച ക്ഷണത്തിൽ അതിന്റെ ഉത്ഭവസ്ഥാനം ഏതാണെന്നു ശരിക്കു മനസ്സിലായി! സംശയം അല്പം പോലുമില്ല. അതാണു് പ്രകൃതിയുടെ സാമത്ഥ്യം. അഗ്നിപവ്വതജന്യമായ ആ ശക്തി തന്റെ ഹൃദയത്തേയും ശരീരത്തിന്റെ എല്ലാഭാഗങ്ങളേയും

രക്തത്തിൽ കൂടി പാഞ്ഞു നടക്കുന്ന ലക്ഷം ലക്ഷം രക്താണുക്കളിൽ ഓരോന്നിനെയും നിഷ്ഠുരങ്ങം ഭയാനകമാം വിധം മഥിച്ച് സ്വർഗ്ഗസുഖം പകന്നതു് അക്കമ്മാൾ കണ്ടോ അറിഞ്ഞോ ? തൻെറ ബലഹീനത അവൾ മനസ്സിലാക്കിയൊ ? വീരപാണ്ഡ്യൻ രാജകുമാരിയെ നോക്കി. ഉററു നോക്കി. പച്ചപ്പാവം കുട്ടി ! പച്ചവെള്ളം ചവച്ചുകുടിക്കും ! കുമാരനുണ്ടായ അനുഭവങ്ങളുടെ ശരിപ്പകപ്പ് കിട്ടിയ അവൾ, യാതൊന്നും അറിയാത്തമട്ടിൽ വീണയിൽ കൈവച്ചുകൊണ്ടങ്ങിനെ ഇരിക്കുന്നു ! കുമാരനെ തട്ടിത്തകത്തു് നിലം പതിപ്പിച്ച ആ ശക്തിയെ മുഖത്തു് യാതൊരു ഭാവപ്പകച്ചയ്ക്കും ഇടം കൊടുക്കാതെ അവൾ ഉള്ളിൽ അമർത്തിക്കളഞ്ഞു. പ്രകൃതിയുടെ കരുണ ! അതൊ കരുണ ഇല്ലാഴികയൊ?.

അന്നത്തെ സംഗീതാഭ്യസനം നിറുത്തി. പിറെറന്നാൾ ആരംഭിച്ചപ്പോൾ, അക്കമ്മാളിൻെറ കൈയും വിരലും എല്ലാം ശരിയായ സ്ഥാനങ്ങളിലുണ്ട്. അവ ശരിക്കു പ്രവത്തനം നടത്തുകയും ചെയ്യുന്നു. തലേന്നാൾ, അതിവേദനയിൽ കൂടെ സ്വർഗ്ഗസുഖം അനുഭവപ്പെട്ടുത്തിയ പ്രായോഗിക പരീക്ഷണം ഒന്നാവത്തിച്ചാൽ കൊള്ളാമെന്നു വീരപാണ്ഡ്യനുണ്ടായിരുന്നു. അവസരം കിട്ടിയില്ല. അവസരം സൃഷ്ടിക്കാൻ ധൈര്യം ഉണ്ടായതുമില്ല. അന്നു് സംഗീതാഭ്യസനം നടന്നുകൊണ്ടിരിക്കുമ്പോൾ ആണ്ടാൾ അവിടെ കടന്നുചെന്നു. അതൊരു അസാധാരണ സംഭവമൊന്നുമല്ല. എന്നാൽ സാധാരണ ആ മഹിള അവിടെച്ചെന്നു കുത്തിയിരുന്നു അരങ്ങു മുഷിപ്പിക്കാറുമില്ല. തൻെറ സാന്നിദ്ധ്യം ഉണ്ടാകുന്നതിനു വിരോധമില്ലെങ്കിലും ഇല്ലാതിരിക്കുന്നതാണ് സന്തോഷകരമെന്നവക്കറിയാം.അതുകൊണ്ടു മാത്രമല്ല, അവരുടെ പദ്ധതി രൂപം പ്രാപിച്ചു് വിജയത്തിൽ എത്തുന്നതിനു്, പദ്ധതി നിമ്മിച്ചയാൾ തന്നെ തടസ്സമായിരുന്നുകൂടാ എന്നു വച്ചും ആണ് ആ മാതാവു് വത്തിച്ചിരുന്നതു്. വീരപാണ്ഡ്യനു് അശനിപാതാനുഭവം ഉണ്ടായതിൻെറ പിറെറന്നാൾ മുറിയിൽ കടന്നു ചെന്ന ക്ഷണത്തിൽ ആണ്ടാൾക്കു കഥ മനസ്സിലായി ! വീരപാണ്ഡ്യനെ അവർ ഒന്നു കൂടെ നോക്കി: സന്തോഷത്തോടെ എന്തൊ രണ്ടുനാലു വാക്കുകൾ

പറഞ്ഞിട്ട് ഇറങ്ങിപ്പോകയും ചെയ്തു. ആണ്ടാളുടെ ഹൃദയം ദ ചാരിതാർത്ഥ്യം കൊണ്ട് നിറഞ്ഞു കവിഞ്ഞൊഴുകി.

ഈ ഘട്ടത്തിൽ വീരപാണ്ഡ്യൻ മടങ്ങി ചെല്ലുന്നില്ലേ എന്ന് അന്വേഷിക്കുന്ന ഒരു സന്ദേശം പാണ്ഡ്യപ്പെരുമാൾ കോയിലിൽ നിന്നു ഒരു രാജകീയസന്ദേശവാഹകൻ കൊണ്ടുവരികയുണ്ടായി. ഔദ്യോഗികകാര്യം സംബന്ധിച്ച സന്ദേശവുമായി തിരുവഞ്ചിക്കുളത്തേയ്ക്കു പുറപ്പെട്ടപ്പോൾ, വീരപാണ്ഡ്യൻെറ അമ്മ പറഞ്ഞയച്ചതായിരുന്നു. അതും രാജകുമാരനെ നേരിട്ടറിയിക്കുന്നതിനായിരുന്നില്ല. ഭർത്തൃസോദരിയായ ആണ്ടാളെ അഭിവാദ്യം ചെയ്തയച്ച സന്ദേശത്തിൽ ഈ അന്വേഷണവും ഉൾപ്പെടുത്തിയിരുന്നതേയുള്ളു. അടുത്ത കാലത്ത് വീരപാണ്ഡ്യന് കൂട്ടാളികളായി കിട്ടിയ ചില കുമാരന്മാർ അയാളെ വഷളത്തങ്ങളിൽ ചാടിച്ചേയ്ക്കും എന്ന് ആ അമ്മയ്ക്കു ഭയം തോന്നി. ആ കൂട്ട് ഒന്നു പിരിയട്ടെ എന്നു വച്ചും കൂടെയല്ലെ കുമാരനെ തിരുവഞ്ചിക്കുളത്തേയ്ക്കയച്ചതെന്നു വിചാരിച്ചുകൂടേ? അക്കമ്മാൾ എന്നൊരു യുവതി അവിടെ ഉണ്ടെന്നുള്ള ഓർമ്മയും തീർച്ചയായും ഉണ്ടായിരുന്നിരിക്കണം.

119364

വിവാഹകാര്യങ്ങളിൽ സ്ത്രീകൾക്കു ജന്മസിദ്ധമായി തന്നെ പ്രത്യേക താല്പര്യമുണ്ട്. അവരവരുടേതോ, സ്വന്തം ആൾക്കാരുടേതൊ ആണെങ്കിൽ മാത്രമേ താൽപര്യം ഉണ്ടായിരിക്കു എന്നുവരേണ്ടുണ്ടാ വൈവാഹികവർത്തമാനങ്ങൾ ആരേ സംബന്ധിച്ചുള്ളതാണെങ്കിലും ആവി പറക്കുന്ന ചൂട്ട വാർത്തയാണവർക്ക്. മററാരും കാണാത്തതും ഓർക്കാത്തതും ആയ വിവരങ്ങളും സംഭവങ്ങളും മണത്തറിയുന്നതിന്-കുററവാളികളെ മണത്തറിയാൻ ഇന്നത്തെ പോലീസ്പട്ടികൾക്കുള്ളതുപോലെ-എന്തൊ ഒരു ശക്തി അവർക്കുണ്ട്. പ്രകൃതിമാതാവ് പ്രത്യേകമായി നൽകിയ നൽവരമായിരിക്കാം. അങ്ങിനെ വരുമ്പോൾ അതിന് പ്രത്യേക കാരണവും ഉദ്ദേശവും ഉണ്ടായിരിക്കണമെന്നു വരുന്നു. അവ എന്തെന്നും ഏതെന്നും വായനക്കാർ തന്നെ തീർച്ചപ്പെടുത്തുക.

അശനിപാതം വീണതിനുശേഷം, താൻ എന്തൊ ഒരു വലിയ കാര്യം സാധിച്ചു എന്നൊ, ലോകത്തിൽ മുമ്പൊരി

KOTTAYAM PUBLIC LIBRARY

ക്കല്ലും ആർക്കും ഉണ്ടായിട്ടില്ലാത്ത ഒരു വിശിഷ്ടാനുഭവം തനിക്കു് ഉണ്ടായി എന്നൊ വീരപാണ്ഡ്യനു് ഒരു തോന്നൽ! ആ അനുഭവത്തിന്റെ ഫലമായി നിലത്തു തൊടാതെ വായുവിലോ മേഘത്തിലോ ആണു് സഞ്ചരിക്കുന്നതു്. ഈ വിവരം ആരോടെങ്കിലും ഒന്നു പറഞ്ഞാൽ സുഖവും രസവും പതിന്മടങ്ങു വർദ്ധിക്കും എന്നു വിശ്വാസമുണ്ടു്. എന്നാൽ മറെറാരു ചെവിയിൽ കടന്നാൽ അത്യന്തം പരിശുദ്ധമായ "അതു്" അശുദ്ധമാകുമെന്നു ഭയവുമുണ്ടു്. കേൾപ്പിക്കാൻ പററിയ ചെവി ഇല്ല. ഇതു് ആരുടെ തോന്നലോ ഭയമോ ആണെന്നോ? ആ യുവമിഥുനങ്ങളിൽ ഓരോരുത്തരുടെയും തന്നെ (എന്നു പറയാമല്ലൊ?) തമ്മിൽ തമ്മിൽ പറയുകയൊ, ഏതെങ്കിലും തരത്തിൽ സൂചിപ്പിക്കയെങ്കിലുമോ ചെയ്തിട്ടൊന്നുമല്ല അവർ ഏകാഭിപ്രായത്തിൽ എത്തിയതു്. ഒരേ സാധനത്തെ അല്ലെങ്കിൽ അനുഭവത്തെ, അല്ലെങ്കിൽ സങ്കല്പത്തെ അതിവിശുദ്ധമായി ഗണിച്ചതുമൂലം പരസ്പരം അറിഞ്ഞതല്ലെങ്കിലും, അവരെ തമ്മിൽ ബന്ധിക്കുന്നതിനു ഒരു നവ്യശക്തികൂടെ ഉൽഭവിക്കയാണുണ്ടായതു്. ആയിരത്തിത്തൊള്ളായിരത്തിലധികം വർഷങ്ങൾക്കു മുമ്പു്, ഇരുളടഞ്ഞുകിടന്ന പ്രാചീനകാലത്തു്, ഇങ്ങിനെയുള്ള അനുഭവങ്ങൾ ഉണ്ടാകാൻ പോകുന്നൊ എന്നു് ഇന്നത്തെ വീരപാണ്ഡ്യന്മാരും അക്കമ്മാൾമാരും അവിശ്വാസപൂർവം ചിന്തിക്കാം. വിശ്വശില്പി, അല്ല, അഖിലാണ്ഡശില്പി മനുഷ്യനെ സൃഷ്ടിച്ച "ഇരുളടഞ്ഞ കാലത്തു" തന്നെ ഈവക വികാരങ്ങളും വീണക്കമ്പികളും അവരുടെ ഹൃദയാന്തർഭാഗത്തു ഇണക്കി ശരിപ്പെടുത്താൻ മറന്നില്ല അതും, ചുണ്ടും നഖവും ചുവപ്പിക്കലും, പൊസ്റ്റാൽ കണക്കെയുള്ള ഷൂസും, മററും മററുമായി ബന്ധമൊന്നുമില്ല.

അക്കമ്മാൾ—വീരപാണ്ഡ്യന്മാർ സ്വർഗ്ഗസുഖങ്ങളോടുകൂടെ ഇഹത്തിൽ വാഴുന്നെങ്കിൽ, അവരുടെ അനുഭൂതി-അവരറിയാതെ-മനസ്സിലാക്കി സ്വർഗ്ഗസുഖമല്ലെങ്കിലും, ഒരു ത്രിശങ്കുസ്വർഗ്ഗസുഖം ആണ്ടാളും അനുഭവിച്ചുകൊണ്ടിരിക്കുന്ന കാലത്താണു വാനവരമ്പൻ "നാടൻ ബോംബു്" എറിഞ്ഞതു്.—അദ്ദേഹം നസ്രാണിവേദം സ്വീകരിക്കാൻ തീർച്ചപ്പെടുത്തി എന്നു് ആണ്ടാളെ ധരിപ്പിച്ചതു്. അവൾക്കു പെട്ടെന്നൊരു ഭീതിയനുഭവപ്പെട്ടു. ആ രഹസ്യ

വാത്ത തലയിൽ വച്ചുകൊണ്ടു് രണ്ടു നാലുദിവസങ്ങൾ കഴിഞ്ഞപ്പോൾ ഉർവശീശാപമുപകാരം ആവാൻ പോകയായിരിക്കുമൊ എന്നു തോന്നിത്തുടങ്ങി. വാനവരമ്പൻ ബൗദ്ധമതത്തിൽ ചേൎന്നാൽ സ്ഥാനത്തു തുടരാൻ പാടാതെവരും. അതു് എങ്ങിനെ വന്നുകൂട്ടമെന്നു വിചാരമില്ല. അദ്ദേഹത്തെ കരബലംകൊണ്ടു് സിംഹാസനഭ്രഷ്ടനാക്കാൻ തക്ക ഒരു ശക്തി ആ രാജ്യത്തില്ലെന്നാണവരുടെ മതം. എന്നാൽ ഏതു വിധമെന്നൊന്നും രൂപമില്ല, സ്ഥാനത്യാഗം ചെയ്യാൻ നിർബ്ബന്ധിതനായിത്തീരുന്ന പരിതഃസ്ഥിതികൾ രൂപമെടുക്കുമെന്നും അതേസമയം തന്നെ അവൾക്കു തോന്നുന്നുമുണ്ടു്. ഈ തോന്നലിൽ പൂർവാപരവൈരുദ്ധ്യമുണ്ടോ എന്നു ചിന്തിച്ചുനില്ല. ഈ വിധം തോന്നാൻ ന്യായമൊ കാൎയ്യമൊ എന്താണെന്നും നിശ്ചയമില്ല. സ്ത്രീയുടെ മനസ്സിനെ നിയന്ത്രിക്കുന്നതു് യുക്തിയല്ല വികാരമാണു് എന്ന തത്വം വളരെ ശരിയാണെന്നു ആണ്ടാളും ഇവിടെ തെളിയിക്കുന്നു. വാനവരമ്പനു് സ്ഥാനഭ്രംശം ഉണ്ടാകണമെന്നവർ ആഗ്രഹിക്കുന്നില്ല. സ്ഥാനഭ്രംശം സംഭവിച്ചാൽ തന്റെ നിലയും പരുങ്ങലിൽ ആകും എന്നറിയാം അവൾക്കുണ്ടായ "തോന്നൽ" യാഥാൎത്ഥ്യമായിത്തീന്നേ[illegible]മെന്നുള്ള ഭയം പ്രതീക്ഷാഫലട്ടം കടന്നു. അതു സംഭവ[illegible]ണമെന്നു് ആഗ്രഹിക്കയൊ പ്രാൎത്ഥിക്കയൊ ചെയ്യുന്ന[illegible]ിൽ ആണ്[illegible]ത്തിച്ചേൎന്നു. ആ മാററത്തിനുണ്ടായ [illegible]റം? അതു മററൊ[illegible]ദ്ദേവാക്കാണു്. ഭൎത്താ[illegible]സ്ഥാനത്യാഗം ചെയ്കയല്ലാതെ, അദ്ദേ[illegible]ഭ്രംക്കാൻ ഒരു ശക്തിയും ഇല്ല എന്നാണല്ലൊ ആണ്ടാളുതെ. ആദ്ദേഹത്തിന്റെ സംസാരം വളരെ സൌമ്യമാ[illegible] എന്നാൽ ഹൃദയം ഒന്നുകൊണ്ടും ചലിക്കാത്തകരിങ്കല്ലു്. കൈയ്? ! വാൾ എടുത്തുകഴിഞ്ഞാൽ ശത്രുവിന്റെ ക[illegible]ദിക്കുന്നതിനല്ലാതെ അതു ചലിക്കുകയില്ല. ഇങ്ങിനെ[illegible] വീര ശൂരപരാക്രമി ആയ, തോൽവി എന്തെന്നു് ഇന്നു[illegible] അറിഞ്ഞിട്ടില്ലാത്ത അവരുടെ ഭൎത്താവിനെ, ആട്ടിയിറ[illegible] വിടുക അസംഭാവ്യമാണു്, എന്നാൽ ഇറങ്ങിപ്പോകേണ്ടതു് ധൎമ്മമാണെന്നു ബോദ്ധ്യമായാലൊ പിന്നെ ആരെല്ലാം എതിരുപറഞ്ഞാലും എല്ലാം ഇട്ടെറിഞ്ഞിട്ടു് പോകയും ചെയ്യും. ഇപ്പോൾ ആ വിധം സംഭവിക്കാൻ

പോകുകയാണെന്നു് ഉറച്ചു് ആണ്ടാൾ ആകാശക്കോട്ട പണി നടത്തിത്തുടങ്ങി.

രാജാധികാരത്തിന്റെ രുചി—പരാവർത്തിതമെങ്കിലും—ശരിക്കറിഞ്ഞ ആ മഹിളയ്ക്കു് അധികാരമില്ലാത്ത ജീവിതം മരണത്തേക്കാൾ കഷ്ടതരമായിട്ടാണു് തോന്നിയിട്ടുള്ളതു്. ഭർത്താവു് സ്ഥാനത്യാഗം ചെയ്താൽ, കിരീടാവകാശി എന്ന നിലയിൽ കുലശേഖരൻ സ്ഥാനം പ്രാപിക്കയാണു് ന്യായമായിട്ടുള്ളതു്. കുലശേഖരൻ ഏകപുത്രനാണു്—കടിഞ്ഞൂൽ. ഇപ്പോൾ പ്രായപൂർത്തി ആയി. എങ്കിലും അമ്മയുടെ ഒരു ആജ്ഞ പോലും അനുസരിക്കാതിരുന്നിട്ടില്ല. എന്നാൽ ആ നില മാറുന്ന ചില ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ടു്. സുന്ദരൻ. സ്നേഹമുള്ളവൻ. കാര്യപ്രാപ്തിയുള്ളവൻ. ഒക്കെ ശരിയാണു്. എന്നാലും ആണ്ടാളുടെ ആകാശക്കോട്ടയിൽ കുലശേഖരനു സ്ഥാനമില്ല. ഒരു തരത്തിലും നീതീകരിക്കാൻ പാടില്ലാത്ത ഈ ചിന്താഗതിയൊ പദ്ധതിയൊ ഉണ്ടാവാൻ യാതൊരു കാരണവും ഇന്നെയോളം ഉണ്ടായിട്ടില്ലെന്നു് സമ്മതിക്കുന്നതിനും ആണ്ടാൾ തയ്യാറായിരിക്കും. അതുകൊണ്ടും ആ പദ്ധതിയിൽ മാററമൊന്നും സം[illegible]ിക്കുന്നില്ല. അക്കമ്മോൾക്കു സിംഹാസനം നല്കുക, വ[illegible]ാണ്ഡ്യൻ പതിയായി അവളെ സ്വീകരിക്കുക, ഇ[illegible] സംഭവം. എന്താണീവിധ[illegible] ആണ്ടാൾ പദ്ധതിയിട്ടു ആഗ്രഹിക്കയൊ ചെയ്യുന്നതു്, [illegible] അധർമ്മമല്ലെ എന്നു ചോദിച്ചാൽ, കുററമെല്ലാം [illegible] സ്ത്രീത്വത്തിന്റെ തലയിൽ വച്ചിട്ടു് ഒഴിഞ്ഞുമാറാൻ [illegible]മിക്കും. ഈ വിധം ഒരു ചിന്തയൊ പദ്ധതിയൊ ഉണ്ടാവാൻ കാരണം എന്താണെന്നു് അവൾക്കു് ആദ്യമാദ്യം അറിഞ്ഞുകൂടായിരുന്നു. കുറെ മുമ്പോട്ടു പോയപ്പോൾ, അതിന്റെ രഹസ്യം എന്താണെന്നും എവിടാണെന്നും മനസ്സിലായി. എന്നാൽ ഇന്നും അതു് അവർ തന്നെത്താൻ പോലും സമ്മതിക്കയില്ല. കുലശേഖരൻ പെരുമാൾ പദത്തിൽ പ്രവേശിച്ചാൽ, ആണ്ടാളുടെ സ്ഥാനം പോക്കേ പോകും. ഒരു ഭാര്യയെ പരിഗ്രഹിക്കുന്നതുവരെ, അതുമല്ലെങ്കിൽ ആ സ്ത്രീ രീതിഃസ്ഥിതികൾ മനസ്സിലാക്കുന്നതുവരെ അമ്മയ്ക്കു് പഴയ മട്ടിലു

ല്ലെങ്കിലും, കുറെ എല്ലാം അധികാരം ചെലുത്താം. അല്പ ദിവസങ്ങൾക്കകം രാജമാതാ പഴങ്കഞ്ഞി ആയി എവിടെ ങ്കിലും താനെ ഒരു കോണിലൊട്ടുത്തു പോകും. അതു സന്തോഷ കരമായ ഒരു അവസ്ഥയല്ല. അങ്ങിനെ പുറംതള്ളപ്പെടാൻ ഇഷ്ടമില്ല. പുറംതള്ളപ്പെടാതെ കഴിക്കാനുള്ള ഏക മാർഗ്ഗം, അക്കമ്മാൾ സിംഹാസനാരോഹണം ചെയ്യുകയാണ് എന്നു കൂർമ്മബുദ്ധിയായ ആണ്ടാൾ കണ്ടു. അല്ല, കാണാതെ തന്നെ ആ നിഗമനത്തിൽ അവർ എത്തിച്ചേർന്നു. വീരപാണ്ഡ്യൻ അവളുടെ കൂട്ടിരിപ്പുകാരൻ കൂടി ആകുമ്പോൾ, ആണ്ടാളുടെ പിടി കുറെക്കൂടി മുറുകുമെന്നു പൂർണ്ണമായി വിശ്വസിച്ച് അവർ തമ്മിൽ കൂടുതൽ അടുക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കി കൊടുത്തു തുടങ്ങി.

വളരെ ആലോചിച്ച് രൂപം നല്കിയതാണ് പദ്ധതി. എങ്കിലും ചില സമയത്ത് കുലശേഖരന്റെ ജന്മാവകാശം നഷ്ടപ്പെടുത്തുന്നതു് അനീതിയാണ്, മഹാ അന്യായമാണ് എന്നു് അവരുടെ മനസ്സാക്ഷി കുററപ്പെടുത്താറുണ്ട്. അതിന് ഒരു നീതീകരണം കണ്ടുപിടിക്കാൻ വളരെ പണിപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്ത്, അയാൾ തന്നെ മാർഗ്ഗം ഉണ്ടാക്കി. പ്രകൃത്യാ വഷളനല്ല ആ യുവാവ്. അക്കാലത്തും എക്കാലത്തും രാജകൊട്ടാരങ്ങളിൽ പലതും നടക്കും. രാജകുടുംബാംഗങ്ങൾക്കും അവരുമായി ഇടപെടുന്നവർക്കും അതിനെല്ലാം സ്വാതന്ത്ര്യമൊ അവകാശമൊ ഉണ്ടെന്നാണ് വെപ്പ്. ശൃംഗാരവും, അതു പുരോഗമിക്കുമ്പോൾ ഉണ്ടാകുന്ന സംഭവങ്ങളും അനാവശ്യമാണെന്നൊ തെററാണെന്നൊ ഇല്ലെങ്കിൽ, അവ അനുവദനീയമാണെന്നു സമ്മതി ഉണ്ടെങ്കിൽ, കാര്യങ്ങൾ എവിടെവരെ എത്താം? കുലശേഖരനും ഈ വക സ്വാതന്ത്ര്യങ്ങൾ ആസ്വദിക്കാൻ വൈമനസ്യമുണ്ടായിരുന്നില്ല. അങ്ങിനെയുള്ള ഒരു സംഭവം പതിവില്ലാത്ത തരത്തിൽ അല്പം ഒച്ചപ്പാടുണ്ടാക്കി. അയാൾ അധമനാണെന്നും, രാജസ്ഥാനത്തു പ്രവേശിക്കാൻ അർഹനല്ലെന്നും വിധിക്കാൻ അതു് ഒരു കാരണമായി ആണ്ടാൾ സ്വീകരിച്ചു. രാജസ്ഥാനത്തേയ്ക്കു കയററിവിടാൻ ഒരുക്കുന്ന പുത്രിയുടെ പതി ആയി തെരഞ്ഞെടുത്ത വീരപാണ്ഡ്യനും കുലശേഖരനു സംഭവിച്ച തരം എന്തൊ ഒന്നു പററിയതു,

കൊണ്ടാണു്, കുറച്ചു ദിവസത്തേയ്ക്കു തിരുവഞ്ചിക്കുളത്തു പോയി താമസിക്കട്ടെ എന്നു് അയാളുടെ മാതാപിതാക്കൾ തീരുമാനിച്ചതെന്നു് ആണ്ടാൾ അറിഞ്ഞിട്ടുള്ളതാണു്. വീരപാണ്ഡ്യൻെറ കാൎയ്യത്തിൽ അയോഗ്യതയായി ഗണിക്കാത്തതു് കുലശേഖരനെ മഹാ തെററുകാരനാക്കുന്നതെങ്ങിനെയാണെന്നു് ആണ്ടാൾ ചിന്തിച്ചില്ല. വീരപാണ്ഡ്യൻെറ പേരിൽ പരാതികൾക്കിടയായ സംഭവത്തിൽ, പ്രതിപക്ഷം ഉയൎന്നനിലയിലുള്ളവരായിരുന്നു. അതുകൊണ്ടു ശബ്ദമുണ്ടാക്കിയതാണെന്നൊരു നല്ല സമാധാനവും കണ്ടു. കുലശേഖരൻ രാജസ്ഥാനത്തു പ്രവേശിച്ചാൽ, അധികതാമസം കൂടാതെ, താൻ നിഷ്പ്രഭമാകുമെന്നുള്ളതു മാത്രമാണു് അയാളെ അയോഗ്യനാക്കുന്നതെന്നു സമ്മതിക്കാൻ ആണ്ടാൾക്കു കഴിഞ്ഞില്ല.

വീണവായനാഭ്യസനരംഗത്തെ മറന്നുകളഞ്ഞുകൂടല്ലൊ. അവിടെ വീണവായനയും, അതിനെക്കാൾ ഇമ്പകരമായ പ്രണയ കലഹവും—കലഹം എന്നു പറയുന്നതു് ശരിയായിരിക്കുമൊ എന്നു സംശയമുണ്ടു്—ആയി അക്കമ്മാളും വീരപാണ്ഡ്യനും കഴിയുന്നു. നേരമെന്തായി എന്നറിഞ്ഞുകൂടാ. സമയം ചിറകു വിരിച്ചു് അതിവേഗം പറക്കുന്നുണ്ടെന്നും അവർ അറിയുന്നില്ല.

അക്കമ്മാൾ പിന്നെയും പരാതിപ്പെട്ടു "വിരലുകൾക്കു വല്ലാത്ത വേദന. എത്രപ്രാവശ്യം ഞാൻ കരഞ്ഞു. കണ്ണുനീരില്ലാത്ത മനുഷ്യനായതുകൊണ്ടല്ലെ, മതി, നിൎത്തിക്കൊള്ളണം എന്നു പറയാത്തതു്."

വീര :—കണ്ണുനീർ ഉള്ളതുകൊണ്ടാണു് എൻെറ കൺമണി വീണവായന ശരിക്കു പഠിക്കണമെന്നു ഞാൻ നിർബ്ബന്ധിക്കുന്നതു്.

അക്ക :—വിരലിൻെറ വേദന സഹിക്കുന്നതു് ഞാനായതുകൊണ്ടു് അങ്ങിനെ ഒക്കെ പറയാം. വീരണ്ണനായിരുന്നെങ്കിൽ ഇപ്പോൾ.........

വീര :—ഞാനും വിരലുകൾ കൊണ്ടാണു് വീണവായിക്കാൻ പഠിച്ചതു്. എൻെറ വിരലുകൾക്കു ഈ വിരലുക-

ളോളം ഭംഗിയും നിറവും മററുമില്ല. ഇവയെക്കാൾ വണ്ണം ഉണ്ടു്. എന്നാലും അവയും ചോരയും മാംസവും ഒക്കെക്കൊണ്ടുണ്ടാക്കിയതാണു്. അവയ്ക്കുമുണ്ടു് വേദന. അല്പം സഹിക്കാതെ പററുകയില്ല.

അക്ക :—വീരണ്ണനു് വേദന സഹിക്കാൻ ശക്തിയുണ്ടു്. എനിക്കോ.........

വീര :—അത്രയുമായൊ? വേദന സഹിക്കാനുള്ള ശക്തി കൂടുതൽ എനിക്കാണെന്നോ. എന്താണിപ്പറയുന്നതു്? അക്കമ്മാൾ സഹിക്കാൻ പോകുന്ന വേദനയുടെ ശതാംശം ഞാൻ സഹിക്കേണ്ടതായി വരില്ല. ഞാൻ ഒരു പു.........

അക്ക :—വീരണ്ണൻ കുരുത്തക്കേടു പറയുന്നോ. ഞാനിതു് അമ്മയോടു് പറയുന്നുണ്ടു്.........

ഇതു് കേട്ടുകൊണ്ടാണു് ആണ്ടാൾ ആ അറയിലേയ്ക്കു കടന്നു ചെന്നതു് "എന്നോടു എന്തു പറയുമെന്നാണു്" എന്നവർ ചോദിച്ചു.

"ഞാനൊന്നും പഠിക്കുന്നില്ല. അതുകൊണ്ടു് എന്നെ പഠിപ്പിക്കാൻ വീരണ്ണനു കഴിയുകയില്ല എന്നു പറയുന്നു". എന്നായിരുന്നു യാതൊരു പരുങ്ങലും കൂടാതെ അക്കമ്മാൾ പറഞ്ഞതു്.

ആണ്ടാ :—നീ ഉത്സാഹിച്ചു പഠിക്കയില്ലെങ്കിൽ പിന്നെന്തിനാണു് അവൻ പ്രയാസപ്പെടുന്നതു്.

അക്ക :—ഞാൻ നല്ലതുപോലെ പ്രയാസപ്പെടുന്നുണ്ടു്. പഠിക്കുന്നുമുണ്ടു്. എന്നിട്ടാണു് ഈ.........

വീര :—അക്കമ്മാൾ പഠിക്കുന്നില്ലെന്നും ഞാൻ ഇനി പഠിപ്പിക്കുകയില്ലെന്നുമല്ല പറഞ്ഞതു്......

"അതുമിതും പറയാതെ എനിക്കു പറഞ്ഞു തരാനേ" എന്നു് അക്കമ്മാൾ ഇടയ്ക്കുകേറി പറഞ്ഞു. "നിങ്ങൾക്കു ചുക്കും ചുളയും പറഞ്ഞു കൊണ്ടിരിക്കണം. അതിനു എ

നിക്കു നേരമില്ല. ഞാൻ പോകയാണ് ". എന്നു പറഞ്ഞു് ചിരിച്ചുകൊണ്ടു് ആണ്ടാൾ പോയി. അവരുടെ ഉദ്ദേശമനുസരിച്ചു തന്നെ കാര്യങ്ങൾ മുമ്പോട്ടു പോകുന്നുണ്ടെന്നു് ആണ്ടാൾക്കു് ഏതാണ്ടു് അറിയാമായിരുന്നു. ഇപ്പോൾ പൂർണ്ണബോദ്ധ്യമായി.

വീരപാണ്ഡ്യൻ ചോദിച്ചു—അമ്മയോടു പറയുമെന്നു പേടിപ്പിച്ചിട്ടു് എന്തു പററി

അക്ക: വീരണ്ണനെ ചീത്തയാക്കൊണ്ടാ എന്നുവച്ചു ഞാൻ പറയാതിരുന്നിട്ടു്.........

വീര:—എന്നോടുള്ള ദയകൊണ്ടൊന്നും പറയാതിരുന്നതല്ലെന്നു എനിക്കു നല്ല തുപോലെ അറിയാം. വല്ലതും പറഞ്ഞാൽ അക്കമ്മോൾ തന്നെ വിഡ്ഢി ആകുമെന്നു കണ്ടപ്പോൾ മിണ്ടാതിരുന്നു.

അക്ക:—അങ്ങിനെ ആണെങ്കിൽ തന്നെ എന്താണ്തെററു്?. അമ്മ എന്നെ വഴക്കു പറയുന്നതൊന്നു കേൾക്കണമെന്നുണ്ടായിരുന്നു. ഇല്ലേ. പററിയില്ല. അതിനു എന്നോടാണ്!

വീര:—ഞാനെന്തു ചെയ്യു? മിണ്ടാനും വയ്യ മിണ്ടാതിരിക്കാനും വയ്യ.

അക്ക:—കൈ നൊന്തപ്പോൾ കുറെ നേരം വീണ വായനനിർത്തണമെന്നുണ്ടായിരുന്നു. അതു പററി. ഇനി വേണമെങ്കിൽ തുടങ്ങാം.

വീര:—എനിക്കു വേണമെങ്കിലൊ? ഞാൻ പഠിച്ചതാണല്ലൊ ഇതൊക്കെ.

അക്ക:—അതുകൊണ്ടാണ് ഇപ്പോൾ പഠിപ്പിക്കാൻ കഴിയുന്നതെന്നെനിക്കറിയാം.

വീര:—അത്രയുമൊക്കെ അറിയാമൊ, പെണ്ണു മിടുക്കത്തി ആണല്ലൊ.

അക്ക:—ഇപ്പോഴാണൊ മനസ്സിലായതു്? അത്ര മിടുക്കനാണെങ്കിൽ ഞാൻ ചോദിക്കുന്നതിനു മറുപടി പറയണം.

വീര :—ഇന്നത്തെ പഠിത്വം മതിയാക്കി, അച്ഛാ. എന്നാൽ ചോദിക്കൂ, അറിയാമെങ്കിൽ മറുപടി തരാം.

അക്ക :—അപ്പയുടെ കാൎയ്യം വല്ലതും അറിഞ്ഞോ ?

വീര :—എന്തു കാൎയ്യമാണൊ.

അക്ക :—ഒരു സിദ്ധൻെറ കൂട്ടത്തിൽ ചേൎന്നെന്നൊ ഒക്കെ കേട്ടില്ലെ.

വീര :—ബൌദ്ധനായ ഒരു മന്ത്രവാദി മാമയെ മന്ത്രവാദം കൊണ്ടു് കൈവശപ്പെട്ടത്തിക്കളഞ്ഞു എന്നു കേട്ടു.

അക്ക :—മന്ത്രവാദിയൊന്നുമല്ല. ഞാൻ കണ്ടിട്ടുണ്ടു്. ഒരു സിദ്ധൻ തന്നെയാണു്. അദ്ദേഹം സ്വന്തം ഭാഷയിൽ പറഞ്ഞാൽ കേട്ടു നില്ക്കുന്ന ഒരോരുത്തരും അവരവരുടെ ഭാഷയിലതു കേൾക്കും. അത്ര സിദ്ധിയുള്ള ആളാണു്.

വീര :—അക്കമ്മോളിനും ആ സിദ്ധൻെറ മതത്തോടു് ഇഷ്ടമാണൊ ?

അക്ക :—അത്രനല്ല ഒരാളുടെ മതം, വളരെ നല്ലതു തന്നെ ആയിരിക്കുമെന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്. അപ്പയുടെ അഭിപ്രായവും അതു തന്നെയാണു്.

വീര :—അഭിപ്രായം അങ്ങിനെ ആയതുകൊണ്ടു്, അദ്ദേഹത്തിൻെറ മതത്തിൽ ചേൎന്നതായിരിക്കും.

അക്ക :—അതു ശരിയാണെങ്കിൽ ചേരുന്നതിൽ എന്താണു് തെററു്. എന്നല്ല അതിൽ ചേരുക തന്നെയല്ലെ വേണ്ടതു് ?

വീര :—ഒരു സാധാരണക്കാരൻ ചേരുന്നതു പോലാണോ ചേരൻ വേറൊരു മതത്തിൽ ചേരുന്നതു്.

അക്ക :—നല്ലതെന്നു വിശ്വാസം തോന്നുന്നതു ചെയ്യാൻ മേലെങ്കിൽ പെരുമാളാകാതിരിക്കയായിരിക്കുമല്ലൊ നല്ലതു്.

വീര :—അത്രകണ്ടു മുമ്പോട്ടു പോയിക്കഴിഞ്ഞൊ അക്കമ്മാളുടെ അഭിപ്രായം. കൊള്ളാം, കൊള്ളാം!

അക്ക :—ചേരനാണെന്നൊ ചക്രവത്തിയാണെന്നൊ പറയാം. നല്ലതെന്നു ഉത്തമ വിശ്വാസം ഉള്ളതു പോലും ഉപേക്ഷിച്ചു, തെററെന്നു്, അല്ലെങ്കിലും നല്ലതല്ലെന്നു് തോന്നുന്നതു തന്നെ ചെയ്യുകയും വേണം എന്നു വന്നാൽ? അപ്പോൾ ഒരു വലിയ രാജ്യത്തിൻെറ അധിപൻ എന്നു ഭാവിക്കുന്നതു തെററാണു്. സ്വാമി അല്ല, അടിമയാണു് ആ ആൾ എന്നു വരുന്നു.

വീര —അതുകൊണ്ടു് എന്തു വേണമെന്നാണു?.

അക്ക :—അതുകൊണ്ടൊന്നും വേണമെന്നല്ല. നല്ലതു ചെയ്യാൻ സ്വാതന്ത്ര്യം ഇല്ലാത്ത പെരുമാളൊ രാജാധിപനൊ ആരായാലും സഹതാപം അഹിക്കുന്നുണ്ടു്. സ്വന്തം മനസ്സാക്ഷിയെ ബലികഴിച്ചിട്ടു് സിംഹാസനത്തിൽ കടിച്ചു തൂങ്ങിക്കിടക്കുന്നതു തെററാണു്. അപ്പ അങ്ങിനെ ചെയ്കയില്ല.

അക്കമ്മാളിൻെറ അഭിപ്രായ ദാർഢ്യവും വാദഗതിയും വീരപാണ്ഡ്യനെ അത്ഭുതപ്പെടുത്തി. അയാൾ ചോദിച്ചു "അക്കമ്മാളിനു് ഇക്കായ്യമെല്ലാം ശരിക്കറിയാമെന്നു തോന്നുന്നല്ലൊ".

അക്ക :—ശരിക്കൊന്നും അറിഞ്ഞുകൂടാ. ഏതു കായ്യമായാലും നല്ലതു് എന്നു തോന്നുന്നതു ചെയ്യാൻ ആക്കും സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നാണു് ഞാൻ പറയുന്നതു്.

വീര :—അക്കമ്മാളാണു് ഇപ്പോൾ ഭരണകത്താവു് എന്നു വിചാരിക്കുക. അങ്ങിനെ ആണെങ്കിൽ എന്തു ചെയ്യുമായിരുന്നു?

അക്ക :—ചോദിക്കാനുണ്ടോ. ശരിയെന്നു വിശ്വാസം തോന്നുന്നതു ചെയ്യും.

വീര :—അതുകൊണ്ടു് ഉപദ്രവം വന്നെങ്കിലൊ?

അക്ക :—വന്നെങ്കിൽ സഹിക്കും.

വീര :—അതു കൊള്ളാം. പക്ഷെ ചുമതലയും അധികാരവും ഉള്ള ഒരു സ്ഥാനത്തു് ഇരിക്കുമ്പോൾ അങ്ങിനെ ചെയ്യാൻ ഒരുങ്ങുമൊ എന്നാണെൻെറ സംശയം.

അക്ക :—എനിക്കു് സംശയമില്ല. എന്നല്ല, നല്ല നിശ്ചയം തന്നെയുണ്ടു്.

വീര :—കണ്ടറിയണം.

അക്ക :—കാണാതെ അറിയാൻ പററുകയില്ലല്ലൊ. എന്തിനു വാദിക്കുന്നു. അങ്ങിനെ ഒരു സ്ഥാനത്തു് ഞാൻ എത്താൻ ഇടയില്ല. അഥവാ എത്തിയാൽ സംശയം കൂടാതെ, ശരിയെന്നു ബോദ്ധ്യമുള്ളതു തന്നെ ചെയ്യും. അതുകൊണ്ടു് വരുന്നതെന്തൊക്കെയാണെന്നുവച്ചാൽ അതൊക്കെ സഹിക്കാനും ഒട്ടും മടിക്കയില്ല. തീച്ചയാണു്.

വീര :—എന്തൊ എനിക്കറിഞ്ഞു കൂടാ.

അക്ക :—വീരണ്ണനു് അറിഞ്ഞു കൂടാഞ്ഞൊന്നുമല്ല. എന്നെ വാശിപിടിപ്പിച്ചു്, ഞാൻ എന്തെല്ലാം തട്ടിവിട്ടുമെന്നു കേൾക്കാനെട്ടത്ത സൂത്രമാണു്. എനിക്കിതൊന്നും മനസ്സിലാകയില്ലെന്നാണൊ ഓത്തതു്.

വീര :—അങ്ങനെ പറഞ്ഞുകൂടാ. വളരെ പ്രധാനപ്പെട്ട ഒരുസംഗതിയാണെന്നു എനിക്കു തോന്നി. അതുകൊണ്ടാണു് എതിർവശം പിടിച്ചതു്. പിന്നെ, അക്കമ്മാൾ വത്തമാനം പറയുന്നതു കേൾക്കാൻ എനിക്കു വളരെ രസമാണു്. വാശികേറിയാൽ മുഖം അല്പം ചുവക്കും. ശബ്ദത്തിനും കുറച്ചൊരു മാററമുണ്ടാകും. അപ്പോൾ മുഖത്തു നോക്കിക്കൊണ്ടിരുന്നു്, പറയുന്നതു കേൾക്കാൻ ഒരു പ്രത്യേക സുഖം തോന്നും.........

അക്ക :— എന്തിനാണു് വീരണ്ണൻ എന്നെ അക്ഷേപിക്കുന്നതു്. പാണ്ഡ്യരാജ്യത്തെ പെണ്ണുങ്ങളോളം സൌന്ദയ്യം ഇവിടെങ്ങും ആക്കും ഇല്ലെന്നു സമ്മതിച്ചേക്കാം.

വീര :—ഞാൻ ആക്ഷേപിക്കയല്ലായിരുന്നു. വെറും പച്ച പരമാത്ഥം പറയുക മാത്രമായിരുന്നു. അതുപോകട്ടെ. വേറൊന്നു കേട്ടു.

അക്ക :—പാണ്ഡ്യ നാട്ടിൽ നിന്നു് വല്ലവരും വരുന്നെന്നൊ മറെറാ ആണൊ.

വീര :—അവിടെ നിന്നു് ഒരാൾ വന്നിട്ടു കുറച്ചു ദിവസമെ ആയുള്ളല്ലൊ. അമ്മയുടെ സന്ദേശം അന്നു കൊണ്ടുവന്ന വിവരം ഞാൻ അക്കമ്മോളെ അറിയിച്ചില്ലെ.

അക്ക :—കോയിലകത്തു നിന്നു് ആരെങ്കിലും വരുന്നു എന്നു കേട്ടോ എന്നല്ല. അവിടത്തെ സ്വൎഗ്ഗസുന്ദരിമാരിലാരെങ്കിലും വീരണ്ണനെ കാണാഞ്ഞു് ദുഃഖിച്ചിരുന്നു വിഷമിച്ചിട്ടു് ഇങ്ങോട്ടു തിരിച്ചിട്ടുണ്ടോ എന്നാണു് ഞാൻ ചോദിച്ചതു്.

വീര :—എന്നെ കാണാഞ്ഞു് ഒരു സുന്ദരിയും അവിടെ ദുഃഖിച്ചിരിക്കാനില്ല. അവിടെയുള്ള സുന്ദരിമാരെ ആരെ എങ്കിലും കാണാഞ്ഞു് എനിക്കു ദുഃഖവുമില്ല. പിന്നെ ഇപ്പോൾ ഇവിടെ നിന്നു പോകയാണെങ്കിൽ—അല്ല, പോകാൻ—വിഷമം തോന്നുമെന്നു സമ്മതിക്കണം.

അക്ക:—അങ്ങിനെ വരട്ടെ. അപ്പോൾ ഇവിടെ ആരോ ഒരാളുണ്ടു്. അതോ പലരുണ്ടോ.

വീര :—ഒരാൾ മാത്രമുണ്ടു് ഇവിടെ:

അക്ക :—ഈ മുറിയിൽ വീരണ്ണനെ കൂടാതെ ഒരാൾ മാത്രമേയുള്ളൂ എന്നെനിക്കും അറിയാമെ.

വീര :—മിടുക്കത്തി തന്നെ. ആ ഒരാളെ ഉദ്ദേശിച്ചാണു് ഞാൻ പറഞ്ഞതെന്നു വസ്തുതോ.

അക്ക :—ഈ പാവപ്പെട്ട ഞാനോ. വീണയിൽ അല്പം വായിക്കാൻപോലും പഠിക്കാത്ത ഞാനോ. ആക്ഷേപിക്കാതെ. ഇന്നത്തെ പഠിത്തം തീൎന്നോ ? എന്നാൽ ഞാനിനി പോകയാണു്.

സൈ്വര സംഭാഷണം കുറെക്കൂടെ നീട്ടണമെന്നുവച്ച് വീരപാണ്ഡ്യൻ ചോദിച്ചു "ഒരു കഥ കേട്ടോ"

അക്കമ്മാളിനും വീരപാണ്ഡ്യനുമായുള്ള സൈ്വര സല്ലാപത്തെക്കാൾ സന്തോഷപ്രദമായ മറെറാന്നും അപ്പോൾ ചെയ്യാനില്ലായിരുന്നു. എങ്കിലും "വിലവസ്സുണം" എന്നു വച്ചാണ് പോകാൻ ഒരുങ്ങിയതു്. കുമാരി ചോദിച്ചു "എന്തു കഥയാണ്. പണ്ട പണ്ടൊരു രാജ്യത്തു് ഒരു രാജാവുണ്ടായിരുന്ന കഥയാണോ?"

വീര:—പണ്ട പണ്ടു് രാജാവുണ്ടായിരുന്ന കഥയല്ല. ഇന്ന് ഒരു രാജാവുള്ള കഥയാണ്.

അക്ക:—എന്നാൽ കേട്ടില്ല. കേൾപ്പിക്കാമെങ്കിൽ കേൾക്കാനൊരുക്കമാണ്.

വീര:—ഈ രാജ്യത്തു തന്നെ ഇപ്പോൾ നടക്കുന്ന കഥയാണ്.

അക്ക:—അങ്ങിനെയാണെങ്കിൽ ബഹുരസികൻ കഥ ആയിരിക്കാമല്ലോ. കേൾക്കണം. കേൾക്കണം. പറയൂ.

വീര:—കഥ പറയാൻ എനിക്കു നല്ല വശമില്ല. ഇവിടെ കാര്യം വളരെ ഗൌരവമുള്ളതുമാണ്. അപ്പോൾ കഥയുടെ രൂപത്തിൽ പറയുന്നതു് ശരിയുമല്ലായിരിക്കണം.

അക്ക:—ഗൌരവമുള്ള കാര്യമാണെങ്കിൽ കേൾക്കാൻ രസം കാണുകയില്ല. അതുകൊണ്ടു് പറയേണ്ടെന്നു വയ്ക്കു.

വീര:—കേൾക്കേണ്ടതു തന്നെയാണ്. മാമ ബൌദ്ധമതം സ്വീകരിച്ചു ഭ്രഷ്ടനായിപ്പോയി, ഭരണം നടത്താൻ കൊള്ളുകയില്ല. അതുകൊണ്ടു് വച്ചൊഴിഞ്ഞു പോകണം.........

അക്ക:—ആരാണ് ധൈര്യമായി ഇതെല്ലാം പറയുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതു്. അയാളെ ഒന്നു കണ്ടാൽ കൊള്ളാമെന്നു തോന്നിപ്പോകുന്നു. അപ്പയുടെ നേരേ നിന്നു്.........

വീര :—നേരേ നിന്നു പറയേണ്ട ആവശ്യമില്ലല്ലോ.

അക്ക :—വല്ല മൂലയിലൊ പോടിലൊ കേറി ഇരുന്നു കൊണ്ടു പറയുന്നവൻ വിദ്വാൻ തന്നെ.

വീര :—ഒരാളല്ല പറയുന്നതു്. ഒട്ടധികം ആളുകൾ ഒരു കുശു കുശുപ്പു പ്രചരണം നടത്തുകയാണെന്നു വിചാരിക്കണം.

അക്ക :—എന്തിനു്? അവക്കെന്തു സാധിക്കാനാണു്.

വീര :—അതു നമുക്കറിഞ്ഞുകൂടല്ലൊ. ഊഹിക്കാം. ഇങ്ങനെ കുശുകുശുത്താൽ മാമ സിംഹാസനം ഉപേക്ഷിച്ചു പോകുമെന്നായിരിക്കാം അവർ വിചാരിക്കുന്നതു്.

അക്ക :—എന്നാൽ തന്നെ അവക്കെന്തു പുണ്യമാണുണ്ടാകാൻ പോകുന്നതു്.

വീര :—അവക്കിഷ്ടമുള്ള ആളെ ഭരണാധിപനാക്കാമെന്നായിരിക്കാം.

അക്ക :—അണ്ണനുള്ളപ്പോൾ വേറെ വല്ലവരെയും പിടിച്ചു കേററാൻ പററുമൊ.

വീര :—ശക്തനായ അപ്പയെ ഓടിക്കാൻ കഴിഞ്ഞാൽ ഭരണ പരിചയമില്ലാത്ത മകനെ തട്ടിമാററാൻ പ്രയാസം വരികയില്ലെന്നായിരിക്കും എന്നു വേണമെങ്കിൽ ഊഹിക്കാം. അല്ലാതെ, അവരുടെ ഉദ്ദേശം മനസ്സിലാക്കാൻ കഴിയുകയില്ലല്ലൊ.

അക്ക :—അപ്പ ഇതൊന്നും ഓക്കാതെ ആ മതത്തിൽ ചേന്നു എന്നു പേടിക്കാനില്ല. എല്ലാ വശത്തെപ്പററിയും ആലോചിച്ചശേഷമായിരിക്കണം മുമ്പോട്ടു കാലെടുത്തു വച്ചതു്. കുശുകുശുക്കുകയൊ അട്ടഹസിക്കുകയൊ ചെയ്യുന്നവർ ചെയ്യട്ടെ. മതിയാകുമ്പോൾ നിത്തിക്കൊള്ളും. ചന്ദ്രൻ ഉദിച്ചു പൊങ്ങി വരുന്നതുകണ്ടു് എത്ര നായ്ക്കളാണു് കുരയ്ക്കാറുള്ളതു്.

# 12

ചാണക്യൻ അവസരം നോക്കിയാണ് തിരുമുമ്പിൽ ഹാജരായത്. അയാളുടെ നില കണ്ടപ്പോൾ തന്നെ, എന്തൊ ഗൌരവമായ കാര്യം അറിയിക്കാനാണ് വന്നിരിക്കുന്നതെന്ന് ചേരൻ മനസ്സിലാക്കി.

എന്താണ്, പറഞ്ഞുകൊള്ളണം.

ചാ :—ഗൌരവതരമായ ചില സംഗതികളാണ് തിരുമനസ്സറിയിക്കാനുള്ളത്.

പെ :—കൊള്ളാം. കേൾക്കട്ടെ.

ചാ :—ഇവിടെ, തിരുവഞ്ചിക്കുളത്തുനിന്ന് ഒരു ദൂതൻ ചോഴനെ കാണാൻ പോയിരുന്നു.

പെ :—എന്തിനു നിർത്തുന്നു. പറഞ്ഞുകൊള്ളുക. ഞാൻ ശരിക്കു ശ്രദ്ധിക്കുന്നുണ്ട്.

ചാ :—അദ്ദേഹം ഒരു പടയുമായി വന്നു ഈ രാജ്യത്തെ ആക്രമിക്കണമെന്ന് അപേക്ഷിക്കുകയൊ, അദ്ദേഹത്തെ അതിനായി ക്ഷണിക്കുകയൊ ചെയ്യുന്നതിനായിരുന്നു ദൂതൻ ചോഴകോയിലകത്തു ചെന്നത്.

പെ :—എന്നിട്ട് ക്ഷണിച്ചൊ, ക്ഷണം സ്വീകരിക്കപ്പെട്ടൊ.

ചാ :—പൂർണ്ണ വിവരങ്ങൾ ഇതുവരെ കിട്ടിയില്ല. ക്ഷണം നിരസിക്കപ്പെട്ടു എന്നാണ് ഇപ്പോഴുള്ള അറിവ്.

പെ :—ഇതിൽ, ക്ഷണിക്കാൻ ആൾ പോയി, ക്ഷണം നിരസിക്കപ്പെട്ടു എന്നിവയിൽ ഏതെങ്കിലും വിശ്വസിക്കത്തക്കതാണൊ.

ചാ :—കിട്ടിയ വിവരങ്ങൾ വിശ്വസിക്കാം. വിവരങ്ങൾ വേണ്ടത്ര കിട്ടിയില്ല എന്നു മാത്രമെയുള്ളു.

പെ :—ഇവിടെ നിന്നു് ക്ഷണം അയയ്ക്കാൻ കർത്തവ്യം ആക്കായിരുന്നു എന്നു് വിവരം കിട്ടിയിട്ടുണ്ടോ.

ചാ :—പടത്തലവനാണു് ദൂതനെ അയച്ചതു്.

പെ :—നിശ്ചയമാണൊ. വളരെ വളരെ ഗൌരവതരമായ ഒരു നടപടിയാണു് നടന്നതു്. അതും പടത്തലവനാണു്ചെയ്തതെങ്കിൽ ഗൌരവം നൂറു മടങ്ങു കൂടുതലാകുന്നുമുണ്ടു്.

ചാ :—പടത്തലവൻ തിതിയൻ തന്നെയാണു് ആളെ അയച്ചതു്. സംശയമൊന്നുമില്ല.

പെ :—പാമ്പിനു പാൽ കൊടുക്കുന്നതു് നന്നാ സൂക്ഷിച്ചു വേണ്ടതാണു് !

ചാ :—ചോഴൻ ക്ഷണം സ്വീകരിച്ചില്ല എന്നുള്ളതും മിക്കവാറും വിശ്വസിക്കത്തക്ക വാർത്തയാണു്.

പെ :—എല്ലാ വിവരങ്ങളും........

ചാ :—നാലു ദിവസത്തിനകം തിരുമുമ്പിൽ ഹാജരാക്കിക്കൊള്ളാം. ഒരു സംഗതി കൂടെ അറിയിക്കാനുണ്ടു്. അതും സന്തോഷവാർത്തയല്ല.

പെ :—അതും കേൾക്കട്ടെ. എപ്പോഴും സന്തോഷവാർത്ത തന്നെ കിട്ടണമെന്നുവച്ചാൽ പാറുമൊ.

ചാ :—തിരുമനസ്സുകൊണ്ടു് മന്ത്രവാദിയായ ഒരു ബൌദ്ധന്റെ പിടിയിൽ പെട്ടുപോയി, അയാളുടെ അടിമ ആയിത്തീർന്നിരിക്കുന്നതുകൊണ്ടു് രാജ്യഭരണത്തിനുള്ള കഴിവു നിശ്ശേഷം നഷ്ടപ്പെട്ടു. ബൌദ്ധമതം സ്വീകരിച്ചതുകൊണ്ടു് ഭ്രഷ്ടനാകയും ചെയ്തു, എന്നു രാജ്യത്തെല്ലായിടത്തും രഹസ്യമായി പറഞ്ഞു പരത്തുന്നതിനു ശ്രമം നടക്കുന്നു.

പെ :—അതും നല്ല തന്ത്രമാണു് ! കർത്താവു് ആരാണെന്നു ചോദിക്കാനില്ലായിരിക്കാം, അല്ലെ.

ചാ :—എല്ലാററിന്റെയും ഉറവിടം ഒന്നു തന്നെ.

പെ :—ഞാൻ ഇതൊക്കെ അനുഭവിക്കേണ്ടതു് ആവശ്യമായതുകൊണ്ടു്, തിതിയൻ ഇറങ്ങി പുറപ്പെട്ടതാണു്. വേറെ കാരണമൊന്നും കാണുന്നില്ല. ആരാണു് നാടെല്ലാം നടന്നു കുശുകുശുക്കുന്നതു്? കിട്ടിയിട്ടുള്ള വിവരങ്ങൾ എല്ലാം കേൾക്കട്ടെ.

ചാ :—ബ്രാഹ്മണരാണു് നടത്തുന്നതു്. പാലയൂരിൽ നിന്നു കുടി ഇറങ്ങി വെമ്മേനാട്ടു താമസമാക്കിയിട്ടുള്ള ചില ബ്രാഹ്മണരെ, പടത്തലവൻ പിടികൂടി അവരെ ആയുധമാക്കിയാണു് ആ പ്രവർത്തനം നടത്തുന്നതു്. ചെറുപ്പക്കാരായ ഒട്ടധികം നമ്പൂരിബ്രാഹ്മണർ തിരുമേനിയുടെ മുഖത്തു കരി തേയ്ക്കാൻ ഊണും ഉറക്കവും ഉപേക്ഷിച്ചു് ഇറങ്ങിയിട്ടുണ്ടു്.

പെ :—ഇത്രയും വിവരം മാത്രമെ കിട്ടിയിട്ടുള്ളോ.

ചാ :—അല്ല. ചെലവിനു വേണ്ട സംഖ്യ ആരൊ സംഭാവന ചെയ്തു എന്നാണു് പറയുന്നതു്. പാലയൂർ നമ്പൂരിമാരിൽ ഒന്നൊ രണ്ടൊ പേക്കു്, രാജ്യം ജാമ്യം കൊടുത്തു സംഖ്യ വാങ്ങുകയാണു വാസ്തവത്തിൽ ഉണ്ടായതു്.

പെ :—രാജ്യം ജാമ്യം കൊടുത്തെന്നു വച്ചാൽ?

ചാ :—ശല്യം ഒന്നും വേണ്ടെന്നു വച്ചു തിരുമേനി ഇറങ്ങിപ്പോകുമ്പോൾ പടത്തലവൻ ഭരണമേല്ക്കും. അല്ലെങ്കിൽ അദ്ദേഹത്തിൻെറ പാവയായി ആരെ എങ്കിലും ഭരണം ഏല്പിക്കും. അപ്പോൾ കോയിലകത്തെ ഭണ്ഡാരത്തിൽ നിന്നു സംഖ്യ മടക്കിക്കൊടുക്കാം. അതിനു വേണ്ടതില്ലാതെ വന്നാൽ രാജ്യത്തെ മുതലെടുപ്പിൽ നിന്നു എടുത്തുകൊള്ളുന്നതിനു് അധികാരം ഉണ്ടായിരിക്കും എന്നാണു് ഏപ്പാടു ചെയ്തിരിക്കുന്നതു്.

പെ :—ആ വ്യവസ്ഥ സ്വീകരിക്കാൻ ആളുണ്ടെങ്കിൽ പിന്നെ എന്താണു കുഴപ്പം. നാട്ടിലെല്ലാം നടന്നു കുശുകുശുത്തു് എന്നെ ഓടിക്കാമെന്നു് ഇവക്കു തോന്നാൻ കാരണമെന്താണൊ.

ചാ:—ജനങ്ങൾ എല്ലാം തോളോടുതോൾ ചേൎന്നു് ഒരുമിച്ചു നിന്നാൽ പെരുമാളിനെക്കൊണ്ടു് പറയുന്നതു കേൾപ്പിക്കാമെന്നാണു്. പെരുമാൾ ഒരാളല്ലാണ്ടുള്ളോ. മററവർ ആയിരക്കണക്കിനും.

പെ:—ചുമ്മാണ്ടല്ല കലികാലമാണിതെന്നു പറയുന്നതു്! ദൈവമെ, ഇനി എന്തെല്ലാം കാണാനും കേൾക്കാനും കിടക്കുന്നൊ.

ചാ:—അവിടവിടെ കൂടി കുശുകുശുക്കുക മാത്രമല്ല, തിരുമേനിയോടു നേരിട്ടു സംസാരിക്കുന്നതിനു ഏതാനും ശാസ്ത്രിമാരെ വരുത്താൻ തീൎച്ചപ്പെടുത്തി എന്നും അറിവുണ്ടു്.

പെ:—ശാസ്ത്രിമാരൊ, അവരെന്തിനാണു് എന്നെ കാണുന്നതു്.

ചാ:—തിരുമനസ്സുകൊണ്ടു് സ്വീകരിച്ചിട്ടുള്ള നില തെററാണെന്നു ബോദ്ധ്യപ്പെടുത്തുന്നതിനായിരിക്കാം. വിദേശത്തു എവിടെ നിന്നൊ ആണത്രെ അഞ്ചാറു ശാസ്ത്രിമാരെ വരുത്തുന്നതു്.

പെ:—അപ്പോൾ തിതിയനും നമ്പൂരിമാരും എന്തൊക്കെയൊ തീൎച്ചപ്പെടുത്തിക്കൊണ്ടുതന്നെയാണു് പുറപ്പെട്ടിരിക്കുന്നതെന്നു തോന്നുന്നല്ലൊ.

ചാ—അടിയൻ ഒന്നറിയിച്ചുകൊള്ളട്ടെ. പടനായകൻെറ നില ആകപ്പാടെ വളരെ പരുങ്ങലിലാണു്......

പെ:—ഉം? ബാക്കിയും കേൾക്കട്ടെ.

ചാ:—തിരുമനസ്സിലെ പടയുടെ പ്രധാന തലവനെപററി ഈ വിധം അറിയിക്കുന്നതു് ശരിയാണൊ എന്നൊരു സംശയം തോന്നി. അതുകൊണ്ടു് നിൎത്തിയതാണു്.

പെ:—തുടങ്ങുന്നതിനു മുമ്പു് ഓൎക്കേണ്ടതായിരുന്നു. ഇനി ഏതായാലും മുഴുവൻ പറയണം. ഞാനല്ലെ കേൾക്കുന്നതു്.

ചാ :—അദ്ദേഹത്തിനു സുബോധമുള്ള സമയം വളരെ കുറവാണ്. അങ്ങിനെ ഉള്ളപ്പോൾ എണീറ്റു നില്ക്കാൻ തന്നെ പ്രയാസമാണ്. ദേഹമാസകലം വിറയ്ക്കും. രാവിലെ മദ്യം സേവിക്കുന്നതിനു മുമ്പു പല്ലുതേയ്ക്കാൻ പോലും സാധിക്കയില്ല. വിരൽ പല്ലിലല്ലായിരിയ്ക്കും. കണ്ണിലൊ മൂക്കിലൊ എല്ലാമായിരിക്കും കൊള്ളുന്നതു്.

പെ :—അത്രവളരെ കഷ്ടത്തിലായൊ?

ചാ :—ഉവ്വ്. മദ്യം വളരെ അധികം കുടിക്കുന്നതുകൊണ്ടു്, അതിനുള്ള ചെലവു മാത്രമല്ല, മററുള്ള ചെലവുകൾ എല്ലാം വദ്ധിച്ചു. ഒരു തുമ്പുമില്ലാത്ത തരത്തിൽ വദ്ധിച്ചു. ഇപ്പോൾ കടം മൂക്കററം ഉണ്ടു് എന്നാണു് അറിഞ്ഞതു്. കുടുംബിനിയെ ഓടിച്ചു, കുടുംബജീവിതവും നാശമാക്കി. സ്ത്രീകളും ഒട്ടധികം തട്ടിക്കൊണ്ടു പോകുന്നുണ്ടു്. ആകപ്പാടെ അദ്ദേഹത്തിൻെറ ജീവിതവും, കായ്യങ്ങളും, ആരോഗ്യവും, ബുദ്ധിയും എല്ലാം ഒരുതരം അഴിഞ്ഞ മട്ടിലായിട്ടുണ്ടു്. എന്തെങ്കിലും ഒന്നു സംഭവിക്കാതെ രക്ഷയില്ലെന്നാണു് അദ്ദേഹം തന്നെ പറയുന്നതു്. സംഭവിച്ചാലും രക്ഷ ഇല്ലെന്നും പറയാറുണ്ടു്.

പെ :—അവനും അവൻെറ കായ്യങ്ങളും എല്ലാം നാശത്തിൻെറ വക്കത്തു് എത്തിയതിനു് എന്നെ എന്തിനാണു് ദ്രോഹിക്കുന്നതെന്നു മനസ്സിലാകുന്നില്ല. സഹായിക്കുന്നവരെ ദ്രോഹിക്കുക, സാധാരണ പതിവായിത്തീന്നിട്ടുണ്ടു്. അതായിരിക്കണം ഇവിടെയും ഉണ്ടായിരിക്കുന്നതു്.

ചാ : അയാൾ മുടിയാൻ പോകുന്നു. എന്നാൽ അതു് മോടിയായി നടക്കട്ടെ എന്നായിരിക്കാം. തിരുമേനി അയാളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യതു കൊണ്ടു്, അതിനു പകരമായി ദ്രോഹിച്ചു തൃപ്തിപ്പെടാമെന്നു സുബോധമുള്ളപ്പോൾ വിചാരിക്കുമെന്നു തോന്നുന്നില്ല. മദ്യം ചെയ്യുന്നതാണിതെല്ലാം.

പെ :—തിതിയൻ മുമ്പോട്ടുവരും, ഉയരും എന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. അതുകൊണ്ടും കൂടെ ആയിരി ക്കാം അയാളെ സഹായിക്കാൻ എനിക്കു സന്തോഷം തോന്നിയതു്. കഷ്ടമായി.

ചാ :—ഇവിടുന്നു എന്താണ് ചെയ്യാൻ പോകുന്നതു് ?

പെ :—എന്തിനു് ?.

ചാ :—ഈ കേൾക്കുന്നതിനെല്ലാം ഒരു അറുതി വരുത്താൻ.

പെ :—കേൾക്കുന്നതിനു് എങ്ങിനെയാണ് അറുതിവരു ത്തുക ?. അവ ശരിയായ രൂപമെടുക്കുമ്പോൾ, എടു ത്താൽ, എതിരിടാൻ നോക്കാം.

ചാ :—അപ്പോൾ താമസിച്ചുപോയി എന്നു വന്നെങ്കിലൊ.

പെ :—ചാണക്യൻെറ വിവേകം ഏതു വഴിക്കു പോയി ? ഇപ്പോൾ എന്തൊ ഒരു നിഴലല്ലാതെ ഒന്നും കാണാ നില്ല. നിഴലിനോടു പടവെട്ടാൻ പുറപ്പെടുന്നതു് ആരാണ്. നിഴലല്ല എന്നു തെളിയുമ്പോൾ എതി ക്കാം. നീരൊലി കേട്ടു ചെരിപ്പു് അഴിക്കരുതെ ന്നു കേട്ടിട്ടില്ലെ.

ചാ :—കേട്ടിട്ടുണ്ടു്. പക്ഷെ.........

പെ :—പക്ഷെ ഒന്നുമില്ല. കാര്യങ്ങൾ എങ്ങിനെ വളരുന്നു. ഏതുവഴിക്കെല്ലാം നീങ്ങുന്നു എന്നു നോക്കിക്കൊള്ളൂ. ചോഴൻെറ മറുപടി എന്തായിരുന്നു എന്നും അറി യട്ടെ. അതിനുശേഷം നമുക്കു് ആലോചിക്കാം.

ചാ :—ഇവിടെ നിന്നു് ചെന്ന ദൂതൻെറ അപേക്ഷ ചോഴൻ അനുവദിച്ചില്ലെന്നു് ഇപ്പോൾ കിട്ടിയിട്ടുള്ള വിവരം തെററാണെന്നും, തെററിദ്ധരിപ്പിക്കാൻ ആ വിധം പരസ്യപ്പെടുത്തിയതാണെന്നും വരാൻ പാടില്ലാഴി കയുണ്ടൊ ?

പെ :—വിശ്വസിക്കത്തക്ക വിവരമാണ് കിട്ടിയതെന്നല്ലെ പറഞ്ഞതു് ? ഇനി അതു നേരായ വിവരം അല്ല എന്നു വിചാരിക്കുക. എന്നാൽ തന്നെ എന്താണ്.

ചാ :—കുഴപ്പമൊന്നുമില്ല എന്നു ധരിച്ചു ഇവിടെ അലസരായിരിക്കെ ചോഴൻ പെട്ടെന്നു കടന്നുവന്നാൽ...... പടത്തലവനും അവരുടെ പക്ഷത്താകുമ്പോൾ......

പെ :—പടത്തലവൻ അവരുടെ പക്ഷത്താണെന്നു തന്നെ ഇരിക്കട്ടെ. അയാൾ ഒരു മനുഷ്യൻ. അതുപോലെ എത്ര ആളുകൾ കൂട്ടുന്നതാണ് ഒരു പട.

ചാ :—പടത്തലവൻ പറയുന്ന വഴിയെ പോകുമല്ലൊ പട.

പെ :—പടയുമായുള്ള പടത്തലവന്റെ ബന്ധത്തെ ആശ്രയിച്ചിരിക്കും അതു്. ഇവിടുത്തെ ബന്ധം എന്താണു്? തിതിയൻ ഒരു നല്ല യോദ്ധാവാണെങ്കിലും ഭരണവിഷയത്തിൽ വിജയം വരിച്ചിട്ടില്ല; അയാൾക്കു പടയുടെ സ്നേഹം വേണ്ടവിധം കൈവശപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അപ്പോൾ അയാൾ നേർവഴി വിട്ടുപോയാൽ പടയും പുറകെ പോകുമെന്നു വിചാരിക്കാൻ കാര്യമൊന്നുമില്ല. എനിക്കു മനഃപീഡ ഉണ്ടാകേണ്ട കാലമായിരിക്കാം. തിതിയനു കഷ്ടകാലവും.

ചാ :—നാം എന്തെങ്കിലും ഒരുങ്ങാനുണ്ടോ എന്നറിയുന്നതിനു വേണ്ടി കിട്ടിയ വിവരങ്ങൾ തിരുമനസ്സറിയിച്ചതാണു്. ഉടനടി ചെയ്യേണ്ടതായി.........

പെ :—ഉടനടി ചെയ്യേണ്ടതായി എന്തെങ്കിലും ഉണ്ടെന്നു ഇപ്പോൾ തോന്നുന്നില്ല. ചോഴനിൽ നിന്നു തിതിയന്റെ ദൂതനു കിട്ടിയ മറുപടിയുടെ വിവരം അറിയട്ടെ. ബ്രാഹ്മണരുടെ കുശുകുശുപ്പ് പ്രചരണത്തെപ്പററി കൂട്ടതൽ വിവരങ്ങൾ സമ്പാദിച്ചു അറിയിക്കണം.

സംഭാഷണം അവസാനിച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞാണു് ചോഴനാട്ടിൽ നിന്നു കൂട്ടതൽ വിവരങ്ങൾ ചാണക്യനു കിട്ടിയതു്. അപ്പോഴേയ്ക്കു ബ്രാഹ്മണരുടെ കുശുകുശുപ്പു പ്രക്ഷോഭണം കൂട്ടതൽ ശക്തിപ്രാപിക്കയും പുറത്തു് അറിയത്തക്ക രൂപമെടുക്കുകയും ചെയ്തിരുന്നു.

ചാണക്യൻ അവസരം പാൎത്തു് പെരുമാൾ സന്നിധാനത്തിൽ എത്തി.

പെ :—ചോഴൻെറ വിവരം എന്തെങ്കിലുമുണ്ടോ.

ചാ —ഉണ്ടു്. ഇവിടെ കേട്ടതു് ശരിയാണു്. ചേരനുമായി വളരെ സൌഹാൎദ്ദത്തിലാണു് കഴിയുന്നതെന്നും, ആ ബന്ധത്തിനു ഉലച്ചിൽ തട്ടത്തക്കതായി എന്തെങ്കിലും ചെയ്വാൻ ഉദ്ദേശവും ആവശ്യവും ഇല്ലെന്നും തുറന്നുതന്നെ പറഞ്ഞു.

പെ :—നമുക്കു വളരെ സന്തോഷമായി. അപ്പോൾ തിതിയനു് അതിയായ സന്താപമൊ നിരാശയൊ ആയിരിക്കുമല്ലൊ അനുഭവപ്പെട്ടുക.

ചാ :—ചേര രാജ്യവുമായുള്ള ബന്ധത്തെ അവഗണിച്ചു ശത്രുക്കു പുറപ്പെട്ടുക എന്നു വച്ചാൽ, വാനവരമ്പൻെറ സ്നേഹം നഷ്ടപ്പെട്ടും. മാത്രമല്ല, അദ്ദേഹം ആപൽഘട്ടത്തിൽ ചെയ്ത സഹായം വിസ്മരിച്ചു്, ഉപകാരത്തിനു പ്രതിഫലമായി വാൾമുന ചങ്കിൽ കുത്തി ഇറക്കാൻ ശ്രമിക്കുന്നവനെന്നു പേരും കിട്ടും. മനുഷ്യനായി ജീവിക്കാൻ കൊള്ളുന്നവനല്ലെന്നു ലോകർ വിധിക്കും എന്നാണു........

പെ :—ചോഴൻ അങ്ങിനെ പറഞ്ഞുവൊ.?

ചാ :—അടിയൻ പ്രത്യേകം അന്വേഷിച്ചു. അങ്ങിനെ തന്നെ പറഞ്ഞു. മാത്രമല്ല നന്ദികെട്ട തിതിയൻെറ ചതിപ്രയോഗം സംബന്ധിച്ചു് എല്ലാ വിവരങ്ങളും ഇവിടെ അറിയിക്കുമെന്നും തുറന്നു പറഞ്ഞു.

പെ :—ഉവ്വൊ. ചോഴൻ കുറുള്ളവൻ തന്നെ. നന്ദി എന്ന ഗുണം, കലികാലം വന്നതോടു കൂടെ മനുഷ്യരെ വിട്ടൊഴിഞ്ഞുപോയി എന്നു വിചാരിച്ചിരിക്കയായിരുന്നു. അപ്പോൾ ഈ വിവരം കിട്ടിയതു വലിയ സന്തോഷമായി.

ചാ :—തിതിയൻ ഈ വൻചതിസ്സ് ഒരുങ്ങിയനിലയ്ക്ക് അയാളോട്ട എന്താണ് ചെയ്യേണ്ടതെന്ന് ഉടനെ ആലോചിച്ച്.........

പെ :—എന്താണ് ബദ്ധപ്പാട്ട്. അവൻ ഇവിടെത്തന്നെ ഉണ്ടല്ലോ.

ചാ :—രാജദ്രോഹം മാത്രമല്ല രാജ്യദ്രോഹവും കൂടി ആണല്ലോ അയാൾ ചെയ്തതു്. അതുകൊണ്ട് വേഗത്തിൽ തന്നെ.........

പെ :—ബദ്ധപ്പാട്ട തോന്നുന്നില്ല. ചുമതലയുള്ള സ്ഥാനത്തു ഇരിക്കുന്നവർ, അധികാരമുള്ളവർ ധ്രുതഗതിയിൽ ഒന്നും ചെയ്തുകൂടാ. കട്ടംകൈ ചെയ്തു കഴിഞ്ഞു് അതു പിൻവലിക്കണമെന്നു ആഗ്രഹിച്ചാൽ സാധിക്കയില്ലല്ലോ.

ചാ :—ആ രാജദ്രോഹിക്ക് അഭയം കഴുമരമാണെന്നു ഉടനടി കാണിച്ചു കൊടുത്താൽ അതു മററുള്ളവർക്കും ഒരു പാഠമായിരിക്കും.

പെ :— പാഠം, അല്പം കഴിഞ്ഞു പഠിച്ചതുകൊണ്ട് അപകടം ഉണ്ടാവാനില്ലല്ലോ. മാത്രമല്ല, തിതിയനെ കഴുവിൽ കേററിക്കഴിഞ്ഞു് അതു വേണ്ടില്ലായിരുന്നു എന്നു തോന്നിയാൽ നാം എന്തു ചെയ്യും? ജീവൻ നശിപ്പിക്കാൻ ശക്തിയുണ്ടെങ്കിലും കൊടുക്കാൻ പററുകയില്ലല്ലോ. സാവകാശമായി ആലോചിച്ചു വേണ്ടതു ചെയ്യാം. ബദ്ധപ്പാടില്ല.

ചാ :— തിതിയനെ ശിക്ഷിച്ചു എന്നു കണ്ടാൽ കുശുകുശുപ്പുകാക്കും അടക്കമാകും.

പെ :— അവർ കുറച്ചു ദിവസം കുശുകുശുക്കട്ടെ എന്നു വച്ചാലെന്തുവരാനാണ്.

ചാ :— തിരുമേനി രാജ്യം ഭരിക്കാൻ യോഗ്യനല്ല, ഭ്രഷ്ടനാണ് എന്നാണവർ പറഞ്ഞുപരത്തുന്നതു്. അതു തെററാണെന്നു നാം പറയാതിരുന്നാൽ ആളുകൾ വിശ്വസിച്ചു തുടങ്ങും......

പെ :— മനുഷ്യൻെറ നാവിനെ ബന്ധിക്കാൻ ഒരു രാജാവിനും സാധിക്കുകയില്ല. മനസ്സിനെ ബന്ധിക്കാൻ ഒട്ടുമേ പററുകയുമില്ല. പിന്നെ കുറെ നമ്പൂരിമാരെ പിടിച്ചു തടങ്കലിൽ വയ്ക്കുകയൊ മററു തരത്തിൽ ദ്രോഹിക്കയൊ ചെയ്തിട്ടു എന്തു ഫലമുണ്ടാവാനാണ്.

ചാ :—ബ്രാഹ്മണരെ ശിക്ഷിക്കയൊ ഹേമിക്കയൊ ചെയ്യാൻ ഇഷ്ടമില്ലെങ്കിൽ വേണ്ട. പടത്തലവനെ വേണ്ട വിധം......

പെ :— ആവാമല്ലൊ. വേണ്ടവിധം, അയാൾ അർഹിക്കുന്ന വിധം ശിക്ഷിക്കാം. ഒന്നും ധൃതിയായി ചെയ്യരുതെന്നേയുള്ളു.

ചാ :— ഇത്രയും തിരുമനസ്സറിയിച്ചതു്, ഒരേ സംഗതിയെപ്പററി പിന്നെയും പിന്നെയും പറഞ്ഞതു്, ക്ഷമിപ്പാറാകണം. വളരെക്കാലത്തെ ഭരണപരിചയമുള്ള തിരുമേനിയുടെ തീപ്പാണു് ശരിയായിട്ടുള്ളതു്. അതിനെ ചോദ്യം ചെയ്യാനല്ല, മനഃപ്രയാസംകൊണ്ടു്...

പെ: — ചാണക്യൻെറ പ്രയാസം ബോദ്ധ്യമാകാഞ്ഞൊന്നുമല്ല. നമ്പൂരിമാരുടെ ന്യായയുക്തമായ വാദത്തിൽ നിന്നു് അവരെ പിൻതിരിപ്പിക്കാൻവേണ്ടി, അവരെ ഭയപ്പെടുത്തുന്നതിനായി തിതിയനെ ബലികഴിച്ചു എന്നൊരാരോപണം ഉണ്ടാവാൻ ഇടംകൊടുത്തുകൂടാ. നമ്പൂരി കുശുകുശുപ്പു് എത്രടം എത്തുമെന്നു കണ്ടശേഷം തിതിയൻെറ സംഗതിയിൽ പ്രവേശിച്ചാൽ മതി എന്നുവയ്ക്കുകയാണു് ഉത്തമം.

ചാ :— കല്പനപോലെ ആവട്ടെ. ബ്രാഹ്മണരുടെ പ്രക്ഷോഭണം വളന്നു മൂദ്ധന്യത്തിൽ എത്തിക്കഴിഞ്ഞു എന്നു തന്നെ പറയണം.

പെ :— ഉവ്വൊ. എന്താണവരുടെ ലാക്കു്.

ചാ :— ഈ രാജ്യത്തുള്ള ബ്രാഹ്മണരിൽ ഒരു നല്ല ഭാഗം അവരുടെകൂടെ തുറന്നു കൂടിയിട്ടില്ല. എങ്കിലും വളരെപ്പേർ ചേന്നിട്ടുണ്ടു്. സഹതാപമുള്ളവർ വേറെയും

ഉണ്ട്...... രാജ്യത്തിന്നു പുറത്തുള്ള ബ്രാഹ്മണർ ഇവരെ സഹായിക്കുന്നുണ്ട്......

പെ :— ബ്രാഹ്മണമേധാവിത്വം സ്ഥാപിക്കണമെന്നുള്ളവർ വളരെയുണ്ട്. ഈ നാട്ടിൽ അധികമില്ല, ഉണ്ടെങ്കിൽ അവരുടെ ലാക്ക് എന്താണെന്ന് പുറത്തു കാണിക്കുന്നില്ല എന്നേയുള്ളു.

ചാ :— ഈ നാട്ടിൽ ആ ലാക്കുള്ളവർ പുറത്തുള്ളവരെ കൂട്ടു പിടിച്ചിട്ടുണ്ട്......

പെ :— എങ്ങിനെ അറിയാം.

ചാ :— പുറത്തുനിന്നു കുറെ ശാസ്ത്രിമാരെ വരുത്താൻ ആലോചനയുള്ളതായി തിരുമനസ്സറിയിച്ചുവല്ലൊ. അവർ വന്നു കഴിഞ്ഞു.

പെ :— കൊള്ളാം. എന്തിനാണവർ വന്നിരിക്കുന്നതെന്നു വിവരം കിട്ടിയൊ.

ചാ :— എല്ലാ വിവരവും കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടിയിടത്തോളം വിവരങ്ങളിൽനിന്നു മനസ്സിലായതു്, അവർ മുഖം കാണിക്കാൻ വരുന്നു എന്നാണു്.

പെ :— എൻെറ പ്രജകളിൽ ഏററം എളിയവനുപോലും എന്നെ കണ്ടു് സങ്കടം അറിയിക്കുന്നതിന്നു സ്വാതന്ത്ര്യമുണ്ട്. അതു് ഇന്നുവരെ ആക്കും നിഷേധിച്ചിട്ടുമില്ല. പുറരാജ്യത്തുനിന്നു വരുന്നവക്കും ദശ്നം നിഷേധിക്കാറില്ല. ബ്രഹ്മണനൊ, നമ്പൂരിയൊ, ആക്കു വേണമെങ്കിലും വരാം, എന്നെ കാണാം.

ചാ :— പുറരാജ്യത്തുനിന്നു വരുന്ന ശാസ്ത്രിമാക്കും മുഖം കാണിക്കാൻ അനുവാദം ...

പെ :— വിദ്വാന്മാരല്ലേ അവർ, വന്നാൽ കണ്ടു സംസാരിക്കണം. നമുക്ക് തെററുപററിയിട്ടുണ്ടെങ്കിൽ തിരുത്തണമല്ലൊ.

ചാ :— നമ്പൂരിമാർ ശാസ്ത്രിമാരെ കൂട്ടിക്കൊണ്ടുവരികയായിരിക്കും.

പെ :— അതിനാക്ക വിരോധം. എപ്പോൾ വന്നാലും കണ്ടു സംസാരിക്കതന്നെയാണു് വേണ്ടതു്. നമുക്കു് ഒളിച്ചിരിക്കണ്ടേ ആവശ്യമില്ല. ആരും അറിയരുതാത്തതായി ഒന്നും ചെയ്യിട്ടില്ല. ചെയ്യണമെന്നു് ആഗ്രഹവുമില്ല.

ചാ :— അവിടുത്തെ തീപ്പാണു് ഉത്തമം. അടിയൻ മനസ്സിൽ തോന്നിയതു്, ദണ്ഡംകൊണ്ടു്, അപ്പടിതന്നെ തിരുമനസ്സറിയിച്ചു എന്നേയുള്ളു.

പെ :— നമ്പൂരിമാർ ശാസ്ത്രിമാരേയുംകൊണ്ടു വരുന്നെങ്കിൽ, അതു കഴിഞ്ഞശേഷം തിതിയൻെറ കായ്യത്തെപ്പററി എന്തെങ്കിലും തീരുമാനിക്കാമെന്നാണു്.

ചാ :— അടിയൻ.

പെ :— ശാസ്ത്രിമാരും നമ്പൂരിമാരും മുഖം കാണിക്കാൻ വരുന്നെങ്കിൽ, അവക്കു് എത്രയും വേഗത്തിൽ അതിനു സൌകയ്യം കൊടുക്കണമെന്നു് ഇപ്പോൾതന്നെ കായ്യക്കാരെ അറിയിക്കുക. ഇന്നുതന്നെ വരുന്നെങ്കിൽ അത്രയും സന്തോഷമാണു്.

അപ്പോൾത്തന്നെ കായ്യക്കാരെ അറിയിച്ചുകൊള്ളാമെന്നറിയിച്ചശേഷം ചാണക്യൻ പോയി.

എത്രപ്പുണ്ടായാൽ ഉശിരു് അനേകമടങ്ങു വദ്ധിക്കുന്ന പ്രകൃതമാണു് വാനവരമ്പനുള്ളതു്. എന്നാൽ മാർ തോമ്മാശ്ലീഹായുമായി സമ്പക്കം സംഭവിച്ചപ്പോൾ അതിനു മാററം ഉണ്ടായി. നസ്രാണിമാഗ്ഗം സ്വീകരിച്ചുകഴിഞ്ഞപ്പോഴേയ്ക്കു് അദ്ദേഹം വിനയത്തിൻെറ അവതാരമായി ഭവിച്ചു എന്നുതന്നെ പറയാവുന്നതാണു്. അക്കഥ മററുള്ളവരെ ധരിപ്പിക്കുന്നതിനു ശ്രമിച്ചില്ല. മററുള്ളവർ ധരിക്കരുതെന്നുവച്ചു മറച്ചതുമില്ല. അത്യുന്നത സ്ഥാനത്തിരിക്കുന്ന ആളായതുകൊണ്ടു് സാധാരണ ഗതിയിൽ വളരെ വളരെ ചുരുക്കം ആളുകൾ മാത്രമാണല്ലൊ അദ്ദേഹത്തെ അടുത്തു കാണുക തന്നെ. അല്പനിമിഷത്തേയ്ക്കു മാത്രം കാണുന്നവർ, പെരുമാളിൽ മാററം എന്തെങ്കിലും ഉണ്ടായിട്ടുണ്ടെന്നു ധരിക്കാൻ ഇടയുമില്ല. രണശൂരനായ വാനവരമ്പൻ അനേകം യുദ്ധങ്ങൾ വിജയപൂവ്വം

നയിച്ചിട്ടുണ്ട്. എപ്പോഴും പടയുടെ മുൻനിരയിൽ അടക്കളത്തിന്റെ മദ്ധ്യത്തിലാണു് അദ്ദേഹത്തെ കാണാറുള്ളതെന്നു് എല്ലാവക്കും അറിയാം. സാധാരണ സമയങ്ങളിൽ, ജീവിതചര്യകളിൽ ഒരു പശുവിനെപ്പോലെ ശാന്തനാണെങ്കിൽ, പടക്കളത്തിൽ കടക്കുന്ന ക്ഷണത്തിൽ സിംഹമായി രൂപാന്തരപ്പെടുകയാണു ചെയ്യുന്നതു്. ശത്രുവിന്റെ വാളും കുന്തവും അമ്പും അദ്ദേഹത്തെ സ്പർശിക്കാതെ വഴിമാറിക്കൊള്ളുമെന്നു ചില രസികശിരോമണികൾ പറയാറുണ്ടു്. ദിവസം മൂന്നു നേരം കുളിക്കുകയും, അപ്പോഴെല്ലാം വെള്ളമാറുകയും ചെയ്യുന്ന പതിവു് സമരത്തിനു പുറപ്പെട്ടുകഴിഞ്ഞാൽ ഉപേക്ഷിക്കാൻ അദ്ദേഹത്തിനു് ഒരു പണിയുമില്ല. ദേഹത്തു് ഒരു കരടു പററിയാൽ ഉടൻ ദേഹശുദ്ധി വരുത്തണം. വസ്ത്രത്തിൽ എന്തെങ്കിലും കരടിന്റെ വലിപ്പത്തിൽ തെറിച്ചു വീണാൽ അക്ഷണം അതു മാററുകയായി. ശുചിത്വത്തിൽ ഇത്ര അധികം നിർബ്ബന്ധമുള്ള അദ്ദേഹം പടക്കളത്തിൽ നിന്നു്, രക്തത്തിൽ കുളിച്ചല്ലാതെ ഒരിക്കലെങ്കിലും ഇറങ്ങിയിട്ടുണ്ടെന്നു തോന്നുന്നില്ല. അപ്പോൾ അഴുക്കു പററിയിരിക്കുന്നു എന്നു തോന്നാറുമില്ല. സമരസംബന്ധമായ പ്രവത്തനങ്ങൾ തീന്നുകഴിഞ്ഞാൽ, പഴയ "വൃത്തിക്കാരൻ" ആയിക്കഴിയും. ആവക ഏപ്പാടുകൾ എല്ലാം, മതം മാററത്തിനുശേഷവും പഴയപടി തുടരുന്നതുകൊണ്ടു്, പെരുമാളിന്റെ സ്വഭാവത്തിൽ, മനസ്സിൽ ഉണ്ടായിട്ടുള്ള വിപ്ലവകരമായ മാററം പെരുങ്കോയിലകത്തെ അന്തേവാസികൾ പോലും അറിഞ്ഞിട്ടില്ല. അഹിംസയിൽ ഒട്ടൊക്കെ വിശ്വസിച്ചിരുന്നപ്പോഴും, രാജ്യം ഭരിക്കുന്ന ഒരാൾക്കു്, രാജ്യത്തിന്റെയും ജനങ്ങളുടെയും ഭാഗധേയത്തിനു് ഉത്തരവാദിത്വമുള്ള ഒരാൾക്കു്, അഹിംസാതത്വം അക്ഷരംപടി പാലിക്കാൻ സാധിക്കുകയില്ലെന്നു്, അനുഭവം വാനവരമ്പനെ പഠിപ്പിച്ചിരുന്നു. എന്നാൽ അഹിംസയല്ല, ഹിംസിക്കാൻ വരുന്നവനെ ഹിംസിക്കാൻ ശ്രമിക്കാതിരുന്നാൽ പോരാ അവനെ സ്നേഹിക്കതന്നെ വേണമെന്നുള്ള തത്വം മനസ്സിലാക്കുകയും സ്വീകരിക്കുകയും ചെയ്തപ്പോളാണു് താൻ യഥാത്ഥത്തിൽ ഒരു മനുഷ്യനായതെന്നാണു് അദ്ദേഹം വിശ്വസിക്കുന്നതു്. എന്നാൽ തന്നെയും ഒരു രാജ്യത്തു് നീതിന്യായങ്ങൾ പാലിച്ചുകൊണ്ടുപോകുന്നതിന്റെയും, രാജ്യത്തെ ശത്രുക്ക

ളിൽനിന്നു രക്ഷിക്കുന്നതിൻെറയും ചുമതല വഹിക്കുന്ന ആൾ എന്ന നിലയിൽ ബലപ്രയോഗവും സമരസന്നദ്ധതയും ഒഴിച്ചുവയ്ക്കാൻ പാടില്ലെന്നു് അറിയാം. നിൻെറ ഒരു ചെകിട്ടിൽ അടിച്ചാൽ മററെ ചെകിട്ടും കാണിച്ചുകൊടുക്കണം എന്നുള്ള കല്പന, ഒരു വ്യക്തി എന്ന നിലയിൽ അനുസരിക്കണം. എന്നാൽ ഒരു രാജ്യത്തിൻെറ അധിപനെന്ന നിലയിൽ ആക്രമണത്തിനു വരുന്ന ശത്രുക്കൾ ഇഷ്ടാനുസരണം ജനങ്ങളെ കൊന്നൊടുക്കുകയൊ രാജ്യം പിടിച്ചടക്കുകയൊ ചെയ്യുന്നതിനെ ബലംകൊണ്ടു് തടയുന്നതു്, ഈ നിരോധനാജ്ഞയുടെ അവഗണന ആകയില്ല എന്നു നിശ്ചയമുണ്ടു്. കുററവാളിക്കു് അർഹിക്കുന്ന ശിക്ഷ നൽകേണ്ടതു്, രാജ്യത്തിൻെറയും പ്രജകളുടെയും നന്മയ്ക്കു് അവശ്യം ആവശ്യമാണെന്നുള്ളതിൽ വാനവരമ്പനു തക്കമൊന്നുമില്ല. ഇങ്ങിനെ എല്ലാം ആയിരുന്നിട്ടും തിതിയനെ ശിക്ഷിക്കുക എന്നു് ഓക്കുകതന്നെ അദ്ദേഹത്തിനു വലിയ പ്രയാസമായി തോന്നി. അതുകൊണ്ടുകൂടിയാണു്, ചാണക്യൻ പതിവില്ലാത്തവിധം നിർബ്ബന്ധിച്ചിട്ടും, ആലോചിച്ചു വേണ്ടതു ചെയ്യാം എന്നു പറഞ്ഞൊഴിഞ്ഞതു്. തിതിയൻെറ പേരിലുള്ള ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനുള്ള സമയം ആയില്ല എന്നു നല്ല നിശ്ചയമായിരുന്നതുകൊണ്ടും കൂടിയാണു് അവധി മാററി വച്ചതു് എന്നുവയ്ക്കുക.

തൻെറ നിർദ്ദേശാനുസരണം നമ്പൂരിമാർ ആരംഭിച്ച പ്രക്ഷോഭണം ദിനം ചെല്ലുംതോറും കൂടുതൽ കൂടുതൽ ശക്തി പ്രാപിച്ചു വരികയാണെന്നു കണ്ടു് തിതിയൻ സന്തോഷിച്ചു. ചോഴൻെറ സഹായം കിട്ടുകയില്ലെന്നു മാത്രമല്ല, കുതികാൽ വെട്ടുന്നതിനു താൻ ചെയ്ത ഹീന ശ്രമത്തിൻെറ വിവരങ്ങൾ അവിടെ നിന്നു് പെരുങ്കോയിലകത്തു് അറിയിക്കുമെന്നും മനസ്സിലായി രണ്ടു ദിവസത്തേയ്ക്കു് അയാൾ 'മരുന്നു' കുറെ കൂടുതൽ ചെലവാക്കി. അല്ലാതെ തിതിയനിൽ മററു മാററങ്ങൾ ഒന്നും സംഭവിച്ചില്ല. അയാൾ രക്ഷിതാവായി എണ്ണേണ്ട പെരുമാളോടുള്ള ശത്രുതയ്ക്കു് മാററു കൂട്ടുന്നതിനു് അതും സഹായിച്ചു എന്നും പറയേണ്ടതുണ്ടു്. നമ്പൂരിമാരും അവരുടെ രക്ഷകരായി രംഗപ്രവേശം ചെയ്തിട്ടുള്ള ശാസ്ത്രിമാരും അടുത്ത ദിവസം തിരുവഞ്ചിക്കുളത്തു് എത്തുമെന്നു്

അറിഞ്ഞപ്പോൾ തിതിയനു് ഉത്സാഹവും പരിഭ്രമവും വർദ്ധിച്ചു. അവർ ഒരു കാരണവശാലും തന്നെ കാണാൻ വരരുതെന്നു് അറിയിക്കണമെന്നും, ആ അറിയിപ്പിനെ അവഗണിച്ചു് കാണ്മാൻ വരുന്ന പക്ഷം മടക്കി അയച്ചു കൊള്ളണമെന്നും അയാൾ സേതുവിനു് നിർദ്ദേശം നല്കി. അവർ വരുന്ന പക്ഷം കണ്ടു സംസാരിക്കാൻ തക്ക നില തൻെറ സ്വാമി പാലിക്കുകയില്ലെന്നു നിശ്ചയമുണ്ടായിരുന്നതിനാൽ, എന്താണു് ചെയ്യേണ്ടതെന്നു് സേതു മുൻകൂട്ടി തന്നെ ആലോചിച്ചു ഉറച്ചിട്ടുണ്ടായിരുന്നു. ഈ സമയത്തോടടുത്താണു് ചോഴൻെറ സഹായം അഭ്യർത്ഥിക്കാൻ അയച്ചിരുന്ന ആൾ മടങ്ങി എത്തിയതു്. ആ ദൂതനും തിതിയനും ആയി സംസാരിക്കാൻ അവസരം കൊടുക്കാതെ കഴിക്കയല്ലേ നന്നെന്നു സേതു ആലോചിക്കാതിരുന്നില്ല. ചോഴൻെറ മറുപടി, അത്യന്തം ഗൌരവതരമായ, ഹൃദയ പ്രധാനമായ, ഒരു സംഗതി ആയതുകൊണ്ടു് ദൂതൻ മടങ്ങി വന്ന വിവരം അറിയിക്കാതിരുന്നുകൂടാ എന്നു് സേതു ഉറച്ചു. അയാളെ പിറേറന്നാൾ രാവിലെ തന്നെ തിതിയൻെറ സമീപത്തേക്കു് ആനയിച്ചു. കൈ വിറയൽ മാറുന്നതിനു വേണ്ട "മരുന്നു" മാത്രമേ അപ്പോൾ അകത്തു ചെന്നിരുന്നുള്ളു. അതോടൊന്നിച്ചു് അല്പം ആഹാരവും കഴിച്ചിരുന്നു. അതുകൊണ്ടു് ഒരു മനുഷ്യൻെറ എന്തോ ചില ലക്ഷണങ്ങൾ അപ്പോൾ ഉണ്ടായിരുന്നു. അതിൽ മെച്ചമായ നിലയിൽ തൻെറ സ്വാമിയെ കാണാൻ പററിയ സമയം വേറില്ലെന്നും സേതുവിനറിയാം.

"ചോഴൻെറ അടുത്തേക്കയച്ചിരുന്നയാൾ വന്നിട്ടുണ്ടു്. കാണാൻ അവസരം പാർത്തു പുറത്തു നില്ക്കുന്നു" എന്നു സേതു തിതിയനോടു പറഞ്ഞു.

ആ സമയം കുറെ 'മരുന്നു' കൂടെ ഉടൻ തന്നെ കുടിക്കുന്നോ, അതോ കുറച്ചു സമയം തള്ളിമാററിയ ശേഷം മതിയോ എന്നുള്ള അതിപ്രധാനമായ പ്രശ്നത്തെപ്പററി, തല പുകഞ്ഞു് ആലോചിക്കുകയായിരുന്നു പടത്തലവൻ. അയാളുടെ സിൽബന്ധി പറഞ്ഞതു കേട്ടെങ്കിലും യാതൊന്നും മനസ്സിലാക്കിയില്ല. എങ്കിലും, എന്താണു പറഞ്ഞതു് എന്നു ചോദിക്കാൻ തക്ക വിധം മനസ്സിനു തെളിവുണ്ടായിരുന്നു.

മുമ്പ് പറഞ്ഞതു് സേതു ആവൎത്തിച്ചു. "ഉവ്വൊ, അയാളെ ഉടനെ കൂട്ടിക്കൊണ്ടു വരാതെ പുറത്തു നിൎത്തിയും വച്ചു വന്ന നീ മിടുക്കനാണു്. മനുഷ്യനു തുമ്പില്ലാതെ പോയാൽ എന്തു ചെയ്യുന്നു" എന്നായിരുന്നു തിതിയന്റെ മറുപടി.

തനിക്കു തുമ്പില്ലെന്നു പറയുന്ന ആളിനു് എത്രനേരത്തേയ്ക്കു തുമ്പുണ്ടായിരിക്കും എന്നോൎത്തു രസിച്ചു് ഒരു പുഞ്ചിരിയോടു കൂടെയാണു് കാത്തുനിന്ന ദൂതനെ കൂട്ടിക്കൊണ്ടു വരുന്നതിനു് സേതു ആ അറയിൽ നിന്നു് ഇറങ്ങിപ്പോയതു്.

ദൂതൻ അറയിൽ കടന്നു ഓച്ഛാനിച്ചു നിന്നു. "മരുന്നു" സേവിക്കുന്നതു് എപ്പോൾ എത്രമാത്രം എന്നു് ആലോചിച്ചുകൊണ്ടിരുന്ന തിതിയൻ അതറിഞ്ഞില്ല. അയാൾ ഒന്നു് "മുരടനക്കി" യിട്ടും ഫലമുണ്ടായില്ല. അപ്പോൾ സേതു പറഞ്ഞു "ഇതാ, നമ്മുടെ ദൂതൻ വന്നു കാത്തു നില്ക്കുന്നു"

തിതി :—ആരാണു്. ദൂതനൊ. ഏതു ദൂത......ഓ, ഞാൻ വേറൊരു കാൎയ്യം ഓൎത്തിരിക്കയായിരുന്നു......താൻ എപ്പോൾ വന്നു. പോയിട്ടു് എന്തായി. ചോഴൻ എവിടെ ഉണ്ടായിരുന്നു. ഉടൻ തന്നെ പടയെ ഇങ്ങോട്ടു് അയയ്ക്കുമൊ? അദ്ദേഹം തന്നെ വരുമൊ.

സേതു മുൻകൂട്ടി വേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നതുകൊണ്ടു്, എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയാതെ "ഇന്നലെ അസമയമായി വന്നപ്പോൾ. അതുകൊണ്ടാണു്........"

തിതി :—പോയ കാൎയ്യം എന്തായി എന്നു ചോദിച്ചതു കേട്ടില്ലെ.

ദൂതൻ :—"ആലോചിച്ചു് ഉടൻ തന്നെ വേണ്ടതു ചെയ്കയൊ വിവരം അറിയിക്കുകയൊ ചെയ്യാമെന്നാണു് ചോഴൻ കല്പിച്ചതു്" എന്നു ദൂതൻ കൊടുത്ത മറുപടിയും സേതു അയാളെ പഠിപ്പിച്ചിരുന്നതാണു്.

"ഉടൻ വേണ്ടതു ചെയ്യാമെന്നു പറഞ്ഞു അല്ലെ. അതിലധികം എന്താണു് വേണ്ടതു്" എന്നു ശബ്ദിച്ചതിനിടയ്ക്കു്, ഉടൻ തന്നെ കുറെ "മരുന്നു" സേവിക്കണമെന്നു്

ആലോചിച്ചു തീച്ച്പ്പെട്ടത്തി. അതുമൂലം ഉണ്ടായ സുഖം, ചോഴൻെറ മറുപടിയെപ്പററിയും, ചേരനെ തകക്കുന്നതിനു പററിയ മാഗ്ഗങ്ങളെപ്പററിയും ഉള്ള ചിന്തകളെ പിൻതള്ളി ക്കളഞ്ഞു. അയാൾ "മരുന്നു" സേവിച്ചു. ലോകത്തേയും അവിടെ നടക്കുന്ന സംഗതികളേയും പററിയുള്ള ചിന്തയിൽ നിന്നു തല്ക്കാലം വിമോചിതനായി. ചോഴൻ വന്നാലും ചേരൻ നിന്നാലും, ബ്രാഹ്മണ പ്രക്ഷോഭണം മുറുകി വിജ യിച്ചാലും, പൊളിഞ്ഞാലും എല്ലാം ആ മനുഷ്യ മൃഗത്തിനു്, ഒന്നുതന്നെ!

ചോഴനെ കാണാൻ പോയ ദൂതനെ തൃപ്തിപ്പെട്ടത്തി പറ ഞ്ഞയക്കുവാൻ സേതുവിനു ബുദ്ധിമുട്ടില്ലായിരുന്നു. യാത്രോദ്ദേശം സാധിക്കയില്ലെന്നു കണ്ടപ്പോൾ തന്നെ അയാൾ മഹാ അബ ദ്ധനായി. ചേരനു് എതിരായുള്ള ഒരു കൂട്ടുകെട്ടിൽ ചാടി എന്നൊ അതിൻെറ വിജയത്തിനു ശ്രമിച്ചു എന്നൊ ആ രോപണം ഉണ്ടായാൽ, എന്നു ഭയന്നാണു് ആ വിദ്വാൻ പോ യതും വന്നതും. തീതിയനോട്ടു് "ഇല്ല" എന്നു പറയുവാൻ കഴിവില്ലാതിരുന്നതുകൊണ്ടു പോയി. മടങ്ങി എത്തിയിട്ടു് എത്രയും വേഗം ആ ഇടപാടുമായുള്ള ബന്ധം വിഛേദിച്ചു പിരിയണം എന്നായിരുന്നു അയാളുടെ ഉദ്ദേശം. അതു സാ ധിച്ചു. അയാൾ സംതൃപ്തനായി അവിടെ നിന്നു കടന്നു.

ദൂതനെ പറഞ്ഞയച്ചു് അധികം കഴിയുന്നതിനു മുമ്പു് കല്ലൂർ ഹാജർ കൊടുത്തു. കുശലപ്രശ്നങ്ങൾ കഴിയുന്നതു വരെ താമസിക്കുന്നതു തന്നെ അയാൾക്കു് ബുദ്ധിമുട്ടുണ്ടാക്കു ന്നു എന്നു് സേതു കണ്ടു. കായ്യത്തിലേക്കു് കടക്കാൻ കല്ലൂരി നു ഒരു പ്രയാസം. അതു് സേതു മനസ്സിലാക്കി. കല്ലൂരി ൻെറ ബുദ്ധിമുട്ടു തീക്കാനായി താൻ വിഷയത്തിലേക്കു കടക്കു ന്നില്ല എന്നു് സേതു നിശ്ചയിച്ചു.

കുറെ സമയം കാട്ടിലും പടപ്പിലും ഒക്കെ തട്ടി അതു മിതും പറഞ്ഞശേഷം കല്ലൂരു വിഷയത്തിലേക്കു് എടുത്തു ചാടി. "ഞങ്ങൾ ഏററ ജോലി ഏററം ഭംഗിയായി ചെയ്തു. ഇനി എന്താണു് വേണ്ടതെന്നു പടത്തലവനെ കണ്ടു് ചോദിക്കുന്നതിനാണു് ഞാൻ വന്നതു്"

സേതു:—ഒരു രണ്ടു മണിക്കൂർ എങ്കിലും ഉറങ്ങാൻ അദ്ദേഹത്തെ അനുവദിക്കാതെ നിവൃത്തിയില്ല. ഈയിടെ ജോലി വളരെയധികം ഉണ്ടു്.

ഊണും ഉറക്കവും ഒന്നും പന്തിയാകുന്നില്ല. ഇന്നു്, ഇപ്പോഴേയ്ക്കു് വളരെ അധികം പണി എടുത്തു കഴിഞ്ഞു. അല്പം മുമ്പു് ഞാൻ നോക്കിയപ്പോൾ ഉറക്കമാണു്. ശരിക്കൊന്നുറങ്ങാമെങ്കിൽ തന്നെ അദ്ദേഹത്തിന്റെ ക്ഷീണം മാറും. നാം വല്ലതും നാലാറു വാക്കു പറഞ്ഞു വരുമ്പോഴേയ്ക്കു് ഞാൻ പറഞ്ഞ സമയം ആകും. എന്നിട്ടും ഉണർന്നില്ലെങ്കിൽ വിളിക്കാൻ നോക്കാം. ഇപ്പോൾ ചെന്നു വിളിച്ചാൽ എന്നെ ഇവിടെ നിന്നു ഓടിച്ചു എന്നു വരാം. പേടിയാണപ്പാ.

കല്ലം—ഞാൻ തനിയെ ഉണ്ടായിരുന്നുള്ളുങ്കിൽ സാരമില്ലായിരുന്നു. നേരേട്ടമുണ്ടു്. അതും കുഴപ്പമില്ലെന്നു വയ്ക്കാം. നാലാറു ശാസ്ത്രിമാരും കൂടെ വന്നിട്ടുണ്ടു്....

സേ:—ശാസ്ത്രിമാരോ? എന്തു ശാസ്ത്രി, ഏതു ശാസ്ത്രി, എന്തിനു വന്നു?

കല്ലം:—എന്തു ശാസ്ത്രി എന്നെനിക്കു തന്നെ നിശ്ചയമില്ല. ഏതു ശാസ്ത്രി എന്നു ചോദിച്ചാൽ വേദം, തത്വജ്ഞാനം ഇവയൊക്കെ പച്ചവെള്ളം പോലെ പഠിച്ചിട്ടുള്ളവരെന്നേ പറയാനുള്ളു. വിദേശത്തു നിന്നു വന്നവരാണു്.

സേ:—ആരു കൊണ്ടു വന്നു.

കല്ലം:—ഞങ്ങളുടെ പ്രക്ഷോഭണത്തിനു പുറത്തു നിന്നു ധാരാളം സഹായം കിട്ടി. ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നുമുണ്ടു്. അതിൽ താല്പര്യമുള്ളവർ അയച്ചു തന്നതാണിവരെ.

സേ:—പ്രക്ഷോഭണത്തിനു പുറത്തു നിന്നു ധാരാളം സഹായം കിട്ടി, ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നു എന്നറിയുന്നതു് വളരെ സന്തോഷകരമായ കാര്യം തന്നെയാണു്......

കല്ലൂ:—അല്ലേ? പുറദേശങ്ങളിലുള്ള ഞങ്ങളുടെ ആൾക്കാർ ഹാർദ്ദവമായി സഹകരിച്ചു. അല്ലാതെ ഇതൊന്നും ഇത്രയും ഭംഗിയായി നടക്കുകയില്ലായിരുന്നു.

സേതു:—അതുതന്നെയാണ് ഞാനും ഓർത്തതു്. നമ്പൂരിമാർ നെറിയും കൃതജ്ഞതയും ഉള്ളവരാണെന്നു പ്രസിദ്ധമാണ്. പടത്തലവനാണല്ലോ, നിങ്ങളെ, വിജയമാർഗ്ഗത്തിലേയ്ക്കു നിയോഗിച്ചതു്? അദ്ദേഹം ഈ പ്രക്ഷോഭണത്തിനുവേണ്ടി സർവസ്വവും പണയത്തിലാക്കിയിരിക്കയാണല്ലോ. ചെലവിനുള്ള സംഖ്യ ഉണ്ടാക്കുന്നതിനു സ്വത്തുക്കൾ പണയത്തിലാക്കി നിങ്ങൾക്കു തന്നെ തന്നു. ഉദ്യോഗവും, സ്വാതന്ത്ര്യം പോലും, എന്നുവച്ചാൽ ശരീരം തന്നെ, ഇതിൽ കുടുങ്ങി കിടക്കുകയാണ്. ഉദ്ദേശിച്ചഫലം കിട്ടാത്തപക്ഷം ഉദ്യോഗം പോകും. രാജദ്രോഹക്കുറ്റത്തിനു തലയും പോകും···

കല്ലൂ:—അങ്ങിനെ വരുമൊ. അതറിഞ്ഞിരുന്നില്ല.

സേതു:—അതാണ് നില. നിങ്ങൾ മാത്രമാണ് അദ്ദേഹത്തിൻെറ ആശാകേന്ദ്രം. ഇത്രയും പറഞ്ഞസ്ഥിതിക്കു ഞാൻ ഒന്നു കൂടെ പറഞ്ഞേയ്ക്കാം. മനസ്സിൻെറ ഭാരംകൊണ്ടു്, നിജബുദ്ധി ഇല്ലാത്ത ഒരു നില ആയിട്ടില്ലെ എന്നു പോലും എനിക്കു സംശയമുണ്ടു്. അങ്ങു സ്വാമിയുടെ സ്നേഹിതനായതുകൊണ്ടു് ഞാൻ തുറന്നുപറയുകയാണ്. അതുകൊണ്ടാണ് ഉറക്കക്കാഴ്ചത്തിൽ ഞാൻ പരിഭ്രമിച്ചതും, ഉറക്കത്തിൽ ഉപദ്രവിക്കാൻ പാടില്ലെന്നു പറഞ്ഞതും.

തൻെറ തന്ത്രം ഫലിക്കുന്ന ലക്ഷണമുണ്ടെന്നു സേതുവിനു തോന്നി. ആദ്യഘട്ടങ്ങളിൽ അയാൾ വലിയ "ഗമ"യിലാണ് കല്ലൂരിനോട്ടം മററും വർത്തിച്ചിരുന്നതു്. പടത്തലവൻെറ ആളായതു കൊണ്ടും, അവക്കു കാര്യം സാധിക്കേണ്ടിയിരുന്നതുകൊണ്ടും അതു് അവർ ശരിക്കു വകവച്ചുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ആ ഉയന്ന നിലയിൽ നിന്നു കുറെ താണിറങ്ങി അടുത്തുകൂടിയാൽ, കുറെ എങ്കിലും തട്ടിക്കാൻ പററുമൊ എന്നു നോക്കുകയാണ് സേതു ചെയ്യുന്നതു്.

കല്ലൂര പറഞ്ഞു:—അദ്ദേഹത്തിനു ശരീരസുഖം ഇല്ലാത്തപ്പോൾ ശല്യപ്പെടുത്തുന്നതു ശരിയല്ല. എങ്കിലും ശാസ്ത്രിമാരെ ഒന്നുകണ്ടു് അവൎക്കു് വേണ്ട ഉപദേശം കൊടുക്കേണ്ടതു് ആവശ്യമാണു്.

സേതു:—ഉറക്കത്തിൽനിന്നു ഇനി ഉണരുമ്പോൾ സൌകൎയ്യം നോക്കി നിങ്ങളുടെ കാൎയ്യം ധരിപ്പിക്കാം. നിങ്ങൾ കാരണം സാമ്പത്തികമായി കഷ്ടപ്പെടേണ്ടതായി വരികയില്ല. അതിലുണ്ടായിട്ടുള്ള കുഴപ്പം പരിഹരിച്ചു കൊള്ളാമെന്നു് അങ്ങു് ഏററു എന്നുകൂടെ പറയട്ടൊ. ആ വിധം ഒരു ഉറപ്പു കൊടുത്താൽ ഇപ്പോഴത്തെ മനഃപ്രയാസം ക്ഷണത്തിൽ മാറും. നിങ്ങളുടെ കാൎയ്യത്തിൽ ഉത്സാഹത്തോടെ പ്രവേശിക്കാൻ പററുകയും ചെയ്യും.

കല്ലൂ:—സ്വന്തം നിലയിൽ എനിക്കു് അതിനു പ്രാപ്തിയില്ലെന്നറിയാമല്ലൊ. പിന്നെ ഇപ്പോൾ ഞങ്ങളെ സഹായിക്കുന്നവരെ സമീപിച്ചു വല്ലതും ചെയ്യിക്കാമൊ എന്നു നോക്കുകയാണു് വേണ്ടതു്. സഹായം എത്രമാത്രം, എപ്പോഴേയ്ക്കു വേണമെന്നൊന്നും അറിയാതെ അവരോടു എന്താണു് പറയുക, എന്താണു് ആവശ്യപ്പെടുക.

സേതു:—"സഹായം" എന്ന വാക്കു് അങ്ങു് പ്രയോഗിച്ചു, അതു് നിൎഭാഗ്യകരമായിപ്പോയി പടത്തലവൻ തിതിയനു് നിങ്ങളുടെ ആരുടെയും "സഹായം" ആവശ്യമില്ലെന്നു ധരിച്ചാൽ വേണ്ടില്ല. നിങ്ങൾക്കു വേണ്ടി അദ്ദേഹം ആപത്തു വലിച്ചു തലയിൽ കേററി. അദ്ദേഹത്തെ അതിൽനിന്നു രക്ഷിക്കാൻ ഒരവസരം ഞാൻ കാണിച്ചുതരികയാണു് ചെയ്തതു്. നമ്പൂരിമാർ നന്ദിയുള്ളവരാണെന്നാണു് ഞാൻ കേട്ടിട്ടുള്ളതു്; വിശ്വസിച്ചിരുന്നതു്. അവസരം ഉണ്ടായാൽ അവർ സന്തോഷത്തോടെ അതു പ്രയോജനപ്പെടുത്തും എന്നായിരുന്നു എന്റെ വിശ്വാസം. എന്നാൽ സഹായിക്കാമൊ എന്നു ആലോചിക്കാമെന്നു പോലും ഉറപ്പിച്ചു പറയാൻ നിങ്ങൾ ഒരുക്കമില്ല. ഞാൻ പറഞ്ഞതെല്ലാം പിൻവലിച്ചിരിക്കുന്നു. നിങ്ങളുടെ പാടു് നിങ്ങൾ നോക്കിക്കൊ

ണ്ടാൽ മതി. നിങ്ങളുടെ സഹായത്തിനു് കടൽ ചിരട്ടയുമായി വരേണ്ട നിലയിൽ എത്തിയില്ല അദ്ദേഹം.

കോപമുണ്ടായില്ലെങ്കിലും, കഠിനകോപത്തെ ബുദ്ധിമുട്ടി പിടിച്ചടക്കി സംസാരിക്കുന്ന ഭാവമാണു് സേതു കാണിച്ചതു്. അതു കല്ലൂർ മനസ്സിലാക്കിയില്ല. അയാൾ പരുങ്ങി "എന്നെ വല്ലാതെ തെറ്റിദ്ധരിച്ചു. ഞങ്ങൾക്കു ചെയ്ത സഹായങ്ങൾക്കു് പടത്തലവനോടുള്ള കടം ഒരിക്കലും ഞങ്ങൾ മറക്കുകയില്ല. "സഹായം" എന്നു ഞാൻ പറഞ്ഞതു തെറ്റിപ്പോയി. ക്ഷമിക്കണം. ഞങ്ങൾ കാരണം അദ്ദേഹം നഷ്ടം സഹിക്കാൻ ഇട ആകുകയില്ലെന്നു് ഞാൻ ഇതാ എന്റെ പൂണൂലിൽ പിടിച്ചു സത്യം ചെയ്യുന്നു.

സേതുവിനു് ആശ്വാസമായി, തൃപ്തി ആയി എന്നു നടിച്ചുകൊണ്ടു് "അതിലധികം അങ്ങെക്കൊണ്ടു് ആവില്ലെന്നു എനിക്കറിയാം. സ്വാമി ഉണർന്നാലുടൻതന്നെ ഞാൻ വിവരം ധരിപ്പിക്കാം. കഴിവുണ്ടെങ്കിൽ ശാസ്ത്രിമാരുമായി കൂടി ആലോചന നടത്താൻ സമ്മതിപ്പിക്കാം. അതിനു അശേഷം കൂട്ടാക്കുന്നില്ലെങ്കിൽ, അവർ, അല്ല, നിങ്ങൾ ഏതു തരത്തിലാണു് മുമ്പോട്ടു നീങ്ങേണ്ടതെന്നു് ഉപദേശം വാങ്ങി തരാമെന്നു ഞാൻ ഏല്ക്കാം.

കല്ലൂ:—അതിലധികം നിങ്ങളാലാവില്ലല്ലോ. എപ്പോഴേയ്ക്കു ഞാൻ ഇങ്ങോട്ടു വരണം?

സേതു:—എട്ടുപത്തു നാഴിക പകലുള്ളപ്പോൾ ഇങ്ങോട്ടിറങ്ങാൻ സൌകര്യപ്പെടുമോ. ഞാൻ അങ്ങോട്ടു വരാമായിരുന്നു. പക്ഷേ എപ്പോഴാണു് അദ്ദേഹം വിളിക്കുന്നതെന്നു് അറിഞ്ഞുകൂടാ. മനസ്സിനും ശരീരത്തിനും നല്ല സുഖമില്ലാത്തതുകൊണ്ടു് ശുണ്ഠി ഇപ്പോൾ കൂടുതലാണു്.

കല്ലൂ:—നിങ്ങൾ എന്തിനു ബുദ്ധിമുട്ടുന്നു. അശേഷം ആവശ്യമില്ല. എനിക്കിങ്ങോട്ടു വരാൻ യാതൊരു പ്രയാസവുമില്ല. എട്ടുപത്തു നാഴിക പകലുള്ളപ്പോഴേയ്ക്കു ഞാനിങ്ങു എത്താം. എന്നാൽ ഞാൻ പുറപ്പെടട്ടെ. ശാസ്ത്രിമാരും ഞങ്ങളുടെ ആളുകളും എന്നെ നോക്കിയിരിക്കയാണിപ്പോൾ.

കല്ലു൹ ഒരു അഞ്ചുനാഴിക പകലുള്ളപ്പോൾ പടത്തലവന്റെ മന്ദിരത്തിൽ എത്തി. സേതുവിനെ കാണ്മാൻ അധികസമയം കാത്തിരിക്കേണ്ടതായി വന്നില്ല. കണ്ടയുടനെ അയാൾ പറഞ്ഞു "ഉണരാൻ കുറെ വൈകി. സുഖമില്ലാത്തതുകൊണ്ടു് ശുണ്ഠി നന്നേ ഉണ്ടായിരുന്നു. നിങ്ങളുടെ സംഗതി ഞാൻ എടുത്തിടുന്നതിനു മുമ്പ് അദ്ദേഹത്തെ ശാന്തതപ്പെടുത്താൻ കഴിഞ്ഞു. അല്ലാതെ തന്നെ പറഞ്ഞിരുന്നെങ്കിൽ താനെ ശാന്തനാകുമായിരുന്നു എന്നു് തോന്നി. എൻെറ സംസാരത്തിൽ അദ്ദേഹത്തിനുണ്ടായ താല്പര്യം കണ്ടപ്പോൾ ...... .

കല്ലു:—സന്തോഷമായി. ശാസ്ത്രിമാർ എപ്പോൾ ഇങ്ങോട്ടു വരണമെന്നു പറഞ്ഞുവൊ.

സേതു:—മഹാ വിദ്വാന്മാരായ ശാസ്ത്രിമാക്കു എന്തെങ്കിലും ഉപദേശം കൊടുക്കാൻ താൻ യോഗ്യനല്ലെന്നും. അവർ സ്വീകരിക്കുന്ന ഏതു നടപടിക്കും ദേവന്മാരുടെ അനുഗ്രഹം ഉണ്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കല്ലു:—അപ്പോൾ?

സേതു:—അവർ എത്രയും വേഗത്തിൽ ചേരനെ കാണുകയാണു് വേണ്ടതു്. അപ്പോൾ എന്തൊക്കെയാണു് പറയേണ്ടതെന്നും, ഏതു രീതിയിലാണു് വത്തിക്കേണ്ടതെന്നും, വിദ്വൽശിരോമണികളായ ശാസ്ത്രിമാക്കു നിശ്ചയമുണ്ടായിരിക്കുമെന്നും അഭിപ്രായപ്പെട്ടു. അപേക്ഷിക്കുന്ന രീതിയിലല്ലാതെ, ഇന്നവിധം ചെയ്യണം എന്നു് നിദ്ദേശം നല്കുകയൊ ആവശ്യപ്പെടുകയൊ ചെയ്യുന്ന തരത്തിൽ, സഗൌരവം സംസാരിക്കാമെങ്കിൽ കൂടുതൽ ഫലം ഉണ്ടാകുമെന്നാണു് അദ്ദേഹത്തിൻെറ വിശ്വാസം എന്നാണു് ഞാൻ മനസ്സിലാക്കിയതു്.

കല്ലു:—ശാസ്ത്രിമാർ കെഞ്ചുകയും മററുമില്ല. വളരെ ഗൌരവമുള്ളവരാണു്.

സേതു:—ആ നില പാലിച്ചാൽ മതി. നാളെത്തന്നെ കാണാമൊ എന്നു നോക്കണം.

കല്ല്യ:—നോക്കാം. നാളെ കാണാൻ പററുമോ എന്നു സംശയമുണ്ട്. കാര്യക്കാരെ കാണാൻ അവസരം കിട്ടാനായിരിക്കാം കൂടുതൽ ബുദ്ധിമുട്ട്. ഞാൻ എത്രയും വേഗം മടങ്ങി എത്തണമെന്നു പറഞ്ഞാണയച്ചതു്. ശാസ്ത്രിമാർക്കു് അധിക ദിവസം ഇവിടെ താമസിക്കാൻ സൌകര്യമില്ലത്രെ. വിവരങ്ങൾ അപ്പഴപ്പോൾ അറിയിച്ചുകൊണ്ടിരിക്കാം.

# 13

അടുത്ത ദിവസം തന്നെ, ശാസ്ത്രിമാക്ക് പെരുമാളിനെ കാണാൻ അവസരം ആവശ്യപ്പെട്ടുകൊണ്ടു് ഒരു സന്ദേശം പെരുങ്കോയിലകത്തു് ലഭിച്ചു. മുഖം കാണിക്കുന്നതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ കിട്ടേണ്ടതുണ്ടു്. അവ കിട്ടിക്കഴിഞ്ഞാൽ തിരുമനസ്സറിയിക്കുന്നതാണു് എന്നു മറുപടിയും കൊടുത്തു. കാര്യക്കാരെ കണ്ടു കൂടുതൽ വിവരങ്ങൾ ധരിപ്പിക്കാൻ മൂന്നു ദിവസം കാക്കേണ്ടതായിവന്നു. അതിനകം കാര്യക്കാർ പെരുമാളുമായി ഈ കാര്യത്തെപ്പററി ഒന്നു രണ്ടു പ്രാവശ്യം സംസാരിക്കയുണ്ടായി.

പെരുമാൾ ചോദിച്ചു. "ആരൊക്കെയാണു് വരുന്നതു്? എന്തിനായിരിക്കാം." വയ്യാപുരിക്കു് എന്തു തോന്നുന്നു.

കാര്യക്കാരൻ:— പുറത്തു നിന്നു കുറെ ശാസ്ത്രിമാർ വന്നിട്ടുണ്ടു്. മുഖം കാണിക്കാൻ ആഗ്രഹിക്കുന്നു എന്നു മാത്രമാണു് അറിയിച്ചതു്. കൂടുതൽ വിവരങ്ങൾ അറിയേണ്ടതുണ്ടു്. അവ കിട്ടിക്കഴിഞ്ഞാൽ തിരുമനസ്സറിയിക്കാം എന്നു മാത്രം മറുപടി പറഞ്ഞയച്ചു. അടിയനെ അവർ ഇതുവരെ കണ്ടിട്ടില്ല.

പെ:—എന്തിനായിരിക്കാം അവർ വരുന്നതു്?

കാ: — ഇവിടുത്തെ ഏതാനും നമ്പൂരിമാർ ഏതാനും ദിവസങ്ങൾക്കു മുമ്പു് ഒരു കുത്തു കുത്തുപ്പു പ്രക്ഷോഭണം തുടങ്ങിയ വിവരം തിരുമനസ്സറിയിച്ചല്ലൊ. അവർ എവിടെല്ലാമോ തേടിപ്പിടിച്ചു കൊണ്ടുവന്നവരാണിവർ.

പെ:—ഇപ്പോൾ മുഖം കാണിക്കണമെന്നാവശ്യപ്പെടുന്നതു?

കാ:—ഈ വിദ്വാന്മാർ വരുന്നു എന്നു കേട്ടിട്ടോ അവർ വന്നു് നാലു വാക്കു പറയുമ്പോഴൊ, തമ്പുരാൻ അടിയറ പറഞ്ഞു പിൻമാറിക്കൊള്ളുമെന്നായിരിക്കാം അവർ വിശ്വസിക്കുന്നതു്.

പെ:—അതു് നന്നായിട്ടുണ്ട്. അവർ അങ്ങിനെ വിശ്വസിക്കട്ടെ. നമുക്ക് നമ്മുടെ വിശ്വാസത്തിൽ തുടരുകയും ചെയ്യാം, എന്നല്ലാതെ എന്താണു് പറയുക.

കാ:— ആലോചിച്ചു തീർച്ചപ്പെട്ടത്താനുണ്ടെങ്കിൽ അവസരം ഉണ്ടാവട്ടെ എന്നുവച്ചു് തിരുമനസ്സറിയിച്ചതാണു്. അവരുടെ ഉദ്ദേശവും ആവശ്യവും എന്താണെന്നു ധരിപ്പിക്കാൻ നാളെയൊ മററന്നാളൊ അവസരം കൊടുക്കാം. അവ അറിഞ്ഞശേഷം അവസരംപോലെ തിരുമനസ്സറിയിച്ചു വിവരം അറിയിക്കാമെന്നു പറഞ്ഞു വിടാം.

പെ:—ഉദ്ദേശം, അവരിൽ പ്രധാനി തന്നെ വയ്യാപുരിയെ ധരിപ്പിക്കുമൊ ?

കാ:— അങ്ങിനെ ആണു് വേണ്ടതെന്നു്, ഇപ്പോൾ, കല്പിച്ചപ്പോൾ തോന്നി. അല്ലാത്തപക്ഷം താൻ ഇതൊന്നും അറിഞ്ഞില്ലെന്നു നേതാവു് വാദിച്ചെങ്കിലൊ.

പെ:—അതു ശരിയാണു്. അയാളെ തന്നെ കണ്ടുകൊള്ളുക.

കാണാൻ രണ്ടു മൂന്നു നടപ്പു നടക്കുകയും കാര്യക്കാരെ കാത്തിരുന്നു മുഷിയുകയും ചെയ്തപ്പോഴേക്കു്, ശാസ്ത്രിമാരുടെ ഗർവ്വ് അല്പം കുറഞ്ഞു. കാണാൻ അവസരം നിഷേധിച്ചാൽ തന്നെ എന്തു ചെയ്യാനാണു്? ഇതേവരെ ഉണ്ടാക്കിയ ശബ്ദത്തിൽ കൂട്ടതലൊന്നും ഇനി ഉണ്ടാക്കാൻ പററുകയില്ല. നീളുന്നപക്ഷം സ്വപക്ഷീയരുടെ ഉശിരും ഉത്സാഹവും കുറയും എന്നു് ഇതിനകം തെളിഞ്ഞുകഴിഞ്ഞു. മുഖം കാണിക്കുന്നതു് എന്തിനാണെന്നു് നമ്പൂരിമാരിൽ ആരെങ്കിലുമൊ, ശാസ്ത്രിമാരിൽ ആരെങ്കിലും വന്നു തന്നോടു പറഞ്ഞാൽ പോരാ, അവരുടെ നേതാവു് തന്നെ വരണം എന്നു് കാര്യക്കാർ സകാരണം ധരിപ്പിച്ചപ്പോൾ, നേതാവിനു് ഫലനക്ഷയം സംഭവിക്കുന്നു എന്നു് അയാൾക്കും, സഹപ്രവത്തകക്കും, അനുയായികൾക്കും തോന്നാതിരുന്നില്ല.

ഏതായാലും നേതാവു്, സഹപ്രവത്തകരിൽ ഒരാളും. ഒരുമിച്ചു കാര്യക്കാരെ ചെന്നു കാണാൻ അനുവാദം കൊടുത്തു

ആഗതരായ ശാസ്ത്രിമാരെ ഉപചരിച്ച് ആസനസ്ഥരാക്കിയ ശേഷം, സംഭാഷണം ആവശ്യക്കാരാണ് ആരംഭിക്കേണ്ടതെന്നുള്ള തത്വമനുസരിച്ച് കാര്യക്കാർ മൌനം ദീക്ഷിച്ചു. ശാസ്ത്രിമാർ ഏതാനും സമയം കാത്തിരുന്നു. പിന്നീട്ട് പരസ്പരം നോക്കി. ഒടുവിൽ നേതാവ് തന്നെ പറഞ്ഞു. "ഇദ്ദേഹം ഭാട്ടബാണാചാര്യനാണ്. എന്റെ പേര് ഭാട്ടാചാര്യൻ എന്നാണ്."

കാണാൻ ഇടയായതിൽ സന്തോഷമുള്ള വിവരം കാര്യക്കാർ അവരെ ധരിപ്പിച്ചു. ഭാട്ടാചാര്യൻ പറഞ്ഞു:—ഞങ്ങൾ ആറുപേർ വളരെ ദൂരദിക്കുകളിൽ നിന്നു വന്നിരിക്കുന്നതു്, ചേരനെ കണ്ടു സംസാരിക്കുന്നതിനാണ്, അതിലേയ്ക്കു അവസരം തന്നാൽ ഉപകാരം; മടങ്ങാൻ ബദ്ധപ്പാടുണ്ട്.

കാര്യക്കാർ :—ആറ് ആളുകൾക്കു് മുഖം കാണിക്കാൻ ആറു ദിവസം കാത്തിരിക്കണമല്ലൊ. വളരെ ബദ്ധപ്പാടുണ്ടെങ്കിൽ തുടച്ച്യയായി ആറു ദിവസം മുഖം കാണിക്കാൻ അവസരം തരാൻ പററുമൊ എന്നു് ആലോചിക്കാം.

ഭാട്ടാ :—ഞങ്ങൾ ആറ് ആളുകൾക്കും ഒരുമിച്ച് അദ്ദേഹത്തെ കണ്ടു സംസാരിക്കയാണാവശ്യം.

കാ : — ഉവ്വൊ, ഇവിടുത്തെ സാധാരണ നടപ്പ് ഓരോരുത്തരെ മാത്രം അനുവദിക്കുകയാണ്.

ഭാട്ടാ :— ഞങ്ങൾ ഒരുമിച്ചു കാണേണ്ടതു് അത്യാവശ്യമാണ്. അതിനായിട്ടാണ് വളരെ ദൂരത്തു നിന്നു കഷ്ടപ്പെട്ടു യത്രചെയ്തു ഇവിടെ വന്നിരിക്കുന്നതു്.

കാ : —വിവരം തിരുമനസ്സുണത്തിക്കാം.

ഭാട്ട :— നാളെ തന്നെ കണ്ടാൽ കൊള്ളാമെന്നുണ്ട്.

കാ :— നാളത്തേയ്ക്കു കണ്ടു വിവരം ധരിപ്പിക്കാൻ പററുമൊ എന്നു നോക്കട്ടെ.

ഭാട്ട :—നിങ്ങൾക്കു് ഇന്നു കണ്ടു വിവരം ധരിപ്പിച്ചു കൂടായോ.

ഭാട്ടാചാര്യൻ അധികാര സ്വരത്തിലാണ് ചോദിച്ചത്. കാര്യക്കാൎക്ക് അതു രുചിച്ചില്ല. അതു പുറത്തു കാണിക്കാതെ പറഞ്ഞു "തമ്പുരാൻെറ അവസരം പാൎക്കുകയും കല്പന ആദരിക്കുകയും ചെയ്യുകയാണല്ലൊ എൻെറ ചുമതല."

ശബ്ദത്തിലൊ വാക്കിലൊ ഭാവത്തിലൊ മാററം ഒന്നുമുണ്ടായിരുന്നില്ലെങ്കിലും കാര്യക്കാർ, തന്നെ അൎഹിക്കുന്ന വിധം ശാസിക്കയാണ് ചെയ്തതെന്നു സമൎത്ഥനായ ഭാട്ടാചാര്യൻ മനസ്സിലാക്കി പറഞ്ഞു —ബദ്ധപ്പാടുള്ളതുകൊണ്ട്, എത്രയും വേഗത്തിൽ മുഖം കാണിക്കാൻ അവസരം കിട്ടിയാൽ കൊള്ളാമെന്നു വച്ച് ചോദിച്ചതാണ്, തെററിദ്ധരിച്ചു......"

കാ :— തെററിദ്ധാരണ ഒന്നുമില്ല. വരുന്നവൎക്ക എല്ലാവൎക്കും തന്നെ ബദ്ധപ്പാടുണ്ടായിരിക്കയാണ് പതിവ്. പക്ഷെ ഇവിടുത്തെ ചട്ടങ്ങളും നടപടികളുടെ രീതിയും ഉപേക്ഷിക്കാനൊ അവഗണിക്കാനൊ നിവൃത്തിയില്ലല്ലൊ. അങ്ങിനെ ചെയ്യാൻ തുടങ്ങിയാൽ എന്നും തന്നെ വേണ്ടതായി വരാം.

ഭാട്ടാ :— അപ്പോൾ?

കാ :— തമ്പുരാനെ നാളെ കണ്ടു വിവരം ധരിപ്പിക്കാൻ പററുമൊ എന്നു നോക്കട്ടെ.

ശാസ്ത്രിമാർ ആ മറുപടി കൊണ്ട് തൃപ്തിപ്പെട്ടു മടങ്ങി. പിറെറന്നാൾ കാര്യക്കാർ പെരുമാളിനെ കണ്ടു ശാസ്ത്രിമാർ വന്ന വിവരം ധരിപ്പിച്ചു. "അവൎക്ക വളരെ ബദ്ധപ്പാടുണ്ട്. ആറു ശാസ്ത്രിമാർ വന്നിട്ടുണ്ട്. ഇന്നു തന്നെ എല്ലാവൎക്കും ഒരുമിച്ച് മുഖം കാണിച്ചു സംസാരിച്ചാൽ കൊള്ളാം. അതിന് അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നാവശ്യപ്പെട്ടു. ഇവിടുത്തെ സാധാരണ പതിവ്, ഓരോരുത്തർ മുഖം കാണിക്കാൻ അനുവദിക്കയാണെന്നും അപ്പോൾ ആറു ദിവസമെങ്കിലും താമസം വരുമെന്നും, ആറ് ആളുകളെ ഒരുമിച്ചു കാണാൻ സൌകൎയ്യപ്പെടുമൊ എന്നു തിരുമനസ്സുണൎത്തിച്ചു മറുപടി കൊടുക്കാമെന്നും പറഞ്ഞു. അവർ വള

രെ ദൂരം യാത്രചെയ്തു കഷ്ടപ്പെട്ടാണ് ഇവിടെ എത്തിയതു്. ആറാളും ഒരുമിച്ചു കണേണ്ടതാവശ്യമാണെന്ന് എന്നു് ശാസ്ത്രിമാർ പറഞ്ഞു.

പെരുമാൾ :—എന്തിനാണെന്നു ചോദിച്ചുവൊ.

കാര്യ്യ :—ഇല്ല. ഓക്കാതിരുന്നിട്ടല്ല. നാളെയൊ മററന്നാളൊ വരുമ്പോൾ ആ വിവരം കൂടെ അറിയണമെന്നു കല്പിച്ചു എന്നു പറയാം. വിവരം അറിഞ്ഞ ശേഷം ഒരവധി വച്ചു് വിടാം.

പെരു :—എന്തിനവരെ അങ്ങിനെ കഷ്ടപ്പെടുത്തുന്നു. പറഞ്ഞയച്ചുകളയുകയല്ലെ നന്നു്.

കാര്യ്യ :— അവക്കൊരു കഷ്ടപ്പാടുമില്ല. നല്ല ഒന്നാംതരം സദ്യ രണ്ടുനേരവും ഉണ്ടു്. പ്രഥമൻ രണ്ടും മൂന്നും തരം. അതെല്ലാം ഉണ്ടു് അങ്ങിനെ കൂടിയിരിക്കയാണു്. സങ്കടനിവൃത്തിക്കു് ദീപാരാധനയും ഗാനവും അത്യാവശ്യമാണെന്നു നമ്പൂരിമാരെ ധരിപ്പിച്ചിട്ടുണ്ടു്. അവർ ദീപത്തിനു ചുററിലും നടന്നു് ആട്ടവും പാട്ടും നടത്തുന്നതു്, ഈ ശാസ്ത്രിമാർ സുഖമായിരുന്നു കാണും. ചുവട്ടവയ്പു് മുറുക്കുന്നതിനു് ഇടയ്ക്കിടെ ആജ്ഞ നൽകും. നമ്പൂരിമാർ തളന്നു വീഴുന്നതു വരെ, ദീപാരാധന നടന്നുകൊണ്ടിരിക്കുകയാണു്. ഗാനത്തിൻെറ ശബ്ദവും, ചുവട്ടവയ്പിൻെറ വേഗതയും, സംരംഭത്തിൻെറ വിജയവും തമ്മിൽ സാരമായ ബന്ധമുണ്ടെന്നു നമ്പൂരിമാർ വിശ്വസിക്കുന്നു എന്നു തോന്നുന്നു. അതുകൊണ്ടു് ഒട്ടധികം ഒച്ച വയ്ക്കുകയും ആയാസപ്പെടുകയും ചെയ്യുന്നുണ്ടു്. നമ്പൂരിമാർ ആ പണി കുറെ ദിവസംകൂടി ചെയ്തു്, വിജയം വരിക്കാൻ ശ്രമിക്കുന്നതിനു് അനുവദിക്കണമല്ലൊ എന്നോത്തു. ശാസ്ത്രിമാക്കു നല്ല സദ്യ മുറയ്ക്കു കിട്ടുന്നതുകൊണ്ടു് അവക്കു ബുദ്ധപ്പാടൊന്നും കാണുകയില്ല. വേഗത്തിൽ മടങ്ങിപ്പോകണമെന്നു പറയുന്നതു പൊളി ആയിരിക്കും. ദീർഘയാത്രയിൽ ഉണ്ടായ കഷ്ടപ്പാടൊക്കെ പോക്കാൻ ഇതു നല്ലൊരു താവള

മായിട്ടുണ്ട്. അടിയൻ പറഞ്ഞു എന്നെയുള്ളു. കല്പന പോലെ എപ്പോൾ വേണമെങ്കിലും......

പെ :—അങ്ങിനെയല്ല. ആ സൊല്ല അങ്ങു തീർത്തുകളയാം എന്നു തോന്നി അത്രേയുള്ളൂ. അവർ വേദം സംബന്ധിച്ച് വാദത്തിനൊ തർക്കത്തിനൊ ഒരുങ്ങി ആയിരിക്കുമൊ വരുന്നത്.

കാ :—ഏതു വിധമെങ്കിലും, തിരുമേനി ചെയ്തതു തെററിപ്പോയി എന്നു വരുത്താനായിരിക്കുമല്ലൊ അവരുടെ ശ്രമം.

പെ :—അങ്ങിനെ ആവാനാണ് ന്യായം. അപ്പോൾ എന്തു നയമാണ് സ്വീകരിക്കേണ്ടതെന്ന് ആലോചിച്ചു തീർച്ചപ്പെടുത്തിയതിനു ശേഷം അവരെ കാണുകയായിരിക്കും നന്ന്.

കാര്യക്കാർ മുമ്പുതന്നെ ആ അഭിപ്രായക്കാരനാണല്ലൊ. വന്ന വരവിനു തന്നെ പെരുങ്കോയിലകത്തു കടന്ന് തർക്കമൊക്കെ തട്ടിത്തകർത്ത് വിജയക്കൊടി നാട്ടി മടങ്ങിപ്പോകാൻ വന്നിരിക്കുന്നവർ, കുറെ ദിവസം കാത്തു കിടക്കുമ്പോൾ ഗർവൊട്ടൊതുങ്ങുമെന്നാണ് കാര്യക്കാരുടെ അഭിപ്രായം. അതിനോട്ട് യോജിച്ചതുകൊണ്ടല്ലെങ്കിലും, പെരുമാളും ധൃതികൂട്ടേണ്ടെന്നു വച്ചതു് കാര്യക്കാർക്ക് സന്തോഷമായി.

ഒരു ദൂതനെ പെരിങ്കോയിലകത്തു് അയച്ചു കാര്യക്കാരുടെ മറുപടി അറിയാം എന്നു ശാസ്ത്രിമാരിൽ ഒരാൾ പിറേറന്നാൾ അഭിപ്രായപ്പെട്ടു. കാര്യക്കാരുമായി നടത്തിയ അഭിമുഖ സംഭാഷണത്തിൽനിന്ന് കാര്യങ്ങളുടെ ഗതി ഏതാണ്ടു ശരിക്കു മനസ്സിലാക്കിയ ഭാട്ടാചാര്യൻ ആ അഭിപ്രായം സ്വീകരിച്ചില്ല. അദ്ദേഹവും, ആദ്യം പോയ സമയം കൂടെ ഉണ്ടായിരുന്ന ഭാട്ടബാണനും കൂടെ പോയി കാര്യക്കാരെ കാണുക എന്നാണ് ഭാട്ടാചാര്യൻ തീർച്ചപ്പെടുത്തിയതു്. ശാസ്ത്രിമാരെ സ്വീകരിച്ച് ആസനസ്ഥരാക്കിയ ശേഷം കാര്യക്കാർ പറഞ്ഞു "തിരുമനസ്സുകൊണ്ടു് മുഖം കാണിക്കാൻ അനുവദിച്ചു"

ബാണാചാര്യൻ :—ഇന്നുതന്നെ.........

കാ :—അല്ല.

ബാണ :—നാളെ രാവിലെ സാധിക്കുമൊ.

കാര്യ :—നിങ്ങൾ ആരൊക്കെയാണു മുഖം കാണിക്കാൻ ആഗ്രഹിക്കുന്നതു്. എന്തൊക്കെ ഉണർത്തിക്കണമെന്നു ഉദ്ദേശിക്കുന്നു; ഈ വിവരങ്ങൾ രേഖപ്പെടുത്തി തന്നാൽ തിരുമനസ്സറിയിച്ചു ദിവസവും സമയവും തീർച്ചപ്പെടുത്താം.

ഭാട്ട :—ഞങ്ങളുടെ സന്ദർശനോദ്ദേശം ഞാൻ പറഞ്ഞുവല്ലൊ.

കാ :—അതു പോരാ. വിശദമായി രേഖപ്പെടുത്തി തരണം.

ഭാട്ട :—അങ്ങിനെയെങ്കിൽ നാളെ ഇവിടെ എത്തിക്കാം. അല്ല ഞാൻ തന്നെ വരണമെങ്കിൽ......

കാ :—അങ്ങു് തന്നെ വരേണ്ട ആവശ്യമില്ല.

ഭാട്ട :—നാളെ വിവരങ്ങൾ തന്നാൽ മററന്നാൾ കാണാൻ സൌകര്യപ്പെടുമായിരിക്കുമല്ലൊ.

കാ :—അതു തീരുമാനിക്കേണ്ടതു് തമ്പുരാൻ ആണു്. നിങ്ങൾക്കു് എന്താണിത്ര ബദ്ധപ്പാടു്? താമസത്തിനു വേണ്ട എല്ലാ സൌകര്യങ്ങളും ഇവിടുത്തെ ബ്രാഹ്മണർ ഏർപ്പെടുത്തിയിട്ടുണ്ടു്. നിങ്ങളുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന ദീപപ്രദിക്ഷണവും ബ്രഹ്മസ്തുതിയും പൊടിപൊടിക്കുന്നു. നിങ്ങൾ മടങ്ങിപ്പോയാൽ അവരുടെ ഉത്സാഹം പൊലിഞ്ഞുപോകും. ഒക്കെക്കൂടെ ആലോചിച്ചാൽ നിങ്ങൾ കുറെ ദിവസം ഇവിടെ താമസിക്കയാണു വേണ്ടതെന്നു് സമ്മതിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

ഭാട്ടാചാര്യൻ കാര്യക്കാരുടെ അഭിപ്രായപ്രകടനത്തെപ്പററി ഒന്നും പറയാതെ "ഞങ്ങളുടെ സന്ദർശനോദ്ദേശം നാളെത്തന്നെ രേഖാമൂലം അറിയിച്ചുകൊള്ളാം. മുഖം കാണിക്കുന്നതു എന്നാണെന്നറിയാൻ മററന്നാൾ ഒരാളെ അയച്ചാൽ മതി എന്നൊ" എന്നു ചോദിച്ചു.

അതു ധാരാളം മതി. വിവരം പറഞ്ഞയയ്ക്കാം എന്നു കാര്യക്കാർ സമ്മതിച്ചു ശാസ്ത്രിമാർ രണ്ടുപേരും മടങ്ങി.

പിറെറന്നാൾ ഒരു നമ്പൂരിയും ഒരു പരദേശിയും കൂടെ ചെന്നു് സന്ദർശനോദ്ദേശം വിശദമായി രേഖപ്പെടുത്തിയ ഒരു സന്ദേശം കാര്യക്കാരെ കണ്ടു് കൈയിൽ കൊടുത്തു. അടുത്ത ദിവസം ആ നമ്പൂരിയും പരദേശി ശാസ്ത്രിയും കൂടെ വിവരം അറിയുന്നതിനു പെരിങ്കോയിലകത്തു ചെന്നു. കാര്യക്കാരെ കാണാൻ അവർ വളരെ സമയം കാത്തു നില്ക്കേണ്ടതായി വന്നില്ല. കണ്ട ക്ഷണത്തിൽ തന്നെ കാര്യക്കാർ പറഞ്ഞു. "ഇന്നു തിങ്കളാഴ്ചയാണല്ലൊ. അടുത്ത വെള്ളിയാഴ്ച പത്തു നാഴിക പകലുള്ളപ്പോൾ ശാസ്ത്രികൾ ആറുപേക്കും ഒരുമിച്ചു് തിരുമേനിയെ കാണാൻ അനുവദിച്ചിട്ടുണ്ടു്. വിവരം അവരെ ധരിപ്പിക്കണം. "

"അവിടെ നടക്കുന്ന സംഭാഷണവിവരങ്ങൾ കുറിച്ചെടുക്കുന്നതിനു് ഒരാൾകൂടി വരുന്നതിനു വിരോധമുണ്ടോ എന്നു ചോദിച്ചറിയണമെന്നു ഭാണാചാര്യൻ പറഞ്ഞു"

കാ :—"അതിനു മറുപടി വേണമെങ്കിൽ നാളെ തരാൻ നോക്കാം. അപ്പോൾ വെള്ളിയാഴ്ചത്തെ മുഖം കാണിക്കൽ മാററി വയ്ക്കേണ്ടതായി വരാനാണെളുപ്പം".

ശാ :—എന്നാൽ ഒരു എഴുത്തുകാരൻ കൂടെ വരുന്ന സംഗതി വേണ്ടെന്നു വച്ചുകൊള്ളാം. വെള്ളിയാഴ്ച പത്തുനാഴിക പകലെ ശാസ്ത്രിമാർ ഇവിടെ എത്തും.

"കൊള്ളാം" എന്നു കാര്യക്കാരും പറഞ്ഞു. ശാസ്ത്രിമാക്കു സന്ദർശനാനുവാദം കൊടുത്തതിൻെറ പിറേറ ദിവസം കാര്യക്കാരുമായി പെരുമാൾ, സന്ദർശനത്തെപ്പററി സംസാരിക്കയുണ്ടായി.

ക്ഷണത്തിൽ ഒന്നും തീച്ചപ്പെടുത്തുന്ന കൂട്ടത്തിലല്ല വാനവരമ്പൻ. ഒരിക്കൽ ഒന്നു തീച്ചപ്പെടുത്തിക്കഴിഞ്ഞാൽ അതിന്മേൽ ഉറച്ചു നില്ക്കാനുള്ള കഴിവു് ധാരാളമുണ്ടു്. സമര രംഗത്തു് ശത്രുവിനെ അഭിമുഖീകരിക്കുമ്പോൾ മാത്രം അദ്ദേഹത്തിൻെറ ഭാവം പകരുന്നു. കുഞ്ഞാടിനെപ്പോലെ

ശാന്തനായിരുന്ന ആൾ സിംഹത്തെക്കാൾ ക്രൂരനായി മാറുന്നു. അതുപോലെ തന്നെയാണ്, ഗാഢമായി ആലോചിച്ചു ചെയ്ത ഒരു തീരുമാനം തെററിപ്പോയി, മാററണം എന്നാവശ്യപ്പെട്ടപ്പോൾ ഉണ്ടാകുന്ന രൂപാന്തരവും. തെററി എന്നു ബോദ്ധ്യപ്പെട്ടാൽ മടികൂടാതെ അതു തിരുത്തും. ബോദ്ധ്യപ്പെടുത്താതെ ചെയ്ത തീരുമാനം മാററണം എന്ന് ആവശ്യപ്പെടാൻ ഇപ്പോൾ ആരും ധൈര്യപ്പെടാറില്ല. ശാസ്ത്രിമാർ വന്നു വാദിച്ച് തൻെറ നിലപാട് തെററാണെന്നു ബോദ്ധ്യപ്പെടുത്തിയാലും, സ്വീകരിച്ച നില മാററുകയില്ലെന്ന് അദ്ദേഹം വച്ചിട്ടില്ല. ആറു ഭാട്ടന്മാർ ഒരുമിച്ചുവന്നു കണ്ട് ഭീഷണിപ്പെടുത്തി ഒന്നും സാധിക്കാൻ പോകുന്നില്ലെന്നു മാത്രം അദ്ദേഹം ഉറച്ചിട്ടുണ്ട്.

ശാസ്ത്രിമാർ സമയത്തിന് അല്പം മുമ്പുതന്നെ ഹാജർ കൊടുത്തു. കൃത്യ സമയത്ത് കാര്യക്കാർ അവരെ പെരുമാൾ സന്നിധിയിലേയ്ക്കു ആനയിച്ചു. കുശലപ്രശ്നങ്ങൾ, വളരെ ലോഹ്യമായ രീതിയിൽ തന്നെ അദ്ദേഹം നടത്തി.

അപ്പോൾ, ശാസ്ത്രിമാരുടെ നേതാവായ ഭാട്ടാചാര്യൻ, ആദ്യം അദ്ദേഹത്തിൻെറ പേരും, പിന്നീട്ട ഭാട്ടബാണൻ, ഭാട്ടവിജയൻ, ഭാട്ടമയൂരൻ, ഭാട്ടഗോപാലൻ, ഭാട്ടനാരായണൻ എന്നിവരുടെ പേരുകളും, അവരുടെ സ്ഥാനമനുസരിച്ച് പറഞ്ഞു പെരുമാളുമായി പരിചയപ്പെടുത്തി.

ഭാട്ടാചാര്യനാണ് സംഭാഷണം ആരംഭിച്ചത് "അങ്ങേയ്ക്ക് രാജ്യഭരണ സംബന്ധമായും മററും വളരെ അധികം ജോലികൾ ഉള്ളതുകൊണ്ട് അധികസമയം ഞങ്ങളോടൊന്നിച്ചു ചെലവാക്കാൻ നിവൃത്തിയില്ലെന്ന് അറിയാം. അതുകൊണ്ട് ആമുഖമൊന്നും കൂടാതെ ഞങ്ങൾ വിഷയത്തിലേയ്ക്കു കടക്കുകയാണ്. ഞങ്ങളുടെ സന്ദർശനത്തിൻെറ ഉദ്ദേശം എന്താണെന്ന് ഇന്നലെ രേഖപ്പെടുത്തി അയച്ചിരുന്നുവല്ലൊ"........

പെ :—"ഞാൻ ഇടയ്ക്കു കേറിപറയുന്നതു് ക്ഷമിക്കണെ. നിങ്ങളുടെ സന്ദേശത്തിൽ യാത്രോദ്ദേശമെന്നു കാണിച്ചിരിക്കുന്നതു് വളരെ അവ്യക്തമാണെന്നു പ

റയാതെ കഴിവില്ല. വ്യക്തമായി അറിയിച്ചശേഷം തമ്മിൽ കാണാം എന്നു മറുപടിതന്നാൽ, നിങ്ങൾ ഇനിയും പല ദിവസങ്ങൾ കാത്തു കിടക്കേണ്ടതായി വരുമെന്നുവച്ചാണു്, ഇന്നു കാണുന്നതിനു സമ്മതിച്ചതു്. അതുകൊണ്ടു് സന്ദർശനത്തിൻെറ ഉദ്ദേശം തെളിച്ചുതന്നെ പറയണം".

ഭാട്ടാ:—"ഇവിടുന്നു ബൌദ്ധമതം പ്രാപിച്ചതു് ശരിയായില്ല. അതിനാവശ്യവും ഉണ്ടായിരുന്നില്ല എന്നു ധരിപ്പിക്കുന്നതിനാണു് ഞങ്ങൾ വന്നിരിക്കുന്നതു്".

പെ:—അപ്പോൾ നിങ്ങൾ തെററിദ്ധരിച്ചാണു് വന്നതെന്നു വ്യക്തം. ബൌദ്ധമതം എന്നു നിങ്ങൾ പറഞ്ഞു. ശ്രീബുദ്ധൻ സ്ഥാപിച്ച മതം ഞാൻ സ്വീകരിച്ചില്ല. ബൌദ്ധമതം എന്നതിനു്, അശേഷം നീതീകരിക്കാൻ പാടില്ലാത്ത മറെറാരത്ഥവും ആരോ കൊടുത്തിട്ടുണ്ടു്. അതായതു നിരീശ്വര മതമെന്നു്. അത്ഥം തെറെറാ ശരിയൊ എന്നു തീരുമാനിക്കുന്നതിനല്ല നാം ഇവിടെ കൂടിയിരിക്കുന്നതു്. അതുകൊണ്ടു് അതിലേയ്ക്കു കടക്കേണ്ടതില്ല. ഞാൻ നിരീശ്വര മതത്തിൽ ചേന്നു എന്നു നിങ്ങൾ ധരിച്ചു എങ്കിൽ അതും സവ്വാബദ്ധമാണു്. ഞാൻ സ്വീകരിച്ച മതമാണു് ശരിയായ മതം. സ്നേഹ മൂത്തിയായ ദൈവം, നാശത്തിലേയ്ക്കു കുതിച്ചു പായുന്ന മനുഷ്യവഗ്ഗത്തെ രക്ഷിക്കാൻ തൻെറ പുത്രനെ മനുഷ്യനായി ഭൂലോകത്തിലേക്കയച്ചു. മനുഷ്യർ നാശത്തിലേയ്ക്കാണു് പായുന്നതെന്നു അദ്ദേഹം നേരിട്ടറിഞ്ഞു. ലോകത്തിൽ മനുഷ്യനായി അവതരിച്ച ദൈവത്തെ മനുഷ്യർ നിഷ്കരുണം കൊന്നു. അദ്ദേഹം മൂന്നാം ദിവസം ഉയിത്തു. ഇന്നും എന്നും ലോകത്തിനും മനുഷ്യക്കും വേണ്ടി പിതാവിൻെറ അടുക്കൽ മദ്ധ്യസ്ഥനായി ഇരിക്കുന്നു. മനുഷ്യാവതാരകാലത്തു് എന്തെല്ലാം അനുഭവിക്കേണ്ടതായി വരുമെന്നു അറിഞ്ഞുകൊണ്ടു തന്നെ വന്ന ദൈവം—

ദൈവപുത്രൻ—ലോകത്തേയും മനുഷ്യരെയും രക്ഷിപ്പാൻ, അവരുടെ പാപങ്ങൾക്കു അറുതി വരുത്താൻ തന്നെത്താൻ ബലിയായി അർപ്പിച്ചു. ആ വിധം ലോകത്തെ രക്ഷിച്ച, സ്നേഹമൂർത്തിയായ ആ ദൈവത്തെ സ്വീകരിച്ചിരിക്കുന്ന ഞാൻ ബൌദ്ധനാണെന്നു പറയുന്നതു് സർവ്വാബദ്ധമല്ലേ ? എന്റെ മതം ജീവനുള്ള ദൈവത്തിന്റെ മതമാണു്. നിങ്ങളുടെ മതമൊ ? കരിങ്കല്ലു കൊണ്ടോ, ലോഹം കൊണ്ടോ മനുഷ്യൻ നിർമ്മിച്ച ജീവനില്ലാത്ത ദൈവങ്ങളുടെ മതം. അതാണു് നിരീശ്വരമതം. എനിക്കു പറയാനുള്ളതു്—നിങ്ങൾ തെററു മനസ്സിലാക്കി എന്റെ കൂടെ വന്നു് ജീവനുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ആഴം അനുഭവിച്ചറിയണമെന്നാണു്.

ഭാട്ടാചാര്യൻ പറഞ്ഞു "അങ്ങയുടെ ദൈവം ജീവനുള്ള ദൈവമാണെങ്കിൽ, ആ ദൈവത്തിന്റെ പുത്രനെ എങ്ങിനെ കൊല്ലാൻ സാധിച്ചു ? സ്നേഹമൂർത്തിയായ ദൈവത്തെയൊ പുത്രനെയൊ മനുഷ്യർ കൊന്നു എന്നു പറഞ്ഞല്ലൊ. സ്നേഹമൂർത്തി ആയിരുന്നെങ്കിൽ അദ്ദേഹത്തെ ആരും കൊല്ലുകയില്ലായിരുന്നു. ജീവനുള്ള ദൈവത്തിന്റെ പുത്രനായിരുന്നു എങ്കിൽ മരിക്കുകയുമില്ലായിരുന്നു......"

പെ :—മരിച്ചു് മരണത്തെ കീഴടക്കി ഉയിർത്തു് സ്വർഗ്ഗത്തിൽ വസിക്കയാണദ്ദേഹം......

ഭാട്ട :—സ്വർഗ്ഗത്തിൽ ഉണ്ടെന്നു നാം എങ്ങിനെയാണു് അറിയുന്നതു്......

പെ :—സ്വർഗ്ഗം ഉണ്ടെന്നു നിങ്ങളും സമ്മതിക്കുന്നു. കണ്ടിട്ടുണ്ടോ ? എങ്ങിനെ അറിഞ്ഞു ? ഇനി നിങ്ങൾ പറയുന്നതിനിടയ്ക്കും, പറഞ്ഞു കഴിഞ്ഞും വാദം പുറപ്പെടുവിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഒന്നു് ഇപ്പോൾ തന്നെ തീർച്ചപ്പെടുത്തണം. നിങ്ങൾക്കു് എത്ര സമയം വേണമെന്നു്.

ഭാട്ട :—ഞങ്ങൾക്കു് ആറു ദിവസം വേണം.

പെ :—രാജ്യത്തിന്റെയും ജനങ്ങളുടെയും രക്ഷയ്ക്കു ചുമതലപ്പെട്ട എനിക്കു് നിങ്ങളുടെ സംഭാഷണം കേൾക്കു

ന്നതിലേയ്ക്കു് ആറു ദിവസം മാററിവയ്ക്കാൻ നിവൃത്തിയില്ല. അങ്ങിനെയെങ്കിൽ ഇപ്പോൾ തന്നെ സംഭാഷണം അവസാനിപ്പിച്ചുകളയാം.

ശാസ്ത്രിമാർ വാദിച്ചു. പലപ്പോൾ തമ്മിൽ തമ്മിൽ ആലോചിച്ചു. അഞ്ച് ദിവസം, നാലു്, മൂന്നു് എന്നിങ്ങനെ കീഴ്പ്പോട്ടിറങ്ങി. രണ്ടു ദിവസം എന്നായപ്പോൾ പെരുമാൾ പറഞ്ഞു "ഇന്നും നാളെ പത്തു നാഴിക പകൽ മുതൽ സന്ധ്യവരെയും ഉള്ള സമയം അനുവദിക്കാം" എന്നു്. ശാസ്ത്രിമാർ ഗത്യന്തരമില്ലായ്കയാൽ സമ്മതിച്ചു.

ഭാട്ടാചാര്യൻെറയും ഭാട്ടബാണൻെറയും, ഭാട്ടവിജയൻെറയും, ഭാട്ടമയൂരൻെറയും പ്രഭാഷണം അന്നു തീർത്തു. പിറെറന്നാൾ പത്തു നാഴിക പകലുള്ളപ്പോൾ ശാസ്ത്രിമാർ ഹാജരായി. പെരുമാളും തയ്യാറായിരുന്നു. ഭാട്ടഗോപാലനും ഭാട്ടനാരായണനും അവക്കു പറയാനുള്ളതെല്ലാം പറഞ്ഞു. പെരുമാൾ എല്ലാം മൌനമായിരുന്നു കേട്ടു.

ഒടുവിൽ ഭാട്ടാചാര്യൻ പെരുമാളിനോടു പറഞ്ഞു "അങ്ങയുടെ ഗുരുവായ ആ ജ്ഞതനെ വരുത്തിയാൽ ഞങ്ങൾ തക്കിച്ചു്, അങ്ങയുടെ നില തെററാണെന്നു കാണിച്ചുതരാം-മനസ്സിലാക്കിത്തരാം.

പെ:—എൻെറ ഗുരുവിനു തക്കത്തിനും വാദത്തിനും അശേഷം സമയമില്ല. അദ്ദേഹം ഏററ ജോലി ചെയ്തു തീക്കാൻ ബദ്ധപ്പെട്ടു പാഞ്ഞു നടക്കുകയാണു്. അദ്ദേഹത്തെക്കൊണ്ടും അദ്ദേഹത്തിൻെറ ദൈവത്തെക്കൊണ്ടും എന്തെല്ലാം സാധിക്കുമെന്നു്, നിങ്ങളെ ഇവിടേയ്ക്കു കൂട്ടിക്കൊണ്ടുവന്ന പാലയൂർ നമ്പൂരിമാക്കു തന്നെ അറിയാം. പിന്നെന്തിനു് ഇനി അദ്ദേഹത്തെ ബുദ്ധിമുട്ടിക്കുന്നു. അദ്ദേഹത്തിൻെറ ജോലി മുടക്കുന്നു?

ശാസ്ത്രിമാർ വീണ്ടും വീണ്ടും പ്രഭാഷണം നടത്തി. അവക്കു് അനുവദിച്ച സമയം തീന്നു.

" അല്ലയോ പെരുമാൾ എന്തായീയബദ്ധം കാട്ടിയതു് " എന്നു ആറുപേരും ഒരുമിച്ചു ചോദിച്ചാണു് അവർ സംഭാഷണം അവസാനിപ്പിച്ചതു്.

എല്ലാം വളരെ ശാന്തമായി കേട്ടുകൊണ്ടിരുന്ന പെരുമാൾ പുഞ്ചിരി തൂകിക്കൊണ്ടു് പറഞ്ഞു. " ഇതത്രെ നേരായതു് "

ശാസ്ത്രിമാർക്കു് മതിയായി! അവർ യാത്രപറഞ്ഞു പിരിഞ്ഞു.

നാലു ദിവസങ്ങൾ കഴിഞ്ഞു. അപ്പോഴും നമ്പൂരിമാർ കൂടി ആട്ടവും കോലാഹലവുമായി തുടരുകയാണെന്നു് കാര്യക്കാർ അറിഞ്ഞു. ശാസ്ത്രിമാരുടെ ദൌത്യം ഫലപ്രദമാകാതെ വന്നതിൽ അവർക്കു് പെരുമാളോടു് അത്യധികമായ വിദ്വേഷം ഉള്ള ഭാവമൊന്നും അവർ പെരിങ്കായിലകത്തു നിന്നും പോകുന്നതിനു മുമ്പു് അല്പം പോലും കാണിക്കയുണ്ടായില്ല. മറിച്ചു് വളരെ സൌഹാർദ്ദമായി കാര്യക്കാരോടും മററും സംസാരിക്കയും ചെയ്തു. എന്നാൽ പ്രക്ഷോഭണം തുടൻു കൊള്ളണം, ഇന്നല്ലെങ്കിൽ നാളെ വിജയം കൈവരും സംശയിക്കാനൊന്നുമില്ല, എന്നു് അവർ നമ്പൂരിപ്രധാനന്മാർക്കു ഉപദേശം നല്കി എന്നു് ചാണക്യൻ ഉറപ്പിച്ചു പറയുന്നുണ്ടു്. അയാൾക്കു ആ അറിവു് എങ്ങിനെ കിട്ടി എന്നു് കാര്യക്കാർ ചോദിച്ചിട്ടു പോലും ശരിയായ മറുപടി കൊടുത്തില്ല. അഞ്ചാം ദിവസവും നമ്പൂരിമാർ, ശാസ്ത്രിമാരെ കൂടാതെ ദീപപ്രദിക്ഷണവും ബ്രഹ്മസ്തുതിഗാനവും നടത്തിത്തുടങ്ങി. കാര്യക്കാർ ചാണക്യനുമായി ആലോചിച്ചു. ഇനി മൌനം ദീക്ഷിക്കുന്നതു് ബലഹീനതയുടെ ലക്ഷ്യമായി പൊതുജനങ്ങൾ പരിഗണിക്കും! എന്തെങ്കിലും നടപടി നടത്തണം എന്നുള്ളതിൽ രണ്ടാളും യോജിച്ചു. എന്തു നടപടിയാണു് സ്വീകരിക്കേണ്ടതു്? തമ്പുരാനെ ഇക്കാര്യത്തിൽ അലട്ടേണ്ടതില്ലെന്നു ആദ്യം അഭിപ്രായമുണ്ടായി. പടത്തലവനോടു് ആലോചിക്കുന്ന സംഗതി ഓർക്കാനേ ഇല്ല. പടനായകന്മാരോടാലോചിച്ചതുകൊണ്ടു് പ്രയോജനം ഉണ്ടാവാനില്ലെന്നും രണ്ടാൾക്കും അറിയാം. ഒടുവിൽ പെരുമാളിനെ അറിയിച്ചു കല്പന വാങ്ങുകയാണു് ഉത്തമം,

രണ്ടാളും ഒരുമിച്ചു മുഖം കാണിക്കുക, കാൎയ്യക്കാരൻ വിവരങ്ങൾ ധരിപ്പിക്കുക, ചാണക്യൻ പിൻബലം നല്കുക, എന്നിങ്ങനെയാണ് അവർ തീരുമാനിച്ചതു്. നമ്പൂരിമാർ കുറെ ശബ്ദമുണ്ടാക്കിയതുകൊണ്ടു് ഒരു ചുക്കും വരാനില്ലെങ്കിലും, അവർ ഈ വിധം തോന്നിയവാസം കാണിക്കാൻ അനുവദിക്കുന്നതു് പെരുമാളിൻെറ പ്രശസ്തിയെ സ്പൎശിക്കുമെന്നു് അവൎക്കു ഭയമുണ്ടു്. ഇപ്പോഴത്തെ മനഃസ്ഥിതിയിൽ, "നമ്പൂരിമാർ കുറച്ചു ചിലച്ചു കൊള്ളട്ടെ, ആൎക്കു ചേതം" എന്നു കല്പിക്കാനാണെളുപ്പമെന്നു സംശയം ഉള്ളതുകൊണ്ടാണു് രണ്ടാളും ഒരുമിച്ചു കണ്ടു പറഞ്ഞു്, കഴിയുന്നത്ര നിൎബ്ബന്ധിക്കണമെന്നു വച്ചതു്. അന്നു തന്നെ അവസരം കിട്ടി. രണ്ടാളും ഒരുമിച്ചു് ചെന്നതു കണ്ടിട്ടു് പെരുമാൾ ചിരിച്ചു കൊണ്ടു് "നിങ്ങളുടെ മുഖഭാവം കണ്ടിട്ടു് അതിഗൌരവതരമായ എന്തൊ സംഭവിച്ചു എന്നു തോന്നിപ്പോകുന്നുവല്ലൊ" എന്നു പറഞ്ഞു. അവൎക്കു ഗൌരവതരമായി തോന്നിയതു് എന്തു തന്നെ ആയിരുന്നാലും, അതു ആ നിലയിൽ വീക്ഷിക്കപ്പെടേണ്ടതില്ലെന്നാണു് താൻ വിചാരിച്ചിരിക്കുന്നതെന്നു് ആ ചിരി തെളിയിച്ചു.

കാൎയ്യക്കാർ പറഞ്ഞു. "ഗൌരവതരമായ സംഭവങ്ങൾ" വിപ്ലവത്തിലേയ്ക്കു നടത്തുന്നതിനു തന്നെ ഇടയുള്ള ചിലതെല്ലാം നടക്കുന്നു, എന്നാണു് അടിയങ്ങൾ ഭയപ്പെടുന്നതു്.

പെ:—നല്ല ഉൾക്കനമുള്ള എൻെറ മന്ത്രിമാർ അങ്ങിനെ വിചാരിക്കുന്നെങ്കിൽ, അവരുടെ വിചാരമൊ സംശയമൊ കാൎയ്യമില്ലാത്തതാണെന്നു വിധിച്ചു കൂടല്ലൊ. വിധിക്കുകയില്ല. എന്താണു് നിങ്ങളെ ശല്യപ്പെടുത്തുന്നതെന്നു കേൾക്കട്ടെ.

കാൎയ്യ:—നമ്പൂരിമാർ ബഹളം കൂട്ടാൻ തുടങ്ങിയിട്ടു കുറേക്കാലമായി. മുളയിൽ തന്നെ നുള്ളിക്കളഞ്ഞെങ്കിൽ, അവർ പണ്ടെ അവരുടെ പാട്ടു നോക്കി പൊയ്ക്കൊള്ളുമായിരുന്നു. പ്രകൃത്യാ ശാന്തരും നിഷ്കളങ്കരുമായതുകൊണ്ടു് അവർ കുറെ ഒച്ചപ്പാടുണ്ടാക്കിക്കൊള്ളട്ടെ എന്നാണു് തമ്പുരാൻ വച്ചതെന്നറിയാം. പ

ക്ഷെ അതിരു കടന്നു പോകുന്നു. പോകുന്നു എന്നല്ല പോയി എന്നാണ് പറയേണ്ടതു്. വിദേശത്തു നിന്നു് അവർ ശാസ്ത്രിമാരെ വരുത്തി. ഇവിടത്തെ സൽപ്പേരു കളങ്കപ്പെടുത്തുന്ന ഒരു നടപടി ആയിരുന്നിട്ടും അതു ഗൌനിക്കാതെ, അവൎക്കു മുഖം കാണിക്കാൻ അനുവാദം കൊടുത്തു. അവർ ആറു പേരുടേയും വാദങ്ങൾ ക്ഷമയോടെ കേട്ടു. ഹൃദയം തുറന്നു കാണിക്കുന്ന മറുപടി കൊടുക്കുകയും ചെയ്തു. ഒക്കെ ആയിട്ടും നമ്പൂരിമാൎക്കു മതിയാകുന്നില്ല. അവർ ദീപപ്രദിക്ഷണമെന്നും ബ്രഹ്മസ്തുതിയെന്നും പറഞ്ഞു് ഘോരാട്ടഹാസം നടത്തിക്കൊണ്ടേ ഇരിക്കുന്നു. ഭരണാധിപനെ അപമാനിക്കുകയാണ് തങ്ങൾ ചെയ്യുന്നതെന്നു് അവൎക്കു നന്നായി അറിയാം. എന്തും ചെയ്യാമെന്നുള്ള അഹമ്മതിയാണിതു്. പടത്തലവൻെറ പിൻബലം ഉള്ളതാണ് അവർ ഇത്ര തെളിയുവാൻ കാരണം. കാൎയ്യങ്ങൾ ഈ വിധം ഇനി മുമ്പോട്ടു പോകാൻ അനുവദിച്ചാൽ രാജ്യത്തു ക്രമസമാധാനങ്ങൾ പാലിച്ചു കൊണ്ടുപോകാൻ നിവൃത്തിയില്ലാതെ വരും. ഏതാനും നമ്പൂരിമാൎക്കു വേണ്ടി മററുള്ള പ്രജകളുടെ എല്ലാം സുഖവും രക്ഷയും ബലികഴിച്ചു കൂടല്ലൊ. തമ്പുരാനു് ഇതൊന്നും കാണാൻ കഴിവില്ലെന്നു സംശയിച്ചല്ല. കണ്ടില്ല, ധരിച്ചില്ല എന്നു ഭയന്നാണ് ഇത്രയും വിശദമായി തിരുമനസ്സറിയിച്ചതു്. ഞങ്ങൾ രണ്ടാളുടേയും അഭിപ്രായമാണിതെല്ലാം.

പെ :—നിങ്ങളുടെ അഭിപ്രായം ശരിയാണ്. വളരെ ശരിയാണെന്നു തന്നെ സമ്മതിക്കാൻ ഞാൻ തയ്യാറാണ്. നമ്പൂരിമാൎക്കു് എന്തൊക്കെയൊ സങ്കടങ്ങൾ ഉണ്ടെന്നു് അവർ വിശ്വസിക്കുന്നുണ്ടാവണം, അല്ലാത്ത പക്ഷം, പ്രകൃത്യാ ശാന്തരായ അവർ ഇത്രയും ശബ്ദം, ഇത്രയും ദിവസം പുറപ്പെടുവിക്കുകയില്ലായിരുന്നു. തിതിയൻ അവരുടെ പിമ്പിലുണ്ടെന്നും, അയാൾ അവരെ ഇളക്കിക്കൊണ്ടിരിക്കയാണെന്നും നിങ്ങൾ അഭിപ്രായപ്പെട്ടു. ആ അഭിപ്രായത്തോടു

ഞാനും യോജിക്കുന്നു. അവരെ ഇളക്കി വിട്ടതിനു്, ഇപ്പോഴും ഇളക്കിക്കൊണ്ടിരിക്കുന്നതിനു് തിതിയ നാണു് സമാധാനം പറയേണ്ടതു്. ശിക്ഷിക്കപ്പെടേണ്ടതു്. അതു അറിയാമായിരുന്നിട്ടും ഞാൻ ഒന്നും ചെയ്യാഞ്ഞതു് എന്തുകൊണ്ടാണു് എന്നു നിങ്ങൾ ആലോചിക്കുന്നു. നാവു് ശബ്ദിച്ചില്ലെങ്കിലും നിങ്ങളുടെ മുഖം ആ ചോദ്യം എന്നോടു ചോദിക്കുന്നതു ഞാൻ കണ്ടു. സമത്ഥനായ ഒരു ചെറുപ്പക്കാരനാണു് അയാൾ. വീരനായ ഒരു യോദ്ധാവു്. നമുക്കും രാജ്യത്തിനും വേണ്ടി സ്വന്തം രക്തം ചിന്താൻ അയാൾ ഒരിക്കലും മടിച്ചിട്ടില്ല. ഇപ്പോൾ ഒരു ബലഹീനതയ്ക്കു് അടിമയായി തീന്നിരിക്കുന്നു, അതുകൊണ്ടു് പ്രകൃത്യാ ഉള്ള ബുദ്ധിയില്ല ഇപ്പോൾ. നമ്മോടു തന്നെ, യാതൊരു കാരണവും കൂടാതെ ശത്രുത ആയിക്കഴിഞ്ഞിരിക്കയാണെന്നും അറിയാം. ഒക്കെ ആയാലും അയാളെ ശത്രുവഗ്ഗത്തിൽ പെടുത്താൻ മനസ്സു വരുന്നില്ല. ഒരു രാജ്യാധിപനു്, രാജ്യത്തെ ശത്രുക്കളിൽ നിന്നു രക്ഷിക്കുന്നതിനും, നിയമ സമാധാനങ്ങൾ പാലിക്കുന്നതിനും ചുമതലപ്പെട്ട ഒരു രാജാവിനു് അഹിംസാനയം അക്ഷരം പ്രതി പാലിക്കാൻ സാധിക്കുകയില്ല. ആ നയത്തിൽ മുറുകി പിടിക്കുന്നവൻ രാജ്യത്തേയും ജനങ്ങളേയും വഞ്ചിക്കുന്ന മഹാ അധമ്മിയായി ഭവിക്കയെയുള്ളു. എന്നിരിക്കിലും, സമര രംഗത്തുവച്ചു് ശത്രുക്കളെ കൊന്നൊടുക്കുകയും, ആക്രമണകാരികൾക്കു മരണശിക്ഷ വരെ വിധിക്കുകയും ചെയ്തിട്ടുള്ള ഞാൻ, അഹിംസയിൽ തന്നെ ആശ്രയിച്ചു ജീവിക്കാൻ ആത്മാത്ഥമായി ശ്രമിച്ചു കൊണ്ടാണിരുന്നിട്ടുള്ളതു് ''

കാര്യ്യ:—അതു അടിയങ്ങൾക്കു നന്നായി അറിയാം.

പെ:—നസ്രാണി വേദസ്ഥാപകനായ ദിവ്യ രക്ഷകൻെറ കല്പന ശത്രുവിനെ സ്നേഹിക്കണമെന്നാണു്. നിങ്ങളുടെ വലത്തെ ചെകിട്ടിൽ ഒരുവൻ അടിക്കുന്നെങ്കിൽ, വേണമെങ്കിൽ ഇതാ മറെറ ചെകിട്ടിലും

അടിച്ചുകൊള്ളു, എന്നു ധരിക്കത്തക്കവിധം ഇടത്തെ ചെകിട്ടും കാണിച്ചുകൊടുക്കണമെന്നാണു് രക്ഷകൻ കല്പിച്ചിട്ടുള്ളതു്. "ക്ഷമാബലമശക്താനാം, ശക്താനാം ഭൂഷണം ക്ഷമ?" എന്ന തത്വം അറിയാവുന്ന നമുക്കു്, രക്ഷകന്റെ ഈ ഉപദേശം മനസ്സിലാക്കാൻ പ്രയാസമില്ല.

ചാണ :—അടിയൻ ഇടയ്ക്കു കടന്നു രണ്ടു വാക്കു പറയുന്നതു് ക്ഷമിക്കണമെന്നപേക്ഷ. ശത്രുക്കളെ സ്നേഹിക്കണം, പ്രതിപകരം ചെയ്യരുതു് എന്നുള്ള തത്വവും, രാജ്യഭരണത്തിന്റെ ചുമതല വഹിക്കുന്നയാൾ കുററക്കാരെ ശിക്ഷിക്കുന്നതും തമ്മിൽ പൊരുത്തക്കേടൊന്നുമില്ല......

പെ :—ഇല്ല, പൊരുത്തക്കേടൊന്നുമില്ല. ആ അഭിപ്രായം പറയാൻ വരികയായിരുന്നു ഞാൻ. തിതിയൻ തെററു ചെയ്തു. അതിനു് ശിക്ഷിക്കുന്നതു് തെററല്ല, അക്രമമല്ല. ദിവ്യരക്ഷകന്റെ ഉപദേശത്തിനു് എതിരുമല്ല. എന്നാൽ എന്നെ പിമ്പോട്ടു പിടിക്കുന്ന, തടയുന്ന മറെറാന്നുണ്ടു്. "താൻ വളത്താൽ വിഷവൃക്ഷമെന്നാകിലും, താൻ മുറിക്കുന്നതു് യോഗ്യമല്ലേതുമേ" എന്നുണ്ടല്ലൊ.

കാര്യ :—കല്പിച്ചതു വളരെ ശരിയാണു്. പക്ഷെ ആ വിഷവൃക്ഷം അതിന്റെ വിഷക്കാററു കൊണ്ടോ, വിഷം നിറഞ്ഞതും എന്നാൽ അത്യന്തം മനോഹരമായതുമായ പഴങ്ങൾ ചുററിലുമുള്ള ജീവജാലങ്ങളെ ആകർഷിച്ചു തീററിയോ, മരണത്തെ വാരിവിതറുന്നു എന്നു തെളിഞ്ഞാൽ, വിഷവൃക്ഷത്തെ നട്ടുവളത്തിയ ആളിനും അതിനെ നശിപ്പിക്കേണ്ട ചുമതല ഉണ്ടല്ലൊ.

പെ :—ഉണ്ടു്. ഉണ്ടെന്നു പൂർണ്ണമായി സമ്മതിക്കുന്നു. മനുഷ്യസഹജമായ ബലഹീനത കാരണം നാളുകൾ തള്ളിവിട്ടുകൊണ്ടിരിക്കയാണു്.

ചാണ :—അപ്പോൾ അടിയങ്ങൾ......

പെ:—എന്തുചെയ്യണമെന്നോ? ധൃതഗതിയിൽ, വ്യക്തിപരമായ വിദ്വേഷം കൊണ്ടു് എന്തെങ്കിലും ചെയ്തു എന്നു വന്നുകൂടാ. ഞാൻ ഇന്നു രാത്രി ഈ വിഷയത്തെപ്പററി പ്രാൎത്ഥനാപൂൎവ്വം ആലോചിക്കാം. ശത്രുക്കളെ സ്നേഹിക്കണമെന്നു് എന്നെ പഠിപ്പിച്ച ദിവ്യ രക്ഷകന്റെ ഉപദേശം തേടാം. ഞാൻ ചെയ്യേണ്ടതെന്തെന്നു് അവിടുന്നു കാണിച്ചുതരും. അതിൻപ്രകാരം ചെയ്യാം. നിങ്ങൾ നാളെ രാവിലെ വന്നു കാണണം.

പിറേറന്നാൾ രാവിലെ കാൎയ്യക്കാരനും ചാണക്യനും ഹാജരായി. തലേന്നാൾ പടത്തലവനെപ്പററിയുള്ള പരാതി കേട്ടപ്പോൾ പെരുമാൾ വല്ലാതെ ആയാസപ്പെട്ടുന്നതു് അവർ കണ്ടതാണു്. കൂടിക്കാഴ്ചയുടെ അന്ത്യം വരെ ആ പ്രയാസം മുഖത്തു വളരെ വ്യക്തമായി കാണാമായിരുന്നു. നാം തിരുമേനിയെ അലട്ടുകയാണല്ലോ എന്നു് അവർ രണ്ടാളും ദുഃഖിക്കുകയും ചെയ്തു. "നെറിയില്ലാത്ത തിതിയനെ തിരുമേനി ഇത്ര അഗാധമായി സ്നേഹിക്കുന്നുണ്ടല്ലോ." എന്നു് അവർ പറയുകയുണ്ടായി. ഇന്നു മുഖത്തു് ആ വ്യഥയുടെ ലക്ഷണങ്ങൾ ഒന്നും ഇല്ല. പ്രകൃത്യാ ഉള്ള ശാന്തതയും ഉത്സാഹവും കാണാനുണ്ടു്. സിൽബന്ധികളെ കണ്ട ഉടൻതന്നെ അദ്ദേഹം വിഷയത്തിൽ പ്രവേശിച്ചു.

"ഇന്നലെ പറഞ്ഞതുപോലെ തന്നെ ഞാൻ ചെയ്തു. എന്റെ ധൎമ്മം എന്താണെന്നു് എനിക്കു കാണിച്ചു തരികയും ഉണ്ടായി" എന്നു സന്തോഷസ്വരത്തിലാണു് പെരുമാൾ കല്പിച്ചതു്. കാൎയ്യക്കാരും ചാണക്യനും പരസ്പരം നോക്കി. പെരുമാളിന്റെ ആജ്ഞ എന്തെന്നറിവാൻ കാത്തു നിൽക്കുന്നു എന്നു് അദ്ദേഹത്തെ മൗനം കൊണ്ടു് ധരിപ്പിച്ചു.

പെരുമാൾ തുടൎന്നു. "തിതിയനെ ഉടനടി ശിക്ഷിക്കുകയോ, അയാളുടെ പേരിലുണ്ടായിട്ടുള്ള ആരോപണങ്ങളെപ്പററി അന്വേഷണം നടത്തുകയോ ചെയ്യേണ്ടതില്ല. അയാളെ ഇവിടെ എന്റെ അതിഥിയായി ഏതാനും ദിവസം പാൎപ്പിക്കാമെന്നാണു് തീൎച്ചപ്പെടുത്തിയതു്. അതിഥിമന്ദിരത്തിൽ വേണ്ടാ. ഈ കോയിലകത്തു തന്നെ ആവ

ട്ടെ. തടങ്കൽ പുള്ളി ആവേണ്ടാ. എന്നാൽ സ്വാതന്ത്ര്യം അങ്ങിനെ അനുവദിച്ചു കൊടുത്തുംകൂടാ. വയ്യാപുരിയുടെ പ്രത്യേക മേൽനോട്ടത്തിൽ, എന്റെ മാന്യ അതിഥിയായി അല്പദിവസം താമസിക്കട്ടെ.

കാര്യ:—അടിയൻ, അങ്ങിനെ തന്നെ ചെയ്തുകൊള്ളാം. അപ്പോൾ.......

പെരുമാൾ:—വേണ്ട നിർദ്ദേശങ്ങൾ എല്ലാം തരാം. അവ ഉടൻ തന്നെ രേഖപ്പെടുത്തി നീട്ടായി കൊണ്ടുവന്നാൽ......

ചാണക്യൻ:—തുല്യം ചാർത്തുന്നതിലേയ്ക്കു ഒരു നാഴികയ്ക്കകം ഹാജരാക്കിക്കൊള്ളാം.

പെരുമാൾ:—നിർദ്ദേശങ്ങൾ കേട്ടുകൊള്ളുക, —ചാണക്യൻ കുറിച്ചെടുക്കുകയല്ലെ ഉത്തമം?

ചാണക്യൻ ഓലയും നാരായവും എടുത്തു കഴിഞ്ഞു.

പെരുമാൾ പറഞ്ഞു "ഇപ്പോൾ തന്നെ പടനായകന്മാരിൽ വയ്യാപുരിക്കു നല്ല വിശ്വാസമുള്ള രണ്ടു പേരെ വിളിക്കണം.—അവക്കു വേണ്ട രേഖയും ഇപ്പോൾ തന്നെ തയ്യാറാക്കിക്കൊള്ളുക— അവർ ഒരു ദളം പടയാളികളുമായി പടത്തലവ മന്ദിരത്തിൽ പോകട്ടെ. അവിടെ നിന്നു തിരിയനെ പടത്തലവൻ അർഹിക്കുന്ന ബഹുമതിയോടു കൂടെ ഇവിടെ കൊണ്ടുവന്നാക്കണം...

"ഇപ്പോൾ അങ്ങിനെ, സ്വാതന്ത്ര്യമായി പോരത്തക്ക സ്ഥിതിയിലല്ലായിരിക്കും" എന്നു ചാണക്യൻ ക്ഷമാപണപൂർവ്വം ഇടയ്ക്കുകേറി പറഞ്ഞു.

പെരുമാളിനു കാര്യം മനസ്സിലായില്ല. "എന്തു്, എന്തു്, കിടപ്പിലാണൊ. എന്തുപററി. രോഗം...?"
കാര്യക്കാരൻ പറഞ്ഞു " മദ്യസേവ ഈയിടെ തൊഴിലാക്കിയിരിക്കയാണു്. അതിരാവിലെ ആരംഭിച്ചാൽ, സുബോധമില്ലാതെ വീഴുന്നതു വരെ തുടൎന്നുകൊണ്ടിരിക്കും. തലപൊങ്ങിയാൽ പിന്നെയും സേവിക്കും. അതാണു് തൊഴിൽ. ഇപ്പോൾ തുമ്പില്ലാത്തനിലയിൽ എത്തിയിരിക്കും.

പെരു:—ഉവ്വോ. അത്രകണ്ടുണ്ടോ? സാധു! സാരമില്ല. ഒരു പല്ലക്കു കൂടെ കൊണ്ടുപോകട്ടെ. അതിലേററി, അത്യന്തം ബഹുമാനത്തോടെ ഇവിടെ എത്തിക്കട്ടെ. എത്തിക്കഴിഞ്ഞാൽ വേണ്ടതെന്തെന്നു വയ്യാപുരിക്കു മനസ്സിലായല്ലോ.

കാര്യ്യ:—അടിയൻ. മനസ്സിലായി. കല്പനപോലെ ചെയ്തു കൊള്ളാം. അദ്ദേഹത്തിൻെറ സ്വന്ത ഭൃത്യന്മാർ ശുശ്രൂഷയ്ക്കു് ഇങ്ങോട്ടു വരാൻ ഒരുങ്ങിയാൽ...

പെരു:—ചയ്യകൾ നിശ്ചയമുള്ളവർ ആരെങ്കിലും ഒന്നോ രണ്ടോ ആളുകൾ വേണമെങ്കിൽ പോരട്ടെ എന്നു വയ്ക്കുക.

ചാണക്യൻ കാര്യ്യക്കാരുടെ മുഖത്തേയ്ക്കു ഒന്നു നോക്കി. അദ്ദേഹം അതിനു മുമ്പുതന്നെ ഓത്ത കാര്യ്യം ആണു് ചാണക്യൻ നോട്ടംവഴി മനസ്സിലാക്കാൻ ശ്രമിച്ചതു്. കാര്യ്യക്കാരൻ പറഞ്ഞു "അങ്ങിനെ ആവാം. പക്ഷെ..."

പെരു:—എന്താ കുഴപ്പം പറഞ്ഞുകൊള്ളൂ. കേൾക്കട്ടെ.

കാര്യ്യ:—കൂടെ വരുന്നവർ അദ്ദേഹത്തിൻെറ ആജ്ഞ അനുസരിച്ചു് മദ്യം കൊടുക്കും.

പെരു:—ഇവിടെ മദ്യം ഉണ്ടോ?

കാര്യ്യ:—ഇല്ല. അവർ ഉള്ള ദിക്കിൽ നിന്നു കൊണ്ടുവന്നു കൊടുക്കും.

പെരു:—അതുവ്വോ.

കാര്യ്യ.—അവക്കതാണു് ആദായകരം. സുബോധമുണ്ടായാൽ അവരുടെ സ്വാതന്ത്ര്യവും ആദായവും നഷ്ടപ്പെടും. അദ്ദേഹത്തിൻെറ മേലുള്ള സ്വാധീനവും പൊയ്പോകും. ഇതറിയാവുന്നതുകൊണ്ടു്, അദ്ദേഹം മദ്യത്തിൻെറ അടിമയായി, സുബോധമില്ലാത്തവനായി തുടരാൻ വേണ്ട എല്ലാ സൌകര്യ്യങ്ങളും അവർ ഉണ്ടാക്കിക്കൊടുക്കും.

പെരു:—അങ്ങിനെ സംശയമുണ്ടെങ്കിൽ തീതിയന്റെ ആൾക്കാർ ആരും കൂട്ടത്തിൽ വരേണ്ടാ. വിശ്വസ്തരായ ആരെയെല്ലാം വേണമെങ്കിലും നിയോഗിച്ചു കൊള്ളണം.

കല്പന രേഖപ്പെടുത്തി അതിവേഗം തന്നെ തുല്യം ചാർത്തി വാങ്ങി. അപ്പോഴേയ്ക്കു്, കാര്യക്കാർക്ക വിശ്വാസമുള്ള രണ്ടു പടനായകന്മാരും, ഒരു ദളം പടയാളികളും പെരുങ്കോയിലകത്തു എത്തിക്കഴിഞ്ഞു. പല്ലക്കും തയ്യാറായി.

പടനായകന്മാർ കല്പനയും വാങ്ങി പടത്തലവ മന്ദിരത്തിലേയ്ക്കു പുറപ്പെട്ടു. സേതു ഉണ്ടു് അവിടെ സർവ്വാധികാര്യക്കാരനായി.

പടത്തലവന്മാരുടെ ആഗമനോദ്ദേശം എന്തെന്നു് കേൾക്കുന്നതിനു തന്നെ അയാൾ തയ്യാറായില്ല.

പടനായകന്മാരിൽ ഒരാൾ, കുസൽ കൂടാതെ, തടസ്സങ്ങൾ തട്ടിമാററി സേതു ഇരുന്ന അറയിൽ കടന്നു ചെന്നു പറഞ്ഞു "പടത്തലവൻ ഉടൻതന്നെ പെരുങ്കോയിലകത്തു് ഹാജരാകണമെന്നുള്ള രാജകല്പനയും ആയിട്ടാണു് ഞങ്ങൾ വന്നിരിക്കുന്നതു്."

സേതു:—അദ്ദേഹം അശേഷം ദേഹസുഖമില്ലാതെ കിടപ്പിലാണല്ലൊ.

പടനാ:—അങ്ങിനെ എന്തെങ്കിലും സംഭവിച്ചേയ്ക്കാമെന്നു് അവിടെ സംശയം തോന്നിയതുകൊണ്ടായിരിക്കാം, ഒരു പല്ലക്കുകൂടി കൊണ്ടുപൊയ്ക്കൊള്ളണമെന്നു് കല്പന ആയതു്.

സേതു:—നിങ്ങളുടെ പടത്തലവനെ ബന്ധനസ്ഥനാക്കാൻ യുവാവായ നിങ്ങൾ തുനിയുന്നതു് ഭംഗിയാണൊ.

പടനാ:—സ്വന്തം ജീവൻ തന്നെ കളയണം എന്നു രാജകല്പനയുണ്ടായാൽ അക്ഷണം അനുസരിക്കാനാണു് ഞങ്ങളെ പഠിപ്പിച്ചിരിക്കുന്നതു്. രാജകല്പന അനുസ

രിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണെന്നു അങ്ങും സമ്മതിക്കുമല്ലൊ.

സേതു കല്പന വാങ്ങി പരിശോധിച്ചു. അതനുസരിച്ചു പടനായകന്മാർ പ്രവൎത്തിക്കുമെന്നും, അങ്ങിനെ ചെയ്യാതിരിക്കാൻ അവൎക്കു കഴിവില്ലെന്നും അറിയാമായിരുന്നിട്ടും, ഒരു പൊടിക്കൈക്കൂടെ നോക്കാമെന്നുറച്ചു.

അയാൾ പറഞ്ഞു "ആരുടെ കല്പനയാണെങ്കിലും, എൻെറ സ്വാമി സന്തോഷത്തോടെ സമ്മതിക്കാതെ അദ്ദേഹത്തെ ഇവിടെനിന്നു കൊണ്ടുപോകാൻ ഞാൻ അനുവദിക്കയില്ല."

പടനായകൻ ചൊടിച്ചു "രാജകല്പന നടപ്പിൽ വരുത്താൻ ആരുടേയും സമ്മതം ആവശ്യമില്ല. അനുമതി ആവശ്യപ്പെടാനൊ അതിനായി കാക്കാനൊ ഉദ്ദേശിക്കുന്നുമില്ല.

സേതു:—എനിക്കു ജീവനുള്ളപ്പോൾ നിങ്ങൾ എൻെറ സ്വാമിയെ കൊണ്ടുപോകയില്ല. എൻെറ ശവത്തിനു മീതെ കൂടെ...എന്നെ കൊന്നു കഴിഞ്ഞല്ലാതെ സാധിക്കയില്ല.

പടനാ:—സാധുമനുഷ്യൻ! നിങ്ങൾ ചാകാതെ, കണ്ണുമിഴിച്ചു നോക്കികൊണ്ടിരിക്കെ തന്നെ രാജകല്പന നടത്താനുള്ള കഴിവു് ഞങ്ങൾക്കുണ്ടു്. അതു് ഇപ്പോൾ തന്നെ തെളിയിച്ചു തരികയും ആവാം.

സേതുവിനു് ക്ഷണത്തിൽ വിവേകോദയം ഉണ്ടായി. പടനായകന്മാർ തിതിയൻെറ അറയിൽ കടന്നു ചെന്നതു് അയാൾ അറിഞ്ഞതേ ഇല്ല. നാലു പടയാളികളെ വിളിച്ചു. അവർ, വീരപരാക്രമിയായ പടത്തലവൻ തിതിയനെ കോരി എടുത്തു പല്ലക്കിൽ കൊണ്ടെക്കിടത്തി. ഇടക്കു് എന്തൊ ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചതു് എന്താണെന്നു പരിഭാഷ ചെയ്യുവാൻ സേതുവിനു പോലും സാധിക്കുമായിരുന്നില്ല. കൂട്ടത്തിൽ ഉണ്ടായിരുന്ന സേതുവിനോടു് സ്വാമി പറയുന്നതെന്താണെന്നു് ആരും ചോദിച്ചുമില്ല.

പെരുങ്കോയിലകത്തുചെന്നതും തിതിയൻ അറിഞ്ഞില്ല. ആ ബഹുമാന്യാതിഥിക്കായി കാൎയ്യക്കാർ തെരഞ്ഞെടുത്ത അ

റയിലേയ്ക്കു പടയാളികൾ പടത്തലവനെ ചുമന്നുകൊണ്ടുപോയി. തൻെറ സ്വാമിയോടൊപ്പം അവിടെ താമസിക്കുന്നമെന്നു സേതു ശാഠ്യം തുടങ്ങി. സേതുവിൻെറ മക്കടമുഷ്ടി, അവരുടെ ക്ഷമയുടെ നെല്ലിപ്പലക തുളച്ചു മറുവശം കടക്കാൻ നോക്കുകയാണെന്നു് പടനായകന്മാരിൽ ഒരുവൻ പറഞ്ഞു. ചുരുക്കത്തിൽ, സേതുവിനു് എന്തോ സമ്മാനം കൊടുത്തു് ഒരറയിൽ തള്ളി, അടച്ചുപൂട്ടേണ്ടതായി വന്നു എന്നു പറഞ്ഞാൽ മതിയല്ലോ. യജമാനസ്നേഹത്തിൻെറ ആഴം വളരെ ആയതു കൊണ്ടാണു് സേതു തിതിയനെ വിട്ടുപിരിയാൻ വിസമ്മതിക്കുന്നതെന്നു് ആ പടനായകന്മാക്കു തോന്നിയില്ല. ഈ സംഭവം വിവരിച്ചു കേൾപ്പിച്ചപ്പോൾ ചാണക്യൻ പറഞ്ഞതു് "മദ്യത്തിൽനിന്നു പടത്തലവൻ മോചിപ്പിക്കപ്പെട്ടാൽ തിതിയൻ സേതുവിൽനിന്നും സ്വതന്ത്രനായിരിക്കും എന്നയാൾക്കു അറിയാം. അതുകൊണ്ടു് ഏതു തരത്തിലെങ്കിലും നമ്മുടെ ശ്രമം വിഫലമാക്കണം, അതിനു് തിതിയനെ ശുശ്രൂഷിക്കാനെന്ന നാട്യത്തിൽ പററിക്കൂട്ടുക എന്നായിരിക്കണം അയാൾ തീച്ചപ്പെടുത്തിയതു്. നിങ്ങൾ അയാളെ വേറൊരറയിൽ തട്ടിയതു വളരെ ഉചിതമായി" എന്നായിരുന്നു.

പടനായകന്മാക്കും ആ വിധം തോന്നിയതുകൊണ്ടായിരുന്നു സേതുവിനെ ബലം പ്രയോഗിച്ചു മാററിയതും ബന്ധിച്ചതും എന്നു് അവർ ചാണക്യനെ ധരിപ്പിച്ചു.

പിറേറന്നാൾ അഞ്ചു നാഴിക പുലന്നപ്പോൾ, തിതിയനെ കൊണ്ടുവന്ന വിവരം കാര്യക്കാർ പെരുമാളിനെ ധരിപ്പിച്ചു. ബോധലേശമില്ലാതെ, നഗ്നനായിക്കിടക്കുമ്പോഴാണു് പടനായകന്മാർ അദ്ദേഹത്തെ എടുപ്പിച്ചു കൊണ്ടുപോന്നതെന്നു കേട്ടപ്പോൾ, പെരുമാളിനു വലിയ മനോവേദന ഉണ്ടായി എന്നു കാര്യക്കാർ മനസ്സിലാക്കി.

"ഇന്നു രാവിലെ "മരുന്നു" വേണമെന്നു പറഞ്ഞു വല്ലാതെ വഴക്കുകൂട്ടി. എണീററു നിൽക്കാനൊ, അല്പമെങ്കിലും നടക്കാനൊ വയ്യാ. മദ്യം സേവിക്കുന്നവർ അതു പെട്ടെന്നു് നിത്തിയാൽ, അപകടം വല്ലതും വരുന്നക്കാമെന്നു്

അഭിപ്രായമുള്ളവരുണ്ട്. എന്തു വന്നാലും തിരുമനസ്സിലെ കല്പനയ്ക്ക് എതിരായി മദ്യം കൊടുത്തുകൂടാ എന്ന് അറിയിച്ചിട്ടുണ്ട്. കുടിക്കാൻ എന്തെങ്കിലും വേണമെന്നു പറയുന്ന പക്ഷം സംഭാരമൊ ചുക്കുവെള്ളമൊ ആവശ്യംപോലെ കൊടുത്തുകൊള്ളാനും പറഞ്ഞിട്ടുണ്ട്" എന്ന് കാര്യക്കാർ തിരുമനസ്സറിയിച്ചു.

പെരു :—എന്ത് അപകടമാണ് വരാവുന്നത് ? മരിച്ചുപോകുമൊ ? ഭ്രാന്തുപിടിക്കുമൊ ? ഇതു രണ്ടിൽ ഏതു വന്നാലും അതു ഇപ്പോഴത്തേതിൽ കഷ്ടതരം ആയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. വിശപ്പും ദാഹവും ശമിപ്പിക്കാൻ വേണ്ടതെന്താണെന്നുവച്ചാൽ ആവശ്യാനുസരണം കൊടുക്കണം. കുളിക്കുന്നതിനും വസ്ത്രം മാററുന്നതിനും മററും മററും അയാളുടെ വസതിയിലെ പോലുള്ള സൌകര്യങ്ങൾ എല്ലാം കൊടുത്തുകൊള്ളണം.

കാര്യ :—അദ്ദേഹത്തെ ഇത്രമാത്രം ചീത്തയാക്കിയതു് സേതു എന്ന ആ അനുചരനാണ്.

പെരു :—കൂടുതൽ വഷളായാൽ അവനു കൂടുതൽ ആദായം ഉണ്ടാക്കാം എന്നു കണ്ടു് ആ കശ്മലൻ മനുഷ്യത്വമില്ലാതെ പ്രവർത്തിച്ചു എന്നാണ് മനസ്സിലാക്കേണ്ടതു്.

കാര്യ :—പടത്തലവനെ പിരിഞ്ഞു ജീവിക്കാൻ ഉദ്ദേശിക്കുന്നില്ല എന്നു പറഞ്ഞു് അയാൾ ഇന്നലെ കുറെ ബഹളം കൂട്ടി. പടയാളികൾ അല്പബലം പ്രയോഗിച്ചാണ് വേറൊരറയിൽ അവനെ തള്ളിയതു്.

പെരു :—ഇന്നു് എങ്ങിനെ ആണ് ഗതി ?

കാര്യ :—രാവിലെ ചെന്ന പടയാളിയോടു വഴക്കു പറഞ്ഞു. ഉടൻതന്നെ പടത്തലവൻെറ അറയിലേയ്ക്കു തന്നെ മാററാത്തപക്ഷം, ഈ ഏർപ്പാടിൽ ഇടപെട്ടവരെ എല്ലാം നല്ലപാഠം പഠിപ്പിക്കുമെന്നു പൊതുവെ ഒരു ഭീഷണിയും. അയാളെ എന്തു ചെയ്യണം ?

പെരു :—അവനും തിതിയനും ആയി ഇപ്പോൾ കൂടിക്കാണ്മാതിരിക്കതന്നെയാണുത്തമം. എതാനും ദിവസം അവനും വിശ്രമിക്കട്ടെ. തിതിയൻ എട്ടു ദിവസം ശരിക്കു തേച്ചു കുളിക്കട്ടെ. കുളിക്കാൻ കൂട്ടാക്കുകയില്ലെങ്കിൽ ബലം പ്രയോഗിച്ചു കുളിപ്പിക്കണം. എട്ടു ദിവസം കഴിയുമ്പോഴേയ്ക്കു് എങ്കിലും സുബോധം ഉദിക്കും. ആരോഗ്യവും അല്പമെങ്കിലും മെച്ചപ്പെട്ടും. അപ്പോൾ അയാളെ എൻെറ അട്ടക്കൽ കൊണ്ടുവരണം. അതുവരെ ആരോടും ഒരു തരത്തിലും ഉള്ള ഇടപോക്കും അനുവദിക്കേണ്ടാ. വായിക്കാൻ ഗ്രന്ഥങ്ങൾ വല്ലതും ചോദിച്ചു എങ്കിൽ കൊടുക്കാം. ആവശ്യപ്പെട്ടില്ലെങ്കിൽ കൊടുക്കേണ്ടാ. മററവനെ പ്രത്യേകം സൂക്ഷിച്ചു കൊള്ളണം. അവൻ ചാടിപ്പോകാൻ ശ്രമിക്കും.

കാര്യ :—ചാടിപ്പോകാതെ നോക്കിക്കൊള്ളാം. പടത്തലവൻെറ വിവരങ്ങൾ ദിവസവും തിരുമനസ്സറിയിച്ചു കൊള്ളാം.

പെരു ;— സാധാരണഗതിയിൽ ഒന്നുമേ അറിയിക്കേണ്ടാ. വിശേഷാൽ എന്തെങ്കിലും ഉണ്ടാകുന്നെങ്കിൽ അറിയിക്കാം. ഇന്നു മുതൽ ഒമ്പതാം ദിവസം എൻെറ അട്ടക്കൽ കൊണ്ടുവരണം.

# 14

അഹിംസയാണ് പരമോന്നത ധർമ്മമെന്നു് പറയാറുണ്ട്. തത്വത്തിൽ അതു് ഒട്ടൊക്കെ ശരിയായിരിക്കും. വലതു ചെകിട്ടിൽ അടിച്ചാൽ ഇടതു ചെകിട്ടിൽ കൂടെ അടിക്കാൻ, അടിച്ചവനെ ക്ഷണിക്കണം എന്നാണു് പുതിയ മതം പഠിപ്പിക്കുന്നതു്. അതും നല്ല തത്വമാണ്. എങ്കിലും രാജ്യത്തു നീതി നടത്തുന്നതിനും സമാധാനം പാലിക്കുന്നതിനും ചുമതലപ്പെട്ടയാൾ, കുററക്കാരോട് ഈ നയം സ്വീകരിച്ചാൽ ഉണ്ടാകുന്ന ഫലം എന്തായിരിക്കും? മാനവും മര്യാദയും ആയി ജീവിക്കാൻ ആഗ്രഹിക്കുന്നവക്കും, സാധുക്കൾക്കും ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതിൽ സംശയമില്ല. കലാപം സാർവത്രികമാകാം. അരാജകത്വം വിളിച്ചുവരുത്തുക ആയിരിക്കും. അതു് അനുവദനീയമല്ല. തിതിയന്റെ സംഗതി തന്നെ നോക്കിയാൽ എന്താണ് കാണുന്നതു്? പ്രത്യേക കരുണയൊ വാത്സല്യമൊ അയാൾ അർഹിച്ചിരുന്നു എന്നു പറയാനില്ല. ചൊടിയും തലയെടുപ്പും, ആയുധവിദ്യയിൽ പ്രത്യക്ഷപ്പെട്ടറിയ സാമർത്ഥ്യവും കണ്ടു സന്തോഷിച്ചു്, വേണ്ടതിലധികം പ്രോത്സാഹനങ്ങൾ നൽകി. അതുകൊണ്ടാണു് അയാൾ പടത്തലവസ്ഥാനത്തു് ഇത്ര ചെറുപ്പത്തിൽ എത്തിച്ചേർന്നതു്. എന്നിട്ട് ചെയ്തതൊ? ഒരു തരത്തിലും ക്ഷമിക്കാൻ പാടില്ലാത്ത മഹാ അധർമ്മം. രാജാവിനെയും രാജ്യത്തെയും ഒററുകൊടുക്കാൻ അല്പം പോലും മടിച്ചില്ല. അവനു് എന്തു സാധിക്കുന്നതിനാണു്? എന്തിന്റെ കുറവുണ്ടായിട്ടാണു്? ദാക്ഷിണ്യം കൂടാതെ, അവനോടുള്ള വാത്സല്യം പരിഗണിക്കാതെയിരുന്നാൽ ഗളച്ഛേദം ചെയ്കയാണ് വേണ്ടതു്. അല്ല ആ ശിക്ഷ മാന്യന്മാക്കുള്ളതാണു്. ഇവൻ ഇട്ട കൈയിൽ കടിക്കുന്ന നായേക്കാൾ— എന്നല്ല പതിവായി ചോറുകൊടുക്കുന്നയാളിന്റെ കുരവള്ളിയിൽ ചാടി കടിക്കുന്ന നായേക്കാൾ നികൃഷ്ടനാണു്. അവനു്, മാന്യന്മാക്കു നിശ്ചയിച്ചിട്ടുള്ള ശിക്ഷ കൊടുക്കുന്നതു്

നീതിദയയും നിയമത്തേയും വ്യഭിചരിപ്പിക്കുകയായിരിക്കും. അവനെ ഏററം ഉയരമുള്ള മരത്തിൽ തൂക്കിക്കൊന്നു്, തല വെട്ടിയെടുത്തു കോട്ടവാതില്ക്കൽ സ്ഥാപിക്കയും, കുറുക്കനും കഴുകനും തിന്നുന്നതിനു ശരീരം വല്ല ദിക്കിലും വലിച്ചു് എറിയുകയുമാണു് വേണ്ടതു്. അതാണു് ന്യായമായിട്ടുള്ളതു്. സ്വത്തുക്കൾ കണ്ടുകെട്ടി മുതൽക്കൂട്ടുകയും ചെയ്യണം. എന്നാൽ തന്നെയും അവൻ അർഹിക്കുന്നതു് മുഴുവൻ ആകയില്ല. മററുള്ളവർക്കും ഒരു പാഠമായിരിക്കണമല്ലൊ. ആ നികൃഷ്ടൻ ഇതിലധികം അർഹിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. ഇതിലധികം ഒരു ശിക്ഷകൊടുക്കാനില്ല എന്നുള്ളതു പരിതാപകരം തന്നെയാണു്. ഈവിധം, തിതിയൻെറ വൻചതിയെപററി ആലോചിച്ചപ്പോൾ വാനവരമ്പൻെറ രക്തം തിളച്ചു. അദ്ദേഹത്തിനു് അതുപോലൊരനുഭവം ഇതിനു മുമ്പുണ്ടായിട്ടില്ലാത്തതാണു് കോപാഗ്നി കത്തിക്കാളാൻ കാരണം. ചിന്തയും വിദ്വേഷവും കടിഞ്ഞാണില്ലാതെ ഈ വിധം കുതിച്ചു പായുമ്പോൾ, പെട്ടെന്നു് "ശത്രുവിനെ സ്നേഹിക്കണം. സ്നേഹമാണു് സർവവും. സ്നേഹം കൊണ്ടു് സാധിക്കാൻ പാടില്ലാത്തതൊന്നുമില്ല, എന്നാണു് നമ്മുടെ കർത്താവു് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളതു്. മനുഷ്യരോടുള്ള അതിരററ സ്നേഹം കൊണ്ടാണു് ദൈവപുത്രനായ കർത്താവു് മനുഷ്യാവതാരം ചെയ്തതും, മനുഷ്യൻെറ പാപഭാരം നീക്കി രക്ഷിക്കുന്നതിനായി, ക്രൂശിന്മേൽ യാഗമായി സ്വയം അർപ്പിക്കുകയും ചെയ്തതു്. ആ കർത്താവിൻെറ പിന്നടികളിൽ നടക്കണം" എന്നീവിധം ശ്ലീഹാ പലപ്പോൾ പഠിപ്പിച്ചിട്ടുള്ളതു് ഓർമ്മയിൽ വന്നു. തൻെറ ചിന്താഗതി മാററം അറിഞ്ഞില്ലെങ്കിലും, അദ്ദേഹം ലജ്ജകൊണ്ടു് തലകുനിച്ചുപോയി. തിതിയനെ കുററക്കാരനെന്നു വിധിക്കുകയും, ഈ വിധം ചിന്തിക്കുകയും, വിദ്വേഷാഗ്നി കത്തിക്കാളാൻ അനുവദിക്കുകയും ചെയ്ത താനും കുററമററവനല്ല എന്നു് ഒരു ബോധം വാനവരമ്പനു് ഉണ്ടാകുകയും ചെയ്തു.

അടുത്ത നിമിഷത്തിൽ, വ്യക്തിപരമായ വിദ്വേഷം വച്ചുകൊണ്ടു തിതിയനെ ശിക്ഷിക്കുന്നതു് ശരിയല്ലെങ്കിലും, രാജാവെന്ന നിലയിൽ നീതി നടത്തുകയും സമാധാനം പാലിക്കുകയും ചെയ്യേണ്ടതു് തൻെറ കടമയാണു്. അതിനൊ

ഴിവൊന്നുമില്ല എന്നു് ഓൎമ്മ വന്നു. അതുപോലെ തന്നെ ഒഴിവില്ലാത്തതല്ലേ, നസ്രാണി എന്ന നിലയിൽ കൎത്താവിൻെറ കല്പന, അക്ഷരത്തിലും അൎത്ഥത്തിലും ശിരസ്സാ വഹിക്കേണ്ടതു് എന്നു മനസ്സാക്ഷി ഓൎമ്മപ്പെടുത്തി.

വാനവരമ്പൻ ധൎമ്മസങ്കടത്തിലായി. എന്താണു് ചെയ്യേണ്ടതു്, ഏതു വിധമാണു് തിതിയനോടു പെരുമാറേണ്ടതു് എന്നു തീരുമാനിക്കാൻ സാധിക്കുന്നില്ല. "ശ്ലീഹാ ഇവിടെ ഉണ്ടായിരുന്നെങ്കിൽ! അദ്ദേഹം ഒന്നു വന്നിരുന്നെങ്കിൽ," എന്നു പല പ്രാവശ്യം തന്നെത്താൻ പറഞ്ഞു. "എട്ടു ദിവസത്തെ അവധി ഉണ്ടല്ലോ തീൎച്ചപ്പെടുത്താൻ. അതിനകം ദൈവം എന്തെങ്കിലും കാണിച്ചുതരും; സംശയിക്കാനൊന്നുമില്ല. അങ്ങിനെ കാണിച്ചു തരുന്നതനുസരിച്ചു തീൎച്ചചെയ്യാം" എന്നു് ഉറച്ചു.

പ്രാൎത്ഥിക്കേണ്ടതു് എങ്ങിനെയാണെന്നു ശ്ലീഹ പഠിപ്പിച്ചിരുന്നു. "കാരുണ്യമൂൎത്തിയായ ദൈവം നമ്മുടെ പിതാവാണു്. ഒരു കൊച്ചുകുട്ടി, തൻെറ ആവശ്യങ്ങൾ പിതാവിനോടു പറയുന്നതുപോലെ, നമ്മുടെ ആവശ്യങ്ങളും പ്രയാസങ്ങളും ദൈവത്തെ അറിയിക്കുന്നതിനു്, അവിടുത്തെ മക്കളായ നമുക്കു് അവകാശമുണ്ടു്. നമുക്കു് എന്തെല്ലാമാണു് ആവശ്യമെന്നു നമുക്കു് അറിഞ്ഞുകൂടാ. അറിയാമെന്നു തോന്നുകയില്ലെന്നല്ല. ഇന്നു വളരെ നല്ലതെന്നു തോന്നുന്നതു് നല്ലതല്ല, തീയതാണു് എന്നു നാളെ നമുക്കു് അനുഭവപ്പെടാം. ഒരു കൊച്ചു കുട്ടിക്കു് തീ കണ്ടാൽ നല്ല ഭംഗിയുള്ള എന്തൊ സാധനമാണു് എന്നു തോന്നാം. അതിന്മേൽ പിടിക്കാൻ ആഗ്രഹമുണ്ടാവാം, ശ്രമിക്കാം. അപകടം ഉണ്ടാകും എന്നു് അറിയാവുന്ന പിതാവു് അനുവദിക്കുകയില്ലല്ലൊ. അതുപോലെയാണു നമ്മുടെ സ്ഥിതി എന്നു പറയാം. നല്ലതെന്നു തോന്നുന്നതു് തരണമെന്നപേക്ഷിച്ചാൽ നല്ലതാണെങ്കിലല്ലാതെ, നമ്മെ സ്നേഹിക്കുന്ന പിതാവു് തരികയില്ല. നമ്മുടെ ആഗ്രഹം അറിയിക്കുമ്പോൾ, അതു് എനിക്കു് അനുഗ്രഹപ്രദമായിരിക്കുമെങ്കിൽ തരണമെന്നപേക്ഷിക്കയാണു് നന്നു്. ആഗ്രഹം പിതാവിനെ അറിയിക്കുന്നതിൽ തെററില്ല. എന്നല്ല അതു നല്ലതാണു്".

ഇതാണ് ശ്ലീഹാ നല്കിയിരുന്ന ഉപദേശത്തിൻെറ ചുരുക്കം. അതനുസരിച്ച്, തിതിയൻെറ കാര്യത്തിൽ എന്താണ് ചെയ്യേണ്ടതെന്നറിഞ്ഞുകൂടാ. ഒരു രാജാവിൻെറയും ഒരു നസ്രാണിയുടെയും ചുമതല രണ്ടു വിധമാണെന്നു തോന്നുന്നു. അവയെ പൊരുത്തപ്പെടുത്തി കൊണ്ടുപോകാൻ പ്രയാസം കാണുന്നു. എന്താണ് ചെയ്യേണ്ടതെന്നു കാണിച്ചു തരണം എന്ന് ചേരൻ പ്രാർത്ഥിച്ചു. അതു കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു സമാധാനമായി. എന്താണ് ചെയ്യേണ്ടതെന്നു കാണിച്ചു തരുമെന്നു പൂർണ്ണ വിശ്വാസമായി.

രണ്ടു ദിവസങ്ങൾ കഴിഞ്ഞു. മനസ്സു പിന്നെയും ഇളകുന്നു. വാനവരമ്പൻ ഭരണമേറ്റതിൽ പിന്നെ പല വലിയപ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അന്നെങ്ങും ഇന്നത്തെപ്പോലെ തലവേദന ഉണ്ടായിട്ടില്ല. തൻെറ മനസ്സിനെ ഇത്ര അധികം ദണ്ഡിപ്പിപ്പാൻ തിതിയനാരാണ് എന്നു ചിലപ്പോൾ ചോദിക്കും. ഒരു ആഭാസൻ. മദ്യപൻ, രാജദ്രോഹി. രാജ്യദ്രോഹി. അവൻെറ കഥ നാളെത്തന്നെ കഴിച്ച് ശല്യം തീർത്തുകളയാം, എന്നുവരെ എത്തും ആലോചന. അപ്പോൾ പിന്നെയും പഴയപടി, വലത്തെ ചെകിടിൽ അടിച്ചാൽ......എന്നുള്ളതു് ഓർമ്മയിൽ വരും.

ഇങ്ങിനെ ധർമ്മസങ്കടത്തിൽപെട്ടു നട്ടം തിരിഞ്ഞ വാനവരമ്പൻ ഒരു തീരുമാനത്തിൽ എത്താതെ ഏഴു ദിവസം കഷ്ടപ്പെട്ടു. എട്ടാംദിവസം ആശ്വാസപ്രദമായ ഒരു വിവരം ലഭിക്കുകയുണ്ടായി. ഏലീശാ രാവിലെ അദ്ദേഹത്തെ കണ്ടു്, ശ്ലീഹായുമൊന്നിച്ച് തെക്കൻ പ്രദേശത്തേക്കു പോയിരുന്ന രൂബൻ മടങ്ങി എത്തിയിട്ടുണ്ടെന്നു് അറിയിച്ചു. "ശ്ലീഹ പറഞ്ഞയച്ച ചില വിവരങ്ങൾ അറിയിക്കുന്നതിനു്, ഉച്ചയ്ക്കു ശേഷം പെരുങ്കോയിലകത്തു എത്തുമെന്നും, രാവിലെ വന്നാൽ തിരുമേനിക്കു അസൌകര്യം വരുമെന്നു ഭയന്നാണ് വരാഞ്ഞതെന്നും "പറഞ്ഞു.

രൂബൻ വന്നു ചേരുന്നതുവരെയുള്ള സമയംപോക്കാൻ പെരുമാൾ വളരെ ബുദ്ധിമുട്ടി. അന്നു മുഖം കാണിക്കാൻ ചെന്നവരോടു എന്തെല്ലാമാണ് പറഞ്ഞതെന്നു് അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടെന്നു തോന്നുന്നില്ല. രൂബൻ എ

പ്പോൾ വന്നാലും ആ നിമിഷത്തിൽ തന്റെ അടുത്തു് കൊണ്ടുവന്നുകൊള്ളണമെന്നും, അയാളുടെ വരവു കാത്തിരിക്കയല്ലാതെ വേറൊരു് ദിക്കിലേയ്ക്കു തിരിയുകപോലും വേണ്ടെന്നും കല്പന ലഭിച്ച ഏലീശ രൂബനുവേണ്ടി കാത്തുകെട്ടിയിരിക്കയാണു്. പല ദിവസത്തെ പരിചയംകൊണ്ടു് രൂബൻ മനസ്സിലാക്കിയിട്ടുള്ളതു്, പെരുമാളിനു് ഏററം സൌകര്യം, ഒരു പത്തുനാഴികപകലുള്ളപ്പോൾ അയാൾ പെരുങ്കോയിലകത്തു ചെല്ലുന്നതാണെന്നാണു്. ആ സമയത്തു തന്നെ ഇന്നും ഹാജരായി. രൂബനെ കണ്ട ക്ഷണത്തിൽ ഏലീശ, പറഞ്ഞു "തമ്പുരാൻ എപ്പോൾ മുതൽ നിങ്ങളെ കാത്തിരിക്കുന്നു എന്നറിഞ്ഞോ. വേഗം വരണം. വരുന്ന ക്ഷണത്തിൽ തിരുമുമ്പിൽ കൊണ്ടുചെല്ലണമെന്നാണു് കല്പിച്ചതു്"

രൂ:—"ഞാൻ എന്നും വരുന്ന നേരത്താണല്ലോ വന്നതു്. ഇതിനുമുമ്പു വന്നാൽ കാണാൻ പാടുകയില്ലെന്നു അനുഭവിച്ചറിഞ്ഞിട്ടുള്ളതല്ലേ."

വളരെക്കാലം കാണാതിരുന്ന ഒരു പ്രിയ സഹോദരനെ കണ്ടാൽ ഉണ്ടാകുന്ന സന്തോഷത്തോടും ഉത്സാഹത്തോടും കൂടിയാണു പെരുമാൾ രൂബനെ സ്വീകരിച്ചതു്. "ശ്ലീഹാ പോയിട്ടു് കാലം എത്രയായി. യാതൊരു വിവരവും കിട്ടാതെ ഞാൻ കഷ്ടപ്പെട്ടു. രൂബൻ എപ്പോൾ മടങ്ങിയെത്തി. എന്താണിങ്ങോട്ടു വരാമെന്നുവച്ചതു്. വിശേഷങ്ങൾ എന്തെല്ലാമാണു്" എന്നിങ്ങനെ ഒരുപിടി ചോദ്യങ്ങൾ ഒരുമിച്ചു ചോദിച്ചു.

രൂബൻ പറഞ്ഞു "ഇന്നലെ കുറെ രാത്രിയായപ്പോഴാണു് ഇവിടെ എത്തിയതു്. വന്നു ചേർന്നാലുടൻ പെരുങ്കോയിലകത്തു എത്തി തമ്പുരാന്റെ ക്ഷേമം അന്വേഷിക്കണമെന്നു ശ്ലീഹാ പ്രത്യേകം പറഞ്ഞാണയച്ചതു്. രാവിലെ വരുന്നതു് തിരുമേനിക്കു് അസൌകര്യമായിരിക്കുമെന്നു് വിചാരിച്ചാണു് വരാതിരുന്നതു്."

പെ:—ഏലീശായുടെ കൂടെ വന്നിരുന്നെങ്കിൽ അസൌകര്യം ഒന്നും ഞാൻ കൂട്ടാക്കുകയില്ലായിരുന്നു. ശ്ലീഹാ എവിടെയുണ്ടു്. എന്നു് ഇങ്ങോട്ടു വരും. ഈ കാലമെല്ലാം നിങ്ങൾ എവിടെ ആയിരുന്നു.

ശ്രു :—ശ്ലീഹാ അധിക ദിവസങ്ങളും പ്രക്കാട്ടു്, നിരണം എന്നീ സ്ഥലങ്ങളിലായിരുന്നു.

പെ :—ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കു മാത്രം ഉത്തരം പറയുക എന്നുള്ള രീതി ഉപേക്ഷിച്ചു്, നിങ്ങൾ ഇവിടെ നിന്നു പുറപ്പെട്ടശേഷം, ശ്രുബൻ ഇങ്ങോട്ടു പോന്ന സമയംവരെ നടന്നതെല്ലാം, നിസ്സാരമാണെന്നുവച്ചു് ഒന്നും വിട്ടുകളയാതെ, വിവരിച്ചു പറയണം.

ശ്രു :—ഇവിട്ടത്തെ വിലയേറിയ സമയം......

പെ :—ഇവിട്ടത്തെ വിലയേറിയ സമയത്തിന്റെ വില എനിക്കറിഞ്ഞു കൂടായൊ ? വില ഞാൻ കൊട്ടത്തുകൊള്ളാം. രണ്ടോ നാലൊ ദിവസം വേറൊരു കാര്യത്തിലും ശ്രദ്ധിക്കാതെപോലും ഇവിടെ കുത്തിയിരുന്നു ശ്രുബൻ പറയുന്നതു കേൾക്കാൻ ഒരുക്കമൊണു് വത്തമാനം അറിയാൻ എനിക്കു് എത്രമാത്രം ദാഹം ഉണ്ടായിരുന്നു എന്നു് ഊഹിക്കാൻ ശ്രുബനു കഴിയുകയില്ല,

ശ്രു :—തിരുമേനിയുടെ ചെയ്തികളും അനുഭവങ്ങളും അറിയാൻ ശ്ലീഹായിക്കു വലിയ ധൃതിയുണ്ടു്. ശ്ലീഹായുടെ ആശംസയും, തിരുമനസ്സിലേയ്ക്കു വേണ്ടി എന്നും പ്രാത്ഥിക്കുന്നുണ്ടെന്നുള്ള വിവരവും ഞാൻ നാട്ടിലെത്തിയാലുടൻതന്നെ അറിയിക്കണമെന്നു ആജ്ഞാപിച്ചാണു് അയച്ചതു്. തിരുമനസ്സിലേയ്ക്കു ക്ഷേമം ആണല്ലൊ ? ആരോഗ്യത്തിനു കുഴപ്പമൊന്നുമില്ലെന്നു കണ്ടിട്ടു തോന്നുന്നു. മനസ്സു് കഷ്ടപ്പെട്ടുത്തുന്നുണ്ടോ ? പുതിയ ജീവിതത്തിലെ അനുഭവങ്ങൾ എങ്ങിനെയാണു് ? ശ്ലീഹായുടെ കല്പന അനുസരിച്ചുള്ള അന്വേഷണമാണു്. അതിനു മറുപടി കിട്ടിയശേഷം.........

**പെ —മതി മതി.** നീ നമ്മുടെ ഗുരുവിന്റെ കല്പന, അക്ഷരം പ്രതി അനുസരിച്ചു എന്നു സമ്മതിച്ചു. ഇനി എന്നോട്ടുള്ള ചോദ്യങ്ങൾക്കു് ഉത്തരം തരാം. അതുകഴിഞ്ഞാൽ,

നിങ്ങളുടെ യാത്രയുടെ ശരിയായ ഒരു വിവരണം തരണം ശ്രുബൻ. എൻെറ ദേഹസ്ഥിതിക്കു് കുഴപ്പമൊന്നുമില്ല. ശ്ലീഹായുടെ ഉപദേശം അനുസരിച്ചു തന്നെ ജീവിതം നയിക്കാനാണു് ശ്രമിക്കുന്നതു്. അതു ഒട്ടെല്ലാം വിജയിക്കുന്നുമുണ്ടെന്നാണെൻെറ വിശ്വാസം. ഇപ്പോൾ വല്യതായ ഒരു പരീക്ഷണത്തെ അഭിമുഖീകരിക്കുകയാണു് ഞാൻ. പടത്തലവൻ തിതിയൻ രാജ്യത്തെ ഒററു കൊടുക്കുവാൻ ഒരു ശ്രമം നടത്തി. ക്രമസമാധാനങ്ങൾ താറുമാറാക്കി. ഇവിടെ കലക്കം സൃഷ്ടിക്കുകയും, അതിനിടയിൽ പുറത്തു നിന്നു് ശത്രു വന്നു ആക്രമണം നടത്തുന്നതിനു് ക്ഷണിക്കുകയും ചെയ്തു എന്നു് സംശയരഹിതമായ വിധത്തിൽ തെളിവു കിട്ടിയിട്ടുണ്ടു്. വലിയ നില ഒന്നും അയാൾക്കുണ്ടായിരുന്നില്ല. എനിക്കു സന്തോഷം തോന്നി പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തു്, കരുതിക്കൂട്ടി ഉയർത്തി ഈ നിലയിൽ എത്തിച്ചതാണു്. അങ്ങിനെയുള്ള ആൾ എൻെറ പുറത്തു കുത്തി എന്നോർക്കുമ്പോൾ വല്ലാത്ത വിദ്വേഷവും വേദനയും ഉണ്ടാകുന്നു. തിതിയൻ ചെയ്ത ചതി രാജ്യത്തെല്ലായിടത്തും പരസ്യമായിട്ടുണ്ടാവണം. അതുകൊണ്ടു്, ക്ഷമിച്ചു് കണ്ടില്ല, കേട്ടില്ല എന്നു വയ്ക്കാൻ നിവൃത്തിയില്ല. ന്യായത്തിനു് അവനെ തൂക്കിക്കൊന്നു തല വെട്ടി കോട്ടവാതിൽക്കൽ ഉയർത്തുകയാണു് വേണ്ടതു്. അതാണു് അവൻെറ കുററത്തിനു ചേർന്ന ശിക്ഷ. പക്ഷെ ഒരുവൻ വളർത്തിക്കൊണ്ടു വന്ന ഒരു വൃക്ഷം, വിഷം വമിക്കുന്നതാണെങ്കിൽ തന്നെയും, അവൻ അതു വെട്ടിക്കളയരുതെന്നാണു നീതിസാരം പഠിപ്പിക്കുന്നതു്. ഞാൻ വളർത്തിക്കൊണ്ടു വന്ന തിതിയനെ ഞാൻ കൊലചെയ്തു വിധിക്കരുതെന്നാണല്ലോ ഇതിൻെറ സാരം. ഇതൊരു വശം. ഇനി വേറൊരു വശം കാണിക്കാം. ശത്രുവിനെ സ്നേഹിക്കണം, ഒരുവൻ ഒരു ചെകിട്ടിൽ അടിച്ചാൽ മറെറ ചെകിട്ട കാണിച്ചു് അവിടെയും വേണമെങ്കിൽ അടിച്ചുകൊള്ളാൻ ക്ഷണി

ക്കണം. പകരം വീട്ടാൻ തുനിയരുതു് എന്നു നമ്മുടെ കത്താവു് പഠിപ്പിക്കുന്നു. അഹിംസ വളരെ നല്ല തത്വമാണെന്നു് എനിക്കു മുമ്പു തന്നെ അഭിപ്രായമുണ്ടു്. അതിൻെറ പ്രായോഗികതയെപ്പററി ആശങ്കയും. ഇവയെല്ലാംകൂടെ എന്നെ വല്ലാതെ നട്ടം തിരിക്കുന്നു. രാജ്യത്തു സമാധാനം പാലിക്കുന്നതിനും നീതി നടത്തുന്നതിനും ചുമതലപ്പെട്ടവനാണു് ഞാൻ. ശത്രുവിൻെറ ആക്രമണത്തിൽ നിന്നു പൌരാവലിയേയും അവരുടെ ജീവധനാദികളേയും കാത്തു രക്ഷിക്കേണ്ട ഭാരവും എനിക്കുതന്നെ. ഇങ്ങിനെ ഉള്ള ഞാൻ, ശത്രുവിനെ സ്നേഹിക്കുക, പകരം വീട്ടാതിരിക്കുക, ഈ ന്യായങ്ങളേയോ തത്വങ്ങളേയോ ആശ്രയമായി സ്വീകരിച്ചുകൊണ്ടു് തിതിയനെ വെറുതെ വിട്ടാൽ എന്തായിരിക്കും അനുഭവം? മഹാദ്രോഹിയായ അവൻ സ്വതന്ത്രനായി, പഴയപടി രാജ്യത്തെ ഒററുകൊടുക്കാനൊ, നശിപ്പിക്കാനൊ തുനിയാൻ അനുവദിക്കാമോ? അങ്ങിനെ ചെയ്താൽ രാജസ്ഥാനത്തെപ്പററി ജനങ്ങൾക്കുള്ള മതിപ്പും ബഹുമാനവും, അതിലുള്ള വിശ്വാസവും നഷ്ടപ്പെടുകയില്ലെ? അയാളെ ശിക്ഷിച്ചാൽ നമ്മുടെ കത്താവിൻെറ കല്പന ഞാൻ അനുസരിച്ചില്ല എന്നു വരും. ഒരു വശത്തു് രാജാവിൻെറ ചുമതലകളും ധമ്മവും. മറുവശത്തു് ഒരു നസ്രാണിയുടെ ധമ്മവും. ഏതാണു് തെരഞ്ഞെടുക്കേണ്ടതു്, എന്താണു് ചെയ്യേണ്ടതു്, എന്നറിയാതെ ഞാൻ കുഴങ്ങുകയാണു്. ഏതു മാൎഗ്ഗം സ്വീകരിക്കണമെന്നു് കാണിച്ചുതരണമേ, എന്നു് ഞാൻ പ്രത്യേകം പ്രാൎത്ഥിക്കാൻ തുടങ്ങിയിട്ടു് ഇന്നു് എട്ടു ദിവസമായി. ശ്രുബെൻ വന്നിട്ടുണ്ടു് എന്നു് ഏലിശാ രാവിലെ പറഞ്ഞപ്പോൾ, ശ്രുബെൻ ഒരു സന്ദേശവാഹകനാണു്, എൻെറ പ്രാൎത്ഥനയ്ക്കുള്ള മറുപടി വന്നിട്ടുണ്ടു്, കിട്ടും. കത്താവു് എന്നെ കൈവിട്ടുകളഞ്ഞില്ല എന്നു് എനിക്കു ബോദ്ധ്യമായി.........

ശ്രു:— അയ്യൊ, ഞാൻ ഉത്തരം ഒന്നും കൊണ്ടു......

പെ :—ചോദിച്ച ചോദ്യത്തിനു്. അക്ഷരത്തിനക്ഷരപ്പടിയുള്ള ഉത്തരം, ദൈവത്തിൽ നിന്നു കിട്ടുമെന്നു പ്രതീക്ഷിക്കുന്നതു് മൌഢ്യമാണെന്നും, അവിടുന്നു മറുപടി തരുന്നതു് അടയാളങ്ങൾ കൊണ്ടോ മറേറാ ആയിരിക്കും എന്നും എനിക്കറിയാം. ശ്രുബൻ അറിഞ്ഞിട്ടില്ലെങ്കിലും എൻെറ സംശയം തീക്കാനുള്ള വിവരം താൻ കൊണ്ടുവന്നിട്ടുണ്ടെന്നു് എനിക്കു നല്ല വിശ്വാസമുണ്ടു്. നാം തുടന്നു സംസാരിക്കുമ്പോൾ, ഉത്തരം വെളിപ്പെടും.

ശ്രു :—രാജ്യകാൎയ്യങ്ങളെപ്പററിയൊ, ഭരണസംബന്ധമായ സംഗതികളെപ്പററിയൊ ശ്ലീഹായിക്കു വിവരം ഒന്നുമില്ല. എൻെറ നില ഇവിടെ അറിയാമല്ലോ. അപ്പോൾ പിന്നെ.........

പെ :—പിന്നെങ്ങിനെ നിങ്ങൾ മറുപടി തരുമെന്നല്ലെ ചോദിക്കുന്നതു്. നിങ്ങൾ മറുപടി തരുമെന്നല്ല, നിങ്ങളിലൂടെ ദൈവം മറുപടി അറിയിച്ചു തരുമെന്നാണു് പ്രതീക്ഷ; എന്നല്ല വിശ്വാസം എന്നാണു ഞാനുദ്ദേശിച്ചതു്.

ശ്രു :—വിശ്വാസം ഉണ്ടെങ്കിൽ എന്തും സാധിക്കുമെന്നു് ശ്ലീഹാ പറഞ്ഞു തന്നിട്ടുണ്ടു്. ഒരിക്കൽ കത്താവു് കോളുകൊണ്ടു് ഇളകിമറിഞ്ഞുകിടന്ന ഗലീലിയാക്കടലിൽ വെള്ളത്തിനു മീതെ കൂടെ നടക്കുന്നതു കണ്ട പത്രോസ്സ്ശ്ലീഹാ, ഞാൻ തോണിയിൽ നിന്നിറങ്ങി നടന്നു് അങ്ങോട്ടു വന്നുകൊള്ളട്ടൊ എന്നു ചോദിച്ചു. ഇറങ്ങിച്ചെല്ലാൻ കത്താവു കല്പിച്ചു. പത്രോസ്സ്ശ്ലീഹാ കുറച്ചു ദൂരം നടന്നപ്പോൾ ഭയം തോന്നി. ഭയം ഉണ്ടായപ്പോൾ വെള്ളത്തിൽ താഴാൻ തുടങ്ങി. കത്താവു് അദ്ദേഹത്തെ രക്ഷിച്ചു. "എന്തിനു ഭയപ്പെട്ടു? സംശയിച്ചു? വിശ്വസിച്ചിരുന്നു എങ്കിൽ ഈ വിധം സംഭവിക്കയില്ലായിരുന്നു" എന്നു് ശാസിക്കുകയും ഉണ്ടായി. വേറൊരിക്കൽ "ഈ മലയോടു്, നീ കടലിലേയ്ക്കു മാറിക്കൊള്ളുക എന്നു്, പൂൎണ്ണവിശ്വാസത്തോടെ ആജ്ഞാപിച്ചാൽ, മല കടലി

ദലക്കു നീങ്ങും" എന്നു കത്താവു ശിഷ്യന്മാക്കു പറഞ്ഞുകൊടുത്തു. അപ്പോൾ സംശയം തീക്കാൻ വേണ്ട വിവരം കിട്ടും എന്നു തിരുമേനി വിശ്വസിക്കുന്നതുകൊണ്ടു്, കിട്ടുക തന്നെ ചെയ്യും.

പെ :—കിട്ടും. എനിക്കു പൂർണ്ണ വിശ്വാസമുണ്ടു് കിട്ടുമെന്നു്. അതു നില്ക്കട്ടെ. നിങ്ങൾ ഇവിടെ നിന്നു പോയ ശേഷം എവിടെല്ലാമായിരുന്നു ? എന്തെല്ലാം നടന്നു ? യാതൊരു വിവരവും കിട്ടിയിട്ടില്ല.

ശ്രു :—അധിക ദിവസങ്ങൾ പ്രക്കാട്ടും നിരണത്തുമായിട്ടാണു് ചെലവാക്കിയതു്. പോകുന്ന വഴി കോക്കമംഗലത്തു് കുറച്ചു ദിവസം താമസിച്ചു.

പെ :—അവിടെ കുറച്ചു ദിവസം മാത്രം താമസിച്ചു് വേഗത്തിൽ തെക്കോട്ടു പോകാൻ ഇടയായതു്.

ശ്രു :—"ഒന്നും ചെയ്യാതെ പോയി എന്നു വരുമോ. നാം വിത്തു വിതച്ചു. അതു് മുളച്ചു കിളിത്തു പൊങ്ങും. പക്ഷെ അല്പ താമസം ഉണ്ടാകും. നാം ഉടൻ തന്നെ തെക്കോട്ടു പോകണമെന്നു് എൻെറ മനസ്സു് ആവശ്യപ്പെടുന്നു. ദശ്നം ഒന്നും കണ്ടില്ല. എങ്കിലും അതുപോലുള്ള ഒരു തോന്നൽ, നിർബന്ധം, ഉണ്ടായിട്ടുണ്ടു്. നമ്മുടെ ആളുകളുടെ അപേക്ഷയുടെ ഫലമായി, മുകളിൽ നിന്നുണ്ടാകുന്ന പ്രേരണയായിരിക്കുമൊ ? നമുക്കു താമസിയാതെ പുറപ്പെടണം. ഇവിടുത്തെ ശ്രമത്തിനു ഫലം കിട്ടുമെന്നും, നമ്മെ ഇവിടേയ്ക്കു് തിരിച്ചു കൊണ്ടുവരുമെന്നും എനിക്കു നല്ല വിശ്വാസമുണ്ടു്" എന്നാണു് ശ്ലീഹാ പറഞ്ഞതു്. പ്രക്കാട്ടു് കുറെ ജൂതന്മാരുണ്ടല്ലൊ. അവരിൽ നിലയും വിലയും ഉള്ള പലർ ഉണ്ടു്. ഉൾനാട്ടിൽ നിന്നു് കുരുമുളകു വന്നു ചേരുന്ന നിരണം എന്നൊരു പ്രധാന സ്ഥലമുണ്ടു്. അവിടെ കച്ചവടത്തിനുള്ള സൌകര്യങ്ങൾ ഇവരിൽ ചിലർ ക്രമപ്പെടുത്തിയിട്ടുണ്ടു്. പുഴവഴി വലിയ ജലവാഹനങ്ങൾക്കും സഞ്ചരിക്കാൻ സൌകര്യമുള്ളതുകൊ

ണ്ടു്, കരപ്രദേശം അടുത്താണെങ്കിലും നിരണം ഒരു ചെറിയ തുറമുഖമായിട്ടാണു് എണ്ണപ്പെടുന്നതു്.

പെരു:—അവിടെയും ജൂതന്മാർ താമസമാക്കിയിട്ടുണ്ടായിരിക്കുമല്ലൊ.

ശ്രുബ:—ഉണ്ടു്. അവിടെയും താമസമാക്കിയിട്ടുണ്ടു്. മറ്റൊന്നുകൂടെയുണ്ടു്. പ്രക്കാട്ടേക്കാൾ താമസത്തിനു വളരെ അധികം സൌകര്യമുള്ള സ്ഥലമാണു് നിരണം. നഗരത്തിന്റെ ഗുണങ്ങൾ തികച്ചും ഉള്ള ഒരു ഗ്രാമമൊ നാട്ടിൻപുറമൊ ആണു്. പ്രക്കാട്ടു് കടലോരത്താണെന്നുള്ള വിശേഷമുണ്ടെങ്കിൽ. അതിനോടു ബന്ധപ്പെട്ട ദൂഷ്യങ്ങളും അവിടെയുണ്ടു്. ഇക്കാരണങ്ങളാൽ, ഒരുതരം കഴിവുള്ള ജൂതന്മാരൊക്കെ, നിരണത്തു് വേണ്ട സൌകര്യങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ടു്. സ്ത്രീകൾക്കും കുട്ടികൾക്കും നിരണത്തോടു പ്രത്യേക ചാപ്പെലൊ പ്രതിപത്തിയൊ ഉണ്ടായിട്ടുമുണ്ടു്

പെരു:—അപ്പോൾ... ഒരുവൻ കഥ പറയുമ്പോൾ ശ്രോതാക്കൾ "ഉം" എന്നു മൂളുന്നതു് കഥ പറയുന്ന ആളിനു ഉത്തേജനം നല്കുന്നതിനൊ, "ഞങ്ങൾ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരിക്കുന്നു, തുടരണം, തുടരണം" എന്നു ധരിപ്പിക്കുന്നതിനൊ ആണല്ലൊ. അതുപോലെ ശ്രുബന്റെ സംഭാഷണം താൻ ശ്രദ്ധിച്ചു കേൾക്കുന്നുണ്ടു്, തുടൎന്നുകൊള്ളണം എന്നു് ധരിപ്പിക്കുന്നതിനാണു് പെരുമാൾ ഇടയ്ക്കിടെ "അപ്പോൾ" "പിന്നെ" എന്നിങ്ങനെ ഓരോ വാക്കു് ഉച്ചരിക്കുന്നതു്.

ശ്രുബ:—പമ്പാനദി കണക്കില്ലാത്ത അളവിൽ എക്കൽ കൊണ്ടുവന്നു നിരണം പ്രദേശത്തെല്ലാം വിരിക്കുന്നതുകൊണ്ടു്, അവിടുത്തെ മണ്ണു് വളരെ വിശിഷ്ടമായിട്ടുണ്ടു്. കൃഷികളെല്ലാം ആദായകരമാണു്. അതായിരിക്കണം അവിടെ ജനങ്ങൾ തിങ്ങിപ്പാൎക്കുന്നതു്. വലിയ ശ്രമം കൂടാതെ കൃഷിയിൽനിന്നു നല്ല ആദായം കിട്ടുന്നതു മൂലം ജനങ്ങൾ ബുദ്ധിമുട്ടാൻ മടിയുള്ള സുഖലോലുപന്മാരായി പരിണമിച്ചിട്ടുണ്ടു്. ധനം സ

മ്പാദിക്കുകയും, അതേസമയംതന്നെ സുഖജീവിതം നയിക്കുകയും ചെയ്യാമെന്നു ബോദ്ധ്യമായപ്പോളാണ് ജൂതന്മാർ നിരന്നത്തും താമസസൌകര്യങ്ങൾ ക്രമപ്പെട്ടത്തിയതു്. അതിനുമുമ്പുതന്നെ, നമ്പൂരിമാരും അവിടെ എത്തി താമസമാക്കിയിട്ടുണ്ടു്. ഏതാനും ഇല്ലങ്ങളും ഉണ്ടു്; തൃക്കപിലേശ്വരം എന്നു പേരുള്ള ക്ഷേത്രത്തിനു സമീപത്താണ് അവരുടെ താമസം. ക്ഷേത്രത്തിൻെറ സ്വാധീനം പ്രയോജനപ്പെട്ടത്താൻ ഈ നമ്പൂരിമാർ ശ്രമിക്കുന്നുണ്ടെന്നു് അവിട്ടത്തെ ആളുകൾക്കു പരാതിയുണ്ടു്. ഇതെല്ലാമാണ് ഞങ്ങൾ ഈ ദിവസങ്ങൾ കഴിച്ചുകൂട്ടിയ ദിക്കുകളിലെ സ്ഥിതിഗതികൾ.

പെരു:—ഇതിൽ ചിലവയെ സംബന്ധിച്ചുള്ള വിവരങ്ങൾ—ഇത്രയും വിസ്തൃതമായ തരത്തിൽ അല്ലെങ്കിലും—എനിക്കു് അറിയാം. ശ്ലീഹായുടെ പ്രവൎത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ കേൾക്കാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. അതു് എത്രമാത്രം വിശദമാകുന്നൊ, അത്രമാത്രം സന്തോഷകരവുമായിരിക്കും.

രുബ:—പ്രക്കോട്ടുള്ള ഞങ്ങളുടെ ജാതിക്കാരിൽ ഒന്നു രണ്ടാളുകൾ ഒഴിച്ചു ബാക്കി എല്ലാവരും ശ്ലീഹായേയും അദ്ദേഹത്തിൻെറ ഉപദേശങ്ങളേയും അത്യന്തം സന്തോഷത്തോട്ടുകൂടിയാണ് സ്വീകരിച്ചതു്. സ്വീകരണം ലഭിക്കുന്നതിൻ താമസം വന്നില്ല. അവിടെ ഒരു ചെറിയ പള്ളി ഞങ്ങളുടെ ആളുകൾക്കുണ്ടു്. ഞങ്ങൾ ചെന്നപ്പോൾ മുതൽ തന്നെ പള്ളിയിൽ വച്ചു് ഉപദേശങ്ങൾ നൽകുന്നതിനു സാധിച്ചു. അകന്നു നിൽക്കുന്നു എന്നു ഞാൻ സൂചിപ്പിച്ചവർ സ്വാധീനമുള്ളവരാണ്. അവരിൽ ആരെങ്കിലും എതിൎത്തിരുന്നെങ്കിൽ പള്ളിയിൽവച്ചു് ജനങ്ങളെ പഠിപ്പിക്കാൻ ശ്ലീഹായിക്കു പററാതെ വരാമായിരുന്നു. അനുകൂലിക്കാതെ നിൽക്കുന്നവർ എതിൎക്കുന്നില്ല. കൂട്ടതൽ അറിവുകിട്ടിയിട്ടു് എന്തെങ്കിലും തീരുമാനിക്കാമെന്നാണ് അവർ ഉദ്ദേശിക്കുന്നതെന്നു അനുമാനിക്കുന്ന

തിൽ തെററില്ലെന്നു തോന്നുന്നു. ഇപ്പോൾ മാറിനിൽക്കുന്നവരും അട്ടത്തുവരുമെന്നു ശ്ലീഹായിക്കു നല്ല നിശ്ചയമുണ്ടെന്നു് അദ്ദേഹം പറയുന്നു.

പെതു :— നിരണത്തേയ്ക്കു പോയതു് എന്നായിരുന്നൊ.

ത്രുബ:—പ്രക്കാട്ടുള്ള ജനങ്ങളിൽ, മുൻപറഞ്ഞ ചിലർ ഒഴിച്ചു് എല്ലാവരും തന്നെ അനുകൂലിക്കുകയും, പലരും മുദ്രകുത്തപ്പെട്ടുകയും ചെയ്ത ശേഷമാണു് പോയതു്. അവിടെ താമസ സൌകര്യങ്ങൾ ക്രമപ്പെട്ടുത്തിയിട്ടുള്ള രണ്ടു ജൂതന്മാർ ശ്ലീഹായെ അവിടേയ്ക്കു ക്ഷണിച്ചു. അദ്ദേഹത്തിനു് അല്പ ദിവസത്തെ വിശ്രമം ആവശ്യമാണു്, അതിനായി നിരണത്തേയ്ക്കു പോകാമെന്നാണു് അവർ ആവശ്യപ്പെട്ടതു്. ശ്ലീഹായുടെ മറുപടി ഈ നിമിഷത്തിലും കേൾക്കുന്നതു പോലെ എനിക്കു തോന്നുന്നു......

പെതു :—മറുപടി എന്തായിരുന്നു. നിങ്ങൾക്കു് ഓർമ്മയുണ്ടെങ്കിൽ ആ വാക്കുകൾ തന്നെ കേൾക്കട്ടെ.

ത്രുബ :— എങ്ങിനെ മറക്കാനാണു് ? അദ്ദേഹം ഇങ്ങിനെയാണു് മറുപടികൊടുത്തതു്. "എനിക്കു വിശ്രമം ആവശ്യമാണെന്നൊ ? എൻെറ ഗുരുവിൻെറ, എൻെറ കർത്താവിൻെറ വാക്കുകളെ വിശ്വസിക്കാതിരുന്ന, അദ്ദേഹം ഉയിർത്തെണീററു എന്നു് എൻെറ കൂട്ടുകാരായ ശിഷ്യന്മാർ എല്ലാം ഉറപ്പിച്ചു പറഞ്ഞിട്ടു് അതും, കർത്താവു മുമ്പു് പറഞ്ഞതും എല്ലാം അവിശ്വസിച്ച ഞാൻ വിശ്രമത്തിനു യോഗ്യനല്ല. ശിഷ്ടായുസ്സു മുഴുവൻ ആഹാരവും ഉറക്കവും എല്ലാം ഉപേക്ഷിച്ചു്, പറന്നു നടന്നു് കർത്താവിൻെറ കല്പന വിളമ്പരപ്പെട്ടുത്തിയാൽ പോലും എൻെറ പാപത്തിനു പരിഹാരമാകയില്ല. നിരണത്തിനു വരാം. വിശ്രമത്തിനല്ല, പണിയെടുക്കാനാണു് എന്നേയുള്ളു. അവിടെ നിലം പാകമായിക്കിടക്കുന്നു. വിതച്ചാൽ നൂറുമേനി വിളവുകിട്ടുമെന്നു ഞാൻ കാണുന്നു.

എപ്പോൾ പുറപ്പെടണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നുവൊ, അപ്പോൾ തന്നെ പുറപ്പെടാം."

പെരു :—ഉടൻ തന്നെ പുറപ്പെട്ടായിരിക്കും ?

ശ്രുബ :— അടുത്ത ദിവസം ഞങ്ങൾ പുറപ്പെട്ടു. ശ്ലീഹായിക്കു നല്ല ഉത്സാഹമായിരുന്നു. അത്രമാത്രം ഉത്സാഹം മുമ്പൊരിക്കലും ഞാൻ കണ്ടിട്ടില്ല. യാത്രയ്ക്കു ജൂതപ്രധാനിയായ യെഹൂദായുടെ ജലവാഹനം ഉണ്ടായിരുന്നതുകൊണ്ടു് യാതൊരു അസൌകര്യത്തിനും ഇടവന്നില്ല. ശ്ലീഹായുടെ താമസത്തിനു് പ്രധാന ഭവനത്തിൽ നിന്നു വിട്ടു് അല്പം ദൂരത്തുള്ള ഒരു ചെറു കെട്ടിടം യെഹൂദാ തയ്യാറാക്കിയിരുന്നു. ഞങ്ങൾ അവിടെ എത്തിയപ്പോഴേയ്ക്കു് ഒട്ടധികം രാത്രി ആയിരുന്നു. പ്രാർത്ഥനയും ആഹാരവും കഴിഞ്ഞു് കിടന്നപ്പോൾ പാതിരാത്രി കഴിഞ്ഞിട്ടുണ്ടാവണം. എന്നിട്ടും ശ്ലീഹാ പതിവുള്ള സമയത്തു്, ഏഴരക്കോഴികൂവിയപ്പോൾ, ഉണർന്നു. എന്നും അദ്ദേഹം വളരെ അധിക സമയം ധ്യാനത്തിൽ കഴിക്കാറുണ്ടു്. പിന്നെയാണു് പ്രാർത്ഥനയും ഒക്കെ. ഞാനും ഉണർന്നു് പ്രാർത്ഥനയിലും മററും സംബന്ധിച്ചു. അതൊക്കെ തീരുന്നതിനു മുമ്പുതന്നെ പുറത്തു് ആളുകളുടെ ശബ്ദം കേട്ടു തുടങ്ങി. ചുരുക്കി പറയാമല്ലൊ. നേരം വെളുത്തപ്പോൾ അവിടെ നൂറുപേരിലധികം കൂടിയിട്ടുണ്ടു്.

പെ —അവരെല്ലാം വന്നുകൂടിയതു് എന്തിനായിരുന്നു. ?

ശ്രു :—രോഗികളും ഭൂതബാധയുള്ളവരും അവരെ കൊണ്ടു വന്നവരുമായിരുന്നു അതെല്ലാം. നിരണത്തു് ഒന്നു കണ്ടു. രോഗികളേക്കാൾ വളരെ കൂടുതലാണു് ഭൂതബാധിതർ. ആ ദിക്കിൻെറയും അവിടുത്തെ വെള്ളത്തിൻെറയും വിശേഷമായിരിക്കാം രോഗികളുടെ സംഖ്യ കുറഞ്ഞു കണ്ടതു്.

പെ :—ശ്ലീഹാ വന്നു എന്നൊ വരന്നൊ എന്നൊ, അവരെ സുഖപ്പെടുത്തുമെന്നൊ എങ്ങിനെ അറിഞ്ഞു.

ശ്രു :—എങ്ങിനെയൊ അറിഞ്ഞു. ആ വീട്ടിലെ വേലക്കാ രു്, രായിക്കു രായെ വാർത്ത പരത്തിയതായിരിക്കണം. എങ്ങിനെ ആയാലും ശ്ലീഹായിക്കു ജോലി ധാരാള മായി. രോഗികളെ സുഖപ്പെടുത്താൻ ഒരു പ്രയാ സവുമില്ലെന്നും, സുഖപ്പെടട്ടെ എന്നു പറഞ്ഞാൽ എല്ലാം കഴിഞ്ഞു എന്നുമാണു അവിടെ വന്നു കൂടി യവർ എല്ലാം ധരിച്ചിരുന്നതു്. രോഗികളിൽ ഓരോരുത്തൎക്കും രോഗശാന്തി കൊടുക്കുമ്പോൾ, കൊ ടുക്കുന്ന ആളിൻെറ ആരോഗ്യത്തിൽ ഒരംശം അതി ലേയ്ക്കു് ചെലവിടുന്നുണ്ടു് എന്നു മനസ്സിലാക്കിയവർ ചുരുക്കമാണു്. വൈകുന്നേരത്തോടടുത്തപ്പോഴേയ്ക്കു് ശ്ലീഹാ വല്ലാതെ ക്ഷീണിച്ചു എന്നു ചിലർ മനസ്സി ലാക്കി എന്നു തോന്നുന്നു. ഭൂതബാധിതരുടെ സംഖ്യ അവിടെ താരതമ്യേന കൂടുതലാണെന്നറിയിച്ചല്ലൊ. ഭൂതങ്ങൾ ഇറങ്ങി പോകാൻ കൂടുതൽ മടി കാണി ക്കുന്നുമുണ്ടായിരുന്നു.

പെ :—അതെന്തുകൊണ്ടായിരുന്നു ?

ശ്രു — അറിഞ്ഞുകൂടാ. രണ്ടു നാലു ദിവസമായപ്പോഴേയ്ക്കു ഭൂതബാധിതരുടെ എണ്ണം വളരെ വളരെ വൎദ്ധിച്ചു. രോഗശാന്തി നല്കുന്നതും ഭൂതങ്ങളെ ഇറക്കി വിടു ന്നതും കാണാൻ എത്തുന്ന ജനങ്ങളുടെ സംഖ്യയും ദിനംപ്രതി വൎദ്ധിച്ചുവന്നു. അങ്ങനെ തടിച്ചു കൂടിയ ആളുകളിൽ, തൃക്കപിലേശ്വരം ക്ഷേത്രത്തിലെ ശാന്തിക്കാരൊ ആ ക്ഷേത്രത്തോടു ബന്ധമുള്ളവരൊ ആയി അവിടുത്തെ നമ്പൂരിമാരും ഉൾപ്പെട്ടിരുന്നു...

പെ :—നമ്പൂരിയാണോ ? അമ്പലപ്പുഴയും അതിനു തെക്കും ഉള്ള ദേശങ്ങളിൽ പരശുരാമൻ കുടിയിരുത്തി യതു്, നമ്പൂതിരി വൎഗ്ഗത്തിൽ പെട്ട പോററിമാരെ ആ യിരുന്നു.

ശ്രു :—അങ്ങിനെ എങ്കിൽ അവിടെ വന്ന നമ്പൂരിമാർ പോ ററികളായിരുന്നിരിക്കണം. ആ ക്ഷേത്രം ഭൂതബാധി തരുടെ ഒരു ആശാകേന്ദ്രമായിരുന്നു. അവിടെ

ഉത്സവകാലത്തു് എത്തുന്നവരെക്കാൾ വളരെ അധികം ഭൂതബാധിതർ ആ ജൂതഗൃഹ പരിസരങ്ങളിൽ എപ്പോഴും ഉണ്ടായിരുന്നു. അവരോടു എങ്ങിനെയാണു് ശ്ലീഹാ വർത്തിക്കുന്നതെന്നു കാണാനാണു് പോററിമാർ വന്നതെന്നാണു് കേട്ടതു്. ഭൂതങ്ങളെ ഇറക്കിവിടാൻ അവക്കറിഞ്ഞുകൂടാത്ത വിദ്യ വല്ലതും ശ്ലീഹാ പ്രയോഗിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതു മനസ്സിലാക്കി പ്രയോജനപ്പെടുത്തണം എന്നായിരുന്നിരിക്കാം അവരുടെ ഉദ്ദേശം. ഉദ്ദേശം എന്തായിരുന്നെങ്കിലും, അവർ ലാക്കു നോക്കിയ വഴിക്കല്ല കാര്യങ്ങൾ നീങ്ങിയതെന്നു തോന്നുന്നു. രോഗ-ഭൂതബാധിതരെ സുഖപ്പെടുത്താനുള്ള പ്രവർത്തനങ്ങൾക്കിടയിൽ. ഈ ദിക്കിൽ വച്ചു ചെയ്യാറുണ്ടായിരുന്നതു പോലെ തന്നെ, കർത്താവിനെക്കുറിച്ചും, ദൈവത്തിൻെറ അഗാധ സ്നേഹത്തെക്കുറിച്ചും, ക്രൂശുമരണത്തേയും ഉയിപ്പിനേയും കുറിച്ചും, ആ മാർഗ്ഗത്തിൽ നമുക്കു ലഭിച്ചതും, ലഭിക്കാവുന്നതും ആയ നിരവധി അനുഗ്രഹങ്ങളെക്കുറിച്ചും, ആക്കും മനസ്സിലാകത്തക്ക വിധത്തിൽ സംസാരിക്കാറുണ്ടായിരുന്നു. ബഹുഭാഷാ നൽവരത്തിൻെറ അത്ഭുത കഴിവുകൾ തെളിയിച്ചു കാണിക്കുന്ന ആ ഭാഷണം കേൾക്കുകയും രോഗികൾക്കും മററും അത്ഭുതകരമായ വിധത്തിൽ ശാന്തി നല്കുകയും ചെയ്യുന്നതു കണ്ടു്, രണ്ടു നമ്പൂരിമാർ മുമ്പോട്ടു വന്നു് കൂടുതൽ വിവരങ്ങൾ പറഞ്ഞു കൊടുക്കണമെന്നപേക്ഷിച്ചു. ശ്ലീഹാ സന്തോഷത്തോടെ അവരെ പഠിപ്പിച്ചു. ഇതറിഞ്ഞു് ബ്രാഹ്മണരിൽ മററു ചിലർ വഴക്കുകൂട്ടാനൊരുങ്ങിയാണു് പിറെറന്നാൾ വന്നതു്. അന്നും പഴയപടി കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ, വഴക്കുണ്ടാക്കാൻ ഒരുങ്ങി വന്നവരുടെ നേതാക്കന്മാരായ രണ്ടു പേർ "ഒന്നു ചോദിച്ചിട്ടേയുള്ളു" എന്ന മട്ടിൽ വലിയ ഘനഭാവത്തിൽ ശ്ലീഹായെ സമീപിച്ചു. അടുത്തു വന്നപ്പോൾ അവർ ആവശ്യപ്പെട്ടതു് മററു രണ്ടു പോററിമാരെ സ്വീകരിച്ചതിനു

സമാധാനമല്ല. ആദ്യം സ്വീകരിച്ചവരുടെ സ്നേഹിതന്മാരും ബന്ധുക്കളുമാണ് തങ്ങളെന്നും, പുതിയ മതത്തെപ്പററി കൂടുതൽ അറിയിച്ചു കൊടുക്കണമെന്നുമായിരുന്നു. അങ്ങിനെ വന്ന നാലു പേരും ആ സ്ഥലത്തെ ഏററം പ്രധാന ബ്രാഹ്മണ കുടുംബങ്ങളിലെ പ്രധാന അംഗങ്ങളാണെന്നു പിന്നീടാണ് ഞങ്ങൾക്കു മനസ്സിലായതു്. ജിജ്ഞാസ തീക്കുന്നതിനൊ, നേരമ്പോക്കിനൊ ആയി വന്നു കൂടിയവരിൽ പ്രധാനികളും പുതിയ വേദം സ്വീകരിക്കുമെന്നു കണ്ടപ്പോൾ ബാക്കി ഉണ്ടായിരുന്ന ബ്രാഹ്മണർ പിൻവാങ്ങി. അവർ ശ്ലീഹായുടെ പ്രവൎത്തനങ്ങൾ കാണാൻ അതിനു ശേഷം വന്നില്ലെന്നു മാത്രമല്ല ക്ഷേത്രത്തോടുള്ള ബന്ധം ഉപേക്ഷിച്ചു് അവർ ആ കരയിൽ നിന്നു കടന്നു കളയുകയും ചെയ്തു എന്നു് പിന്നീടു മനസ്സിലായി.

പെ:—അപ്പോൾ നിരണത്തു ചെന്നിട്ടും ആദ്യം സ്വീകരിച്ചതു് നമ്പൂരിമാരെ തന്നെയായിരുന്നു, അല്ലെ?

ത്രു:—പോററിമാരെന്നല്ലെ കല്പിച്ചതു്........

പെ:—പോററിമാർ നമ്പൂരി വൎഗ്ഗക്കാർ തന്നെ. ഒരു ഉപവകുപ്പു ആണെന്നേയുള്ളു. അവക്ക് കുറവൊന്നുമില്ല. ശ്ലീഹാ എന്നാണ് ഇങ്ങോട്ടു വരുന്നതെന്നു പറഞ്ഞില്ലല്ലൊ.

ത്രു.— എന്നിങ്ങോട്ടു വരുമെന്നു പറഞ്ഞില്ല. ഇവിടുത്തെ വിവരങ്ങൾ അറിവാൻ ധൃതിയുണ്ടു്, അതുകൊണ്ടാണ് എന്നെ പറഞ്ഞയച്ചതു്. നിരണത്തു് ഒരു ദേവാലയം ഉണ്ടാക്കാനുള്ള ആലോചന ആരംഭിച്ചിട്ടുണ്ടു്. അതുകൂടെ ആയെങ്കിൽ മാത്രമേ അവിടെയുള്ള സഭക്കു് ഒരു ഉറപ്പു കിട്ടുകയുള്ളു എന്നാണ് ശ്ലീഹാ പറയുന്നതു്. പിന്നൊന്നു കൂടെ ഇപ്പോൾ ഓൎമ്മയിൽ വന്നു. അവിടെ നിന്നു പാണ്ടിയിലേക്കു് ധാരാളം ആളുകൾ പോകുകയും വരികയും ചെയ്യാറുണ്ടു്.

പെ :—കച്ചവടം സംബന്ധിച്ച്, അല്ലേ ?

ശ്ലീ :— അതേ. കുരുമുളകു വാങ്ങി ശേഖരിക്കാൻ അവിടെ നിന്നു ആററിൽ കൂടെയും കരവഴിക്കുമായി അങ്ങ് മലയുടെ അടിവാര പ്രദേശം വരെ ആളുകൾ പോകുന്നുണ്ട്. അവിടെ നിന്നു പാണ്ടിയിലേയ്ക്കു പിന്നെ അധിക ദൂരമില്ല;

പെ :—മല കടന്നാൽ പാണ്ടി ആയി. അതിനു ചുരങ്ങളുണ്ട്.

ശ്ലീ :—ആ വഴിക്ക് മലയുടെ അടിവാര പ്രദേശത്തു നിലയ്ക്കൽ എന്നൊ ചായൽ എന്നൊ പേരുള്ള ഒരു ദിക്കുണ്ട്. അവിടെ ഒട്ടധികം ജനങ്ങൾ താമസമുണ്ടെന്നും, അവിടെയും നമ്പൂരിമാരൊ പോററിമാരൊ ഉണ്ടെന്നും ഒരു ജൂത വണിക്ക് പ്രഭു പറഞ്ഞു് ശ്ലീഹാ അറിഞ്ഞു. അയാൾക്ക് നിലയ്ക്കൽ വ്യാപാര കേന്ദ്രമൊ പണ്ടകശാലയൊ ഒക്കെ ഉണ്ട്. അതിമനോഹരമായ ആ ദിക്ക് ഒന്നു കാണേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകയും, തന്റെ അതിഥിയായി അങ്ങോട്ടു പോകുന്നതിനു ശ്ലീഹായെ അദ്ദേഹം ക്ഷണിയ്ക്കുകയും ചെയ്തു.

പെ :—മനോഹരമായ ആ ദിക്കു കാണാൻ ശ്ലീഹാ പോകാമെന്നു സമ്മതിച്ചൊ.

ശ്ലീ :—രാജ്യത്തിന്റെ മനോഹരത കാണാൻ സമയമില്ല. എന്നാൽ കർത്താവിന്റെ വേല ചെയ്യാൻ എവിടെ പോകുന്നതിനും എപ്പോഴും ഒരുക്കമാണെന്നും, അവിടെ വളരെ അധികം ജനങ്ങൾ ഉള്ളതുകൊണ്ട്, കർത്താവിന്റെ സന്ദേശം അവരെ അറിയിക്കാൻ പോകണം, പോകാം, എന്നുമായിരുന്നു മറുപടി. ഇവിടത്തെ വേല പൂർത്തിയായിട്ടില്ല. കോക്കമംഗലത്തു് ആരംഭിച്ചതും ശരിപ്പെട്ടത്തണം എന്നും പറഞ്ഞു. അതിൽ നിന്നു ഞാൻ അനുമാനിച്ചതു്, ഇവിടെ വന്ന ശേഷം, മടങ്ങി നിരണം വഴി നിലയ്ക്കലേയ്ക്കു പോകാനിടയുണ്ടെന്നാണു്.

പെ :—ശ്രുബൻ എന്നു മടങ്ങി ചെല്ലണമെന്നാവശ്യപ്പെട്ടി ട്ടുണ്ടോ.

ശ്രു :—ഇന്ന ദിവസം മടങ്ങിയെത്തണമെന്നാവശ്യപ്പെട്ടിട്ടി ല്ല. കഴിയുന്നത്ര വേഗത്തിൽ മടങ്ങി എത്തുമെന്ന ദ്ദേഹം പ്രതീക്ഷിക്കുന്നുണ്ടെന്നും, ഇവിട്ടത്തെ സ്ഥി തിഗതികൾ അറിയുന്നതിനു ബദ്ധപ്പാടുണ്ടെന്നും അ റിയാം. അതുകൊണ്ടു് തിരുമേനി അനുവദിക്കുന്ന ക്ഷണത്തിൽ മടങ്ങിപ്പോകാമെന്നാണ്.

പെ :—എന്നെ അലട്ടുന്ന പ്രശ്നത്തിനു് നമ്മുടെ സംസാര മദ്ധ്യെ എന്തെങ്കിലും പരിഹാരം കണ്ടെത്തുമെന്നാ ണു് ഞാൻ പ്രതീക്ഷിച്ചതു്.

ശ്രു :—തിരുമേനി പ്രാർത്ഥിക്കുന്നുണ്ടല്ലൊ. അപ്പോൾ ശരി യായ മാർഗ്ഗം കാണിച്ചു തരും.

പെ :—എന്തെങ്കിലും തീരുമാനിക്കാനുള്ള സമയമായി. തി തിയനെ എന്തു ചെയ്യണമെന്നാണു് അറിഞ്ഞുകൂടാ ത്തതു്. രാജ്യദ്രോഹവും രാജദ്രോഹവും ചെയ്ത അ വനെ വൃഥാ വിട്ടാൽ എങ്ങിനെയാണു്. ശിക്ഷി ച്ചാൽ. ശത്രുവിനെ സ്നേഹിക്കണം, വലത്തെ ചെ കിട്ടിൽ അടിച്ചവനു് ഇടത്തെ ചെകിട്ടുകൂടെ കാ ണിച്ചുകൊടുക്കുക, എന്നീ ഉപദേശങ്ങൾ അവഗ ണിക്കലും ആകും.

ശ്രു :—എനിക്കൊന്നും അറിഞ്ഞുകൂടാ. തെററു ചെയ്യുന്നവ രെ ശിക്ഷിക്കണം, ശിക്ഷിക്കുന്നതു് അവർ നന്നാക ണമെന്നുള്ള ഉദ്ദേശത്തോടു കൂടെ ആയിരിക്കണം. എന്നു് ശ്ലീഹാ പലപ്പോൾ പറഞ്ഞു കേട്ടിട്ടുണ്ടു്.

പെ :—അപ്പോൾ നാം ക്ഷമിക്കേണ്ടയൊ ?

ശ്രു :—ദ്രോഹിക്കണമെന്നുള്ള ഉദ്ദേശത്തിൽ ശിക്ഷിക്കുന്നതു് ശരിയാകുകയില്ല. അപ്പോൾ പ്രതിപകരമാകും. ഒ രാളുടെ ബലഹീനത കൊണ്ടു് തെററുചെയ്തു. അ യാൾ നന്നാകണം എന്നുള്ള ഉദ്ദേശത്തിൽ ശിക്ഷിക്കു ന്നതു്, അതിനായി ശിക്ഷിക്കുന്നതു്, തെററല്ലെന്നു

മാത്രമല്ല, അതു ഒരു നല്ല പ്രവൃത്തി ആയിരിക്കയും ചെയ്യും.

പെ :—അപ്പോൾ തിതിയൻ നന്നാകണം എന്നു വച്ചു ശിക്ഷിക്കാം, ശിക്ഷിക്കണം, അല്ലെ.

ത്രു :—അദ്ദേഹം ചെയ്ത കുററത്തിനു് കൊലശിക്ഷവരെ കൊടുക്കാൻ ന്യായമുണ്ടെന്നല്ലെ കല്പിച്ചതു്. കൊലശിക്ഷ വിധിക്കുന്നതു് നിയമവിരുദ്ധമല്ലെങ്കിലും, അദ്ദേഹം നന്നാകുമൊ എന്നു നോക്കാൻ, കൊന്നുകഴിഞ്ഞാൽ പിന്നെ അവസരം കിട്ടുകയില്ലല്ലൊ.

പെ :—അതു ശരിയാണു്. അവൻ പ്രകൃത്യാ വഷളല്ല. മദ്യമാണു് അവനെ വഴിതെററിച്ചതെന്നാണെൻെറ അഭിപ്രായം. അതിൻെറ പിടിയിൽ നിന്നു് രക്ഷിക്കാൻ പററിയാൽ അവൻ നേരെയാകും.

ത്രു :—ഇപ്പോൾ മദ്യം കിട്ടാത്ത തരത്തിൽ ഏപ്പാടു ചെയ്തിട്ടുണ്ടെന്നല്ലെ കല്പിച്ചതു.

പെ :—അതെ. രണ്ടു മൂന്നു ദിവസത്തേയ്ക്കു, മദ്യം കിട്ടാതെ വന്നപ്പോൾ അവൻ ചത്തു പോകുമെന്നു തോന്നിയതായിട്ടാണു് എനിക്കു കിട്ടിയ അറിവു്. അതു കഴിഞ്ഞു് ഇപ്പോൾ ആഹാരം കഴിക്കുന്നുണ്ടു്, മദ്യം തരണം, തരണം എന്നു കെഞ്ചുന്നുമില്ല.

ത്രു :—ഇനി തിരുമേനി കണ്ടു് ശാസിക്കുകയും ഗുണദോഷിക്കുകയും ശിക്ഷിക്കുകയും ചെയ്താൽ പിന്നെ അബദ്ധത്തിൽ ചെന്നു ചാടുകയില്ലായിരിക്കാം.

പെ :—എട്ടു ദിവസം കഴിയട്ടെ എന്നാണു് ഞാൻ അന്നു തന്നെ പറഞ്ഞതു്. ഒമ്പതാം ദിവസം, നാളെ, അവനെ വരുത്തി സംസാരിക്കാം. ഒന്നു ഞാൻ തീച്ചപ്പെടുത്തിയിട്ടുണ്ടു്. രാജ്യദ്രോഹം, അതിഗൗരവതരമായ രാജ്യദ്രോഹമാണു് അവൻ ചെയ്തതെങ്കിലും കൊലശിക്ഷ കൊടുക്കുകയില്ല.

ശ്രു :—അവിടുന്നു കർത്താവിനോടു മുട്ടിപ്പായി പ്രാർത്ഥിക്കുന്നുണ്ടല്ലോ, എന്തു ചെയ്യണമെന്നു കാണിച്ചുതരണമെന്ന്. കർത്താവു തീർച്ചയായും കാണിച്ചുതരും. ആ മാർഗ്ഗം സ്വീകരിച്ചാൽ എല്ലാം ശുഭമാകുകയും ചെയ്യും.

പെ :—ഞാൻ വിചാരിക്കുന്നതു്......

ശ്രു :—അവിടുത്തെ പ്രജകളിൽ ഏററം എളിയവരിൽ ഒരുവനാണു് ഞാൻ. അതിഗൗരവതരമായ കുററങ്ങൾ ചെയ്തു പടത്തലവനോടു് എന്തു ചെയ്യാനാണു് പോകുന്നതെന്നു പറയുകയൊ എന്തു ശിക്ഷ കൊടുക്കുന്നതായിരിക്കും ശരിയെന്നു് എന്നോടു് ചോദിക്കുകയൊ ചെയ്യാനാണോ തുടങ്ങുന്നതു് ? തിരുമേനി കർത്താവിനോടു പ്രാർത്ഥിക്കുന്നുണ്ടു്. എന്തു ചെയ്യണമെന്നു കാണിച്ചു തരുമെന്നു് നല്ല വിശ്വാസവുമുണ്ടു്. ആ സ്ഥിതിക്കു് കൊടുക്കേണ്ട ശിക്ഷയെപ്പററി ബലഹീനരായ മനുഷ്യരിൽ ആരോടും ആലോചിക്കുകയൊ അഭിപ്രായം ആരായുകയൊ അവരുടെ അഭിപ്രായം സ്വീകരിക്കുകയൊ ചെയ്യാതിരിക്കയല്ലേ വേണ്ടതു് ? കർത്താവു് ഉപദേശം തരുമെന്നു നല്ല വിശ്വാസമുള്ളപ്പോൾ പിന്നെന്തിനു മററു മാർഗ്ഗങ്ങൾ തേടുന്നു ? കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ, ഈ മല കടലിലേയ്ക്കു നീങ്ങട്ടെ എന്നു പറഞ്ഞാൽ നീങ്ങും, എന്നു് കല്പിച്ച നമ്മുടെ കർത്താവു് കളവു പറയുകയൊ നമ്മെ കളിപ്പിക്കുകയൊ...

പെ :—അങ്ങിനെ പറയാതിരിക്കൂ.

ശ്രു :—തിരുമേനിയുടെ മനസ്സിനു് ഉറപ്പു കിട്ടുന്നതിനുവേണ്ടിയാണു് ഞാൻ ഇത്രയും പറഞ്ഞതു്.

പെ :—ഇപ്പോൾ എനിക്കു നല്ല ഉറപ്പായി. തിരിയനെ എൻെറ മുമ്പിൽ ഹാജരാക്കുമ്പോൾ അവനു കൊടുക്കേണ്ട ശിക്ഷ എന്താണെന്നു് കർത്താവു കാണിച്ചു തരും. ആ ശിക്ഷ കൊടുക്കുകയും ചെയ്യാം. വയ്യാപുരിയോടുപോലും ഇക്കാര്യത്തെപ്പററി ഞാൻ സംസാരിക്കുന്നില്ല.

ത്രു :—ആവിധം ഉറച്ചാൽ, കൎത്താവിൽ പൂൎണ്ണമായി ആശ്രയിച്ച മുമ്പോട്ട പോയാൽ എല്ലാം ശുഭമാകും.

പെ :—അങ്ങിനെ തന്നെ. അക്കാൎയ്യത്തിൽ എനിക്കിനി ആശങ്കയൊ സംശയമൊ ഒന്നുമില്ല. എൻെറ സ്വന്തം കാൎയ്യത്തെപ്പററി ചിലതു സംസാരിക്കാനുണ്ടു്. അ സമയമാകുന്നു. ത്രുബെൻ നാളെ വന്നാൽ എനിക്കു സമയമുണ്ടാവില്ല. മറെറന്നാൾ അതിരാവിലെ വരാൻ കഴിഞ്ഞെങ്കിൽ......

ത്രു :—അതിരാവിലെ വരാം.

പെ :—പ്രാൎത്ഥന ഒരുമിച്ചു കഴിക്കാം.

ത്രു :—മറെറന്നാൾ അതിരാവിലെ വന്നുകൊള്ളാം.

പെ :—എങ്കിൽ ഇപ്പോൾ പൊയ്ക്കൊള്ളൂ. നാളെ തിതിയൻെറ കാൎയ്യത്തിൽ എന്തെങ്കിലും തീരുമാനിക്കും. ചില ദിവസങ്ങളായി തോന്നാറുള്ള മനഃപ്രയാസം അതോടുകൂടി മാറും. അതിഗൌരവതരമായ മറെറാരു കാൎയ്യത്തെപ്പററി സംസാരിക്കാനുണ്ടു്. ശ്ലീഹായോടു് ആലോചിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു. അതു് ഇപ്പോൾ പററുകയില്ലല്ലൊ. ത്രുബെൻ വിവരമെല്ലാം അദ്ദേഹത്തെ ധരിപ്പിച്ചാൽ മതി എന്നു വയ്ക്കുകയേ തൽക്കാലം നിവൃത്തിയുള്ളൂ.

പിറെറന്നാൾ രാവിലെ വളരെ അത്യാവശ്യമുള്ള കാൎയ്യങ്ങൾ മാത്രം ശ്രദ്ധയിൽപെടുത്തിയാൽ മതി എന്നു കാൎയ്യക്കാരെ ധരിപ്പിച്ചിരുന്നതുകൊണ്ടു്, മുഖംകാണിക്കൽ മുതലായ ചടങ്ങുകൾ മാററി വയ്ക്കാവുന്നത്ര മാററി വച്ചിരുന്നു. ഔദ്യോഗിക കാൎയ്യങ്ങളിലും അത്യാവശ്യമില്ലാത്തവ നീക്കി വച്ചു. അതുകൊണ്ടു് തിതിയൻെറ കാൎയ്യം രാവിലെ തന്നെ വിചാരണയ്ക്കു് എടുക്കാൻ കഴിഞ്ഞു. പടത്തലവനെ അന്നു തിരുമുമ്പിൽ ഹാജരാക്കുമെന്നു് പ്രസ്താവിക്കപ്പെട്ടിരുന്നില്ല. പക്ഷെ തടങ്കലിൽ ആക്കിയ സമയത്തു്: "ഒമ്പതാം ദിവസം നമ്മുടെ മുമ്പാകെ ഹാജരാക്കണം" എന്നാജ്ഞാപിച്ചതു് എല്ലാവരും അറിഞ്ഞിരുന്നു. അതുകൊണ്ടു്

എന്തു ശിക്ഷയാണ് പടത്തലവനു കിട്ടുന്നതു്; കൊലശിക്ഷ തന്നെ വിധിക്കുമൊ എന്ന് അറിയുന്നതിനു് പൊതുജനങ്ങൾ കാക്കുന്നുണ്ടായിരുന്നു.

തിരുമുമ്പിൽ സാക്ഷികളെ വരുത്തി വിസ്തരിക്കുമെന്നും, അതില്ല വളരെ പരസ്യമായി ചെയ്ത കുററമായതുകൊണ്ടു്, വിശേഷാൽ തെളിവൊന്നും എടുക്കാതെ വിധിക്കുമെന്നും അഭിപ്രായമുള്ളവർ ഉണ്ടായിരുന്നു. പെരുങ്കോയിലകത്തു തന്നെ ഉള്ള തടങ്കൽ സ്ഥാനത്തു നിന്നു്, കുററവാളിയായ പടത്തലവനെ, പടയാളികളുടെ അകമ്പടിയോടു കൂടെ കൊണ്ടുപോകുന്നതു കാണാൻ, സൌകര്യമുള്ള സ്ഥാനങ്ങളിൽ പലരും കാത്തു നിന്നിരുന്നു. മതിൽക്കെട്ടുകൾക്കുള്ളിൽ ഇഷ്ടാനുസരണം പ്രവേശിക്കുന്നതിനു പൌരാവലിക്കു അനുവാദമില്ലെന്നാണ് വയ്പ്പ്. പക്ഷെ ആ ചട്ടം കർശനമായി പാലിക്കപ്പെടാറില്ല. ഇന്ന് പലരും പെരുങ്കോയിലകം വളപ്പിൽ നേരത്തെ കടന്നു് ഒളിഞ്ഞുനിൽക്കാൻ പററിയ സ്ഥാനങ്ങൾ കണ്ടുപിടിച്ചു്, പടത്തലവനെ പെരുമാൾ തിരുമനസ്സിലെ സന്നിധിയിലേയ്ക്കു ആനയിക്കുന്നതു് കാണാൻ കാത്തു നില്ക്കുന്നുണ്ടു്.

ഊരിയ വാൾ പിടിച്ചിട്ടുള്ള നാലുഭടന്മാർ മുമ്പിലും നാലു പേർ പിമ്പിലും, ഈരണ്ടു പേർ ഓരോ വശത്തും കാവലുണ്ടു്. പടനായകന്മാർ ഈരണ്ടു പേർ വീതം ഏററം മുമ്പിലും ഏററം പിമ്പിലും. തിതിയനെ ബന്ധിച്ചിട്ടില്ല. പടത്തലവൻ മഹാ അധമനായിപ്പോയി എങ്കിലും, അയാളെ സ്ഥാനത്തുനിന്നു നീക്കുന്നതുവരെ പടത്തലവനായതുകൊണ്ടു്, വളരെ അത്യാവശ്യമില്ലെങ്കിൽ ബന്ധിക്കുന്നതു ശരിയല്ലെന്നു് അഭിപ്രായമുണ്ടായി. പെരുമാളും അതു സമ്മതിച്ചു. അതുകൊണ്ടാണ് തിതിയൻെറ കൈകൾ ബന്ധിക്കപ്പെടാതിരുന്നതു്. ശുഭ്രവസ്ത്രം ധരിച്ച തിതിയൻ കൂസൽ കൂടാതെ മുമ്പോട്ടു പോകുന്നു. ഇടംവലം നോക്കുന്നില്ല. ശരീരം ക്ഷീണിച്ചിട്ടുണ്ടു്. എന്നാൽ മുമ്പു നാം കണ്ടപ്പോൾ ഉണ്ടായിരുന്ന വീറയല്ലം രോഗിയുടെ മട്ടും ഇല്ല. നടക്കുന്നതിനു ബുദ്ധിമുട്ടുള്ളതായി തോന്നുന്നില്ല.

പെരുമാൾ ഉയൎന്ന ഒരു പീഠത്തിൽ ആസനസ്ഥനായിരിക്കുന്നു. കാൎയ്യക്കാർ ഹാജരുണ്ടു്. പടത്തലവന്റെ പേരിലുള്ള ആരോപണങ്ങളെപ്പററി കേട്ടു തീരുമാനിക്കുന്ന സമയം, അവശ്യം ഹാജരുണ്ടായിരിക്കേണ്ട ഉദ്യോഗസ്ഥന്മാരും സിൽബന്ധികളും, പെരുമാളിന്റെ അകമ്പടിക്കാരായ ഭടന്മാരും അവരവരുടെ സ്ഥാനങ്ങളിൽ നിശ്ചലരായി നില്ക്കുന്നു. പടത്തലവനെ തിരുമുമ്പാകെ ഹാജരാക്കിയ പടനായകന്മാർ പെരുമാളിനെ താണുവണങ്ങി ഇരുഭാഗത്തേയ്ക്കും മാറി നിന്നു. ഭടന്മാരിൽ നാലുപേർ ഊരിയ വാളുമായി കവാടത്തിൽകാവൽ നില്ക്കുന്നു. ബാക്കി എട്ടു പേർ കവാടത്തിനു വെളിയിൽ വാൾ ഉയൎത്തിപ്പിടിച്ചു തന്നെ നില്ക്കുകയാണു്.

വിസ്താരം മുറയ്ക്കു് ആരംഭിക്കുകയാണു് ഇനി വേണ്ടതു്. അതിനുള്ള പ്രഥമ നടപടി നടത്തുന്നതിനു് ചുമതലപ്പെട്ട രായസക്കാരൻ തുടങ്ങിയപ്പോൾ, അതേവരെ ശിലാവിഗ്രഹം പോലെ നിന്ന തിതിയൻ നാലു ചുവടു മുമ്പോട്ടു വച്ചു. ആ ചുവടുവയ്പു് അപ്രതീക്ഷിതമായിരുന്നു. കാവൽ നില്ക്കുന്ന പടനായകന്മാരും ഭടന്മാരും പെട്ടെന്നു ഞെട്ടി. മുമ്പോട്ടു് അടുക്കാൻ ഒരുങ്ങി. അപ്പോഴേയ്ക്കു് സംഭവിയ്ക്കാനുള്ളതു് നടന്നു കഴിഞ്ഞു.

പെരുമാളിന്റെ പീഠത്തിൽ നിന്നു് ഒരു പതിനാറു ചുവട്ടടി ദൂരത്തിൽ എത്തി തിതിയൻ വെട്ടിയിട്ട മരം കണക്കെ നിലത്തടിച്ചുവീണു. സാഷ്ടാംഗപ്രണാമം ചെയ്തു കൊണ്ടു് ആ മഹാ അധമൻ വിളിച്ചു പറഞ്ഞു "അടിയൻ ചെയ്ത കുററം ക്ഷമിക്കത്തക്കതല്ല. പുത്രനിർവിശേഷമായ സ്നേഹത്തോടെ, അയോഗ്യനായ ഈ നീചനോടു് ചിരകാലം വൎത്തിച്ച തിരുമേനിയെ പുറകിൽ നിന്നു കുത്താനാണു് കരുതിക്കൂട്ടി ശ്രമിച്ചതു്. രാജ്യത്തെ രക്തക്കളമാക്കാൻ ചെയ്ത ശ്രമവും ഇതിൽ ഒട്ടും കുറഞ്ഞ നീചപ്രവൃത്തി അല്ല. തിരുമേനി തന്ന എട്ടു ദിവസത്തെ വിശ്രമം ഈ പരമാൎത്ഥങ്ങൾ ശരിക്കു ബോദ്ധ്യപ്പെടുത്തി. രാജ്യത്തേയും രാജാവിനേയും രാജ്യവാസികളെയും നശിപ്പിക്കാൻ കരുതിക്കൂട്ടി ശ്രമിച്ചവനു് അർഹിക്കുന്ന ഏററം കഠിന ശിക്ഷ അടിയനു തരണം. അവിടുത്തെ കാരുണ്യം ഒന്നിൽ മാത്രം ഉണ്ടാ

കണമെന്നു കൂടെ അപേക്ഷയുണ്ടു്. ആ ശിക്ഷ ഇപ്പോൾ തന്നെ നടത്തി, ഈ നികൃഷ്ടനെ ഇഹത്തിൽ നിന്നു് പറഞ്ഞയയ്ക്കണമെന്നാണു് അതു്.''

അപ്രതീക്ഷിതമായി ഉണ്ടായ ആ സംഭവം അവിടെ ഉണ്ടായിരുന്ന എല്ലാവരെയും സ്പർശിച്ചു. തിതിയനെ പിടി കൂന്നതിനൊ, അയാളുടെ ആക്രമണത്തിൽ നിന്നു പെരുമാളിനെ രക്ഷിക്കുന്നതിനൊ ആയി മുമ്പോട്ടു കാൽ വെച്ചു സൈനികർ എല്ലാം ശിലകൾ പോലെ നിന്നുപോയി. ഉദ്യോഗസ്ഥവൃന്ദവും നിശ്ചേഷ്ടരായി പകച്ചു നില്ക്കുകയാണു്. അവിടെ നടന്നതു് പെരുമാളിനെ ഏതെങ്കിലും തരത്തിൽ സ്പർശിച്ചോ എന്നു് ഹാജരുണ്ടായിരുന്നവരിൽ ആരും നോക്കിയില്ല. നോക്കണമെന്നു് ഓർക്കുന്നതിനു തന്നെ ആർക്കും സാധിച്ചില്ല. തിതിയന്റെ പ്രാർത്ഥന കേട്ട ക്ഷണത്തിൽ പെരുമാൾ മറുപടി പറഞ്ഞു. ''ശിക്ഷ എന്തായിരിക്കണമെന്നു് നിശ്ചയിക്കുന്നതിനൊ അപേക്ഷിക്കുന്നതിനൊ നിയമം കുററവാളിക്കു അവകാശം നല്കുന്നില്ല. അതുകൊണ്ടു് അപേക്ഷ നിരസിച്ചിരിക്കുന്നു.''

ഇനി എന്താണു് വരാൻ പോകുന്നതു്? എല്ലാവരും ജിജ്ഞാസാഭരിതരായി പെരുമാളിന്റെ മുഖത്തേയ്ക്കു നോക്കി നില്ക്കുന്നു. തിതിയൻ ഒരു ശിലാവിഗ്രഹം കണക്കെ ചലനലേശമില്ലാതെ കമഴ്ന്നു തന്നെ കിടക്കുന്നു.

ആരുടേയും ഉൽക്കണ്ഠ ആവശ്യമില്ലാതെ വർദ്ധിപ്പിക്കേണ്ടാ, ഉൽക്കണ്ഠാകുലമായ അന്തരീക്ഷത്തിനുടൻ തന്നെ മാററം വരുത്തണം എന്നു പ്രജാക്ഷേമതല്പരനായ ചേരൻ വാനവരമ്പൻ നിശ്ചയിച്ചു. അദ്ദേഹം തുടർന്നു കല്പിച്ചു ''തിതിയന്റെ കുററം എത്രമാത്രം ഗൌരവതരമാണെന്നു അയാൾക്കു തന്നെ ബോദ്ധ്യമായതു്, ഒരു ശുഭസൂചന ആയിട്ടാണു് നാം ഗണിക്കുന്നതു്. കുററം ചെയ്തതു് തിതിയനാണു്. എന്നാൽ അയാൾ മദ്യത്തിന്റെ അടിമയായി പോയതുകൊണ്ടാണു് അങ്ങിനെ സംഭവിച്ചതു്. പശ്ചാത്തപിച്ചു കുററം ഏററു പറഞ്ഞ തിതിയനോടു് അയാൾ ചെയ്തതെല്ലാം നാം ക്ഷമിച്ചിരിക്കുന്നു. ഒരു വ്യവസ്ഥ മാത്രമുണ്ടു്. കുറേ കാലത്തേയ്ക്കു് അയാൾ ജോലിയിൽ പ്രവേശിക്കാതെ അവധി

എടുത്തു്, ഈ പെരുങ്കോയിലകത്തു നമ്മുടെ അംഗരക്ഷകനായി ജീവിക്കണം. ഇനിമേൽ അയാൾ മദ്യം സേവിക്കയില്ലെന്നു നമുക്കു നല്ല നിശ്ചയമുള്ളതുകൊണ്ടു്, മദ്യം സേവിക്കില്ലെന്നു ശപഥം ചെയ്യാൻ ആവശ്യപ്പെടുന്നില്ല. വ്യവസ്ഥകൾ തിതിയനു് സ്വീകാര്യമെങ്കിൽ എണീക്കാം".

അവിടെ സന്നിഹിതരായിരുന്നവരെല്ലാം അത്ഭുതസ്തബ്ധരായി. പടനായകൻ എന്ന നിലയിൽ ഉണ്ടായിരുന്ന വിപുലമായ അധികാര സ്വാതന്ത്ര്യങ്ങൾ, രാജ്യത്തു് ആഭ്യന്തരസമരമൊ വിപ്ലവമൊ ഉണ്ടാകുന്നതിനു് തിതിയൻ ഉപയോഗിച്ചു. അതിനു പുറമെ, ഉള്ളിൽ കലാപം നടമാടുന്ന സമയം പുറത്തുനിന്നു് ആക്രമിച്ചു രാജ്യം പിടിച്ചെടുത്തുകൊണ്ടുപോകുന്നതിനു് ഒരു രാജ്യാധിപനെ ക്ഷണിക്കുകയും ചെയ്തു. ക്രമസമാധാന പാലനത്തിൽ ഏററം അധികം ചുമതലയുള്ളയാൾ ഇത്ര മഹാ അധമ്മം പ്രവത്തിച്ചതായി കേട്ടുകേൾവിപോലുമില്ല. തിതീയനെ നന്നായി പീഡിപ്പിച്ചുശേഷം രണ്ടു വാണത്തിൽ കെട്ടി മേൽപ്പോട്ടയച്ചാൽ പോലും ശിക്ഷ മതിയാകില്ല എന്നായിരുന്നു പൊതുവെ ഉണ്ടായിരുന്ന അഭിപ്രായഗതി. രാജ്യത്തിൻെറയും ജനങ്ങളുടെയും ഭാഗധേയത്തിൽ അത്യന്തം ആകാംക്ഷയുള്ള വാനവരമ്പൻ, മാതൃകായോഗ്യമാംവിധം പടനായകനെ ശിക്ഷിക്കും എന്നായിരുന്നു ജനപ്രതീക്ഷ. അതു് അയാൾ അർഹിക്കുന്നുണ്ടെന്നു് സമ്മതവുമായിരുന്നു. തിതിയൻ തന്നെ അതു് സമ്മതിയ്ക്കുകയുണ്ടായല്ലൊ.

അപ്രതീക്ഷിതമായ ഈ തീപ്പു് കല്പിക്കാൻ പെരുമാളിനെ പ്രേരിപ്പിച്ച ശക്തിയൊ വികാരമൊ എന്താണെന്നു് ആ സമയത്തു് ഊഹിക്കുന്നതിനുപോലും ആക്കും കഴിഞ്ഞില്ല. പിറെറന്നാൾ ആയപ്പോഴേയ്ക്കു, പെരുമാൾ സ്വീകരിച്ച പുതിയ വേദത്തിൻെറ തത്വങ്ങളാണു് അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നു പൊതുവെ ഒരു വിശ്വാസം എങ്ങിനെയൊ ഉണ്ടായി. ആ ധാരണ പരത്താൻ കാരണക്കാരൻ കാര്യക്കാരൻ വയ്യാപുരി ആയിരുന്നു. തിതിയൻ അതിസമത്ഥനായ ഒരു സമരവീരനാണെന്നു് വയ്യാപുരിക്കു് അറിയാം. അയാളുടെ ജീവൻ നഷ്ടപ്പെടുന്നതു് രാജ്യത്തിനു് അപരിഹാര്യമാ

യ നഷ്ടമായിരിക്കുമെന്നു് വയ്യാപുരി വിശ്വസിച്ചു, എന്നാൽ ആ മഹാദ്രോഹിയെ വച്ചുവാഴിക്കുന്നതെങ്ങിനെയാണെന്നും അറിഞ്ഞു കൂടായിരുന്നു. പെരുമാളിന്റെ തീപ്പ് കുഴപ്പങ്ങളെല്ലാം പരിഹരിച്ചു. യോദ്ധാവു് നഷ്ടപ്പെട്ടില്ല. അയാൾ പഴയപടി ബലഹീനതയ്ക്കു വശംവദനാകുമെന്നു് ഇനി ഭയപ്പെടാനില്ല എന്നു കാര്യക്കാർക്ക് വിശ്വാസവും തോന്നി. അപ്പോൾ പഴയപടി ദ്രോഹകൃത്യങ്ങൾക്കു് അയാൾ വശപ്പെട്ടുകയുമില്ല. അങ്ങിനെ ആകുമ്പോൾ, സമർത്ഥനായ ഒരു സമരവീരന്റെ സഹായം രാജ്യത്തിനു് എപ്പോൾ വേണമെങ്കിലും പ്രയോജനപ്പെടുത്തത്തക്കവിധം കൈവശം ഉണ്ടെന്നാണല്ലൊ വരുന്നതു്. പെരുമാൾ തന്നെ വളർത്തിക്കൊണ്ടുവന്ന "വിഷ വൃക്ഷ"ത്തെ മുറിക്കാതെ കഴിക്കുകയല്ല, അതിനെ കല്പവൃക്ഷമായി രൂപാന്തരപ്പെടുത്തുക കൂടെയാണു് ഈ തീരുമാനംകൊണ്ടു് സാധിച്ചതു്. അങ്ങിനെ മഹത്തായ ഒരു തീപ്പ് കല്പിക്കാൻ, പുതിയ വേദം പെരുമാളെ സഹായിച്ചു എന്നു് എങ്ങിനെയൊ ഒരു ധാരണ, അല്ല വിശ്വാസം കാര്യക്കാർക്കുണ്ടായി. ആദ്യം പുതിയ വേദത്തെപ്പററി പെരുമാൾ അല്പം സംസാരിച്ചപ്പോൾ തന്നെ കാര്യക്കാർക്ക് വിശദാംശങ്ങൾ ഒന്നും മനസ്സിലായില്ലെങ്കിലും, ഒരു ബഹുമാനം തോന്നിയിരുന്നു. അന്നു തോന്നിയ ബഹുമാനം മതിപ്പ്, ഇന്നത്തെ തീപ്പ് ശതഗുണം വർദ്ധിപ്പിച്ചു.

ന്യായാസനത്തിൽ പ്രവേശിക്കുകയും, കുററവാളി അവിടേയ്ക്കു ആനയിക്കപ്പെടുകയും ചെയ്തപ്പോൾ, തിതിയനെ കൊലയ്ക്കു വിധിക്കാതെ കഴിക്കണം, എന്നുള്ള ചിന്തയിൽ കൂടുതലായി, ഒരു തീരുമാനവും പെരുമാൾ സ്വീകരിച്ചിരുന്നില്ല. തിതിയൻ കുററം സമ്മതിച്ചു കഴിഞ്ഞ ക്ഷണത്തിൽ വിധി കല്പിച്ചതു് പെരുമാളാണെങ്കിലും ഏതോ ഒരു ശക്തിയുടെ

നിർദ്ദേശം താൻ അനുസരിക്കുക മാത്രമാണു് ചെയ്തതെന്നു വാനവരമ്പനു് നിശ്ചയമുണ്ടു്. ആ വിധം ഒരു വിശ്വാസം ഉണ്ടായപ്പോൾ അദ്ദേഹത്തിൻെറ എല്ലാ പ്രയാസങ്ങളും അസ്തമിച്ചു. തൻെറ അപേക്ഷ സ്വീകരിച്ച കർത്താവു് തന്ന നിർദ്ദേശമനുസരിച്ചുള്ള തീർപ്പാണു് പ്രഖ്യാപിക്കപ്പെട്ടതെന്നു് അദ്ദേഹത്തിനു പൂർണ്ണബോദ്ധ്യമായി. ഭാവി ഇരുളടഞ്ഞതാണെന്ന സംശയം അസംബന്ധമാണെന്നും, ഭാവി പ്രകാശപൂർണ്ണമാണെന്നും വാനവരമ്പൻ, തന്നെത്താൻ പറഞ്ഞും കർത്താവിനെ സ്തുതിച്ചു.

# 15

"പടനായകൻെറ കാൎയ്യത്തിൽ ചെയ്ത തീരുമാനത്തിൽ തിരുമേനിയെ എത്രകണ്ട് അനുമോദിച്ചാലും അധികമാകയില്ല. ശ്ലീഹാ അറിയുമ്പോൾ വളരെ സന്തോഷിക്കും. തീൎപ്പിൽ പ്രത്യക്ഷപ്പെട്ടത്തിയ മഹാമനസ്കതയിലും നയത്തിലും അല്ല, തിരുമേനി, നമ്മുടെ കൎത്താവിൻെറ കല്പനകൾ ഭംഗിയായി മനസ്സിലാക്കിയിട്ടുണ്ടെന്നു ഈ തീൎപ്പു വ്യക്തമാക്കുന്നു. അതുകൊണ്ട് അദ്ദേഹം സന്തോഷിക്കുമെന്നാണ് ഞാൻ പറയുന്നതു്." തിതിയനെ താക്കീതുചെയ്തു വിട്ടയച്ചതിൻെറ പിറെറന്നാൾ, ത്രുമ്പൻ പെരുങ്കോയിലകത്തെത്തി പ്രഭാത പ്രാൎത്ഥനയും കൎമ്മങ്ങളും മററും മുറയ്ക്കു നടത്തി. അതു കഴിഞ്ഞ് എന്തൊക്കെയൊ ഗൗരവതരമായ സംഗതികളെപ്പററി ആലോചിക്കുന്നതിനു് പെരുമാളും ത്രുമ്പനും ഒരു അറയിൽ സമ്മേളിച്ചപ്പോൾ തലേന്നാൾ തിതിയൻെറ കാൎയ്യത്തിൽ എന്താണ് ചെയ്തതെന്നു് പെരുമാൾ ത്രുമ്പനെ ധരിപ്പിച്ചു. അതുകേട്ടപ്പോൾ ത്രുമ്പൻ പുറപ്പെട്ടുവിച്ച അഭിപ്രായമാണ് മുകളിൽ കാണുന്നതു്.

പെരുമാൾ പറഞ്ഞു "എന്നെ അനുമോദിക്കാൻ ഒരു ന്യായവുമില്ല. തിതിയനെ എൻെറ മുമ്പിൽ ഹാജരാക്കുന്നതുവരെ ആ വിധം ഒരു വിധി കല്പിക്കണം എന്നു ഞാൻ ഓൎത്തതേയില്ല. അയാൾ ചെയ്തതു് ക്ഷമിച്ചാൽ എന്തെന്നുള്ള ദിക്കുവരയ്ക്കേ എൻെറ ആലോചന അപ്പോൾ എത്തിയിരുന്നുള്ളു.

ത്രു :—അപ്പോൾ.........

പെ :—ഞാൻ ചെയ്യേണ്ടതെന്താണെന്നു കാണിച്ചു തരണമെ എന്നു് നമ്മുടെ കൎത്താവിനോടു പ്രാൎത്ഥിക്കുന്നുണ്ടെന്നു ഞാൻ ധരിപ്പിച്ചിരുന്നല്ലോ. കാണിച്ചു തരും എന്നു വിശ്വസിക്കുകയും മുട്ടിപ്പായി പ്രാൎത്ഥിക്കുകയും ചെയ്യണം. അപ്പോൾ കൎത്താവു് വേണ്ട നി

ദ്ദേശം തരും, സംശയം ഒന്നുമില്ല. മല കടലിലേയ്ക്കു മാറിപ്പോകാൻ വിശ്വാസത്തോടെ ആജ്ഞാപിച്ചാൽ പോകുക തന്നെ ചെയ്യും എന്നു കത്താവു് പഠിപ്പിച്ചിട്ടുണ്ടെന്നല്ലെ ശ്രുബൻ പറഞ്ഞതു്. എൻെറ ധമ്മം എന്താണെന്നു കാണിച്ചു തരുമെന്നു പൂണ്ണമായി വിശ്വസിച്ചുകൊണ്ടാണു് ഞാൻ പ്രാത്ഥിച്ചതു്. അവിട്ടന്നു് എനിക്കു വേണ്ട നിദ്ദേശം തന്നു. അതു പ്രഖ്യാപിക്കുക മാത്രമാണു് ഞാൻ ചെയ്തതു്. അതുകൊണ്ടാണു് ഞാൻ അനുമോദനം അർഹിക്കുന്നില്ല എന്നു പറഞ്ഞതു്."

ശ്രു :— ഈ വിധം പൂണ്ണമായി വിശ്വസിക്കാൻ എല്ലാവക്കും സാധിച്ചു എന്നു വരികയില്ല. അപ്പോൾ തീപ്പിനെ സംബന്ധിച്ചു് അനുമോദനം അർഹിക്കുന്നില്ലെങ്കിൽ, വിശ്വസിച്ചതിൽ അനുമോദിക്കാവുന്നതാണു്.

പെ :—അതും എൻെറ സാമത്ഥ്യമൊന്നുമല്ലല്ലൊ. അതു പോകട്ടെ. എൻെറ തീരുമാനം തെററല്ലെന്നു ശ്രുബനും തോന്നുന്നല്ലൊ. സന്തോഷമായി. ഇനി എനിക്കു് നിങ്ങളെ ധരിപ്പിക്കാനുള്ള വിഷയത്തിലേയ്ക്കു കടക്കാം. ശ്ലീഹായുടെ ഉപദേശം അക്ഷരം പ്രതി അനുസരിച്ചു ജീവിക്കുന്നതിനാണു് ഞാൻ ആഗ്രഹിക്കുന്നതും ശ്രമിക്കുന്നതും. ഓരോ ദിവസം മുമ്പോട്ടു ചെല്ലുന്തോറും അതു സാധിക്കുന്നതിനുള്ള ബുദ്ധിമുട്ടു് കൂടുതൽ കൂടുതൽ അനുഭവപ്പെടുന്നതായി തോന്നുന്നു.

ശ്രു :—എനിക്കു മനസ്സിലായില്ല.

പെ :—വ്യക്തമാക്കാൻ ശ്രമിക്കാം. നമ്മുടെ കത്താവിൻെറ കല്പനകൾ ശരിക്കു സ്വീകരിക്കുന്ന ഒരുവൻെറ ജീവിതം വളരെ ലളിതമായിരിക്കണം. അവൻെറ ശ്രദ്ധയും ചിന്തയും പ്രധാനമായും ഐഹിക ജീവിതത്തെ പററിയല്ല, പാരത്രിക ജീവിതത്തെപ്പററി ആയിരിക്കണം.

ശ്രു :—ഈ ലോകത്തിൽ ജീവിക്കേണ്ടതു് എങ്ങിനെയാണെന്നു കത്താവു് പഠിപ്പിക്കുന്നുണ്ടല്ലൊ. മലയിൽ വച്ചു ചെയ്ത പ്രസംഗം തന്നെ നോക്കണം: വിലപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ആശ്വാസം കണ്ടെത്തും; സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ലോകത്തിനു് അവകാശികളായിത്തീരും: സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെട്ടും ; എന്നിങ്ങനെ ഈ ലോകത്തോടു ബന്ധിപ്പിച്ചാണല്ലൊ അവ എല്ലാം തന്നെ.

പെ :—(ചിരിച്ചുകൊണ്ടു) ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടുന്നതും ലോകത്തോടു ബന്ധിക്കപ്പെട്ടിട്ടാണൊ ? ഇവ എല്ലാം പരലോകത്തിൽ സമ്പാദ്യം ഉണ്ടാകുന്നതിനായി ചെയ്യുക, ചെയ്യണം, എന്നാണു് കത്താവു് ഉദ്ദേശിക്കുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രു :—അതായിരിക്കാം ശരിയായിട്ടുള്ളതു്. അവിടുത്തെ അഗാധ ബുദ്ധിയുടെ കഴിവുകൾ വളരെ ആയിരിക്കണം. ഞാൻ ആരാണു്, എന്നു മനസ്സിലാക്കാൻ കഴിയും.........

പെ :—അങ്ങിനെ പറയരുതു്. ലോകപ്രകാരമുള്ള ഔന്നത്യമൊ, സ്ഥാനവലിപ്പമൊ, പാരത്രിക കാൎയ്യങ്ങളിൽ വിലപ്പോകയില്ല. നിങ്ങൾ, കത്താവിൻെറ ശിഷ്യനമായി ഇടപെട്ടു മനസ്സിലാക്കുന്നു. അദ്ദേഹത്തോടു എത്ര പ്രാവശ്യം സംസാരിക്കാൻ എനിക്കു് സൗകൎയ്യം കിട്ടിയിട്ടുണ്ടെന്നു് ശ്രുബനു തന്നെ അറിയരുതൊ ? ധനവാൻ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കാനുള്ള പ്രതിബന്ധങ്ങൾ വളരെ വളരെ ആണെന്നു് കത്താവു് പല പല സന്ദർഭങ്ങളിൽ പറഞ്ഞിട്ടുണ്ടെന്നു് ശ്ലീഹായുടെയും നിങ്ങളുടെയും നാവിൽ നിന്നു വീണിട്ടുണ്ടു്.

ശ്രു :—അതു ശരിയാണു. പക്ഷെ.........

പെ :—പക്ഷെ ഒന്നുമില്ല. രാജ്യം ഭരിക്കുകയും, അതേ സമയം തന്നെ കത്താവിൻെറ കല്പനകൾ അക്ഷരംപ്രതി

അനുസരിക്കുകയും ചെയ്യുക അസാദ്ധ്യം തന്നെ ആണെന്നാണ് അനുഭവത്തിൽ നിന്നു ഞാൻ മനസ്സിലാക്കുന്നതു്.

ത്രു :—പ്രാൎത്ഥനയും കൎമ്മങ്ങളും മററും കാലാകാലങ്ങളിൽ നടത്താൻ......

പെ :—അതിനുള്ള ബുദ്ധിമുട്ടല്ല എന്നെ അലട്ടുന്നതു്. കൎത്താവിൻെറ കല്പനകളിൽ ഉറച്ചു നിന്നുകൊണ്ടു് രാജ്യം ഭരിക്കാൻ പററുകയില്ല. പലപ്പോഴും കല്പനകൾ അവഗണിക്കണം. അവഗണിക്കാത്ത പക്ഷം ഇപ്പോഴത്തെ ലോക ചിന്താഗതി അനുസരിച്ചു് രാജ്യത്തിനു പല ദൂഷ്യങ്ങൾ വന്നുകൂടാവുന്നതാണ്.

ത്രു :—അതുകൊണ്ടു് ?

പെ :—ശരിയായ ഒരു നസ്രാണിയായി ജീവിക്കണമെങ്കിൽ രാജ്യഭരണഭാരം വച്ചൊഴിയണം എന്നാണ് ഞാൻ കാണുന്നതു്.

ത്രു :—അതു കുറെ കടന്ന കൈയല്ലെ.

പെ :—അവനവൻെറ ആത്മാവിനെയാണോ രാജ്യത്തെയാണോ രക്ഷിക്കേണ്ടതു്? ഒരാളുടെ ധൎമ്മം എന്താണ് എന്നു് ആലോചിക്കണം.

ത്രു :—രാജ്യഭാരം വച്ചൊഴിഞ്ഞാൽ.........ഇക്കണ്ട ജനങ്ങളുടെ എല്ലാം ഭാഗധേയം തിരുമേനിയെ ദൈവം ഏല്പിച്ചു. അങ്ങിനെ ഏല്പിച്ചതു് ഒരു വിശ്വസ്ത സേവകനു ചേരുന്ന വിധം പരിരക്ഷിക്കാതെ, സ്വന്തം സുഖത്തിനു്—ശരീരത്തിൻെറ സുഖത്തിനല്ല ആത്മാവിൻെറ സുഖത്തിനു് അല്ലെങ്കിൽ രക്ഷയ്ക്കു—വേണ്ടി വച്ചൊഴിയുന്നതു് ശരിയായിരിക്കുമൊ.

പെ :—ത്രുബൻ ആ ഭാഗം കണ്ടുപിടിച്ചതു് സന്തോഷമായി. അതാണ് എന്നെ ബുദ്ധിമുട്ടിക്കുന്നതു്. എൻെറ ആത്മാവിൻെറ രക്ഷയെ ലക്ഷ്യമാക്കി, രാജ്യത്തേയും

ജനങ്ങളേയും കൈ ഒഴിയുന്നതു ശരിയായിരിക്കുമൊ, എന്നു തീച്ച്പ്പെടുത്താൻ പ്രയാസം തോന്നുന്നു.

ശ്രു :—രാജ്യഭാരത്തിൻെറ ചുമതല തിരുമേനി ആവശ്യപ്പെട്ടിട്ട കിട്ടിയതല്ല. ദൈവം ഏല്പിച്ചതാണെന്നല്ലെ വിചാരിക്കേണ്ടതു്.

പെ —അങ്ങിനെയും വിചാരിക്കാം. പക്ഷെ, ആ വിചാരം ഉദിക്കുന്നതു് സ്ഥാനം വച്ചൊഴിയാതെ കഴിക്കാൻ ഒരു ഒഴികഴിവു കണ്ടുപിടിക്കാനുള്ള മോഹത്തിൽ നിന്നല്ലേ എന്നാണു് എൻെറ സംശയം.

ശ്രു :—അത്ര അധികം കീഴ്പ്പോട്ടു് ഇറങ്ങി, അല്ലെങ്കിൽ മേല്പോട്ട കേറി ആലോചിക്കുന്നതിനുള്ള കഴിവു് എനിക്കില്ല.

പെ :—നമുക്കു് ആക്കും അങ്ങിനെ വലിയ കഴിവൊന്നുമില്ല. ഈ സംഗതിയെപ്പററി ഞാൻ ആലോചിക്കാൻ തുടങ്ങിയിട്ടു് കുറെ നാളായി. എന്താണു് ചെയ്യേണ്ടതെന്നു കാണിച്ചു തരണമെന്നും ഞാൻ പ്രാത്ഥിക്കുന്നുണ്ടു്. ഇതുവരെ എൻെറ പ്രാത്ഥനക്കു് മറുപടി ഒന്നും കിട്ടിയില്ല എന്നു വേണം പറയുവാൻ. മറുപടി കിട്ടിയില്ല എന്നു തീത്തു പറയാത്തതു്, ഭരണം ഉപേക്ഷിക്കണം എന്നുള്ള അഭിപ്രായത്തിനൊ ചിന്തയ്ക്കോ ശക്തി വദ്ധിച്ചു വന്നുകൊണ്ടിരിക്കുന്നതിനാലാണു്. ഞാൻ ഈ ചുമതലയിൽ തുടരുന്നതാണു് കത്താവിനു് ഇഷ്ടം എങ്കിൽ സ്ഥാനം ഒഴിയണമെന്നുള്ള മോഹം എന്നിൽ നിന്നു് നീക്കിക്കളയാമല്ലൊ. ആ മോഹം ഇല്ലാതായില്ലെന്നു തന്നെയല്ല, അതിൻെറ ശക്തി വദ്ധിക്കുകയും ചെയ്യുന്നു. അതിൽ നിന്നു മനസ്സിലാക്കുന്നതു്, ഞാൻ ഈ സ്ഥാനം വച്ചൊഴിയണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു എന്നാണു്.

ശ്രു :—വച്ചൊഴിഞ്ഞാൽ.........?

പെ :—വച്ചൊഴിഞ്ഞാൽ വേറെ ആരെങ്കിലും ആ സ്ഥാനത്തു പ്രവേശിക്കും. എൻെറ മുൻഗാമികൾ എത്ര എത്ര

പേർ ഈ ഭാരം ചുമന്നു. ഇനി എത്ര പേർ ഈ സ്ഥാനത്തു വരുമായിരിക്കണം. ആ കൂട്ടത്തിൽ ഒരുവൻ എന്നല്ലാതെ, എനിക്കു് എന്താണു് പ്രത്യേകത. ഞാൻ ഒഴിയുന്ന സ്ഥാനത്തേയ്ക്കു് ഇപ്പോൾ അവകാശിയായി കാണുന്നതു് കുലശേഖരനെയാണല്ലൊ, അവൻ ചുമതല വഹിക്കട്ടെ.

ശ്രു:—നന്നാ ചെറുപ്പമല്ലെ.

പെ:—ഞാൻ ഭരണമേററപ്പോൾ, ഏതാണ്ടു് അവൻെറ ഇപ്പോഴത്തെ പ്രായമേ ഉണ്ടായിരുന്നുള്ളു. സ്ഥാനം പ്രാപിച്ചാലുടൻ ഒരു എട്ടത്തു ചാട്ടമൊ കൂത്താട്ടമൊ ചിലർക്കെല്ലാം ഉണ്ടാകും. അതു ക്ഷണത്തിൽ തീരും, ഭാരം ശരിക്കു തലയിൽ കേറുമ്പോൾ.

ശ്രു:—എൻെറ ചിന്താശക്തിക്കു വളരെ അപ്പുറത്തുള്ള വിഷയമാണിതു്.........

പെ:—അതു സാരമില്ല. ശ്രുബൻ ശ്രുബനെന്ന നിലയിൽ ഒരു അഭിപ്രായം പറയാനല്ല ഞാൻ ഉദ്ദേശിച്ചതു്. പ്രാത്ഥനയോടുകൂടെ ആലോചിച്ചു്, ഒരു മാഗ്ഗം കാണുന്നു എന്നു് ബോദ്ധ്യം വന്നെങ്കിൽ പറഞ്ഞുതരണമെന്നാണു്.

ശ്രു:— ഇന്നു മുതൽ പ്രാത്ഥനയിൽ ഈ വിഷയം കൂടി ഉൾപ്പെടുത്താം. ഒന്നുകൂടെ പറഞ്ഞു കൊള്ളട്ടെ. തിരുമേനി ഈ സ്ഥാനത്തു് ഇരിക്കുമ്പോൾ നമ്മുടെ മാഗ്ഗത്തിനു് ഇവിടെ പ്രചാരം കിട്ടാൻ കൂടുതൽ സൗകര്യം ഉണ്ടായിരിക്കുമല്ലൊ എന്നൊരു വിചാരവും എനിക്കുണ്ടു്.

പെ:—ശ്ലീഹാ അദ്ദേഹത്തിൻെറ സ്വന്ത നാട്ടിൽ നിന്നു് എത്രയൊ എത്ര ദിവസത്തെ വഴി അകലത്തിലാണു് വന്നു ചേൎന്നിരിക്കുന്നതു്. അദ്ദേഹം അനേക രാജ്യങ്ങളിൽ സഞ്ചരിച്ചു് മാഗ്ഗം അറിയിച്ചു കഴിഞ്ഞാണു് ഇവിടെ വന്നതു്. അങ്ങിനെ നടന്നിടത്തെല്ലാം അദ്ദേഹം സഭ സ്ഥാപിക്കുകയും ചെയ്തു.

അതു് ഏതു പെരുമാളിൻെറ സഹായം കൊണ്ടാണു്? ദൈവ ശക്തിയോടു തട്ടിച്ചു നോക്കുമ്പോൾ പെരുമാക്കന്മാരും മററും വെറും കൃമികളല്ലെ? എൻെറ തണൽ ആവശ്യമുള്ള ഒരു മത സംഘടനയിലെ അംഗങ്ങളാണു് നാം ഇരുവരും എന്നു് ഞാൻ വിചാരിക്കുന്നില്ല. എന്നെ രക്ഷിക്കുന്നതിനു് ആ മാർഗ്ഗത്തിനു കഴിവുണ്ടു്. അതു പ്രചാരത്തിൽ കൊണ്ടുവരുന്നതിനു് ഈ ഞാൻ ഒരു അവശ്യഉപാധിയല്ല. അതിൽ എനിക്കു് സംശയം ഒട്ടുമില്ല.

ശ്രു :—തിരുമേനി അങ്ങിനെ പറഞ്ഞാൽ അതിനു് എതിരു പറഞ്ഞു സ്ഥാപിക്കാൻ എനിക്കു ശക്തിയില്ല.

പെ :—നാം പിന്നെയും പഴയ സ്ഥാനത്തു തന്നെ എത്തി. ശ്രുമ്പൻ എനിക്കു വേണ്ടി പ്രാർത്ഥിക്കണം. ഞാൻ സ്വീകരിക്കേണ്ട മാർഗ്ഗം ഏതാണെന്നു് കാണിച്ചു തരാനാണു് പ്രാർത്ഥിക്കേണ്ടതു്.

ശ്രു :—ആവാം.

പെ :—ശ്ലീഹായുടെ അടുക്കൽ എത്തിയാലുടൻ തന്നെ എൻെറ ഈ ആലോചന അദ്ദേഹത്തെ ധരിപ്പിക്കണം. അദ്ദേഹം എൻെറ അഭിപ്രായത്തോടു യോജിക്കുന്നില്ലെങ്കിൽ ഒരു പ്രത്യേക ദൂതനെ അയച്ചു് വിവരം എന്നെ ധരിപ്പിക്കണം. അല്ല അതിൽ നന്നു് ഇവിടെ നിന്നു ശ്രുമ്പൻെറ കൂടെ ഒരാളെ അയയ്ക്കുന്നതായിരിക്കും. നിരണത്തു ചെന്നാലുടൻ തന്നെ ശ്ലീഹായോടു ആലോചിച്ചു് ആ ആൾവശം ഒരുകുറിപ്പു അയച്ചു തന്നാൽ മതി.

ശ്രു :— ഇവിടെ നിന്നു് ഒരാളെയും കൂട്ടിക്കൊണ്ടു പോയാൽ, ആ ആൾ എത്രകാലം എവിടെല്ലാം ചുററേണ്ടതായി വരുമെന്നു് ആർക്കറിയാം. നിലയ്ക്കൽ പ്രദേശത്തെപ്പററി കേട്ടപ്പോൾ, ആ ദിക്കു് സന്ദർശിക്കുന്നതിനു് ആഗ്രഹമുള്ളതായി ശ്ലീഹാ സൂചിപ്പിച്ചു എന്നു് ഞാൻ അറിയിച്ചുവല്ലൊ. ഞങ്ങൾ നിരണത്തു ചെല്ലുമ്പോൾ ശ്ലീഹാ ആ മലനാട്ടിലേയ്ക്കു

പൊഴ്ത്തുഴിഞ്ഞു എന്നു വരാം. അല്ല നിരണത്തു തന്നെ ഉണ്ടെങ്കിലും ഇവിട്ടത്തെ അഭിലാഷം അറിയിക്കാൻ ചിലപ്പോൾ പല ദിവസം കാത്താൽ മാത്രമായിരിക്കും ഒരവസരം കിട്ടുക അവസരം കിട്ടി പറഞ്ഞുകേൾപ്പിച്ചു എന്നു വച്ചാൽ തന്നെ, മറുപടി ഉടനടി കിട്ടി എന്നുവരില്ല. എല്ലാം കേട്ടു കഴിഞ്ഞാലും, പല ദിവസം പ്രാൎത്ഥിച്ച് ആ മാൎഗ്ഗത്തിലൂടെ ഒരു ഉത്തരം കിട്ടുമ്പോൾ മാത്രമെ മറുപടി തരികയുള്ളു. അദ്ദേഹം തന്നെ തിരുമനസ്സറിയിച്ചതു് ഓൎക്കുന്നില്ലെ, ഒരു സാധാരണക്കാരനെപ്പോലെയൊ അതിൽ താണനിലയിലൊ ജീവിതം നയിച്ചു വന്നആളാണെന്നു് ? അപ്പോൾ രാജസിംഹാസനം വച്ചൊഴിയട്ടൊ എന്നു ചോദിച്ചാൽ ഏതു വിധത്തിലാണു് ഒരു മറുപടി തരാൻ കഴിവുണ്ടാകുന്നതു് ? കൎത്താവു് അദ്ദേഹത്തിനു വഴി ചൂണ്ടിക്കാണിച്ചു കൊടുക്കും, അപ്പോൾ നമുക്കു പറഞ്ഞുതരികയും ചെയ്യും.

പെ :—അതു ശരിയാണു്. ദൈവം ഇന്ന സമയത്തു് എന്റെ ചോദ്യത്തിനുത്തരം തരണമെന്നു കല്പിക്കാൻ നമുക്കു് അർഹതയും കഴിവും ഇല്ല. ശ്രുബൻ അഭിപ്രായപ്പെട്ടതു പോലെ ആവട്ടെ. നിരണത്തു് എത്തിയാൽ എത്രയും വേഗത്തിൽ ശ്ലീഹായോടു ചോദിച്ചു മറുപടി അറിയിച്ചു തരണം.

ശ്രു :—അങ്ങിനെ ചെയ്യാം. ആവശ്യമെന്നു കണ്ടാൽ, ശ്ലീഹായോടു ചോദിച്ചു് അനുവദിച്ചെങ്കിൽ ഞാൻ തന്നെ വരാം.

പെ :—കൊള്ളാം. ഒന്നും കൂടെ പറയാനുണ്ടു്. ഞാൻ പ്രാൎത്ഥിക്കുകയും ആലോചിക്കുകയും ചെയ്തുകൊണ്ടിരിക്കയാണല്ലൊ. ഏതു മാൎഗ്ഗമാണു് ഞാൻ സ്വീകരിക്കേണ്ടതെന്നു് അവിട്ടന്നു കാണിച്ചു തരികയാണെങ്കിൽ, കാണിച്ചു തരുന്നു എന്നു് എനിക്കു് ബോദ്ധ്യം വരികയാണെങ്കിൽ, ശ്രുബന്റെയൊ ശ്ലീഹായുടെയൊ മറുപടിക്കു കാക്കാതെ തന്നെ ഞാൻ ആ മാൎഗ്ഗം സ്വീകരിച്ചു എന്നു വരാം.

ശ്രു:—ശരിക്കു മനസ്സിലായില്ല.

പെ:—ഞാൻ ഭരണം ഒഴിയുകയാണോ തുടരുകയാണോ വേണ്ടതു് എന്ന പ്രശ്നമാണല്ലോ എന്നെ ഇപ്പോൾ ശല്യപ്പെടുത്തുന്നതു്, ഭരണം ഒഴിയുക തന്നെയാണു് ഉത്തമം, വേണ്ടതു് എന്നു് എന്റെ പ്രാത്ഥനയുടെ മറുപടിയായി എനിക്കു കാണിച്ചു തരുന്ന പക്ഷം ഞാൻ സ്ഥാനത്യാഗം ചെയ്യും. എന്നാലും ശ്ലീഹായുടെ ഉപദേശത്തിനു അല്പ ദിവസം കാക്കാതെ ചെയ്യുകയില്ല. ഈ വിവരവും ശ്ലീഹായെ ധരിപ്പിക്കണമെന്നു തോന്നുന്നു.

ശ്രു:—തിരുമേനി പറഞ്ഞതെല്ലാം, വിവരമായി ശ്ലീഹായെ അറിയിക്കാം. അദ്ദേഹം കഴിവുണ്ടെങ്കിൽ ഇങ്ങോട്ടു വന്നാൽ കൊള്ളാമെന്നു് ഇവിടെ ആഗ്രഹമുണ്ടെന്നും അറിയിക്കാം.......

പെ:—അങ്ങോട്ടു വരുന്നതിനു് എനിക്കൊരു മടിയുമില്ല. അദ്ദേഹം എന്റെ ഗുരുവാണു്. ഞാൻ ഇരിക്കുന്ന ദിക്കിലേക്കു അദ്ദേഹത്തെ ക്ഷണിക്കുകയല്ല. ഞാൻ അദ്ദേഹം ഇരിക്കുന്ന ദിക്കിൽചെന്നു കാണുകയാണു് വേണ്ടതു്. പക്ഷെ ഞാൻ ഇവിടെനിന്നു പുറപ്പെട്ടു് അവിടെ എത്തണമെങ്കിൽ എന്തെല്ലാം ചടങ്ങുകൾ നിവ്വഹിക്കേണ്ടതായി വരുമെന്നും, അതിന്റെ പ്രതിഫലനം ഏതെല്ലാം വഴിക്കുണ്ടാകുമെന്നും എനിക്കുതന്നെ നിശ്ചയമില്ല....

ശ്രു:—കഴിവുണ്ടെങ്കിൽ ശ്ലീഹാ വരുമല്ലൊ.

പെ:—അദ്ദേഹം വ[illegible]മൊ ഇല്ലയൊ എന്നു് ചിന്തിച്ചിട്ടില്ല. അതിന്റെ [illegible]യം, മര്യാദ എന്തെന്നു കാണിക്കുകയായിരുന്നു. ശ്രുബൻ എന്നാണു് മടങ്ങുന്നതു്?

ശ്രു:—എനിക്കു് താമസമൊന്നുമില്ല. ശ്ലീഹായുടെ അടുത്തു് എത്താൻ വലിയ ധൃതി തോന്നുന്നുണ്ടു്. വീട്ടിൽ ചെന്നു് യാത്രപറഞ്ഞു് ഇന്നുതന്നെയൊ നാളെയൊ പുറപ്പെട്ടും.

പെ.—അങ്ങനെ ആവട്ടെ. എനിക്കു് വേണ്ട ഉപദേശങ്ങൾ തരണമെന്നും, ഈ ഘട്ടത്തിൽ ഞാൻ സ്വീകരിക്കേണ്ട വഴി ഏതാണെന്നു ചൂണ്ടിക്കാണിച്ചു തരുന്നതിനും പ്രത്യേകം പ്രാൎത്ഥിക്കണമെന്നും വീണ്ടും വീണ്ടും അപേക്ഷിക്കുന്നു എന്നു് ശ്ലീഹായെ അറിയിക്കണം. അദ്ദേഹത്തെ കാണാനുള്ള ദാഹം വൎദ്ധിച്ചുകൊണ്ടിരിക്കുകയാണു്. കഴിവുണ്ടെങ്കിൽ ഇങ്ങോട്ടൊന്നു വരാൻ ശ്രമിക്കാൻ നിൎബ്ബന്ധിക്കണം. ശ്രമനും എനിക്കുവേണ്ടി പ്രാൎത്ഥിക്കണം.

സ്ഥാനം ഒഴിയുക എന്നുള്ള ആലോചന വാനവരമ്പന്റെ മനസ്സിൽ ഉദിച്ചിട്ടു് കുറച്ചുകാലമായി എങ്കിലും അതു് ശരിയായ രൂപം എടുത്തതു് ശ്രമനോടു തുറന്നു സംസാരിക്കുന്ന സമയത്തു മാത്രമായിരുന്നു. ഏതാണ്ടു പൂൎണ്ണമായ രൂപം ധരിച്ചുകഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ചാഞ്ചല്യം മാറി. നല്ല ഉറപ്പായി. ഇനി ഉടനടി നടത്തേണ്ടതെന്താണെന്നു് ആലോചിച്ചു. ചേരന്റെ സ്ഥാനത്യാഗം രാഷ്ട്രീയമായി അത്യന്തം പ്രാധാന്യമുള്ള ഒരു കാൎയ്യമാണു്. ദക്ഷിണേന്ത്യയെ ആകമാനം സ്പൎശിക്കുമെന്നുള്ളതിൽ സംശയമില്ല. ചോഴനും പാണ്ഡ്യനും, ഈ വിവരം അറിയുമ്പോൾ ഒന്നിളകി ഇരിക്കും. അല്ലാതൊന്നിനും തുനിയുകയില്ലെന്നു വാനവരമ്പനു് നിശ്ചയമുണ്ടു്. ഏററം അധികം ചലനവും ക്ഷോഭവും ഉണ്ടാകുന്നതു് പെരുന്തേവി ആണ്ടാളിലായിരിക്കുമെന്നുള്ളതിൽ അദ്ദേഹത്തിനു് സംശയമില്ല. അതു അപ്രകൃതവുമല്ല. കുലശേഖരന്റെമേൽ, അമ്മ എന്ന നിലയിൽ അധികാരമൊ സ്വാധീനമൊ ചെലുത്താമെന്നു തോന്നി അവർ ആശ്വസിക്കുമൊ? ഇപ്പോൾ തന്നെ—രാജസ്ഥാനത്തുനിന്നു് എത്രമാത്രം ദൂരത്താണു് താൻ എന്നു് യാതൊരു വിവരവുമില്ലാത്ത കാലത്തുതന്നെ—അമ്മയുടെ അധികാരത്തോടു എതിർക്കുന്ന മകനാണു് തന്റേതെന്നു് ആണ്ടാൾ ചിലപ്പോഴെല്ലാം പരാതിപ്പെടാറുള്ളതു് പെരുമാൾ ഓൎത്തു. എല്ലാ അമ്മമാൎക്കും ഉള്ള പരാതിയാണതു് എന്നു് ആണ്ടാൾ ഓൎക്കുന്നില്ലെന്നു തോന്നുന്നു. ഇന്നു് ഈവിധം പരാതിക്കു കാരണമുണ്ടാകുന്ന സ്ഥിതിക്കു്, കുലശേഖരൻ അപ്രതീക്ഷിതമായി സിംഹാസനാരോഹണം ചെയ്യുമ്പോഴത്തെ അവസ്ഥ എന്തായിരിക്കു

119364

മെന്നു് ഊഹിക്കാനുള്ള കഴിവു് ആണ്ടാൾക്കു തീർച്ചയായും ഉണ്ടു്. ഇക്കാരണങ്ങളാൽ തൻെറ പദ്ധതി പെരുന്തേവിക്കു് അസ്വീകാര്യമായിരിക്കുമെന്നു പെരുമാളിനു് അറിയാമായിരുന്നു. അവരുടെ അനുമതി ആവശ്യമില്ല; അനുമതി ഇല്ലെങ്കിലും, എതിർത്തുപറഞ്ഞാലും "പ്രകടന"ങ്ങൾ നടത്തിയാലും, ഒന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞാൽ പിൻമാറുന്ന കൂട്ടത്തിലല്ല വാനവരമ്പൻ എന്നു് നന്നായി അറിയാവുന്നതുകൊണ്ടു്, കുറെ ബഹളംകൂട്ടിയശേഷം അവർ താനെ അടങ്ങിക്കൊള്ളും. കുറച്ചു ദിവസത്തേയ്ക്കു സ്വൈരമില്ലാതെ വരും. താൻ സ്വീകരിക്കുന്ന നടപടിയുടെ പ്രാധാന്യം പരിഗണിക്കുമ്പോൾ, അവ അവഗണിക്കാവുന്നതാണു് എന്നാണു് വാനവരമ്പൻ ആലോചിച്ചു തീർച്ചപ്പെടുത്തിയതു്. കുലശേഖരനിൽ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങളെപ്പററിയാണു് വാനവരമ്പൻ പിന്നീടു ചിന്തിച്ചതു്. രാജസ്ഥാനത്തേയ്ക്കു് ഉടൻതന്നെ ഉയർത്തപ്പെടുന്നു എന്നറിയുമ്പോൾ, ആ യുവാവിനു് വലിയ ഉത്സാഹം ഉണ്ടാകുന്നതു് അപ്രകൃതമല്ല. ആ സ്ഥാനത്തു പ്രവേശിച്ചാൽ വഹിക്കേണ്ടതായിവരുന്ന ഭാരം വളരെ ആണെന്നു മനസ്സിലാക്കിക്കൊടുക്കാൻ വാനവരമ്പൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടു്. ശ്രമം ഒട്ടൊക്കെ വിജയിച്ചു എന്നാണു് അദ്ദേഹത്തിൻെറ ധാരണ. ആ ധാരണ ശരിയെങ്കിൽ, അമിത പ്രഹർഷം ഉണ്ടാകാതെ കഴിയും. ചെറുപ്പമല്ലെ. അത്യുന്നതമായ സ്ഥാനത്തുനിന്നു കീഴ്പോട്ടു നോക്കുമ്പോൾ, യുവാവിൻെറ കണ്ണുകൾക്കു് ചുമതലകൾ വളരെ ചെറുതായി മാത്രമെ തോന്നുകയുള്ളൂ. സാധാരണ രാജകുടുംബങ്ങളിലെ രീതിയിലല്ല വാനവരമ്പൻ അദ്ദേഹത്തിൻെറ മകനെയും മകളെയും വളർത്തിക്കൊണ്ടു വന്നിട്ടുള്ളതു്. തങ്ങളുടെ സ്നേഹിതനാണു് അപ്പ എന്നു് അവർ വിശ്വസിക്കണം എന്നു് അദ്ദേഹം ആഗ്രഹിച്ചു. ആ ആഗ്രഹം സഫലമാകത്തക്ക വിധത്തിൽ ഒരു കൂട്ടുകാരനെപ്പോലെയാണു് അവരോടു പെരുമാറിയിട്ടുള്ളതു്. അതുകൊണ്ടു്, ഒരു ചങ്ങാതി നഷ്ടപ്പെടുന്നു എന്നുള്ള സങ്കടം തീർച്ചയായും കുലശേഖരനുണ്ടാകണം. ചെറുപ്പത്തിൻെറ ബലഹീനതകൾ കുറെ ഒക്കെ ഉണ്ടെങ്കിലും കുലശേഖരൻ നല്ല കൂട്ടത്തിലാണു്. വളരെ ഗുണങ്ങൾ അവനിൽ ഉണ്ടു്. ചുമതലയേറിയ സ്ഥാനത്തു

KOTTAYAM PUBLIC LIBRARY

പ്രവേശിക്കുമ്പോൾ, ബലഹീനതകൾ മാഞ്ഞുപോകയും, ഗുണങ്ങൾ തെളിഞ്ഞു് ഉയൎന്നുവരികയും ചെയ്യാം. അങ്ങിനെ വരുമെന്നും വരട്ടെ എന്നും വാനവരമ്പൻ വിശ്വസിക്കുകയും ആശംസിക്കുകയും ചെയ്തു.

അക്കമ്മോളിൽ ഉണ്ടാകുന്ന പ്രതികരണം എന്തായിരിക്കുമെന്നാണു് അദ്ദേഹം പിന്നീട്ടു് ആലോചിച്ചതു്. മകനും മകളും ഒന്നുപോലെ അനൎഘ്യമാണു്. ഒരാൾ മററയാളെക്കാൾ അരുമ ആണെന്നു വച്ചിട്ടില്ല. എങ്കിലും അക്കമ്മോളോടുള്ള വാത്സല്യത്തിനല്ലെ അല്പം മുൻതൂക്കം എന്നു് ആ പിതാവിനു സംശയം തോന്നാറുണ്ടു്. അവൾ ഇളയ കുട്ടി ആയതും, ബലഹീനയായതും കൊണ്ടാണു് അതെന്നു് അദ്ദേഹം അപ്പോൾ തന്നെ സമാധാനം കാണുകയും ചെയ്യും. അക്കമ്മോളുടെ പ്രകൃതത്തിനാണു് തൻെറതിനോടു കൂടുതൽ സാമ്യമൊ അടുപ്പമൊ ഉള്ളതെന്നു തോന്നിയിട്ടുണ്ടു്. മകളോടുള്ള വൎദ്ധിതസ്നേഹത്തിനു കാരണം അതാണെന്നും ചിലപ്പോൾ തോന്നും. പെരുങ്കോയിലകത്തെ രാജകീയമായ പ്രൌഢി എല്ലാം ഉപേക്ഷിച്ചു് ഒരു യോഗിയെപ്പോലെ എവിടെങ്കിലും താമസിക്കുന്നതു് വലിയ ബുദ്ധിമുട്ടായിരിക്കയില്ല, എന്നാൽ അക്കമ്മോളെ കാണാതിരിക്കുക—അതു് ചിന്തനീയമല്ല എന്നു് ഒരിക്കൽ വാനവരമ്പൻ ഓൎത്തു, തന്നെത്താൻ പറഞ്ഞു. ആ സമയത്താണു് മററാരു സംഗതി ബോദ്ധ്യമായതു്. ഭരണം ഒഴിയുക എന്നുമാത്രമല്ല, അതുകഴിഞ്ഞാൽ രാജകീയമായ സൎവ്വവും ഉപേക്ഷിച്ചു് വാനപ്രസ്ഥംവരെ തൻെറ ചിന്ത പോയിട്ടുണ്ടെന്നു് ഓൎത്തതു് അപ്പോളാണു്. രാജകീയമായ മോടിയും പ്രൌഢിയും സുഖസൌകൎയ്യങ്ങളും ഉപേക്ഷിച്ചു്, ആശ്രമജീവിതം നയിക്കാൻ പററിയവളല്ല തൻെറ മകൾ എന്നാണു് വാനവരമ്പൻെറ ഭയം. ലൌകികമായി ആകൎഷകമായുള്ളതെല്ലാം ഉപേക്ഷിക്കാമെങ്കിൽ, അക്കമ്മോളിനെ കാണേണ്ടെന്നു വയ്ക്കുന്നതിനും തനിക്കു സാധിക്കും എന്നു ഒടുവിൽ സമാധാനപ്പെട്ടു.

പുതിയ ആലോചനയെപ്പററി കാൎയ്യക്കാരോടും ആലോചിച്ച ശേഷം കുടുംബാംഗങ്ങളെ ധരിപ്പിക്കാമെന്നാണു പെരുമാൾ തീൎച്ചപ്പെടുത്തിയതെങ്കിലും, ആ വിധമല്ല സം

വിച്ചതു്. അദ്ദേഹം പെരുങ്കോയിലകത്തു് സ്വന്തം അറയോടു തൊട്ടുള്ള ആ ചെറിയ അറയിൽ, ആലോചനാമഗ്നനായിഇരിക്കുകയാണു്. ചിന്താവിഷയം, സ്ഥാനത്യാഗം തന്നെ. ആ സമയത്തു് അക്കമ്മാൾ അവിടേക്കു കടന്നു ചെന്നു. ആണ്ടാൾ പെരുങ്കോയിലകത്തേക്കു കടക്കുക സാധാരണമല്ല. അക്കമ്മാൾ അങ്ങിനെ അല്ല. അപ്പയോടു് എന്തെങ്കിലും പറയണം, അല്ലെങ്കിൽ അപ്പയെ കാണണം എന്നു തോന്നിയാൽ പുറപ്പെടുകയായി. രാജകുമാരിയാണു്. ചിന്നകോയിലകത്തു നിന്നു പേരുങ്കോയിലകത്തു് അപ്പയുടെ അടുത്തേക്കു പോകയാണെങ്കിലും, പൂർവ്വീക രീതിയനുസരിച്ചു് ഭൃത്യവർഗ്ഗങ്ങളാൽ പരിസേവിതയായിരിക്കണം എന്നെല്ലാം ആണ്ടാൾ പറയാറുണ്ടു്. ആ പഴഞ്ചൻ രീതികൾ അക്കമ്മാളിനു് ഇഷ്ടമില്ല. പെരുങ്കോയിലകം, ചിന്നക്കോയിലകം ഇവ രണ്ടും തൻെറ വാസഗൃഹത്തിൻെറ രണ്ടു ഭാഗങ്ങൾ മാത്രമായിരിക്കെ, ഒരിടത്തു്നിന്നു് മററിടത്തേക്കു പോകുന്നതിനു് അനുയായികളും സേവകരും ആവശ്യമില്ലെന്നാണു് കുമാരിയുടെ വാദവും വിധിയും. സ്ഥാനത്യാഗം ചെയ്യേണ്ടതു് ആത്മീയ പുരോഗതിക്കു് ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് അതിനുറച്ചതു്. മററാരുടെയും നിർബ്ബന്ധമില്ല. നിവൃത്തിയില്ലാഞ്ഞു സ്വീകരിച്ച തീരുമാനവും അല്ല. ഇങ്ങിനെ എല്ലാമാണെങ്കിലും, രാജാധികാരം ഉപേക്ഷിക്കുന്ന കാര്യം ഓർക്കുമ്പോൾ, ചില സമയത്തു് അല്പം സങ്കടം, പശ്ചാത്താപം, വാനവരമ്പനു് ഉണ്ടാകുന്നില്ല എന്നു പറഞ്ഞുകൂടാ. അങ്ങിനെ തോന്നുന്ന സമയത്തു്, ശ്രീഹായുടെ അഭിപ്രായം അറിയുകയൊ അനുമതി ലഭിക്കുകയൊ ഉണ്ടായില്ലല്ലൊ അതുകൂടി കഴിഞ്ഞു് തീരുമാനിച്ചാൽ മതിയായിരിക്കും എന്നൊരു തോന്നലും ഉണ്ടാകാറുണ്ടു്. അതു, തൻെറ മനസ്സു് ഒരു തരം ഒരു ഒളിച്ചുകളി നടത്തുകയാണെന്നു് ബോദ്ധ്യപ്പെട്ടും. അക്ഷണത്തിൽ, ലൗകികാഡംഭരഭ്രമത്തെ വാനവരമ്പൻ ത്തുത്തുമാററുകയും, എല്ലാം ഉപേക്ഷിക്കണമെന്നുള്ള തീരുമാനത്തെ കൂടുതലായി ഉറപ്പിക്കുകയും ചെയ്യും. വാനവരമ്പനും അദ്ദേഹത്തിൻെറ മനസ്സിൻെറ രണ്ടു ഭാഗങ്ങളും തമ്മിൽ ഉണ്ടാകാറുള്ള സമരം, അല്ലെങ്കിൽ ഉരസൽ നടക്കുന്ന സമയത്താണു് അക്കമ്മാൾ

ആ ചെറിയ അറയിലേയ്ക്കു കടന്നുചെന്നതു്. നിങ്ങൾ കാററില്ലാത്ത ഒരു മുറിയിൽ അസഹ്യമായ ചൂട്ട സഹിച്ചുകൊണ്ടിരിക്കുമ്പോൾ, തണുത്ത കാററു കടന്നു വന്നാൽ? അതായിരുന്നു പെരുമാളിന്നു് അക്കമ്മാളിനെ കണ്ടപ്പോൾ ഉണ്ടായ അനുഭവം. അദ്ദേഹവും മനസ്സിൻെറ രണ്ടു ഭാഗങ്ങളും തമ്മിൽ നടന്ന സമരം പഴഞ്ചൻ കാര്യമായി മാറി എന്നാണൊ പറയേണ്ടതെന്നു സംശയം തോന്നുന്നു. സമരം എല്ലാം അക്ഷണത്തിൽ അവസാനിച്ചു. വാനവരമ്പൻ വിജയശ്രീലാളിതനായി. അതാണുണ്ടായതു്. അക്കമ്മാൾ അവിടേയ്ക്കു ചെന്നതു് പ്രത്യേകിച്ചു കാര്യം എന്തെങ്കിലും ഉണ്ടായിട്ടല്ല. അപ്പയെ കാണണമെന്നു തോന്നി. അവിടേയ്ക്കു ചെന്നു. അത്രമാത്രം. സമരത്തിൽ വിജയി ആയി എങ്കിലും ആ ചിന്ത ഒഴിഞ്ഞിട്ടില്ല. തൻെറ തീരുമാനത്തെപ്പററി അക്കമ്മാളോടും സംസാരിക്കണമെന്നാണു് വിചാരിച്ചിരുന്നതു്. ആണ്ടാൾ, കാര്യക്കാർ, കുലശേഖരൻ ഇവരോടു സംസാരിച്ചു കഴിഞ്ഞു് അക്കമ്മാളോടു, ഈ വിധമാണു് അതിനൊരു ക്രമം വച്ചിരുന്നതു്. കുമാരി കടന്നു ചെന്നപ്പോൾ ആ അഭിപ്രായം മാറി, അക്കമ്മാളോടു് ഇപ്പോൾ തന്നെ ചോദിച്ചാൽ—പറഞ്ഞാൽ—എന്തെന്നായി.

പെരുമാൾ മകളോടു ചോദിച്ചു-അക്കമ്മാളിൻെറ വീണവായന പഠിത്തം എവിടെവരെയായി.

അക്ക :—വീരണ്ണൻ ചിലപ്പോൾ പറയും ഞാൻ പഠിച്ചു മിടുക്കി ആയെന്നു...

പെ :—ചിലപ്പോൾ അങ്ങനെ. മററു ചിലപ്പോഴൊ?

അ :—മററു ചിലപ്പോൾ എനിക്കൊന്നുമേ അറിഞ്ഞുകൂടെന്നു്.

പെ :—മോളുടെ അഭിപ്രായമെന്താണു്.

അ:—ഉള്ളതു് പറഞ്ഞാൽ മതിയല്ലൊ. എനിക്കു് കുറെ എല്ലാം അറിയാം. വീരണ്ണനു് എന്നെക്കാൾ അല്പംകൂടെ അറിയാമെന്നല്ലാതെ, ഭാവിക്കുന്നതുപോലെ വീണവായനയിൽ സ്വാമിപദത്തിലൊന്നും എത്തിയിട്ടില്ല.

പെ:—കുറെ കൂടെ പഠിക്കണമെന്നാണൊ നിൻെറ ആഗ്രഹം.

അ:—അല്ലാതെ വേറെന്തു ചെയ്യാനാണ് കോയിലകത്തിരുന്നുകൊണ്ട്.

തൻെറ ആലോചന മകളെ അറിയിക്കുന്നതിനുള്ള അവസരം വന്നു എന്നു പെരുമാളിനു തോന്നി. അദ്ദേഹം പറഞ്ഞു "അല്ല, കോയിലകത്തെ ജീവിതം അത്ര മുഷിപ്പനാണെന്നാണൊ അഭിപ്രായം.

അ:—മുഷിപ്പനാണെന്നു തീർത്തു പറയാൻ പാറുകയില്ല; എങ്കിലും അത്തരത്തിൽപെട്ട പലതും ഉണ്ട്. അപ്പയുടെ അട്ടത്തേയ്ക്കു വരണമെങ്കിലും ചേടികളും സേവകരും പല്ലക്കും കോൽവിളക്കും എല്ലാം അത്യാവശ്യമാണെന്നു ശഠിക്കുമ്പോൾ ഇതെല്ലാം വലിച്ചെറിഞ്ഞു് വല്ല കുടിലിലൊ കാട്ടിലൊ പോയി താമസിക്കയായിരിക്കും നന്നെന്നു തോന്നാറുണ്ട്.

പെ:—ഉവ്വൊ. പിന്നെന്താ......

അ:—ഞാൻ അങ്ങിനെ ചെയ്യാഞ്ഞതെന്നൊ? നിങ്ങൾക്കൊക്കെ എന്തു തോന്നും. ഞാൻ ഒരു സ്ത്രീ ആയിപ്പോകയും ചെയ്തു.

പെ:—ആവട്ടെ, ഞാൻ അങ്ങിനെ ചെയ്താൽ അക്കമ്മോൾക്ക് എന്തു തോന്നും. എന്തു പറയും?

അ:—എങ്ങിനെ ചെയ്താൽ എന്നാണ്?

പെ:—ഇതെല്ലാം വലിച്ചെറിഞ്ഞു് വല്ല കുടിലിലൊ കാട്ടിലൊ താമസിക്കയായിരിക്കും നന്നെന്നു് അക്കമ്മോളിനു് തോന്നുന്ന എന്നല്ലെ പറഞ്ഞതു്. ആ പറഞ്ഞതുപോലെ ഞാൻ ചെയ്താൽ എന്തായിരിക്കും നിനക്കു തോന്നുന്നതെന്നാണ് ചോദിച്ചതു്.

അ:—രാജ്യവും ഭരണവും എല്ലാം ഉള്ള അപ്പ എങ്ങിനെയാണ് ഇവിട്ടുന്നുപോയി കാട്ടിലൊ കുടിലിലൊ താമസിക്കുന്നതു്.

പെ :—അതൊക്കെ വലിച്ചെറിഞ്ഞു്, അല്ല വച്ചൊഴിഞ്ഞു പോയാലൊ ?

അ :—വച്ചൊഴിയാനൊക്കുമൊ,

പെ :—എന്തുകൊണ്ടു് പാടില്ല ? വച്ചൊഴിയാം. അങ്ങിനെ ആയാൽ എന്തു പറയും നീ.

അ :—എന്നിട്ടു് അപ്പ എവിടെ പോകുമെന്നാണു് ?

പെ : നീ പറഞ്ഞതുതന്നെ ഞാൻ ആവൎത്തിക്കുകയാണു് "വല്ല കാട്ടിലൊ കുടിലിലൊ"

അ :— കാട്ടിലൊ കുടിലിലൊ താമസിക്കാൻ അപ്പയെക്കൊണ്ടു് സാധിക്കുമൊ.

പെ :— ഞാൻ വെറും മണലിലും, കരിങ്കല്ലിന്മേലും, കാട്ടിലും എത്രയെത്ര രാത്രി കിടന്നുറങ്ങിയിട്ടുണ്ടു്. കിട്ടുമ്പോൾ കിട്ടുന്ന ആഹാരം കഴിക്കുക. ഉറങ്ങാൻ അവസരം കിട്ടുമ്പോൾ ഉറങ്ങുക, രാപ്പകൽ വ്യത്യാസമില്ലാതെ കഠിനാദ്ധ്വാനം ചെയ്യു, എന്ന രീതിയിൽ ദിവസങ്ങളല്ല മാസങ്ങൾ തന്നെ കഴിച്ചു......

അ :—സമരരംഗങ്ങളിൽ ? പണ്ടു് ?

പെ :—അതെ സമരരംഗങ്ങളിൽ തന്നെ. പണ്ടെന്നു് നിനക്കു തോന്നും. ഇരുപതു വൎഷം മുമ്പു്. ഇന്നലെ എന്നെനിക്കും.

അ :—അന്നത്തെപ്പോലെ ഇന്നു കഷ്ടപ്പെടാൻ കഴിയുമൊ.

അപ്പയുടെ പ്രായം......

പെ :—പ്രായം ഒന്നും സാരമില്ല. അമ്പത്തെട്ടു് വലിയ അങ്ങെ അററമാണെന്നു, നിങ്ങൾ, ചെറുപ്പക്കാൎക്കു തോന്നും. അമ്പത്തെട്ടുകാരനെ യുവാവായിട്ടായിരിക്കും അറുപത്തിഅഞ്ച്യകാർ ഗണിക്കുന്നതു്. അമ്പത്തി എട്ടുകാരനും താൻ വൃദ്ധനാണെന്നു ബോദ്ധ്യപ്പെടാൻ പണിയാണു്.

അ :—എന്നാലും കഷ്ടപ്പെടാൻ പാറുമോ ?

പെ :—കഷ്ടപ്പാടങ്ങിനെ ഒന്നും ഉണ്ടാവാനില്ലല്ലോ. ചുമതല കുറയും. സുഖസൌകര്യങ്ങൾ കുറെ ഉപേക്ഷിക്കണം......

അ :—അപ്പ എന്തൊക്കെയൊ ആലോചിച്ച് ഉറച്ചതു പോലെ തോന്നുന്നല്ലൊ. എന്താണ്, എങ്ങിനെയാണ്. എന്നോടു പറയുകയില്ലേ ?

പെ :—ഒന്നും ഉറച്ചില്ല. ആരോടും പറഞ്ഞുമില്ല.

അ :—ഇപ്പോൾ എനിക്കു മനസ്സിലായി-മനസ്സിലായി എന്നു തോന്നുന്നു. ഞാൻ പറയട്ടൊ ?

പെ :—കേൾക്കട്ടെ.

അ :—സിദ്ധൻ

പെ :—സിദ്ധൻ എന്നു മാത്രം പറഞ്ഞാലെന്താണ് മനസ്സിലാക്കുക ?

അ :—അത്രയുമെ എനിക്കറിഞ്ഞുകൂട്ട. അദ്ദേഹത്തോടൊപ്പമൊ അദ്ദേഹത്തിൻെറ ഉപദേശപ്രകാരമൊ എന്തൊ ചെയ്യാനാണ് ആലോചന. ശരിയാണൊ ?

പെ :—മിക്കവാറും ശരിയാണ്. അദ്ദേഹം ഉപദേശിച്ചുമില്ല, അദ്ദേഹത്തോടാലോചിച്ചുമില്ല. രാജ്യഭരണം ഉപേക്ഷിച്ച് വാനപ്രസ്ഥരീതിയിൽ എവിടെങ്കിലും പോയി താമസിച്ചാൽ എന്തെന്ന്, ശിഷ്ടായുസ്സ് നല്ല കാര്യങ്ങൾക്കായി വിനിയോഗിച്ചാൽ എന്തെന്ന്, ആലോചിക്കുകയാണ്. അമ്മയോടൊ കുലനോടൊ മററാ ഇതേപ്പററി സംസാരിച്ചില്ല. നിൻെറ അഭിപ്രായം കേൾക്കട്ടെ.

അ :—ഇത്ര വലിയൊരു കാര്യമാണെന്നു ഞാൻ ആദ്യം ഓർത്തില്ല. അഭിപ്രായം പറയാൻ എനിക്കെന്തറിയാം. തോന്നിയതു പറയാവുന്ന കാര്യമൊന്നുമല്ല.

പെ :—നിനക്കു തോന്നിയ അഭിപ്രായം കേൾക്കട്ടെ. മററുള്ളവരുടെ അഭിപ്രായം എന്തായിരിക്കുമെന്നൊന്നും ഓർക്കേണ്ടാ—

അ :—അപ്പഴും പ്രയാസം വരുകയില്ലെങ്കിൽ...അദ്ദേഹത്തോടുകൂടെപോകയാണൊ, ഇവിടെഞാൻ തമസിക്കയാണൊ......

പെ :—ഒന്നും തീച്ചപ്പെട്ടത്തിയില്ല. ആരോടും പറഞ്ഞുമില്ല ആലോചിച്ചുമില്ല. ഇങ്ങനെ ഒരു ചിന്ത മാത്രം.

അ :—ഞാൻ പറയട്ടൊ, തോന്നുന്നതു പറയട്ടൊ ?

പെ :—പറയു.

അക്ക :—നല്ലതാണെന്നു തോന്നുന്നു. എന്തുകൊണ്ടാണങ്ങിനെ തോന്നുന്നതെന്നറിഞ്ഞു കൂടാ.

പെ :—എനിക്കു വലിയ ആശ്വാസവും സന്തോഷവുമായി.

അക്ക :—ഞാനും വരും.

പെ :—പെരുങ്കോയിലകത്തെ ജീവിതരീതി എല്ലാം ഉപേക്ഷിച്ചു കുടിലിൽ കഴിക്കാൻ പററുമൊ.

അക്ക :—അമ്പത്തിഎട്ടു വഷം പെരുങ്കോയിലകത്തെ ജീവിതരീതി പരിചയിച്ച അപ്പഴും ഇതെല്ലാം ഉപേക്ഷിക്കാമെങ്കിൽ, അതിൽ നാല്പതു വഷം കുറച്ച്, അങ്ങിനെ ജീവിച്ച എനിക്ക് എന്തുകൊണ്ട് കഴിയാതെ വരും ?

പെ :—അങ്ങിനെ പറയാം. അനുഭവത്തിൽ വരുമ്പോൾ വലിയ പ്രയാസമായി തോന്നും.

അക്ക :—ഒന്നു പരീക്ഷിച്ചു നോക്കാം. ഒരുവിധത്തിലും സഹിക്കാൻ പാടില്ലെങ്കിൽ വേണ്ടെന്നു വയ്ക്കാമല്ലൊ.

പെ :—ആവാം. ഇപ്പോൾ ഇങ്ങിനെ നില്ക്കട്ടെ. എൻെറ ആലോചന തന്നെ പൂത്തി ആയില്ല. അതു പൂത്തിയായി കഴിഞ്ഞശേഷം നിൻെറ കാൎയ്യം ആലോചി

ക്കാം. സമയം ഉണ്ടു്. ധൃതികൂട്ടാനൊന്നുമില്ല. നിൻെറ അമ്മയോടും അണ്ണനോടും മററും ഞാൻ ഇനി ആലോചിക്കും. അവക്കു പറയാനുള്ളതും കേൾക്കട്ടെ.

അക്ക:—അമ്മയ്ക്കു സമ്മതമാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

പെ:—എന്തുകൊണ്ടു്.

അക്ക:—എന്തുകൊണ്ടാണെന്നു പറയത്തക്ക വിധം ആലോചിച്ചില്ല. അങ്ങിനെ എനിക്കു തോന്നി എന്നേയുള്ളൂ.

പെ:—അധികം വൈകാതെ ഞാൻ ചോദിക്കുന്നുണ്ടു്. കുലൻ എന്തു പറയുമൊ.

അക്ക:—അണ്ണൻ തടസ്സം പറയുകയില്ല.

പെ:—ധൈര്യമായിട്ടാണല്ലോ ആ പറഞ്ഞതു്.

അക്ക:—അതെ.

പെ:—എന്തുകൊണ്ടു് ധൈര്യം തോന്നി.

അക്ക:—അണ്ണൻ ആണായതു കൊണ്ടു്.

പെ:—അണ്ണൻ ആണായതു കൊണ്ടു് തടസ്സം പറയുകയില്ലെങ്കിൽ, നീ പെണ്ണായതു കൊണ്ടും തടസ്സം പറയാതിരിക്കരുതൊ.

അക്ക:—ആണുങ്ങളോളം ധൈര്യം പെണ്ണുങ്ങൾക്കില്ല.

പെ:—ഞാൻ തക്കിക്കുന്നില്ല. എന്തിനാണു് ഒന്നു മനസ്സിൽ വെച്ചുകൊണ്ടു് മറെറാന്നു പറയുന്നതെന്നു ഞാൻ ചോദിക്കും.

അക്ക:—അപ്പയ്ക്കു അറിയാൻ പാടില്ലാഞ്ഞതല്ല. എന്നെക്കൊണ്ടു് പറയിക്കണമെന്നു നിർബ്ബന്ധമുള്ളതുകൊണ്ടാണു്; പറഞ്ഞേക്കാം. ഉടനെ പെരുമാളാകാൻ വരുന്ന സൌകര്യം തട്ടിമാററാൻ അണ്ണൻ പുറപ്പെടുകയി

ല്ലെന്നു തോന്നിയതുകൊണ്ടു് ഞാൻ അങ്ങിനെ പറഞ്ഞതാണു്.

പെ :—അതു വളരെ തെററായ അഭിപ്രായമല്ല. അവൻ സമ്മതിക്കുന്നെങ്കിൽ എൻെറ പ്രയാസം അത്രയും കുറയും. അവനോടും നിൻെറ അമ്മയോടും ചോദിക്കട്ടെ.

അക്ക :—ഞാൻ ചോദിക്കാനല്ലല്ലൊ ആവശ്യപ്പെട്ടതു്? അപ്പ എവിടെ താമസമാക്കാമെന്നാണു് വിചാരിക്കുന്നതെന്നു് എന്നോടു പറയാമൊ.

പെ :—അതേപ്പററി ആലോചിച്ചതേയില്ല. ആലോചന അവിടെവരെ എത്തിയില്ല. ദൈവം കാണിക്കുന്നിടത്തു താമസിക്കണം.

അക്ക :—ദൈവം പറഞ്ഞിട്ടാണോ രാജപദവി ഉപേക്ഷിക്കുന്നതു്.

പെ :—അങ്ങിനെ ചെയ്യുന്നതായിരിക്കും ദൈവത്തിനു കൂടുതൽ ഇഷ്ടം എന്നാണെൻെറ വിശ്വാസം. അങ്ങിനെ വിശ്വാസം ഉണ്ടായതു് ദൈവനടത്തിപ്പാണെന്നും ഞാൻ വിശ്വസിക്കുന്നു. അപ്പോൾ ഭരണം ഒഴിഞ്ഞാൽ പിന്നെ എവിടെ താമസിക്കണം, എന്തു ചെയ്യണം എന്നും ദൈവം കാണിച്ചുതരുമെന്നാണെൻെറ വിശ്വാസം. എവിടെ താമസിച്ചാൽ കൊള്ളാമെന്നാണു് നിനക്കു തോന്നുന്നതു്.

അക്ക :—എനിക്കറിഞ്ഞുകൂടാ. അപ്പ എവിടെ താമസിച്ചാലും, കൂടെ താമസിക്കാൻ എന്നെ അനുവദിക്കണമെന്നു മാത്രമേയുള്ളു.

പെ :—അതും ആലോചിച്ചു തീച്ച്പ്പെടുത്താം. നീ എൻെറ കൂടെ ഉണ്ടായിരിക്കുന്നതു് എനിക്കു വളരെ സന്തോഷകരവും ആശ്വാസപ്രദവുമായിരിക്കും. നിനക്കു് ബുദ്ധിമുട്ടാകുമൊ, നിൻെറ ഭാവിയെ അതെങ്ങിനെ സ്പർശിക്കും എന്നുള്ളതാണു് പ്രശ്നം.

അക്ക :—അപ്പയ്ക്കു് ഇരിക്കാവുന്നിടത്തു് എനിക്കും ആവാം. നസ്രാണി മതത്തിലായാലും അതു ശരിയാണു്......

പെ :—എന്തു്, എന്തു്, നസ്രാണി വേദത്തിൽ.........

അക്ക :—അതെ, നസ്രാണി വേദത്തിൽ. ഞാൻ അതേപ്പററി കുറെ എല്ലാം പഠിച്ചു.........

പെ :—എങ്ങിനെ? നീ ഇതൊക്കെ ഏതു വിധം അറിഞ്ഞു. ആ വേദത്തെപ്പററി ആരാണു് പഠിപ്പിച്ചതു്?

അക്ക :—ഞാനല്ലെ ആ സിദ്ധൻെറ വിവരം തന്നെ ആദ്യം ഈ പെരുങ്കോയിലകത്തു് അറിയിച്ചതു്. അതിനു ശേഷമാണല്ലോ അപ്പ ത്രുബനെ വരുത്തിയതും സിദ്ധനുമായി പരിചയപ്പെട്ടതും എല്ലാം.

പെ :—ശരിയാണു്. അന്നു് ആ വേദത്തെപ്പററി നീ ഒന്നും അറിഞ്ഞില്ലല്ലൊ.

അക്ക :—അന്നു തന്നെ സിദ്ധൻെറ പ്രഭാഷണം എന്നെ ആകർഷിച്ചു. അപ്പ ആ വേദത്തെപ്പററി പഠിക്കുന്നു, അതിൽ ചേരുന്നു, ചേർന്നു എന്നു് ഞാൻ അറിഞ്ഞുകൊണ്ടാണിരുന്നതു്. ഏലീശാ മുഖാന്തരം ജൂതപ്രമാണികളിൽ ഒരാളുടെ മകളെ ഇവിടെ വരുത്തി. അവക്കു് എല്ലാ വിവരങ്ങളും അറിയാമെന്നാണു് പറഞ്ഞതു്. എങ്കിലും എൻെറ പല ചോദ്യങ്ങൾക്കും മറുപടി തരാൻ പാടില്ലാതെ വന്നു. അവയെപ്പററി അവൾ കൂടുതൽ പഠിച്ചു് വന്നു് പറഞ്ഞു തരുമായിരുന്നു. ഇപ്പോൾ അത്യാവശ്യമുള്ളതെല്ലാം ഞാൻ പഠിച്ചു കഴിഞ്ഞു. ഇനി എപ്പോൾ വേണമെങ്കിലും ആ മതത്തിൽ ചേരാം.........

പെ :—നിൻെറ അമ്മ അറിയാതെ ഇതെല്ലാം എങ്ങിനെ സാധിച്ചുവൊ?

അക്ക :—അമ്മ അറിഞ്ഞില്ലെന്നു പറഞ്ഞുകൂടാ. മിറിയാം—അതാണു് എന്നെ പഠിപ്പിക്കുന്ന ജൂതസ്ത്രീയുടെ പേരു്—എന്നെ തുന്നൽ പഠിപ്പിക്കുന്നതിനു വരുന്നു എന്നാണു് അമ്മയോടു് ആദ്യം പറഞ്ഞതു്. അതു നേരുമാണു്. തുന്നലാണു് ആദ്യം പഠിപ്പിച്ചതു്. തുടന്നു് മതത്തെ സംബന്ധിച്ചുള്ള വിവരങ്ങളും പറഞ്ഞു തന്നുകൊണ്ടിരിക്കുന്നു.

പെ :—ഇപ്പോഴും ?

അക്ക :—ഇപ്പോഴും വരാറുണ്ട്. എന്നും വരികയില്ല.

പെ :—എന്നാൽ ഇനി എന്തിനു താമസിക്കുന്നു......

അക്ക :—മതത്തിൽ ചേരാനൊ ? ശ്ലീഹാ വരുമ്പോളാകാമെന്നാണ്.

പെ :—കൊള്ളാം. അദ്ദേഹം എത്രയും വേഗം വന്നാൽ കൊള്ളാമെന്നു ഞാൻ അപേക്ഷിച്ചിട്ടുണ്ട്.

അക്ക :—ഞാനും.

പെ :—നീയുമോ ? എങ്ങിനെ ?

അപ്പ :—ത്രുബൻവഴി.

പെ :—നീ മിടുക്കത്തിയാണല്ലൊ! ഞാൻ ഇതൊന്നും അറിഞ്ഞില്ല. നിൻെറ അമ്മയേയും അറിയിക്കാതെ ഇതൊക്കെ എങ്ങിനെ സാധിച്ചൊ. എനിക്കറിഞ്ഞുകൂടാ !

അക്ക :—വീരണ്ണൻെറ സഹായം ഇല്ലായിരുന്നെങ്കിൽ അമ്മ എല്ലാം അറിഞ്ഞു പോകുമായിരുന്നു.

പെ :—വീരനും ഈ അഭിപ്രായക്കാരൻ തന്നെയൊ?

അക്ക :—ആദ്യമെല്ലാം എൻെറ സൗകര്യത്തിനുവേണ്ടിയാണ് ഇടപെട്ടത്. പിന്നെ മിറിയാം പറഞ്ഞതു പല ദിവസം കേട്ടപ്പോൾ മനസ്സിനു മാററം വന്നു. അങ്ങിനെ ചാഞ്ഞു ചാഞ്ഞു വരികയാണ്.

പെ :—വീരനു പൂൎണ്ണ ബോദ്ധ്യം ആയില്ലെന്നാണോ ?

അക്ക :—ബോദ്ധ്യമായി. എങ്കിലും "അപ്പ അറിഞ്ഞാൽ എന്തു ചെയ്യും, അമ്മ എന്നെ ഓടിക്കും ഇതറിയുമ്പോൾ" എന്നെല്ലാം പറയുന്നുണ്ട്. ആ ഇളക്കമൊന്നും സാരമില്ല.

പെ :—ഞാൻ സ്വീകരിച്ച മാൎഗ്ഗത്തിലൂടെ നീയും ഇത്രയും സഞ്ചരിച്ചു കഴിഞ്ഞ സ്ഥിതിക്ക്, ഇനിയും ഞാൻ

സ്വീകരിക്കാൻ വിചാരിക്കുന്നതിലും കുറെ ആവാം. എനിക്കു് തടസ്സമില്ല. മതി എന്നു തോന്നിയാൽ പുറകോട്ടു പോരാമല്ലൊ.

അക്ക :—അപ്പ ഇപ്പോൾ ഇത്രയും സമ്മതിച്ചാൽ മതി. അതെ, മതി എന്നു് എനിക്കു തോന്നുന്ന പക്ഷം അപ്പയോടു തുറന്നു പറഞ്ഞു കൊള്ളാം. പിന്മാറണമെന്നു് അപ്പ അഭിപ്രായപ്പെട്ടാൽ ഞാൻ പുന്മാറുകയും ചെയ്യാം.

പെ :—ആവട്ടെ. ഇനി കുലനോടാണൊ നിൻെറ അമ്മയോടാണോ ആദ്യം സംസാരിക്കേണ്ടതെന്നാണു് ഞാൻ ആലോചിക്കുന്നതു്.

അക്ക :—അണ്ണനോടു് ആലോചിച്ചു കഴിഞ്ഞു് അമ്മയോടു പറഞ്ഞാൽ പോരായോ?

പെ :—പോരാഴികയൊന്നുമില്ല. എന്താ, കുലൻ സമ്മതിച്ചു എന്നറിയുമ്പോൾ പിന്നെ, അമ്മ തടസ്സം പറയുകയില്ലെന്നാണൊ നിൻെറ അഭിപ്രായം.

അ :—അല്ല, അങ്ങിനെ തോന്നി.

പെ :—ആവട്ടെ, കുലനോടുതന്നെ സംസാരിക്കാം.

അ :—ഞാൻ പൊയ്ക്കൊള്ളട്ടൊ? അപ്പയുമായി സംസാരിച്ചു വിവരമെല്ലാം വീരണ്ണനെ അറിയിക്കണം. അറിയുമ്പോൾ ഇപ്പോഴത്തെ സംശയവും ഇളക്കവും ഒക്കെ, മാറിയില്ലെങ്കിലും കുറയും.

പെ :—പൊയ്ക്കൊള്ളുക. കുലനെ ഇപ്പോൾ തന്നെ വരുത്തി സംസാരിച്ചുകളയാമെന്നു വിചാരിക്കുന്നു.

അ :—ഇപ്പോൾ ഇവിടെ ഞാൻ കാണും. അല്പം കൂടെ കഴിഞ്ഞാൽ കുതിരസവാരിക്കു പുറപ്പെടുകയായി. അതിനുള്ള കൂട്ടുകാർ വന്നു തുടങ്ങിയിരിക്കുമൊ എന്തൊ.

പെ :—കൂട്ടുകാർ എന്നു പറഞ്ഞപ്പോൾ നിൻെറ മുഖത്തു് എന്തൊ ഒരു ഭാവപ്പകച്ച് കണ്ടതുപോലെ തോന്നി.

എന്താ, വഷളന്മാരാണൊ. വഷളത്തങ്ങളിൽ ചാട്ടന്നുണ്ടായിരിക്കുമൊ

അ :—എൻെറ മുഖത്തു ഭാവവ്യത്യാസം ഉണ്ടായൊ ? അതു് അണ്ണൻെറ ഒരു കൂട്ടാളി ഇന്നാളൊരിക്കൽ ഒരു സാധുവിനെ ഉപദ്രവിച്ചതു കണ്ടതു് ഓൎമ്മയിൽ വന്നതു കൊണ്ടായിരിക്കണം.

പെ —അവൻ എന്തു ചെയ്തെന്നാണു് ?

അ :—കുതിരയെ ഓടിച്ചു് ആ സാധുവിനെ തട്ടി നിലംപതിപ്പിച്ചു; അയാളും വീണു. അയാൾ വീഴാൻകാരണം ആ സാധുവിൻെറ ധിക്കാരപരമായ നടപടി കൊണ്ടാണെന്നു അട്ടഹസിച്ചുകൊണ്ടു് ഉരുണ്ടെണീററു ചെന്നു്, ബോധരഹിതനായിക്കിടന്ന ആ സാധുവിനെ രണ്ടു മൂന്നു അടിക്കുകയും തൊഴിക്കുകയും ചെയ്തു. അണ്ണനു് അതു സഹിച്ചില്ല. "വീണുകിടക്കുന്നവനെ ദ്രോഹിക്കുന്നതു് പൌരുഷത്തിനു യോജിച്ചതല്ല. അപ്പോൾ നീ കുതിരയെ ഓടിച്ചു തട്ടി ഇട്ട ആ സാധുവിനെ അടിക്കുകയും തൊഴിക്കുകയും ചെയ്തതു എത്ര നീചമായ ഒരു പ്രവൃത്തിയാണു്. ഇനി നിന്നെ എനിക്കു കാണേണ്ടാ" എന്നു ശകാരിച്ചു. കൂടാതെ അയാളുടെ കയ്യിലുണ്ടായിരുന്ന ചമ്മട്ടി വാങ്ങി "നീ കൊടുത്തതിനു പകരം ഇതും ഇരിക്കട്ടെ" എന്നു പറഞ്ഞു നല്ല നാലടി കൊടുക്കുകയും ചെയ്തു. അതിൽ പിന്നെ അയാൾ ക്ഷമിക്കണമെന്നു് പലരോടു പറഞ്ഞയച്ചു. "ഭീരുക്കളെ എനിക്കു കണ്ടുകൂടാ" എന്നായിരുന്നു മറുപടി. ഒന്നു രണ്ടു മാസം മാറി നില്ക്കുമ്പോൾ മൎയ്യാദ പഠിക്കും. അപ്പോൾ കൂട്ടത്തിൽ ചേൎക്കാമെന്നാണു് അണ്ണൻ പറഞ്ഞതു്

പെ :—അക്കാൾ ഇതു് ഇത്രയും വിശദമായി എങ്ങിനെ അറിഞ്ഞുവൊ.

അ :—വീരണ്ണൻ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

പെ :—അങ്ങിനെയാണൊ ? ഈ കൂട്ടുകെട്ടിൽ അപ്പോൾ വഷളത്തങ്ങൾ ഒന്നുമില്ലെന്നു വിശ്വസിക്കാം.

അ :—ഞാൻ വീരണ്ണനോട്ട് ആ വിധം തന്നെ ചോദിച്ചു.

പെ :—എന്നിട്ട് ?

അ :—"ഒരേ പ്രായക്കാരായ പല യുവാക്കന്മാർ ഒരുമിച്ചു കൂടി തകൃത്തു തിമിത്തു നടക്കുമ്പോൾ കുറെ വല്ല കുസൃതികളും ഉണ്ടായി എന്നു വരാം. അതു് കണ്ടില്ല കേട്ടില്ല എന്നു വച്ചാനെയുള്ളു" എന്നായിരുന്നു മറുപടി.

പെ :—ദീനാനുകമ്പ കുലനിൽ വിളങ്ങുന്നുണ്ടെന്നാണല്ലൊ, ഈ സംഭവം തെളിയിക്കുന്നതു്. ആ ഗുണം സ്ഥായി ആയുള്ളവൻ ഒരിക്കലും ചീത്തയായി പോകയില്ല. രാജസ്ഥാനം വഹിക്കുന്ന ഒരാൾക്കു ദീനാനുകമ്പ മഹത്തായ ഒരു യോഗ്യതയാണു്. സംശയമൊന്നുമില്ല. കുലൻെറ കാര്യത്തിൽ എനിക്കുണ്ടായിരുന്ന ആശങ്ക മാറി എന്നു തന്നെ പറയാം.

അ :—അല്ലാതെ അപ്പ അന്വേഷിക്കുന്നു എന്നു് ഇപ്പോൾ തന്നെ അറിയിച്ചു കൊള്ളാം. അപ്പ എവിടേയ്ക്കു പോകുന്നൊ, അവിടേയ്ക്കു് എന്നെയും കൂട്ടിക്കൊണ്ടു പോകുമെന്നുറച്ചാണു് ഞാൻ പോകുന്നതു്. ശ്ലീഹാ വന്നാലുടനെ എന്നെയും വേദത്തിൽ സ്വീകരിക്കുന്ന കാര്യവും ഓർത്തിരിക്കണെ. ഞാൻ ഇനി വല്ലതും കൂട്ടതലായി പഠിക്കാനുണ്ടൊ ?

പെ :—എന്തെല്ലാം പഠിച്ചു കഴിഞ്ഞു എന്നു വിവരമായി പറഞ്ഞില്ലല്ലൊ. എന്തൊക്കെക്കഴിഞ്ഞു എന്നു നാളെ വന്നു അറിയിച്ചാൽ എൻെറ അഭിപ്രായം പറയാം.

പിറെറന്നാളാണു് കുലശേഖരൻ പെരുമാളിൻെറ മുമ്പിൽ ഹാജരായതു്. കുമാരൻ പറഞ്ഞു "അപ്പ എന്നെ അന്വേഷിച്ചു എന്നു് ഇന്നാണറിഞ്ഞതു്. അക്കമ്മാൾക്കു ഇന്നലെ എന്നെ കാണാൻ കഴിഞ്ഞില്ല. ഞങ്ങൾ ഒരു വേട്ടയ്ക്കു പോയിരുന്നു."

പെ :—എന്താ. വേട്ടയിൽ വേണ്ടതെല്ലാം കിട്ടിയൊ. എല്ലാം ഇളകി.

കുല :—വേണ്ടതെല്ലാം ഇളകി. പറയത്തക്കതായി ഒന്നി നേയും കിട്ടിയില്ല.

പെ —ധാരാളം മൃഗങ്ങളെ തേടി ഇളക്കിയിട്ടു കിട്ടാതെ വന്നതെന്താണ് ?

കുല :—കാണുന്ന മൃഗങ്ങളെ എല്ലാം കൊല്ലാൻ ശ്രമിക്കരുതു്, നമുക്കു് ആഹാരത്തിനു പററിയവയെ മാത്രം മതി എന്നു നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു.

പെ :—മൃഗയാവിനോദം ആനന്ദപ്രദമാണ്. പക്ഷേ നമ്മുടെ വേട്ടക്കാരിൽ പലരും, കാട്ടിൽ കടന്നാൽ ഒരുതരം തുമ്പില്ലാത്ത തരത്തിൽ പെരുമാറാറുണ്ട്. കാട്ടിലുള്ള ഏതു മൃഗത്തെ കണ്ടാലും കൊന്നൊടുക്കാനാണ് ശ്രമിക്കുന്നതു്. കുലൻ ആ ഭ്രാന്തന്മാരുടെ കൂട്ടത്തിൽപെട്ടവനല്ലെന്നു അറിയുന്നതിൽ സന്തോഷമുണ്ട്. രാജ്യത്തുള്ള മനുഷ്യരെ രക്ഷിക്കുക മാത്രമല്ല, മററുള്ള ജീവജാലങ്ങളെയും സംരക്ഷിക്കേണ്ട ധർമ്മം ഭരണാധിപനുണ്ട്. മനുഷ്യരെക്കൊല്ലുന്ന മൃഗങ്ങൾ എന്നു് പേരുപറയപ്പെടുന്നവ പോലും അങ്ങോട്ടുപദ്രവിക്കാത്തപക്ഷം മനുഷ്യരെ സാധാരണ ഉപദ്രവിക്കുകയില്ല. അവയെയും സൃഷ്ടിച്ചതു് ഉദ്ദേശമൊന്നുമില്ലാതായിരിക്കയില്ലല്ലൊ. സ്രഷ്ടാവിൻെറ ഉദ്ദേശം എന്തെന്നു മനസ്സിലാക്കാൻ നമുക്കു കഴിവില്ലാത്തതുകൊണ്ടു്, എല്ലാററിനേയും കൊന്നൊടുക്കാൻ മുതിരുന്നതു ശരിയല്ല. മൃഗയാവിനോദത്തിൻെറയൊ, വന്യമൃഗങ്ങളെ കണ്ടമാനം കൊന്നൊടുക്കുന്നതിൻെറയൊ ന്യായാന്യായങ്ങളെപ്പററി സംസാരിക്കുന്നതിനല്ല നിന്നെ കാണാൻ ഞാൻ ആഗ്രഹിച്ചതു്. എൻെറ നസ്രാണി വേദപ്രവേശനത്തെ സംബന്ധിച്ചു് ഞാൻ വിവരമായി നിന്നോടു സംസാരിച്ചില്ല. നിൻെറ സ്വാതന്ത്ര്യത്തെ ഏതെങ്കിലും തരത്തിൽ പരിമിതപ്പെടുത്താൻ ആഗ്രഹമില്ലാഞ്ഞാണു് അങ്ങിനെ ചെയ്തതു്. ഇന്നു് നസ്രാണി വേദമാണു് ഞാൻ സംഭാഷണ വിഷയമാക്കു

ന്നതു്. ഇക്കാലമെല്ലാം മൌനം ദീക്ഷിച്ചശേഷം ഇന്നു് അതിലേയ്ക്കു കടക്കുന്നതെന്താണെന്നു ചോദിക്കാം.

കല :—അപ്പ എന്തുകൊണ്ടു് ഒരു പ്രത്യേക വിഷയത്തെപ്പററി സംസാരിക്കുന്നു എന്നു ചോദിക്കാൻ...

പെ :—എനിക്കെന്തധികാരം എന്നായിരിക്കണമല്ലോ നീ ചോദിക്കാൻ ഭാവിച്ചതു്. ചോദിക്കുന്നതിനും നിൻെറ അഭിപ്രായം തുറന്നു പറയുന്നതിനും യാതൊരു വിരോധവുമില്ല. അഭിപ്രായം പുറപ്പെടുവിച്ചുകഴിഞ്ഞാലും ഞാൻ ഉന്നയിക്കുന്ന വിഷയത്തിൻെറ ഗുണദോഷങ്ങളെപ്പററി ചിന്തിച്ചു് ഒരു തീരുമാനത്തിലെത്താൻ ശ്രമിക്കുന്നതു് നന്നായിരിക്കും. തീരുമാനത്തിൽ എത്തിയതു് എങ്ങിനെ എന്നൊ, തീരുമാനം എന്തെന്നൊ എന്നെ അറിയിക്കണമെന്നില്ല.

കല :—എനിക്കു് ഇപ്പോഴൊ, എന്നെങ്കിലുമൊ പ്രയോജനപ്പെടുമെന്നു് അപ്പയുടെ അറിവും അനുഭവവും മൂലം മനസ്സിലാക്കിക്കൊണ്ടു് തരുന്ന ഉപദേശങ്ങൾ ഞാൻ ഒരിക്കലും അവഗണിക്കുകയില്ല. ഇതുവരെ അവഗണിച്ചിട്ടില്ല, ഇനിമേലും ചെയ്യാതിരിക്കണമെന്നാണു് ആഗ്രഹം. അപ്പയുടെ അമ്പതുറുപതു വഷത്തെ ലോക പരിചയത്തിൻെറയും അനുഭവത്തിൻെറയും ഫലമാണു് ആ ഉപദേശങ്ങൾ വഴി എനിക്കു കിട്ടുന്നതെന്നുള്ള ബോധത്തോടെ ഞാൻ അവയെ ശിരസാവഹിക്കാൻ ശ്രമിക്കുന്നതാണു്.

പെ :—നല്ലതു്. ഞാൻ നസ്രാണിവേദത്തിൽ ചേൻ്ന എങ്കിലും നിങ്ങൾ അതിൽ ചേരണമെന്നു് ആവശ്യപ്പെട്ടില്ല. ആഗ്രഹമില്ലാഞ്ഞല്ല. നിങ്ങളെ സ്വാധീനപ്പെടുത്താൻ ശ്രമിക്കുന്നതു് ഭംഗിയല്ലെന്നു തോന്നിയിട്ടാണു്. അപ്പ എന്നൊ, പെരുമാൾ എന്നൊ ഉള്ള നിലയിൽ സ്വാധീനം ചെലുത്തുന്നതു് ശരിയുമല്ലായിരിക്കാം. എന്നാൽ ഒരുവ്യക്തി എന്ന നില

യിൽ, ഒരു മനുഷ്യൻ മററൊരു മനുഷ്യനോട്ട് എന്ന നിലയിൽ ഞാൻ പറയുന്നു, ആ മതം വളരെ വിശിഷ്ടമാണ്. നീ ആ മതത്തെപ്പററി പഠിക്കണം. പഠിച്ചു്, അതു സ്വീകരിക്കേണ്ടതാണെന്നു ബോദ്ധ്യമായാൽ ലൌകികമായ പരിഗണന ഒന്നും നിന്നെ തടസ്സപ്പെട്ടത്താതിരിക്കാൻ ശ്രദ്ധിക്കയും വേണം.

കുല:—അങ്ങിനെ ആവാം.

പെ:—ആ മതത്തിൻെറ മാഹാത്മ്യം എത്രമാത്രമെന്നു ശരിക്കു മനസ്സിലാക്കുന്നതിനുള്ള കഴിവ് എനിക്കില്ല. മനസ്സിലാക്കിയിടത്തോളം വച്ചുകൊണ്ടു് ആലോചിച്ചതിൽ, ഇതര ചിന്തകൾ എല്ലാം ഉപേക്ഷിച്ചു്, മതചിന്തയിൽ, മതകർമ്മങ്ങളിൽ, ശ്രദ്ധ കേന്ദ്രീകരിച്ചു ജീവിക്കയാണു് വേണ്ടതെന്നു ബോദ്ധ്യമായിട്ടുണ്ടു്.

കുല:—അയ്യോ !അപ്പോൾ...

പെ:—രാജ്യഭരണം എൻെറ ധർമ്മമല്ലെ എന്നും, അതു വിട്ടൊഴിയാനാണൊ ഭാവിക്കുന്നതെന്നും അല്ലെ നീ ഓക്കുകയൊ ചോദിക്കാൻ ഭാവിക്കുകയൊ ചെയ്യുതു്.

കുല:—അതേ.

പെ:—നിൻെറ അഭിപ്രായം കുറെ എല്ലാം ശരിയാണെന്നു സമ്മതിക്കാം. എന്നാൽ തൃതീയാശ്രമത്തിൽ—വാനപ്രസ്ഥത്തിൽ – പ്രവേശിക്കാനുള്ള പ്രായമായി എനിക്കു്. പൌരാണികകാലം മുതൽ നടപ്പുള്ളതാണല്ലൊ ആ രീതി. അതു് സ്വീകരിക്കുന്നവരെ ചുമതലബോധമില്ലാത്തവരൊ, സ്വധർമ്മനിർവ്വഹണത്തിൽ നിന്നു തെററി ഒഴിയാൻ ശ്രമിക്കുന്ന അധമന്മാരൊ ആയി ആരും ഇന്നേവരെ എണ്ണിയിട്ടില്ല. പൂർവ്വികാചാരമനുസരിച്ചായാലും, എനിക്കു് സ്ഥാനം ഒഴിയുന്നതിനു് അവകാശമുണ്ടു്.

കുല:—അപ്പയുടെ അധികാരത്തെയൊ അവകാശത്തെയൊ സ്വാതന്ത്ര്യത്തെയൊ ചോദ്യം ചെയ്യണമെന്നു് ഓ

ത്തതേ ഇല്ല. അപ്പ ഭരണം വച്ചൊഴിഞ്ഞാൽ രാജ്യ കാൎയ്യങ്ങൾ എല്ലാം കുഴപ്പത്തിലാകുമല്ലൊ എന്നോ ത്തു......

പെ:—ഭരണം ഒഴിഞ്ഞു് ഒരു ശൂന്യതചമൊ നാസ്തിതചമൊ ഉണ്ടാകുന്നപക്ഷം രാജ്യകാൎയ്യങ്ങൾ കുഴപ്പത്തിലാകാം. കലാപങ്ങളൊ വിപ്ലവങ്ങളൊ പൊട്ടിപ്പുറപ്പെട്ടു എന്നു വരാം. ഇവിടെ ശൂന്യാവസ്ഥ ഉണ്ടാകുന്നില്ല. ഞാൻ ഇറങ്ങുന്ന സ്ഥാനത്തു്, അവകാശിയായ നീ പ്രവേശിക്കുന്നു. എൻെറ താങ്ങും തണലും ഉണ്ടായിരിക്കും. എൻെറ ബലഹീനതയ്ക്കു പരിഹാരം തേടുന്നതിനു ചുമതലപ്പെട്ടവനുമാണു് നീ. ഞാൻ ഇറങ്ങുന്ന സ്ഥാനത്തു നീ പ്രവേശിക്കുന്നു എന്നുള്ള നിലതന്നെ മാററാം. നീ പ്രവേശിച്ചുകഴിഞ്ഞു് ഞാൻ ഇറങ്ങുക എന്നു വയ്ക്കാം. അപ്പോഴൊ.

കുല:—അപ്പയുടെ വാദങ്ങളെ ഖണ്ഡിക്കുന്നതിനൊ എതിരായി എന്തെങ്കിലും ചൂണ്ടിക്കാണിക്കുന്നതിനൊ എനിക്കു കഴിവില്ല...

പെ:—അതുകൊണ്ടു് ഞാൻ പറയുന്നതുപോലെ ചെയ്യണം

കുല:—അപ്പയുടെ കല്പന, രാജകല്പന, എന്തുതന്നെ ആയാലും അനുസരിക്കാൻ ബാദ്ധ്യസ്ഥനാണു് ഞാൻ. ഒരിക്കലും ചോദ്യം ചെയ്കയില്ല. ചെയ്യാമെന്നു് ഓൎക്കുകപോലുമില്ല.

പെ:—നന്നുതന്നെ. അപ്പോൾ അങ്ങിനെ തീൎച്ചപ്പെട്ടതു മുമ്പോട്ടു പോകാം.

കുല:—ഞാനൊന്നു പറഞ്ഞുകൊള്ളട്ടൊ.

പെ:—എത്രസമയം വേണമെങ്കിലും എടുക്കാം. എല്ലാം ക്ഷമയോടെ കേൾക്കാം. പ്രയാസങ്ങൾക്കു് ഒഴിവുകാട്ടിത്തരുന്നതിനും, സംശയങ്ങൾ തീൎത്തുതരുന്നതിനും ശ്രമിക്കാം.

കുല:—ഒരുകാലത്തും രാജ്യഭരണം ഏല്ക്കേണ്ടതായി വരികയില്ലെന്നു ഞാൻ വിചാരിച്ചിട്ടില്ല. ആ ഭാരത്തോടൊ

പ്പം വരുന്ന ഉയച്ച്യെ പററിയും ചിന്തിച്ചിട്ടുണ്ട്. അതിയായി സന്തോഷിച്ചിട്ടുണ്ട്. പക്ഷെ അതു വിദൂരഭാവിയിൽ സംഭവിക്കാനുള്ള ഒരു കാൎയ്യമായി മാത്രമാണ് ഗണിച്ചിട്ടുള്ളതു്. അതു ഭരണഭാരത്തോടുള്ള ഭയംകൊണ്ടോ അധികാരത്തോടുള്ള വിരക്തികൊണ്ടോ അല്ല. അപ്പ ഇന്നും വൃദ്ധനല്ല. അരോഗദൃഢഗാത്രൻ. ബുദ്ധിക്ക് യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. അതിൻെറ ലക്ഷണങ്ങളൊന്നും, എന്നല്ല വാൎദ്ധക്യ ലക്ഷണങ്ങളൊന്നും അപ്പയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. ഇപ്പോഴത്തെ നിലയിൽ നോക്കിയാൽ ഒന്നോ രണ്ടോ വ്യാഴവട്ട കാലം നൈപുണ്യത്തോടുകൂടി രാജ്യഭരണം നടത്താൻ കഴിയും. ആ വിധത്തിലാണ് ഞാൻ ചിന്തിച്ചിട്ടുള്ളതു്. പത്തോ ഇരുപതോ വൎഷങ്ങൾ കഴിയുമ്പോൾ രാജ്യഭരണ ഭാരം ചുമലിൽ കേറുന്നതിന് തയ്യാറാകണമെന്നു മാത്രമാണ് ഞാൻ ഓൎത്തിട്ടുള്ളതു്. ഇപ്പോഴൊ? നാളെയൊ മററന്നാളൊ നുകം വയ്ക്കാൻ ഞാൻ കഴുത്തു കാണിക്കണമെന്നു വരുന്നു. അതുവേണമൊ; അപ്പ കുറെ കാലം കൂടി പ്രശസ്തിയോടെ രാജ്യം ഭരിക്കുകയും, അത്രയും കാലം എന്നെ സ്വതന്ത്രനായി വിടുകയും ചെയ്യണമെന്നാണെൻെറ അപേക്ഷ.

പെ:—നിൻെറ ഭാരം എത്രകണ്ടു കുറയ്ക്കാൻ സാധിക്കുമൊ അത്രകണ്ടു കുറയ്ക്കണമെന്നാണ് എൻെറ ആഗ്രഹം. ഇവിടെ ഞാൻ സ്വതന്ത്രനല്ല. കാൎയ്യം ലൌകികവുമല്ല. അതുകൊണ്ടു് നിൻെറ ചുമതല ഏറെറടുക്കാൻ ഒരുങ്ങിക്കൊള്ളുക എന്നുപറയുന്നതിനേ എനിക്കു നിവൃത്തിയുള്ളു. നാളെയൊ അടുത്തദിവസമൊ ചുമതല ഏല്ക്കണമെന്നല്ല. നീ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ ഏതാനും ദിവസങ്ങൾ മുമ്പ് ഭരണഭാരം ഏല്ക്കേണ്ടതായി വരുന്നു എന്നേയുള്ളു. എനിക്കുവേണ്ടി അതു സന്തോഷത്തോടെ സ്വീകരിക്കുക. ആ വിധം ഉറച്ച് ഒരുങ്ങുന്നതിനു സാവകാശം തരാമെന്നു വച്ചാണ് ഇപ്പോൾ അറിയിച്ചതു്.

കല:—അപ്പയുടെ ആജ്ഞ ശിരസ്സാവഹിച്ചുകൊള്ളാം. ഒന്നുകൂടി പുനരാലോചിക്കണമെന്നും അപേക്ഷയുണ്ട്.

പെ:—പുനരാലോചന ചെയ്യാം. എന്നാലും തീരുമാനത്തിൽ മാററം ഒന്നും ഉണ്ടാവാനില്ല.

കല:—അപ്പ, എന്ന്, എങ്ങോട്ടുപോകാമെന്നാണ് ആലോചിക്കുന്നതു്.

പെ:—അതു രണ്ടും തീച്ച്പ്പെടുത്തിയിട്ടില്ല. നിന്റെ അമ്മയോടു പോലും ഇതേപ്പററി സംസാരിച്ചതുമില്ല. പെട്ടെന്ന് എന്തെങ്കിലും ചെയ്യണമെന്നില്ല. മാററം കുഴപ്പമൊ കലാപമൊ ഉണ്ടാകാത്ത തരത്തിൽ ക്രമപ്പെടുത്താമെന്നാണ് എന്റെ വിശ്വാസം. ഇതു ഇപ്പോൾ പരസ്യപ്പെടുത്താതിരിക്കയായിരിക്കും ഉത്തമം. നിനക്ക് മനസ്സുകൊണ്ട് ഒരുങ്ങുന്നതിനു സമയം കിട്ടികൊള്ളട്ടെ എന്നുവച്ച് ഇപ്പോൾ അറിയിച്ചതാണ്. ആണ്ടാളെ നാളെയൊ മററൊ അറിയിക്കാമെന്നു വിചാരിക്കുന്നു.

കല:—അപ്പയുടെ ഇഷ്ടംപോലെ, എന്നുമാത്രമെ ഞാൻ പറയുന്നുള്ളു. അമ്മ വല്ലാതെ ക്ഷോഭിക്കും. സംശയമില്ല.

---

# 16

ആണ്ടാൾ ക്ഷോഭിക്കുകയല്ല, അതിനപ്പുറം കടക്കും എന്നു പെരുമാളിനറിയാം; അവക്കു യഥാൎത്ഥത്തിൽ സങ്കടം ഉണ്ടാകാവുന്നതുമാണു്. പരിമിതമായ ബുദ്ധിസാമൎത്ഥ്യത്തിന്റെ കഴിവനുസരിച്ചു് കുട്ടികളെ വളൎത്തുന്നതിനും ഭൎത്താവിനെ സ്നേഹിക്കുന്നതിനും ഭാൎയ്യയുടെ ധൎമ്മം നിറവേററുന്നതിനും അവർ ശ്രമിച്ചിട്ടുണ്ടെന്നും ഒട്ടൊക്കെ വിജയിച്ചിട്ടുണ്ടെന്നും വാനവരമ്പനു് സമ്മതമാണു്. അവക്കു മനോവേദന ഉണ്ടാക്കാതിരുന്നാൽ കൊള്ളാമെന്നു് ആഗ്രഹവുമുണ്ടു്. ഇവിടെ ഉദിച്ചിട്ടുള്ള പ്രശ്നം വാനവരമ്പനും ആണ്ടാളും തമ്മിലുള്ളതല്ല എന്നതാണു് കുഴപ്പം. ദൈവവും വാനവരമ്പനും തമ്മിൽ ഉള്ള ഇടപാടിനിടയിൽ, ആണ്ടാൾ എന്നൊരു സ്ത്രീ—അവർ വാനവരമ്പന്റെ പ്രിയതമയോ, അദ്ദേഹത്തിന്റെ വാത്സല്യസന്താനങ്ങളുടെ മാതാവോ, ആരെങ്കിലുമാവട്ടെ—ഇടയിൽ ചാടി ഇടംകോലിടാൻ എങ്ങിനെ അനുവദിക്കും? ഒരു നിവൃത്തിയുമില്ല. എന്നാൽ ആണ്ടാളോടു പിണങ്ങാതെ, മുഷിയാതെ കാൎയ്യം സാധിക്കുകയും വേണം. അതിനു സ്വീകരിക്കേണ്ട മാൎഗ്ഗങ്ങളും നയവും എന്തെല്ലാമാണെന്നു് വാനവരമ്പൻ വളരെ കാൎയ്യമായി ആലോചിച്ചു. അതിഗഹനമായ രാജ്യകാൎയ്യങ്ങൾക്കു വിനിയോഗിക്കുന്നത്ര ശ്രദ്ധയും സമയവും, ആണ്ടാളെ പിണക്കാതെ കഴിക്കുന്നതിനു പററിയ വഴി കണ്ടുപിടിക്കുന്നതിനും ചെലവാക്കി. യുക്തിയേയോ തത്വത്തേയോ ആശ്രയിച്ചു എന്തു വാദം ആണ്ടാൾ ഉന്നയിച്ചാലും, സമാധാനം കൊടുത്തു തൃപ്തിപ്പെടുത്താമെന്നു അദ്ദേഹത്തിനു ഉറപ്പുണ്ടു്. ആ ഉറപ്പുകൊണ്ടൊന്നും വിശേഷമില്ല, യുക്തിയും ബുദ്ധിയും എല്ലാം വലിച്ചു ദൂരത്തെറിഞ്ഞു്, ആക്രമണത്തിനും നിരോധനത്തിനും വികാരങ്ങളെ മാത്രം ആശ്രയിച്ചു് അടക്കളത്തിൽ ഇറങ്ങുന്ന മഹിളയോടാണു് താൻ പൊരുതേണ്ടതായി വരുന്നതെന്നു് ഓൎത്തു. ഒരു പുഞ്ചിരി

യും ദീർഘനിശ്വാസവും ഒരുമിച്ചു് ഉയൎന്നു. അവയോടൊപ്പം ആണ്ടാളും അറയിലേയ്ക്കു കടന്നു ചെന്നു. ആ അമ്മയ്ക്കു എന്തൊ ബദ്ധപ്പാടുള്ളതുപോലെ തോന്നി. "എന്തൊ അതിഗൗരവതരമായ ജോലി തല്ക്കാലത്തേയ്ക്കു മാററി വച്ചിട്ടാണു് ഇങ്ങോട്ടു പുറപ്പെട്ടതെന്നു തോന്നുന്നല്ലൊ" എന്നു് നേരമ്പോക്കുമട്ടിൽ വാനവരമ്പൻ ചോദിച്ചു. ഉന്നയിക്കാൻ തുടങ്ങുന്ന പ്രശ്നം ഗൗരവതരമാണെന്നു തനിക്കു തോന്നിയിട്ടില്ല എന്നു് ധരിപ്പിക്കാനുള്ള ഒരു ശ്രമമായിരുന്നു അതു്. ആത്മാൎത്ഥതയില്ലാത്ത ആ ശ്രമം വിഫലമാകാനാണു് എളുപ്പം എന്നു് അദ്ദേഹത്തിനു്, സംശയമുണ്ടായിരുന്നു. അല്ല, വിഫലമാകയേയുള്ളു എന്നു് അറിയാമായിരുന്നു.

ആണ്ടാൾ വെട്ടേററ മരംപോലെ പിടഞ്ഞു വീണു. പെരുമാളിന്റെ കാലിൽ പിടിച്ചുകൊണ്ടു് പൊട്ടിക്കരഞ്ഞു. അവരുടെ സ്വഭാവപ്രത്യേകതകൾ എല്ലാം മനഃപാഠമാക്കിയിട്ടുണ്ടെന്നു അഭിമാനിക്കാറുള്ള വാനവരമ്പൻ അമ്പരന്നുപോയി. എങ്കിലും അതു പ്രത്യക്ഷപ്പെട്ടത്താതെ, കുനിഞ്ഞു് ആണ്ടാളുടെ തലയിൽ, തടവിക്കൊണ്ടു് "ഛേ, ഛേ, കൊച്ചുകുട്ടികളെപ്പോലെ കരയുന്നതെന്താണു്, എന്തുപററി" എന്നു സാന്ത്വനസ്വരത്തിൽ ചോദിച്ചു.

നിലവിളി നിറുത്താതെ തന്നെ അതിനു മറുപടി ഉണ്ടായി "എന്നോടു് ഈ വിധം ചെയ്യുമെന്നു് ഒരിക്കലും ഓൎത്തിരുന്നില്ല. ഇതിൽ എത്ര നന്നായിരിക്കും എന്നെ വെട്ടി കുരുതി കഴിക്കുന്നതു്"

ആ ചോദ്യത്തിൽ ഉന്നയിക്കപ്പെട്ട ആരോപണത്തിന്റെ പിമ്പിൽ എന്തൊക്കെയാണെന്നു മനസ്സിലാക്കുന്നതിനു ചേരനു ബുദ്ധിമുട്ടില്ലായിരുന്നു. തന്റെ ആലോചനയെപ്പററി കുലശേഖരനൊ, അക്കമ്മാളൊ, അമ്മയോടു സംസാരിച്ചിരിക്കണം. അമ്മയെ അറിയിക്കരുതെന്നു് അവരോടു് ആവശ്യപ്പെട്ടിരുന്നില്ല. തന്റെ ആലോചനയുടെ വിവരം ആണ്ടാൾ അറിഞ്ഞതുകൊണ്ടു് ഏതു രൂപത്തിലാണു് അതു ഉന്നയിക്കേണ്ടതെന്നു് ചിന്തിക്കേണ്ട ബുദ്ധിമുട്ടു്

കൂടാതെ കഴിയുകയും ചെയ്തു. കുറെ നിലവിളിച്ചു കഴിഞ്ഞു് സാന്ത്വനപ്പെടുത്തുകയൊ സമാധാനം പറയുകയൊ ചെയ്യാൻ ശ്രമിക്കുകയാണു് നന്നു് എന്നും, അപ്പോഴേയ്ക്കു് പല വിവരങ്ങളും പുറത്തു വന്നുകൊള്ളുമെന്നും അനുഭവിച്ചറിഞ്ഞിട്ടുള്ള പെരുമാൾ ഉരിയാടാതെ കാത്തിരുന്നു.

ഏങ്ങലിൻെറ ശക്തിയും നിലവിളിയുടെ ശബ്ദവും ക്രമേണ കുറഞ്ഞു വരുന്നു. ആരോപണങ്ങൾ പുറപ്പെടാനുള്ള മുഹൂർത്തം ആയി. നിലവിളികൊണ്ടുമാത്രം ആയില്ലല്ലൊ. പരാതി എന്താണു്, അവയ്ക്കു് ഉപശാന്തി ഉണ്ടാക്കേണ്ടതു് ഏതു വിധമാണു് എന്നു വ്യക്തമാക്കുന്നതു വരെ കാത്തിരിക്കാൻ പെരുമാൾ ഒരുക്കമാണു്.

ആണ്ടാ വളരെ ബുദ്ധിമുട്ടി ഏങ്ങൽ അടക്കിയിട്ടു് ചോദിച്ചു "ഞാൻ ചോദിച്ചതു കേട്ടില്ലെ. എന്താണു് ഉത്തരം പറയാത്തതു് ?

ചോദ്യവും ഉത്തരവും ആയതു് ആശ്വാസമായി. ഇനി നിന്നു പറയാം, എന്നു് ഓർത്തുകൊണ്ടു് വാനവരമ്പൻ പറഞ്ഞു "ഒന്നും ചോദിച്ചില്ല. പിന്നെന്തിനാണു് ഉത്തരം തരുന്നതു്"

കണ്ണീരും മുറവിളിയും ഏതു നിമിഷവും രംഗപ്രവേശം ചെയ്യത്തക്കവണ്ണം ഒരുങ്ങി തിരശ്ശീലയ്ക്കു പിമ്പിൽ നില്ക്കുന്നു എന്നു ഭർത്താവിനെ ശരിക്കു മനസ്സിലാക്കിക്കൊണ്ടു് ആണ്ടാൾ സംഭാഷണം തുടന്നു—"ഞാൻ ചോദിച്ചതു കേട്ടില്ലെന്നു ഭാവിക്കുന്നു. അതു് കാര്യം കുറേക്കൂടെ മോശമാക്കുകയാണു്. എന്നെ വെട്ടി കുരുതി കഴിക്കയല്ലായിരുന്നൊ ഇതിലും നല്ലതു്"എന്നാണു് ഞാൻ ചോദിച്ചതു്.

പെ :—ഏതിലും നല്ലതെന്നാണു് ?

ആണ്ടാ :—ഇവിടുത്തോടു തർക്കിക്കാൻ എന്നാലാവില്ലെന്നു പണ്ടേ അറിയാം. ആറായിരം വട്ടം ഞാനതു സമ്മതിച്ചു പറഞ്ഞിട്ടുമുണ്ടു്. പിന്നെന്തിനിങ്ങനെ തുടങ്ങുന്നു.

പെ :—ഞാനെന്തു തുടങ്ങി എന്നാണീ പറയുന്നതു്?

ആണ്ടാ :—ഇപ്പോം ഞാൻ ചോദിച്ചതു മനസ്സിലായില്ലെന്നു ഭാവിച്ചൊഴിയാൻ നോക്കി. അതുസാരമില്ല. ഇവിടുന്നു സന്യസിക്കാൻ പോകയാണെന്നു അക്കമ്മാൾ പറഞ്ഞു. അതാണു് ഞാൻ ചോദിച്ചതു്. എന്നെ വെട്ടി കുരുതി കഴിക്കയല്ലായിരുന്നോ ഇതിൽ നല്ലതെന്നു.

പെ :—അതിൻെറ ആവശ്യമെന്താണു്.?

ആണ്ടാ :—മറേറതിൻെറ ആവശ്യമെന്താണെന്നു ഞാനും ചോദിക്കുന്നു.

പെ :—വാദ്ധക്യദശയിൽ ഗൃഹസ്ഥാശ്രമം വിട്ടു വാനപ്രസ്ഥം സ്വീകരിക്കുക നടപ്പുള്ളതാണു്. ആ നടപടി ഞാൻ സ്വീകരിക്കുന്നതേയുള്ളൂ.

ആണ്ടാ :—വാദ്ധക്യമൊക്കെ എത്രമാത്രമായി എന്നു് എനിക്കും അറിയാമല്ലൊ. സന്യസിക്കാൻ പോകുന്നയാൾ എനിക്കും ഒരു മാർഗ്ഗം കാണിച്ചുതരാൻ ചുമതലക്കാരനാണു്.

പെ :—നിനക്കും സന്യസിക്കാം.

ആണ്ടാ :—എനിക്കും അങ്ങിനെ തോന്നണമല്ലൊ. പിന്നെ വേറൊന്നു്, രാജ്യഭരണം വലിച്ചെറിഞ്ഞു് ഇറങ്ങി പോകുന്നതു ശരിയാണോ.

പെ :—പിന്നെ?

ആണ്ടാ :—ഉത്തരമില്ലാതെ വന്നിട്ടല്ലെ "പിന്നെ" എന്നുപറഞ്ഞു നില്ക്കാൻ നോക്കുന്നതു്. രാജ്യത്തോടും പ്രജകളോടും ഉള്ള ചുമതല, മക്കളോടുള്ളതുപോലെ തന്നെയാണെന്നു് എന്നോടു് ഇവിടുന്നു പറഞ്ഞിട്ടുണ്ടല്ലൊ.

പെ :—അതു ശരിയാണു്. മക്കളോടുള്ള ചുമതല, പിതാവിനു വാദ്ധക്യവും മക്കൾക്കു പ്രായപൂർത്തിയും ആകും

ന്നതു വരെയ്ക്കേയുള്ളൂ. അതുതന്നെ ഇവിടെയും സ്വീകരിക്കാം. എനിക്കു വാർദ്ധക്യമായി, ഭരണഭാരം വഹിക്കാൻ പ്രയാസം. അതുകൊണ്ടു് ആ ഭാരം വഹിക്കാൻ കെല്പുള്ള തലയിലേയ്ക്കു മാററാനാണു് ഞാൻ ഒരുങ്ങുന്നതു്.

ആണ്ടാ:—അത്രയ്ക്കായോ. എനിക്കിതിലെന്തോ ഒരു പന്തികേടില്ലെന്നാണു് ഭാവം എന്നു തോന്നിപ്പോകുന്നു.

പെ:—നീ എൻെറ മകൻെറ അമ്മയും, പെരുന്തേവിയുമാണു്. ഞാനും മററുള്ളവരും ഇതു് അംഗീകരിച്ചിട്ടുള്ളതല്ലെ?

ആണ്ടാ:—അതൊക്കെ ശരിയായിരിക്കാം. പക്ഷെ ചവച്ചു് മധുരമുള്ള നീരു വലിച്ചിറക്കിയശേഷം കരിമ്പിൻ ചണ്ടി ദൂരത്തേയ്ക്കു തുപ്പിക്കളയുന്ന രീതി സ്വീകരിക്കുന്നു എന്നുമാത്രം.

പെ:—അതെങ്ങിനെയാണു്? നിനക്കു ഇവിടെ പെരുന്തേവി ആയി കഴിയുന്നതിനൊരു തടസ്സവും ഇല്ല. ഉണ്ടാകയുമില്ല.

ആണ്ടാ:—കെട്ടിയവൻ പെട്ടുപോയവളെ പട്ടിപോലും കൂട്ടാക്കുകയില്ലെന്നു അറിയാമൊ?

പെ:—ഇവിടെ കെട്ടിയവൻ പെട്ടുപോകുന്നില്ലല്ലൊ.

ആണ്ടാ:—അതിലും കഷ്ടതരമായ അനുഭവമാണിവിടെ ഉണ്ടാകാൻ പോകുന്നതു്. വിധവയുമല്ല ഭാര്യയുമല്ലാത്ത നില—ആണും പെണ്ണും അല്ലാത്ത നിലയും ഇതുമായി എന്താണു് വ്യത്യാസം? കണ്ണി കാണാനൊ ശകുനത്തിനൊ പോലും കൊള്ളരുതാതാകും.

പെ:—രാജമാതാവായി, പെരുന്തേവിയായി സുഖമായി ഇവിടെ താമസിക്കാനെന്തു പ്രയാസമാണെന്നെനിക്കു മനസ്സിലാകുന്നില്ല.

ആണ്ടാ:—ഒരു സ്ത്രീക്കുണ്ടാകാവുന്ന പ്രയാസം ഇവിടെ എങ്ങിനെ മനസ്സിലാക്കാനാണു്. എൻെറ ചിറിയിൽ കുത്താൻ പോലും ആളുണ്ടാകും.

പെ:—ആരു കുത്തുമെന്നാണീ പറയുന്നതു്?

ആണ്ടാ:—ഇവിടുന്നു വച്ചൊഴിഞ്ഞാൽ ഭരണമേല്ക്കുന്നതാരാണു്?

പെ:—അതിനവകാശമുള്ളയാൾ ഏല്ക്കണം.

ആണ്ടാ:—അതാരാണെന്നാണു് ഞാൻ ചോദിച്ചതു്.

പെ:—അതുപോലും അറിഞ്ഞുകൂടെന്നതിനു നടിക്കുന്നു.

ആണ്ടാ:—ഞാനൊന്നു നടിച്ചുകൊള്ളട്ടെ. ആരാണെന്നു പറയാമൊ.

പെ:—നീ പെററുവളത്തിയ മകനല്ലാതെ മററാരാണുള്ളതു്.

ആണ്ടാ:—അതുതന്നെയാണു് ഞാൻ പറഞ്ഞതു്.

പെ:—എന്തു പറഞ്ഞതാണെന്നു മനസ്സിലായില്ല.

ആണ്ടാ:—എന്റെ ചിറിയിൽ കുത്തുമെന്നു്.

പെ:—നിന്റെ മകൻ നിന്റെ ചിറിയിൽ കുത്തുമൊ? എന്തൊ. എന്റെ മകൻ അവന്റെ അമ്മയുടെ ചിറിയിൽ കുത്തുകയില്ലെന്നു് നല്ല വിശ്വാസമുണ്ടെനിക്കു്.

"എന്റെ മകൻ ഇവിടുത്തെ മകനല്ലെന്നല്ലെ ആ പറഞ്ഞതിന്റെ സാരം" എന്നൊരു ചോദ്യം. പൊട്ടിക്കരയലും ബഹളവും ആവർത്തിക്കപ്പെട്ടു.

പെരുമാൾ കുലുങ്ങിയില്ല. "നിന്റെ മകൻ എന്റെ മകനാണെന്നാണു് ഞാനിതുവരെ വിശ്വസിച്ചിരുന്നതു്. ആ ധാരണ തെററാണെന്നു നീ പറയുന്നെങ്കിൽ വിശ്വസിക്കയേ തരമുള്ളു. എന്നാൽ അതു് എന്നെ......എന്തുചെയ്യു എന്നു പറഞ്ഞറിയിക്കാൻ വയ്യാ......"

ആണ്ടാൾ കുഴങ്ങി. കൂടുതൽ ഉച്ചത്തിൽ നിലവിളിക്കയാണോ വേണ്ടതു്. അതോ എതിർവാദം ചെയ്കയാണൊ വേണ്ടതെന്നു് ഒരു നിമിഷം ആലോചിച്ചു. വാദിച്ചു ജയിക്കാൻ പററില്ല—മാറത്തടിയും നിലവിളിയും—"ഞാൻ ആ

രാൻെറ മകനെ പെററു എന്നല്ലെ. ഇനി ജീവിച്ചിരുന്നിട്ട കാര്യമില്ല. ചാകട്ടെ (അലസ്സുന്നു) ചാകട്ടെ (വീണ്ടും അലസ്സുന്നു). നെഞ്ചത്തിടിച്ചാൽ വേദനിക്കും എന്നുമാത്രം പറഞ്ഞ ശേഷംപെരുമാൾ അഭിനയം കണ്ടുരസിക്കയാണെന്നു മനസ്സിലായപ്പോൾ ഇടിനിൎത്തി. നിലവിളി തുടൎന്നു. കുറെ സമയം ആ വിധം കഴിഞ്ഞു. പെരുമാൾ മൗനം ഭജിക്കുകയാണു്. മുറവിളിയും ഇടിയുംകൊണ്ടു് അദ്ദേഹത്തെ ഇളക്കാൻ പററുകയില്ലെന്നു ബോദ്ധ്യപ്പെട്ടിട്ടായിരിക്കാം അവർ അടവൊന്നു മാററി.

നിലവിളി നിൎത്തി. "ഞാൻ വേശ്യയാണെന്നുവരെ ആയി, എനിക്കു് അതു വരേണ്ടതാണു്. എല്ലാം കാണുന്ന ദൈവമുണ്ടല്ലൊ......."

പെ:—ദൈവമുണ്ടെന്നു സമ്മതമായൊ. എന്നാൽ അദ്ദേഹത്തിൻെറ ക്ഷമപോലും പരീക്ഷിക്കുന്ന പണി നിൎത്തണം.

ആണ്ടാ:—ഞാനാരുടേയും ക്ഷമ പരീക്ഷിക്കുന്നില്ല. എൻെറ സങ്കടം ഇവിടെ കേട്ടില്ലെങ്കിൽ ദൈവം കേൾക്കും. ഞാൻ യാതൊരു തെററും ചെയ്തിട്ടില്ല.

പെ:— പട്ടാങ്ങുകാരിയാണെന്നു സമ്മതിച്ചേയ്ക്കാം. ഇനി എന്താണു വേണ്ടതു്. പറയൂ കേൾക്കട്ടെ.

ആണ്ടാ:—എനിക്കൊന്നും വേണ്ടാ, എങ്കിലും സന്യസിക്കാൻ പോകയാണെന്നു് മററുള്ളവർ പറഞ്ഞറിയേണ്ടി വന്നതോക്കുമ്പോൾ എൻെറ ചങ്കു തകരുന്നു.

പെ:—തകൎന്നുകൊണ്ടിരിക്കുന്ന ആ സാധനത്തിൻെറ കഥ എളുപ്പത്തിൽ കഴിഞ്ഞുകൊള്ളട്ടെ എന്നുവച്ചായിരിക്കും ഇപ്പോൾ ഇടിച്ചുതകൎക്കാൻ ശ്രമിച്ചതു്. മതിയാക്കിയൊ. ശരിക്കു തകൎന്നുവൊ.

ആണ്ടാ:—എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളൂ. ഞാൻ ഇതൊക്കെ അനുഭവിക്കേണ്ടവളാണു്. അപ്പോൾ മകനു് രാജ്യം കൊടുത്തിട്ടു് തപസ്സു ചെയ്യാൻ പോകുകയെന്നു തീൎച്ചപ്പെടുത്തിയൊ.

പെ:—ഞാൻ പറഞ്ഞതല്ലൊ......

ആണ്ടാ:—ഒന്നും പറഞ്ഞില്ല. ഞാൻ ചോദിച്ചതിനൊരുത്തരം തന്നാൽ.......

പെ:—ഒന്നൊ നാലൊ പ്രാവശ്യം പിന്നെയും പിന്നെയും പറയാം. സൈര്യക്കേടുണ്ടാക്കാതിരുന്നാൽ മതി.

ആണ്ടാ:—കേട്ടോ പറയുന്നതു്. എല്ലാം കഴിഞ്ഞു് ഒടുവിൽ കുററമെല്ലാം എൻെറ തലയിലും! ഇഷ്ടംപോലായിക്കൊള്ളണം. മകനു രാജ്യം കൊടുത്തിട്ടു്, സന്യസിക്കാൻ എന്നു് പോകുന്നു എന്നാണു് ഞാൻ ചോദിച്ചതു്.

പെ:—നമ്മൾ രണ്ടുപേരും കൂടി ആലോചിച്ചു തീച്ചപ്പെടുത്തേണ്ട കാൎയ്യങ്ങളാണവ.

ആണ്ടാ:—എല്ലാം നിശ്ചയിച്ചുകഴിഞ്ഞിട്ടാണു് പറയുന്നതു്. ഞാനുംകൂടെ കൂടിആലോചിച്ചു തീച്ചപ്പെടുത്തണമെന്നു്. എന്തിനാണിങ്ങിനെ ആക്ഷേപിക്കുന്നതു്. എന്നാണെന്നു ഞാൻ ചോദിച്ചതിനുത്തരം തരാമ്മോ.

പെ:—എന്നുവേണമെങ്കിലും ആവാം. എന്നാകണമെന്നാണു് നിൻെറ ആഗ്രഹം:

ആണ്ടാ:—എൻെറ ആഗ്രഹം ഇവിടുന്നുതന്നെ രാജ്യം ഭരിക്കണമെന്നാണു്.

പെ:—അതു സാദ്ധ്യമല്ല.

ആണ്ടാ:—എന്നാൽ വച്ചൊഴിഞ്ഞു് പൊന്നുമകനെ ഏല്പിക്കുന്നതെന്നാണെന്നു പറയണം.

പെ:—തീയതി തീച്ചപ്പെടുത്തിയില്ല. കാൎയ്യം തീച്ചപ്പെടുത്തുകയും ചെയ്തു.

ആണ്ടാൾ മുഖം തുടച്ചു. കണ്ണീരു ഒഴുക്കു നിത്തി. ഒരു ഇളം പുഞ്ചിരിയുമായി, ഭത്താവിനോടു കുറെക്കൂടെ അടുത്തുനിന്നു പറഞ്ഞു "എത്രവഷമായിട്ടു ഞാനറിയുന്നതാണു്, കാൽ തട്ടി ഞാൻ ചത്തുപോകുമെന്നു ബോദ്ധ്യപ്പെട്ടാൽ പോലും, മുമ്പോ

ട്ട കാൽവച്ചുപോയെങ്കിൽ അതു് അര അംഗുലം എങ്കിലും പുറകോട്ട വലിക്കുകയില്ല. എന്തൊരു കഠിനകണ്ടനാണു്. ആണുങ്ങളെല്ലാം ഇങ്ങിനെ ആയിരിക്കും? ഇങ്ങിനെ ആയിരിക്കും വേണ്ടതു്. ആക്കറിയാം. ഞാനൊന്നുപറയാം. അതു് വേറെ ആരും ഇപ്പോളറിയേണ്ടാ. മനോവേദന ഉണ്ടാക്കേണ്ടെന്നു വച്ചു ഇവിടെ അറിയിക്കാതിരിക്കുകയായിരുന്നു. കുലനെ ഇപ്പോൾ രാജാവാക്കുന്നതു് അബദ്ധമായിരിക്കും, അവനു ചില കൂട്ടുകാരെല്ലാമുണ്ടു്. അവർ വരയ്ക്കുന്ന വരയിൽ നില്ക്കും അവൻ. അപ്പോൾ രാജ്യം ഭരിക്കുന്നതു്, അറുവഷളന്മാരായ ആ കൂട്ടുകാരായിരിക്കും. ''

പെ:—അങ്ങിനെയാണൊ. അത്ര വഷളന്മാരായവരുമായി കൂട്ടുണ്ടെന്നു നീ അറിഞ്ഞിട്ട എത്ര നാളായി.

ആ:—കുറെ നാളായി.

പെ:—നിൻെറ മകനോട്ടു് അല്പമെങ്കിലും സ്നേഹമുണ്ടായിരുന്നെങ്കിൽ ആ വിവരം എന്നോട്ട പറയേണ്ടതായിരുന്നില്ലെ?

ആണ്ടാ:—പറഞ്ഞാൽ ഇവിടുന്നും കുറെ ദുഃഖിക്കുമെന്നല്ലാതെ എന്താണു് വിശേഷം എന്നുവച്ചാണു്. അവൻ പറഞ്ഞാൽ കേൾക്കുകയില്ല.

പെ:—എന്താണു് പിന്നിപ്പോൾ എന്നോട്ട പറഞ്ഞതു്?

ആണ്ടാ:—രാജ്യം അവനെ ഏല്പിച്ചു പിടിപ്പിക്കരുതല്ലൊ എന്നോർത്താണു്. ഏല്പിച്ചാൽ കുരങ്ങിൻെറ കൈയിൽ പൂമാല കൊടുക്കുന്നതുപോലിരിക്കും.

ആണ്ടാളുടെ ലാക്കെന്താണെന്നു് മനസ്സിലാക്കുന്നതിനായി പെരുമാൾ നയം അല്പം മാററി. അവരുടെ അഭിപ്രായത്തോട്ട യോജിക്കുന്നു എന്നു നടിക്കാൻ തീർച്ചപ്പെടുത്തി. അദ്ദേഹം പറഞ്ഞു "രാജ്യത്തിനൊ പ്രജകൾക്കൊ എന്തെങ്കിലും കുഴപ്പം വരുന്നതൊന്നും ഞാൻ ഒരിക്കലും ചെയ്യുയില്ല. എന്തുവന്നാലും ചെയ്യുയില്ല. കുലശേഖരനു് ഭരണം കൊടുത്താൽ അപകടം സംഭവിക്കുമെന്നു് തിട്ടമാണെങ്കിൽ കൊടുക്കാൻ പാടില്ല. ഒന്നു ഞാൻ തീർച്ചപ്പെടുത്തി. ഭരണത്തിൽനിന്നു ഒഴിയുക എന്നു്.......

ആണ്ടാ:—അരുതേ, അരുതേ, എന്നാണെൻെറ അപേക്ഷ. പിന്നെ അവിട്ടത്തെ ഇഷ്ടം. അതേ നടക്കുകയുള്ളല്ലൊ.

പെ:—ഭരണം വച്ചൊഴിയണമെന്നു ഞാൻ തീച്ചപ്പെട്ടത്തി. അതിൽ മാററമില്ല. കുലനാണവകാശി. അവനെ ഏല്പിക്കാമെന്നാണു് ഉദ്ദേശിച്ചിരുന്നതു്. അതുപാടില്ല, അപകടമാണെന്നു് നീ പറയുന്നു. ഇനിയും ആരെ ഏല്പിച്ചിട്ടാണു ഞാൻ പിന്മാറേണ്ടതെന്നാണു് അഭിപ്രായം, കേൾക്കട്ടെ, അതു സ്വീകരിക്കാമൊ എന്നു്.

തൻെറ വാദം സ്വീകരിക്കപ്പെട്ടുമൊ? ആശ ലേശമില്ലാതിരുന്ന ദിക്കിൽ വഴിതെളിഞ്ഞുവരുന്നതുപോലെ തോന്നുന്നു. ഓരോ ചുവട്ടും വളരെ ആലോചിച്ചുവെക്കണം. ഓരോ വാക്കും അളന്നും തൂക്കിയും പ്രയോഗിക്കണം. ആണ്ടാൾ പറഞ്ഞു "രാജ്യഭരണകാൎയ്യം വല്ലതും എനിക്കറിയാമൊ. ഇവിടെ പറയുന്നതു കേട്ടിട്ടു മാത്രമുണ്ടു്. ഞാനെന്തു പറയാനാണു് "

പെ:—നിൻെറ അഭിപ്രായം. ഇതേവരെ നടന്ന സംഭാഷണത്തിൽനിന്നു് നീ ഈ വിഷയത്തെപ്പററി നന്നായി ആലോചിച്ചിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യമായി. അതുകൊണ്ടാണു്, കുലശേഖരനെ അല്ലെങ്കിൽ പിന്നെ ആരെയാണു് ഭരണം ഏല്പിക്കേണ്ടതെന്നു ചോദിച്ചതു്. അഭിപ്രായം കേൾക്കട്ടെ.

ആ:—ഞാൻ അങ്ങിനെ ഒന്നും ആലോചിച്ചില്ല. അതിനുള്ള കഴിവുണ്ടോ എനിക്കു്? അവനോട്ടുള്ള സ്നേഹം കൊണ്ടു്, അവൻ ചിത്തയാണു്, മഠയനാണു് എന്നു ലോകർ പഴിക്കാനിടയാകരുതെന്നുവെച്ചു പറഞ്ഞതാണു്.

പെ :—ഇതുവരെ ആലോചിച്ചില്ലെങ്കിൽ ആലോചിച്ചു നാളെ പറയാമൊ.

ആണ്ടാൾ സമ്മതിച്ചു. പൂൎണ്ണവിജയമല്ല എങ്കിലും, തോൽവി അല്ലെന്നു തീച്ചു. സമയം നീട്ടിക്കിട്ടിയല്ലൊ.

ഒഴിവു കാണുന്നതും തോൽവി പററുമെന്നു വരുന്നതുമായ സംഗതികൾ, തീരുമാനത്തിൽ എത്തിക്കാതെ മാററിവെയ്ക്കുകയാണു് സാമർത്ഥ്യമുള്ളവർ ചെയ്യുന്നതു്. നാളത്തേയ്ക്കുമാററിയതുകൊണ്ടു് എന്തു ഗുണം ഉണ്ടാകാനാണു്. അറുപതു നാഴിക കൂടെ ആ പ്രാരാബ്ധം വലിച്ചു നീട്ടാമെന്നല്ലാതുള്ളൊ എന്നു ലോക പരിചയമില്ലാത്തവക്കു തോന്നാം. എന്നാൽ അനുഭവം മറിച്ചാകാൻ വളരെ എളുപ്പമുണ്ടു്. നീട്ടിവെച്ച സമയത്തിനകം, പ്രതീക്ഷിക്കാതിരുന്ന സംഭവവികാസങ്ങൾ എന്തെങ്കിലുമുണ്ടായി, തള്ളിമാററിയ ആൾക്കു്-തോൽവി പററുമെന്നു ഭയപ്പെട്ടയാൾക്കു്-അനുകൂലമായി കാര്യം അവസാനിച്ചു എന്നു വരാൻ സാദ്ധ്യത ഇല്ലാതില്ല. ഈ തത്വമൊ സൂത്രമൊ അറിയുകയും പരീക്ഷിക്കുകയും ചെയ്തിട്ടില്ലാത്ത വായനക്കാർ ഉണ്ടെങ്കിൽ പരീക്ഷിച്ചു നോക്കട്ടെ. ആണ്ടാൾ സമർത്ഥയാണെന്നു് അവർ സമ്മതിയ്ക്കാൻ സാദ്ധ്യത വളരെയുണ്ടു്. ഈ തത്വം അറിഞ്ഞിരുന്നതുകൊണ്ടാണു് അവസാന തീരുമാനം തള്ളിമാററാൻ പെരുന്തേവി ശ്രമിച്ചതെന്നൊ, മാററി വയ്ക്കാമെന്നു പെരുമാൾ പറഞ്ഞതു സന്തോഷത്തോടെ സ്വീകരിച്ചതെന്നൊ ധരിക്കേണ്ടതില്ല. കയ്പുള്ള മരുന്നു് കുടിയ്ക്കാൻ എത്ര കണ്ടു മാററിവയ്ക്കാൻ പററുമൊ അത്രകണ്ടു മാററി വയ്ക്കുന്ന ജന്മസിദ്ധമായ "വാസന" യാണു് ഈ മാററിവയ്ക്കൽ സ്വാഗതം ചെയ്യാൻ ആണ്ടാളെ പ്രേരിപ്പിച്ചതു് എന്നു വെച്ചാൽ മതി.

ആണ്ടാളുടെ എതിർപ്പിനെ ഒന്നായി തകക്കുന്നതിൽ നന്നു് പല ഗഡുക്കളിലായിട്ടായിരിക്കും. അപ്പോൾ അവരുടെ എതിർപ്പിൻെറ ശക്തി വിഭജിക്കപ്പെട്ടിരിക്കും. പരാജയം കൊണ്ടുണ്ടാകുന്ന പ്രയാസത്തിൻെറ കാഠിന്യവും കുറയും എന്നു പെരുമാൾ കണ്ടാണു് സംഭാഷണം മാററി വച്ചതു്. രണ്ടാളും ഈവിധം തന്ത്രത്തിൽ നീട്ടിവെച്ച കൂടിക്കാഴ്ച പിറെറ ദിവസം തന്നെ നടക്കണമെന്നു പെരുമാളിനു നിർബ്ബന്ധമുണ്ടായിരുന്നു. ആണ്ടാൾക്കും ക്ലിപ്തരഹിതമായ ഒരു കാലത്തേയ്ക്കു അതു മാററിവെയ്ക്കാൻ സമ്മതമായിരുന്നില്ല. അവർ പിറെറ ദിവസം പെരുങ്കോയിലകത്തു എത്തി. പെരുമാൾ തനിച്ചേയുള്ളു. അദ്ദേഹം പെരുന്തേവിയെ പ്രതീക്ഷിച്ചി

രിക്കയായിരുന്നു എന്നു പ്രസ്താവിച്ചില്ല. യഥാർത്ഥത്തിൽ അവരുടെ വരവു കാത്തിരിക്കുക തന്നെ ആയിരുന്നു.

കുലശേഖരനോടു അവൻെറ അമ്മയ്ക്കു യാതൊരു വിരോധവുമില്ല. വലിയ സ്നേഹമാണ്. എന്നാൽ രാജാധികാരത്തിൻെറ നിഴലിനെ സംബന്ധിച്ചു പോലും പിടിയും വലിയും ഉണ്ടാകുമ്പോൾ മാതൃപുത്ര ബന്ധവും, പിതൃപുത്ര ബന്ധവും, സഹോദര ബന്ധവും എല്ലാം അവഗണിക്കപ്പെട്ടും. ചരിത്രത്തിൻെറ ഏടിൽനിന്നു ഏതുവശം മറിച്ചു നോക്കിയാലും ഇതു കാണാൻ കഴിയും. പിതാവിനെ തടവിലാക്കുകയൊ ശിരഃഛേദം ചെയ്കയൊ ചെയ്തിട്ടു സിംഹാസനത്തിൽ പ്രവേശിക്കുകയൊ, സ്ഥാനം സുസ്ഥിരമാക്കുകയൊ ചെയ്തിട്ടുള്ള പുത്രന്മാർക്കു ജന്മം കൊടുത്തിട്ടില്ലാത്ത രാജവംശങ്ങൾ ഉണ്ടായിരിക്കുമൊ എന്നു സംശയമാണ്. പിതൃഘാതകരായി തെളിഞ്ഞു വരുമെന്നു സംശയിക്കേണ്ട പുത്രന്മാരെ കാലനുക്കയച്ച്, സ്വസ്ഥാനം സുസ്ഥിരമാക്കിയിട്ടുള്ള രാജശിരോമണികളും ധാരാളം ധാരാളമായി ചരിത്രത്തെ അലങ്കരിക്കുന്നുണ്ട്. കുലശേഖരനെ സിംഹാസനത്തിൽ നിന്നു നിഷ്ക്കാസനം ചെയ്യാത്തപക്ഷം, വാനവരമ്പൻ വാനപ്രസ്ഥം സ്വീകരിക്കുന്ന നിമിഷം മുതൽ താനും അസ്തപ്രഭയായി ഭവിക്കുമെന്ന് ആണ്ടാൾ കണ്ടു. അതു് അവൾക്കു സ്വീകാര്യമായിരുന്നില്ല. സ്വസ്ഥാനം നഷ്ടപ്പെടാതിരിക്കുന്നതിനു് വല്ല ആശയും ഉണ്ടെങ്കിൽ അതു്, വാനവരമ്പൻ ഒഴിയുന്ന സ്ഥാനത്തു് മകൾ അക്കമ്മാളിനെ പ്രതിഷ്ഠിക്കുന്നതിൽ മാത്രമാണ് സ്ഥിതി ചെയ്യുന്നതെന്നു വിശ്വസിച്ചുകൊണ്ടാണ് ആണ്ടാൾ കരു നീക്കുന്നതു്.

പെരുമാളും രണ്ടു നാലു കളികൾക്കപ്പുറം നോക്കിയാണ് ഓരോ കരുവും നീക്കുന്നതു്. തലേന്നാളത്തെ സംഭാഷണത്തിൽ നിന്നു് ആണ്ടാളുടെ ലക്ഷ്യം എന്താണെന്നു പെരുമാൾ ഏതാണ്ടു് ശരിക്കുതന്നെ മനസ്സിലാക്കുകയുണ്ടായി. നീതിയും ന്യായവും, രാജ്യത്തിൻെറയും പ്രജകളുടെയും താല്പര്യവും മുൻനിർത്തിയാണു്, കുലശേഖരനെ രാജസ്ഥാനത്തു പ്രതിഷ്ഠിക്കണമെന്നദ്ദേഹം തീർച്ചപ്പെടുത്തിയതു്. അയാൾ ശരിയായ അവകാശി ആയതുകൊണ്ടു്, പ്രതിഷ്ഠ പ്ര

യാസം കൂടാതെ കഴിക്കാം. കുലശേഖരനോട്ടും അക്കമ്മാളോട്ടും ഉള്ള വാത്സല്യം തൂക്കുകയൊ അളക്കുകയൊ ചെയ്യാൻ കഴിയുമായിരുന്നെങ്കിൽ, പെരുമാൾ ഒരാളെ കൂടുതൽ സ്നേഹിക്കുന്നതായി തെളിയുമായിരുന്നില്ല. നീതി നടക്കണം, അതു രാജ്യത്തിൻെറയും പ്രജകളുടെയും രക്ഷയ്ക്കു അനുയുക്തമായിരിക്കണം എന്നു വാനവരമ്പനു് നിർബ്ബന്ധമുണ്ടു്. ആ തത്വം ഉപേക്ഷിക്കാൻ ഒരുക്കമില്ല എന്നേയുള്ളു.

ആണ്ടാൾ നന്നായി ആലോചിച്ചു് എന്തൊ പദ്ധതി ശരിക്കു ക്രമീകരിച്ചുകൊണ്ടാണു് വന്നിരിക്കുന്നതെന്നു് അവരുടെ മുഖത്തു നിന്നു് പെരുമാൾ മനസ്സിലാക്കി. പെരുന്തേവി തന്നെ വിഷയത്തിലേയ്ക്കു് പ്രവേശിക്കട്ടെ എന്നുവെച്ചു് അദ്ദേഹം കാത്തിരുന്നു. പ്രാണപ്രിയനെ കാണണം, അദ്ദേഹത്തിൻെറ സമീപത്തു കുറെ സമയം കഴിക്കണം എന്നുള്ളതിൽ കവിഞ്ഞൊന്നും, ആ ഭാര്യാരത്നത്തിനില്ലെന്നു കാണിച്ചു അവരുടെ പെരുമാററവും സംസാരവും. "കാത്തിരിക്കുക" എന്നതിൽ സ്ത്രീയെ തോല്പിക്കാൻ പുരുഷനു കഴിയുമെന്നു തോന്നുന്നില്ല. ബ്രഹ്മാവു് ആ വിധത്തിലാണു് അവരെ സൃഷ്ടിച്ചിരിക്കുന്നതു്. നർമ്മസല്ലാപം മാത്രമാണു് ആണ്ടാൾ അഗ്രഹിക്കുന്നതെന്നാണു് ഇപ്പോഴത്തെ ഭാവം. കാത്തിരിപ്പു മത്സരത്തിൽ തോൽവി സമ്മതിക്കാൻ പെരുമാൾ നിർബ്ബന്ധിതനായി. ക്ഷമ അററതുകൊണ്ടാണെന്നു വയ്യേണ്ടാ. അദ്ദേഹത്തിൻെറ ശ്രദ്ധ പതിയേണ്ട പല കാര്യങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ടു് പ്രിയതമയുമായുള്ള മത്സരം അവസാനിപ്പിക്കേണ്ടതായിവന്നു.

അദ്ദേഹം ചോദിച്ചു-പെരുമാൾ പദവിയ്ക്കു് നമ്മുടെ മകൻ കുലശേഖരൻ യോഗ്യനല്ലെന്നു സ്ഥാപിച്ചാൽ പിന്നെ ആർക്കാണു് സ്ഥാനം കൊടുക്കേണ്ടതെന്നു ആലോചിച്ചുവൊ. ആലോചിച്ചു് ഇന്നു അറിയിക്കാമെന്നു് ഇന്നലെ സമ്മതിച്ചിരുന്നില്ലൊ.

ആണ്ടാ:—ഇത്ര വലിയ കാര്യത്തെപ്പററി ആലോചിക്കാനോ അഭിപ്രായം പറയാനോ ഞാനാരാണു്.

പെ:—ചേരൻ വാനവരമ്പൻെറ പെരുന്തേവി.

ആണ്ടാ :—അതുകൊണ്ടു് മാത്രം അഭിപ്രായമുണ്ടാകുമൊ, അതിനു വേണ്ട ബുദ്ധി ഉണ്ടാകുമൊ.

പെ :—അവ രണ്ടും ഇല്ലാതെ പോയതുകൊണ്ടായിരിക്കാം ഇന്നലെ വല്ലാതെ നിർബ്ബന്ധിച്ചതു്! കാട്ടിലും പടപ്പിലും തട്ടാതെ അഭിപ്രായം പറയണം. കേൾക്കട്ടെ.

ആണ്ടാ :—എന്തെങ്കിലും പറയണമെന്നു് കശ്ശനമായി കല്പിച്ചാൽ അനുസരിക്കണമല്ലൊ. അക്കാൾ അവിടുത്തെ പോലെ തന്നെയാണു്. നല്ല വകതിരിവും കാര്യപ്പിടിപ്പും ഉണ്ടു്. ഈ രാജ്യമല്ല, ഇതുപോലെ വേറെ രണ്ടുരാജ്യം കൂടെ ഭരിച്ചു കൊണ്ടു പോകാനുള്ള കഴിവുണ്ടു്. അവളെ......

പെ :—അക്കാൾ സമത്ഥയും സ്നേഹമുള്ളവളുമാണു്. അതു എനിക്കും ബോദ്ധ്യമാണു്. അവകാശി ആയ കുലശേഖരനെ പിൻതള്ളി അക്കാളെ ഭരണാധികാരിയാക്കുന്നതു് നീതിക്കു യോജിച്ചതല്ല. നടപ്പിനു് എതിരാണു്. കുലശേഖരനു് രാജസ്ഥാനം നഷ്ടപ്പെടുക മാത്രമല്ല സംഭവിക്കുന്നതു്. അവൻ സ്ഥാനത്തിനു യോഗ്യനല്ലെന്നു് വിധിക്കപ്പെടുകയും കൂടിയാണു്. അതിനു എന്റെ മനസ്സാക്ഷി അനുവദിക്കുകയില്ല. അതു കൂട്ടാക്കാതെ, അക്കാൾക്കു സ്ഥാനം കൊടുക്കാമെന്നു വച്ചാൽ തന്നെയും അവൾ സ്വീകരിക്കുമെന്നു തോന്നുന്നില്ല.

ആണ്ടാ :—അവൾ സമ്മതിച്ചാലൊ...

പെ :—നീ സ്വാധീനം ചെലുത്തിയാൽ, കണ്ണീരു കാണിച്ചു നിർബ്ബന്ധിച്ചാൽ, ഒരു സമയം ചാഞ്ഞേയ്ക്കുമൊ എന്നു സംശയം തോന്നുന്നു. അമ്മയുടെ കണ്ണീരു കാണാനുള്ള വിഷമം കൊണ്ടു് ന്യായവിരുദ്ധമായി വല്ലതും ചെയ്യാമെന്നു സമ്മതിച്ചു എന്നു്......

ആണ്ടാ :—അങ്ങിനെ സ്വാധീനം ചെലുത്താനൊന്നും പറവുകയില്ല. അവൾ സമ്മതിച്ചാലൊ.

പെ :—നീ ചോദിക്കുകയൊ സംസാരിക്കുകയൊ ചെയ്യോ.

ആണ്ടാ :—ഇല്ല.

പെ :—പിന്നെന്താണ് സമ്മതിക്കുമെന്നിത്ര നിശ്ചയം.

ആണ്ടാ :—നിശ്ചയമില്ല. അങ്ങിനെ തോന്നുന്നു എന്നേയുള്ളു. എന്താ അവൾ സമ്മതിച്ചാൽ, ഇവിടുന്നു...

പെ:—എന്നെക്കൊണ്ടു മൂളിച്ച ശേഷം ആ സാധു കുട്ടിയെ ശല്യപ്പെടുത്താനല്ലേ? അതു ശരിയല്ല. ഒന്നും അറിയാൻ പാടില്ലാത്ത ഒരു പെൺകുട്ടി, ഹേമം സഹിക്കാൻ പാടില്ലാതെ വല്ലതും സമ്മതിച്ചു എന്നു വന്നാൽ തന്നെയും ഞാൻ......

ആ;—ഞാൻ ഹേമിക്കുകയും നിർബ്ബന്ധിക്കുകയും ഒന്നുമില്ല.

പെരുന്തേവി സംസാരിച്ചുകൊണ്ടിരിക്കെ, പെരുമാൾ രണ്ടു കൈകളും കൂട്ടി മൂന്നു പ്രാവശ്യം കൊട്ടി. ഒരു തവണക്കാരൻ ഹാജർ കൊടുത്തു. പെരുമാൾ അവനോടു കല്പിച്ചു. "ചിന്നക്കോയിലകത്തു പോയി, അക്കമ്മാൾ ഇപ്പോൾ തന്നെ ഇത്രടം വരണം എന്നറിയിക്കു. വേഗം പോകു."

തവണക്കാരനു് കല്പന കൊടുക്കുന്നതിനിടയിൽ കടന്നു് അതു തടയണമെന്നു തോന്നി ആണ്ടാളിനു്. അങ്ങിനെ ഒരു നടപടി പെരുങ്കോയിലകത്തു് അതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ല എന്നു് ഓർമ്മ വന്നതുകൊണ്ടു്, തോന്നൽ അമത്തിക്കളഞ്ഞു എന്നേയുള്ളു. തവണക്കാരൻ പൊയ്ക്കഴിഞ്ഞു് ആണ്ടാൾ ചോദിച്ചു "അക്കമ്മാൾ ഉടൻ വരുന്നതിനു കല്പിച്ചതു് എന്നെ തോല്പിക്കാനല്ലെ ?"

പെ.—ഇവിടെ മത്സരമൊന്നുമില്ലല്ലോ. പിന്നെങ്ങിനെയാണു് തോല്പിക്കുന്നതു്.

ആ :— അല്ലെങ്കിൽ പിന്നെ അവളെ ഇപ്പോൾ വിളിപ്പിച്ചതെന്തിനാണു്.

പെ:— ആലോചന കൂടാതെ സംസാരിക്കാതിരിക്കണം. മത്സരം ഉണ്ടെങ്കിൽ മാത്രമെ ജയമൊ തോൽവിയോ സംഭവിക്കയുള്ളു. ഇവിടെ മത്സരമില്ലെന്നു നാം

രണ്ടാളും സമ്മതിക്കുന്നു. അപ്പോൾ ആണ്ടാളെ തോല്പിക്കാൻ ഞാൻ ശ്രമിക്കേണ്ടതില്ല എന്നു വ്യക്തം.

ആ:—വാദത്തിൽ ഞാൻ തോററു......

പെ:—ജയമില്ലാതെ തോൽവി ഉണ്ടാകാൻ മാൎഗ്ഗമില്ലെന്നു ഇനിയും മനസ്സിലാകാത്തതു്! പോകട്ടെ. മനസ്സിലായില്ലെന്നു നടിക്കുന്നതൊരു സാമൎത്ഥ്യമാണെന്നു സമ്മതിച്ചേയ്ക്കാം.

ആ:—ഒന്നും സമ്മതിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുന്നില്ല. അക്കമ്മാളെ ഇപ്പോൾ വിളിപ്പിച്ചതെന്തിനാണെന്നൊന്നു......

പെ:— അവൾ ഭരണം ഏല്ക്കാൻ സമ്മതിക്കുമെന്നു നീ ഉറപ്പിച്ചു പറഞ്ഞുവല്ലൊ. അതു് എത്രകണ്ടു ശരിയാണെന്നു തെളിയിക്കാനാണു്.

ആ:— അതിവിടെ വച്ചു പെട്ടെന്നു ചോദിച്ചാൽ.

പെ:— പെട്ടെന്നു ചോദിച്ചാൽ ശരിയായ അഭിപ്രായം മനസ്സിലാക്കാൻ പററും.

ആ:— എങ്ങിനെയും ഇവിടെ പിടിച്ചതു ജയിക്കണം, എന്നെ തോല്പിക്കണം എന്നേയുള്ളല്ലൊ.

ഈ രീതിയിൽ അവരുടെ സംവാദം അധിക സമയം തുടരേണ്ടതായി വന്നില്ല. പ്രതീക്ഷിച്ചിരുന്നതിൽ വേഗത്തിൽ അക്കമ്മാൾ അവിടെ എത്തി.

പെരുമാൾ ചോദിച്ചു:—നീ ഇത്ര ക്ഷണം ഇങ്ങു വന്നതു്?

അക്ക:—അപ്പയെ കാണണമെന്നു വച്ചു ഞാൻ ഇവിടേയ്ക്കു പുറപ്പെട്ടു. വേറെ ആരെങ്കിലും ഇവിടെ ഉണ്ടായിരിക്കാനിടയുണ്ടു്, കാൎയ്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ വന്നു ശല്യപ്പെട്ടുത്തരുതല്ലൊ എന്നു വച്ചു മടങ്ങാൻ ഭാവിക്കുമ്പോളാണു് തവണക്കാരൻ ഓടിവന്നു്, അപ്പയുടെ കല്പന ഉണ്ടെന്നറിയിച്ചതു്.

പെ:— വേഗം വന്നതു നന്നായി. നിൻെറ അമ്മയ്ക്കു് ഒരു നിശ്ചയം. എനിക്കൊരു സംശയം. അതിനൊരു പരിഹാരമുണ്ടാക്കാൻ പററുമൊ എന്നു ശ്രമിക്കാൻ.......

അക്ക:—എന്താണൊ. ഞാൻ എന്തു ചെയ്യണം എന്നുവച്ചാൽ......

പെരുമാൾ ആണ്ടാളോട്ടു്:— ചോദിക്കു മകളോട്ടു്. ഇപ്പോൾ തന്നെ സംശയം തീർത്തുകളയുകയാണു് നന്നു്.

ആണ്ടാ:— എനിക്കൊന്നും ചോദിക്കാനില്ല. ഇവിടുന്നു......

പെ:— ഞാൻ ചോദിക്കാം. അക്കാൾ ശ്രദ്ധിച്ചു കേൾക്കണം. ഞാൻ വാനപ്രസ്ഥത്തിൽ പ്രവേശിക്കുന്നതിനായി സ്ഥാനത്യാഗം ചെയ്യുകയാണെങ്കിൽ, ഭരണം ഏല്ക്കാൻ നിനക്കു വിരോധമുണ്ടോ?

അക്കമ്മാൾ ഉടൻ തന്നെ പറഞ്ഞു—ഞാനൊ? അണ്ണനുള്ളപ്പോൾ വേറെ ആളന്വേഷിക്കുന്നതെന്തിനാണു്? അപ്പ സ്ഥാനം ഉപേക്ഷിക്കാതിരിക്കയാണു് വേണ്ടതു്.

ആണ്ടാളാണു് അതിനു മറുപടി കൊടുത്തതു്—"ചോദിക്കുന്നതിനു് ഉത്തരം പറയുന്നതിനു പകരം ഒരു ചോദ്യത്തിനു രണ്ടു ചോദ്യമാണു് അപ്പയുടെ മുമ്പിലേയ്ക്കു് അവൾ എറിയുന്നതു്. ചോദിച്ച ചോദ്യത്തിനുത്തരം കൊടുക്കു."

അക്ക:—ഇതിലധികം എന്തു് ഉത്തരമാണു് വേണ്ടതു്? അണ്ണനാണു് അവകാശി. വേണ്ട യോഗ്യതകൾ എല്ലാം ഉണ്ടു്. അപ്പ വനവാസത്തിനു പോകാതിരിക്കണമെന്നാണെൻെറ ആഗ്രഹം. പോകയാണെങ്കിൽ അണ്ണനെ എല്ലാം ഏല്പിക്കണമെന്നാണു് എൻെറ അ......

ആണ്ടാ:—നിൻെറ അഭിപ്രായമോ ആലോചനയൊ ആവശ്യപ്പെട്ടപ്പോൾ കേൾപ്പിച്ചാൽ മതി. ഇപ്പോൾ ചോദിച്ചതിനു മറുപടി പറയണം.

അക്ക:—മറുപടി അല്ലെ ഞാൻ......

ആണ്ടാ;—ഭരണം ഏല്ക്കാൻ നിനക്കു വിരോധമുണ്ടോ എന്നല്ലെ ചോദിച്ചതു്.

അക്ക:—വിരോധമുണ്ടു്. അതു് എന്റെ അവകാശമല്ല. അവകാശി അണ്ണനാണു്. അണ്ണൻ എല്ലാത്തരത്തിലും യോഗ്യനാണു്. എനിക്കു യോഗ്യതയില്ല. അവകാശമില്ല. കഴിവില്ല. അപ്പ ഭരണം ഉപേക്ഷിക്കാതിരിക്കാമെങ്കിൽ കൊള്ളാം. അമ്മാ, ഇപ്പോൾ ചോദ്യത്തിനുത്തരമായോ ?

പെ:— ഉത്തരമായി. പക്ഷെ നിന്റെ അമ്മയ്ക്കു തൃപ്തിയായി എന്നു തോന്നുന്നില്ല.

അക്ക:—എല്ലാ വിധത്തിലും യോഗ്യതയുള്ള അവകാശി ഉള്ളപ്പോൾ വേറൊരാളെ എന്തിനു തേടിപ്പോകുന്നു എന്നാണു് ഞാൻ ചോദിക്കുന്നതു്.

ആണ്ടാൾ മറുപടി പറഞ്ഞില്ല. മകളെ ഒന്നു നോക്കുക മാത്രം ചെയ്തു. ഞാൻ ഇനി പൊയ്ക്കൊള്ളട്ടോ, എന്നു അക്കമ്മാൾ പെരുമാളിനോടു ചോദിച്ചു. അദ്ദേഹം അനുവദിച്ചു. കുമാരി അതിവേഗം രക്ഷപ്പെട്ടുകയും ചെയ്തു.

പെരുമാൾ പെരുന്തേവിയോടു "ഇപ്പോൾ എന്തു പറയുന്നു. തൃപ്തി ആയോ "

"ഞാൻ എന്റെ ശുദ്ധഗതിക്കു പറഞ്ഞതാണു്. ഇവിടുത്തെ മകളല്ലെ. അവൾ അപ്പയുടെ ഇഷ്ടമല്ലാതെ നോക്കുമോ ? ഇഷ്ടംപോലെ ആയിക്കൊള്ളണം. സന്യസിക്കാൻ പോകുമ്പോൾ എനിക്കും ഒരു വഴി കാണിച്ചു തരണമെന്നേ അപേക്ഷയുള്ളു. ദൈവം എന്നെ കൈവിടുകയില്ല" എന്നു പറഞ്ഞു മുഷിഞ്ഞു് ഇറങ്ങിപ്പോയി.

ആണ്ടാൾ ഒന്നു രണ്ടു ശ്രമങ്ങൾ കൂടെ നടത്തി. സ്ഥാനത്യാഗം ചെയ്യരുതെന്നു്, ഇടമുറിയാതെ നിലവിളിച്ചുകൊണ്ടു് പത്തുപന്ത്രണ്ടു നാഴിക നേരം വാദിച്ചു. വാനവരമ്പന്റെ നിശ്ചയത്തെ ഇളക്കാൻ അതുകൊണ്ടും കഴിഞ്ഞില്ല. പിന്നെ അവർ മന്ത്രവാദത്തിലും ജ്യോതിഷത്തിലും വിദഗ്ദ്ധനെന്നു പേരെടുത്ത കോന്നനെ വരുത്തി വിവരങ്ങൾ ധരി

പ്പിച്ചു. കോന്നൻെറ പ്രശ്നത്തിൽ പ്രശ്നം വയ്പിച്ച ആളിനു് യാതൊരു നഷ്ടവും വരികയില്ലെന്നു തെളിഞ്ഞു. പ്രശ്നത്തിനു ഹേതുവായ ആൾ ഇപ്പോഴത്തെ സംരംഭത്തിൽ നിന്നു പിന്മാറാത്തപക്ഷം ജീവധനാദികൾക്കു നാശം സംഭവിക്കുമെന്നും കോന്നൻ സ്ഥാപിച്ചു. സ്വമനസ്സാലെ പിന്മാറുന്നില്ലെങ്കിൽ മന്ത്രവാദം കൊണ്ടു പിന്മാററാമെന്നു് ഏല്ക്കുന്നതിനും അയാൾ തയ്യാറായിരുന്നു. പിൻമാററുന്നതിനു് ഒരിക്കൽ നേരിട്ടു കണ്ടു സംസാരിക്കാൻ അവസരം കൊടുത്താൽ മതി. മന്ത്രവാദം ആവശ്യമായി വരുന്നപക്ഷം, അതിലേയ്ക്കു പിന്നീടൊരിക്കൽ കാണേണ്ടയാവശ്യമില്ല. ആണ്ടാൾക്കു സന്തോഷമായി. കോന്നൻ ആവശ്യപ്പെട്ടതെല്ലാം കൊടുത്തു. ഒരാഴ്ചയ്ക്കുള്ളിൽ സംഗതികൾ ശരിപ്പെടുമെന്നു കോന്നൻ ഏററു.

വാനവരമ്പൻ കോന്നനെപ്പററി കേട്ടിട്ടുണ്ടു്. അയാളും പെരുന്തേവിയുമായി ഉണ്ടായ ഉടമ്പടിയുടെ വിവരവും അദ്ദേഹം ധരിച്ചു. "കോന്നൻ മിടുക്കനാണു്, ആണ്ടാളുടെ പൊൻപണ്ടങ്ങളിൽ ചിലവ കോന്നനു് വിധിക്കപ്പെട്ടതായിരിക്കും!" എന്നു തന്നെത്താൻ പറഞ്ഞു് ഒന്നു ചിരിച്ചു. സ്ഥാനത്യാഗത്തിനുള്ള ഒരുക്കങ്ങൾ തുടരുകയാണു്. ശ്ലീഹാ വേഗം വരുമെന്നാണു് പ്രതീക്ഷ. അദ്ദേഹത്തിൻെറ ഉപദേശമൊ അനുമതിയൊ കൂടാതെ മുമ്പോട്ടു കാൽ വയ്ക്കാൻ ധൈര്യം വരുന്നില്ല. ലൌകിക കാര്യങ്ങളിൽ എന്തെങ്കിലും ഉപദേശം നൽകുന്നതിനു തനിക്കു് യാതൊരു യോഗ്യതയും ഇല്ലെന്നാണു് ശ്ലീഹാ ശഠിക്കുന്നതു്. അതു് കുറെ ഒക്കെ ശരിയുമായിരിക്കാം. എന്നാൽ തന്നെയും, സിദ്ധൻെറ അനുഗ്രഹവും അനുമതിയും ഉള്ള ഏതു സംരംഭവും വിജയിക്കാതിരിക്കില്ല. അദ്ദേഹത്തിൻെറ ആഗമനം അക്ഷമനായി കാത്തിരിക്കാൻ വാനവരമ്പനെ പ്രേരിപ്പിച്ചതു് അതാണു്.

കാര്യക്കാരൻ വയ്യാപുരി, വാനവരമ്പനു് വളരെ വിശ്വാസമുള്ള സചിവനാണു്. സ്ഥാനത്യാഗം ചെയ്യണമെന്നു് ആലോചിക്കുന്നു എന്നു മാത്രം ഒരിക്കൽ അദ്ദേഹത്തോടു പെരുമാൾ പറഞ്ഞു. അങ്ങോട്ടു ചോദിക്കാതെ അഭിപ്രായം പെരുമാളെ ധരിപ്പിക്കാൻ പെരിങ്കോയിലകത്തെ രീതി അ

നുവദിക്കുന്നില്ല. പെരുമാൾ ചോദിച്ചാൽ, ആ ചോദ്യത്തി നുത്തരം പറയാം. അതിലധികമായാൽ ധിക്കാരമായി. വ ളരെക്കാലം രാജസേവ ചെയ്തിട്ടുള്ള വയ്യാപുരിയിൽ നിന്നു് ആ അപകടം ഉണ്ടാകാൻ തരമില്ല. എന്നിട്ടും സ്വാമിഭക്തി കാരണം അയാൾ എതിരഭിപ്രായം പുറപ്പെടുവിച്ചെങ്കിലോ എന്നു് സംശയിച്ചാണു് വാനവരമ്പൻ കാര്യക്കാരോടു സ്ഥാ നത്യാഗത്തെപ്പററി തുറന്നു സംസാരിക്കാതിരുന്നതു്. ശ്രീഹാ ഒഴിച്ചു് ആരുടെയും ഉപദേശം, സ്വീകരിക്കയില്ലെന്നു് ഉറച്ച ശേഷം, വയ്യാപുരിയുടെ അഭിപ്രായം ആരായുന്നതു ശരി ആ യിരിക്കയില്ലെന്നും പെരുമാളിന്നു തോന്നി. വിശ്വസ്ത സ ചിവനെ വിവരം ധരിപ്പിക്കാതിരിക്കുന്നതു് കേവല മര്യാദ യ്ക്കു പോലും ചേരാത്ത പ്രവൃത്തിയാണെന്നും തോന്നി. ആണ്ടാളിന്റെ അഭിപ്രായം സ്വീകരിക്കയില്ലെന്നു് ആ മഹി ളയെ ശരിക്കു ധരിപ്പിച്ചു് നാലഞ്ചു ദിവസങ്ങൾക്കു ശേഷ മാണു്, കാര്യക്കാരനെ രഹസ്യസംഭാഷണത്തിനായി പെരുമാളുടെ അറയിലേയ്ക്കു വിളിപ്പിച്ചതു്. വയ്യാപുരി ഹാ ജരായി ഓച്ഛാനിച്ചു നിന്നു. പെരുമാൾ ചോദിച്ചു:— "ഞാൻ വാനപ്രസ്ഥത്തിൽ പ്രവേശിക്കണമെന്നു വിചാ രിക്കുന്നു എന്നു പറഞ്ഞതു ഓർമ്മയുണ്ടായിരിക്കുമല്ലൊ.'

"അതു മറക്കാൻ ഈയുള്ളവനെക്കൊണ്ടു് കഴികയി ല്ലെന്നു് അവിടെ അറിയാം". എന്നു് വിളിച്ചറിയിക്കുന്ന ഒരു നോട്ടമായിരുന്നു അതിന്നു മറുപടി.

പെരു:—വിചാരിക്കുന്നു എന്നല്ല, തീർച്ചയാക്കി എന്നതാണി ന്നത്തെ നില.

വയ്യാപുരിയുടെ അഭിപ്രായം എന്തെന്നു ചോദിക്കാതെ മറുപടി കൊടുക്കാൻ അയാൾക്കു അവകാശമില്ല. മൌനം ദീക്ഷിച്ചപ്പോൾ പെരുമാൾ പറഞ്ഞു " വയ്യാപുരിയുടെ അഭി പ്രായം എന്തെന്നറിവാനാണു് ഈ വിഷയത്തിൽ പ്രവേശി ച്ചതു് "

വയ്യാ:—കല്പിച്ചു തീർച്ചപ്പെടുത്തിക്കഴിഞ്ഞ സ്ഥിതിക്കു് അഭി പ്രായം പുറപ്പെടുവിക്കുന്നതു്.........

പെരു :—അഭിപ്രായം ആദരിക്കുമെന്നു പ്രതീക്ഷിക്കാതിരുന്നാൽ പിന്നെ കുഴപ്പമില്ലല്ലോ.

വയ്യാ :—തിരുമേനി തീച്ച്പ്പെട്ടത്തിക്കഴിഞ്ഞ നിലയ്ക്കു്......

പെരു :—അതു കൂട്ടാക്കേണ്ടാ. വയ്യാപുരിയുടെ അഭിപ്രായം അനുകൂലമായാലും പ്രതികൂലമായാലും അറിയണമെന്നാഗ്രഹമുണ്ടു്.

വയ്യാ :—കല്പന അനുസരിക്കേണ്ടതു അടിയൻെറ കടമയാണു്. (ഒച്ച പുറത്തേക്കു വരുന്നില്ല. തൊണ്ട ഇടറൽ അമത്തിയിട്ട തുടന്നു) വാനപ്രസ്ഥത്തിൽ ലൗകികമായി വളരെ ത്യാഗങ്ങൾ സഹിക്കേണ്ടതായി വരും. എന്നാൽ ആത്മീയ പുരോഗതിക്കു വേണ്ടി അങ്ങനെ ചെയ്യുന്നതുകൊണ്ടു് ശരീരത്തിനുണ്ടാകുന്ന നഷ്ടം ആത്മാവിൻെറ ലാഭത്തിൽ കലാശിക്കുന്നു. മറെറാരു തരത്തിൽ പറഞ്ഞാൽ കുറച്ചുകാലത്തേയ്ക്കു മാത്രമുള്ള ശരീരത്തിൻെറ സുഖം കളഞ്ഞു് നിത്യമായ ആത്മാവിൻെറ രക്ഷ നേടുന്നതുകൊണ്ടു്, വാസ്തവത്തിൽ നഷ്ടമല്ല ലാഭമാണു് ഉണ്ടാകുന്നതു്. വാനപ്രസ്ഥത്തിൽ പ്രവേശിക്കുന്ന ആളിനു ലാഭം കിട്ടുമ്പോൾ, അദ്ദേഹത്തിൻെറ സ്വജനങ്ങൾക്കും അശ്രിതന്മാക്കും അനുഗാമികൾക്കും മററും ഉണ്ടാകുന്ന അനുഭവം മറിച്ചാണു്. തമ്പുരാൻ ഭരണം ഒഴിയുമ്പോൾ നഷ്ടം വരുന്നതു് രാജ്യത്തിനും പ്രജകൾക്കുമാണു്. അവിടുത്തെ ഉറച്ച ഭരണം, വളരെ കാലത്തെ പരിചയത്തിൽ നിന്നുള്ള ഗുണം, ശത്രുക്കളുടെ തല കൊയ്യാൻ പ്രത്യേക സാമത്ഥ്യവും കരുത്തും ഉള്ള ആ കയ്യുടെ പ്രയോജനം, ഇവ ഒന്നും ഇനിമേൽ രാജ്യത്തിനും ജനങ്ങൾക്കും കിട്ടാതെ വരുന്നതു് എത്ര വലിയ നഷ്ടമാണു്? ആശ്രിതന്മാരുടെ നില പരിതാപകരമാണു്. അവരിൽ ഓരോരുത്തരുടെയും ബലവും ബലഹീനതയും തിരുമനസ്സിലേയ്ക്കു നന്നായി അറിയാം. ബലഹീനതമൂലം വന്നുകൂടുന്ന പാകപ്പിഴകൾ ക്ഷമിക്കുകയും അവ ആവത്തിക്കപ്പെടാതിരിക്കാൻ വേണ്ട ഉപദേശങ്ങൾ കൊണ്ടു സഹാ

യിക്കുകയും ചെയ്യുന്നു. അവരുടെ സദ്ഗുണങ്ങൾ മനസ്സിലാക്കി അതിൽ അഭിനന്ദിച്ച് അവയെ വളർത്തിക്കൊണ്ടു വരുന്നു. ഇവയെല്ലാം രാജ്യത്തിനും പ്രജകൾക്കും, ആശ്രിതന്മാർക്കും നഷ്ടപ്പെടുന്നു. പരിഹരിക്കാൻ മാർഗ്ഗവും ഇല്ല. പരലോകത്തിൽ സ്ഥാനം നേടുന്നതിനുള്ള ഈ പരിശ്രമത്തെ ഒരു വിധത്തിലും ആർക്കും കുറച്ചപ്പെടുത്താൻ പാടില്ല. നഷ്ടം സഹിക്കാം. വേർപാടു് ഉണ്ടാക്കുന്ന വേദനയാണ് അസഹ്യം. മരണം വരുത്തുന്ന വേർപാടു് നിത്യമാണ്. മരണം അനിവാര്യമാണെന്നു് ഒരു സമാധാനമുണ്ടു്. ഇവിടെ അതുമില്ല......

പ്രായേണ മിതഭാഷി ആയ വയ്യാപുരി വികാരാധീനനായി എന്തെല്ലാമോ പറഞ്ഞുപോയി എന്നു തോന്നി സംസാരം പെട്ടെന്നു നിർത്തി. അതു പൂർണ്ണ വിരാമത്തിങ്കലൊന്നുമായിരുന്നില്ല എന്നയാൾ അറിഞ്ഞു എന്നു തോന്നുന്നില്ല. പെരുമാൾ ചോദിച്ചു:—എന്താണ് പെട്ടെന്നു സംസാരം മതിയാക്കിയതു്.

വയ്യാപുരി അല്പം ഇളിഭ്യനായിട്ടുണ്ടു്. "ഇത്രയുമൊന്നും പറയണമെന്നോ, പറയാമെന്നൊ ഓർത്തിരുന്നില്ല. മനോവേദനകൊണ്ടു് പറഞ്ഞുപോയി. തമ്പുരാൻ ക്ഷമിക്കണം."

പെരു:—ഉള്ളിൽ നിന്നു് ഉയർന്നതല്ലെ പുറത്തേയ്ക്കു വന്നതു? പിന്നെന്തു ക്ഷമിക്കാനാണ്. വയ്യാപുരിക്കു ഇത്രമാത്രം കുണ്ഠിതമുണ്ടെന്നു ധരിച്ചിരുന്നില്ല.

വയ്യാ:—സ്വീകരിക്കുന്ന മാർഗ്ഗം വളരെ നല്ലതാണ്. അപ്പോൾ ആ വഴിക്കു പോകരുതേ എന്നു വിലക്കാനും തരമില്ലാതെ കുഴയുകയാണ്.

പെരു:—മാർഗ്ഗം ഉത്തമമെന്നു വയ്യാപുരിക്ക് അഭിപ്രായമുണ്ടെന്നറിയുന്നതു സന്തോഷകരമാണ്. എന്നോടു കാണിച്ച വിശ്വസ്തത കുലശേഖരനോടും കാണിക്കണം. അവനെ ഒരു മകനെന്നു കണക്കാക്കി വേണ്ടതെല്ലാം പറഞ്ഞു കൊടുക്കണം. കുലശേഖരന്റെ ഭരണം വിജയിപ്പിക്കണം.

വയ്യാ :—അടിയനാലാവുന്നതെല്ലാം ചെയ്യാം. പടത്തല വൻ......?

പെരു :—തിതിയൻആ ദുസ്വഭാവം ഉപേക്ഷിച്ചാൽ പടത്തലവനായി അയാൾ മതിയായിരുന്നു.

വയ്യാ :—ഇനി അതിനു പോകുമൊ? അദ്ദേഹത്തെ ചതിച്ചു സേതു എന്നയാൾ ഓടിപ്പോയി എന്നും, എന്തൊക്കെയൊ അപഹരിച്ചു കൊണ്ടാണു് കടന്നതെന്നും അറിഞ്ഞു. അവനെ ഉടനെ അന്വേഷിക്കേണ്ടതെന്നു് അടിയൻ പറഞ്ഞിട്ടുണ്ടു്.

പെരു :—അവൻ പോയതു നന്നായി. അപഹരിച്ചുകൊണ്ടു പോയവനെ അങ്ങനെ വിടാമൊ?

വയ്യാ :—അപഹരണക്കുററം അവൻെറ തലയ്ക്കുമീതെ തലനാരിഴയിൽ തൂങ്ങുന്ന ഒരു വാൾ ആയിരിക്കട്ടെ എന്നാണു് വച്ചതു്. അപ്പോൾ ഇങ്ങോട്ടു വരാൻ ധൈര്യപ്പെടുകയില്ല. അവൻെറ ബാധ ഒഴിഞ്ഞതുകൊണ്ടു് പടത്തലവൻ നേരെ ആയി എന്നു വരാം.

പെ :—തിതിയൻ നേരെ നിന്നിരുന്നെങ്കിൽ, കുലശേഖരൻെറ കാര്യത്തിൽ എനിക്കു മനഃപ്രയാസം ഒട്ടുമേ കൂടാതെ കഴിയുമായിരുന്നു.

വയ്യാ:—അക്കാര്യത്തിൽ മനഃപ്രയാസത്തിനു് ആവശ്യമില്ലെന്നാണു് അടിയൻെറ വിശ്വാസം. ലോകപരിചയം സമ്പാദിക്കുമ്പോൾ നന്നായി ശോഭിക്കും, അടിയനു് സംശയമൊന്നുമില്ല. പടത്തലവൻ തിതിയൻ നേർവഴിക്കു വരുമെങ്കിൽ ഭംഗിയായി.. വരുന്നില്ലെങ്കിൽ പകരം വേറെ ആൾ വയ്ക്കയല്ലാതെ......

പെ :—പററിയ ആൾ........

വയ്യാ :—കോരപ്പൻ വിശ്വസ്തനാണു്. സമരമുറകൾ നല്ല നിശ്ചയമാണെന്നു് എത്രയെല്ലാം സമരരംഗങ്ങളിലാണു്തെളിയിച്ചിട്ടുള്ളതു്.

പെ :—വേണ്ടില്ല. എന്തോ ഒരു കുറവുള്ളതുപോലെ തോന്നിയിട്ടുണ്ട്. ചുമതലയുള്ള സ്ഥാനത്തു ആകുമ്പോൾ തെളിഞ്ഞു വരുമായിരിക്കാം.

വയ്യാ :—മാററങ്ങൾ അട്ടത്തുണ്ടാകാൻ.......

പെ :—കഴിയുംവേഗത്തിൽ സ്ഥാനം ഒഴിയണമെന്നാണാഗ്രഹം.

വയ്യാ :—അങ്ങിനെ എങ്കിൽ പടത്തലവൻെറ കാര്യം ആലോചിക്കണം.

പെ :—ഞാൻ ഇവിടെ ഈ വിധം തുടരുന്നതു് ശരിയല്ല, എനിക്കു വേറെ എന്തോ ജോലി വെച്ചിരിക്കുന്നു എന്നൊരു തോന്നൽ തുടങ്ങിയിട്ട പല ദിവസങ്ങളായി. അതുകൊണ്ടാണു് കഴിയും വേഗം ഭരണം ഒഴിയണമെന്നു വെയ്ക്കുന്നതു്.

വയ്യാ :—അടിയനൊന്നും പറയാനില്ല. എന്താണു് വേണ്ടതെന്നു കല്പിച്ചാൽ ചെയ്തു കൊള്ളാം.

പെ :—ശ്രീഹാസ്സു് ഇങ്ങോട്ടു വരാൻ പററുമൊ എന്നറിയിക്കാൻ ശ്രുബനോട്ടു പറഞ്ഞയച്ചിട്ടുണ്ടു്. കഴിവുണ്ടെങ്കിൽ അദ്ദേഹം വരാതിരിക്കയില്ല. വന്നു കഴിഞ്ഞാൽ എനിക്കു് എല്ലാററിനും ധൈര്യം കിട്ടും

# 17

"ശ്രീഹാ വന്നാൽ എല്ലാററിനും ധൈര്യം കിട്ടും" എന്നു പറഞ്ഞ വാനവരമ്പൻ സംശയലേശം കൂടാതെ ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കയാണു്. ജനനം മുതൽ അനുഭവിച്ചുവന്ന രാജപദവിക്കു ചേർന്ന ഔന്നത്യം എല്ലാം ഉപേക്ഷിച്ചു വനവാസത്തിനൊ, സന്യാസത്തിനൊ പോകുന്നതിനു് തയ്യാറാകുന്നതു് വെറും കിറുക്കാണെന്നു പെരുന്തേവി ആണ്ടാൾ പൂർണ്ണമായി വിശ്വസിക്കുന്നുണ്ടു്. പെരുമാളിനു് സുബുദ്ധി ഉണ്ടാകുന്നതിനും, ലോകദൃഷ്ടിയിൽ കേവലം ആത്മഹത്യാപരമായ ആ സംരംഭത്തിൽനിന്നു് അദ്ദേഹത്തെ പിൻതിരിക്കുന്നതിനും പററിയ മാർഗ്ഗം അവർ തേടുകയാണു്. ഒരു ചുവടു മുമ്പോട്ടു വെച്ചാൽ, അതു പിമ്പോട്ടു വലിക്കുക എന്നൊരേർപ്പാടു ഇല്ലാത്തവാനവരമ്പനെ ഈ ഉദ്യമത്തിൽ നിന്നു പിൻതിരിപ്പിക്കുക അസാദ്ധ്യം തന്നെ ആണെന്നു് ഭയമുണ്ടു്. കാര്യത്തിൻെറ ഗൌരവം ആ ഭയത്തെ ഒട്ടെല്ലാം അമർത്തുന്നുണ്ടെങ്കിലും, നിരാശയ്ക്കാണു് മുൻകൈ. മനുഷ്യശക്തിക്കപ്പുറത്തു നിന്നു് എന്തെങ്കിലും പ്രേരണ ഉണ്ടാക്കാമൊ എന്നു വച്ചു് കോന്നൻ കടന്നുകളഞ്ഞശേഷം വേറെ പല മന്ത്രവാദികളേയും വരുത്തി ആലോചന നടത്തുകയും, അവർ നിർദ്ദേശിച്ച കർമ്മങ്ങൾക്കു് ആവശ്യപ്പെട്ട വകയെല്ലാം മടികൂടാതെ കൊടുക്കുകയും ചെയ്തു. മാന്ത്രികന്മാരെല്ലാവരും തന്നെ, പെരുമാളിൻെറ കൈയിലൊ കഴുത്തിലൊ അരയിലൊ, അവർ തയ്യാറാക്കിക്കൊടുക്കുന്ന "രക്ഷ"കെട്ടണമെന്നു ആവശ്യപ്പെടുകയുണ്ടായി. സ്വഭർത്താവിൻെറ മേൽ ഗൌരവതരമായ സംഗതികളിൽ മാത്രമല്ല, നിസ്സാര കാര്യങ്ങളിൽ പോലും സ്വാധീനം ചെലുത്താൻ കഴിവില്ലെന്നു സമ്മതിക്കാൻ മടിക്കാത്ത സ്ത്രീ ഉണ്ടായിരിക്കുമൊ ? വാനവരമ്പനു്, ഒരു പ്രത്യേക കാര്യത്തിൽ വിഭ്രാന്തിയുണ്ടെന്നല്ലാതെ, താൻ പറയുന്നതൊന്നും അദ്ദേഹം സമ്മതിക്കയില്ല എന്നു് ആ

ണ്ടാൾക്കു അഭിപ്രായമില്ല. ആ വിധമാണ് അവർ മന്ത്രവാദികളെ ധരിപ്പിച്ചതും. അതുകൊണ്ട് "രക്ഷ" എന്തെങ്കിലും ധരിക്കാൻ ആവശ്യപ്പെട്ടാൽ ഭർത്താവു കൂട്ടാക്കുകയില്ലെന്നു സമ്മതിക്കാൻ അവൾക്ക് ബുദ്ധിമുട്ടുണ്ടായി. അഭിമാനത്തെ കരുതി ഉള്ളതു പറയാതിരുന്നാൽ കാര്യം സാധിക്കയില്ലല്ലോ എന്നോർത്ത്, ഒടുവിൽ അവർ സമ്മതിച്ചു. പെരുമാൾ "രക്ഷ"ധരിക്കുകയില്ല, അദ്ദേഹത്തെ അതിനു പ്രേരിപ്പിക്കാൻ ആവില്ല എന്ന്. മാന്ത്രികരിൽ നാലുപേർ അതുകൊണ്ടും നിരാശപ്പെട്ടില്ല. കുരുതി കഴിച്ചാൽ രക്ഷ ധരിച്ചില്ലെങ്കിലും ഫലം കിട്ടുമെന്നായിരുന്നു അവരുടെ തീരുമാനം. മാന്ത്രികരെ എല്ലാം ഒരുമിച്ചു വിളിച്ചു കൂട്ടി ആണ്ടാൾ ആലോചന നടത്തുകയായിരുന്നു എന്നു ധരിക്കരുത്. ഓരോരുത്തരെ ഓരോ സമയത്ത് വരുത്തേണ്ടതായി വന്നതുകൊണ്ട് അവർ ആ ഒളിച്ചുകളിക്കാര്യത്തിൽ വളരെ കഷ്ടപ്പെടുകയുണ്ടായി.

കുരുതിക്കു കുറിച്ചവരിൽ ഒരുവനു് അതിലേയ്ക്കു ഒരു കരിങ്കോഴിപ്പൂവൻ, രണ്ടാമനു് ഒരു കറുത്ത മുട്ടാട്ട്, മൂന്നാമനു് ഒരു ആൺ കരിങ്കുരങ്ങ്, നാലാമനു് സുന്ദരിയായ ഒരു കന്യക, ഇവയാണ് ബലിമൃഗങ്ങളായി ആവശ്യപ്പെട്ടതു്. നാലു മൃഗങ്ങളെയും കൊടുത്തു കൊള്ളാമെന്നു് ആണ്ടാൾ ഏററു. ഒരു യുവതിയെയും മുട്ടാടിനെയും പൂവൻ കോഴിയെയും ഏതു നിമിഷത്തിൽ വേണമെങ്കിലും കൊടുക്കാൻ തയ്യാറായിരുന്നു. കരിങ്കുരങ്ങിനെ പിടിക്കുക ക്ഷണസാദ്ധ്യമല്ലല്ലോ. ഏതെങ്കിലും ഒരു കരിങ്കുരങ്ങായാൽ പോരാ, അതു് ആണായിരിക്കയും വേണമല്ലോ. അതിനെ എത്രയും വേഗത്തിൽ കൊണ്ടു വരുന്നതിനു വേണ്ട ഏപ്പാടു പിറേറ ദിവസം തന്നെ ചെയ്തു. കരിങ്കുരങ്ങിനെ തേടിപ്പിടിച്ചു കൊണ്ടു വന്നു കുരുതി കഴിക്കുംവരെ പെരുമാൾ നില്ക്കുമൊ?

മാന്ത്രികന്മാരുടെ സഹായം തേടുക ഒരു വശത്തു നടക്കുന്നു. അതു കൊണ്ടു മാത്രം തൃപ്തിപ്പെട്ട്, അതിൽ മാത്രം ആശ്രയിച്ചു കാത്തിരിക്കാൻ ആണ്ടാൾ തയ്യാറായില്ല. കുലശേഖരൻ രാജപദവി വേണ്ടെന്നു വച്ചാൽ വാനവരമ്പന്റെ ലാക്കെല്ലാം തെററും. അതിലേയ്ക്കു് കുലശേഖരനെ സ്വാ

ധീനപ്പെട്ടത്താമൊ എന്നും പരീക്ഷിക്കാൻ തീച്ച്പ്പെട്ടത്തി. ആ ശ്രമം ഫലിക്കാതെ വന്നാലും, കാൎയ്യങ്ങൾ ഇപ്പോഴത്തേതിൽ കൂട്ടതൽ വഷളാകാനൊന്നുമില്ല. കുലശേഖരൻ സ്നേഹമുള്ളവനാണ്. അമ്മ നിൎബ്ബന്ധമായി അപേക്ഷിച്ചാൽ ഉപേക്ഷിക്കുമൊ? അതേപ്പററി കൂട്ടതൽ ആലോചിച്ചപ്പോൾ ആശ വൎദ്ധിക്കയാണ് ചെയ്തതു. പെട്ടെന്ന് എന്തെങ്കിലും ചെയ്യേണ്ടെന്നുവച്ചു. ആ സംരംഭത്തിൻെറ വിവിധ വശങ്ങളെപ്പററി രണ്ടു നാലു ദിവസം ആലോചിച്ചു. വിജയസാദ്ധ്യത ഉണ്ടെന്നുള്ള വിശ്വാസത്തിന് അപ്പോൾ ശക്തി വൎദ്ധിക്കയാണ് ചെയ്തതു്.

ഇതിനിടയിൽ ആണ്ടാൾ അക്കമ്മാളെ അവരുടെ അഭിപ്രായത്തിലേയ്ക്കു തിരിക്കുവാൻ ഒരു ശ്രമം നടത്തി. കുലശേഖരൻെറ അവകാശം പിടിച്ചു വാങ്ങി അക്കമ്മാളിനു കൊടുക്കണമെന്ന് താൻ ആഗ്രഹിക്കുന്ന വിവരം മകളെ അറിയിച്ചുകളയാം. അപ്പോൾ അവളുടെ അനുഭാവവും സഹകരണവും പൂൎണ്ണമായി ലഭിക്കും എന്നു വിശ്വസിച്ചാണ് ആണ്ടാൾ പുറപ്പെട്ടതു്.

ആരംഭത്തിൽ തന്നെ കുമാരി പറഞ്ഞു "അമ്മ എന്താണീപ്പറയുന്നതു്. അപ്പയ്ക്കു രാജാധികാരം വേണ്ടാ, സന്യസിക്കണം എന്നു തീച്ച്പ്പെട്ടത്താൻ അവകാശമില്ലെന്നൊ? ചേരൻ വാനവരമ്പനു്, സ്വന്തം ആത്മനിർവൃതി തേടാൻ അവകാശമില്ലെന്നു്! നേരമ്പോക്കു തന്നെ."

ആണ്ടാ :—നേരമ്പോക്കൊന്നുമല്ല. ചക്രവൎത്തിയൊ, പെരുമാളൊ ആരായാലും, രാജ്യത്തിൻെറയും പ്രജകളുടെയും നന്മ ആയിരിക്കണം ജീവിതോദ്ദേശ്യം......

അക്ക :—അപ്പ അതിനു് എതിരായി എന്തെങ്കിലും-അതെ, എന്തെങ്കിലും—ചെയ്തിട്ടുണ്ടെന്നു ശത്രുക്കൾപോലും വാദിക്കുകയില്ല. എന്നിട്ടാണ് അമ്മ ഈ വിധം...

ആണ്ടാ :—ഞാൻ പറഞ്ഞതു തെററാണെന്നാണൊ വാദം?

അക്ക :—അങ്ങിനെയും എടുക്കാം.

ആണ്ടാ :—നിൻെറ അപ്പയുടെ ഭരണ കാലത്തു് രാജ്യത്തിൻെറ വിസ്തൃതി വദ്ധിച്ചു. ക്ഷാമബാധ കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നിടത്തു്, ഇപ്പോൾ പത്തു വഷമായിട്ടുണ്ടാകുററില്ല....

അക്ക :—എന്നിട്ടാണു് പ്രജകളുടെ നന്മയെപ്പററി അപ്പയ്ക്കു ചിന്തയില്ലെന്നു തട്ടി മൂളിച്ചതു്.

ആണ്ടാ :—ധൃതി കൂട്ടാതെ, ഞാൻ പറഞ്ഞു കഴിഞ്ഞിട്ടാവാം. ശത്രുപീഡയില്ല. ക്ഷാമമില്ല. കലാപങ്ങൾ അടുത്ത കാലംവരെ ഇല്ലായിരുന്നു.........

അക്ക :—അടുത്ത കാലത്തു കലാപം ഉണ്ടായി എന്നാണൊ വാദം ?

ആണ്ടാ :—വാദമാണൊ ? സത്യമല്ലെ. നിൻെറ അപ്പ ആ ബൌദ്ധൻെറ പുറകെ കൂടിയതിനു ശേഷമല്ലെ ബ്രാഹ്മണരെല്ലാം ക്ഷോഭിച്ചതു്......

അക്ക :—ബ്രാഹ്മണരെല്ലാം ക്ഷോഭിച്ചെന്നൊ ? കുറെ ബ്രാഹ്മണർ ക്ഷോഭിച്ചു. അതിൻെറ ചുവട്ടും വേരും എവിടെ ആയിരുന്നു എന്നു് തെളിഞ്ഞതാണല്ലൊ.

ആണ്ടാ :—നിൻെറ അപ്പ ആ മനുഷ്യൻെറ മന്ത്രവാദത്തിൽ മയങ്ങിപ്പോയി. അവിടെയാണു് ചുവടു് എന്നു തെളിഞ്ഞതല്ലേ ?

അക്ക :—സാധു പടത്തലവനെ മദ്യം കൊടുത്തു മത്തനാക്കിയതു് സിദ്ധനായിരുന്നൊ ? മദ്യം കുടിച്ചു ബോധരഹിതനായിത്തീന്ന പടത്തലവനെ മറപിടിച്ചാണു് ബഹളം എല്ലാം ഉണ്ടാക്കിയതു് എന്നല്ലെ തെളിഞ്ഞതു് ?

ആണ്ടാ :—നിൻെറ അപ്പ ആ ബൌദ്ധനെ ഗുരുവായി സ്വീകരിക്കുകയും അയാളുടെ മതത്തിൽ ചേരുകയും ചെയ്തശേഷമാണല്ലൊ എല്ലാം ഉണ്ടായതു്.

അക്ക :—ഒന്നിനു പിമ്പെ ഉണ്ടാകുന്ന എല്ലാ സംഭവങ്ങളും, ആ " ഒന്നു " കൊണ്ടാണു് സംഭവിച്ചതെന്നു വാദി

ച്ചു തുടങ്ങിയാൽ അന്തവും അതിരും കാണാതാവും.

ആണ്ടാ:—കുഴപ്പങ്ങൾ, അല്ല ഗ്രഹപ്പിഴകൾ എല്ലാം ഉണ്ടായതു് ആ ബൌദ്ധൻെറ പുറകെ പോയതു കൊണ്ടാണു്.

അക്ക:—അങ്ങിനെ വിശ്വസിക്കുന്ന അമ്മ സിദ്ധൻെറ പിമ്പെ പോയില്ലല്ലൊ. ഇനിമേലും പോകാതിരുന്നേക്കണം.

ആണ്ടാ:—ഞാൻ ഒരു കാലത്തും പോകയില്ല. പക്ഷേ അതുകൊണ്ടാകുന്നില്ല. നിൻെറ അപ്പ അയാളുടെ വാലിൽ തൂങ്ങി ഇനി സന്യസിക്കാനല്ലെ തുടങ്ങുന്നതു്.

അക്ക:—അപ്പയ്ക്കു് അതാണിഷ്ടമെങ്കിൽ, അതാണു് നല്ലതു്, വേണ്ടതു് എന്നു തോന്നുന്നെങ്കിൽ, അതുതന്നെ ചെയ്യണം.

ആണ്ടാ:—അതാണു് ഞാൻ ആദ്യമെ പറഞ്ഞതു്, രാജ്യത്തേയും ജനങ്ങളേയും ചതി......അല്ല രാജ്യത്തിൻെറയും പ്രജകളുടെയും നന്മയെപററി ഓർമ്മയുണ്ടെങ്കിൽ ഇങ്ങിനെ ചെയ്കയില്ലായിരുന്നു എന്നു്.

അപ്പയെ തുറന്നു കുററപ്പെടുത്തിയുള്ള സംസാരം കേട്ടു സഹിക്കാൻ അക്കമ്മാളിനു കഴിയാതായി. ക്ഷമ നശിച്ചു കുമാരി പറഞ്ഞു:—അപ്പയ്ക്കു് രാജ്യമെന്നും പ്രജകളെന്നും ഉള്ള ചിന്ത ഇല്ല. ഇനി ഇപ്പോൾ എന്തുചെയ്യാനാണു്. ചിന്തയുള്ള അമ്മ അപ്പയുടെ സ്ഥാനത്തു് കേറിക്കളയണം.

ആണ്ടാ:—നീ എന്നോടു് അധികപ്രസംഗം പറയുന്നൊ. നിൻെറ അപ്പയോടുള്ള കൂറിൻെറ കൂടുതൽ കൊണ്ടാണെന്നു നിശ്ചയമുള്ളതുകൊണ്ടു് ഞാൻ ക്ഷമിച്ചേക്കാം. നിൻെറയൊക്കെ ഗുണത്തിനു വേണ്ടിയാണു് ഞാൻ "തലയിട്ടലയ്ക്കുന്നതും" കഷ്ടപ്പെടുന്നതും. എന്നിട്ടു് എനിക്കു കിട്ടുന്ന കൂലിയൊ? നന്ദി എന്നും സ്നേഹമെന്നും അനുസരണമെന്നും പറയുന്നതൊക്കെ ഈ ലോകത്തുനിന്നുപോയി. നിന്നെ പിടിച്ചു കേററിവയ്ക്കാമൊ എന്നാണു് ഞാൻ നോക്കുന്നതു്.

അക്ക:— എന്നെ പിടിച്ച് എവിടെ കേററിവയ്ക്കാമൊ എന്നാണ് നോക്കുന്നത് ?

ആണ്ടാ: — സിംഹാസനത്തിൽ—രാജസ്ഥാനത്ത്.

അക്ക:—എന്നെയൊ ? അതെന്തിനാണ്.

ആണ്ടാ: —രാജ്യം ഭരിക്കാൻ. അല്ലാതെന്തിനാണ്.

അക്ക: — അമ്മ എന്നെ ആക്ഷേപിക്കാൻ പറയുന്നതാണൊ അതൊ......

ആണ്ടാ: — നിന്നെ ആക്ഷേപിക്കാനൊ. ഞാൻ നിൻെറ കളിപ്പിള്ളയാണൊ. അതൊ "പിള്ളകൊഞ്ചുക" യാണൊ. ഇതു കളിയൊന്നുമല്ല. കാര്യമാണ്. വൻ കാര്യമാണ്.

അക്ക:—അപ്പ ഭരണം ഒഴിയുന്ന പക്ഷം, അതു് എന്നെ ഏൽപ്പിക്കണമെന്നു് നിർബ്ബന്ധിച്ചു സമ്മതിപ്പിക്കാമെന്നാണൊ അമ്മ വിചാരിക്കുന്നത്.

ആണ്ടാ: — നീതി നടക്കണം. രാജ്യത്തിനു നന്മ വരണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്. അതിനു വേണ്ടി ശ്രമിക്കുകയാണ്.

അക്ക:—അപ്പയുടെ സ്ഥാനത്തിനവകാശി അണ്ണനല്ലെ ? അവകാശിയെ തട്ടിമാററിയിട്ട് എന്നെ പ്രതിഷ്ഠിക്കണമെന്നു് ആഗ്രഹിച്ചു ശ്രമിക്കുന്നതു് നീതിക്കു ചേൎന്നതാണൊ.

ആണ്ടാ :—നീതിയും നിയമവും ഒക്കെ കാണാപ്പാഠം പഠിച്ചിട്ടുള്ള ഒരു കേമി! വേണ്ടാ, അധികം ഞെളിയേണ്ടാ, മര്യാദയ്ക്കു നില്ക്കാമെങ്കിൽ, ഞാൻ സ്ഥാനം വാങ്ങിത്തരാൻ നോക്കാം. ഇപ്പോഴത്തെ മട്ടു കണ്ടിട്ട്, നിന്നെ കയററിവച്ചാൽ കയററിവയ്ക്കുന്നവരെ ദ്രോഹിക്കയായിരിക്കും ആദ്യമായി ചെയ്യുന്നതെന്നു തോന്നുന്നു.

അക്ക :— ഞാൻ ഞെളിയുന്നുമില്ല വളയുന്നുമില്ല. എനിക്കു രാജസ്ഥാനം വാങ്ങിത്തരാൻ അമ്മ ബുദ്ധിമുട്ടുകയും വേണ്ട.

ആണ്ടാ:—നിനക്കു വേണ്ടെന്നാണൊ പറയുന്നതു്.

അക്ക :— എനിക്കു് അതിനവകാശമില്ല. അപ്പ ഒഴിയുന്ന പക്ഷം അണ്ണന്നു ചെരല്ലേണ്ടതാണു്. അണ്ണന്നു കിട്ടേണ്ടതു് എനിക്കു വേണമെന്നു ഞാൻ ആഗ്രഹിക്കുന്നുമില്ല. അപ്പോൾ പിന്നെ സ്ഥാനം തട്ടി എടുക്കാനായി എന്തെങ്കിലും ചെയ്യുക എന്നൊരു പ്രശ്നം ഉദിക്കുന്നേ ഇല്ലല്ലൊ.

ആണ്ടാ:—നിൻെറ ചെറുപ്പം കൊണ്ടു തോന്നുന്നതാണു്. ചേരചക്രവത്തിപദം വച്ചുനീട്ടിയിട്ടു തട്ടിക്കളയുന്നതു് എന്തു വിഡ്ഢിത്തമാണു്. നീ ഒന്നൊ രണ്ടൊ ദിവസം ആലോചിച്ചു നോക്കിയിട്ടു തീച്ചപ്പെടുത്തിയാൽ മതി.

അക്ക:—ഒരു വിനാഴിക സമയം പോലും ആവശ്യമില്ല. ആലോചിക്കാനുമൊന്നുമില്ല.

ആണ്ടാ:—കുഞ്ഞെ ! കാൎയ്യത്തിൻെറ വലിപ്പം അറിയാതെയാണു് നീ പറയുന്നതു്. വേണമെങ്കിൽ വീരനോടുകൂടി ആലോചിക്കണം. അവൻ വേണ്ടതു പറഞ്ഞുതരുമായിരിക്കും.

അക്ക:— വലിപ്പം എനിക്കും കുറെ എല്ലാം അറിയാം. അറിയുന്നതുകൊണ്ടാണു്, ശരിയായ അവകാശിക്കു തന്നെ പോകണമെന്നു ഞാൻ പറയുന്നതു്. വീരണ്ണനോടെന്തിനാണു് ഈ കാൎയ്യം ആലോചിക്കുന്നതു്? ഇതിൽ അദ്ദേഹത്തിനു ബന്ധം ഒന്നുമില്ലല്ലൊ.

ആണ്ടാ:— ആ ബൌദ്ധൻ മാന്ത്രികൻ നിന്നെയും മയക്കിക്കളഞ്ഞതുകൊണ്ടായിരിക്കുമൊ ഇത്ര ശാഠ്യംപിടിക്കുന്നതു്? അല്ലെങ്കിൽ മുഖത്തു കയറിയ മഹാലക്ഷ്മിയെ തുത്തുമാററുന്നതിനു തുടങ്ങുമൊ.

അക്ക:— ആ സിദ്ധനേയും അദ്ദേഹത്തിൻെറ ഉപദേശങ്ങളേയും പററി എനിക്കു് വലിയ മതിപ്പാണു്. അതു മറച്ചുവയ്ക്കാൻ ആഗ്രഹിക്കുന്നുമില്ല.

ആണ്ടാ:—അവിടം വരട്ടെ. എനിക്കിപ്പോൾ മനസ്സിലായി. നീയും നിൻെറ അപ്പയുടെ പുറകെ പോകാനാണു് തുടങ്ങുന്നതു്.

അക്ക:— അപ്പ പോകുന്ന മാർഗ്ഗത്തിലൂടെ ഞാൻ പോകുന്നതിൽ കുററപ്പെടുത്താനില്ലല്ലൊ. മററാരാളിനെ അനുഗമിക്കയാണെങ്കിൽ അതു ശരിയല്ലെന്നു വേണമെങ്കിൽ സമ്മതിക്കാം.

ആണ്ടാ:—അപ്പയും കൊള്ളാം. മകളും കൊള്ളാം.

അക്ക :— അപ്പയും മകനും മകളും കൊള്ളരുതാത്തവരായിപ്പോയി. എന്നാലൊന്നു ചെയ്യാലൊ. അപ്പയുടെ സ്ഥാനം അമ്മയ്ക്കു് ആയാലൊ?

ആണ്ടാ:—ആരാടി നീ. എന്താ എനിക്കു് എട്ടും പൊട്ടും തിരിയുകയില്ലെന്നും, ഭരിക്കാൻ കൊള്ളുകയില്ലെന്നും ആയിരിക്കും നിൻെറ ഭാവം അത്രയൊന്നും വേണ്ടാ, കേട്ടൊ.

അക്ക:—അപ്പ സ്ഥാനം ഒഴിയാൻ തീർച്ചപ്പെടുത്തി. അവകാശി ആയ അണ്ണൻ ആ സ്ഥാനത്തിനു് അയോഗ്യനാണെന്നു് അമ്മ വിധിച്ചു. സ്ഥാനം വേണമെങ്കിൽ തട്ടി എടുത്തു് എനിക്കു തരാമെന്നു സൂചിപ്പിച്ചു. തട്ടി എടുക്കാതെ നേരെ വന്നാൽ പോലും എനിക്കു വേണ്ടയേ, വേണ്ടെന്നു് ഒഴിഞ്ഞപ്പോൾ, ഞാൻ ബൌദ്ധൻെറ ശിഷ്യ ആയി. കുററവും കുറവും ഒന്നും ഇല്ലാത്തതായി ബാക്കി നിൽക്കുന്നയാൾ അമ്മ മാത്രമാണു്. അതുകൊണ്ടു്, ഭരണം അമ്മ സ്വീകരിച്ചാലെന്തെന്നു ചോദിച്ചതാണു്.

ആണ്ടാ:—ഞാൻ തന്നെ കുററക്കാരി. ഞാൻ തന്നെ വിഡ്ഢി അതാണല്ലൊ എട്ടും പൊട്ടും തിരിയാത്ത നിന്നോടു് ഈ വിധം സംസാരിക്കാനിടയായതു്. അട്ടയെ പി

ടിച്ചു മെത്തയിന്മേൽ വച്ചാൽ അതു് ഇറങ്ങിപ്പോകയല്ലാതെ അതിന്മേൽ സുഖമായി കിടക്കുമൊ, ഇല്ല. അതുതന്നെ ഇവിടെയും സംഭവിച്ചു. എൻെറ കുലൻ നീന്നെക്കാൾ എത്ര എത്ര ഭേദമാണു്.

അക്ക :— അതാണു് എൻെറയും അഭിപ്രായം.

ആണ്ടാ :— നിനക്കു് അഭിപ്രായം കുറെ അധികമുണ്ടു്. ഞാൻ ഒന്നും അറിഞ്ഞില്ലെന്നു വയ്ക്കേണ്ടാ.

അക്ക:— അമ്മ അറിയേണ്ടാത്ത അഭിപ്രായം എന്താണൊ ...

ആണ്ടാ:— ആ മിറിയാമിനെ ഇവിടെ വരുത്തിയതെന്തിനാണെന്നു ഞാനറിഞ്ഞില്ലെന്നായിരിക്കും നിൻെറ വിചാരം.

അക്ക :— മിറിയാമിനെ വരുത്തിയതെന്തിനാണെന്നു് അമ്മ അറിഞ്ഞില്ലെങ്കിലും അപ്പ അറിഞ്ഞു.........

ആണ്ടാ :— അവിടാണല്ലൊ കുഴപ്പങ്ങളുടെ എല്ലാം ചുവടു്. അപ്പോൾ പിന്നെ എങ്ങിനെ നേരെയാകാനാണു്. കുലനെയുള്ള എനിക്കിനി ഒരാശ്രയം. അവനെയുള്ള ഒരാശ.........

അക്ക :— അതല്ലേ ഞാൻ ആദ്യം തന്നെ പറഞ്ഞതു്. അപ്പസ്ഥാനം ഒഴിയുകയാണെങ്കിൽ അണ്ണനാണു് അവകാശി. അണ്ണൻ ഭരിക്കണം. ഭരിക്കാനുള്ള സാമർത്ഥ്യവും കഴിവുമുണ്ടു്, എന്നു ഞാൻ.........

ആണ്ടാളുടെ ക്ഷമ അസ്തമിച്ചു. മകളുടെ മുമ്പിൽ അല്ലായിരുന്നെങ്കിൽ അവർ പൊട്ടിക്കരഞ്ഞു ലഹളക്കൂട്ടമായിരുന്നു. അക്കമ്മാളുടെ അടുക്കൽ നിലവിളിച്ചു എന്നു വരുന്നതു്, പോരാഴികയായി അവർക്കു തോന്നിയിരിക്കാം. അതിലധികം സാരമായ വേറൊരു പരിഗണനയും ഉണ്ടായിരുന്നില്ല. എങ്കിലും അമ്മ മുറവിളികൂട്ടിയാൽ മകളും പങ്കു കൂട്ടുമെന്നും. രണ്ടാളും ഒരുമിച്ചു മുറവിളികൂട്ടിയാൽ പെരുങ്കോയിലകത്തു് എന്തോ കുഴപ്പം ഉണ്ടായി എന്നു് കേൾവി പരക്കുമെന്നും ഓർത്തും അറിഞ്ഞുംതന്നെയാണു്, കണ്ണീരു

പൊഴിക്കാതെ മകളുമായുള്ള സംസാരം പെരുന്തേവി അവസാനിപ്പിച്ചതു്. ശ്രമിക്കുക, ശ്രമിക്കുക. വീണ്ടും വീണ്ടും ശ്രമിക്കുക, എന്നുള്ളതു് ആണ്ടാൾ, ചെറുപ്പകാലത്തിൽ തന്നെ സ്വീകരിച്ചിട്ടുള്ള തത്വമാണു്. ആ തത്വം വളരെ ശരിയാണെന്നും, അതിൽ ആശ്രയിച്ചാൽ വിജയം സിദ്ധിക്കാനുള്ള സാദ്ധ്യത വളരെ ആണെന്നും അവർ അനുഭവിച്ചറിഞ്ഞിട്ടുള്ളതുമാകുന്നു. സ്ഥാനത്യാഗം ചെയ്യരുതെന്നു വാനവരമ്പനോടു നിർബ്ബന്ധമായി അപേക്ഷിച്ചു. ഫലമുണ്ടായില്ല. കണ്ണുനീർ ധാര ഒഴുക്കിയിട്ടും ഫലം കിട്ടിയില്ല. അതുകൊണ്ടു് തോൽവി സമ്മതിച്ചു പിന്മാറി എന്നു ധരിക്കേണ്ടാ. ജീവനുള്ളകാലത്തോളം ആശയ്ക്കു വഴിയുണ്ടെന്നു പറയുന്നതു ശരിയാണു്. വാനവരമ്പൻ സ്ഥാനത്യാഗം ചെയ്തു കഴിയുന്നതുവരെ, സ്ഥാനം ഒഴിയാതിരിക്കാൻ സാദ്ധ്യത ഉണ്ടെന്നാണു് ആണ്ടാൾ വിശ്വസിക്കുന്നതു്. അക്കമ്മോളെ പാട്ടിലാക്കാൻ ചെയ്ത ശ്രമം ഫലിച്ചില്ല. എങ്കിലും ആ വിഷയത്തെപ്പററി കുമാരിയോടു ഇനിമേൽ സംസാരിക്കാൻ നിയമതടസ്സമൊന്നുമില്ലല്ലോ. സംസാരിക്കേണ്ടെന്നു വച്ചിട്ടുമില്ല. കാര്യസാദ്ധ്യത്തിനായി കുലശേഖരനെ കണ്ടു് ഒരു വാഗ്വാദം നടത്താൻ അവർ മനസ്സാ ഒരുങ്ങിയിട്ടുണ്ടു്. ഇവരിൽ എല്ലാവരിലും കാര്യമായ സ്വാധീനം ചെലുത്താൻ കഴിവുള്ള ഒരു വ്യക്തിയുണ്ടു്. ആ വിധം സ്വാധീനശക്തിയുണ്ടെന്നു് അറിയാഞ്ഞിട്ടോ, അറിഞ്ഞുകൊണ്ടോ, എന്തോ ഒന്നും അറിഞ്ഞില്ലെന്നുള്ള ഭാവത്തിലാണയാൾ വർത്തിക്കുന്നതു്. ആണ്ടാൾപദ്ധതി അനുസരിച്ചു്, ഇനി സമീപിക്കപ്പെടേണ്ടയാൾ ആണു് അതു്—വയ്യാപുരി. കാര്യക്കാരൻ വയ്യാപുരിക്കു് പെരുമാളിൻെറ അടുത്തും കുലശേഖരൻെറ മേലും ഉള്ള സ്വാധീനം അത്രയും ചെലുത്തി പെരുമാളിനെ സ്ഥാനത്യാഗസംരംഭത്തിൽ നിന്നു പിന്മാററണമെന്നു് ആവശ്യപ്പെടണം എന്നാണു് ആണ്ടാൾ ഉദ്ദേശിക്കുന്നതു്. പിന്മാറണമെന്നു് "ആവശ്യപ്പെട്ടുക" എന്നാണു് മനസ്സിൽ വന്നതു്. ആവശ്യപ്പെട്ടുക എന്നതു്, അഭ്യർത്ഥിക്കുക എന്നു മാററണം. അപ്പോൾ വിജയസാദ്ധ്യത വർദ്ധിക്കും എന്നും ആണ്ടാൾ കണക്കു കൂട്ടാതിരുന്നില്ല.

രണ്ടു നാലു ദിവസങ്ങൾ കഴിഞ്ഞുമാത്രമെ വയ്യാപുരി യോടു സൗകൎയ്യമായി സംസാരിക്കുന്നതിനു് ആണ്ടാൾക്കു സാധിച്ചുള്ളു. അവരുടെ സംഭാഷണം മററാരും കേൾക്കാതിരിക്കണം. ആരും ഇടയ്ക്കു വന്നു ശല്യപ്പെടുത്തുകയും അരുതു്. ഇതിലേയ്ക്കു വേണ്ട ചട്ടംകെട്ടുകൾ ചെയ്തു. അതു കാൎയ്യക്കാർ അറിയണമെന്നില്ലല്ലൊ !

ആണ്ടാൾ ലോഹ്യം പറച്ചിലിനും മുഖവുരയ്ക്കുമായി സമയം അധികം കളയാതെ, കാൎയ്യത്തിലേയ്ക്കു് കടന്നു. അവർ പറഞ്ഞു, "നമ്മുടെ രാജ്യത്തിൻെറയും, രാജകുടുംബത്തിൻെറയും പ്രജകളുടെയും താല്പൎയ്യങ്ങളെ വളരെ അധികം സ്പൎശിക്കുന്ന ഒരു അതിപ്രധാന കാൎയ്യത്തെപ്പററി കാൎയ്യക്കാരോടു സംസാരിക്കാനുണ്ടു്. കുറച്ചു സമയം എടുത്തേയ്ക്കും.

കാൎയ്യ :—പെരുന്തേവിയുടെ ഇഷ്ടവും സൗകൎയ്യവുംപോലെ...

ആണ്ടാ :—സ്വന്തനിലയിൽ ഇതിലൊന്നിലും എനിക്കു വലിയ താല്പൎയ്യമില്ല. എങ്കിലും എല്ലാവരുടേയും താല്പൎയ്യങ്ങൾ എന്നു പറയുമ്പോൾ, എൻേറതും ഉൾപ്പെട്ടുമല്ലൊ.

കാൎയ്യ :—അങ്ങിനെയാണു്.

ആണ്ടാ :—പെരുമാൾ തിരുമനസ്സുകൊണ്ടു് ആ ബൌദ്ധമാന്ത്രികൻെറ പിടിയിൽ പെട്ടിരിക്കയാണല്ലൊ.

കാൎയ്യ :—ഉള്ള അഭിപ്രായം പറയണമൊ അതൊ.........

ആണ്ടാ :—അഭിപ്രായം തുറന്നു തന്നെ പറയണം. മറച്ചു വച്ചുകൊണ്ടിരുന്നാൽ വിശേഷമൊന്നുമില്ല.

കാൎയ്യ :—അങ്ങിനെ തന്നെ ചെയ്യാം. തിരുമേനി ഒരാളിൻെറ പിടിയിൽ അങ്ങിനെ പെട്ടുപോകയും മററുമില്ല.

ആണ്ടാ :—ഈ ബൌദ്ധൻ വിദേശത്തു നിന്നു മന്ത്രവിദ്യയും കൊണ്ടുവന്നതാണല്ലൊ. അതു് നമ്മുടെ നാട്ടിലേതിനേക്കാൾ ശക്തിയുള്ളതായിരിക്കാം.

എതിൎത്തു വാദിക്കാൻ പോയാൽ അവസാനം കാണുക എളുപ്പമായിരിക്കയില്ലെന്നു തോന്നിയതുകൊണ്ടു്, കാൎയ്യക്കാരൻ നയം അല്പം മാററി. അദ്ദേഹം മൂളി കേൾക്കുകയാണു്.

ആണ്ടാൾ തുടൎന്നു "ആ ബൌദ്ധൻെറ പിടിയിൽ അമൎന്നു പോയി എന്നു തീൎച്ചയാണു്. അല്ലെങ്കിൽ ആരെങ്കിലും രാജസ്ഥാനത്തു നിന്നു് ഇറങ്ങി സന്യസിക്കാൻ കാട്ടിലേയ്ക്കു് ഓടുമൊ?

കാൎയ്യ:—പഴയ കാലത്തു് രാജാക്കന്മാരും മററും.........

ആണ്ടാ:—അതു പഴയ കാലത്തെ കാൎയ്യമല്ലെ? എന്നാൽ തന്നെയും എന്തെങ്കിലും സൈ്വരക്കേടുണ്ടാകയൊ, കലാപങ്ങൾ വന്നുകൂടുമെന്നു ഭയപ്പെടുകയൊ ചെയ്യുമ്പോഴായിരിക്കാം ഉന്നതസ്ഥാനമുള്ളവർ അതു പേക്ഷിച്ചു് ഇറങ്ങി കാടു കേറുന്നതു്.

കാൎയ്യക്കാരൻ കേട്ടുകൊണ്ടാണിരിക്കുന്നതെന്നു് ധരിപ്പിക്കുന്നതിനു മൂളുക മാത്രം ചെയ്തു. ആണ്ടാൾ തുടൎന്നു. "ഇവിടുത്തെ സ്ഥിതി അതുവല്ലതുമാണോ. രാജ്യത്തു യാതൊരു കലാപവും കുഴപ്പവും ഇല്ല, ആ നമ്പൂരിമാർ കുറെ ഒച്ചപ്പാടുണ്ടാക്കിയതെല്ലാം ഒതുങ്ങി. തിതിയൻ ഒന്നു തെളിഞ്ഞു. അയാളുടെ നട്ടെല്ലു വളഞ്ഞതു തന്നെ ഫലം. അതും അവസാനിച്ചു. ഏതെങ്കിലും രാജ്യത്തെ പടത്തലവൻ, അയൽ രാജ്യത്തു നിന്നു് ആക്രമണം നടത്തണമെന്നാവശ്യപ്പെട്ടാൽ, പിന്നെ ആ രാജ്യം ബാക്കി കാണുമൊ? പടത്തലവൻെറ ക്ഷണം സ്വീകരിച്ച രാജാവിൻെറ കീശയിൽ ആകും എല്ലാം നാലു ദിവസത്തിനകം. തിതിയൻ ക്ഷണിച്ചിട്ടും ചോഴൻ അനങ്ങാതിരുന്നതു്, ചെയ്ത സഹായം ഓൎത്തുമാത്രമല്ല. ഇങ്ങോട്ടു വന്നാൽ ഒന്നും സാധിക്കയില്ലെന്നു ശരിക്കറിയാമായിരുന്നതുകൊണ്ടാണു്. ഈ വിധം തങ്കപ്പെട്ട രാജ്യവും ഉറപ്പുള്ള ഒരു ഭരണകൂടവും ഉപേക്ഷിച്ചു് ഇറങ്ങിപ്പോകാനാണു് തിരുമേനി ആലോചിക്കുന്നതു്. അബദ്ധം പ്രവൎത്തിക്കരുതേ എന്നു ഞാൻ പറഞ്ഞു. കരഞ്ഞു പറഞ്ഞു. അതോടുകൂടെ നിശ്ചയം കുറേക്കൂടെ ഉറച്ചു എന്നു തോന്നുന്നു.

കാര്യ :—ഇവിടുന്നു് അറിയുന്നതു പോലെ, പെരുമാൾ തിരുമേനിയെ അടുത്തറിഞ്ഞിട്ടുള്ളവർ ആരും ഉണ്ടായിരിക്കയില്ലല്ലൊ. ഞാൻ കുറെ എല്ലാം അടുത്തറിഞ്ഞിട്ടുണ്ടു്. അനുഭവത്തിൽ വന്നിട്ടുള്ള ഒരു കാര്യമാണു്-വളരെ കാര്യമായി ആലോചിക്കാതെ ഗൌരവമുള്ള സംഗതികൾ തീച്ച്പ്പെടുത്തുകയില്ലെന്നുള്ളതു്. ഒരിക്കൽ തീച്ച്പ്പെടുത്തിക്കഴിഞ്ഞാൽ, ആ തീപ്പ് ഇളക്കുകയുമില്ല. എന്നാൽ അവിടത്തെ അഭിപ്രായവും നിശ്ചയവും തെററിപ്പോയി എന്നു തെളിയിച്ചു കൊടുത്താൽ സംശയമൊന്നും കൂടാതെ പിന്മാറുകയും ചെയ്യും. നല്ല ചങ്കുറപ്പുള്ളവക്കേ അതു സാധിക്കുകയുള്ളൂ.

ആണ്ടാ :—ഇവിടത്തെ നിശ്ചയം അത്ര ശരിയല്ല, ആവശ്യമില്ലായിരുന്നു എന്നു് എന്നാൽ കഴിവതു ശക്തിയായി, ഒടുവിൽ കണ്ണുനീരോടുകൂടി ഞാൻ പറഞ്ഞു. ആരു കേൾക്കാനാണു്. കാര്യക്കാരൻ ഒന്നു പറഞ്ഞു സമ്മതിപ്പിക്കണമെന്നാവശ്യപ്പെടാനാണു്, കണ്ടാൽ കൊള്ളാമെന്നു ഞാൻ അറിയിച്ചതു്.

കാര്യ :—പെരുന്തേവി നിർബ്ബന്ധമായി ആവശ്യപ്പെട്ടിട്ടും കണ്ണീരോടെ അപേക്ഷിച്ചിട്ടും സ്വീകരിക്കാത്തതു് ഞാൻ പറഞ്ഞാൽ......

ആണ്ടാ :—സ്ത്രീ പറയുന്നതു കേട്ടു പ്രവത്തിക്കരുതെന്നു് വച്ചായിരിക്കാം.

കാര്യ :—അങ്ങിനെയുള്ള നിസ്സാര കാര്യങ്ങൾ തിരുമേനിയുടെ പ്രവൃത്തികളെ നിയന്ത്രിക്കയേ ഇല്ല.

ആണ്ടാ :—പിന്നെ എന്തുകൊണ്ടാണു് ഈ വിധം നിർബ്ബന്ധം പിടിക്കുന്നതു് എന്നു് എനിക്കറിഞ്ഞുകൂടാ.

കാര്യ :—തിരുമേനിയുടെ അഭിപ്രായത്തിൽ വളരെ നന്നെന്നു തോന്നി ചെയ്ത തീരുമാനത്തിൽ നിന്നു പിന്മാറാൻ തക്ക ന്യായങ്ങൾ ഒന്നും കണ്ടിപ്പായിരിക്കാം.

ആണ്ടാ:—എനിക്കു് അറിയാവുന്ന ന്യായങ്ങൾ എല്ലാം കാണിച്ചു. ഒന്നും സ്വീകാര്യമല്ലെന്നു വരുമോ? എനിക്കു വാദിക്കാനറിയാൻ പാടില്ലാത്തതുകൊണ്ടായിരിക്കാം. കാര്യക്കാർ ഒന്നു സംസാരിച്ചാൽ......

കാര്യ:—നമ്മുടെ വാദത്തിൻെറ വിശേഷം കൊണ്ടൊന്നും തിരുമേനിയെ കീഴ്പ്പെടുത്താൻ പററുകയില്ല. വാദിക്കേണ്ടയാവശ്യമേ ഇല്ല. ഒരു കാര്യം പറഞ്ഞാൽ അതിൻെറ അങ്ങേ അററം വരെ കാണാൻ അവിടുത്തേയ്ക്കു സാധിക്കും. ക്ഷണത്തിൽ, അതിൻെറ ഗുണവും ദോഷവും തമ്മിൽ തട്ടിച്ചു നോക്കി തീരുമാനത്തിലെത്തും. അങ്ങിനെ എത്തുന്ന തീരുമാനത്തിൽ ഉറച്ചു നിന്നാൽ, ഇളക്കാൻ പിന്നെ നോക്കാതിരിക്കയായിരിക്കും നന്നു്.

ആണ്ടാ:—എന്നാലും കാര്യക്കാർ കാര്യമായി പറഞ്ഞാൽ സമ്മതിക്കാതിരിക്കയില്ല.

കാര്യ:—തിരുമേനി ചെയ്ത തീരുമാനം ശരിയായില്ലെന്നു പറയാൻ ഞാനാരാണു്. അതിനുള്ള കഴിവു് എനിക്കുണ്ടോ. അതാണൊരു ബുദ്ധിമുട്ടു്.

ആണ്ടാ:—എന്നു വച്ചാൽ?

കാര്യ:—പ്രായമായാൽ വാനപ്രസ്ഥം സ്വീകരിക്കുക പ്രാചീനമായ ഒരു നല്ല നടപടിയാണെന്നാണു് എൻെറ അഭിപ്രായം. അങ്ങിനെയുള്ള ഉത്തമമായ ഒരു പ്രവൃത്തി ചെയ്യരുതെന്നു് എങ്ങിനെ അപേക്ഷിക്കും? അപേക്ഷിച്ചാൽ ഫലം കിട്ടുകയുമില്ല.

ആണ്ടാ:—അപ്പോൾ തിരുമേനി സ്ഥാനം ഒഴിയണമെന്നാണോ കാര്യക്കാരുടെ അഭിപ്രായം.

കാര്യ:—അങ്ങിനെയല്ല, തിരുമേനി വാനപ്രസ്ഥത്തിനു് പുറപ്പെടാൻ തീർച്ചപ്പെടുത്തിക്കഴിഞ്ഞു. ആ തീർപ്പു തെററിപ്പോയി, പുനരാലോചന ചെയ്യണം എന്നു പറയാനുള്ള ശക്തിയില്ലെന്നാണു്......

ആണ്ടാ:—രണ്ടും ഒന്നുതന്നെ അല്ലേ?

കാര്യ്യ:—അങ്ങിനെ പറഞ്ഞാൽ.......

ആണ്ടാ:—പോകട്ടെ. സ്ഥാനത്യാഗം ചെയ്തു കഴിഞ്ഞാലത്തെ സ്ഥിതി എന്തായിരിക്കും, എന്തായിരിക്കണം എന്നാണു് ഇനി ഓക്കാനുള്ളതു്.

കാര്യ്യ:—സ്ഥാനത്യാഗം ചെയ്യണമെന്നു തീരുമാനിച്ച തിരുമേനിക്കു്, അതു കഴിഞ്ഞാൽ എന്തൊക്കെ, എങ്ങിനെ എല്ലാം നടക്കണം നടത്തണം, എന്നു് അറിയാം. വളരെ ദൂരം കാണാനുള്ള കഴിവുണ്ടു്. അദ്ദേഹം കാണുകയും തീരുമാനിക്കുകയും ചെയ്യുന്നവ, നമ്മൾ അപ്പടിയെ സ്വീകരിച്ചുകൊണ്ടാൽ മതി.

അവിടെയും ആണ്ടാളിൻെറ അഭിപ്രായം കാര്യ്യക്കാർ സ്വീകരിക്കുന്ന മട്ടല്ല കാണുന്നതു്. എന്നിട്ടും നിരാശപ്പെട്ടുവാൻ മാത്രം വാനവരമ്പൻെറ പെരുന്തേവി തയ്യാറില്ല. ഒന്നുകൂടെ ശ്രമിച്ചുനോക്കുക. വേണ്ടിവന്നാൽ പിന്നെയും ശ്രമിക്കണം എന്നാണാ മഹിളയുടെ നിശ്ചയം. അവർ പറഞ്ഞു "തിരുമേനി അസാധാരണനാണു്, മിക്കവാറും അമാനുഷൻ തന്നെയാണു്. കാര്യ്യക്കാരുടെ ആ അഭിപ്രായം എനിക്കും സ്വീകാര്യ്യമാണു്. ദേവന്മാക്കുപോലും പ്രമാദം പററിയിട്ടുണ്ടല്ലൊ. അപ്പോൾ മനുഷ്യരുടെ കാര്യ്യം പറയാനുണ്ടോ? തിരുമേനി അസാധാരണനാണെങ്കിലും മനുഷ്യനാണു്. അതുകൊണ്ടു് മനുഷ്യസഹജമായ ബലഹീനതകൾ ഉണ്ടാവാം, അങ്ങനെ ഒന്നാണു് ഇവിടെ ഉണ്ടായിരിക്കുന്നതു്. ആ തെററു തിരുത്തണം എന്നു കാര്യ്യക്കാർ ആവശ്യപ്പെടണം. തെററന്തെന്നു ചൂണ്ടിക്കാണിച്ചു ബോദ്ധ്യപ്പെട്ടുത്തിയാൽ താനെ തിരുത്തും........

കാര്യ്യ:—തെററുപററി എന്നു ബോദ്ധ്യപ്പെട്ടുത്തിയാൽ തിരുത്തുമെന്നുള്ളതിൽ സംശയമൊന്നുമില്ല. ഇവിടെ എന്തു തെററാണൊ ചൂണ്ടിക്കാണിക്കാനുള്ളതു്—സ്ഥാനത്യാഗം ചെയ്യുന്നതു് തെററായി എണ്ണാനില്ല.

ആണ്ടാ:—ഒഴിയുന്ന സ്ഥാനത്തു് ആരെ അവരോധിക്കണം എന്നു് തിരുമേനി ശരിക്കു ആലോചിച്ചില്ലെന്നാണെൻെറ ഭയം.

കാര്യ്യ :—അങ്ങനെ തോന്നാൻ കാരണം ?

ആണ്ടാ :—ധീരവീര പരാക്രമശാലിയായ ചേരൻ വാനവരമ്പൻ ഒഴിയുന്ന സ്ഥാനത്ത് എട്ടുംപൊട്ടും തിരിയാത്ത കുലനെ പ്രതിഷ്ഠിക്കാമെന്നാണ് തിരുമേനിയുടെ അഭിപ്രായം.

കാര്യ്യ :—അതല്ലേ ശരിയായിട്ടുള്ളത്? അദ്ദേഹമല്ലെ അവകാശി.

ആണ്ടാ :—എട്ടുംപൊട്ടും തിരിയാത്ത ആ കൊച്ചനെ പിടിച്ചുവച്ചാൽ എല്ലാം കുളം,.... .....അല്ല, കുഴപ്പത്തിലാകുമെന്നുള്ളതിൽ സംശയമില്ല.

കാര്യ്യ :—എന്താണങ്ങിനെ പറയുന്നത്. കൊച്ചുതിരുമേനിക്കു പ്രായത്തിൽകവിഞ്ഞ വിവേകവും ബുദ്ധിസാമർത്ഥ്യവുമുണ്ട്. അവിടുന്നു ശരിയായി ശോഭിക്കുമെന്നാണെന്റെ വിശ്വാസം. മാത്രമല്ലാ അദ്ദേഹം അല്ലാതെ വേറെ ആരാണുള്ളത്.

ആണ്ടാ :—അക്കമ്മാൾ ഉണ്ട്. കുലനെക്കാൾ പതിന്മടങ്ങു വിവേകവും ബുദ്ധിസാമർത്ഥ്യവും ഉണ്ട്.........

കാര്യ്യ :—അവകാശി.........

ആണ്ടാ :—അക്കമ്മാളും ചേരന്റെ മകളല്ലെ ? അവളും അവകാശി തന്നെ.......

കാര്യ്യ :—ഇവിട്ടത്തെ കീഴനടപ്പ് നോക്കേണ്ടയൊ.

അണ്ടാ :—കീഴ്നടപ്പ് ഉണ്ടാകണമെങ്കിൽ ആരെങ്കിലും എന്നെങ്കിലും ഒരിക്കൽ തുടങ്ങിയതല്ലയൊ ? അങ്ങിനെയല്ലാതെ കീഴ്നടപ്പുണ്ടാകുന്നതെങ്ങിനെയാണ്.

കാര്യ്യ :—അതു ശരിയാണ്. കൊച്ചുതിരുമേനി നന്നാ ചെറുപ്പമായതുകൊണ്ട് ഭരണമേററാൽ എല്ലാം കുഴപ്പത്തിലാകുമെന്നു സൂചിപ്പിച്ചു. കൺമണിക്കു പ്രായം കുറെക്കൂടെ കുറവാണല്ലോ. അപ്പോൾ.........

ആണ്ടാ :—അവൾ പെണ്ണായതുകൊണ്ട് മററുള്ളവർ പറയുന്നത് അനുസരിക്കും.

പെരുന്തേവിയുടെ ലാക്ക് എന്താണെന്നു കാൎയ്യക്കാരൻ സംഭാഷണം ആരംഭിച്ച് അധികം താമസിയാതെ തന്നെ ഊഹിച്ചതാണ്. അനുമാനം തെററാണെന്നു വരാമല്ലൊ. കുറെക്കൂടെ തെളിഞ്ഞുവരുമൊ എന്നുകാണട്ടെ എന്നു വച്ച് തുടരുകയായിരുന്നു. ഇപ്പോൾ ശരിക്കു തെളിഞ്ഞു. മകളെ സിംഹാസനത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് ശരിക്കൊന്നു ഭരിക്കാമെന്നാണ് പെരുന്തേവിയുടെ ലാക്ക്! പെരുമാൾ തിരുമേനി അത് ശരിക്കുതന്നെ മനസ്സിലാക്കിയിട്ടുണ്ടാവും. തിരുമേനി ഒരുകാലത്തും അതിനു വഴിപ്പെടുകയില്ലനിശ്ചയം. പെരുന്തേവിയോടു എതിരുപറഞ്ഞു മുഷിച്ചിൽ സമ്പാദിക്കേണ്ട ആവശ്യമില്ല. മൂളിക്കേട്ടു പിരിഞ്ഞാൽ മതി, എന്നുറച്ചുകൊണ്ട് വയ്യാപുരി മറുപടിപറഞ്ഞു "അതു ശരിയാണ്. കൺമണി കുമാരി ആയയുംകൊണ്ടു് അമ്മയും മററും പറയുന്നതു കേൾക്കും"

ആണ്ടാ:—അതല്ലെ ഞാൻ ഇത്രമാത്രം നിർബ്ബന്ധിക്കുന്നതു്. തിരുമേനിയെ ഞാൻ എല്ലാം അറിയിച്ചു. ആവാം എന്നു സമ്മതിക്കുന്നില്ല. കാൎയ്യക്കാർ സമയംപോലെ വേണ്ടവിധം ഒന്നു ധരിപ്പിച്ചാൽ കാൎയ്യം സാധിച്ചു എന്നുവരാം. ഇതൊന്നും മറക്കുന്ന കൂട്ടത്തിലല്ല ഞാൻ എന്നറിയാമല്ലൊ.

പ്രീണിപ്പിക്കാനും തയ്യാറാണെന്നു പെരുന്തേവി അങ്ങനെ സൂചിപ്പിച്ചു. അതു മനസ്സിലായില്ല എന്നു ഭാവിക്കുന്നതു് അബദ്ധമാണ്. പ്രീണിപ്പിക്കാമെന്ന് ഉറപ്പുകിട്ടിയതുകൊണ്ടു് ചായുന്നു എന്നു വരുന്നതു് അതിലധികം അബദ്ധമായി പരിണമിക്കാനാണ് എളുപ്പം. അര നിമിഷം ആലോചിച്ചു. തീരുമാനത്തിൽ എത്തി മറുപടി കൊടുത്തു, "അടിയൻ ജീവനുള്ള കാലത്തോളം വിശ്വസ്തതയോടുകൂടെ സേവിക്കും എന്നു തിരുമേനിക്കു ബോദ്ധ്യമുണ്ടെന്നു പലപ്പോൾ കല്പിച്ചിട്ടുള്ളതാണെന്നു് ഇവിടെയും അറിയാമല്ലോ".

വയ്യാപുരിയുടെ മറുപടി രണ്ടു തരത്തിൽ വ്യാഖ്യാനിക്കാമെന്നു്, ഉത്സാഹത്തിരത്തള്ളൽ കാരണം കാണാൻ ആ

ണ്ടാൾക്കു കഴിഞ്ഞില്ല. അവർ സംതൃപ്തയായി പറഞ്ഞു "അതിലധികം ഒരുമനുഷ്യനാലും സാധിക്കയില്ലല്ലൊ. ഇനി തിരുമേനിയുമായി സംസാരിക്കുമ്പോൾ വേണ്ടതരത്തിൽ .........മനസ്സിലായില്ലെ"

കാര്യ്യ:—മനസ്സിലായി. കല്പിച്ച് ചോദിക്കാതെ ഈ വിഷയത്തിലേയ്ക്കു കടക്കാൻ എനിക്ക് അവകാശമില്ലെന്ന് ഓക്കണേ........

ആണ്ടാ:—ഞാൻ ഒന്നും മറക്കുന്ന കൂട്ടത്തിലല്ല എന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. ഈ വിഷയം സംഭാഷണത്തിൽ വരും. അപ്പോൾ വേണ്ടവിധം തിരുമേനിയെ ധരിപ്പിച്ചാൽ മതി.

അങ്ങനെ ചെയ്തുകൊള്ളാമെന്ന് കാര്യ്യക്കാർ സമ്മതിച്ചു. സംഭാഷണം അവസാനിച്ചു.

കാര്യ്യക്കാരനെ പ്രീണിപ്പിക്കാമെന്നു നൽകിയ സൂചനയ്ക്കു നയതന്ത്രത്തിൽ ഉന്നതമായ ഒരു സ്ഥാനം കൊടുക്കുന്നതിൽ തെററില്ല; അതാണ് വിജയിപ്പിച്ചത് എന്നായിരുന്നു, വിജയം വരിച്ചുകഴിഞ്ഞു എന്നു വിശ്വസിച്ച ആണ്ടാളുടെ അഭിപ്രായം. കാര്യ്യക്കാർ പാട്ടിലായിക്കഴിഞ്ഞു. അതോട്ടുകൂടെ തൻെറ സർവശക്തികളും കേന്ദ്രീകരിച്ച് ഒരു ആക്രമണം നടത്തിയാൽ ശീതസമരം അവസാനിപ്പിക്കാൻ പാറും എന്ന് അവർ നിശ്ചയിച്ചു. ഉടനടി നടക്കേണ്ടതു് പെരുമാളിനെ സ്വാധീനപ്പെടുത്തികൊടുത്തുകൊള്ളാം എന്ന് ഉറപ്പുകൊടുത്ത മന്ത്രവാദികളുടെ പ്രവൎത്തനങ്ങൾ ത്വരിതപ്പെടുത്തുകയാണ്. അവർ ആവശ്യപ്പെട്ട കുരുതികൾ കഴിക്കുന്നതിനു് പററിയ മുഹൂൎത്തും ഇതാണ്. കറുത്ത പൂവൻകോഴിയും കറുത്ത മുട്ടാട്ടും ഉണ്ടാവാൻ പണിയില്ല. ആറാറു് എണ്ണം വീതം വന്നുകഴിഞ്ഞു. ആൺകരിങ്കുരങ്ങിനെ പിടിക്കാൻ നാലുവഴിക്കും ആളുകളെ അയച്ചിട്ടുണ്ട്. സുന്ദരിയായ കന്യകയാണല്ലൊ പിന്നെ ആവശ്യം. അതിലേയ്ക്കു ആണ്ടാൾ തെരഞ്ഞെടുത്ത പെൺകുട്ടിയെ പെരുങ്കോയിലകത്തു കൊണ്ടുവന്നു താമസിപ്പിച്ചിരിക്കുന്നു. നരബലി വേണമെന്നു നിശ്ചയിച്ച മന്ത്രവാദിയെ വരുത്തി ആ യുവതിയെ കാണി

ച്ചു. പ്രായം, സൌന്ദര്യം ഇവ എല്ലാം തൃപ്തികരമെന്നു് അയാൾ സമ്മതിച്ചു. തന്നെ പെരിങ്കോയിലകത്തു് പ്രത്യേകസേവനത്തിനായി തെരഞ്ഞെടുത്തു എന്നു ധരിച്ചു് അത്യധികം സന്തോഷത്തിൽ കഴിയുകയാണാകന്യക.

പെരുന്തേവിയുടെ സ്വാധീനം എത്രമാത്രമാണെന്നു് തെളിയിക്കേണ്ടയാവശ്യം ഉണ്ടായിരുന്നെങ്കിൽ, അതു് അടുത്തദിവസം ഹാജരാക്കപ്പെട്ട അഞ്ചു് ആൺകരിങ്കുരങ്ങുകൾ തെളിയിക്കുമായിരുന്നു. മന്ത്രവാദികൾ ഹാജരാകാൻ പെരുന്തേവി കല്പന കൊടുത്തു. നാലാളും നാലുദിവസം വരണമെന്നാണു്. അവർ തമ്മിൽ മത്സരമുണ്ടെന്നു പ്രസിദ്ധമാണു്. മററൊരുവൻെറ സഹായംകൂടി പെരുന്തേവി തേടുന്നുണ്ടെന്നറിഞ്ഞാൽ, മന്ത്രവാദികളിൽ ഒരുവൻ പോലും, ഫലം കിട്ടത്തക്കവിധം കുരുതി കഴിക്കുകയില്ല. മാത്രമല്ല അവൻെറ എതിരാളിയുടെ പ്രവത്തനങ്ങൾ ഫലരഹിതമാക്കുന്നതിനു് വേണ്ടതു്, തൻെറ കുരുതിവഴി പ്രയോഗിക്കുകയും ചെയ്യും എന്നു് ആണ്ടാൾക്കു് "അറിയാം". അതുകൊണ്ടു മന്ത്രവാദികൾ തമ്മിൽ കാണുകയൊ, ഒരുവനും അവൻ അല്ലാതെ മററാരെങ്കിലും ഈ കാര്യത്തിൽ പ്രവത്തിക്കുന്നു എന്നു മനസ്സിലാക്കുകയൊ ചെയ്യാതിരിക്കാൻ പ്രത്യേകം നിഷ്കഷ ചെയ്തിരുന്നു.

മന്ത്രവാദികൾ നാലുപേരും വന്നു. ഒരോരുത്തനും കുരുതിക്കുപററിയ ദിവസം കണ്ടുപടിച്ചു. അതിനാവശ്യമുള്ള വിഭവങ്ങൾക്കു കുറിപ്പടി ഉണ്ടാക്കിക്കൊടുത്തു. കുരുതികളെല്ലാം പിറെറന്നാൾ നടന്നാൽ കൊള്ളാമെന്നാഗ്രഹിച്ചിരുന്ന പെരുന്തേവിയെ ഭഗ്നാശയാക്കണമെന്നു് മന്ത്രവാദികൾ നാലും ചേന്നു ആലോചിച്ചു തീച്ചപ്പെടുത്തി എന്നു വരുമൊ? ഒരുവൻ പോലും ആ ആഴ്ചയിൽ, കുരുതിക്കു പററിയ ഒരു ദിവസം കണ്ടില്ല. ഏററം അടുത്ത മുഹൂത്തം പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞായിരുന്നു. അതു കരിങ്കുരങ്ങിനെ കുരുതികഴിച്ചു്, പെരുന്തേവിയുടെ ഇഷ്ടസിദ്ധി വരുത്താമെന്നു് ഏററ ആളാണു് കണ്ടുപിടിച്ചതു്. കരിങ്കോഴിക്കാരനു് പിന്നെയും പതിമൂന്നു ദിവസങ്ങൾ കൂടി കഴിഞ്ഞാണു് മുഹൂത്തം. മുട്ടാടുകാരൻ അവിടെ നിന്നു്

ആറുദിവസം കൂടെ മുമ്പോട്ടു പോയി. കന്യകയെ ബലി മൃഗമായി തെരഞ്ഞെടുത്തവനാണ് നാലു പേരിലും മണ്ടൻ. അയാൾ കുട്ടിക്കുറിച്ചു വന്നപ്പോൾ, കോഴിക്കുരുതി കഴിഞ്ഞു് ഇരുപത്തിഒന്നു ദിവസം കഴിഞ്ഞാണ് ഒരു മുഹൂർത്തം കണ്ടു പിടിച്ചതു്. അപ്പോൾ അമ്പത്തിഅഞ്ചു നീണ്ട ദിവസങ്ങൾ കഴിഞ്ഞാൽ മാത്രമെ ഇവയുടെ എല്ലാററിൻെറയും ഫലം കിട്ടാൻ പോകുന്നുള്ളു! തൻെറ കഷ്ടകാലം കൊണ്ടായിരിക്കുമൊ ഈ വിധം സംഭവിച്ചതു്, എന്നു ആണ്ടാൾക്കു സംശയം തോന്നി. എല്ലാ കുരുതികളും കഴിഞ്ഞു വരുന്നതിനു മുമ്പ് പെരുമാൾ സ്ഥാനത്യാഗം ചെയ്യുകയും കുലശേഖരനെ പെരുമാൾ സ്ഥാനത്തു് അവരോധിക്കയുംചെയ്തു കഴിയുമൊ? അദ്ദേഹം എന്തെങ്കിലും തീരുമാനിച്ചാൽ, എന്തെങ്കിലും ആരംഭിച്ചാൽ വേഗത്തിൽ നടത്തും. ചത്തഞ്ഞു കിടക്കുന്ന കൂട്ടത്തിലല്ല. മന്ത്രവാദി വിഡ്ഢികൾ ഒരുങ്ങി വരുമ്പോഴേക്കു് അദ്ദേഹം കാര്യം നടത്തിക്കഴിഞ്ഞാൽ? "മറുകുററി പാഞ്ഞു്" മന്ത്രവാദം നടത്തിച്ച ആളിനു് അതിൻെറ ദുഷ്യഫലം അനുഭവപ്പെട്ടു എന്നു വരുമൊ എന്നു ആണ്ടാൾക്കു ഭയമുണ്ടു്. എന്തു വന്നാലും മുമ്പോട്ടുതന്നെ പോകുക എന്നാണു് ഒടുവിൽ അവർ ഉറച്ചതു്.

പതിനഞ്ചു ദിവസം കഴിഞ്ഞു. കരിങ്കുരങ്ങിൻെറ കഥയുംകഴിഞ്ഞു. അതിനെ കുരുതി കഴിക്കുന്നതു എങ്ങിനെയാണെന്നു കണ്ടാൽ കൊള്ളാമെന്നു് ആണ്ടാൾക്കുണ്ടായിരുന്നു. പെരുന്തേവി കരിങ്കുരങ്ങു കുരുതി കാണാൻ പോയതു് എന്താണു്? എന്തൊ പ്രത്യേക ഉദ്ദേശം ഉണ്ടായിരിക്കും, എന്നു് പെരിങ്കോയിലകത്തെ അന്തേവാസികൾക്കു തോന്നാം. അവർ തുടന്നു് ആലോചനയും അന്വേഷണവും നടത്താനിടയാകാം. ആ വഴിക്കു തൻെറ ഉദ്ദേശം എന്താണെന്നു പെരുമാൾ അറിഞ്ഞാൽ കുഴപ്പമുണ്ടാവാം, എന്നു ഭയന്നു അവർ കുരുതി നടന്നു എന്നുള്ള അറിവുകൊണ്ടു മാത്രം തൃപ്തിപ്പെടാൻ നിർബ്ബന്ധിതയായി. കുരുതികൊണ്ടു ഫലം ഉണ്ടാകും എന്നുള്ളതിൽ ആണ്ടാൾക്കു സംശയമൊന്നുമില്ല. നാലു കുരുതികളും കഴിഞ്ഞാൽ മാത്രമെ ഫലം സിദ്ധിക്കയുള്ളു എന്നുവന്നാൽ, അവസരം നഷ്ടപ്പെട്ടു പോകയില്ലെ എന്നു ഭയമുണ്ടു്. കരിങ്കുരങ്ങിനെ ബലികഴി

ച്ചതുകൊണ്ടു, ഫലം എന്തെങ്കിലും ഉണ്ടാകുന്നൊ, ഉണ്ടാകുമൊ എന്നു് പ്രതീക്ഷയോടും അല്പം ആശങ്കയോടും കൂടെ കാത്തിരിക്കയാണു് ആണ്ടാൾ. മൂന്നാം ദിവസം, കുലശേഖരൻ സവാരി ചെയ്ത കുതിര മുട്ടമടക്കി, കുതിരപ്പുറത്തു നിന്നു കുമാരൻ തെറിച്ചു ദൂരത്തു വീണു. ആ വാൎത്ത ആണ്ടാളെ അസ്വസ്ഥയാക്കി. കുലശേഖരൻ രാജസ്ഥാനം പ്രാപിക്കാതിരിക്കുന്നതിനല്ലെ മന്ത്രവാദികളുടെ സഹായം തേടുകയും, കുരുതികഴിപ്പിക്കയും ചെയ്തതു്? അതിൻെറ ഫലമാണൊ ഇൗ കണ്ടതു്? കുലനു് ഭരണം ഏല്ക്കാൻ കഴിവില്ലാത്ത നില ഏതു വിധം വന്നുചേൎന്നാലും തൻെറ ശ്രമത്തിനു ഫലമായി എന്നുവെച്ചു്, കുലനെ കാലനുക്കു് അയച്ചു കളയാമെന്നു് വിധി വിധിക്കുമൊ മാതൃഹൃദയം വേദനപ്പെട്ടു. എന്നാൽ സ്ത്രീഹൃദയത്തിനു് പറയത്തക്കമാററം സംഭവിച്ചില്ല. കുലശേഖരൻ അന്തരിക്കണമെന്നു് ആഗ്രഹിക്കുന്നില്ല. വാനവരമ്പൻ പെരുമാൾ പദം ഉപേക്ഷിക്കാതിരുന്നാൽ തൻെറ പ്രാൎത്ഥനയ്ക്കു ഫലം ആയി. അല്ല, അദ്ദേഹം സ്ഥാനത്യാഗം ചെയ്യയാണെങ്കിൽ രാജ്യത്തിൻെറയും പ്രജകളുടെയും ഗുണത്തിനു് അക്കമ്മാൾക്കു സ്ഥാനം കൊടുക്കണമെന്നല്ലാതെ, കുലനു് എന്തെങ്കിലും അപകടം സംഭവിക്കണമെന്നു താൻ ആഗ്രഹിക്കുന്നില്ലല്ലൊ; ഇതായിരുന്നു ആണ്ടാൾ, അവരെ തന്നെ തൃപ്തിപ്പെടുത്തുന്നതിനു കണ്ടുപിടിച്ച സമാധാനം. ചിന്ത അത്രയും ആയപ്പോൾ, "ഭരണം ഏൾക്കാൻ ഞാൻ തയ്യാറില്ല, വേണ്ടാ, അണ്ണനാണു് അവകാശി, അദ്ദേഹത്തെ സ്ഥാനത്തു പ്രവേശിപ്പിക്കണം. ഞാൻ ആ സിദ്ധനെ ബഹുമാനിക്കുന്നു. അദ്ദേഹത്തിൻെറ വേദം എനിക്കും സ്വീകാൎയ്യമാണു്" എന്നു അക്കമ്മാൾ തുറന്നു പറഞ്ഞതു് ഓൎത്തു. "അതു സാരമില്ല, അവളെ ഇഷ്ടം പോലെ വളൎത്താം", എന്നു തൽക്ഷണം മനസ്സുകൊണ്ടു് ഉറച്ചു സമാധാനപ്പെടുകയും ചെയ്തു.

വാനവരമ്പൻ സ്ഥാനത്യാഗത്തിനുള്ള ഒരുക്കങ്ങൾ മനസ്സുകൊണ്ടു പൂൎത്തിയാക്കിയും, മാൎതോമ്മാശ്ലീഹാ മടങ്ങിവരുന്നതിനു് അക്ഷമനായി കാത്തിരുന്നും ദിവസങ്ങൾ കഴിക്കുന്ന കുലശേഖരൻെറ നടപടികളിൽ വലിയ വ്യതിയാനമൊന്നും പ്രത്യക്ഷപ്പെടുന്നില്ല. എങ്കിലും ചുമതല തലയിൽ കേ

റാൻ പോകുന്നു എന്നുള്ള ചിന്ത, ആ യുവാവിൽ നിന്നു് യൌവ്വനത്തിൻെറ പ്രസരിപ്പു കുറെ എങ്കിലും തട്ടിമാററിയിട്ടുണ്ടു്. ചുമതലഭാരം തലയിൽ കേറുന്നു എന്നു ബോദ്ധ്യമായപ്പോൾ, സംസാരത്തിലും നടപടികളിലും, നടപ്പിൽ തന്നെയും ഫലനത്തിൻെറ ലക്ഷണങ്ങൾ, സൂക്ഷിച്ചു നോക്കിയാൽ കാണാൻ കഴിയും. മകനെ പെരുമാൾസ്ഥാനത്തു് അവരോധിക്കാൻ വാനവരമ്പൻ തീച്ചപ്പെടുത്തുകയും, അയാളുമായി അതേപ്പററി സംസാരിക്കയും ചെയ്തുവല്ലൊ. അന്നുമുതൽ കഴിവുള്ളപ്പോഴെല്ലാം എല്ലാ ദിവസവും ഏതാനും സമയം കുലനുമായി സംസാരിക്കുക പതിവാക്കിയിട്ടുണ്ടു്. രാജ്യതന്ത്രം,ഭരണതന്ത്രം, സമരതന്ത്രം ഇവയിലെ പ്രധാന മമ്മങ്ങൾ ഏവ യൊക്കെ എവിടെയൊക്കെ എന്നു് ആ യുവാവിനു് പെരുമാൾ പറഞ്ഞു കൊടുക്കുകയാണു്. വെള്ളത്തിൽ വീണ എരുമക്കിടാവിനെപ്പോലെയാണു കുലൻ. ഭരണതന്ത്രമെന്ന നീന്തൽ പഠിപ്പിക്കേണ്ടതില്ല. അപ്പ, സൂചിപ്പിച്ചാൽ അതിൻെറ അങ്ങേ അററം വരെ അയാൾ കാണും. തൻെറ പുത്രൻ അങ്ങിനെ എല്ലാം നിഷ്പ്രയാസം മനസ്സിലാക്കുമ്പോൾ പിതാവു് സ്വഗ്ഗസുഖം അനുഭവിക്കയാണു് ചെയ്യുന്നതു്. സ്ഥാനത്യാഗം കൂടാതെ കഴിക്കരുതൊ എന്നു കുലശേഖരൻ പല പ്രാവശ്യം അപ്പയോടു ചോദിച്ചു. ആ ചോദ്യം കേവലം ലോഹ്യത്തിനു വേണ്ടി അല്ലെന്നു വാനവരമ്പനു് ബോദ്ധ്യമാണു്.

അധികാരത്തിൽ പ്രവേശിക്കാൻ ഉത്സാഹമുണ്ടെങ്കിലും ധൃതി ഒന്നുമില്ലെന്നും, അപ്പ കുറെ കാലം കൂടെ ഭരിച്ചു കഴിഞ്ഞു് അയാൾക്കു ഭരണം കിട്ടിയാൽ മതി എന്നാണു് പുത്രൻെറ അഭിപ്രായവും ആഗ്രഹവും എന്നും വാനവരമ്പനു് ഈ സംഭാഷണങ്ങൾവഴി ബോദ്ധ്യമായി. അല്പ ദിവസം കൊണ്ടു്, അപ്പയും മകനും തമ്മിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത തരത്തിൽ കൂട്ടതൽ അടുത്തു. വാനവരമ്പൻ അദ്ദേഹത്തിൻെറ മതപരിവത്തനത്തെപ്പററിയും, നസ്രാണിമാഗ്ഗത്തിൻെറ മാഹാത്മ്യങ്ങളെപ്പററിയും പലപ്പോൾ സൂചനകൾ നല്കി. കുലശേഖരനു് അതിൽ താല്പയ്യമുള്ള ലക്ഷണം കണ്ടില്ല. മകനെ നിബ്ബന്ധിച്ചു നസ്രാണി മതത്തിൽ ചേക്കുകയില്ല. എന്നാൽ അയാൾ അതിൽ പ്രവേ

ശിക്കാൻ പ്രേരണ നൽകേണ്ടതു് തൻെറ ധമ്മമാണെന്നു വാനവരമ്പൻ വിശ്വസിക്കുന്നു. അതുകൊണ്ടു് വീണ്ടും വീണ്ടും സൌകര്യം ഉണ്ടാകുമ്പോൾ ആ വിഷയം മുമ്പോട്ടു കൊണ്ടുവരും. കുലശേഖരനെ ആ മതം ആകർഷിക്കുന്നില്ല എന്നുള്ള ഭയത്തിനു ശക്തി വർദ്ധിച്ചു വരികയാണു്. നിരാശ ആയിട്ടില്ല. വാനവരമ്പൻ സ്ഥാനത്യാഗം ചെയ്യുന്നതിനു നടത്തുന്ന ഒരുക്കങ്ങളിൽ ഏററം പ്രധാന സ്ഥാനം മകനുമായുള്ള ആലോചനകൾക്കാണു് നല്കേണ്ടതു്.

അക്കമ്മാൾ ഇതൊന്നും അറിയുന്നില്ലെന്നു ധരിക്കേണ്ടതില്ല. അപ്പയും അണ്ണനുമായി നടന്നുകൊണ്ടിരിക്കുന്ന ആലോചനകൾ, അപ്പ അവളെ ധരിപ്പിക്കുന്നുണ്ടു്. കുമാരിക്കു് സ്ഥാനം ആവശ്യമില്ലെന്നു് അമ്മയോടു തീർത്തു പറഞ്ഞതും, വേദത്തിൽ ചേരുന്നതിനും, അപ്പയുടെ വാനപ്രസ്ഥകാലത്തു് അദ്ദേഹത്തോടൊപ്പം താമസിക്കുന്നതിനും ആഗ്രഹിക്കുന്നു എന്നുള്ളതും, അറിഞ്ഞപ്പോൾ പുത്രിയോടു വാനവരമ്പനുണ്ടായിരുന്ന സ്നേഹവാത്സല്യങ്ങൾ പലമടങ്ങു വർദ്ധിച്ചു. വാനപ്രസ്ഥത്തിനു പോയാൽ ശാരീരികമായും മാനസികമായും പല ക്ലേശങ്ങളും ഉണ്ടാകാം എന്നറിയാം. പുത്രിയുടെ സാന്നിദ്ധ്യം അവയുടെ കാക്കശ്യം കുറയ്ക്കുന്നതിനു സഹായിക്കുമെന്നുള്ളതിൽ സംശയമില്ല. മതകാര്യത്തിലും അഭിപ്രായ ഐക്യമുള്ള പുത്രിയുടെ സഹവാസം വലിയ അനുഗ്രഹം തന്നെ ആയിരിക്കുമെന്നു് വാനവരമ്പനു് വിശ്വാസമുണ്ടു്. "ശ്ലീഹാ വന്നിരുന്നെങ്കിൽ" എന്നു് ഒരു ദിവസം എത്ര പ്രാവശ്യം ഓക്കുമെന്നും പറയുമെന്നും കണക്കുവച്ചിരുന്നെങ്കിൽ, പെരുമാൾ തന്നെ അത്ഭുതപ്പെട്ടുമായിരുന്നു. ഇപ്പോൾ ഒരുതരം അനിശ്ചിതാവസ്ഥയാണു്. കാത്തിരിക്കുക, അനിശ്ചിതാവസ്ഥയിൽ കഴിയുക, ഇവ രണ്ടും മനുഷ്യൻെറ ആത്മവീര്യം വററിച്ചുകളയാൻ കഴിവുള്ളവയാണു്. ശ്ലീഹാ വരുമെന്നു പൂർണ്ണവിശ്വാസം ഇല്ലായിരുന്നു എങ്കിൽ, വാനവരമ്പൻ കാത്തിരുന്നുകഷ്ടപ്പെടാതെ സ്ഥാനം ഒഴിഞ്ഞു് എവിടെയെങ്കിലും പോകുമായിരുന്നു. ശ്ലീഹാ വരണമെന്നു നിർബ്ബന്ധമായ അപേക്ഷയുണ്ടെന്നു് ശ്രുബെനോടു പറഞ്ഞയച്ചു. അങ്ങിനെ ചെയ്തു കഴിഞ്ഞു്, വരുമൊ ഇല്ലയൊ എന്നു് നോക്കാതെ, സ്ഥാനം ഒ

ഴിഞ്ഞു് ഇറങ്ങിപ്പോകുന്നതു് കേവലം മര്യാദയ്ക്കു യോജിച്ചതായിരിക്കയില്ലല്ലോ. മാത്രമല്ല, സ്ഥാനം ഒഴിഞ്ഞു കഴിഞ്ഞാൽ താൻ എന്താണു് ചെയ്യേണ്ടതെന്നു വാനവരമ്പൻ ഇനിയും തീരുമാനിച്ചിട്ടില്ല. സ്ഥാനം ഒഴിഞ്ഞതുകൊണ്ടു് വേദത്തിനു് എന്തെങ്കിലും മെച്ചം ഉണ്ടാകുന്നില്ല, സ്ഥാനത്തു നിന്നു് ഇറങ്ങിയതുകൊണ്ടു മാത്രം ആത്മീയ പുരോഗതി ലഭ്യമാകുന്നുമില്ല. സ്ഥാനത്യാഗം ചെയ്യുന്നതുകൊണ്ടു് വേദത്തിനു് എന്തു പ്രയോജനം ഉണ്ടാകാം, തനിക്കു ആത്മീയ പുരോഗതി കൈവരുത്തുന്നതിനു് അതു്—സ്ഥാനത്യാഗം-ഉപാധിയാകുന്നതു് ഏതു വിധമാണു് എന്നു് ശ്ലീഹായോടു ചോദിച്ചു മനസ്സിലാക്കാമെന്നാണു് പ്രതീക്ഷ.

---

# 18

മാർത്തോമ്മാ ശ്ലീഹാ മടങ്ങി എത്തിയിട്ടുണ്ടു്. ഇവിടെ അസൌകര്യമൊന്നുമില്ലെങ്കിൽ ഉച്ചയ്ക്കു ശേഷം പെരുങ്കോയിലകത്തേയ്ക്കു വരാൻ ഒരുക്കമാണ് എന്ന് ഏലീശാ ഒരു ദിവസം രാവിലെ പെരുമാളിനെ അറിയിച്ചു. അദ്ദേഹത്തിനുണ്ടായ ആശ്വാസം, സന്തോഷം! "കൊച്ചു കുട്ടിയെ പോലെ തുള്ളിച്ചാടണമെന്നാണെനിക്ക് ഇപ്പോൾ തോന്നുന്നതു്" എന്നാണ് അതു കേട്ടപ്പോൾ വാനവരമ്പൻ പറഞ്ഞതു്. അദ്ദേഹം തുടന്നു "ഏലീശാ ഇപ്പോൾ തന്നെ മടങ്ങി ശ്ലീഹായുടെ അടുത്തു ചെന്നു് അദ്ദേഹത്തെ കാണാനുള്ള എൻെറ ദാഹം, സ്ഥലത്തു് എത്തി എന്നു കേട്ടപ്പോൾ നൂറു മടങ്ങു വദ്ധിച്ചിട്ടുണ്ടു്. ശ്ലീഹായുടെ സൌകര്യം പോലെ ഏതു സമയത്തു വന്നാലും ആശ്ലേഷിക്കാൻ ഞാൻ തയ്യാറായിരിക്കയാണ് എന്നു് അറിയിക്കണം. ഏലീശാ അദ്ദേഹത്തോടൊപ്പം മടങ്ങി വന്നാൽ മതി". ഏലീശാ അപ്പോൾ തന്നെ ജൂതഭാഗത്തേയ്ക്കു പോയി.

ശ്ലീഹാ, പെരിങ്കോയിലകത്തു് ഇതിനു മുമ്പു് വന്നിട്ടുള്ളതെല്ലാം തന്നെ ഒരു പത്തു നാഴിക പകലുള്ളപ്പോളാണെന്നു പറയാം. അതാണു പെരുമാളിനു് ഏററം സൌകര്യം എന്നു് മനസ്സിലായതുകൊണ്ടു്, ആ സമയത്തു് എത്തുക പതിവാക്കി. പ്രത്യേകമായി ആവശ്യപ്പെട്ടപ്പോഴും, പ്രത്യേകാവശ്യങ്ങൾ ഉണ്ടായപ്പോഴും രാവിലെ പലപ്പോൾ പെരുങ്കോയിലകം സന്ദർശിച്ചിട്ടില്ലെന്നല്ല. ഇന്നും പഴയപടി പത്തു നാഴികപ്പകലുള്ളപ്പോളാണ് അദ്ദേഹം അവിടെ എത്തിയതു്. കൂടെ ത്ര്യബനും ഉണ്ടു്. ഏലീശാ അനുധാവനം ചെയ്തിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

വാനവരമ്പൻ, ശ്ലീഹാ വരുന്നൊ, വരുന്നൊ എന്നു വഴിക്കണ്ണു് കോത്തിരിക്കയായിരുന്നു. ദൂരത്തുവച്ചുതന്നെ കണ്ടു. അദ്ദേഹം പെരിങ്കോയിലിൽ പെരുമാളിൻെറ ആവാസ ഭാ

ഗത്തു് എത്തിയപ്പോൾ വാനവരമ്പൻ ചെന്നു താണു തൊഴു സ്വീകരിച്ചു. സാഷ്ടാംഗപ്രണാമം ചെയ്യരുതെന്നു കത്താവു് പഠിപ്പിച്ചിട്ടുണ്ടെന്നു് ശ്ലീഹാ ഒരിക്കൽ ധരിപ്പിച്ചശേഷം അതിനു തുനിഞ്ഞിട്ടില്ല. ശ്ലീഹായും വാനവരമ്പനും പെരുമാളുടെ അറയിൽ പ്രവേശിച്ചു. അവരെ ശല്യപ്പെടുത്താൻ ആരെയും അനുവദിക്കരുതെന്നു് ഇപ്പോൾ പ്രത്യേകം ചട്ടം കെട്ടേണ്ട ആവശ്യമില്ല. പെരിങ്കോയിൽ സിൽബന്ധികൾക്കെല്ലാവക്കും അതറിയാം.

കുശലപ്രശ്നങ്ങൾ ആരംഭിച്ചതു തന്നെ ശ്ലീഹാ ഇളനീർ കുടിച്ചു ക്ഷീണം തീക്കണമെന്നുള്ള അഭ്യർത്ഥനയോടുകൂടെയായിരുന്നു.

ഇളനീർ കുടിച്ചു കഴിഞ്ഞപ്പോൾ പെരുമാൾ പറഞ്ഞു "ശ്ലീഹാ ഇങ്ങോട്ടു വരണമെന്നു്, എന്നെ വന്നു കാണണമെന്നു് ഞാൻ അഭ്യർത്ഥിച്ചതു് മഹാ ധിക്കാരമാണെന്നു് എനിക്കു തോന്നി. ക്ഷമാപണം എൻെറ സന്ദേശത്തിൽ ഉൾപ്പെടുത്തിയിരുന്നു. അതു ഒരു ശരിയായ സമാധാനമാണോ എന്നു് അപ്പോൾ തന്നെ എനിക്കു സംശയം ഉണ്ടായിരുന്നു. ഇപ്പോഴും സംശയം തീന്നിട്ടില്ല. അങ്ങയുടെ അടുക്കൽ ഓടി എത്തി, പാദത്തിങ്കൽ വീണു നമസ്കരിച്ചു് ഉപദേശം തേടണം എന്നായിരുന്നു എൻെറ ആഗ്രഹം. അതിനു് ഒട്ടധികം തടസ്സങ്ങൾ കണ്ടു. അതുകൊണ്ടാണു് കഴിവുണ്ടെങ്കിൽ ദയവുചെയ്തു ഇങ്ങോട്ടു വന്നാൽ കൊള്ളാമെന്നു് അറിയിക്കുവാൻ സംഗതി ആയതു്. ഭരണാധിപനെന്നുള്ള അഹമ്മതി കൊണ്ടാണു് അങ്ങിനെ ചെയ്തതെന്നു വിചാരിച്ചാൽ, ഓത്താൽ......" ഗൽഗദം കാരണം സംസാരിക്കാൻ പാടില്ലാതായി. വാനവരമ്പൻെറ കണ്ണുകൾ നിറഞ്ഞു.

ശ്ലീഹാ അതുകണ്ടു് "ഞാൻ അങ്ങിനെ ധരിച്ചില്ല, സംശയിച്ചതുമില്ല. അങ്ങു് ഒരു തീരുമാനത്തിൽ എത്തി എങ്കിലും അതിൻെറ വിശദാംശങ്ങളിലേയ്ക്കു കടക്കാൻ പ്രയാസപ്പെടുന്നു എന്നു മനസ്സിലായി. ആ ബുദ്ധിമുട്ടിനു പരിഹാരം തേടാൻ ഞാനും ബാദ്ധ്യസ്ഥനാണെന്നു ശരിയായ ബോധം ഉണ്ടു്. അതുകൊണ്ടാണു് കഴിയും വേഗത്തിൽ വന്നതു്.

വരാൻ സാധിച്ചതിൽ സന്തോഷവുമുണ്ട്. നമ്മുടെ കർത്താവിനെ ഒരിക്കൽ ഒരു രാജാവ് അദ്ദേഹത്തിൻെറ കൊട്ടാരത്തിലേയ്ക്കു ക്ഷണിച്ചതു് ഇപ്പോൾ എൻെറ ഓർമ്മയിൽ വരുന്നു.

പെരു :— ഏതു രാജാവിനാണൊ അതിനു തക്ക ഔദ്ധത്യം ഉണ്ടായതു്.

സ്ത്രീ:—ഡംഭുകൊണ്ടൊന്നുമല്ല ആ വിധം ക്ഷണിച്ചതു്. വളരെ നല്ല ഉദ്ദേശത്തോടുകൂടി ആയിരുന്നു.

പെരു:—അതു സംബന്ധിച്ച് വിവരങ്ങൾ പറയാൻ വിരോധമില്ലെങ്കിൽ..........

സ്ത്രീ:—യാതൊരു വിരോധവുമില്ല. ആ സംഗതിയിൽ എനിക്കു് ഒരു പങ്കുണ്ടായതുകൊണ്ടു് എല്ലാ വിവരങ്ങളും നല്ലതു പോലെ ഓർക്കുന്നുണ്ടു്. ഞങ്ങളുടെ ദേശത്തു നിന്നു വളരെ അധികം ദൂരത്തല്ലാതെ ഉറഹാ എന്നൊരു രാജ്യമുണ്ടു്. രാജാവിൻെറ ഭരണത്തിലുള്ള പ്രദേശം രാജ്യം എന്നുള്ള അർത്ഥത്തിലാണു് രാജ്യം എന്നു പേരു കൊടുക്കുന്നതു്. യഥാർത്ഥത്തിൽ അതൊരു നഗരമാണു്. അവിടുത്തെ രാജാവായ അബ്ഗാറാണു് കത്തെഴുതിയതു്. കത്തു് ഏതാണ്ടു് ഈ വിധമായിരുന്നു.

"മരുന്നിൻെറ സഹായം കൂടാതെ മഹാ രോഗങ്ങൾ പോലും സുഖപ്പെടുത്തുകയും, അന്ധന്മാർക്കു് കാഴ്ച കൊടുക്കുകയും, കുഷ്ഠരോഗം നീക്കുകയും, പിശാചുക്കളെ പുറത്താക്കുകയും, ചെയ്യുന്ന ലോകരക്ഷകനായ കർത്താവു് യേശുക്രിസ്തുവിനെ പററി ഞാൻ ധാരാളം കേട്ടുകൊണ്ടിരിക്കുന്നു. അങ്ങു് ലോകാവതാരം ചെയ്ത ദൈവമൊ ദൈവപുത്രനൊ ആണെന്നു ഞാൻ വിശ്വസിക്കുന്നു. അവിടുന്നു വന്നു് എന്നെ ബാധിച്ചിരിക്കുന്ന മഹാ രോഗത്തിൽ നിന്നു് മോചിപ്പിക്കണമെന്നപേക്ഷിക്കുന്നു. യൂദന്മാർ അങ്ങേയ്ക്കു് എതിരായി ഗൂഢാലോചനകൾ നടത്തുന്നതായും ദ്രോഹിക്കാൻ ശ്രമിക്കുന്നതായും അറിഞ്ഞു. എൻെറ രാജ്യം ചെറുതാണെങ്കിലും സുഭഗമാണു്. നമുക്കു രണ്ടാൾക്കും ആവശ്യമുള്ളതെല്ലാം ഇവിടെയുണ്ടു്." ഇതായിരുന്നു എഴുത്തിൻെറ സാരാംശം.

പെരു:—അപേക്ഷ സ്വീകരിച്ചു് കത്താവു് അബ്ഗാറസി ൻെറ രാജ്യത്തു പോയൊ. അദ്ദേഹത്തെ സുഖപ്പെ ടുത്തിയൊ? സുഖക്കേടെന്തായിരുന്നു?

ശ്ലീ:—കത്താവു് അബ്ഗാറസിൻെറ രാജ്യത്തിൽ പോയി ല്ല. അദ്ദേഹത്തെ അനുഗ്രഹിക്കുന്ന ഒരു കത്തു് അ യച്ചുകൊടുത്തു. കത്താവു് വാചകം പറഞ്ഞുതന്നു. ഞാനെഴുതി. എഴുത്തിൻെറ സാരം ഈവിധമായി രുന്നു;—

"എന്നെ ലോകത്തിലേയ്ക്കു് അയച്ച ആളിൻെറ കല്പന അനുസരിച്ചു് ഇനിയും പലതു് ചെയ്യേണ്ടതായും നിവൃത്തി ക്കേണ്ടതായും ഉണ്ടു്. അതു കഴിഞ്ഞാൽ എന്നെ അയച്ച ആളിൻെറ അടുക്കലേയ്ക്കു പോകണം. മുകളിൽ ഞാൻ സ്വീ കരിക്കപ്പെട്ട ശേഷം, എൻെറ ഒരു ശിഷ്യനെ നിങ്ങളുടെ അടുത്തേയ്ക്കു് അയയ്ക്കുന്നതാണു്. അയാൾ നിങ്ങളുടെ രോഗം സുഖപ്പെടുത്തുകയും, നിങ്ങൾക്കും നിങ്ങളോടു കൂടെ ഉള്ളവ ക്കും ജീവൻ നൽകുകയും ചെയ്യും"

പെരു:—ആ എഴുത്തിലെ വാഗ്ദത്തമനുസരിച്ചു നടന്നിരിക്കു മല്ലൊ. അവിടേയ്ക്കു നിയോഗിക്കപ്പെട്ട ശിഷ്യൻ ആരായിരുന്നൊ.

ശ്ലീ:—കത്താവു് വാഗ്ദത്തം പാലിച്ചു. ഈ ബലഹീനനാ ണു് അവിടേയ്ക്കു നിയോഗിക്കപ്പെട്ടതു്. അതു ക്രൂശാ രോഹണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും കഴി ഞ്ഞായിരുന്നു. അബ്ഗാറസും കുടുംബവും ആശ്രി തരും എല്ലാം നസ്രാണിവേദം സ്വീകരിച്ചു. അ ദ്ദേഹത്തിനു ചർമ്മ രോഗമായിരുന്നു. അതിൽ നി ന്നു മോചനം ലഭിക്കുകയും ചെയ്തു. അബ്ഗാറ സു് രാജാവിൻെറ ദേശം ഇന്നു നസ്രാണി മതത്തി ൻെറ പ്രബലസ്ഥാനങ്ങളിൽ ഒന്നാണു്. അങ്ങെയു ടെ നാടും അതുപോലെ നമ്മുടെ മതത്തിൻെറ ബല മുള്ള ഒരു കേന്ദ്രമായിത്തീരുമെന്നാണെൻെറ വിശ്വാ സം. ആ കോട്ടയുടെ അടിത്തറ സ്ഥാപിക്കയാണു് നമ്മൾ ഈ ദിവസങ്ങളിൽ ചെയ്തുകൊണ്ടിരിക്കു ന്നതു്.

പെ:—വിദേശങ്ങളിലുള്ള സഭാകേന്ദ്രങ്ങൾ കാണുകയും, അവിടത്തെ സമ്പ്രദായങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ കൊള്ളാമെന്നാഗ്രഹം തോന്നുന്നു.

ശ്രീ:—അതു് അസാദ്ധ്യമൊന്നുമല്ല. ഇവിടത്തെ സഭയുടെ അടിത്തറയുടെ നിർമ്മാതാവു തന്നെ അങ്ങാണു്. അടിത്തറ ഉറച്ചു കഴിഞ്ഞാൽ വിദേശങ്ങളിൽ ഒരു സഞ്ചാരം നടത്താമല്ലൊ.

പെ:—അതു് വിദൂരഭാവിയിൽ കിടക്കുന്നു. ഉടനടി നടത്തേണ്ടതെന്തെന്നു തീരുമാനിക്കാൻ ശക്തിയില്ലാത്ത ഞാനാണു് അവയെപ്പറ്റി ആലോചിക്കുന്നതു്!

ശ്രീ:—ഭാവിയെപ്പറ്റി ആലോചിക്കേണ്ടതാണു്. വ്യാകുലപ്പെടരുതു്. എല്ലാം ദൈവത്തിന്റെ ഇഷ്ടമനുസരിച്ചു്, നമ്മുടെ ഗുണത്തിനായി തന്നെ നടക്കുമെന്നു ശരണപ്പെട്ടാൽ, നമുക്കു് പിന്നെ ഭയം ഉണ്ടാകയില്ല.

പെ:—ആ വിധം ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ... എന്തൊരു ഭാഗ്യമായിരുന്നേനെ.

ശ്രീ:—ധൃതി കൂട്ടാതെ, ക്ഷമയോടെ മുമ്പോട്ടു പോകാൻ ശ്രമിക്കുക. ഇപ്പോൾതന്നെ അങ്ങേയ്ക്കു് വിശ്വാസത്തിൽ വളരെ പുരോഗതി ഉണ്ടായിട്ടുണ്ടു്.

പെ:—സ്ഥാനത്യാഗം കഴിഞ്ഞാൽ ഞാൻ എന്തുചെയ്യണം. എവിടെ താമസിക്കണം എന്നാണു് ആലോചിച്ചു കൊണ്ടിരിക്കുന്നതു്. ഒരു തീരുമാനത്തിൽ എത്തിയില്ല. എത്താൻ സാധിക്കുന്നില്ല.

ശ്രീ:—വാർദ്ധക്യ കാലത്തു്, ലോകഭാരങ്ങൾ എല്ലാം ഉപേക്ഷിച്ചു് സന്യസിക്കുക ഈ ദേശത്തു നടപ്പുണ്ടെന്നല്ലെ പറഞ്ഞതു്?

പെ:—പലരും ആ വിധം ചെയ്യുന്നുണ്ടു്.

ശ്രീ:—അങ്ങും അതുപോലെ ചെയ്താൽ, ശരിയായിരിക്കുമല്ലൊ.

പെ:—ഈ രാജ്യം ഭരിച്ചുകൊണ്ടിരുന്ന രാജാക്കന്മാർ ആരെങ്കിലും വാനപ്രസ്ഥത്തിനു പോയതായി ഞാനിപ്പോൾ ഓക്കുന്നില്ല. അതുകൊണ്ട് അവരെ മാതൃകയായി സ്വീകരിക്കാൻ പററുന്നില്ല.

ശ്ലീ:—സവ്വശക്തനും സവ്വവ്യാപിയുമായ ദൈവത്തിലാണ് നാം വിശ്വസിക്കുന്നതു്. അങ്ങു് എന്താണു് ചെയ്യേണ്ടതെന്നു കാണിച്ചുതരാൻ മുട്ടിപ്പായി പ്രാത്ഥിച്ചാൽ കാണിച്ചുതരും.

പെ:—ഞാൻ പതിവായി പ്രാത്ഥിച്ചുകൊണ്ടാണിരിക്കുന്നതു്. ശ്ലീഹാക്കുടെ എനിക്കുവേണ്ടി പ്രാത്ഥിച്ചാൽ വേഗത്തിൽ തന്നെ ഒരു വഴി കാണിച്ചു തരുമെന്നാണു് എന്റെ വിശ്വാസം.

ശ്ലീ:—ഞാൻ അങ്ങെയ്ക്കുവേണ്ടി, എല്ലാ ദിവസവും പ്രാത്ഥിക്കുന്നുണ്ടു്. ഇന്നു മുതൽ ഈ പ്രത്യേക സംഗതിക്കു് ആവശ്യമായ വെളിച്ചം കാണിച്ചു തരാൻ കൂടെ അപേക്ഷിക്കാം.

പെ:—ഭരണം ഒഴിയാൻ ഞാൻ തീച്ചയാക്കി. മനസ്സുകൊണ്ടു് എല്ലാ ഒരുക്കങ്ങളും ചെയ്തു കഴിഞ്ഞു. മകനെ ഭരണം ഏല്പിക്കാൻ നിശ്ചയിച്ചിരിക്കുന്നു എന്നു് അവനോടു പറഞ്ഞു.

ശ്ലീ:—മകന്റെ പേരെന്താണെന്നാണു് പറഞ്ഞതു്? ഈ കാൎയ്യത്തിൽ അയാളുടെ അഭിപ്രായം എന്താണെന്നു് അന്വേഷിച്ചോ?

പെ:—മകന്റെ പേരു് കുലശേഖരനെന്നാണു്. ഞങ്ങൾ സാധാരണ വിളിക്കുന്നതു് കുലൻ എന്ന ഓമനപ്പേരാണു്. കുറെക്കാലം കൂടെ രാജ്യം ഭരിക്കുന്നതിനു വേണ്ട ശരീരശക്തിയും മനഃശക്തിയും എനിക്കുണ്ടെന്നും, അതുകൊണ്ടു് ഭരണം ഇപ്പോൾ ഒഴിയാതിരിക്കണം എന്നുമാണു് അവന്റെ അഭിപ്രായം.

ശ്ലീ:—ആ അഭിപ്രായം ശരിയാണെന്നു തോന്നുന്നു— രാജ്യകാൎയ്യങ്ങളെപ്പററിയോ ഭരണത്തെപ്പററിയോ യാതൊ

രു വിവരവുമില്ലാത്ത എനിക്കു തോന്നുന്നതു് കാൎയ്യമായി എടുക്കാനില്ല. അങ്ങയുടെ മകൻ വളരെ നല്ല കൂട്ടത്തിലായിരിക്കണമല്ലൊ. അല്ലെങ്കിൽ ഒരു വലിയ രാജ്യത്തെ രാജാവാക്കാമെന്നു് പറയുമ്പോൾ ഇപ്പോൾ വേണ്ട കുറെക്കാലം കഴിഞ്ഞിട്ടാവാം എന്നു പറയുമൊ? അങ്ങിനെ പറയുന്ന യുവാക്കന്മാർ അധികം കാണുകയില്ലെന്നു് നിശ്ചയമാണു്.

പെ:—കുലൻ നല്ല കൊച്ചനാണു്. എന്നാൽ നമ്മുടെ മതത്തിലേക്കു വരാൻ അവനു് ആഗ്രഹം കാണുന്നില്ല. ഞാൻ ഒന്നു രണ്ടു പ്രാവശ്യം സൂചിപ്പിച്ചു.

ശ്ലീ:—അയാൾ വരാനുള്ള സമയത്തു വന്നുകൊള്ളും. ഇപ്പോഴും എതിൎപ്പില്ലല്ലൊ.

പെ:—ഇല്ല.

ശ്ലീ:—നമ്മെ എതിൎക്കാത്തവരെ, നമ്മോടു ശത്രുത ഇല്ലാത്തവരെ ബന്ധുക്കളായി ഗണിക്കണം, എന്നു് കൎത്താവു ഉപദേശിച്ചിട്ടുണ്ടു്. ഇവിടുത്തെ മകനെയും നമുക്കു് സ്നേഹിതനായി എണ്ണാം.

പെ:—കുലശേഖരൻ സ്നേഹമുള്ളവനാണു്, സ്നേഹിക്കാൻ കൊള്ളാവുന്നവനുമാണു്. നമ്മുടെ മതകാൎയ്യത്തിൽ എന്തൊ ഒരു അകൽച ഉണ്ടെന്നു മാത്രം.

ശ്ലീ:—അതു സാരമില്ല. സൌകൎയ്യംപോലെ, അങ്ങുതന്നെ മതത്തെപ്പററി അയാളുമായി സംസാരിക്കയും, എല്ലാവശങ്ങളും മനസ്സിലാക്കി കൊടുക്കുകയും ചെയ്യണം. അപ്പോൾ കൎത്താവു വേണ്ട ഫലം തരും. സംശയിക്കാനൊന്നുമില്ല

പെ:—ഞാൻ അങ്ങിനെ ചെയ്യാം. എന്റെ മകളുടെ കാൎയ്യം ശ്ലീഹായെ അറിയിക്കണമെന്നു് അവൾ പലപ്പോഴും ആവശ്യപ്പെട്ടതാണു്. ഇപ്പോഴും ആവശ്യപ്പെട്ടുകൊണ്ടാണിരിക്കുന്നതും.

ശ്ലീ:—മകളുടെ കാൎയ്യമൊ? ഒരു മകളും ഉണ്ടോ. ആകെ എത്ര മക്കളുണ്ടു്.

പെ:—ഒരു മകനും ഒരു മകളും ആണ് എനിക്കുള്ളതു്. മകൾക്കു നമ്മുടെ മതകാര്യത്തിൽ വലിയ താല്പര്യമാണ്.

ശ്ലീ:—അതു കേൾക്കാൻ ഇടയായതിൽ അതിയായ സന്തോഷമുണ്ടു്. മകളുടെ ആവശ്യപ്രകാരം, വിവരങ്ങൾ എന്നെ അറിയിക്കാതിരുന്നതെന്താണൊ?

പെ:—ശ്ലീഹായുടെ തെക്കൻ യാത്രയ്ക്കു മുമ്പു മുതൽ അവൾ ആവശ്യപ്പെട്ടുന്നതാണ്, അവളെ സഭയിൽ ചേക്കാൻ പറയണമെന്നു്.

ശ്ലീ:—അന്നെങ്ങും എന്നെ ധരിപ്പിക്കാതിരുന്നതു് എന്തുകൊണ്ടാണൊ.

പെ:—വേദത്തെപ്പററി ശരിക്കൊന്നും തന്നെ മനസ്സിലാക്കാതെയാണവൾ ഉത്സാഹം പ്രദർശിപ്പിക്കുന്നതെന്നു സംശയിച്ചു. അപ്പോൾ ശ്ലീഹായെ ധരിപ്പിക്കാൻ തക്ക കാര്യമായി ഗണിച്ചില്ല

ശ്ലീ:—ഇപ്പോഴൊ?

പെ:—വേദത്തെപ്പററി കൂടുതൽ പഠിക്കാൻ മകൾക്കു് അതിയായ ആഗ്രഹം ഉണ്ടായി. അവൾ തന്നെ മിറിയാം എന്നൊരു ജൂത സ്ത്രീയെ ഇവിടെ വരുത്തി, അവരിൽ നിന്നു നസ്രാണി മതത്തിൻെറ ഉപദേശങ്ങളും മററും മനസ്സിലാക്കാൻ തുടങ്ങി. ഞാനൊ അവളുടെ അമ്മ പോലുമൊ അറിഞ്ഞില്ല.

ശ്ലീ:—ഉവ്വൊ. അതെങ്ങിനെ സാധിച്ചൊ.

പെ:—ഏലീശാ മുഖാന്തരമാണ് ആ സ്ത്രീയെ വരുത്തിയതു്. തുന്നൽ പഠിക്കാനെന്നാണ് മകൾ അവളുടെ അമ്മയോടു പറഞ്ഞതു്. വിവരങ്ങൾ പലതും മനസ്സിലാക്കിക്കഴിഞ്ഞു് എന്നോടു പറഞ്ഞു. അന്നും അവളുടെ അമ്മ അറിഞ്ഞില്ല. അമ്മയെ അറിയിച്ചില്ല.

ശ്ലീ:—അതെന്താണൊ. മകൾക്കു് അമ്മയോടു പറയാനല്ലെ കൂടുതൽ സൌകര്യം.

പെ:—അവളുടെ അമ്മയ്ക്കു് ഈ മതകാര്യത്തിൽ അനുകൂലാഭിപ്രായമില്ലെന്നു്, ശ്ലീഹായെ മകൾ ആദ്യമായി കണ്ടു് വിവരം ഇവിടെ വന്നു പറഞ്ഞപ്പോൾ തന്നെ തെളിഞ്ഞു.

ശ്ലീ:—എന്നെ എന്നു് എവിടെ വച്ചാണു് മകൾ കണ്ടതു്? വിവരം അറിയിക്കാൻ വിരോധമില്ലെങ്കിൽ......

പെ:—യാതൊരു വിരോധവുമില്ല. കുറെ കാലം മുമ്പു് അവൾ ക്ഷേത്രത്തിൽ നിന്നു മടങ്ങിവരുമ്പോൾ ശ്ലീഹാനാലും കൂടിയ വഴിയിൽ നിന്നു മതത്തെപ്പററി സംസാരിക്കുന്നതു് അവൾ കേട്ടു. കേട്ടുനിന്ന പല ഭാഷക്കാർക്കും, ആ പ്രഭാഷണം അവരവരുടെ ഭാഷയിൽ കേൾക്കാമായിരുന്നു എന്നു് അവൾ അറിഞ്ഞു. വലിയ അത്ഭുതവും ഉത്സാഹവും തോന്നി. കോയിലകത്തു വന്നയുടനെ തന്നെ അമ്മയെ വിവരമെല്ലാം ധരിപ്പിച്ചു. അവർ അതു കാര്യമായി എടുത്തില്ലെന്നു മാത്രമല്ല, അവളെ നിരുത്സാഹപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. ആ സമയം ഞാനും അവിടെ ഉണ്ടായിരുന്നു. നസ്രാണി വേദത്തെ സംബന്ധിച്ചു് ഞാൻ ആദ്യം കേട്ടതു് അന്നാണു്. അപ്പോൾ തന്നെ എന്നെ അതു് ആകർഷിക്കുകയും ചെയ്തു.

ശ്ലീ:—കുട്ടിയുടെ അമ്മ പിന്നെ......

പെ:—അവൾ അമ്മയുമായി പിന്നെയും ആ വിഷയത്തെപ്പററി സംസാരിച്ചിട്ടുണ്ടായിരിക്കണം. അനുകൂലാഭിപ്രായമില്ല എന്നു കണ്ടതുകൊണ്ടു്, അമ്മ അറിയാതെ, രഹസ്യമായി ഇന്നൽ പഠിക്കാൻ ജൂതസ്ത്രീയെ വരുത്തുകയും, മതപഠനം നടത്തുകയും ചെയ്തു. ഇനി അവൾക്കു് പ്രവേശനം കിട്ടണമെന്നാണു് അപേക്ഷിക്കുന്നതു്.

ശ്ലീ:—ഞാൻ ആ കുട്ടിയെ ഒന്നു കണ്ടിട്ടില്ലല്ലോ. അങ്ങു് പറഞ്ഞ ഈ വിവരങ്ങൾ എന്നെ എത്ര മാത്രം സന്തോഷിപ്പിക്കുന്നു എന്നു അറിയിക്കാൻ വയ്യാ. അത്ര വലിയ സന്തോഷമാണു്. എനിക്കു് ആ കുട്ടിയെ കാണണം.

പെ :—ഇപ്പോൾ നേരം വൈകിത്തുടങ്ങിയല്ലൊ. അവൾ കുളിക്കാൻ പോയിരിക്കും. എനിക്കു പറയാനുള്ള തു് പൂർത്തി ആയുമില്ല.

ശ്ലീ:—സമയം അത്രയുമായൊ? അങ്ങയുടെ വിവരങ്ങളും, മകളുടെ കാര്യവും മററും പറഞ്ഞും കേട്ടും കൊണ്ടിരുന്നതുകൊണ്ടു് നേരം പോയതറിഞ്ഞില്ല. നാളത്തെ കഴിഞ്ഞു് ഏതു സമയമാണു് അങ്ങേയ്ക്കു സൌകര്യം എന്നു വച്ചാൽ, ആ സമയത്തു് ഞാൻ വരാം.

പെ :—ഇന്നു പോകണമെന്നു നിർബ്ബന്ധം......

ശ്ലീ :—ഞാൻ ഇങ്ങോട്ടു പുറപ്പെട്ടു്, വഴിക്കുവച്ചു് ചില രോഗികൾ വരുന്നതു കണ്ടു. അവരെ കൂടാതെ വേറെയും രോഗികൾ വന്നു കൂടിയിട്ടുണ്ടാകും. നാളെ പള്ളിയിൽ ആളുകൾ വരും. അവർക്കു ചില സംശങ്ങളുണ്ടത്രെ. അതു തീർത്തു കൊടുക്കണം. പുതുതായി ചേരാൻ ആഗ്രഹമുള്ള ചിലരുണ്ടു്. അവർക്കു് കർമ്മങ്ങളോടു കൂടി പ്രവേശനം നല്കണം. രോഗികളുടെ കാര്യം ഇതിലൊക്കെ മുമ്പു് ശരിപ്പെടുത്തിയാൽ കൊള്ളാമെന്നുണ്ടു്. ഇതെല്ലാം നാളത്തെ കൊണ്ടു് തീരുമൊ എന്നു സംശയമാണു്. ഏതായാലും ഞാൻ മററന്നാൾ രാവിലെ തന്നെ വരാൻ ശ്രമിക്കാം-ഇവിടെ അസൌകര്യമില്ലെങ്കിൽ.

പെ :—ഇവിടെ അസൌകര്യം ഉണ്ടാകയില്ല. മററെന്നാൾ രാവിലെ ആരെയും കാണാൻ പററുകയില്ലെന്നു നാളെ പരസ്യമാക്കിയാൽ മതി. മററെന്നാൾ വരുമ്പോൾ മകളെ......

ശ്ലീ :—മകളെ കാണാൻ സൌകര്യപ്പെടുത്താമെങ്കിൽ കൊള്ളാം...

പെ :—കാണേണ്ടതു് ശ്ലീഹായുടെ ആവശ്യമല്ലല്ലൊ. മകളുടെ-ഞങ്ങളുടെ—ആവശ്യമല്ലെ. അപ്പോൾ ശ്ലീഹായുടെ സൌകര്യം ഞങ്ങളാണല്ലൊ നോക്കേണ്ടതു

ശ്ലീ :—നിങ്ങളുടെ ആവശ്യത്തെക്കാൾ വലുതാണു്, ഇക്കാര്യത്തിൽ എന്റെ ആവശ്യം. കൊയ്ത്തിനു് ചുമതലമപ്പെട്ടവൻ ഞാനാണല്ലൊ.

ശ്ലീഹാ മററന്നാൾ രാവിലെ വരുമെന്നും അക്കമ്മാളെ അപ്പോൾ കാണണമെന്നു് അദ്ദേഹത്തിനു് ആഗ്രഹമുണ്ടെന്നും, വാനവരമ്പൻ മകളെ അന്നുതന്നെ അറിയിച്ചു. ആ യുവതിക്കുണ്ടായ സന്തോഷം! പിറേറ ദിവസം മിറിയാം വന്നയുടൻ തന്നെ, അക്കമ്മാൾ ആ സ്ത്രീയെ വിവരം ധരിപ്പിച്ചു. ശ്ലീഹായെ കണ്ടാൽ അദ്ദേഹമെന്തെല്ലാമായിരിക്കും ചോദിക്കുന്നതു്, എന്നു് ഇതിനു മുമ്പു് പലപ്പോഴും അവർ ആലോചിച്ചിട്ടുള്ളതാണു്. അന്നു്, പഠിച്ചതും പഠിപ്പിക്കപ്പെട്ട എല്ലാം ഒരിക്കലല്ല രണ്ടു പ്രാവശ്യം അവർ ഉരുവഴിച്ചു.

അതു കഴിഞ്ഞു്, ശ്ലീഹായെ കാണാൻ പോകുമ്പോൾ, അക്കമ്മാളുടെ വേഷം എന്തായിരിക്കണമെന്നു് വീണ്ടും ആലോചിച്ചു. അതു് ഇതിനു മുമ്പു് പലപ്പോൾ ആലോചനക്കു വിഷയീഭവിച്ചിട്ടുള്ളതാണു്. വസ്ത്രാലങ്കാരങ്ങളെപ്പററിയുള്ള സംഭാഷണം സ്ത്രീകൾ മതിയാക്കി എന്നു വരികയില്ലല്ലൊ.

അക്കമ്മാൾ മിറിയാമിനോടു ചോദിച്ചു. "അപ്പോൾ ഞാൻ ഒരു സാൽവാ പുതച്ചുകൊണ്ടു അദ്ദേഹത്തെ കാണാൻ പോയാൽ പോരാ എന്നാണൊ ഇപ്പോഴും മിറിയാമിന്റെ അഭിപ്രായം.

മിറിയാമും ആചാരഭാഷ ഒട്ടൊക്കെ പഠിച്ചിട്ടുണ്ടു്. കാലം വളരെ ആയില്ലെ അവളുടെ പൂർവികർ കേരളത്തിൽ താമസമാക്കിയിട്ടു്! ജൂതയുവതിയുടെ ആചാരഭാഷ അത്രപടി ഉദ്ധരിക്കാൻ മുതിരുന്നില്ല. മിറിയാം പറഞ്ഞു "തമ്പുരാട്ടിയുടെ വേഷത്തെപ്പററി പറയാൻ എനിക്കൊന്നും അറിഞ്ഞുകൂടാ. പിന്നെ......"

അക്ക :—പാലയൂർ നമ്പൂരിസ്ത്രീകളെ മുദ്ര കുത്തി ചേക്കാൻ സമയം ശ്ലീഹാ പറഞ്ഞതല്ലെ മിറിയാമിന്റെ ആധാരം. അതു് ഒരിക്കൽ കൂടെ കേൾക്കട്ടെ.

മിറി:—പലപ്പോൾ പറഞ്ഞിട്ടുള്ളതാണല്ലോ. ഞാൻ കണ്ടതും കേട്ടതും ഒന്നുമല്ല.....

അക്ക:—അതും ഓർമ്മയുണ്ട്. രൂബെൻ പറഞ്ഞതു് മിറിയാം കേട്ടു. അതു് ഒരിക്കൽ കൂടെ ആവർത്തിക്കണം. മുമ്പു നിങ്ങൾ പറഞ്ഞപ്പോൾ ഞാൻ അങ്ങിനെ ശ്രദ്ധിച്ചില്ല......

മിറി:—കുപ്പായം തുന്നിച്ചല്ലൊ...

അക്ക:—അതു ആ വേഷത്തിലുള്ള രസം കൊണ്ടല്ലായിരുന്നൊ. പരിചയമില്ലാത്ത ആ വേഷം ധരിച്ചു് ശ്ലീഹായുടെ മുമ്പിൽ ചെല്ലാൻ ഒരു മടി. അല്ല പേടി. ആ കുഴപ്പം ഒന്നും ഇല്ലെങ്കിൽ തന്നെ പേടിയുണ്ടു്. അപ്പോൾ പിന്നെ പുതിയ വേഷം ധരിക്കുകയും കൂടി ചെയ്താൽ......

മിറി:—ശ്ലീഹാ തമ്പുരാട്ടിയുടെ വേഷവും മററും കാണുമൊ എന്നു തന്നെ സംശയമാണു്.

അക്ക:—അദ്ദേഹം പാലയൂർ നമ്പൂരിസ്ത്രീകളുടെ വേഷം കാണുകയും, അതു മാററണമെന്നു് ഉപദേശിക്കയും ചെയ്തല്ലൊ.

മിറി:—അതു് അവക്കു് വേഷം ഒന്നും ഇല്ലാഞ്ഞിട്ടായിരുന്നല്ലൊ.

അക്ക:—വേഷം ഒന്നും ഇല്ലായിരുന്നെന്നൊ? നന്നായി!! അദ്ദേഹം അന്നു് അവക്കു പറഞ്ഞു കൊടുത്തതു് എന്തെല്ലാമായിരുന്നു എന്നു മിറിയാം ഒരിക്കൽ കൂടെ പറയണം. കേൾക്കട്ടെ. എൻെറ മനസ്സു് ഒന്നു് ഉറയ്ക്കാൻ അതു സഹായിക്കും.

മിറി:—"പറഞ്ഞുകേട്ടതു അതേപടി ഞാൻ ആവർത്തിക്കാം. നാലൊ അഞ്ചൊ നമ്പൂരി സ്ത്രീകളെ ഒരുമിച്ചാണു് ശ്ലീഹായുടെ അടുക്കലേയ്ക്കു കൊണ്ടു ചെന്നതു്. പുരുഷന്മാരുടെ മുമ്പിൽ കുട മറച്ചു പിടിക്കാതെ കടന്നു ചെല്ലാൻ തന്നെ അവക്കു ഭയമായിരുന്നു എന്നു

പറയേണ്ടതില്ലല്ലോ. ശ്ലീഹാ അതു മനസ്സിലാക്കി യതുകൊണ്ടു് മുദ്ര അടിച്ചു് സഭയിൽ സ്വീകരിച്ചു കഴിഞ്ഞ അവരോടു സംസാരിച്ചുള്ളൂ. നിങ്ങൾ ഇപ്പോൾ മുതൽ നമ്മുടെ കർത്താവിൻെറ വാത്സല്യ പുത്രിമാരായി തീൎന്നിരിക്കുന്നു. കർത്താവിൽ ശരണപ്പെട്ടാൽ നിങ്ങളെ അദ്ദേഹം കാത്തുകൊള്ളും. മറക്കുട ഇല്ലാത്തതു കൊണ്ടും, പുരുഷന്മാർ ഉള്ളതുകൊണ്ടും നിങ്ങൾക്കു പരിഭ്രമമൊ ഭയമൊ ഉണ്ടെന്നെനിക്കറിയാം. പരിഭ്രമിക്കാനില്ല. ഭയപ്പെടാനുമില്ല. ഇവരെല്ലാം നിങ്ങളുടെ സഹോദരന്മാരാണെന്നു വിശ്വസിച്ചുകൊള്ളുക. കുട വേണമെന്നുണ്ടെങ്കിൽ ഉപയോഗിക്കുന്നതിൽ തെററില്ല. കേവലം ജഡമോഹങ്ങളെ ഇളക്കി വിടാൻ ഇടം കൊടുക്കാത്ത തരത്തിൽ പ്രവൎത്തിക്കാൻ നിങ്ങൾക്കു് അറിയാം. ചാരിത്രശുദ്ധിയിൽ നിങ്ങൾക്കു് എത്രമാത്രം നിർബ്ബന്ധമുണ്ടെന്നു എനിക്കു കേട്ടറിവുണ്ടു്. അതു വളരെ സന്തോഷപ്രദമായ ഒരു വിവരമായിട്ടാണു് അന്നുതന്നെ എനിക്കു് തോന്നിയതു്. നിങ്ങളുടെ വേഷത്തിൽ അല്പ മാററങ്ങൾ വരുത്താമെങ്കിൽ, അതു് നിങ്ങൾ ഏററം വിലമതിക്കുന്ന ചാരിത്ര്യത്തെ കാത്തു രക്ഷിക്കുന്നതിനും, ദൈവദത്തമായി നിങ്ങൾക്കു ലഭിച്ചിട്ടുള്ള സൌന്ദൎയ്യത്തെ സംരക്ഷിക്കുന്നതിനും സഹായിക്കും. അതേ സമയം തന്നെ നിങ്ങളുടെ വേഷം കൂടുതൽ ശുദ്ധിയും ഭംഗിയും ഉള്ളതും ആയിത്തീരുകയും ചെയ്യും. ഞാൻ ചൂണ്ടിക്കാണിക്കാം. അതോടു കൂടെ നിങ്ങൾക്കു നൈസൎഗ്ഗികമായി ലഭിച്ചിട്ടുള്ള വിവേചനശക്തിയും കൂട്ടിച്ചേൎത്തു വേണ്ടവിധം ക്രമപ്പെടുത്തിയാൽ മതി. ഞങ്ങളുടെ നാട്ടിൽ അടിമുടി മൂടിക്കിടക്കുന്ന കുപ്പായം ധരിച്ചാണു് സ്ത്രീകൾ നടക്കുന്നതു്. എൻെറ ഈ വേഷവും അവരുടെ വേഷവും തമ്മിൽ ഒട്ടൊക്കെ സാമ്യമുണ്ടു്. ഈ ഉഷ്ണരാജ്യത്തു് ആ വേഷം നിങ്ങൾ ധരിക്കുന്നതു് നല്ലതു് ആയിരിക്കയില്ല. നിങ്ങളുടെ വസ്ത്രത്തിൻെറ മുമ്പിൽ

കാണുന്ന ആ ഞൊറി പിൻഭാഗത്തേയ്ക്കു് നീക്കുകയും, ഒരു കുപ്പായംകൊണ്ടു് ദേഹം മറയ്ക്കുകയും ചെയ്യാമെങ്കിൽ, വളരെ നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഞങ്ങളുടെ കുപ്പായം പോലെ താഴെവരെ വേണ്ടാ. നിങ്ങൾ അരയിൽ ചുററിയിരിക്കുന്ന വെള്ള വസ്ത്രത്തിൽ തൊട്ടു നില്ക്കത്തക്കവിധം, അരവരെയ്ക്കുണ്ടായാൽ മതി. ഞങ്ങളുടെ കുപ്പായത്തിൽ നിന്നു് അരയ്ക്കു കീഴ്പോട്ടുള്ള ഭാഗം മുറിച്ചു കളഞ്ഞാലുള്ള രീതിയിൽ ഇരുന്നാൽ മതിയായിരിക്കും. ഈവക കാര്യങ്ങളിൽ കലാവാസനയും സൌന്ദര്യബോധവും കൂടുതലുള്ള സ്ത്രീകളായ നിങ്ങൾ, എന്റെ അഭിപ്രായത്തെപ്പററി ആലോചിച്ചു നോക്കണം. നിങ്ങൾ വെള്ളവസ്ത്രം ഉപയോഗിക്കുന്നവരായതു കൊണ്ടു്, ഈ വേഷം വളരെ ചേരുമെന്നാണെനിക്കു തോന്നുന്നതു്. കുപ്പായം തുന്നുന്ന രീതിയും, അതു് മുകൾ ഭാഗത്തേയ്ക്കു മാത്രമായി ഉണ്ടാക്കുന്നതിനുള്ള മാർഗ്ഗവും ഇവിടെയുള്ള ജൂത സ്ത്രീകളോടു ചോദിച്ചു മനസ്സിലാക്കാൻ പ്രയാസം വരാനില്ലല്ലോ" ഇങ്ങനെ ശ്ലീഹാ പറഞ്ഞു എന്നാണു് ത്രൂബെനിൽ നിന്നു അറിഞ്ഞതു്, എന്നു മീറിയാം പറഞ്ഞു. അവൾ തുടന്നു.–ഉപദേശമനുസരിച്ചു് പാലയൂരിലെ നമ്പൂരി പെണ്ണുങ്ങൾ ക്രമപ്പെടുത്തിയ ഉട ഇന്നാൾ ഞാൻ കാണിച്ചല്ലോ. അവരുടെ ചട്ട പോലുള്ളതു്, നാം ഇപ്പോൾ മൂന്നെണ്ണം തുന്നുകയും ചെയ്തു.

അക്ക :—തുന്നിയ കുപ്പായങ്ങൾ അല്ലേ അവിടെ മടക്കിവച്ചിരിക്കുന്നതു്.

മീറി :— പുടവ പിൻഭാഗത്തു ഞൊറി ഇട്ടു് ഉടുക്കുന്ന രീതി ഞാൻ ഇന്നാൾ കാണിച്ചല്ലോ. അതു ശരിക്കു് ഒത്തില്ല. എങ്കിലും ആ തരത്തിൽ ഉടുത്തു്, ഈ ചട്ടയിൽ ഒന്നും ഇട്ടുകൊണ്ടു് തമ്പുരാട്ടി ശ്ലീഹായെ കാണാൻ ചെന്നാൽ അദ്ദേഹത്തിനു വലിയ സന്തോഷമാകും.

അക്ക :— ഓത്തിട്ടൊരു നാണം പോലെ. ചട്ട ഇട്ടുകൊണ്ടു പോകയാണെങ്കിൽ, കഴുത്തിൽ എന്തെങ്കിലും ആകാമൊ എന്തൊ.

മിറി:— കഴുത്തിൽ ഇഷ്ടമുള്ള ആഭരണം എന്തു വേണമെങ്കിലും ധരിക്കുന്നതിലെന്താണ് തെററ് ?

അക്ക :— അപ്പോൾ പിന്നെ സാൽവാ വേണ്ടായിരിക്കും.

മിറി: — ഒരു സാൽവാ ഉണ്ടായിരിക്കയായിരിക്കും നല്ലതു്. തല മറയ്ക്കുക എന്ന ഞങ്ങളുടെ രീതിയായിരിക്കുമല്ലൊ ശ്ലീഹായിക്കു് ഇഷ്ടം. സാൽവാ ഉണ്ടെങ്കിൽ, ശ്ലീഹാ അങ്ങിനെ വല്ലതും ചോദിക്കുകയൊ പറയുകയൊ ചെയ്താൽ......

അക്ക:—എല്ലാം കൂടെ ആകുമ്പോൾ, എങ്ങിനെ ഇരിക്കുമൊ, എന്താകുമൊ.

മിറി:— എങ്ങിനെ ഇരിക്കുമെന്നു സംശയിക്കാനൊന്നുമില്ല. നല്ല ഭംഗി ആയിരിക്കും. തമ്പുരാട്ടിക്കു് ആ വേഷം നല്ലതുപോലെ ചേരും. ഇന്നാൾ ചട്ട ഇട്ടപ്പോഴത്തെ ഞാൻ ഓക്കുന്നുണ്ടു്.

അവർ അങ്ങിനെ ഒരു തീരുമാനത്തിൽ എത്തി. അക്കമ്മാൾ മനസ്സുകൊണ്ടു് ഉറച്ചു കഴിഞ്ഞാൽ പിന്നെ ഇളകുന്ന കൂട്ടത്തിലല്ല. ശ്ലീഹാ വരുമെന്നു പെരുമാൾ പ്രതീക്ഷിച്ചിരുന്നതിനു അരനാഴികയെങ്കിലും മുമ്പാണു് അന്നു് അദ്ദേഹം പെരുങ്കോയിലകത്തു് എത്തിയതു്. അദ്ദേഹം പെരുമാളോടു ചോദിച്ചു "പ്രതീക്ഷിച്ചിരുന്നതിൽ നേരത്തെ ഞാൻ ഇവിടെ എത്തി, ഇല്ലേ"

പെരു:—ശ്ലീഹായെ സ്വീകരിക്കാൻ പ്രത്യേക ഒരുക്കമൊന്നും ചെയ്യേണ്ടതില്ല. ഉച്ച ആയപ്പോൾ തന്നെ എന്റെ മററു ജോലികൾ എല്ലാം തീർത്തു. ആ സമയം മുതൽ ഞാൻ കാത്തിരുന്നു എന്നല്ല, പതിവിൽ അല്പം നേരത്തെയാണു് ഇന്നു വന്നതു്.

ശ്ലീ:— ഞാൻ യാതൊരു ശ്രമവും ചെയ്യാതെ എനിക്കു കിട്ടിയ കുഞ്ഞാടിനെ കാണാൻ ധൃതി തോന്നിയിട്ടു് അല്പം നേരത്തെ പുറപ്പെട്ടതാണു്.

പെരു :— വലിയ സന്തോഷമായിരിക്കും മകൾക്കതു കേൾക്കാൻ. അവൾ വരാൻ പറഞ്ഞയയ്ക്കാം.

ശ്ലീഹായും പെരുമാളും നിരണം, കോക്കമംഗലം, മുതലായ ദിക്കുകളിലെ സംഭവങ്ങളെപ്പററിയാണ് സംസാരിച്ചതു്. അതിൽ രണ്ടാളും പൂർണ്ണമായി ലയിച്ചു. നേരം പോയതറിഞ്ഞില്ല. തവണക്കാരൻ ഏലിശായാണ്. കൊച്ചു തമ്പുരാട്ടി വന്നിട്ടുണ്ടെന്നും മിറിയാമും കൂടെ ഉണ്ടെന്നും അയാൾ അറിയിച്ചു. അവർ ഇരിക്കുന്ന അറയിലേയ്ക്കു കടന്നു ചെല്ലാൻ പെരുമാൾ ആജ്ഞാപിച്ചു.

ജ്ഞാതസ്ത്രീയാൽ പരിസേവിതയായി അറയിലേയ്ക്കു കടന്നു ചെന്നതു്, അക്കമ്മാൾ ആണൊ എന്നു്, അവളുടെ പുതിയ വസ്ത്രധാരണ രീതി ഹേതുവാൽ പെരുമാളിനു സംശയം തോന്നി. യുവതി അറയുടെ വാതിൽക്കൽ ചെന്നു നിന്നു. അകത്തേയ്ക്കു കടന്നു വരാൻ പെരുമാൾ ആജ്ഞാപിച്ചു. അക്കമ്മാൾ നമ്രമുഖിയായി, ശ്ലീഹായെ നമിച്ചു കൊണ്ടു് അറയിലേയ്ക്കു കടന്നു. മിറിയാം പിമ്പിലുണ്ടു്.

പെരുമാൾ പറഞ്ഞു "ഇതാണ് എൻെറ മകൾ"

ശ്ലീഹാ— "കാണാൻ സാധിച്ചതിൽ സന്തോഷമുണ്ടു്. പേരെന്താണ്."

"പേരു് അക്കമ്മാൾ" എന്നു് കുമാരിയും "അവ്വെ" എന്നു് പെരുമാളും പറഞ്ഞു.

പെരുമാൾ പറഞ്ഞ "അവ്വെ" എന്നുള്ള പേരാണ് ശ്ലീഹായുടെ ചെവിയിൽ ശരിക്കു് ആദ്യം പതിഞ്ഞതു്. ശ്ലീഹാ ചോദിച്ചു "അവ്വാ" എന്ന, ദൈവം സൃഷ്ടിച്ച ആദ്യത്തെ സ്ത്രീയുടെ പേരു നിങ്ങൾക്കു് എങ്ങിനെ കിട്ടി.

ഞങ്ങളും ആദിമാതാപിതാക്കളായ ആദാമിൻെറയും അവ്വായുടെയും സന്താനങ്ങളല്ലെ എന്നു് പെരുമാൾ മറുപടി കൊടുത്തു. ശ്ലീഹായും പെരുമാളും പൊട്ടിച്ചിരിച്ചു. അക്കമ്മാളും മിറിയാമും ചിരി പിടിച്ചടക്കാൻ നോക്കി എങ്കിലും ശരിക്കു ഫലിച്ചില്ല. അതോടുകൂടെ, ആചാരത്തിൻെറ പിടിപാടിൽ നിന്നു മോചിക്കപ്പെട്ട, ഔപചാരികമല്ലാത്ത ഒരു അന്തരീക്ഷം അവിടെ സംജാതമായി.

ശ്ലീഹാ ചോദിച്ചു "അവ്വാ" എന്നാണു് പേരെന്നു് അങ്ങു് പറഞ്ഞപ്പോൾ, മകൾ വേറെന്തൊ ഒരു പേരു കൂടെ പറഞ്ഞു എന്നു് ഇപ്പോൾ ഒരു തോന്നൽ. ശരിയാണൊ. അങ്ങിനെ എന്തെങ്കിലും............

പെരു:—മകൾക്കു കൊടുത്ത പേരു് അവ്വെ എന്നാണെങ്കിലും ഞങ്ങൾ അക്കമ്മാളെന്നാണു് വിളിക്കുന്നതു്.

ശ്ലീ:— അതെന്താണൊ.

പെ:—കുഞ്ഞായിരുന്നപ്പോൾ ഒരു ഓമനപ്പേരായി അങ്ങിനെ വിളിച്ചു. ഇപ്പോൾ ആ ഓമനപ്പേരിലാണു് അവൾ അറിയപ്പെടുന്നതു്.

ശ്ലീ:— അക്കമ്മാൾ--അല്ലെ ?

അക്കമ്മാൾ :— അതേ.

ശ്ലീഹാ പെരുമാളോടു് "നിങ്ങളുടെ സ്ത്രീകളുടെ വേഷം ഇങ്ങിനെയാണെന്നു ഞാൻ ധരിച്ചിരുന്നില്ല."

പെരു:— ഞാനും ധരിച്ചിരുന്നില്ല. മകളെ ഇതിനു മുമ്പു് ഈ വേഷത്തിൽ ഞാൻ കണ്ടിട്ടില്ല. വേഷം വളരെ നന്നായിരിക്കുന്നു.

അവളുടെ വേഷം സാംഭാഷണ വിഷയമാകുകയുംകൂടെ ചെയ്തപ്പോൾ, അക്കമ്മാളുടെ പരിഭ്രമമൊ, സഭാകമ്പമൊ, പ്രയാസമൊ, തീൎന്നു. അവൾ പറഞ്ഞു "മിറിയാമാണു് ഈ വേഷം ധരിക്കാൻ എന്നെ പഠിപ്പിച്ചതും പ്രേരിപ്പിച്ചതും"

"പാലയൂരിലെ നമ്പൂരിപ്പെണ്ണുങ്ങളുടെ വേഷം അല്പം ഭേദപ്പെടുത്തിയാൽ നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെട്ടു. അന്നു ഞാൻ ഉദ്ദേശിച്ച രീതിയിലുള്ള വേഷമാണിതു്. അതുകൊണ്ടാണു് ഞാൻ പ്രത്യേകം അന്വേഷിച്ചതു്" എന്നു് ശ്ലീഹാ പെരുമാളോടു ക്ഷമാപണ രീതിയിൽപറഞ്ഞു.

പെരു:— ശ്ലീഹാ എങ്ങിനെയാണു് സ്ത്രീകളുടെ വസ്ത്രധാരണ കാൎയ്യത്തിൽ വിദഗ്ദ്ധനായതു് ? എങ്ങിനെ ആയാലും വേഷം നന്നായിട്ടുണ്ടു്.

ശ്ലീ: — ആ നമ്പൂരിസ്ത്രീകൾ ദേഹം മറയ്ക്കാൻ ഒരു പുതപ്പു ചുററിയിട്ടുണ്ടെന്നു വച്ചിരുന്നു എങ്കിലും അതു പ്രയോജനശൂന്യമായിട്ടാണു തോന്നിയതു്. മുണ്ടു് മുൻവശത്തു ഞൊറിഞ്ഞു് ഇട്ടിരിക്കുന്നതായും കണ്ടു. അരയ്ക്കു മുകളിൽ മുൻ ഭാഗവും, അരയ്ക്കു താഴെ പിൻ ഭാഗവും സ്ത്രീകൾ പ്രത്യേകം മറയ്ക്കേണ്ടതാവശ്യമാണു്. ചാരിത്ര്യത്തെ ആരാധിക്കുന്ന നിങ്ങൾ ഇതിൽ ശ്രദ്ധിക്കുന്നതു നന്നായിരിക്കും എന്നു് ആ സ്ത്രീകളോടു പറഞ്ഞു. അവർ മുൻവശത്തു ക്രമപ്പെടുത്തിയ ഞൊറി പിൻഭാഗത്താക്കാമെങ്കിൽ നന്നായിരിക്കുമെന്നും ഞാൻ അഭിപ്രായപ്പെട്ടു. ദേഹം മറയ്ക്കുന്നതിനു ഞങ്ങൾ ധരിക്കുന്ന തരം കുപ്പായം ഇവിടുത്തെ കാലാവസ്ഥയ്ക്കു യോജിച്ചതല്ല. അരയിൽ ചുററുന്ന വസ്ത്രത്തിൽ വന്നു മുട്ടി നിൽക്കത്തക്കവിധം, ഞങ്ങളും ഞങ്ങളുടെ സ്ത്രീകളും ധരിക്കുന്ന കുപ്പായത്തിൻെറ മേൽ ഭാഗം മാത്രം വെട്ടി എടുത്ത രീതിയിൽ ഒരു ചട്ട ഉണ്ടായാൽ ധാരാളം മതി. ജൂത സ്ത്രീകളോടു ആവശ്യപ്പെട്ടാൽ അവർ സഹകരിക്കും എന്നും ഞാൻ അവരെ ധരിപ്പിച്ചു. കലാവൈഭവമുള്ള നമ്പൂരിസ്ത്രീകൾ, ജൂത സ്ത്രീകളുടെ സഹകരണത്തോടുകൂടെ രൂപപ്പെടുത്തിയ ഈ വേഷവിധാനം വളരെ നന്നായിരിക്കുന്നു. വെള്ള നിറവും, ധരിച്ചിരിക്കുന്ന ആളും അതിൻെറ മാററു വർദ്ധിപ്പിക്കുന്നുണ്ടു്. ആ സാൽവാ ധരിച്ചിരിക്കുന്ന രീതി വളരെ വിശിഷ്ടമായിരിക്കുന്നു. ഞങ്ങളുടെ സ്ത്രീകൾ വിശേഷാവസരങ്ങളിൽ തല മൂടാറുണ്ടു്. ആ രീതിയാണു് രാജകുമാരി സ്വീകരിച്ചിരിക്കുന്നതു്.

പെരു:—അതെല്ലാം ഈ ജൂതസ്ത്രീ അവളെ പഠിപ്പിച്ചതായിരിക്കണമല്ലൊ. നിങ്ങളുടെ കുപ്പായം അങ്ങിനെ തന്നെ ധരിക്കുന്നതു് ഇവിടുത്തെ കാലാവസ്ഥയ്ക്കു ചേർന്നതല്ലെന്നും, മേൽ ഭാഗം വെട്ടിമുറിച്ചെടുത്താൽ വേണ്ടില്ലായിരിക്കുമെന്നും ശ്ലീഹാ കണ്ടുപിടിച്ചതു് അത്ഭുതകരമായിരിക്കുന്നു.

ശ്ലീ:—അതെൻെറ കണ്ടുപിടുത്തം ഒന്നുമല്ല. അറബി എന്ന അത്യുഷ്ണ രാജ്യത്തെ സ്ത്രീകൾ അവരുടെ ശരീരം മറയ്ക്കുന്നതു് അരവരെ എത്തുന്ന ഒരു തരം ചട്ട കൊണ്ടാണു്. ആ ചട്ട ഞങ്ങളുടെ കുപ്പായത്തിൻെറ മേൽ ഭാഗം വെട്ടി എടുക്കുന്നപോലിരിക്കുമെന്നു പറയാം. അതാണു ഞാൻ പറഞ്ഞതു്.

പെ:— നമ്പൂതിരി സ്ത്രീകൾ മുൻവശത്തു് ഇടുന്ന ഞൊറി പിമ്പിൽ ആക്കി പുടവ ഉടുക്കാൻ പറഞ്ഞതു്... ?

ശ്ലീ:—മാറു പോലെ തന്നെ, മനുഷ്യൻെറ അധമ വികാരങ്ങളെ തട്ടി ഉണർത്തുന്നതിനു സ്ത്രീകളുടെ പിൻ ഭാഗത്തിനു കഴിവുണ്ടെന്നും, ആ രണ്ടു ഭാഗങ്ങളും മറയ്ക്കേണ്ടതാണെന്നും ഞങ്ങളുടെ പൂർവിക സംസ്കാര കർത്താക്കൾ കാണുകയും ഉപദേശിക്കയും ചെയ്തിട്ടുള്ളതാണു്. പിമ്പിൽ ഞൊറിവരുമ്പോൾ അതു് നല്ലൊരു മറയായിത്തീരുമെന്നാണു് ഞാൻ ഊഹിച്ചതു്. അതു ശരി ആയിരുന്നല്ലൊ.

വേഷത്തെപ്പററി ഉണ്ടായ സംഭാഷണം ഒന്നവസാനിച്ചു് അവളെ സഭയിൽ പ്രവേശിപ്പിക്കുന്നതിനെപ്പററി ആലോചിച്ചിരുന്നെങ്കിൽ എന്നു് ഓർത്തു, അക്കമ്മാൾ. പെരുമാൾ അതു് ഓർത്തെങ്കിലും ബദ്ധപ്പാടുള്ള കാര്യമായി ഗണിച്ചു എന്നു തോന്നുന്നില്ല. ശ്ലീഹാ ജീവിക്കുന്നതു് ആളുകളെ കർത്താവിൻെറ പാദത്തിലേയ്ക്കു കൊണ്ടു വരുന്നതിനു മാത്രമായതുകൊണ്ടു് അദ്ദേഹത്തെ ആരും ഓർമ്മപ്പെടുത്തേണ്ടായിരുന്നില്ല. അല്ല ലാഘവമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചാൽ രാജകുമാരിക്കു കുറെക്കൂടെ വൈപരത തോന്നുമല്ലൊ എന്നുകൂടെ കണ്ടിട്ടായിരിക്കാം ശ്ലീഹാ വേഷവിധാനത്തെപ്പററി സംസാരിച്ചതു്. ആ വിഷയം മാററി മതസംബന്ധമായ കാര്യങ്ങളിലേയ്ക്കു ഉടനടി കടക്കുന്നതിനു അദ്ദേഹത്തിനു് യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല എന്നു് എടുത്തു പറയേണ്ടതില്ലല്ലൊ. കർത്താവിനെപ്പററിയും, വിശ്വാസത്തെപ്പററിയും, ആചാരാനുഷ്ഠാനങ്ങളെപ്പററിയും, "അവ്വെ" എന്തെല്ലാം മനസ്സിലാക്കിയിട്ടുണ്ടെന്നു ശ്ലീഹാ അന്വേഷിച്ചു. "അവ്വെ

എന്നുള്ള ആദ്യമാതാപ്പിൻെറ പേർ കിട്ടി എങ്കിലും, അതു കാലഹരണപ്പെട്ടു പോയതുകൊണ്ട് ഞാനും അക്കമ്മാൾ എന്നു വിളിക്കട്ടോ. അനുവദിക്കുമെങ്കിൽ അങ്ങിനെ തന്നെ വിളിക്കാം" എന്നു അദ്ദേഹം നേരമ്പോക്കു പറഞ്ഞ് അക്കമ്മാളെക്കൊണ്ട് "അങ്ങിനെ വിളിച്ചാൽ മതി" എന്നു പറയിച്ചു. അതോടു കൂടെ രാജകുമാരിക്കു, അപ്പയോടുള്ളതുപോലുള്ള സ്നേഹം ശ്ലീഹായോടു തോന്നി എന്നാണ് അവൾ മിറിയാമിനോടു പിന്നീടു പറഞ്ഞതു.

മുദ്ര കുത്തി സ്വീകരിക്കുന്നതിനു ആവശ്യമായവ എല്ലാം അക്കമ്മാൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നതുകൊണ്ട് അവളെ എത്രയും വേഗത്തിൽ സ്വീകരിക്കാമെന്നു ശ്ലീഹാ ഉറപ്പു കൊടുത്തു. കുമാരി സന്തോഷാശ്രുക്കൾ പൊഴിച്ചു കൊണ്ടു പോയി.

പെരുമാൾക്കു് അറിയാനുള്ളതു് സ്ഥാനത്യാഗം ചെയ്യേണ്ടതു് എന്നാണെന്നും, അതിനുശേഷം എന്തു ചെയ്യണമെന്നുമാണ്. എത്ര ഗൌരവതരമായ കാര്യങ്ങളെപ്പററിയും ആലോചിച്ചു തീരുമാനിക്കുന്നതിനു് വാനവരമ്പനു് ഒരു കാലത്തും ബുദ്ധിമുട്ടുണ്ടായിട്ടില്ല. ആലോചനക്കാരുടെ എല്ലാവരുടെയും അഭിപ്രായത്തെ അവഗണിച്ചു്, അതിനു് എതിരായി, പലപ്പോഴും തീരുമാനങ്ങൾ ചെയ്തിട്ടുണ്ടു്. അബദ്ധമായി, അപകടം വിളിച്ചു വരുത്താനാണു് ചേരൻ തുടങ്ങുന്നതു് എന്നു് അവരിൽ പലരും ഭയപ്പെട്ടിട്ടുമുണ്ടു്. പക്ഷെ, ഒടുവിൽ ചേരൻെറ ദീർഘദൃഷ്ടി കാര്യങ്ങൾ ശരിക്കു കണ്ടു എന്നും, അദ്ദേഹത്തിൻെറ തീരുമാനമായിരുന്നു ശരി എന്നും തെളിയുകയാണു പതിവു്. ഇപ്പോൾ സ്ഥാനത്യാഗം ചെയ്യണം എന്നു സംശയലേശം കൂടാതെ അദ്ദേഹം ഉറച്ചെങ്കിലും, അതു കഴിഞ്ഞാൽ ചെയ്യേണ്ടതെന്തെന്നു തീർച്ചപ്പെടുത്താൻ കഴിവില്ലാതെ കുഴങ്ങുകയാണു്. രാജ്യഭരണസംബന്ധമായ സംഗതികളിൽ വ്യാപൃതനായി ജീവിതം കഴിച്ചതുകൊണ്ടു് മററു മണ്ഡലങ്ങളെപ്പററി ശരിയായ ജ്ഞാനം ഇല്ലായിരുന്നതാണു് ഈ വിധം വന്നു കൂടാനുള്ള കാരണം. സ്ഥാനം ഒഴിയുന്നതുമൂലം, സ്ഥാനത്തു നിന്നു മാറി ജീവിക്കുന്ന കാലത്തും നസ്രാണി വേദത്തിനു് ഏററം അധി

കം പ്രയോജനം ഉണ്ടാകണം, അതിനു പ്രവൎത്തിക്കേണ്ടതു് ഏതു വിധത്തിലാണു്, ചരിക്കേണ്ടതു് ഏതു മാൎഗ്ഗത്തിലാണു്, എന്നു് സമരതന്ത്രത്തേയൊ രാജ്യതന്ത്രത്തേയൊ ആശ്രയിച്ചു ഒരു തീൎപ്പു കല്പിക്കാൻ പാറുന്നില്ല. പിന്നേതുവഴി ചിന്തിച്ചാണു് തീരുമാനിക്കേണ്ടതെന്നു നിശ്ചയവുമില്ല. സാവധാനം മുമ്പോട്ടു പോയാൽ മതി എന്നു വയ്ക്കുന്നതിനു്, ആ വീരപുരുഷനു് ഇന്നും ക്ഷമയില്ല. ഒരു രാജ്യം പിടിച്ചടക്കേണ്ടതാവശ്യമാണെന്നു ബോദ്ധ്യമാകുന്ന ക്ഷണം മുതൽ അതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയായി. നയതന്ത്രപരമായി ഒരുക്കേണ്ട കരുക്കൾ ഒരുക്കുകയായി. മുൻകൂട്ടി നിശ്ചയിച്ച പദ്ധതി അനുസരിച്ചു് നിശ്ചയിച്ച സ്ഥലത്തു വച്ചു് നിശ്ചിത സമയത്തു തന്നെ വിജയം വരിക്കും. ഇതാണു് ഇന്നോളം നടത്തിയിട്ടുള്ളതും, നടന്നിട്ടുള്ളതും. ഇന്നു് ആ നയം തുടരാൻ തക്ക വിവരമില്ല. ആ നയം സ്വീകരിക്കത്തക്ക പന്ഥാവിലാണോ താൻ ചരിക്കുന്നതെന്നു സംശയവുമുണ്ടു്. അതുകൊണ്ടാണു്, ശൌൎയ്യവീരപരാക്രമിയായ ചേരൻ വാനവരമ്പൻെറ അടുത്ത പടി എന്താണെന്നു ഉപദേശം നൽകുന്നതിനു്, ആ സിദ്ധൻെറ വാക്കുകളിൽ "അക്ഷരാഭ്യാസം പോലും പറയത്തക്ക വിധമില്ലാത്ത, മീൻപിടുത്തക്കാരനായ ഒരു കേവല-സാധാരണക്കാരനോടു് "അപേക്ഷിക്കുന്നതു്. അതിൽ എന്തെങ്കിലും അസാംഗത്യമുണ്ടെന്നു് ചേരചക്രവൎത്തിക്കു തോന്നിയതുമില്ല. "ഇന്നു രാത്രി മുതൽ മൂന്നു ദിവസം ഞാൻ അങ്ങേയ്ക്കു വേണ്ടി പ്രത്യേകം പ്രാൎത്ഥിക്കാം. എന്താണു് ചെയ്യേണ്ടതു്, ഏതു വഴിക്കാണു് തിരിയേണ്ടതു് എന്നു കാണിച്ചു തരണമെന്നു് അപേക്ഷിക്കാം. അങ്ങും ഈ മൂന്നു രാപ്പകൽ, കഴിവുള്ളപ്പോളെല്ലാം പ്രാൎത്ഥിക്കണം. എനിക്കു മൂന്നു ദിവസം കൊണ്ടു് കഷ്ടിച്ചു തീൎക്കാവുന്ന അത്യാവശ്യ ജോലികളുണ്ടു്. അവയും തീൎത്തു നാലാം ദിവസം വരാം. അപ്പോഴേയ്ക്കു അങ്ങേയുടെയും എൻെറയും പ്രാൎത്ഥനയുടെ ഫലമായി, വേണ്ട നിൎദ്ദേശം ലഭിക്കുമെന്നു നമുക്കു വിശ്വസിക്കാം" എന്നു് ആശ്വസിപ്പിച്ചിട്ടാണു് അന്നു് മാർത്തോമ്മാ ശ്ലീഹാ യുദ്ധഭാഗത്തേയ്ക്കു മടങ്ങിയതു.

നാലാം ദിവസം ശ്ലീഹാ പെരുങ്കോയിലകത്തു് എത്തി. പെരുമാളെ കണ്ടപ്പോൾ തന്നെ അദ്ദേഹം അനിശ്ചിതാവസ്ഥയിൽ നിന്നു വിമോചിതനായി എന്നു് അറിയാമായിരുന്നു. വിവരം ധരിപ്പിക്കാൻ, കുശല പ്രശ്നങ്ങൾ കഴിയുന്നതുവരെ പെരുമാൾ താമസിച്ചതു ബുദ്ധിമുട്ടിയാണു്.

പെരുമാൾ പറഞ്ഞു "ശ്ലീഹാ എനിക്കു വേണ്ടി പ്രാത്ഥിച്ചതിൻെറ ഫലം ശരിക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു"

ശ്ലീ:—എങ്ങിനെ, എന്തു കിട്ടി.

പെ:—ഞാൻ ഇനി ചെയ്യേണ്ടതെന്തെന്നു എനിക്കു ദൈവം കാണിച്ചു തന്നു.

ശ്ലീ—അങ്ങെയുടെയും എൻെയും പ്രാത്ഥനയുടെ ഫലം! ഇതു സന്തോഷ വാത്ത തന്നെയാണു്.

പെ:—ഞാൻ ഉടൻ തന്നെ സ്ഥാനത്യാഗം ചെയ്യുക. കുലശേഖരനെ അവരോധിക്കുക. ഇതുരണ്ടും നമുക്കു രണ്ടുനാലുദിവസങ്ങൾക്കകം കഴിക്കണം.

ശ്ലീ:—ഒരു വലിയ രാജ്യത്തെ ഭരണച്ചുമതല വഹിക്കുന്നയാൾ സ്ഥാനം ഒഴിയുന്നതും, മറൊരാളെ ആ സ്ഥാനത്തു് അവരോധിക്കുന്നതും അത്ര ക്ഷണത്തിൽ സാധിക്കാവുന്നതാണൊ, എന്തൊ.

പെ:—ക്ഷണത്തിൽ സാധിക്കാവുന്നതേയുള്ളു. അതുകൊണ്ടാണല്ലൊ എനിക്കു നിദ്ദേശം ലഭിച്ചതു്. ഞാൻ മനസ്സു കൊണ്ടു് ഒരുങ്ങിക്കഴിഞ്ഞിട്ടു് കാലം കുറെ ആയല്ലൊ. കുലശേഖരനെ സ്ഥാനത്തു പ്രവേശിപ്പിച്ചാൽ, എല്ലാ വശങ്ങളും മനസ്സിലാക്കുന്നതിനു് അല്പ ദിവസങ്ങൾ വേണ്ടിവരും. ജന്മസിദ്ധമായി അവനുള്ള കഴിവുകളും പെരിങ്കോയിലകത്തെ ജീവിതവും പരിചയവും, ഭരണം നടത്തുക എന്ന ചുമതലയേറിയ ജോലി നിവ്വഹിക്കുന്നതിനു് അവനെ സഹായിക്കും. ആവശ്യമുള്ള ഉപദേശങ്ങൾ നൽകാൻ വയ്യാപുരി ഉണ്ടു്. വളരെ വളരെ അത്യാ

വശ്യം വന്നാൽ ഞാനും സഹായിക്കാം. ഞാൻ കഥാവശേഷനാകയല്ലല്ലൊ. അപ്രതീക്ഷിതമായി ഞാൻ മരിക്കുന്ന പക്ഷം, കുലശേഖരൻ ഒരു ഒരുക്കവും കൂടാതെ സ്ഥാനത്തു പ്രവേശിച്ചു ഭാരം വഹിക്കേണ്ടവനല്ലെ? ഇപ്പോഴത്തെക്കാൾ അനുകൂലമായ പരിതഃസ്ഥിതികളിൽ, കുലശേഖരനു് ഭരണം ഏല്ക്കാൻ, എന്നെങ്കിലും സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ :—ആ വക സംഗതികളിൽ യാതൊരു വിവരവുമില്ലല്ലൊ എനിക്കു്. അതുകൊണ്ടു് ആശങ്ക തോന്നിയതാണു്.

പെ :—ക്ഷമിക്കണെ. ഈ വിധം തീർച്ചപ്പെടുത്തിയതു എങ്ങിനെ എന്നും എന്തുകൊണ്ടെന്നും ഞാൻ ആദ്യം തന്നെ അറിയിക്കാതെ, രാജ്യഭരണ കാര്യത്തിലേക്കു കടന്നതു് ശരിയായില്ല. കഴിഞ്ഞ രാത്രിയിൽ ഞാനൊരു സ്വപ്നം കണ്ടു. സ്വപ്നമെന്നു പറയുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. ഉറക്കത്തിലാണല്ലൊ നാം സ്വപ്നം കാണുന്നതു്. ഈ അനുഭവം ഉണ്ടായപ്പോൾ ഞാൻ ഉറങ്ങുക അല്ലായിരുന്നു.— അല്ലായിരുന്നു എന്നാണെന്റെ വിശ്വാസം. ആരോ ഒരാൾ എന്നോടു പറഞ്ഞു "നീ ഇവിടെ നിന്നു ഉടൻ പുറപ്പെട്ടുകൊള്ളുക" എന്നു്. രാജ്യഭരണഭാരം വഹിക്കുന്ന ഞാൻ ഇട്ടെറിഞ്ഞു് ഉടനെ പുറപ്പെടുന്നതെങ്ങിനെ ആണെന്നു് എന്റെ മനസ്സിൽ ഒരു സംശയം തോന്നി. അതു മനസ്സിലാക്കിയിട്ടെന്നവണ്ണം മറുപടി ഉണ്ടായി. ഭരണകാര്യങ്ങൾ നിനച്ചു ചിന്താകുലനാകേണ്ടാ. അതിനു് ആൾ ഉണ്ടല്ലൊ. അവനെ ഏല്പിച്ചു് ഉടൻ തന്നെ പുറപ്പെട്ടുകൊള്ളുക" എന്നു്. അടുത്ത ക്ഷണത്തിൽ —ഞാൻ പള്ളി ഓടത്തിൽ ഇരിക്കുന്നു. ഓടം തെക്കൻ ദിക്കിനെ ലക്ഷ്യമാക്കി യാനം ചെയ്യുകയാണു്. അകമ്പടി അടുത്തു് ഒന്നുമില്ല. മുമ്പിലും പിമ്പിലും വളരെ ദൂരത്തു് ചില ജലവാഹനങ്ങളുണ്ടു്. അവയിൽ എനിക്കു് അത്യാവശ്യമുള്ള സാധനങ്ങൾ എല്ലാം ഉള്ളതായി അറിയാമായിരുന്നു. അനേക നാഴിക ദൂരത്തിൽ

ദൃഷ്ടി എത്തിയതും, ആ തോണികളിൽ ഉണ്ടായിരുന്ന സാധനങ്ങൾ എല്ലാം കണ്ടു മനസ്സിലാക്കാൻ സാധിച്ചതും, അത്ഭുതകരമായി എനിക്ക് അപ്പോൾ തന്നെ തോന്നി. അടുത്ത നിമിഷത്തിലാണ്, ശ്ലീഹാ എന്റെ സമീപത്ത് ഓടത്തിൽ ഇരിക്കുന്നതായി ഞാൻ കണ്ടത്. അതുവരെ ഓടത്തിൽ ആരെങ്കിലും ഉള്ളതായി ഞാൻ അറിഞ്ഞിരുന്നില്ല. ശ്ലീഹായെ കണ്ടുകഴിഞ്ഞശേഷം തിതിയൻ ഓടത്തിന്റെ തലയ്ക്കൽ നില്ക്കുന്നതു കണ്ടു. പിന്നെ തണ്ടുകാരും, കുറെ ഗലീൽബന്ധികളും ഉണ്ടെന്നു മനസ്സിലായി. പക്ഷിപറക്കുന്ന വേഗത്തിൽ ഓടിക്കൊണ്ടിരുന്ന ഓടത്തിനു മുമ്പിൽ, ദൂരത്തുകണ്ട തോണികൾ നിരങ്ങി നീങ്ങുകയാണ്. എങ്കിലും ഓടുന്ന ഓടത്തിനു് അവയെ സമീപിക്കാൻ സാധിക്കുന്നില്ല. അവ തമ്മിലുള്ള അകലം എപ്പോഴും ഒന്നുപോലെ തന്നെയാണ്. നാം എവിടെയ്ക്കാണ് പോകുന്നതെന്നറിയാമൊ, എന്നു് ഞാൻ ശ്ലീഹായോടു ചോദിച്ചു. "കർത്താവ് നമ്മെ നടത്തുന്നു. തെക്കു ദേശത്ത് ജലപ്പരപ്പിന്റെ മദ്ധ്യത്തിൽ ഒരു ചെറിയ തുരുത്തുണ്ട്, ആ തുരുത്തിലുള്ള ഒരു ഉയർന്ന കൽക്കുന്നിന്റെ മണ്ടയിൽ ഒരു വലിയ ആൽമരം. ഒരു പള്ളിയും. അവിടേയ്ക്കാണ് നമ്മെ കൊണ്ടുപോകുന്നതു്. ആ കൽക്കുന്നിന്റെ മുകൾപ്പരപ്പാണ് അങ്ങെയുടെ ഭാവിവാസസ്ഥലം" എന്നു് അവിടുന്നു എനിക്കു മറുപടി തന്നു. അപ്പോൾ ഞാൻ ആ ചെറു ദ്വീപും അതിലെ കൽക്കുന്നും കണ്ടു് സന്തുഷ്ടനായി. നാം യാത്രതുടർന്നു".

ശ്ലീഹാ പറഞ്ഞു "കേവലം സ്വപ്നം ആയിരുന്നില്ലെന്നും, അങ്ങെയുടെ ഭാവി എന്തെന്നു മനസ്സിലാക്കിത്തരുന്ന ഒരു ദർശനമായിരുന്നു അതെന്നുമാണ് എന്റെ വിശ്വാസം. ഇവിടെ നിന്നു് ഉടൻ പുറപ്പെടുക. ഭരണകാര്യങ്ങൾ നിന്നെ ചിന്താകുലനാക്കേണ്ടാ. അവ, അതു വഹിക്കുന്നതിനു് അർഹതയൊ അവകാശമൊ ഉള്ളവനെ ഏല്പിക്കുക" എന്നു കല്പിച്ചതു് നമ്മുടെ കർത്താവു തന്നെ ആ

ണെന്നുള്ളതിൽ സംശയമില്ല. "ഇനി എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു് ".

പെ :—എന്തു ചെയ്യാൻ പോകുന്നു എന്നു ചോദിക്കാനുണ്ടോ. "സ്ഥാനത്യാഗവും കുലശേഖരന്റെ അവരോധനവും എല്ലാം രണ്ടു നാലു ദിവസങ്ങൾക്കകം കഴിക്കണം" എന്നാണല്ലോ, ഞാൻ ശ്ലീഹായെ ഇന്നു കണ്ട ഉടനെ പറഞ്ഞതു്.

ശ്ലീ :—അപ്പോൾ സംശയവും അനിശ്ചിതാവസ്ഥയും എല്ലാം നീങ്ങിയൊ ?

പെ :—കർത്താവാണു് എന്നോടു് ആജ്ഞാപിച്ചതെന്നു് വിശ്വസിച്ചുകൊണ്ടു ചെയ്ത തീരുമാനമാണു് ഞാൻ ധരിപ്പിച്ചതു്. എന്റെ ആ അഭിപ്രായം അറിയാതെയാണല്ലോ, കർത്താവു് എന്നെ വിളിച്ചതാണു് എന്നു് എന്റെ സ്വപ്നത്തിന്റെ വിവരം കേട്ടശേഷം അവിടുന്നും പറഞ്ഞതു്.

ശ്ലീ :—സ്വപ്നമെന്നല്ല ദർശനം എന്നാണു് പറയേണ്ടതു്. കർത്താവു് അവിടത്തെ വത്സലന്മാക്കു് പലപ്പോഴും വെളിപ്പെടാറുണ്ടെന്നു ഞാൻ ധരിപ്പിച്ചിട്ടുള്ളതു് ഓർമ്മയുണ്ടോ ? അങ്ങയെയും കർത്താവു വത്സലനായി സ്വീകരിച്ചു കഴിഞ്ഞു എന്നാണു് ഇതു തെളിയിക്കുന്നതു്. പെരുമാൾ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു പറഞ്ഞു "അതിനു തക്ക സുകൃതം ഒന്നും ഞാൻ ചെയ്തിട്ടില്ല. ദൈവത്തിന്റെ കരുണ"

ശ്ലീ :—ദൈവത്തിന്റെ ഉദ്ദേശ്യം എന്തെന്നു മനസ്സിലാക്കാൻ നമുക്കു് കഴിവില്ല. അങ്ങെക്കൊണ്ടു് എന്തോ സാധിക്കാനുണ്ടു്. ഈ മഹാരാജ്യത്തു് സഭ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാനക്കല്ലായിട്ടായിരിക്കും അങ്ങെയെ എണ്ണിയിരിക്കുന്നതെന്നാണെന്റെ വിശ്വാസം.

പെ :—ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ. അതു നടത്തുന്നതിനുള്ള ഉപകരണമായി തെരഞ്ഞെടുക്കപ്പെട്ട ഞാൻ

ധന്യനാണ്. അതിന്നു ദൈവത്തെ സ്തുതിക്കുന്നതിന്നു വേണ്ട യോഗ്യത പോലും എനിക്കില്ലെന്നു നല്ല ബോദ്ധ്യമുണ്ട്.

ശ്ലീ:—സർവ്വജ്ഞനും സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തിൻെറ തീരുമാനങ്ങളുടെ ഉദ്ദേശം എന്തായിരിക്കുമെന്ന് ഊഹിക്കുന്നതിന്നുപോലും, കേവലം കൃമികളായ നമുക്ക് ശക്തിയില്ല.

പെ:—ഇല്ല, ശക്തിയില്ല. എങ്കിലും തിരുവിഷ്ടം നമ്മിൽ നടക്കട്ടെ എന്നു വച്ച്, നമ്മെത്തന്നെ ദൈവത്തിന്ന് ഏല്പിച്ചു കൊടുക്കാൻ നമുക്ക് സ്വാതന്ത്ര്യം തന്നിട്ടുണ്ടല്ലൊ.

ശ്ലീ:—സ്വാതന്ത്ര്യം തന്നിട്ടുണ്ട്. പക്ഷെ ആ സ്വാതന്ത്ര്യം പ്രയോഗിക്കാനുള്ള കഴിവ് പലപ്പോഴും നമുക്കില്ല. അങ്ങേയ്ക്കു് അതിന്നു വേണ്ട കഴിവ് തന്നിട്ടുണ്ട്. അതിന്നു പ്രത്യേകം കൃതജ്ഞനായിരിക്കേണ്ടതാണ്. മാത്രമല്ല, ആ കഴിവ് എത്രയും വേഗത്തിൽ പ്രയോജനപ്പെടുത്തിക്കൊള്ളുകയും വേണം.

പെ:—ഞാൻ വളരെ നന്ദിയുള്ളവനാണ്. ഈ അവസരം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നതിന്ന് ശ്ലീഹാ എന്നെ സഹായിക്കണം എന്ന് വീണ്ടും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു.

# 19

" നാം എവിടേയ്ക്കാണൊ പോകുന്നതു് ? എന്നെവിടെ എത്തിച്ചേരും ? ആരറിഞ്ഞു " എന്നു പെരുമാൾ തന്നെ ത്താൻ പറഞ്ഞു.

" ഒരിക്കലെങ്കിലും ശരിയായ വിശ്രമം എന്തെന്നറിഞ്ഞിട്ടില്ലാത്ത ആളാണദ്ദേഹം. എന്നും എപ്പോഴും വമ്പിച്ച കാര്യങ്ങളിൽ വ്യാപൃതനായി കഴിഞ്ഞ ഒരു മനുഷ്യൻ, എങ്ങിനെ തൊഴിലൊന്നുമില്ലാതെ കഴിക്കും. പശ്ചാത്താപിക്കയൊ നിരാശക്കുണ്ടിൽ പതിക്കയൊ ചെയ്യാനല്ലെ എളുപ്പം ? സ്ഥാനത്യാഗം ചെയ്തതും, പെരിങ്കോയിലിൽ നിന്നു് എവിടേയ്ക്കു് എന്നു പോലും നിശ്ചയമില്ലാതെ ഇറങ്ങിത്തിരിച്ചതും അബദ്ധമായി എന്നു വാനവരമ്പനു തോന്നുമൊ ? അങ്ങിനെ തോന്നുകയാണെങ്കിൽ താൻ അതിലേയ്ക്കു അദ്ദേഹത്തെ ഉത്സാഹിപ്പിച്ചു എന്നു വിചാരിക്കയില്ലെ " എന്നിങ്ങനെ ആയിരുന്നു അദ്ദേഹത്തോടൊപ്പം പള്ളി ഓടത്തിൽ ഉണ്ടായിരുന്ന മാർത്തോമ്മാ ശ്ലീഹായുടെ ചിന്താഗതി. ശ്ലീഹായും വാനവരമ്പനും ഒഴിച്ചു് ആ ഓടത്തിൽ ഉണ്ടായിരുന്നവർ എല്ലാം നൈരാശ്യരായി തീർന്നിരുന്നു.

വാനവരമ്പന്റെ സ്ഥാനത്യാഗോദ്ദേശം വളരെ പരസ്യമാകുന്നതിനു മുമ്പുതന്നെ, അദ്ദേഹം സ്ഥാനം ഒഴിഞ്ഞു കഴിഞ്ഞു. അതോടൊപ്പം കുലശേഖരൻ, പെരുമാളായി അവരോധിക്കപ്പെട്ടുകയും ചെയ്തു. (വാനവരമ്പൻ പെരുമാൾ പദം ഉപേക്ഷിച്ചെങ്കിലും, അദ്ദേഹത്തെ സൌകര്യാർത്ഥം ഞങ്ങൾ പെരുമാൾ എന്നുതന്നെ തുടന്നു അഭിധാനം ചെയ്യുന്നതാണു്.) ജനതയുടെ അഭിപ്രായഗതി ആരായുകയൊ, അവരുടെ അനുമതി വാങ്ങുകയൊ ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു്, സ്ഥാനം ഉപേക്ഷിച്ചയാളൊ, സ്ഥാനം സ്വീകരിച്ചയാളൊ, പൌരാവലിയൊ ചിന്തിച്ചില്ല. അങ്ങിനെ ഒരു ചിന്ത ഉണ്ടാകാൻ തക്കവിധത്തിൽ മുമ്പൊരിക്കലും ഒരു

നടപടിയും ഉണ്ടായിട്ടില്ല. പെട്ടെന്നാണ ഈ വിധം ഒരു തീരുമാനം എടുത്തതെന്നും, അതു് ഒരിക്കലും ശരിയായില്ലെന്നും ആരും വാനവരമ്പനോട്ട പറഞ്ഞില്ല എന്നു ധരിക്കരുതു്.

പെരുന്തേവി ആണ്ടാൾ "കണ്ണീരും കയ്യുമായി" നാടകീയമാംവിധം പ്രതിഷേധിക്കുകയും, പെരുമാളിനെ "തുമ്പില്ലാത്ത നിശ്ചയ" ത്തിൽ നിന്നു പിൻതിരിപ്പിക്കാൻ ശ്രമിക്കയും ഉണ്ടായി. സ്ഥാനം പ്രാപിക്കേണ്ട കുലശേഖരനും, സ്ഥാനത്യാഗം ചെയ്യാതിരിക്കയാണു് വേണ്ടതെന്നു് ആത്മാൎത്ഥതയോട്ട കൂടെത്തന്നെ അപ്പയെ ധരിപ്പിച്ചു. വാനവരമ്പൻ പ്രതീക്ഷിക്കാതിരുന്ന ഒരു സ്ഥാനത്തു നിന്നും അരുതേ, അരുതേ, സ്ഥാനം ഉപേക്ഷിക്കരുതേ എന്നൊരു അപേക്ഷയൊ താക്കീതൊ ഉണ്ടായി.

പടത്തലവസ്ഥാനത്തു നിന്നു് നീക്കം ചെയ്യപ്പെട്ട തിതിയൻ ഇപ്പോഴും പെരുങ്കോയിലിൽ തന്നെയാണു്. തടവുകാരനായിട്ടല്ല. തടങ്കലിൽ ആണെന്നു വയ്ക്കാം. പെരുമാൾ അയാളെ ഉദ്യോഗത്തിൽ നിന്നു പിരിച്ചു വിട്ടതിൽ അമൎഷമില്ല. തൻെറ കുററം കൊണ്ടുതന്നെ വന്നു കൂടിയതാണെന്നു ബോദ്ധ്യമുണ്ട്. അതുകൊണ്ടാണു് അമൎഷം ഇല്ലാത്തതു്. എന്നാൽ സങ്കടമുണ്ടു്. നൈരാശ്യവുമുണ്ടു്. മദ്യപിച്ചു തോന്ന്യാസങ്ങൾ കാണിച്ചതും, നമ്പൂതിരിമാരെ ഇളക്കിച്ചാടിച്ചതും മഹാപരാധമാണെന്നു സമ്മതമുണ്ടു്. എന്നാലും സ്ഥാനം നഷ്ടപ്പെട്ടതിൽ സങ്കടം തോന്നാറുണ്ടു്. അതു അപ്രകൃതമാണെന്നു പറഞ്ഞു കൂടല്ലൊ. ഇപ്പോൾ മദ്യസേവ ഇല്ല. ചില സമയം മദ്യത്തോട്ടുള്ള മോഹം അയാളെ ഗ്രസിക്കും. അപ്പോൾ, കിട്ടാൻ മാൎഗ്ഗമുണ്ടൊ എന്നു് ആലോചിക്കാറുണ്ടു്, യാതൊരു വഴിയും ഇല്ലെന്നു ബോദ്ധ്യമാകുമ്പോൾ ആഗ്രഹത്തെ അമൎത്താൻ ശ്രമിക്കുന്നു. ആ ശ്രമത്തിൽ വിജയിക്കുന്നുമുണ്ടെന്നാണു് അദ്ദേഹത്തിൻെറ വയ്പു്, കിട്ടാൻ വഴിയില്ലാത്തതുകൊണ്ടു്, ആഗ്രഹം താനെ അടങ്ങുകയാണു്. അടക്കുകയല്ല എന്നു് ബോദ്ധ്യമാകുന്നുണ്ടോ എന്നു സംശയമാണു്. ഇങ്ങിനെ ശക്തിയായ ആഗ്രഹം ഉണ്ടാകുന്ന ഘട്ടങ്ങൾ തമ്മിലുള്ള ഇട ഇപ്പോൾ മുമ്പില

ത്തേതിൽ ദീഘിച്ചിട്ടുണ്ട്. കുറെക്കാലം കൂടെ—സ്വാതന്ത്ര്യമില്ലാത്തതു കൊണ്ടാണെങ്കിൽ തന്നെയും-മദ്യം സേവിക്കാതിരിക്കുമെങ്കിൽ അയാൾ മദ്യദേവതയുടെ അടിമത്വത്തിൽ നിന്നു രക്ഷപ്പെട്ടു പോകും എന്നു് അറിയാം. അതുകൊണ്ടാണ് വാനവരമ്പൻ സ്ഥാനം ഉപേക്ഷിക്കരുതെന്നുള്ള അപേക്ഷ നിരസിച്ചു സ്ഥാനത്യാഗം ചെയ്യുന്ന പക്ഷം, വാനപ്രസ്ഥത്തിൽ പ്രവേശിക്കുമ്പോൾ, ആശ്രമ അന്തേവാസികളിൽ ഒരാളായി തന്നെയും സ്വീകരിക്കണമെന്നു് തിതിയൻ പെരുമാളോടപേക്ഷിച്ചതു്.

ആശ്രമമുണ്ടോ, അന്തേവാസികളെ എങ്ങിനെ പോററും എന്നൊന്നും ഒരു നിശ്ചയവുമില്ലാതിരുന്നതു കൊണ്ടു്, തിതിയനെ ആ ഉദ്യമത്തിൽ നിന്നു പിൻതിരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. പിൻതിരിഞ്ഞാൽ, സ്വതന്ത്രനായാൽ വീണ്ടും മദ്യക്കടലിൽ പെട്ടുപോകാം, പിന്നെയും അപകടങ്ങൾ വരുത്തിവച്ചു എന്നു വരാം, എന്നുള്ള ഭയം തിതിയൻ തുറന്നു പറഞ്ഞു. അപ്പോൾ പെരുമാൾ പറഞ്ഞു "കുഴിമുയലിനും പറവകൾക്കും പോലും കുഴിയൊ കൂടൊ, ചേക്കേല്ക്കുള്ള സ്ഥലമൊ ഉണ്ടായിരിക്കും. എനിക്കൊ? നാളത്തെ ആവശ്യങ്ങൾ എങ്ങിനെ നിറവേററും എന്നു ചിന്തിക്കരുതെന്നുള്ള കല്പന, അപ്പടിയെ ശിരസാവഹിക്കാനാണ് ഞാൻ ശ്രമിക്കുന്നതു്. അപ്പോൾ അന്തേവാസികളും അനുയായികളും ഉണ്ടായിരിക്കണമെന്നാഗ്രഹിക്കുന്നതും അവരെ പോററാൻ ശ്രമിക്കുന്നതും ശരിയല്ല."

തിതി :— നരകകുണ്ടിലേയ്ക്കു കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുമ്പോളാണ് തിരുമേനി അടിയനെ തടങ്കലിൽ വച്ചു രക്ഷപ്പെടുത്തിയതു്. അതിഗൌരവതരമായ രാജദ്രോഹക്കുററം തന്നെ ക്ഷമിച്ചു. മദ്യപിശാചിൻെറ അടിമത്വത്തിൽ നിന്നു രക്ഷിച്ചു. ഇപ്പോൾ കൈവെടിയുകയാണെങ്കിൽ പിന്നെയും പഴയപടി ആയിപ്പോയേയ്ക്കാമെന്നു ഭയമുണ്ടു്. അതുകൊണ്ടാണ് അടിയൻ കൂടെ ആശ്രമത്തിലേയ്ക്കു വരാൻ അനുവദിക്കണമെന്നപേക്ഷിക്കുന്നതു്. അധികമൊന്നും സമ്പാദ്യമില്ല. ഉയന്ന രീതിയിൽ രണ്ടു

വഷം ജീവിക്കാനുള്ള വക ഇല്ല. എന്നാൽ ഒതുങ്ങിയ ആശ്രമജീവിതം നയിക്കുന്നതിനു വേണ്ടിവരുന്ന നിസ്സാര ചെലവു് വഹിക്കാൻ കഴിവുണ്ടു്. രക്ഷിച്ച തിരുമേനി ഇപ്പോൾ കൈവിടരുതെന്നും കൂട്ടത്തിൽ വരുന്നതിനു് അനുവദിക്കണമെന്നും വീണ്ടും വീണ്ടും അപേക്ഷിക്കുന്നു. ഈ അപേക്ഷ നിരസിക്കുന്നതു്, ഇവനെ പാതാളത്തിലേക്കു തള്ളുന്നതിനു തുല്യമാണു്. തിരുമേനി ആ വിധം നശിപ്പിക്കയില്ലെന്നു് പൂണ്ണ വിശ്വാസമുണ്ടു".

തിതിയന്റെ വിശ്വാസം ശരിയായിരുന്നു എന്നു്, വാനവരമ്പന്റെ അനുയായികളുടെ കൂട്ടത്തിൽ അയാളെ കാണുന്നതിൽ നിന്നു് മനസ്സിലാക്കാം.

സ്ഥാനത്യാഗം ചെയ്തു കഴിഞ്ഞാൽ, ഒരു ആശ്രമം സൃഷ്ടിച്ചു്, സന്യസിക്കണം. രാജകീയമായവ എല്ലാം ഉപേക്ഷിക്കണം എന്നാണു് വാനവരമ്പൻ ഉദ്ദേശിച്ചിരുന്നതു്. തിരുവഞ്ചിക്കുളത്തു നിന്നു് ഒരു തോണിയിൽ കേറി തെക്കോട്ടു പുറപ്പെടുക. എങ്ങിനെ എങ്കിലും ദശനത്തിൽ കണ്ട ദ്വീപിൽ എത്തി അവിടെ കൂടുക എന്നല്ലാതെ, വിശദ പരിപാടികൾ ഒന്നും അദ്ദേഹം തയ്യാറാക്കിയിരുന്നില്ല. അസാധാരണ വ്യുൽപത്തിയും, കഴിവുകളും, ഉള്ള പലക്കം, താരതമ്യേന നിസ്സാരമായി തോന്നാവുന്ന വിശദാംശങ്ങളിൽ ശ്രദ്ധ ചെലുത്താൻ വേണ്ട ക്ഷമ ഉണ്ടായിരിക്കാറില്ല. വമ്പിച്ച പ്രസ്ഥാനങ്ങളിൽ വിജയം വരിക്കുന്ന ഇത്തരക്കാക്കു് വിശദാംശങ്ങളിൽ ശ്രദ്ധിക്കുന്നതിനു പററിയ അനുചരന്മാർ ഇല്ലെങ്കിൽ തോൽവി സംഭവിക്കുമെന്നു തീച്ചയാണു്. വാനവരമ്പൻ വിശദാംശങ്ങളിൽ ശ്രദ്ധ ചെലുത്തുന്ന കൂട്ടത്തിലായിരുന്നില്ല. അതിനു വേണ്ടത്ര അനുചരന്മാരും ജോലിക്കാരും വേണമെന്നു് അദ്ദേഹത്തിനു നിബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ടു് ആ ബലഹീനതകൊണ്ടുള്ള ദൂഷ്യം അനുഭവിക്കാനിടയായിട്ടില്ല. പിന്നിൽ ആളുണ്ടോ എന്നു് ഓക്കേണ്ട ആവശ്യമേ ഇല്ലാത്ത നിലയിൽ കാര്യങ്ങൾ എത്തിച്ചു കഴിഞ്ഞിട്ടു വളരെ കാലമായ

തുകൊണ്ട്, ആ പ്രശ്നം അദ്ദേഹം വിസ്മരിച്ചിരുന്നു എന്നു തന്നെ പറയാം.

രാജധാനിയിൽ നിന്നു് ഇറങ്ങി, ആശ്രമവാസത്തിനു കാണിച്ചു കൊടുത്തു എന്നു വിശ്വസിക്കുന്ന ചെറുദ്വീപിൽ ചെന്നാൽ എവിടെ തല ഒളിക്കും, എങ്ങിനെ ജീവിക്കും എന്നു് അദ്ദേഹം ചിന്തിച്ചില്ല. പഴയ രീതി സ്വീകരിച്ചതുകൊണ്ടുമാത്രമല്ല, പുതിയ മതത്തിലുള്ള വിശ്വാസവും-കമ്പമെന്നു വേണമെങ്കിലും വയ്ക്കാം—ആ നയം സ്വീകരിക്കുന്നതിനു പ്രേരണ നൽകി. യാത്ര തിരിക്കുമ്പോൾ, അനുയായികളൊ സേവകരൊ ആവശ്യമില്ലെന്നു് പറയുന്നതിനു പോലും മടിച്ചില്ല. വയ്യാപുരിയും, കുലശേഖരനും അതിൻെറ ദൂഷ്യങ്ങൾ ചൂണ്ടിക്കാണിക്കാൻ ചെയ്ത ശ്രമം വിഫലമായി. അവർ രണ്ടു പേരും കൂടെ ശ്ലീഹായെ സമീപിച്ചു വിവരം ധരിപ്പിച്ചു. സ്ഥാനത്യാഗം ചെയ്തതുകൊണ്ടു മാത്രം വാനവരമ്പനു്, ജീവിതകാലമത്രയും അനുഭവിച്ചുവന്ന സൌകര്യങ്ങൾ ഉപേക്ഷിക്കാനുള്ള കഴിവു് കൈവരുന്നില്ലെന്നും ആശ്രമവാസത്തിനാണു് പുറപ്പാടെങ്കിൽ തന്നെയും, കൊട്ടാരത്തിൽ നിന്നു് ഒരു ചാട്ടത്തിനു് ആശ്രമത്തിലെ പരുപരുപ്പൻ ജീവിതചര്യയിൽ എത്താൻ ഈ പ്രായത്തിൽ ശ്രമിക്കുന്നതു് അവിവേകമായിരിക്കുമെന്നും, ഉള്ള അവരുടെ വാദം ശരിയാണെന്നു ശ്ലീഹായിക്കും ബോദ്ധ്യമായി. അദ്ദേഹത്തിൻെറ ഉപദേശാനുസരണം, സുഖസൌകര്യങ്ങൾ ക്രമമായി കുറച്ചാൽ മതി എന്നു വാനവരമ്പൻ സമ്മതിച്ചു. അതാണു് തിരുവഞ്ചിക്കുളത്തു നിന്നു് പള്ളി ഓടത്തിൽ തന്നെ വാനവരമ്പൻ യാത്ര പുറപ്പെടാൻ കാരണം. അപ്പോൾ പള്ളി ഓടത്തിനു് മുമ്പിലും പിമ്പിലും പതിവുള്ള അകമ്പടി ഓടികളും, സേവകവൃന്ദവും എല്ലാം പഴയപടി തന്നെ ഉണ്ടായി. മനുഷ്യവാസം പോലുമില്ലെന്നു വച്ചിട്ടുള്ള ഒരു ദ്വീപിൽ ചെന്നാൽ, തല ഒളിക്കുന്നതിനു് ആവശ്യമായ എടുപ്പുകൾ ഉണ്ടാകണമല്ലൊ. അത്യാവശ്യമുള്ളവ ഉടനടി നിർമ്മിക്കുന്നതിനു വേണ്ട തൊഴിൽക്കാരെയും, അവക്കു കുറേ കാലത്തേയ്ക്കു ആവശ്യമുള്ള ഭക്ഷണ സാധനങ്ങളും അയയ്ക്കേണ്ടതാണെന്നു വയ്യാപുരി നിശ്ചയിച്ചു. കുലശേഖരനും

അതുതന്നെ ആയിരുന്നു അഭിപ്രായം. കലവറത്തോണികളും, അരിവെപ്പുകാരും എല്ലാം എല്ലാം ഉണ്ടു്. ഒരു സമരം ആരംഭിക്കുന്നതിനു് സൈന്യം സമരമുഖത്തേയ്ക്കു നീങ്ങുന്ന പ്രതീതി ഉളവാക്കുമായിരുന്നു, ആ കുടിനീക്കം. ഇത്ര അധികം സിൽബന്ധികളും സേവകരും അകമ്പടിക്കാരും എല്ലാം തന്റെ പിന്നാലെ ഉണ്ടെന്നു യഥാർത്ഥത്തിൽ വാനവരമ്പൻ അറിഞ്ഞില്ല.

ആശ്രമത്തിനു തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലത്തു്, ഒരു കൊട്ടാരം ആവശ്യമാണെന്നുള്ളതിൽ ആർക്കും സംശയമുണ്ടായിരുന്നില്ല. അവിടെ ഏർപ്പാടുകൾ തീർക്കുന്നതിനെപ്പററി ആലോചിച്ചു, തീർച്ചപ്പെടുത്തി എന്നും പെരുമാളിനെ ധരിപ്പിക്കേണ്ടതില്ല, എന്നും ചിലർ അഭിപ്രായപ്പെട്ടു. "അതു് അപകടമായിത്തീരാം. അനുമതിയും ആലോചനയും ഇല്ലാതെ കെട്ടിടങ്ങൾ കെട്ടിക്കാൻ തുടങ്ങുമ്പോൾ, വേണ്ടാ എന്നു കല്പിച്ചാലൊ" എന്നായിരുന്നു വയ്യാപുരിയുടെ ഭയം. ഒടുവിൽ കുലശേഖരനും കാര്യക്കാരും ഒരുമിച്ചു് പെരുമാളെ കണ്ടു് സംസാരിക്കണം എന്നുറച്ചു. വയ്യാപുരി ദീർഘമായ മുഖവുര കൂടാതെ പറഞ്ഞു "ആശ്രമജീവിതത്തിനാണു് പുറപ്പെട്ടന്നതെങ്കിലും പെട്ടെന്നു് ജീവിതരീതി വ്യത്യാസപ്പെടുത്തേണ്ടതില്ലെന്നു ഇന്നാൾ തിരുമേനി......

വാന :—ക്രമേണ എല്ലാം മാററണം.

വയ്യാ :—അതെ, അങ്ങിനെയാണു് കല്പിച്ചതു്. പുതിയ മതം പ്രചരിപ്പിക്കുമ്പോൾ തന്നെ, വളരെ ആളുകൾ തമ്പുരാന്റെ ചുററിലും വന്നുകൂടുമല്ലൊ......

വാന :—അതാണല്ലൊ ആവശ്യം.

വയ്യാ :—അതെ, അങ്ങിനെ വന്നുകൂടുന്നവൎക്കു് തല ഒളിക്കാനുള്ള സൌകര്യങ്ങൾ ആ ദ്വീപിൽ ഉണ്ടാക്കേണ്ടെ എന്നു്......

വാന :—അവിടം ഒരു രണ്ടാം തിരുവഞ്ചിക്കുളം ആക്കണം. ഒരു പെരിങ്കോയിൽ അവിടെ കെട്ടണം എന്നായിരിക്കുമൊ ?

വയ്യാ :—അല്ല, വളരെ അത്യാവശ്യമുള്ള എടുപ്പുകൾ മാത്രം വേണം. ഒരു ദേവാലയം ഉണ്ടാകേണ്ടയോ.

വാന :—തീച്ചയായും ഒരു പള്ളി, വേണം.

കുല :—അങ്ങിനെ വളരെ ചുരുങ്ങിയ തോതിൽ ഒരു കോയിലകവും, അത്യാവശ്യമുള്ള മററു എടുപ്പുകളും ഉണ്ടാക്കുന്നതിനുള്ള ഏർപ്പാടു കൂടെ ചെയ്യാൻ അനുവദിക്കണമെന്നപേക്ഷിക്കാനാണു് ഞങ്ങൾ രണ്ടാളും കൂടി വന്നതു്.

വാന :—ഞാൻ പെരുമാളല്ലെന്നു് ഓക്കണം.
അപ്പോൾ പിന്നെ കോയിലകം ആവശ്യമില്ലല്ലോ.

കുല:—ഇപ്പോൾ പെരുമാൾ അല്ലെങ്കിൽ, പെരുമാളുടെ അപ്പയാണല്ലോ. ജീവിതകാലമത്രയും അനുഭവിച്ച സുഖസൌകര്യങ്ങൾ എല്ലാം ഒരുമിച്ചുപേക്ഷിക്കാൻ തക്ക ദേഹശക്തി ഇപ്പോഴില്ല. അപ്പ ഇനി വളരെക്കാലം ജീവിച്ചിരിക്കണമെന്നാണു് എല്ലാവരുടെയും ആഗ്രഹം. ജീവിതസാർവ്വസ്വമായി ഇന്നു സ്വീകരിച്ചിരിക്കുന്ന വേദത്തിനു് ഈ രാജ്യത്തിൽ പുരോഗതി ഉണ്ടാകുന്നതിനു അപ്പയുടെ സാന്നിദ്ധ്യം അത്യാവശ്യമാണെന്നു്......

വാന :—വേദത്തിൻെറ പുരോഗതി എന്നെ ആശ്രയിച്ചല്ല സ്ഥിതി ചെയ്യുന്നതു്. ആരെല്ലാം എന്തെല്ലാം ചെയ്താലും അതു കാട്ടുതീ കണക്കെ പടരും. പിന്നെ അതുകണ്ടു് ആനന്ദിക്കാൻ......

കുല :—കണ്ടു് ആനന്ദിക്കുന്നതിനു് അപ്പയ്ക്കു് അവസരം ഉണ്ടാകണമെങ്കിൽ, ജീവിക്കാൻ അത്യാവശ്യമായ സൌകര്യങ്ങൾ ഉണ്ടായിരിക്കണം. അവ ഏർപ്പെടുത്തുന്നതിനു് അനുവദിക്കണമെന്നാണു് ഞങ്ങളുടെ അപേക്ഷ.

അപേക്ഷ അനുവദിക്കേണ്ടതാണെന്നു് പെരുമാൾ സമ്മതിച്ചു.

അതുകൊണ്ടാണ്, സമരരംഗത്തേയ്ക്കു നീങ്ങുന്ന ഒരു പട കണക്കെ, തിരുവഞ്ചിക്കുളത്തുനിന്ന് വിവിധതരം തൊഴിൽക്കാരും, മററും മററും ഉൾപ്പെട്ടുന്ന ഒരു വമ്പിച്ച ജനസംഘം പുറപ്പെടാൻ ഇടയായതു്. ചുരുങ്ങിയതു് ആറു മാസത്തേയ്ക്കു് ആവശ്യമുള്ള നെല്ലും അരിയും, ചീത്തയായിപോകാത്ത മററു ഭക്ഷണ സാധനങ്ങളും വഹിക്കുന്ന തോണികളും ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. ഒരു ഖജനാവും അവിടെ ജോലിചെയ്യേണ്ടവരും കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. കെട്ടിടങ്ങൾ പണിയുന്നതിനു തച്ചന്മാരെയും, അവരെ സഹായിക്കുന്നതിനു് വേലക്കാരെയും, മേൽനോട്ടം വഹിക്കുന്നതിനുള്ള ആൾക്കാരെയും ആ സംഘത്തിൽ ഉൾപ്പെടുത്താൻ വഞ്ചാപുരി മറന്നുപോയില്ല.

ഇത്ര വമ്പിച്ച ഒരു ജലഘോഷയാത്ര ചേരനാട്ടിലെ ജലാശയങ്ങളിൽ ഇതിനു മുമ്പുണ്ടായിട്ടുണ്ടോ എന്തോ. രാജ്യവും സിംഹാസനവും എല്ലാം ഉപേക്ഷിച്ചു് വനവാസത്തിനു് പുറപ്പെട്ടിരിക്കയാണു് വാനവരമ്പൻ എന്നു്, ആ യാത്രാസംഘത്തെ കാണുന്നവർ ആരും വിശ്വസിക്കയില്ല. സംശയിക്കയില്ല;

പള്ളിഓടത്തിലുള്ള ശ്ലീഹാ, പെരുമാൾ, ത്രുബൻ എന്നിവക്കു് നല്ല ഉത്സാഹമാണു്. അസാധാരണമായി എന്തെങ്കിലും സംഭവിച്ചു എന്നു് ഈ മൂവരുടെയും സംസാരവും ഭാവവും കേൾക്കുകയും കാണുകയും ചെയ്താൽ തോന്നുകയില്ല. എവിടേയ്ക്കാണെന്നുപോലും നിശ്ചയമില്ലാത്ത ഒരു പ്രയാണത്തിനാണു് അവർ പുറപ്പെട്ടിരിക്കുന്നതെന്നും അവരുടെ നടപടിയിൽ നിന്നു് അനുമാനിക്കാൻ പററുകയുമില്ല. തിതിയന്റെ സ്ഥിതി അത്രയ്ക്കു മെച്ചമല്ല. ചിലപ്പോഴെല്ലാം അയാൾ വിചാരമഗ്നൻ ആയി ദൃഷ്ടി കുമ്പിട്ടു് ഇരിക്കുന്നതു കാണാം.

കൊടുങ്ങല്ലൂർ നിന്നു യാത്ര തിരിച്ചിട്ടു് നാലാറു ദിവസം കഴിഞ്ഞു. വിസ്തൃതമായ ജലപ്പരപ്പിലൂടെ ഓടം തെക്കോട്ടിക്കിലേയ്ക്കു പ്രയാണം ചെയ്യുകയാണു്. ബദ്ധപ്പാടു് ആക്കും ഇല്ല. ലക്ഷ്യം ഒരു ചെറുദ്വീപാണെന്നു് എല്ലാവർക്കും അറിയാം. മുമ്പെ പോകുന്നകലവറത്തോണി ഉൾപ്പെടെ എല്ലാ തോണി

ക്കാർക്കും അതു നിശ്ചയമുണ്ടു്. നാലാറുദിവസം ആയിട്ടും "ചെറുദ്വീപു" കാണാഞ്ഞപ്പോൾ, വാനവരമ്പനും ശ്ലീഹായും ഒഴിച്ചുള്ളവർക്കു് എന്തൊ ഒരു ആശങ്കയൊ പരിഭ്രമമൊ ആയിത്തുടങ്ങിയൊ? ദ്വീപു കണ്ടില്ലെങ്കിൽ അവർക്കു് നഷ്ടം ഒന്നും വരാനില്ല. പ്രതീക്ഷിച്ചതിൽ വേഗം നാട്ടിൽ മടങ്ങിയെത്താൻ സാധിക്കയും ചെയ്യും എന്നറിയാം. എന്നിട്ടും ഒരു ജാള്യത, തിതിയന്റെ മനോഗതമെന്താണെന്നു് ആർക്കും പിടികിട്ടുന്നില്ല. മദ്യദേവതയെ അടുത്തു സേവിക്കാൻ പററാതെ വരുന്നതുകൊണ്ടു്, ദൂരത്തു ഇരുന്നു ഭജിക്കയാണൊ? അതൊ തനിക്കു വരാവുന്നതിലെല്ലാം അധമമായുള്ള അനുഭവം ഉണ്ടായിക്കഴിഞ്ഞു. അതിൽ കഷ്ടതരമായ അനുഭവം വരുത്താമെങ്കിൽ വരുത്തണം എന്നു് വിധിയെ വെല്ലുവിളിക്കയാണൊ?

മുമ്പെ പൊയ്ക്കൊണ്ടിരുന്ന ചില ഓടികൾ നേർവഴി വിട്ടു കിഴക്കുഭാഗത്തേയ്ക്കു് മാറുന്നു എന്നു് ഓടത്തിലുള്ള ജോലിക്കാർ കണ്ടു. എന്താണങ്ങിനെ ചെയ്യുന്നതെന്നു് ഒരു ചെറുമുനമ്പു തിരിഞ്ഞുചെന്നപ്പോഴാണു് മനസ്സിലായതു്. ഒരു ദ്വീപു കണ്ടു് അതിനെ ലക്ഷ്യമാക്കി തിരിച്ചുവിട്ടതാണു്. ഓടത്തിലുള്ളവർക്കു് ഉത്സാഹമായി. ലക്ഷ്യത്തിൽ എത്തിയല്ലൊ! ഇല്ലെങ്കിലും കാലുംകയ്യും ഒന്നു നിവിർത്താമല്ലൊ.

ഓടം ദ്വീപിനോടു് അടുത്തു. ഒത്തനിരപ്പായി കിടക്കുന്നു. അവിടവിടെ ചില കുററിക്കാടുകളും ഒന്നു രണ്ടു ചെറു വൃക്ഷങ്ങളും ഉണ്ടു്. നാലാറു തെങ്ങു്, ആ രാജ്യം ഭരിക്കുന്നതു തങ്ങളാണെന്നുള്ള ഹുങ്കോടുകൂടെ തല ഉയർത്തിപ്പിടിച്ചു നില്ക്കുന്നു. ദ്വീപുകണ്ടു എന്നു പെരുമാൾ അറിഞ്ഞിട്ടും, യാതൊരു ഭാവപ്പകർച്ചയും മുഖത്തു പ്രത്യക്ഷമായില്ല. ഒട്ടടുത്തുചെന്നപ്പോൾ മാത്രമെ അദ്ദേഹം ആ വട്ടത്തുരുത്തിലേയ്ക്കു് ശരിക്കു ദൃഷ്ടി അയച്ചുള്ളു. ക്ഷണത്തിൽ ശ്ലീഹായോടു പറയുകയും ചെയ്തു., "അതു നമ്മുടെ തുരുത്താണെന്നു തോന്നുന്നില്ല. ഞാൻ ദർശനത്തിൽ കണ്ട കൽക്കുന്നും ആൽമരവും ഒന്നും ഇവിടെ കാണുന്നില്ലല്ലൊ" എന്നു്. ഓടവും ഓടികളും തോണികളും മററും അവിടെ അടുത്തു. ഏതായാലും ഒരു രാത്രി

ആ തുരുത്തിൽ കഴിക്കാമെന്നു പെരുമാൾ അഭിപ്രായപ്പെട്ടതു് എല്ലാവരേയും സന്തുഷ്ടരാക്കി. കാലും കൈയും നിവത്തു് എല്ലാവരും സുഖിച്ചു.

പെരുമാൾ ദശ്നത്തിൽ കണ്ട ദ്വീപു്, വെറും മായ ആയിരിക്കുമൊ എന്നു് അനുയായികളിൽ അധികം ആളുകൾക്കും സംശയമായിത്തുടങ്ങി എങ്കിലും, ആരും ആ ചിന്ത ശബ്ദത്തിലൂടെ പുറത്തേയ്ക്കു വിടാൻ ഒരുങ്ങിയില്ല. വാനവരമ്പനു് യാതൊരു സംശയവും ഇല്ല. ശ്ലീഹായിക്കും ഉള്ളതായി തോന്നുന്നില്ല. പിറേറന്നാൾ രാവിലെ അവർ പുറപ്പെട്ടു. തെക്കോട്ടു തന്നെ.

ശ്ലീഹായോടു പെരുമാൾ ചോദിച്ചു "ശ്ലീഹായിക്കു വളരെ ബദ്ധപ്പാടുള്ള കൂട്ടത്തിലാണു്. കൃഷി എല്ലാം വിളഞ്ഞു കിടക്കുന്നു. കൊയ്ത്തുകാർ വളരെ ചുരുക്കം. അതുകൊണ്ടാണു് ഞാൻ, ഓടി അല്ല പറന്നു നടന്നു കൊയ്യുന്നതെന്നല്ലെ പറയാറുള്ളതു്"

ശ്ലീ:—അതു വളരെ ശരിയാണു്. പറന്നു നടന്നാൽ തന്നെ എത്തേണ്ട സ്ഥാനങ്ങളിൽ സമയത്തു് എത്താൻ പററുന്നില്ല.

വാന:—അതു ശരിയാണെന്നു് എനിക്കും ബോദ്ധ്യമാണു്. ആ വിധം ബദ്ധപ്പാടുള്ള ഒരാളെ ഞാൻ പിടിച്ചു് ഈ ഓടത്തിൽ കേററി മുഷിപ്പിക്കുന്നതു തെററല്ലെ എന്നോത്തു. അതുകൊണ്ടാണു ചോദിച്ചതു്. ഞാൻ അപേക്ഷിച്ച ക്ഷണത്തിൽ വരാമെന്നു സമ്മതിച്ചതു്, ഇത്രയും ദിവസങ്ങൾ നഷ്ടപ്പെട്ടതാമെന്നു വച്ചതു്, എന്തുകൊണ്ടാണെന്നു ഞാൻ എത്ര ആലോചിച്ചിട്ടും കണ്ടു പിടിക്കാൻ കഴിയുന്നില്ല.

ശ്ലീ:—സവ്വകലാവല്ലഭനായ ദൈവത്തിൻെറ ലക്ഷ്യമൊ, മാഗ്ഗമൊ ഒന്നും മനസ്സിലാക്കാനുള്ള കഴിവു നമുക്കില്ല. ദൈവമാണു് എന്നെ നടത്തുന്നതെന്നു് എനിക്കറിയാം. അങ്ങെയുടെ കൂടെ ഓടത്തിൽ ഞാനും വരണമെന്നാവശ്യപ്പെട്ടു. ഉവ്വെന്നൊ, ഇല്ലെന്നൊ പറയാൻ എനിക്കു് അവകാശമില്ല. ഞാൻ

ദൈവത്തിൻെറ അടിമയാണു്. കത്താവിൻെറ കല്പന അനുസരിക്കുക മാത്രമാണെൻെറ ജോലി. അങ്ങ് ആവശ്യപ്പെട്ടപ്പോൾ, കൂടെ പൊയ്ക്കൊള്ളണം എന്നു് എനിക്കു് കല്പന കിട്ടി. ഞാൻ പുറപ്പെട്ടുകയും ചെയ്തു. അനുസരിച്ചാൽ മാത്രം മതി എന്നു വരുന്നതു എന്തൊരു സുഖമാണെന്നറിയാമൊ ? നാം ആലോചിച്ചു തീച്ച്പ്പെടുത്തി എന്തെങ്കിലും ഒരു കാര്യം ചെയ്താൽ, അതു ശരിയാകുമൊ, വിജയിക്കുമൊ, തോൽവി പററിയാൽ എന്തു ചെയ്യും എന്നിങ്ങനെ പല ചിന്തകളും ആശങ്കയും ഉണ്ടാവാം. കല്പന അനുസരിക്കുക മാത്രം ചുമതലയായിട്ടുള്ളവനു് ആശങ്കയും വേണ്ട, ചിന്തയും വേണ്ടാ. ഏല്പിക്കപ്പെട്ടതു് പൂണ്ണ ശക്തിയോടും പൂണ്ണ മനസ്സോടും ചെയ്യുണമെന്നു മാത്രമേയുള്ളു. അതാണു് കത്താവിൻെറ അടിമ ആയ എൻെറ സ്ഥിതി. അങ്ങെയുടെ കൂടെ വരാമെന്നു സമ്മതിച്ചതും, ഇത്രയും ദിവസങ്ങൾ "നഷ്ടപ്പെടുത്താം" എന്നു വച്ചതും ഞാനല്ല. അതുകൊണ്ടു് എന്താണിങ്ങനെ തീച്ച്പ്പെടുത്തിയതെന്നു പറയാൻ എന്നെക്കൊണ്ടു് ആവില്ല. അങ്ങെയുടെ ഈ യാത്ര, എന്തൊ അതിവിശിഷ്ടവും അതിപ്രധാനവുമായ സംഭവങ്ങളുടെയൊ കാര്യങ്ങളുടെയൊ നാന്ദിയാണെന്നാണു് ഞാൻ ധരിക്കുന്നതു്. അതിനു ഞാനും ഒരു സാക്ഷിയൊ സഹപ്രവത്തകനൊ ആയിരിക്കേണ്ടതാവശ്യമാണെന്നു കത്താവു നിശ്ചയിച്ചു. എന്തുകൊണ്ടാണു് അങ്ങിനെ തീച്ച്പ്പെടുത്തിയതെന്നു ചോദിക്കാൻ നമുക്കു് അഹതയില്ല.

പെ :—എവിടെയൊ ഉള്ള ഒരു ചെറു ദ്വീപിൽ ചെന്നു താമസിക്കാനാണല്ലൊ ഞാൻ പുറപ്പെട്ടിരിക്കുന്നതു്. അതിനു് ഇത്ര വലിയ പ്രാധാന്യം കല്പിക്കാനെന്തുണ്ടെന്നാണു് എനിക്കു മനസ്സിലാകാത്തതു്.

സ്ത്രീ :—ദൈവത്തിൻെറ ദിവ്യജ്ഞാനം ചെയ്യുന്ന തീരുമാനത്തെ ചോദ്യം ചെയ്യാൻ നാമാരാണു് ? അവിടുന്നു്

അവസാനം വരെ കണ്ട ശേഷമായിരിക്കും എന്തെങ്കിലും തീർച്ചപ്പെടുത്തുന്നത്. നമുക്ക് മൂക്കിൻെറ അഗ്രത്തിനപ്പുറം കാണാനുള്ള കഴിവുമില്ല. അതുകൊണ്ട് മനസ്സിലാക്കാൻ സാധിക്കയുമില്ല.

പെ :—ശരിയാണ്. അതുകൊണ്ടാണല്ലൊ കാര്യവും കാരണവും എല്ലാം അറിയാൻ നാം ആഗ്രഹിക്കുന്നത്. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ കഴിയുന്നതു മഹാഭാഗ്യം തന്നെയാണ്.

പെരുമാളും ശ്ലീഹായും മററും ചെറുദ്വീപ് തെരഞ്ഞ് തെക്കോട്ട് പ്രയാണം ചെയ്യട്ടെ. നമുക്ക് തിരുവഞ്ചിക്കുളത്തേയ്ക്കു ഒന്നു പോകാം. വാനവരമ്പൻെറ അസാന്നിദ്ധ്യം പെരിങ്കോയിലകത്തേയും അവിട്ടത്തെ അന്തേവാസികളെയും ഏതെങ്കിലും വിധത്തിൽ സ്പർശിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എങ്ങിനെ എന്നു് അന്വേഷിക്കേണ്ട ചുമതല ഇല്ലെ ?

ചേരൻ കുലശേഖരൻ, അദ്ദേഹത്തിനു് കാലത്തിനു മുമ്പു ലഭിച്ച പദവിയെ ഏതു തരത്തിൽ വീക്ഷിക്കുന്നു? ഭരണാധികാരി എന്ന നിലയിൽ വിജയിക്കാൻ സാദ്ധ്യതയുണ്ടോ ? ഉന്നത സ്ഥാനപ്രാപ്തി മൂലം തലതിരിവോ മററാ വന്നു കൂടിയിട്ടുണ്ടൊ ?

അപ്പശ്ശു് ഭരണകാര്യങ്ങൾ സംബന്ധിച്ച് എല്ലാ വിവരങ്ങളും നല്ല നിശ്ചയമായിരുന്നു എങ്കിലും, കാര്യക്കാരൻ വയ്യാപുരിയുടെ ആലോചനയെ പററി അദ്ദേഹത്തിനു വലിയ മതിപ്പായിരുന്നു എന്നു കുലശേഖരനു മുമ്പുതന്നെ അറിയാമായിരുന്നു. ആ അറിവു് ഇന്നൊരു നല്ല ആസ്തിയായി ഭവിച്ചിട്ടുണ്ട്.

കാര്യക്കാരുമായി നടത്തിയ ആദ്യത്തെ അഭിമുഖസംഭാഷണം, വയ്യാപുരിയെ കൊച്ചുതമ്പുരാൻെറ അടിമയാക്കി എന്നാണു് അദ്ദേഹം പറയുന്നതു്.

കുലശേഖരൻ പറഞ്ഞു "ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുന്നു. എനിക്കു ഭരണകാര്യത്തിൻെറ ഗന്ധം പോലുമില്ലെന്നു കാര്യക്കാർക്കു് അറിയാം. എൻെറയും അഭിപ്രായം അതു തന്നെയാണെന്നു ധരിക്കണം".

കാര്യ്യ :—വലിയ തമ്പുരാൻെറ മകനു ജന്മനാ തന്നെ, ഭരണകാര്യ്യങ്ങളിൽ നല്ല വാസന ഉണ്ടായിരിക്കണമെന്നാണു്...

കുല :—ആ തത്വം ശരിയല്ലെന്നൊ തെററാണെന്നൊ സ്ഥാപിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. അപ്പ ആനകേറിയാൽ മകൻെറ പൃഷ്ഠത്തിൽ തഴമ്പു കാണുകയില്ലല്ലൊ.

കാര്യ്യ :—ഭരണകാര്യ്യങ്ങളിലുണ്ടാകുന്ന വാസന മനസ്സിൻെറ വികാസത്തേയും നിലയേയും ആശ്രയിച്ചായിരിക്കുമല്ലൊ ഇരിക്കുന്നതു്. കാര്യ്യങ്ങളിൽ മനസ്സു ചെല്ലുത്തിത്തുടങ്ങുമ്പോൾ, ക്ഷണത്തിൽ മട്ടൊക്കെ മാറിക്കൊള്ളും.

കുല :—ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. കാര്യ്യക്കാർ എന്നെ ഒരു ശിഷ്യനായി ഗണിച്ചു, ഹ-രി-ശ്രീ മുതൽ എഴുതിക്കണം. അപ്പ വേണ്ട നിർദ്ദേശങ്ങൾ തന്നിട്ടുണ്ടായിരിക്കുമല്ലൊ.

കാര്യ്യ:—വയ്യാപുരിയുടെ ശരീരവും ആത്മാവും ജീവനും എല്ലാം ഇവിടുത്തെ വകയാണെന്നു വച്ചുകൊണ്ടാൽ മതി. കഴിവതും അതിൽ വളരെ കൂട്ടതലും പണിപ്പെടാനും പണി എടുക്കാനും ഒരുക്കവുമാണു്. വലിയ തമ്പുരാൻെറ അഗാധബുദ്ധി കൊച്ചുതമ്പുരാനും കിട്ടിയിട്ടുള്ളതുകൊണ്ടു്, അല്പ ദിവസം കൊണ്ടു്, രീതികൾ എല്ലാം മനസ്സിലാക്കാൻ കഴിയും. അപ്പോൾ പിന്നെ തപ്പു പററി എന്നു വരികയില്ല. ഒരു ഭരണാധിപൻെറ ഏററം വിലതീരാത്ത ആസ്ഥി അയാൾക്കുണ്ടാകുന്ന ഒരു വിശ്വാസമാണെന്നു വലിയ തമ്പുരാൻ ഒരിക്കൽ കല്പിക്കയുണ്ടായി.

കുല :—വിശ്വാസമൊ ? എന്തു വിശ്വാസമാണെന്നു വ്യക്തമാക്കിയൊ.

കാര്യ്യ :—വ്യക്തമാക്കി. വളരെ വ്യക്തമാക്കി തന്നു. അവിടുന്നു് ഒരിക്കൽ ഒരു ഉപദേശം തന്നാൽ അതു് പിന്നീട്ട ഒരിക്കലും മറന്നു പോയി എന്നു വരികയില്ല. അതാണെൻെറ അനുഭവം......

കല :—ആ വിശ്വാസം ?.....

കാര്യ :—അയ്യോ, ക്ഷമിക്കണെ. വലിയ തമ്പുരാനെ പററിയുണ്ടായ സ്മരണ മറേറതിനെ പിൻതള്ളിക്കളഞ്ഞു " ഒരു ഭരണാധിപൻ, അയാൾ ഭരിക്കുന്ന രാജ്യവും അവിടുത്തെ പ്രജകളും അയാളുടെ സുഖസൌകര്യങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടവയാണെന്നു ധരിക്കാതെ, തനിക്ക് ദാസവനം ചെയ്യുന്നതിനു് ദൈവം നല്കിയിട്ടുള്ള ഉപാധികളാണെന്നു വിശ്വസിക്കണം. ആ വിധം വിശ്വസിക്കുന്ന ആൾക്കു മാത്രമേ, രാജ്യഭരണത്തിൽ വിജയിക്കാൻ സാധിക്കയുള്ളു " എന്നാണു കല്പിച്ചതു്.

കല :—അപ്പ എന്നോടു പലപ്പോൾ പറഞ്ഞിട്ടുണ്ടു്. നിൻെറ രാജ്യം എന്നു് ഒരിക്കലും ചിന്തിക്കരുതു്. നിന്നെ വളത്തുന്ന, നിന്നെ പോററുന്ന, നീ സേവനം ചെയ്യേണ്ട രാജ്യമെന്നാണു് ചിന്തിക്കേണ്ടതു് എന്നു്.

കാര്യ :—ആ വിധം ചിന്തിക്കാൻ, അല്ല ചിന്തിക്കാതെ, ആലോചിക്കാതെ തന്നെ അങ്ങിനെ ഓക്കുകയൊ വിശ്വസിക്കുകയൊ ചെയ്യാൻ കഴിഞ്ഞാൽ, പിന്നെ പ്രശ്നങ്ങളൊന്നും ശല്യപ്പെടുത്തുകയില്ല.

കല :—അപ്പ പറഞ്ഞുതന്ന ഉപദേശത്തിൻെറ മാഹാത്മ്യം ഇപ്പോൾ, കാര്യക്കാർ വ്യാഖ്യാനിച്ചപ്പോളാണു് എനിക്കു ശരിക്കു മനസ്സിലായതു്. ആ തത്വം അനുസരിച്ചു ജീവിക്കുകയും രാജ്യം ഭരിക്കുകയും മരിക്കുകയും ചെയ്യാമെന്നു ഞാൻ ഇതാ വാഗ്ദത്തം ചെയ്യുന്നു. ഉറപ്പുതരുന്നു.

കാര്യ :—അയ്യോ അവിടുന്നു് എന്തിനാണു് എനിക്കു് ഉറപ്പു തരുന്നതു്.

വാനവരമ്പൻെറ സ്ഥാനത്യാഗവും വേർപാടും ഏററം അധികം സ്പർശിച്ചിട്ടുള്ളതു് ആണ്ടാളെ ആണു്. അതു അപ്രകൃതവുമല്ലല്ലൊ. പക്ഷെ ഭർത്തൃവിയോഗമല്ല ആ മഹിളയെ

സങ്കടപ്പെടുത്തുന്നതു്, ചേരൻെറ പെരിന്തേവി എന്ന അത്യുന്നതമായ സ്ഥാനം നഷ്ടപ്പെട്ടു എന്നതാണു്. സ്ഥാനം ഇന്നു നഷ്ടപ്പെട്ടിട്ടില്ല. എങ്കിലും അതു വഴുതി കഴിഞ്ഞിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ പോക്കേപോകും, താൻ അധികപ്പററാകയും ചെയ്യുമെന്നുള്ള ഓർമ്മയും അവരെ കൊല്ലാക്കൊല ചെയ്യുന്നു എന്നുതന്നെ പറയാം. കുലശേഖരനു പ്രായമായി. വിവാഹപ്രായം കഴിഞ്ഞു. ഏതുനിമിഷത്തിൽ വേണമെങ്കിലും അയാളുടെ വിവാഹം നടക്കാം. മുമ്പു് ആണ്ടാൾ ആഗ്രഹിക്കുന്നവിധം അമ്മയെ ബഹുമാനിക്കയും അനുസരിക്കുകയും ചെയ്തിരുന്നെങ്കിലും, രാജ്യഭരണത്തിൽ പ്രവേശിച്ചപ്പോൾ കൂടുതൽ സ്വാതന്ത്ര്യം പ്രയോജനപ്പെടുത്താതിരിക്കയില്ല. ആലോചനയ്ക്കും ഒരു പെരുന്തേവി കൂടെ വന്നാൽ പിന്നെ പറയാനുമില്ല. മനസ്സിൽ ഈ വിധം അകൽച തോന്നിയിട്ടുണ്ടെങ്കിലും മകനുമായി കഴിയുന്നത്ര അടുത്തു സ്നേഹമായി കഴിയുന്നതിനു് അവർ ശ്രമിക്കുന്നുണ്ടു്.

മകനേക്കാൾ വളരെയധികം സ്നേഹിച്ച മകൾ, തൻെറ പുറത്തു കുത്തി എന്നു ആണ്ടാൾ വിശ്വസിക്കുന്നു. അക്കമ്മാളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടായിരുന്നെങ്കിൽ, വാനവരമ്പൻ സ്ഥാനത്യാഗം ചെയ്തപ്പോൾ ആ കുമാരിയെ ഭരണാധികാരിയായി പ്രതിഷ്ഠിക്കാൻ പററുമായിരുന്നു എന്നാണു് അവർ ഇപ്പോഴും വിചാരിക്കുന്നതു്. വാനവരമ്പനെ സ്നേഹപ്രകടനംകൊണ്ടും കണ്ണീർകൊണ്ടും, പാട്ടിലാക്കാൻ പററുകയില്ലെന്നു അനേകമനേകം ഘട്ടങ്ങളിൽ തെളിഞ്ഞിട്ടുണ്ടു്. ആണ്ടാൾ നൈരാശ്യപ്പെട്ടിട്ടുമുണ്ടു്. അദ്ദേഹത്തിനു പൂർണ്ണബോദ്ധ്യമുണ്ടാകുന്ന കാര്യങ്ങളിലല്ലാതെ സ്വാധീനം ചെലുത്തിതിരിക്കാനൊ ചായിക്കുന്നതിനൊ ഒക്കുകയില്ലെന്നു അനുഭവത്തിൽനിന്നു അറിഞ്ഞിട്ടുള്ളതാണു്. ഇപ്പോൾ അതെല്ലാം മറന്നിട്ടു് അക്കമ്മാൾ സഹകരിച്ചിരുന്നെങ്കിൽ, വാനവരമ്പനെ സ്വാധീനപ്പെടുത്തി അവളെ സിംഹാസനത്തിൽ ഏററാമായിരുന്നു എന്നുള്ള ചിന്ത തികട്ടിവന്നുകൊണ്ടിരിക്കുന്നു. അപ്പോഴൊക്കെ മകളോടു തോന്നിയ അപ്രിയത്തിൻെറ മാററു് വദ്ധിക്കുകയും ചെയ്യുന്നു. മകനോടും മകളോടും ഉള്ള മനഃസ്ഥിതി ഇതാണെങ്കിലും അതു

പുറത്തുകാണിക്കാതെ ലോഹ്യമായിട്ടാണു് പെരുമാറാറുള്ള തു്. എങ്കിലും തകളുമായി സംസാരിക്കുകയാണെങ്കിൽ, പലപ്പോഴും, അടക്കിവച്ചിരിക്കുന്നതെല്ലാം പുറത്തുചാടാറുമുണ്ടു്.

ഒരു ദിവസം അമ്മയും മകളുംകൂടി എന്തൊ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, മകൾ പറഞ്ഞു "അപ്പ ഇപ്പോൾ അങ്ങു ചെന്നുകാണും" എന്നു്.

ആണ്ടാൾ ചോദിച്ചു "ഏതു ദിക്കിലേക്കാണു് പോകുന്നതു്, അഭയസ്ഥാനം എന്തെങ്കിലും ഉണ്ടോ, ഉണ്ടാകുമൊ എന്നുപോലും, പോയ ആളിനും തള്ളിഇറക്കി വിട്ടവർക്കും തുമ്പില്ല. എന്നിട്ടാണു് പറയുന്നതു് "ഇപ്പോൾ അങ്ങു ചെന്നുകാണുമെന്നു്." എങ്ങു ചെന്നുകാണുമെന്നാണു്? നരകത്തിൽപോയാലെന്താണു്, സ്വർഗ്ഗത്തിൽ പോയാൽ എന്താണു്, എന്നല്ലെ നിന്റെ ഒക്കെ വിചാരം. നല്ല സ്നേഹമുള്ള മക്കൾ."

അമ്മ ഈ വിധം ക്ഷോഭിക്കാൻ യാതൊരു കാരണവും ന്യായവും രാജകുമാരി കണ്ടില്ല. അവൾക്കു് അപ്പയോടേ സ്നേഹമുള്ളു, അമ്മയെ കണ്ടുകൂടാ, എന്നു പലപ്പോൾ പരാതിപ്പെടാറുള്ളയാളാണു് ഇപ്പോൾ ഈ വിധം തിരിച്ചടിക്കുന്നതു്. അല്പസമയം കൊണ്ടേ അതിനു മറുപടി പറയുന്നതിനുള്ള കെല്പുണ്ടാക്കാൻ അക്കുമ്മാളിനു കഴിഞ്ഞുള്ളു. അമ്മയുടെ മനഃപ്രയാസംകൊണ്ടു് പറഞ്ഞുപോയതാണെന്നു് മനസ്സിലാക്കി അവൾ വളരെ സൌമ്യമായി പറഞ്ഞു "അമ്മയെന്താണിങ്ങനെ പറയുന്നതു്. അപ്പയോടു മാത്രമേ എനിക്കു സ്നേഹമുള്ളു എന്നു പരാതിപ്പെടാറുണ്ടായിരുന്ന ആളുതന്നെയാണൊ ഇപ്പോൾ ഈവിധം ഒരാരോപണം ഉന്നയിക്കുന്നതു്......"

ആണ്ടാ.—എനിക്കു തുമ്പില്ല എന്നുമായി അല്ലെ. കൊള്ളാം അതുകൂടെയേ വേണ്ടിയിരുന്നുള്ളു. അങ്ങനെ കൂട്ടുപിടിച്ചു് അപ്പയെ ആട്ടി ഓടിച്ചു. ഇനി പിരാന്താണെന്നൊ തുമ്പില്ലാതായി എന്നൊ പറഞ്ഞു് എന്നെക്കൂടെ പുറംതള്ളണം. അതേയുള്ളു ലാക്കു്.....

"അമ്മ എന്താണിങ്ങനെ പറയുന്നതു്. ഞാൻ എന്തു ചെയ്തു? അണ്ണൻ എന്തുചെയ്തു" എന്നു ചോദിച്ചുകൊണ്ടു് അക്കമ്മാൾ പൊട്ടിക്കരഞ്ഞു. ആണ്ടാൾക്കു് പററിയ അബദ്ധം ഏതാണ്ടു് മനസ്സിലായി എന്നു തോന്നുന്നു. അവർ വേഗം തന്നെ അറയിൽ നിന്നു് ഇറങ്ങിപ്പോയി.

അടുത്തദിവസം മകളെ കണ്ടപ്പോൾ മറെറാരു വേഷമാണു്. ആണ്ടാൾ ചോദിച്ചു "നീ പോകാൻ തന്നെയാണൊ തീച്ചപ്പെടുത്തിയതു്"

അക്ക:—എവിടേയ്ക്കു പോകാൻ തീച്ചപ്പെടുത്തിയോ എന്നാണു് ?

ആണ്ടാ:—അപ്പയുടെ അടുത്തേയ്ക്കു് ?

അക്ക:—ഉവ്വ്. അന്നുതന്നെ അപ്പയുമൊന്നിച്ചു പോകണമെന്നായിരുന്നല്ലൊ എൻെറ ആഗ്രഹം. എല്ലാം ഉപേക്ഷിച്ചു് ഇറങ്ങിപ്പോയ അപ്പയ്ക്കു് അത്യാവശ്യമുള്ള സുഖസൌകയ്യങ്ങളിൽ ശ്രദ്ധിക്കാമെന്നു വച്ചാണു് ഞാൻ കൂടെ വരുന്നു എന്നു പറഞ്ഞതു്.

ആണ്ടാ:—എൻെറ കുഞ്ഞേ, അന്നത്തതിൽപിന്നെ ഇന്നേയോളം, എന്തെല്ലാം നടന്നു, ഞാൻ എന്തൊക്കെ ചെയ്തു, പറഞ്ഞു എന്നൊരു വിവരവുമില്ല. ഇരുളുന്നുണ്ടു് വെളുക്കുന്നുണ്ടു് എന്നല്ലാതെ ഒന്നുമില്ല. ഇതുവല്ലതും ആവശ്യമുള്ള കായ്യമായിരുന്നൊ.

അക്ക:—ആവശ്യമായിരുന്നു എന്നു് അപ്പ വിശ്വസിച്ചു. ഞാനും അങ്ങിനെ തന്നെ വിശ്വസിക്കുന്നു. അതുകൊണ്ടാണു്, അപ്പയുടെ വാനപ്രസ്ഥത്തിൽ പങ്കുകൊള്ളാൻ ഞാനും പോകുന്നതു്.

ആണ്ടാ:—നീ പോകുന്നെന്നൊ. നേരാണൊ ഇപ്പറയുന്നതു്. ഇനി എങ്ങിനെ പോകാനാണു്.

അക്ക:—ഞാൻ കൂടെ ചെല്ലേണ്ടാ. അവിടെ എത്തി, താമസിക്കാനുള്ള സൌകയ്യങ്ങൾ ഒട്ടൊന്നു ശരിപ്പെട്ടതിക്കഴിഞ്ഞാലുടൻ തന്നെ എന്നെ അറിയിക്കാം,

എന്നു് അപ്പ വാക്കുതന്നിട്ടുണ്ടു്; അറിയിച്ചാലുടൻ തന്നെ ഞാൻ പോകും.

ആണ്ടോ:—എവിടേയ്ക്കാണു് പോകുന്നതു്?

അക്ക:—അപ്പയുടെ അടുക്കലേക്കു്.

ആണ്ടോ:—അപ്പ എവിടെയാണെന്നാണു് ഞാൻ ചോദിച്ചതു്.

അക്ക:— ആൾ വരുമ്പോൾ അറിയാം. തെക്കു് എവിടെയൊ ഒരു വലിയ കായലിൻെറ നടുക്കുള്ള ചെറുതുരുത്തിലേയ്ക്കാണു് അപ്പ പോയതു്. ആ തുരുത്തിൽ ഒരു കൽക്കുന്നും ആൽമരവും ഉണ്ടെന്നുള്ളതാണടയാളം.

ആണ്ടോ:—ഒരു വലിയ രാജ്യത്തെ പെരുമാൾ, ആരൊ ഒരു മനുഷ്യൻ പുതിയ ഒരു വേദം ഉണ്ടെന്നു പറഞ്ഞു വന്ന ഉടനെ അയാളുടെ പുറകെ കൂടി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രാജ്യവും വേണ്ടാ ഭരണവും വേണ്ടാ എന്നായി. കുറച്ചു ദിവസം കൂടെ കഴിഞ്ഞപ്പോൾ എവിടെയൊ ഒരു കായലിലൊ കടലിലൊ ഒരു വട്ടത്തുരുത്തുണ്ടെന്നു കിനാവു് കണ്ടുപോലും. എല്ലാം ഇട്ടെറിഞ്ഞു്, [കുടുംബത്തേയും ഉപേക്ഷിച്ചു് സ്വപ്നം കണ്ട വട്ടത്തുരുത്തന്വേഷിച്ചു്. അവിടെ ചെന്നു് തപസ്സിരിക്കാനാണെന്നു പറഞ്ഞു പുറപ്പെടണമെങ്കിൽ......വേണ്ടാ, വേണ്ടാ, നീ മുഖം ചുവപ്പിക്കേണ്ടാ, ഞാൻ നിറുത്തിയേയ്ക്കാം.

അക്ക:— അമ്മയ്ക്കു് എന്തൊ സുഖക്കേടാണു്. പ്രായമാകുമ്പോൾ സന്ന്യസിക്കുക വളരെ പഴയ കാലം മുതൽ നടപ്പുള്ളതാണു്. അപ്പ കുടുംബത്തെ ഉപേക്ഷിച്ചില്ല. കിനാവുകണ്ടു് എടുത്തോടിയതൊന്നുമല്ല, ദൈവം കാണിച്ച ദർശനമായിരുന്നു. എനിക്കു സംശയമൊന്നുമില്ല. അമ്മയുടെ സംശയം അബദ്ധമാണെന്നും, എൻെറ വിശ്വാസം ശരിയാണെന്നും, അപ്പയെ ദൈവം തന്നെ നടത്തുന്നു എന്നും, ഞാൻ ചെല്ലുന്നതിനു് ആളു വരുമ്പോൾ തെളിയുമല്ലൊ.

ആണ്ടാ:—അപ്പോൾ നീയും പോകാൻ തന്നെയാണെ നിശ്ച യിച്ചിരിക്കുന്നതു്.

അക്ക:—അതേ, അതേ. പോകാനല്ലെങ്കിൽ എന്നെ കൂടെ കൊണ്ടുപോകണമെന്നു ഞാൻ അപ്പയോടു ആവശ്യപ്പെട്ടു മായിരുന്നോ.

ആണ്ടാ:— നിങ്ങൾക്കു് ഒക്കെ തോന്നുന്നതു പോലെ ചെയ്തു കൊള്ളാം. എല്ലാം ആ ബൌദ്ധൻെറ മന്ത്രവാദ ത്തിൻെറ ഫലമാണു്. അയാൾ നിങ്ങളുടെ ഒക്കെ കണ്ണുകെട്ടുകയൊ, ബുദ്ധിമറിക്കുകയൊ ചെയ്തു. നീ പോകാൻ തന്നെയാണു് നിശ്ചയിച്ചിരിക്കുന്നതു്. അല്ലെ ?

അക്ക:—അതേ. ശ്ലീഹായിക്കു മന്ത്രവാദമൊന്നുമില്ല. അദ്ദേഹം കണ്ണുകെട്ടുകയല്ല, കണ്ണു ശരിക്കു കാണത്തക്ക വിധം, കാഴ്ച തരികയാണുണ്ടായതു്.

ആണ്ടാ:—നീയും ആ ബൌദ്ധമതത്തിൽ ചേന്ന കഥ ഞാൻ മറന്നു പോയി. എല്ലാം കളഞ്ഞു കുളിച്ചു. എല്ലാം നശിച്ചു. ഞാനിനി എന്തുചെയ്യണമെന്നോക്കുക യാണു്. നീയും കൂടി പൊയ്ക്കഴിഞ്ഞാൽ എനിക്കു് പിന്നൊരു തുണ ആരാണു്.

അക്ക:—അണ്ണനിവിടെ ഉണ്ടല്ലോ. അല്ലെങ്കിൽ അമ്മ കൂടെ ഞങ്ങളുടെ കൂടെ പോരണം.

ആണ്ടാ:—ഞാനധികപ്പററായതു കൊണ്ടാണു് ഇവിടെ നിന്നു നിൻെറ അപ്പ പോയതു്. സന്ന്യസിക്കാൻ പോയതു്. ആ പോയദിക്കിൽ ഞാനും ചെന്നാൽ എങ്ങിനെയാണു്.

അക്ക:—എന്നാൽ പോരേണ്ടാ. അണ്ണൻെറ കൂടെ ഇവിടെ താമസിക്കണം.

ആണ്ടാ:—ഒന്നും അറിയാത്ത കൊച്ചു കുഞ്ഞാണെന്നുള്ള ഭാവത്തിൽ അതുമിതും പറഞ്ഞാൽ, എൻെറ വായിൽ നിന്നു വീഴുന്നതു കല്ലുവച്ചതായിരിക്കും, കേട്ടൊ.

അവനൊരു ഭാൎയ്യ നാളെ അല്ലെങ്കിൽ മററന്നാൾ
വരും. ഞാൻ അധികപ്പററുമാകും.

"എനിക്കൊന്നും അറിഞ്ഞുകൂടെ" എന്നു വിലപിച്ചുകൊണ്ടു് അക്കമ്മാൾ അവിടെ നിന്നു കടന്നു.

എന്താണു് ചെയ്യേണ്ടതു് എന്താണു് സാധിക്കേണ്ടതു് എന്നു നല്ല നിശ്ചയമില്ലാത്ത ഒരവസ്ഥയിലെത്തിയിട്ടുണ്ടു് പെരിന്തേവി ആണ്ടാൾ. പിരാന്തുപിടിച്ചു എന്നൊ കിറുക്കായി എന്നൊ അല്ല. ആ വഴിക്കാണു് യാത്ര എന്നും, അവരുടെ അടുത്ത ബന്ധുവുമായൊ ബന്ധുക്കളുമായൊ അവരുടെ മനസ്സിനു ഭേഴ്വ ഉണ്ടായി എന്നും വഷ്ക്കുന്നതു് വളരെ തെററാവുകയില്ല. ഭൎത്താവിൻെറ വേർപാട്ടു് ശാരീരികമായൊ വികാരപരമായൊ അവക്കു ബുദ്ധിമുട്ടുണ്ടാക്കിയില്ല എന്നു പറയുന്നതു ശരിയായിരിക്കയില്ല. എന്നാൽ ആ ബുദ്ധിമുട്ടിനെക്കാൾ വളരെ അധികം കഷ്ടപ്പെട്ടത്തിക്കൊണ്ടിരിക്കുന്നതു് സ്ഥാനനഷ്ടം സംഭവിച്ചു എന്നുള്ള ഭയമാണു്. നഷ്ടപ്പെട്ടു കഴിഞ്ഞു എന്നു് ബോദ്ധ്യമായിരുന്നെങ്കിൽ, ഇപ്പോഴത്തെ നില വരുമായിരുന്നൊ എന്നു സംശയമാണു്. നഷ്ടപ്പെട്ടു, നഷ്ടപ്പെടുന്നു, നഷ്ടപ്പെട്ടുകൊണ്ടേ ഇരിക്കുന്നു എന്നുള്ള ചിന്തയാണു് ആ മഹിളയെ നട്ടംതിരിക്കുന്നതു്. അതിനു് ഒഴിവുകാണണമെന്നുണ്ടു്. എവിടെ ചെന്നാൽ, ഏതു വിധത്തിൽ കണ്ടുപിടിക്കാമെന്നു അറിഞ്ഞും കൂടാ.

കണ്ണില്ലുണ്ണിയായ കുലശേഖരനു സ്ഥാനം കൊടുക്കാതെ, അക്കമ്മാളെ ഭരണാധിപതിയായി അവരോധിക്കാൻ ആണ്ടാൾ ശ്രമിച്ച വിവരം മകനറിഞ്ഞിരിക്കുമൊ എന്നവർ ഭയപ്പെട്ടു. അതുകൊണ്ടു്, കുലശേഖരനെ തനിച്ചു കണ്ടു സംസാരിക്കാൻ ധൈൎയ്യപ്പെടാതെ പല ദിവസങ്ങൾ കഴിച്ചു. ഒരിക്കൽ യാദൃശ്ചികമായി കണ്ടുമുട്ടി കുറെ സമയം സംസാരിച്ചു. പെരിന്തേവി ഭയപ്പെട്ടിരുന്ന വിഷയം സംസാരത്തിൽ വന്നില്ല. മകനു് ഭാവപകൎച്ചയും ഇല്ല. അപ്പോൾ ചേരൻ തന്നെ ചതിച്ചില്ല, എന്നു് അവക്കുതോന്നി. കുലശേഖരനെ പിന്നെയും പലപ്പോൾ കണ്ടു സംസാരിച്ചു. അന്നും കുഴപ്പമുണ്ടായില്ല. അ

തോട്ട കൂടെയാണു്, അയാളുടെ ജന്മാവകാശം പിടിച്ചെടുത്തു സഹോദരിക്കു കൊടുക്കാൻ പ്രിയപ്പെട്ട അമ്മ ചെയ്ത ശ്രമത്തെപ്പററി. അയാൾക്കു് ഒരു വിവരവും കിട്ടിയില്ല എന്നു്, ചേരൻ തന്നെ ഒററുകൊടുത്തില്ല എന്നു് പൂൎണ്ണ വിശ്വാസം ഉണ്ടായതു്. കുലശേഖരൻ ആഗ്രഹിക്കയൊ ശ്രമിക്കുകയൊ ചെയ്താലും തനിക്കു വന്നുകൂടിയിട്ടുള്ള കാലക്കേടിനു പോംവഴി കണ്ടുപിടിക്കാനൊ, ഏതെങ്കിലും തരത്തിൽ സഹായിക്കുന്നതിനൊ സാദ്ധ്യമല്ലെന്നു അറിയാമായിരുന്നു. അതുകൊണ്ടും കൂടെയാണു്, ആണ്ടാൾ അയാളെ സമീപിച്ചു്, പ്രയാസങ്ങളെപ്പററി സംസാരിക്കയൊ, പ്രശ്നങ്ങൾക്കു പരിഹാരം ഉണ്ടാക്കിക്കൊടുക്കണമെന്നു് ആവശ്യപ്പെടുകയൊ ചെയ്യാതിരുന്നതു്. മകനുമായി സംസാരിക്കാൻ പുറപ്പെട്ടാൽ, ഒളിച്ചുവച്ചിരിക്കുന്ന രഹസ്യം അയാൾ ഏതു തരത്തിലെങ്കിലും മനസ്സിലാക്കിക്കളയുമെ‍ാ, ഏതെങ്കിലും ബലഹീന വിനാഴികയിൽ ആ രഹസ്യം താൻതന്നെ അയാളെ ധരിപ്പിച്ചേയ്ക്കുമൊ, എന്നീ വിധവും പെരുന്തേവി ആണ്ടാൾക്കു ഭയം ഉണ്ടായിരുന്നു.

വാനവരമ്പൻെറ സ്ഥാനത്യാഗത്തിൻെറ പ്രത്യാഘാതം അനുഭവപ്പെട്ട നാലു് ആളുകളുടെ പ്രവൎത്തനങ്ങളെപ്പററി നാം ചിന്തിച്ചു. പുതിയ ചേരൻ കുലശേഖരനാണു് ഒന്നാമൻ. ഉന്നതസ്ഥാന ലബ്ധി ഇന്നൊരു ബുദ്ധിമുട്ടായിട്ടാണു് അയാൾക്കു് അനുഭവപ്പെടുന്നതു്. പ്രശസ്തിയും സ്വാധീനവും സുഖവും ഉണ്ടാവാം എന്നുള്ള ബോധം ഒരു താങ്ങു തന്നെ. എങ്കിലും സ്വാതന്ത്ര്യം നഷ്ടപ്പെട്ടു, ഭരണഭാരം ചുമക്കേണ്ടതായി വന്നിരിക്കുന്നു എന്നുള്ള പരാതിയാണു് ഇപ്പോൾ ഉയൎന്നു നില്ക്കുന്നതു്.

കാൎയ്യക്കാരൻ വയ്യാപുരിയ്ക്കാണു് അടുത്ത സ്ഥാനം. വാനവരമ്പൻെറ ആശ്രിതനോ സേവകനോ ആയിരുന്നയാൾ ഇപ്പോൾ ചേരൻ കുലശേഖരൻെറ ഗുരുവും ഉപദേഷ്ടാവുമായി ഉയൎത്തപ്പെട്ടിരിക്കുന്നു. സ്വന്തം കാൎയ്യം കാണണമെന്നു് ഉദ്ദേശമുണ്ടായിരുന്നെങ്കിൽ, പാററിയ അവസരമാണു് വന്നിരിക്കുന്നതു്. വാനവരമ്പൻെറ വിശ്വസ്ത സേവകനായിരുന്ന വയ്യാപുരിക്കു് വേണ്ടതെല്ലാം ചേരൻ

കൊട്ടത്തുകൊണ്ടിരുന്നതിനാൽ, കൊള്ള ചെയ്യേണ്ട ആവശ്യം ഇല്ലായിരുന്നു. കൊള്ളചെയ്താൽ ശക്തനായ വാനവരമ്പൻ പിടികൂടും, മാതൃകാപരമായ വിധം കഠിന ശിക്ഷ നല്കും, എന്നറിയാമായിരുന്ന അനുചരന്മാരിൽ വിവേകമുള്ളവർ ആരും തന്നെ, അപകടം നിറഞ്ഞ ആ പണിക്ക് പുറപ്പെടാറില്ലായിരുന്നു. വയ്യാപുരി ചെറു പ്രായത്തിൽ പെരുങ്കോയിലകത്ത് സേവനം ആരംഭിച്ചതാണ്. വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും ലഭിച്ചുകൊണ്ടിരുന്നതിനാലും, പ്രകൃത്യാ വഷളല്ലാതിരുന്നതു കൊണ്ടും, അയാൾ നേർവഴിവിട്ടു നടന്നില്ല. ഇക്കാരണങ്ങളാൽ വാനവരമ്പന്റെ വിയോഗം വയ്യാപുരിക്കും സന്തോഷകാരണമല്ലായിരുന്നു.

കാന്തന്റെ വേർപാട് പെരുന്തേവിയെ ഏതു വിധം ബാധിച്ചു എന്നു നാം കണ്ടു കഴിഞ്ഞു. മനക്കരുത്തുള്ള കൂട്ടത്തിലായതുകൊണ്ട്, അവർ പെട്ടുപോയില്ല. പോകുന്നില്ല എന്നു വച്ചാൽ മതി.

അപ്പയുടെ വേർപാട് അക്കമ്മാളിനു് അതിയായ സങ്കടത്തിനു കാരണമായി. എങ്കിലും, പുതിയ ചുററുപാടിൽ അദ്ദേഹത്തോട് കൂടുതൽ അടുത്തുപെരുമാറുന്നതിനു അവസരം കിട്ടുമെന്നുള്ള പ്രതീക്ഷ ആ യുവതിയെ നയിക്കുന്നതുകൊണ്ട്, അവൾ ദുഃഖാർത്ഥയായി തീർന്നിട്ടില്ല. ഏററം വേഗം പിതാവിന്റെ സവിധത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നുള്ള വിശ്വാസം അവൾക്കു ധൈര്യം കൊടുക്കുന്നു. ഈ നാലാളുകൾക്കും വാനവരമ്പന്റെ വിയോഗം സന്തോഷകരമായിരുന്നില്ല. പെരുങ്കോയിലകത്തെ സേവകപ്പരിഷയിൽ മഹാ ഭൂരിപക്ഷത്തെയും ഒരു ചേരന്റെ സ്ഥാനത്യാഗവും, മറെറാരുവന്റെ സ്ഥാനപ്രാപ്തിയും കാര്യമായി സ്പർശിച്ചില്ല. സ്പർശിക്കേണ്ട ആവശ്യവുമില്ല. ഓരോരുത്തർക്കും ഉള്ള ജോലി ഏററം മുകളിൽ ഇരുന്ന ആൾ മാറുന്നതുകൊണ്ട് കൂടുകയൊ കുറയുകയൊ ചെയ്യുന്നില്ല. എന്നതാണതിനു കാരണം.

വാനവരമ്പൻ, പ്രതീക്ഷിച്ചിരുന്നതിനു മുമ്പ് സ്ഥാനത്യാഗം ചെയ്തതിൽ അത്യധികം സന്തോഷിക്കുന്ന ഒരു

വ്യക്തി, പെരുങ്കോയിലകത്തെ ഏതോ തുറുങ്കിലോ അറയിലോ ഉണ്ട്. പെരുമാളെ സ്ഥാനത്യാഗോദ്യമത്തിൽ നിന്നു പിന്തിരിപ്പിക്കുന്നതിനുള്ള ഒററമൂലിയായി, ഒരു മാന്ത്രികൻ നരബലി നിർദ്ദേശിച്ചുവല്ലൊ. നല്ലൊരു പെൺകുട്ടി, സുന്ദരിയും സുശീലയും ആയ ഒരു യുവതി അതിനായി തെരഞ്ഞെടുക്കപ്പെട്ടു. തനിക്കു് വിധിച്ചിരിക്കുന്നതെന്താണെന്നു് അവൾ അറിയുകയും ചെയ്തു. അവളെ കുരുതി കഴിക്കാൻ നിശ്ചയിച്ച ദിവസം പ്രകൃതിമാതാവു് അവളെ രക്ഷിച്ചു. അവൾ അന്നു് അശുദ്ധയായി. അല്പ ദിവസത്തേയ്ക്കു മാത്രമെ അവധിയുള്ളു. അതു കഴിഞ്ഞാൽ താൻ നീചനീചമായി വധിക്കപ്പെട്ടും എന്നവൾ ഭയപ്പെട്ടു. വിശ്വ ശില്പിയുടെ കലാവിലാസത്തിനു സാക്ഷ്യം വഹിക്കുന്ന തൻെറ കോമളാകാരം കഷണിച്ചു കരിച്ചു വെണ്ണീറാക്കപ്പെടാൻ ഇനി അധിക ദിവസങ്ങളില്ലെന്നു് അവൾ കേണു. നിരാലംബയായി, കണ്ണുനീരു കുടിച്ചു ജീവിച്ചുകൊണ്ടിരുന്ന ആ യുവതി, വാനവരമ്പൻ ഇത്ര ക്ഷണത്തിൽ സ്ഥാനത്യാഗം ചെയ്തതിൽ അത്യധികം സന്തോഷിക്കുന്നതു് അപ്രകൃതമാണോ? അദ്ദേഹത്തെ ദൈവം അനുഗ്രഹിക്കട്ടെ, കാക്കട്ടെ എന്നു് ആ "ബലിമൃഗം" ഹൃദയംഗമമായി പ്രാർത്ഥിക്കുന്നുണ്ടു്.

# 20

സ്ഥാനത്യാഗം ചെയ്ത പെരുമാളുടെയും അനുചരന്മാരുടെയും പ്രയാണ പ്രവാസങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ കൊടുങ്ങല്ലൂരിൽ എത്തുന്നതിന്നു് വളരെ താമസം വന്നു. തോണികളിലൊ ഓടികളിലൊ പോയിരുന്നവരിൽ ചില മടിയന്മാർ, മെയ്യനങ്ങേണ്ടതായി വന്നപ്പോൾ നാട്ടിലേക്കു ചാടിപ്പോയി. അനുമതി കൂടാതെ പോയതുകൊണ്ടു്, പെരുങ്കോയിലകത്തേയ്ക്കു് അടുക്കാതെ അവർ മാറിമാറി നടക്കുകയാണു്. അവരിൽ നിന്നു കിട്ടിയ വിവരങ്ങൾ വിശ്വസനീയമായി ഗണിക്കാൻ വയ്യല്ലൊ. ആദ്യം കണ്ട പാതിരാമണലെന്ന ദ്വീപിൽ നിന്നു് വളരെ തെക്കു് ഒരു ദ്വീപു കണ്ടു എന്നും, അതാണു് താൻ സ്വപ്നത്തിൽ കണ്ടതെന്നു വാനവരമ്പനു് നിശ്ചയമായിരുന്നതുകൊണ്ടു് ഓടം ദ്വീപിൽ അടുപ്പിച്ചു് ഇറങ്ങി പരിശോധിച്ചു് തൃപ്തിപ്പെട്ടു് അവിടെ ആശ്രമം നിർമ്മിക്കാൻ തീർച്ചപ്പെടുത്തി എന്നുമാണു് ആ കരിങ്കാലിക്കൂററന്മാരിൽ നിന്നു് കിട്ടിയ അറിവു്. ഔദ്യോഗികമായി അറിവു കിട്ടാൻ പിന്നെയും വളരെ താമസം വന്നു. രായസക്കാരൻ കാര്യക്കാർക്കു് അയച്ച ഒരു കായതത്തിൽ കുറെ വിവരങ്ങൾ ഉണ്ടു്. സന്ദേശവാഹകരായി രണ്ടു പേരും, അവരുടെ കൂടെ നാട്ടിലേക്കു പുറപ്പെട്ട രണ്ടാളുകളും ഉൾപ്പെടുന്ന സംഘത്തിൽ നിന്നു് വേണ്ട വിവരങ്ങൾ എല്ലാം എല്ലാവർക്കും കിട്ടി.

സന്ദേശവാഹകരിൽ ഒരുവനായ രങ്കനെ അക്കമ്മാൾ വിളിച്ചു് വിവരങ്ങൾ അന്വേഷിച്ചു. ഈ വിധം അവൻ പറഞ്ഞു:—പാതിരാമണൽ എന്നൊരു തുരുത്തുണ്ടു്. അതായിരിക്കും ഉദ്ദേശിച്ച സ്ഥലം എന്നു ഞങ്ങളെല്ലാവരും ഓർത്തു. തമ്പുരാൻ ആകപ്പാടെ ഒന്നു കണ്ണോടിച്ചു കഴിഞ്ഞു്, അതല്ല എന്നു തീർത്തു പറഞ്ഞു. പാതിരാ മണലിൽ അന്നു വൈകി പിറേറന്നാൾ വെളുക്കുന്നതു വരെ ഞങ്ങൾ താമസിച്ചു. അടുത്ത ദിവസം ഞങ്ങൾ തെക്കോട്ടു തന്നെ പോയി.

ആദ്യം കണ്ട തുരുത്തല്ല നമുക്ക് വേണ്ടതെന്നു വന്നപ്പോൾ എല്ലാവൎക്കും ഒരു മനം മട്ടപ്പുണ്ടായി. തമ്പുരാനു മാത്രം ഒരു സംശയവുമില്ലായിരുന്നു. പൊയ്യൊള്ളിൻ തെക്കോട്ടെന്നാണ് കല്പന. പാതിരാ മണലിൽ നിന്നു തെക്കോട്ട പുറപ്പെട്ടപ്പോൾ, കിഴക്കേക്കരയിൽ നിന്ന് വളരെ അകലാതിരിക്കയായിരിക്കും നന്നെന്നു കല്പിക്കയുണ്ടായി. ഒരു നാല്പ നാഴിക പകലുള്ളപ്പോൾ രണ്ടു നല്ല ഓടികൾ തെക്കു നിന്നു വടക്കോട്ട് പരുന്തു വേഗത്തിൽ വരുന്നു. ഞങ്ങളുടെ മുന്നോടികളായ ഓടികളെ കണ്ടപ്പോൾ, ആ രണ്ടോടികളും തമ്മിൽ പിരിഞ്ഞു. ഒന്നു് ഞങ്ങളുടെ കിഴക്കും ഒന്ന് പടിഞ്ഞാറുമായി, വേഗം ഒട്ടും തന്നെ കുറയ്ക്കാതെ, പിടിച്ചുകേറി വന്നു. വലിക്കാരെല്ലാം ചെറുപ്പക്കാർ. കണ്ടാൽ കറുത്തു മെഴുത്ത ദേഹത്തു് മുട്ടയും എണ്ണയും ഇട്ടിട്ടുണ്ടെന്നു തോന്നും. ഓടികൾ അടുത്തു വരുന്നതിന് പള്ളി ഓടത്തിനകമ്പടി സേവിച്ചിരുന്ന ഓടിയുടെ, തലവൻ പണിക്കർ അടയാളം കാണിച്ചു. അതു് അവർ കൂട്ടാക്കിയില്ല. അകമ്പടി ഓടികളിൽ ഓരോന്നു് ഉടൻ തന്നെ അവരോട്ട് അടുക്കാൻ ആജ്ഞാപിക്കപ്പെട്ടു. ആ ഓടികളുടെ പുറപ്പാടു കണ്ടപ്പോൾ, തെക്കു നിന്നു വന്നവൎക്ക് കാൎയ്യം ശരിക്കു മനസ്സിലായി. അവർ നല്ല ഉണ്ണികളായി, വേഗം തന്നെ വിളിച്ചിടത്തു വന്നു. അവർ വടക്ക് എവിടെയൊ ഒരു പടേണി കാണാൻ പുറപ്പെട്ടതാണെന്നും, അതിവേഗം പോയെങ്കിൽ മാത്രമെ സമയത്തു് ചെന്നെത്താൻ പററുകയുള്ളു എന്നും, അതുകൊണ്ടാണ് അടയാളം അവഗണിച്ചു മുമ്പോട്ട പോകുന്നതിന് ശ്രമിച്ചതെന്നും, അവരുടെ നേതാവ് ക്ഷമാപണ സ്വരത്തിൽ വിവരം അറിയിച്ചു. വാസ്തവത്തിൽ അവർ കായൽ കൊള്ളക്കാരായിരുന്നു. എന്നാൽ ഞങ്ങളോട്ട് ഏററു മുട്ടാൻ കരുത്തില്ലാതിരുന്നതുകൊണ്ട് മൎയ്യാദക്കാരുടെ വേഷം കെട്ടി, കടന്നുകളയാൻ നോക്കുകയാണ് ചെയ്തതു്. തലവൻ പണിക്കർ കാൎയ്യം മനസ്സിലാക്കി. ഞങ്ങൾക്ക് എത്തേണ്ട തുരുത്തിനെപ്പററി അവൎക്കെന്തെങ്കിലും അറിയാമൊ എന്നു് ചോദിച്ചു. അവൎക്ക് അറിയാമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ അവരുടെ അകമ്പടിയോട്ട കൂടെ ഞങ്ങൾ ആ തുരുത്തിലെത്തി. കണ്ടപ്പോൾ തന്നെ, "അതാണെന്റെ ദ്വീപ്" എന്നു തമ്പു

രാൻ കല്പിച്ചു. അവിടെ കൊട്ടാരവും, അമ്പലവും മററും പണി ധൃതിയായി നടന്നുകൊണ്ടിരിക്കയാണു്......

അക്കമ്മാൾ :—അമ്പലം പണിയുന്നെന്നൊ !

രങ്കൻ:—പള്ളി എന്നാണു് പറയുന്നതു കേട്ടതു്. പക്ഷെ കണ്ടാൽ അമ്പലമാണെന്നേ തോന്നുകയുള്ളു. അന്നു ഞങ്ങളെ ആക്രമിക്കാൻ വന്ന കായൽ കൊള്ളക്കാർ, പറയർ, ഇപ്പോൾ അവിടെ പതിവായി വേലയ്ക്കു വരുന്നുണ്ടു്. ചുററിലും ഉള്ള ദിക്കുകളിൽ നിന്നു പ്രധാനപ്പെട്ടവരെല്ലാം തമ്പുരാനെ വന്നു കാണുന്നുണ്ടു്. ചിലരെയെല്ലാം മാർഗ്ഗത്തിൽ കൂട്ടി എന്നൊ മുദ്ര കുത്തി എന്നൊ പറയുന്നതും കേട്ടു.

അക്ക :—അപ്പയുടെ താമസത്തിനു് എന്തു സൗകര്യമാണുള്ളതു്.

രങ്കൻ :—ഇവിടത്തെപ്പോലുള്ള സൗകര്യം കിട്ടുമൊ എവിടെങ്കിലും.

അക്ക :—പിന്നെങ്ങിനെയാണവിടെ കഴിയുന്നതു് ?

രങ്കൻ :—ചെന്ന അന്നു തന്നെ നല്ലൊരു കുടിൽ കെട്ടി. മൂന്നു നാലു മുറികളുണ്ടു്. ഓടത്തിൽ നിന്നു് സാധന സാമഗ്രികളെല്ലാം അതിൽ എടുത്തിട്ടു. അതുകൊണ്ടു് വലിയ അസൗകര്യമൊന്നുമില്ല. നല്ല വെള്ളം ആ തുരുത്തിൽ ഉള്ളതാണിതിലെല്ലാം വലിയ അനുഗ്രഹം.

അക്ക :—കുടിൽ കെട്ടിയതു് എങ്ങിനെയാണു്.

രങ്കൻ :—തൂണിനു ചെറു മരവും, കഴക്കോലിനു മുളയും എല്ലാം അടുത്ത സ്ഥലങ്ങളിൽ നിന്നു കിട്ടി. മേയാൻ തെങ്ങോലയ്ക്കു ബുദ്ധിമുട്ടില്ല.

അക്ക :—കൊട്ടാരം പണിതുകൊണ്ടിരിക്കയാണു്, അല്ലെ? എന്തായി. എന്നത്തേയ്ക്കു പൂർത്തി ആകും ?

രങ്ക :—കൊട്ടാരം ഒററ നിലയിലാണു് കെട്ടുന്നതു്. തീരാറായി. തീർന്നുകഴിഞ്ഞാലുടനെ തമ്പുരാട്ടി അങ്ങു ചെല്ലുമെന്നാണെല്ലാവരും അവിടെ പറയുന്നതു്.

അപ്പയുടെ വിവരങ്ങൾ അറിയാനുള്ള മോഹംകൊണ്ടു്, അക്കമ്മാൾ സാധാരണയിൽനിന്നു താണിറങ്ങി രങ്കനോടു സംസാരിച്ചു എന്നു തോന്നി. അവൻെറ ആ വർത്തമാനം കേട്ടപ്പോൾ. മാർഗ്ഗത്തിൽ ചേൎന്നു കഴിഞ്ഞാൽ എല്ലാവരും സമന്മാരാകുമെന്നുള്ള പുതിയ വേദത്തിൻെറ തത്വം ഓൎമ്മയിൽ വന്നപ്പോൾ, അവളുടെ പ്രയാസം മാറി.

വാനവരമ്പൻെറ സവിധത്തിൽ എത്താൻ അക്കമ്മാൾക്കുണ്ടായിരുന്ന ധൃതി ദിവസംതോറും ഏറ്റവണ്ണം വൎദ്ധിക്കുകയാണു്. അമ്മയുമായി അകന്നു പോകുന്നു എന്നുള്ള സംശയം നിശ്ചയമായിത്തീരുന്നു. അതു് കുമാരിക്കു കുണ്ഠിതമുളവാക്കുന്നുണ്ടു്. ആ അകൽച്ച ഒഴിവാക്കാൻ അവൾ ശ്രമിക്കുകയാണു്. ആണ്ടാളുടെ സഹകരണം വേണ്ട തരത്തിൽ ഇല്ലാഞ്ഞിട്ടോ എന്തൊ ഫലപ്രാപ്തിയിൽ എത്തുന്നില്ല. വീരപാണ്ഡ്യൻ ഇപ്പോഴും പെരിങ്കോയിലകത്തുണ്ടു്. വീണവായന പഠിപ്പിക്കുക എന്നുള്ള വ്യാജത്തിൽ സൈ്വരസല്ലാപവും പതിവായിട്ടുണ്ടു്. അപ്പയുമായുള്ള വേർപാടു്, അമ്മയുടെ അകൽച്ച ഇവ വരുത്തിക്കൂട്ടിയ ബുദ്ധിമുട്ടു് ഒട്ടൊക്കെ പരിഹരിക്കാൻ സഹായിക്കുന്ന "വീണവായന" ഒരു ദിവസമെങ്കിലും വേണ്ടെന്നുവെയ്ക്കാൻ അക്കമ്മാൾക്കു ശക്തിയില്ല. വീരപാണ്ഡ്യൻ സ്വന്തം നാട്ടിലേയ്ക്കു മടങ്ങേണ്ടതായി വന്നേക്കാമെന്നു് ഒരു ദിവസം അയാൾ സൂചിപ്പിച്ചു. അന്നു് അവൾ സഹിച്ച മനോവേദന! ഏതായാലും ആ വേർപാടു കൂടാതെ കഴിഞ്ഞു. വീരണ്ണൻ വീണവായന പഠിപ്പിക്കുമ്പോൾ, അക്കമ്മാൾ അയാൾക്കു പുതിയ "മാർഗ്ഗ"ത്തെപ്പററിയുള്ള വിവരങ്ങൾ പറഞ്ഞുകൊടുക്കാറുണ്ടു്. ആദ്യകാലങ്ങളിൽ അതൊരു ശല്യമായി തോന്നുന്നു എന്നു കുമാരൻ വ്യക്തമാക്കാറുണ്ടായിരുന്നു. ആ നില ക്രമേണ മാറി, ഇപ്പോൾ അതിൽ താല്പൎയ്യം പ്രദർശിപ്പിക്കുന്നുണ്ടു്. തന്നോടു കൂടുതൽ അടുത്തതുകൊണ്ടാണോ, അതോ, "മാർഗ്ഗ"ത്തോടു കൂടുതൽ പ്രതിപത്തി തോന്നിയിട്ടാണോ എന്നു് അക്കമ്മാൾക്കു നിശ്ചയമില്ല. എന്തു കാരണംകൊണ്ടായാലും അവിടെ ഉണ്ടായിട്ടുള്ള പുരോഗതി സന്തോഷകരമാണെന്നു് അവൾ സമാശ്വസിച്ചു. ശ്ലീഹായും ത്രൂബനും സ്ഥലത്തില്ലാത്തതു്, ചില സമയങ്ങളിൽ കുമാരി

ക്കു ബുദ്ധിമുട്ടിനു ഇടയാക്കുന്നുണ്ട്. മതസംബന്ധമായി ചിലപ്പോഴെല്ലാം സംശയങ്ങൾ ഉണ്ടാകും. അതു തീക്കാൻ മിറിയാം ആവുന്നത്ര ശ്രമിക്കും. ജൂതന്മാരിൽ വിവരമുള്ള ചിലരുണ്ട്. മിറിയാം, സംശയ പരിഹാരത്തിന് അവരെ സമീപിച്ചാൽ, ചിലപ്പോൾ പററി എന്നും, പിന്നെ ചിലപ്പോൾ പററിയില്ല എന്നും വരും. സംശയം പരിഹരിച്ചു കിട്ടാത്തപ്പോൾ ശ്ലീഹായെയൊ ത്രൂബനെയൊ കാണുമ്പോൾ ചോദിക്കാനായി മാററിവക്കും. "അപ്പയെ" കണ്ടാലും സംശയ നിവൃത്തി വരുത്താമെന്ന് കുമാരിക്ക് വിശ്വാസമുണ്ട്.

കുലശേഖരൻ രാജ്യഭരണത്തിലെ "ഹരിശ്രീ" ക്ഷണത്തിൽ പഠിച്ചു. പെരുമാളിന്റെ പുത്രനായതും, രാജ്യഭരണ ചക്രങ്ങളുടെ നിയന്ത്രണസ്ഥാനത്തിനു സമീപം ജനിച്ചുവളന്നതും, ഇക്കാര്യത്തിൽ അത്യധികം സഹായകരമായിരുന്നു. ഭരണഭാരം തലയിൽ കേറിയ ശേഷം വിശ്രമം എന്തെന്ന് അറിഞ്ഞുകൂടാത്ത നിലയാണയാൾക്കുള്ളതു്. ഭരണം വിജയിക്കണം, വിജയിപ്പിക്കണം എന്ന് ആത്മാത്ഥമായി ആഗ്രഹിക്കുന്നതുകൊണ്ടു വന്നുകൂടിയ തൊന്തരവാണതു്. വിശ്രമം ഇല്ലാതെ വന്നപ്പോൾ, അക്കമ്മാളുമായുള്ള ഇടപോക്കും കുറഞ്ഞു. അതും കുമാരിക്കു ബുദ്ധിമുട്ടിനു കാരണമായി.

സന്തോഷകരമൊ സംതൃപ്തിപ്രദമൊ ആയി ബാക്കിയുള്ളതു് "വീണാവായന" മാത്രമായി തീന്നു. അക്കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകൃതമായി ഏതാനും ദിവസങ്ങൾക്കകം, സൗഭാഗ്യപ്രദമായ ഒരു വ്യതിയാനം വീരപാണ്ഡ്യനിൽ പ്രത്യക്ഷമായി. വേദം സംബന്ധിച്ച കാര്യങ്ങളിൽ അദ്ദേഹം കൂടുതൽ കൂടുതൽ തല്പരനായി. "മാഗ്ഗ"ത്തിൽ ചേന്നാൽ എന്തെന്നു തോന്നുന്നു എന്നു് ഒരിക്കലും, "മാഗ്ഗത്തിൽ ചേരാൻ ഉറച്ചു" എന്നു പിന്നീടൊരിക്കലും അയാൾ അക്കമ്മാളോടു പറഞ്ഞു.

അക്കമ്മാൾ ഇത്ര സന്തോഷകരമായ ഒരു വാത്ത കേട്ടിട്ടു കാലം വളരെ ആയി എന്നു മറുപടി കൊടുത്തു.

വീരപാണ്ഡ്യൻ :—അത്രയധികം സന്തോഷിക്കാൻ വല്ലതുമു ണ്ടോ അതിൽ ?

അക്ക :—അപ്പ പോയിക്കഴിഞ്ഞു് ഞാൻ എത്ര അധികം ബുദ്ധിമുട്ടനുഭവിച്ചു എന്നു വീരണ്ണൻ അറിഞ്ഞിട്ടു ണ്ടാവില്ല.

വീര :—ഞാൻ കാണുമ്പോൾ ഒരിക്കല്ലം അങ്ങിനെ മനഃപ്ര യാസം അനുഭവിക്കുന്ന ഒരു പെൺകുട്ടിയാണെ ൻെറ സമീപത്തുള്ളതെന്നു തോന്നീട്ടില്ല.

അക്ക :—വീരണ്ണനു് അങ്ങിനെ തോന്നരുതെന്നു കരുതിയാ ണു് ഞാൻ പ്രവൎത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നതെന്നേ അതിനൎത്ഥമുള്ളു....

വീര :—മനസ്സിൽ ഒന്നുവച്ചുകൊണ്ടു പുറമെ മറെറാന്നു്...

അക്ക :—ഉള്ളിൽ ഒന്നും പുറമെ മറെറാന്നും എന്നു വല്ലേ ണ്ടാ. എൻെറ മനസ്സിനു സുഖമില്ലെന്നൊ, മനഃപ്ര യാസം അനുഭവിക്കുന്നു എന്നൊ മററുള്ളവരെ അറി......

വീര :—വെറും "മററുള്ളവരുടെ" കൂട്ടത്തിലാണു് അപ്പോൾ എന്നെയും ചേൎത്തിരിക്കുന്നതു് ?

അക്ക :—മററുള്ളവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടതാഞ്ഞതു കൊണ്ടാണു് എൻെറ മനോഗതമൊ ഗതിയൊ വീരണ്ണനിൽ നിന്നും മറയ്ക്കുന്നതെന്നും വരാമല്ലൊ.

വീര :—അതെങ്ങിനെ, എന്തിനു് ആണെന്നു മനസ്സിലാ യില്ല.

അക്ക :—ഒരു സ്ത്രീയും അവളുടെ ഹൃദയത്തിൻെറ ഉള്ളറയൊ അതിനോടടുത്തുള്ള ഭാഗങ്ങളൊ വേറെ ആരെ എങ്കി ലും തുറന്നു കാണിക്കാൻ ഇഷ്ടപ്പെടുന്നില്ല. അത്യ ധികം സ്നേഹിക്കുന്നവരെയും, വെറുക്കുന്നവരെയും, ഈ രണ്ടു നിലയ്ക്കും ഇടയിലുള്ളവരെയും, അങ്ങി നെ അങ്ങു തുറന്നു കാണിക്കയില്ല......

വീര:—എന്നാൽ സ്ത്രീകൾ വല്ലാത്ത....എന്താണു് പറയേണ്ടതെന്നു നിശ്ചയമില്ല...തന്ത്രക്കാരു്...കൂട്ടരു് ആണല്ലൊ.

അക്ക:—തന്ത്രമൊന്നുമാണെന്നു തോന്നുന്നില്ല. പ്രകൃതിദത്തമായ ഒരു മനഃസ്ഥിതിയാണെന്നേയുള്ളു. ബലഹീനകളായ സ്ത്രീകൾക്കു പ്രകൃതികൊടുത്തിട്ടുള്ള രക്ഷാകവചമാണതെന്നുവയ്ക്കാം.

വീര:—അങ്ങിനെയൊരു രക്ഷാകവചം ആവശ്യമാണെന്നു് എനിക്കു തോന്നുന്നില്ല.

അക്ക:—വീരപ്പനു് തോന്നാത്തതുകൊണ്ടു മാത്രം അതു് ആവശ്യമില്ലെന്നു സ്ഥാപിക്കപ്പെടുന്നില്ല.

വീര:—സ്ഥാപിക്കപ്പെടുന്നില്ല—ആവശ്യം ഉണ്ടെന്നും ആവശ്യം ഇല്ലെന്നും സ്ഥാപിക്കപ്പെടുന്നില്ല.

അക്ക:—ആവശ്യമുണ്ടെന്നു, അനുഭവിക്കുന്നവൎക്കറിയാം.

വീര:—എന്താണാവശ്യമെന്നു് ഒന്നു പറയാമൊ.

അക്ക:—സ്ത്രീവൎഗ്ഗത്തിൻെറ ഒരു രഹസ്യമാണതു്. അതു ഞാൻ പരസ്യമാക്കുന്നതു് ശരിയായിരിക്കുമൊ ?

വീര:—പരസ്യപ്പെടുത്തുന്നില്ലല്ലൊ. എന്നെ മാത്രമല്ലെ അറിയിക്കുന്നതു്. അല്ലെങ്കിൽ ഈ രഹസ്യം അക്കമ്മോൾക്കു ആരാണു് ഉപദേശിച്ചു തന്നതെന്നു അറിയിച്ചാലും മതി.

അക്ക:—ആരും ഉപദേശിച്ചു തന്നില്ല. ആരും ആൎക്കും ഉപദേശിച്ചുകൊടുക്കേണ്ട ആവശ്യവുമില്ല. സ്ത്രീയായി ജനിച്ചാൽ ആദ്യം ശ്വാസിക്കുന്ന പ്രാണവായുവിലൂടെയൊ, ആദ്യം തൊട്ടികുടിക്കുന്ന അമ്മിഞ്ഞിപ്പാലിലൂടെയൊ അതു് ആ കുഞ്ഞിൽ പ്രവേശിച്ചു് ഇരിപ്പുറപ്പിക്കയാണു് ചെയ്യുന്നതെന്നു വയ്ക്കാം.

വീര:—അതു നല്ല സൂത്രമാണല്ലൊ.

അക്ക :—പ്രകൃതിയുടെ നിരവധി സൂത്രങ്ങളിലൊ തന്ത്രങ്ങളിലൊ ഒന്നു മാത്രമാണതു്.

വീര :—ആ തന്ത്രത്തിൻെറ, അല്ലെങ്കിൽ സൂത്രത്തിൻെറ, അല്ലെങ്കിൽ രഹസ്യത്തിൻെറ ആവശ്യം എന്താണെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാകുന്നില്ല.

അക്ക :—അറിയാൻ അത്ര വലിയ മോഹമാണെങ്കിൽ കേട്ടുകൊള്ളണം. കൂടുതൽ ഒന്നും ചോദിക്കരുതു്.

വീര :—ഇല്ല.

അക്ക :—ഒരു സ്ത്രീ ഒരാളെ സ്നേഹിക്കുന്നു എന്നയാൾ അറിഞ്ഞാൽ, അവളുടെ സ്നേഹത്തിൻെറ വിലയ്ക്കു് അയാളുടെ മനസ്സിൽ കുറവു വരാം. ഒരാളെ ദ്വേഷിക്കുന്നു എന്നറിഞ്ഞാൽ അയാൾ സ്ത്രീയെ ദ്രോഹിച്ചു എന്നു വരാം. ഇതു രണ്ടും വഹിക്കുന്നതിനും സഹിക്കുന്നതിനും ബലഹീനയായ സ്ത്രീക്കു് പ്രയാസം ഉണ്ടാവാം. അതാണു് ഇവ അവളുടെ ഹൃദയാന്തർഭാഗത്തു് ഒളിച്ചു വയ്ക്കുന്നതിനുള്ള കഴിവു് പ്രകൃതി സ്ത്രീക്കു കൊടുക്കാൻ കാരണം.

വീര :—കൂടുതലായി യാതൊന്നും ചോദിക്കുകയില്ലെന്നു സമ്മതിച്ചു പോയതുകൊണ്ടു് മൗനം അവലംബിക്കുന്നു.

അക്ക :—നമുക്കു് സംസാരവിഷയമേ മാററിക്കളയാം. വീരയ്ക്കുൻ എപ്പോഴാണു് "മാർഗ്ഗം" സ്വീകരിക്കുന്നതെന്നു തീർച്ചപ്പെടുത്തിയൊ.

വീര :—ഇല്ല. അതു് എങ്ങിനെ, എപ്പോൾ, എവിടെ വച്ചാണു് വേണ്ടതെന്നൊ, ആകാവുന്നതെന്നൊ അറിഞ്ഞുകൂടാ. പിന്നെങ്ങിനെ ഞാൻ തീർച്ചപ്പെടുത്തും ? അറിവുള്ളവർ പഠിപ്പിക്കണം.

അക്ക :—അറിവുള്ളവളെന്നു ഭാവമുണ്ടായിട്ടല്ല ; അപ്പയോടു് ആലോചിച്ചു തീർച്ചപ്പെടുത്തുകയല്ലെ നന്നു് ?

വീര :—അതാണുത്തമം. അങ്ങിനെ "ഒരു ബുദ്ധി" തന്നെ എനിക്കു തോന്നീയില്ല. അക്കമ്മാളിനു തോന്നുകയും ചെയ്തു. അപ്പോൾ എന്നെക്കാൾ അറിവൊ ആലോചനാശക്തിയൊ ഉണ്ടെന്നു വന്നു.

അക്ക :—ഇനി അടുത്ത ദിവസം ഇവിടെ നിന്നു അപ്പയുടെ അടുക്കലേയ്ക്കു പോകുന്ന ആൾ വശം ഒരു എഴുത്തു കൊടുത്തയയ്ക്കാം.

വീര :—കൊള്ളാം.

അക്ക :—എനിക്കു തോന്നുന്നതു്......

വീര :—എന്താണു്, പൂൎത്തിയാക്കണം.

അക്ക :—ഞാൻ അങ്ങോട്ടു ചെല്ലാൻ അപ്പ അറിയിക്കുമ്പോൾ നമുക്കു് രണ്ടാൾക്കും ഒരുമിച്ചു് അപ്പയുടെ അടുക്കലേയ്ക്കു പുറപ്പെടാമെന്നും, വീരപ്പനു് അവിടെ വച്ചു് മാൎഗ്ഗത്തിൽ ചേരാമെന്നും വയ്ക്കുകയാണു് നല്ലതെന്നാണു് എനിക്കു തോന്നുന്നതു്.

വീര :—എന്റെ കൺമണി എന്തു തീൎച്ചപ്പെടുത്തുന്നുവൊ, അതു് അപ്പടിയേ സമ്മതിക്കാൻ ഈയുള്ളവൻ ഒരുക്കമാണു്. അറിഞ്ഞുകൂടായൊ ?

അക്ക :—അറിയാമെന്നൊ, അറിഞ്ഞു കൂടെന്നൊ, എന്തു് ഉത്തരമാണു് വേണ്ടതു് ?

വീര :—സത്യം ഏതൊ അതു്.

അക്ക :—സത്യം എപ്പോഴും പറയണമെന്നുണ്ടൊ ? അസത്യം പറയാതിരുന്നാലും പോരായൊ ? ഞാനിപ്പോൾ ഉത്തരം തരാതിരുന്നാലൊ.

വീര :—എന്നാലും കാൎയ്യം മനസ്സിലാക്കിക്കൊള്ളാം ഈയുള്ളവൻ.

അക്ക :—ഞാൻ അപ്പയെ അറിയിച്ചു മറുപടി വരുത്താം

വീര :—കണ്മണി ചെയ്യുന്നതും നിശ്ചയിക്കുന്നതും എല്ലാം ശരിവയ്ക്കാൻ തയ്യാറാണു്.

അക്ക :—ആണുങ്ങൾ അങ്ങിനെയൊക്കെ ചക്കരവാക്കു പറയും. പിടി മുറുകുമ്പോൾ മട്ടു മാറും.

വീര :—ഇതു കേട്ടാൽ അമ്മാൾക്കു പുരുഷന്മാരെപ്പററി നല്ല അറിവുണ്ടെന്നു തോന്നും.

അക്ക :—ഇല്ലേ ? എല്ലാ ആണുങ്ങളുടേയും പ്രകൃതം ഒന്നു തന്നെ ആയതുകൊണ്ടു്, ഒരാളുടെ സ്വഭാവം മനസ്സിലാക്കിയാൽ പൊതുവെ എല്ലാവരെയും മനസ്സിലായിക്കഴിയും.

വീര :—എല്ലാ പെണ്ണുങ്ങളുടെയും പ്രകൃതവും അപ്പോൾ ഒന്നുതന്നെ ആണല്ലോ. അതു ഞാൻ അറിഞ്ഞിട്ടില്ലായിരുന്നു.

അക്ക :—ഇതാണു് വീരണ്ണനൊന്നും അറിഞ്ഞുകൂടെന്നു ഞാൻ പറയുന്നതു്. പെണ്ണുങ്ങൾ എല്ലാവരും ഒരേ പ്രകൃതിക്കാരല്ല.

വീര :—വിചിത്രം തന്നെ. അതും സമ്മതിച്ചു. ഇനി എന്താണു്.

അക്ക :—ഒരു സംഗതി ചോദിക്കണമെന്നു മുമ്പെ തോന്നി. വീരണ്ണന്റെ നേരമ്പോക്കു കാരണം അതു മറന്നു പോയതായിരുന്നു. മാമ ഇതു വല്ലതും സമ്മതിക്കുമൊ ?

വീര :—ഏതു വല്ലതും ?

അക്ക :—വീരണ്ണൻ മാർഗ്ഗത്തിൽ ചേരുന്നതിനോ, മാർഗ്ഗത്തിൽ ചേന്നു......

വീര :—എന്തേ മതിയാക്കി ? ബാക്കി കൂടെ കേൾക്കാതെ എങ്ങിനെ ഉത്തരം തരും. ? ഉത്തരം വേണ്ടെന്നാണോ ?

അക്ക :—ഉത്തരം വേണം.

വീര :—ചോദ്യം പൂർത്തിയാക്കാതെ എങ്ങിനെയാണുത്തരം പറയുന്നതു്. ?

അക്ക :—ഞാനൊരു പെണ്ണല്ലെ അങ്ങിനെ നാണമില്ലാതെ ചോദിക്കാനൊക്കുമൊ ?

വീര :—ചോദിക്കണമെന്നു നാണമില്ലാതെ ആലോചിക്കാമെങ്കിൽ, ചോദിക്കുകയും ചെയ്യാം.

അക്ക :—അയ്യോ എനിക്കു വയ്യാ. ചോദിക്കാൻ നാക്കു പൊങ്ങുന്നില്ല.

വീര :—പിന്നെങ്ങിനെയാണു് ഉത്തരം തരുന്നതു്? ഇതു നല്ല നേരമ്പോക്കു തന്നെ.

അക്ക :—ഉത്തരം തരണം. അല്ലാതെങ്ങിനെയാണു്?

വീര :—നല്ല മറിപ്പു തന്നെ. ആവട്ടെ, പകുതി ആക്കി നിർത്തിയ ചോദ്യത്തിൻെറ ആദ്യ പകുതി ഒന്നുകൂടി കേൾക്കട്ടെ. അപ്പോൾ നമ്മുടെ ഹൃദയങ്ങൾ തമ്മിലുള്ള ഐക്യംകൊണ്ടു്, കൺമണി മനസ്സിൽ വച്ചിരിക്കുന്ന ചോദ്യ ഭാഗം എനിക്കു മനസ്സിലായി എന്നു വരാം. മനസ്സിൻെറ ഐക്യത്തിനു് ഒരു തെളിവും ആകും.

അക്ക :—ഞാൻ ചോദിക്കാം. മുമ്പെ ചോദിച്ചതു മാത്രമേ ഉള്ളൂ കേട്ടൊ. വീരണ്ണൻ മാർഗ്ഗത്തിൽ ചേരുന്നതിനൊ, മാർഗ്ഗത്തിൽ ചേന്ന......ഇനി വീരണ്ണൻ ഉത്തരം തരണം.

വീര :—ഉത്തരം ശരിയാണെങ്കിൽ അതു സമ്മതിക്കാം, തർക്കിക്കയില്ല എന്നു് ഉറപ്പു തരണം.

അക്ക :—തീർച്ചയായും സമ്മതിക്കാം. തർക്കിക്കയില്ല.

വീര .—എന്നാൽ കേട്ടോ. വീരണ്ണൻ മാർഗ്ഗത്തിൽ ചേരുകയൊ മാർഗ്ഗത്തിൽ ചേന്ന......ഇതാ വരുന്നു—ഒരു പെണ്ണിനെ കല്യാണം കഴിക്കുകയൊ ചെയ്‌വാൻ മാമ സമ്മതിക്കുമൊ. ഇതായിരുന്നൊ ചോദിക്കാൻ ഭാവിച്ചതു്.

അക്ക :—ഞാൻ തക്കിക്കുന്നില്ല. സമ്മതിച്ചു.

വീര :—അപ്പ സമ്മതിക്കാതിരിക്കാനെന്താണു് ന്യായം. ഇവിടെ മാമ പോയ വഴിയെ എനിക്കു പോകരുതൊ എന്നു ഞാൻ ചോദിച്ചാൽ......

അക്ക :—ചോദിക്കാൻ ധൈര്യമുണ്ടോ?

വീര :—ധൈര്യമില്ലെങ്കിൽ നഷ്ടപ്പെട്ടുന്നതെന്താണെന്നും കൈവിട്ടു പോകുന്നതാരാണെന്നും ഓക്കുമ്പോൾ നല്ല ധൈര്യം വരും. പിന്നൊരു പണികൂടെയുണ്ടു്. അമ്മയെ കൂട്ടു പിടിച്ചാൽ മതി.

അക്ക :—അമ്മയ്ക്കു സമ്മതമായിരിക്കുമൊ?

വീര :—അമ്മയ്ക്കു കൺമണി എന്നുവച്ചാൽ ജീവനാണു് അതുകൊണ്ടു് സമ്മതിക്കാതിരിക്കയില്ല.

അക്ക :—സമ്മതിക്കുമെന്നും മാമയെ സമ്മതിപ്പിക്കുമെന്നും നമുക്കു വിശ്വസിക്കാം.

വീര :—ഇല്ല. ആ വിശ്വാസത്തിൽ തെറെറാന്നും വരാനില്ലം ഏതായാലും ഇന്നത്തെ സംഗീതാഭ്യസനത്തിനു നല്ല പുരോഗതി ഉണ്ടായിരുന്നു. ഇല്ലേ?

അക്ക :—ജീവിതം വീണവായനയൊ സംഗീതാഭ്യസനമൊ മാത്രമായിരുന്നെങ്കിൽ നന്നായിരുന്നു എന്നു തോന്നാറുണ്ടു്.

വീര :—ആ തോന്നൽ മഹാബദ്ധമാണു്. അങ്ങിനെ ആയാൽ വീണ കാണുമ്പോൾ പലരും ഓടി ഒളിച്ചു എന്നുവരാം.

രണ്ടാളും പൊട്ടിച്ചിരിച്ചു. അന്നത്തെ വീണവായനാഭ്യസനം, വീണയിൽ തൊട്ടുക പോലും ചെയ്യാതെ അത്യന്തം വിജയകരമായി അവസാനിച്ചു.

കുലശേഖരൻ, ഭരണ കാര്യങ്ങളിൽ വ്യാപൃതനാണു്. വയ്യാപുരി വിശ്വസ്തനാണു്. അയാളെ ഒരു ഗുരുവായി ത

ന്നെ ഗണിക്കുന്നുമുണ്ട്. എങ്കിലും അയാൾ പറയുന്നതു കേട്ട് എന്നുമെന്നും കഴിയാം, അതിനപ്പുറം ഒന്നും കാണുകയും അറിയുകയും ചെയ്യേണ്ടതില്ല, എന്നു വച്ച് തൃപ്തിപ്പെടാൻ, വാനവരമ്പന്റെ മകന് കഴിഞ്ഞില്ല. അങ്ങിനെ കഴിക്കാം എന്ന് പുതിയ പെരുമാൾ വച്ചാഞ്ഞതിൽ വയ്യാപുരിക്കുപോലും അതൃപ്തി അല്ല, സന്തോഷമാണുണ്ടായതു്. വമ്പനായ വാനവരമ്പന്റെ പിമ്പെ, തോൽവി പററാതെ പോകുക ക്ഷണസാദ്ധ്യമല്ലെന്ന് അറിയാമായിരുന്നു. ക്ഷണസാദ്ധ്യമല്ലെങ്കിലും ശ്രമസാദ്ധ്യമാണെന്ന് വിശ്വസിച്ച്, അറിഞ്ഞു് ശ്രമിക്കുകയാണ് കുലശേഖരൻ. അദ്ദേഹം വിജയപന്ഥാവിൽ പ്രവേശിച്ചു, പുരോഗമിക്കുന്നു. വയ്യാപുരി സന്തോഷിക്കുന്നു. കാര്യങ്ങൾ ശരിക്കു മനസ്സിലാക്കുന്നതിന് എത്രമാത്രം ക്ലേശം സഹിക്കുന്നതിനും ഒരു മടിയുമില്ല. എല്ലാ വിവരങ്ങളും അന്വേഷിക്കുന്നതു്, മററുള്ളവരെ സംശയിക്കുന്നതുകൊണ്ടല്ലെന്നും, കാര്യങ്ങളുടെ ഉള്ളുകള്ളി മനസ്സിലാക്കുന്നതിനാണെന്നും വയ്യാപുരി മററുള്ളവരെ ധരിപ്പിച്ച്, അവരുടെ ഭയമൊ അതൃപ്തിയൊ അകററുകയാണ്. രങ്കനെ വരുത്തി അവനോട്ട്, അപ്പയുടെ വിവരങ്ങൾ എല്ലാം പെരുമാൾ ചോദിക്കയുണ്ടായി. എങ്കിലും അക്കമ്മാൾ അന്വേഷിച്ചതുപോലെ, വളരെ വിശദമായി അദ്ദേഹം അന്വേഷിച്ചില്ല. പെരുമാൾ അങ്ങിനെ അയാളോട്ട ചോദിക്കുന്നതു് ഫലനക്ഷയത്തിനു കാരണമാകുമെന്നു വച്ചായിരിക്കണം രണ്ടു നാലു ചോദ്യങ്ങൾ കൊണ്ടു് മതിയാക്കിയതു്. വയ്യാപുരി വേണ്ടതെല്ലാം ചോദിച്ചുകൊള്ളുമെന്നും നിനച്ചിരിക്കണം.

വാനവരമ്പനും മററും ചെന്നിറങ്ങിയ ദ്വീപിനെപ്പററിയാണ് ആദ്യം ചോദിച്ചതു്.

വയ്യാപുരി ചോദിച്ചു: "ഈ തുരുത്തു് വളരെ ചെറുതാണോ."

രങ്കൻ :—വലിയ ഒരു കായലിൽ ഉള്ള ഒരു തുരുത്തെന്ന നിലയിൽ നോക്കുമ്പോൾ നന്നാ ചെറുതാണ്. നമ്മുടെ തളിക്കുളത്തിൽ കിടക്കുന്ന ഒരു താമര ഇല പോലെ ഇരിക്കുന്നു എന്നു വച്ചാം.

വയ്യാ :—എന്തു വിസ്തീൎണ്ണം വരുമെന്നു പറയാമൊ ?

രങ്കൻ :—നിരപ്പുള്ള സ്ഥലമല്ല. ഏകദേശം നടുവിൽ ഒരു കുന്നു്. പിന്നെ ചരിഞ്ഞു മറിഞ്ഞൊക്കെയുള്ള ഭാഗങ്ങളും. എങ്കിലും, എല്ലാം കൂടെ ഒരു പതിനഞ്ചിരുപതു പറ വിത്തുപാടു സ്ഥലം കാണും.

വയ്യാ :—നടുക്കുള്ള കുന്നു വളരെ ഉയൎന്നതാണൊ. ? കാടു് എങ്ങിനെയുള്ളതാണു്. ?

രങ്കൻ :—കുന്നു വളരെ ഉയരമുള്ളതൊന്നുമല്ല. വെള്ള നിരപ്പിൽ നിന്നു് ഉയരുന്നതായതുകൊണ്ടു് കുറെ ഉയരം തോന്നും. കുന്നിൻെറ മുകളിൽ അങ്ങിനെ കാടില്ല. കുറച്ചു കുററിക്കാടു് അവിടെയും ഇവിടെയും ഉണ്ടു്. കുന്നു മിക്കവാറും മുഴവൻ ചീങ്കണ്ണിപ്പാറയാണു്. അതിനിടയിൽ അവിടെയും ഇവിടെയും വളരുന്ന കുററിക്കാടേയുള്ളു.

വയ്യാ :—ചീങ്കണ്ണി പാറയാണെങ്കിൽ, അതു വെട്ടിയെടുത്തു് കെട്ടിടത്തിനുപയോഗിക്കാനും പററുകയില്ലല്ലൊ.

രങ്കൻ :—എന്നാണു് ഞങ്ങളൊക്കെ ഓൎത്തതു്. ആലപ്പാട്ടു് പണിക്കരൊശാൻ പറഞ്ഞിട്ടു് മേപ്പോള കുറെ തട്ടിപ്പൊട്ടിച്ചും വെട്ടിപ്പറിച്ചും മാററി, അപ്പോൾ നല്ല ഒന്നാം തരം വെട്ടുകല്ലാണു്.

വയ്യാ :—അതു വെട്ടി എടുത്താണൊ കെട്ടിടങ്ങൾ കെട്ടുന്നതു്.

രങ്കൻ :—അതെ, അമ്പലം അല്ല പള്ളി, ആ കുന്നിൻെറ മിക്കവാറും മുകളിലാണു്. അവിടെ ഉള്ള വലിയ ആൽ പള്ളിയുടെ മുൻവശത്തായി വരും. കൊട്ടാരം അതിനേക്കാൾ അല്പം താണ സ്ഥലത്തും. അതുകൊണ്ടു് മുകളിൽ നിന്നല്ല, കുറെക്കൂടെ ചരിവിലേക്ക മാറിയാണു് കല്ലു വെട്ടി എടുക്കുന്നതു്.

വയ്യാ :—വെള്ളത്തിനെന്താണു് മാൎഗ്ഗം. കായലിൻെറ നടുവിലുള്ള തുരുത്തല്ലെ. വെള്ളം എങ്ങിനെ ആയാലും നന്നായിരിക്കയില്ലല്ലൊ.

രങ്കൻ :—അങ്ങിനെ അല്ല. അവിട്ടത്തെ വെള്ളം നല്ലതാണ്. എന്നും തന്നെ നല്ലതായിരിക്കുമെന്നാണവിടെ ഉള്ള ആളുകളിൽ നിന്നു മനസ്സിലാക്കിയതു്.

വയ്യാ :—അപ്പോൾ ആൾ താമസവും ഉണ്ടോ അവിടെ ?

രങ്കൻ :—ആൾപാൎപ്പുണ്ടു്. വളരെ ഒന്നുമില്ല. കുന്നിൻെറ വശങ്ങളിൽ താണ ഭാഗത്തു് നാലഞ്ചു കുടിക്കാരുണ്ടു്.

വയ്യാ :—കെട്ടിടങ്ങൾക്കു വേണ്ട തടി എവിടെനിന്നു കൊണ്ടു വന്നു.

രങ്കൻ :—അവിടെ കുറെ ആഞ്ഞിലിയും മററു ചില മരങ്ങളുമുണ്ടു്. നമ്മുടെ ഈ ദിക്കിലെ കാട്ടിൽ കാണുന്നതു പോലെ വലുതല്ല. എങ്കിലും മൂഴത്ത മരങ്ങളുണ്ടു്. അവയിൽ രണ്ടോ നാലൊ വെട്ടിയപ്പോൾ ആവശ്യത്തിനു തടിയായി. ഒരു ആലാണു് അവിട്ടുള്ളതിലേമ്മം വലിയ മരം.

വയ്യാ :—ആളുകൾ എങ്ങിനെയുള്ളവരാണു് ?

രങ്കൻ :—നല്ല മൎയ്യാദക്കാരാണു്. നമ്മുടെ ആളുകൾ അവരെ ഉപദ്രവിക്കാതിരുന്നാൽ മതി. അവരിൽ നിന്നു് ഉപദ്രവം ഒന്നും വരികയില്ല. അവിട്ടത്തെ ആളുകളെ ഒരുത്തരും ഒരു തരത്തിലും ശല്യപ്പെട്ടുത്തരുതെന്നു, വല്യ തമ്പുരാൻ എല്ലാവരോടും പ്രത്യേകം കല്പിച്ചിട്ടുണ്ടു്.

വയ്യാ :—ഇവിടെ നിന്നു പോന്ന നമ്മുടെ ആളുകൾക്കു മുഷിപ്പായി തുടങ്ങിയൊ ?

രങ്കൻ :—ചിലൎക്കൊക്കെ ഇങ്ങു പോരാൻ ധൃതി ആയിട്ടുണ്ടു്. മററുചിലർ അവിടെ സ്ഥിരതാമസമാക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങി. താമസത്തിനു അല്പമൊക്കെ സൌകൎയ്യപ്പെട്ടുത്തിക്കഴിഞ്ഞു്, ഇങ്ങോട്ടു വന്നു പെണ്ണും പിടക്കോഴിയും എല്ലാമായി മടങ്ങാമെന്നാണവരുടെ ആലോചന. മൂന്നാമതൊരു കൂട്ടരുണ്ടു്.

തമ്പുരാന്റെ കല്പന അനുസരിച്ചു് അവിടെ ചെയ്യാനുള്ളതെല്ലാം ചെയ്തു തീർത്തുകഴിഞ്ഞു് ഇങ്ങു പോരണമെന്നാണവരുടെ ഉദ്ദേശം. ഈ മൂന്നാമത്തെ കൂട്ടത്തിലാണു് അധികമാളുകൾ.

വയ്യാ :—അവിടെ സ്ഥിരതാമസത്തിനു വട്ടം കൂട്ടുന്നതാരൊക്കെയാണൊ.

രങ്കൻ :—കളരി ആശാന്മാർ എല്ലാം തന്നെ അവിടെ താമസമാക്കുന്ന മട്ടാണു്.

വയ്യാ :—ആശാന്മാരാരൊക്കെയാണു് അവിടെ വന്നിട്ടുള്ളതു്. ആരൊക്കെയാണു് അവിടെ താമസിക്കാനൊരുങ്ങുന്നതു്.

രങ്കൻ :—സേനാമുഖം കുറുപ്പു്, ആലപ്പാട്ടു പണിക്കരു്, അകനാട്ടു പണിക്കരു്, ഇവരു മൂവരും അവിടെ കുടി ഉറപ്പിക്കാൻ തയ്യാറാകുന്നു. പിന്നെ ആരൊക്കെ കാണുമെന്നു് നിശ്ചയിക്കാറായിട്ടില്ല. ഈ മൂന്നു് ആശാന്മാരും ഇവിടുത്തെ കുടുംബഃപ്പരു തന്നെ ആയിരിക്കുമൊ അവിടെയും എടുക്കുന്നതെന്നറിഞ്ഞില്ല.

വയ്യാ :—തിരുമേനിക്കു ക്ഷീണമൊ മറെറാ....

രങ്കൻ :—തമ്പുരാനു് ക്ഷീണമൊന്നുമില്ല. എപ്പോഴും സന്തോഷവും ഉത്സാഹവുമാണു്. അവിടെ പണി നടക്കുന്നിടത്തെല്ലാം എപ്പോഴും തന്നെ ചെന്നു് അതെല്ലാം കാണുകയും, വേലക്കാരെ ഉത്സാഹിപ്പിക്കുകയും ചെയ്യും. ഭരണം ഉപേക്ഷിച്ചു പോയതല്ലെ. മനസ്സിനു വലിയ പ്രയാസമായിരിക്കും, അതുകൊണ്ടുതന്നെ വല്ല ദീനവും പിടിപെട്ടേക്കും എന്നു് എല്ലാവർക്കും പേടി ഉണ്ടായിരുന്നു. ഒന്നും പേടിക്കാനില്ല.

വയ്യാ :—ആ സിദ്ധൻ, ജ്ഞതൻ, അവിടെ ഉണ്ടോ ?

രങ്കൻ :—അദ്ദേഹത്തെ കാണുന്നതിനു ഒട്ടധികം ആളുകൾ വരുന്നുണ്ടു്. അദ്ദേഹം പല ദിവസം ഓരോ സ്ഥലത്തേയ്ക്കു പോകുന്നുണ്ടു്

വയ്യാ :—എവിടെ പോകുന്നു എന്നു്...

രങ്കൻ :—എവിടേയ്ക്കാണു് പോകുന്നതെന്നു് ശരിയായിട്ടറിഞ്ഞുകൂടാ. നിരണത്തോ പ്രക്കാട്ടൊ പോയി ഇടയ്ക്കിടയ്ക്കു് താമസിച്ചും വച്ചാണു് വരുന്നതു്. പിന്നെ കുറെ ദിവസം കോക്കമംഗലത്തു പോയി താമസിച്ചു

വയ്യാ :—അദ്ദേഹത്തിന്റെ കൂടെയുള്ള ജൂതൻ ?

രങ്കൻ :—അവർ രണ്ടു പേരിൽ ഒരാളെങ്കിലും അവിടെ ഉണ്ടായിരിക്കും. അവിടെ ഉണ്ടായിരിക്കുന്ന ആൾ, ചുററുപാട്ടുമുള്ള ആളുകളെ കാണാൻ പോകും.

വയ്യാ :—അവിടെ ചുററിലും ആൾ പാപ്പുണ്ടൊ.

രങ്കൻ :—കുറെ തുരുത്തുകൾ ഉണ്ടു്. പിന്നെ കുറച്ചുകലെ കരപ്രദേശങ്ങളും ഉണ്ടു്. ചില തുരുത്തുകളിൽ ആൾ പാപ്പുണ്ടു്. കരപ്രദേശത്തു ധാരാളം ആളുകളുണ്ടെന്നാണു് തോന്നുന്നതു്.

വയ്യാ :—ആ സിദ്ധന്റെയും മററും ശ്രമം ഫലിക്കുന്നുണ്ടൊ എന്തൊ.

രങ്കൻ :—നല്ല വിവരമില്ല. എങ്കിലും ആളുകൾ മാർഗ്ഗത്തിൽ ചേരാൻ ഒരുങ്ങി വരുന്നുണ്ടെന്നാണു് വിചാരിക്കേണ്ടതു്.

വയ്യാ :—അതെങ്ങിനെ മനസ്സിലായി ?

രങ്കൻ :—പള്ളിയുടെ പണി കൊട്ടാരത്തിന്റെ പണിയേക്കാൾ അത്യാവശ്യമുള്ളതാണെന്നും, അതു ഉടനെ തീക്കണമെന്നും തമ്പുരാൻ തന്നെ എല്ലാവരോടും പറയുന്നുണ്ടു്. പള്ളിപണി തീന്നിട്ടു് ഒട്ടധികം ആളുകളെ ഒരുമിച്ചു മാർഗ്ഗത്തിൽ ചേക്കണമെന്നാണു് ഉദ്ദേശിക്കുന്നതെന്നു സിദ്ധന്റെ കൂടെയുള്ള ജൂതൻ ആരോടൊ പറഞ്ഞതായി കേട്ടു.

വയ്യാ :—വലിയ തമ്പുരാൻ ഇവിടത്തെ കാൎയ്യങ്ങളെപ്പററി എന്തെങ്കിലും പറയുന്നതായി കേട്ടിട്ടുണ്ടോ.

രങ്കൻ :—എന്തെങ്കിലും പറഞ്ഞു കേട്ടിട്ടില്ല. കുറുപ്പ് ആശാനോട്ട് ഇവിടത്തെ കളരികളുടെ രീതിയിൽ അവിടെ ചില കളരികൾ ഉണ്ടാക്കിയാൽ എന്തെന്നു ചോദിച്ചതായി കേട്ടു.

രങ്കൻ പെരിന്തേവിയെ കാണാൻ ശ്രമിച്ചില്ല. ആ അമ്മ വിളിച്ച് എന്തെങ്കിലും ചോദിക്കുന്നെങ്കിൽ ഉത്തരം കൊടുത്താൽ മതി എന്നും, ഭൎത്തൃവിയോഗം മൂലം ദുഃഖാൎത്തയായിരിക്കുന്ന പെരിന്തേവിയെ അവരുടെ കോയിലിൽ ചെന്നു കണ്ട് വൎത്തമാനം അറിയിക്കാൻ ശ്രമിക്കേണ്ടെന്നും അയാൾക്കു നിദ്ദേശം ഉണ്ടായിരുന്നു. കുറെ ദിവസങ്ങൾ ആയിട്ടും രങ്കനെ പെരിന്തേവി വിളിപ്പിച്ചില്ല. രങ്കന് അറിയാവുന്ന വിവരങ്ങൾ മററു തരത്തിൽ അവർ ധരിച്ചതുകൊണ്ട് അവനെ വിളിപ്പിക്കാതിരിക്കുന്നതാണെന്ന് അവൻ അനുമാനിച്ചു. ഏതായാലും, വിളിക്കാതെ ചെല്ലേണ്ടെന്ന് നിദ്ദേശിച്ചിരുന്നതുകൊണ്ട്, രങ്കന്, എന്തു ചെയ്യണം എന്നു ആലോചിക്കേണ്ടതായി വന്നില്ല. അവനും കൂട്ടാളികളും മടങ്ങാനുള്ള ദിവസം അടുത്തു. വേണ്ട കല്പനകൾ വാങ്ങുന്നതിനും ഓരോരുത്തരുടേയും വീടുകളിൽ ചെലവിനുള്ളത് വാങ്ങിക്കൊടുക്കുന്നതിനുമായി പെരിങ്കോയിലകത്ത് ഹാജർ കൊടുത്ത ഒരു ദിവസം, രങ്കനെ പെരിന്തേവി വിളിക്കുന്നു എന്ന് ഒരു സേവകൻ ചെന്നറിയിച്ചു.

ആണ്ടാളുടെ ശരീരം വളരെ ക്ഷീണിച്ചിട്ടുണ്ട്. സംസാരത്തിലും നടപ്പിലും എല്ലാം ആ ക്ഷീണം കാണാൻ കഴിയും. മനസ്സ് ശരീരത്തേക്കാൾ ക്ഷീണിച്ചിട്ടുണ്ടെന്ന് ഉച്ചരിക്കുന്ന ഓരോ വാക്കും തെളിയിക്കുന്നു. ഇതെല്ലാമായാലും തോൽവി സമ്മതിക്കാൻ ഒരുക്കമില്ലെന്നു മുഖവും കണ്ണുകളും വിളിച്ചു പറയുന്നുണ്ട്. ഭൎത്താവിന്റെ കാൎയ്യത്തിൽ ഇനി ആശയ്ക്കു വഴിയൊന്നുമില്ലെന്നു ബോദ്ധ്യമായിക്കഴിഞ്ഞു. "പുകഞ്ഞ കൊള്ളി പുറത്ത്" എന്ന തരത്തിൽ, അദ്ദേഹത്തെ കരുതണം എന്നു വച്ചതുകൊണ്ടാണ് രങ്കൻ വന്നു എന്നറിഞ്ഞ ഉടൻ, അയാളെ വിളിച്ചു വിവരങ്ങൾ അ

ന്വേഷിക്കാതിരുന്നതു്. പുനരാലോചനയിൽ ആ നയം ന ന്നല്ലെന്നും ലോകരെ ബോദ്ധ്യപ്പെടുത്തുന്നതിനെങ്കിലും, ഭത്താവിൻെറ വിവരങ്ങൾ അന്വേഷിക്കേണ്ടതാണെന്നും തോന്നി. രങ്കനെ വിളിപ്പിച്ചു വിവരങ്ങൾ അന്വേഷിച്ചു എന്നു വരുത്തി.

തിരുവഞ്ചിക്കുളത്തു കാര്യങ്ങൾ ഈ വിധം നടക്കുമ്പോൾ വാനവരമ്പൻ എന്തു ചെയ്തുകൊണ്ടിരുന്നു. സ്ഥാനത്യാഗം അദ്ദേഹത്തിൽ എന്തെല്ലാം പ്രതികരണങ്ങളാണു് വരുത്തിയിട്ടുള്ളതു എന്നാരായുന്നതു് പ്രയോജനകരമായിരിക്കുമല്ലൊ. ഒരു വലിയ രാജ്യത്തെ സർവാധിപതി ആയിരുന്ന ആളാണല്ലൊ, രാജകീയമായ സുഖസൌകര്യങ്ങളും ആഡംബരങ്ങളും അധികാരങ്ങളും എല്ലാം ഉപേക്ഷിച്ചു് വൻകായൽ മദ്ധ്യത്തിലുള്ള ഒരു വട്ടത്തുരുത്തിൽ, വെറും ചെറുകുടിലിൽ ചെന്നു കുടിയിരിക്കുന്നതു്. ഇത്രമാത്രം സന്തോഷകരമായ ദിവസങ്ങൾ മുമ്പുണ്ടായിട്ടില്ല, സംതൃപ്തി എന്നാൽ എന്താണെന്നു് ഇപ്പോൾ മാത്രമാണു് അറിയുന്നതു് എന്നു് പെരുമാൾ പലപ്പോഴും ശ്ലീഹായോടു പറയുകയുണ്ടായി. ശ്ലീഹായും എപ്പോഴും അവിടെത്തന്നെ ഉണ്ടായിരുന്നു എങ്കിൽ എന്നു പലപ്പോഴും ഓക്കാറുണ്ടെന്നു് ഒരിക്കൽ അദ്ദേഹം ശ്ലീഹായെ ധരിപ്പിച്ചു. "അങ്ങിനെ ആഗ്രഹിക്കുന്നതു് ശരിയാണൊ" എന്നു് ശ്ലീഹാ വളരെ സൌമ്യസ്വരത്തിൽ ശാന്തമായി ചോദിച്ചു. "ആ ചോദ്യം എന്തെല്ലാമാണു് വെളിപ്പെടുത്തിത്തന്നതെന്നു് ഇപ്പോഴും തീച്ചയായിട്ടില്ല. ഇനി ഞാനൊരിക്കലും ആ വിധം, കേവലം സ്വാത്ഥപരമായ ഒരു ആഗ്രഹത്തിനു വിധേയനാകയില്ല എന്നു് അപ്പോൾ തന്നെ സത്യം ചെയ്തു. ആ സത്യം ഇന്നേയോളം പാലിക്കാൻ സാധിച്ചു എന്നാണെൻെറ വിശ്വാസം" എന്നു് വളരെ കാലത്തിനു ശേഷം ഒരു മിത്രത്തോടു പെരുമാൾ പറയുകയുണ്ടായി. ആ ചോദ്യം വേറൊരു ചിന്താഗതി അദ്ദേഹത്തിൻെറ മനസ്സിൽ ഉദിപ്പിച്ചു. "ഞാൻ പെരുമാൾപദം ഉപേക്ഷിച്ചതുകൊണ്ടു് ആക്കെങ്കിലും എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ സ്ഥാനത്യാഗം ചെയ്തതു് കേവലം ഫലശൂന്യമായ ഒരു കൃത്യമല്ലേ? ദിവ്യരക്ഷകനായ കത്താവു് പാപികളായ മനുഷ്യരെ രക്ഷിക്കുന്നതിനാ

യി സ്വർഗ്ഗജീവിതം ഉപേക്ഷിച്ചു ലോകത്തിൽ ജനിച്ചു. ഈ ലോകത്തിൽ ധനസ്ഥിതിയൊ, കുടുംബസ്ഥിതിയൊ, സ്ഥിരമായ തൊഴിലൊ ഒന്നുമില്ലാതെ അലഞ്ഞു. തല ഒളിക്കാൻ വീടില്ലായിരുന്നു. ദാഹിച്ചപ്പോൾ അയിത്തജാതിയിൽ പെട്ട ഒരു വ്യഭിചാരിണിയോടു പച്ചവെള്ളം തെണ്ടി വാങ്ങിക്കുടിക്കേണ്ടതായിവന്നു. സ്വത്തും തൊഴിലും ഒന്നുമില്ലെങ്കിലും, കരം കൊടുക്കാൻ നിർബ്ബന്ധിതനായിത്തീർന്നപ്പോൾ, മറെറാരു പോംവഴി കാണാഞ്ഞു് ശിഷ്യനെക്കൊണ്ടു മീൻ പിടിപ്പിച്ചു കരം കൊടുത്തു് അധികാരികളുടെ മർദ്ദനത്തിൽ നിന്നു രക്ഷപെട്ടു. ഒടുവിൽ, ഏററം അടുത്തവൻ എന്ന നിലയുണ്ടായിരുന്ന, തൻെറ ഇലയിൽ നിന്നു് ഉണ്ണാറുണ്ടായിരുന്ന, വത്സലനായ ശിഷ്യൻ കുതികാൽ വെട്ടി വീഴിച്ചു ശത്രുക്കളെ ഏല്പിച്ചു. അവർ അത്യന്തം നികൃഷ്ടവും ദാരുണവുമായ വിധം കൊന്നു. ചത്തിട്ടും അവർ കുത്തി. ലോകരെ രക്ഷിക്കുന്നതിനു് ഈ വിധം അവർണ്ണനീയമായ കഷ്ടതകളും വേദനകളും അനുഭവിച്ച ദിവ്യരക്ഷകൻെറ പിന്നാലെ ഇറങ്ങി അതിനായി രാജസിംഹാസനം ഉപേക്ഷിച്ചു എന്നു ഞാൻ ഭാവിക്കുന്നു. യഥാൎത്ഥത്തിൽ എന്തു ത്യാഗമാണു് ഞാൻ ചെയ്തതു്? രാജ്യഭരണ ഭാരം കുലശേഖരൻെറ തലയിൽ വച്ചു് ചുമതലയിൽ നിന്നു രക്ഷപെട്ടു വിശ്രമസുഖം അനുഭവിക്കയാണെന്നു പറഞ്ഞാൽ തെററാകുമൊ?" എന്നിങ്ങനെ ഒരു വാദവും സ്വയ പരിശോധനയും നടത്തിയപ്പോൾ പെരുമാൾ ലജ്ജകൊണ്ടു് തല കുനിച്ചു പോയി. മാർത്തോമ്മാശ്ലീഹായെപ്പോലെ കൎത്താവിൻെറ സദ്വാൎത്ത പ്രചരിപ്പിക്കുന്നതിനുള്ള കഴിവു് ഇല്ലെങ്കിലും, ഇന്നലെ വരെ തൻെറ പ്രജകളായിരുന്ന, ഇന്നു് കുലശേഖരൻെറ പ്രജകളായിരിക്കുന്ന, ജനലക്ഷങ്ങളെ സേവിക്കയാണു് ധൎമ്മം എന്നു് പെട്ടെന്നു് ഒരു ആന്തരാവബോധം ഉണ്ടാകയും അദ്ദേഹം പ്രതിജ്ഞ ചെയ്യുകയും ചെയ്തു. അപ്പോൾ തന്നെ വാനവരമ്പൻെറ ജീവിതത്തിൽ ഒരു വ്യതിയാനം കൂടി സംഭവിച്ചു. അഗതികളേയും ആതുരരേയും സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക അദ്ദേഹം തൊഴിലായി തന്നെ സ്വീകരിച്ചു. നീലമ്പേരൂർ തുരുത്തിലെ കൊട്ടാരവും പള്ളിയും പണി പൂൎത്തി ആകുന്നതിനു മുമ്പു

തന്നെ അതൊരു അഭയാത്ഥി കേന്ദ്രമായിത്തീൎന്നു. ദ്വീപിന്റെ ചുററിലും ഉള്ള ജനങ്ങളെല്ലാം അദ്ദേഹത്തെ ഒരു രക്ഷകനായിട്ടാണു് കണ്ടതു്. ദിവ്യ രക്ഷകന്റെ സദ്വാൎത്ത അദ്ദേഹത്തിന്റെ നാവിൽ നിന്നു പുറപ്പെട്ടന്നതു് കേട്ടു് അവരെല്ലാം ആഹ്ലാദഭരിതരായി. അനേകായിരങ്ങൾ ആ മാൎഗ്ഗത്തിലേയ്ക്കു പ്രവേശിച്ചു. "പെരുമാൾ" എന്ന പേരിൽ അറിയപ്പെടാൻ വാനവരമ്പൻ ഇഷ്ടപ്പെട്ടന്നില്ല. ആ പേരു വിളിക്കുന്നതിൽ അസുഖമുണ്ടു് എന്നു എങ്ങിനെയൊ പരസ്യമായി. അവർ അദ്ദേഹത്തെ "പള്ളിയിലെ പെരുമാൾ" എന്നു നാമകരണം ചെയ്തു. ആ പേരിൽ "പള്ളിക്കു്" ആണല്ലൊ പ്രാമാണ്യം. "പെരുമാൾ" എന്നതിലെ ഹൃദ്യമല്ലാത്ത ഗൌരവം പ്രഭാരഹിതമായി എന്നും, "ചേരൻ" എന്നതിലെ "സാൎവ്വാധിപത്യ" ഗന്ധം അതിനെ സ്പൎശിച്ചിട്ടു പോലും ഇല്ലെന്നും, ഇക്കാരണങ്ങളാൽ പുതിയ പേരു് മററതിനെക്കാൾ സ്വീകാൎയ്യമാണെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. അങ്ങിനെ ചേരൻ വാനവരമ്പൻ "പള്ളിയിലെ പെരുമാൾ" ആയിത്തീൎന്നു. അക്കമ്മാൾ "പള്ളിയിൽ" എത്തിയപ്പോഴേക്കു കാൎയ്യങ്ങൾ ഏതാണ്ടു് ഈ നിലയിൽ എത്തിക്കഴിഞ്ഞിരുന്നു. കുമാരിക്കും പുതിയ ജീവിത രീതിയും പരിസരങ്ങളും പരിതഃസ്ഥിതികളും വളരെ രുചിച്ചു. രാഷ്ട്രീയമായി ഇന്നുപ്പട്ടം ഉണ്ടായിരുന്ന സ്വപിതാവു് ആ സ്ഥാനം സ്വയം ഉപേക്ഷിച്ചു എങ്കിലും, ഇന്നു് മററു പല തരത്തിലും അതിനേക്കാൾ വിശിഷ്ടമായ ഒരു ഉന്നത സ്ഥാനം പ്രാപിച്ചിരിക്കുന്നതായിട്ടാണു് കുമാരി കണ്ടതു്. സംഭവങ്ങളുടെ അനുവൎത്തനത്തിൽ നിന്നു വ്യതിചലിച്ചാണു് ഞങ്ങൾ ഇത്രയും പ്രസ്താവിച്ചതെന്നു രേഖപ്പെടുത്തേണ്ടതുണ്ടു്.

രങ്കനും മററും മടങ്ങിപ്പോയി ഏതാനും വാരങ്ങൾക്കു ശേഷം നാട്ടിലേയ്ക്കു മടങ്ങിവന്ന പെരിങ്കോയിൽ സിൽബന്ധികളിൽ ഒരുവൻ, അക്കമ്മാൾക്കു ഇഷ്ടമെങ്കിൽ, പിതാവിന്റെ അടുക്കലേയ്ക്കു ചെല്ലാമെന്നും, താമസത്തിനു് അവിടെ പ്രതീക്ഷിക്കാവുന്ന സൌകൎയ്യങ്ങൾ ഏൎപ്പെടുത്തിയിട്ടുണ്ടെന്നും ഒരു സന്ദേശം കൊണ്ടുവന്നിരു

ന്നു. കോയിലകത്തെ സൌകര്യവുമായി തുലനം ചെയ്യുമ്പോൾ, കൊട്ടാരമെന്നു ജനങ്ങൾ പേരു കൊടുത്ത നീലമ്പേരൂർ കെട്ടിടത്തിൽ, ഒരു ചെററ പുരയിലെ സൌകര്യങ്ങൾ പോലും ഇല്ലെന്നു തോന്നാമെന്നും, തൻെറ കൂടെ വരണമെന്നു് ശഠിച്ചതുകൊണ്ടു് അറിയിക്കുന്നതാണെന്നും, വരണമെന്നു നിർബ്ബന്ധിക്കുന്നില്ലെന്നും, വരുന്നപക്ഷം കുമാരിയുമൊന്നിച്ചു ഒന്നോ, കൂടിയാൽ രണ്ടോ ചേടികളിൽ കൂടുതൽ ഇല്ലാതിരിക്കയായിരിക്കും ഉത്തമം, മിറിയാം കൂടെ ഉണ്ടായിരിക്കുന്നതിനു ഇവിടെ വിരോധമില്ല എന്നും ആ സന്ദേശത്തിൽ വ്യക്തമാക്കിയിരുന്നു.

അക്കമ്മാളുടെ ആഗ്രഹം കഴിയും വേഗത്തിൽ പുറപ്പെടണമെന്നാണു്. അവൾ സ്വതന്ത്രയല്ലല്ലോ. നിയമ പ്രകാരം പ്രായപൂർത്തി ആയി എങ്കിലും സ്ത്രീ സ്വതന്ത്ര അല്ല. അച്ഛൻ ഒഴിഞ്ഞ രാജസ്ഥാനത്തു വന്നിട്ടുള്ള ആൾ, അച്ഛനു പകരം അവളുടെ രക്ഷകർത്താവായി ഭവിക്കുന്നു. അങ്ങിനെ രക്ഷകർത്താവായി തീർന്നിരിക്കുന്ന അണ്ണൻ, ഇന്നു പെരുമാളായതുകൊണ്ടു് ഔപചാരികമായിത്തന്നെ അനുമതി തേടണം.

അപ്പയുടെ സവിധത്തിലേയ്ക്കു പുറപ്പെടാൻ ആഗ്രഹിക്കുന്നു, അനുവദിക്കാൻ അപേക്ഷയുണ്ടു് എന്നു് അക്കമ്മാൾ നേരിട്ടുകണ്ടു് പെരുമാളെ അറിയിച്ചു.

കുലശേഖര പെരുമാൾ പറഞ്ഞു :—

എനിക്കു വിരോധമില്ല. ഇവിട്ടുള്ള സുഖസൌകര്യങ്ങൾ ഒന്നും തന്നെ അവിടെ ഉണ്ടായിരിക്കയില്ല. പോരെങ്കിൽ ഇന്നു് ആ ആശ്രമം ഒരു ആതുരാലയം ആണു്. അതിനും പുറമെ ആ പ്രദേശങ്ങളിൽ നിന്നെല്ലാം "മാർഗ്ഗ"ത്തിൽ ചേർന്നവരുടെ കേന്ദ്രമായും തീർന്നിട്ടുണ്ടു്. അപ്പയ്ക്കു് ആ അസൌകര്യങ്ങൾ ആനന്ദപ്രദമായിട്ടാണു് ഭവിച്ചിരിക്കുന്നതു്. നിനക്കു് അങ്ങിനെ തോന്നുമോ ? മഹാ ശല്യമായി തോന്നി എന്നു വരുന്നതിനാണു് എളുപ്പമെന്നാണെൻെറ അഭിപ്രായം. അതു കൊണ്ടു് പോകേണ്ടെന്നല്ല. അവിടെ ചെന്ന ശേഷം, ബുദ്ധിമുട്ടെന്നോ

അസൌകര്യമെന്നോ തോന്നിയാൽ മടങ്ങി പോരാൻ മടിക്കുകയില്ലെന്നു വാക്കു തരണമെന്നാണ് ഞാൻ ആവശ്യപ്പെട്ടുന്നതു്.
അക്കമ്മാൾ മറുപടികൊടുത്തു. "അവിടെ എത്തിയശേഷം അവിടെ താമസിക്കാൻ യാതൊരു നിവൃത്തിയുമില്ല എന്നു കാണുകയാണെങ്കിൽ മടങ്ങിപ്പോരാം. അഭിമാനത്തിനു ക്ഷതം സംഭവിക്കുമല്ലൊ എന്നു ഭയന്നു് അവിടെ താമസിക്കാൻ തുനിയുകയില്ല"

കല :—അതു മതി. അസൌകര്യങ്ങളൊ കഷ്ടപ്പാടുകളൊ സഹിച്ച് അവിടെ കൂടാനാണ് ഇഷ്ടം, അവിടെ കൂടുകയാണ് ധർമ്മം എന്നു തോന്നുന്നെങ്കിൽ, എൻെറ അതൃപ്തിയെ ഭയന്നു് മടങ്ങണമെന്നു ഞാൻ ശഠിക്കുകയില്ല.

അക്ക :—ഞാൻ അപ്പയുടെ അടുത്തേക്കു പുറപ്പെടുന്നതു് എൻെറ സുഖത്തിനു വേണ്ടി മാത്രമാണെന്നു് ധരിക്കാതിരിക്കണം. പെരിങ്കോയിലകത്തെ രാജകീയമായ സുഖസൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ച് ഇറങ്ങിപ്പോയ നമ്മുടെ അപ്പയ്ക്കു്, അദ്ദേഹത്തിൻെറ ധർമ്മബോധം എന്തു സഹിക്കുന്നതിനും വേണ്ട കരുത്തു നല്കുമെന്നും, കർത്താവു കാത്തുകൊള്ളുമെന്നും എനിക്കറിയാം. എങ്കിലും അപ്പയുടെ സുഖസൗകര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ട കടമ എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അവിടെ എത്തിയാൽ കുറെ സൗകര്യങ്ങളെങ്കിലും അപ്പയ്ക്കു വേണ്ടി ക്രമപ്പെടുത്താൻ എനിക്കു സാധിക്കും. അവിടുത്തെ ആതുരസേവനത്തിൽ അല്പമെങ്കിലും സഹകരിക്കണമെന്നും ആഗ്രഹമുണ്ടു്. അതാണ് പോകുന്നതിനു് അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചതു്.

പെരു :—ഇഷ്ടം പോലെ ആവാം. അഭിമാനക്ഷതം സംഭവിക്കുമെന്നോർത്തു് അവിടെ കിടന്നു കഷ്ടപ്പെടരുതെന്നേയുള്ളൂ.

അക്ക :—അഭിമാനനഷ്ടം ഭയന്നു് അവിടെ താമസിക്കയില്ല.

പെ :—അതു മതി. എന്നാണു് പുറപ്പെട്ടുക. കൂടെ ആരെല്ലാമാണു്.

അക്ക :—കഴിയും വേഗം പുറപ്പെടണം. മിറിയാമിനെ കൂടി കൊണ്ടുപോകാമെന്നാണു് വച്ചതു്. അവൾ സമ്മതിച്ചു. വേറെ ഒരു ദാസിയും.

പെ :—വീരൻ കൂട്ടത്തിൽ വരുന്നുണ്ടൊ. അങ്ങിനെ എന്തൊ പറഞ്ഞു എന്നൊരോർമ്മ.

അക്ക :—വരുന്നുണ്ടെന്നാണു് പറഞ്ഞതു്. അവിടെ ചെന്നാലുടൻ തന്നെ മാൎഗ്ഗത്തിൽ ചേരണമെന്നാണു് വീരണ്ണന്റെ ഉദ്ദേശം.

പെ :—അയാളും ആതുര സേവനത്തിനു പുറപ്പെട്ടുക ആയിരിക്കുമൊ ?

അക്ക :—മാമയുടെ അഭിപ്രായവും ആലോചനയും കൂടെ അറിഞ്ഞ ശേഷമേ തീൎച്ചപ്പെടുത്തുകയുള്ളു എന്നാണു്.

പെ :—നിന്റെ യാത്രയുടെ കാൎയ്യം അമ്മ അറിഞ്ഞൊ. അമ്മയോടു പറഞ്ഞൊ.

അക്ക :—പറഞ്ഞില്ല. അറിഞ്ഞു. കണ്ടുപറയാൻ പേടി തോന്നുന്നു.

പെ :—അമ്മയ്ക്കു് വാസ്തവത്തിൽ വലിയ മനഃപ്രയാസമുണ്ടു്. അതിനൊരു ഒഴിവുണ്ടാക്കാൻ വഴി ഒന്നും തോന്നുന്നുമില്ല.

അക്ക :—അണ്ണന്റെ ഭാൎയ്യ കൂടെ വന്നു കഴിയുമ്പോൾ കുറെക്കൂടെ കുഴപ്പത്തിലാകും.

പെ :—എന്റെ ഭാൎയ്യയൊ ? എനിക്കു എവിടെ ഇരിക്കുന്നു ഭാൎയ്യ ?

അക്ക :—ഇന്നില്ലെങ്കിൽ നാളെയൊ മറെറന്നാളൊ ഉണ്ടാകയില്ലെന്നു വരുമൊ ? എന്നെങ്കിലും വരുമ്പോൾ എന്നേ ഞാൻ ഉദ്ദേശിച്ചുള്ളു.

അതിന്നു കുലശേഖരൻ മറുപടി കണ്ടില്ല, പറഞ്ഞുമില്ല. യാത്ര അട്ടത്തു തന്നെ ഉണ്ടാകുമെന്നറിയാം. അമ്മയുടെ അനുവാദം ചോദിക്കേണ്ടാ, അപ്പയ്യുടെ അനുവാദമുണ്ടല്ലോ. എന്നാലും വിവരം ധരിപ്പിക്കണം എന്നാലോചിച്ചു അക്കമ്മാൾ. രണ്ടു നാലു ദിവസത്തെ ആലോചനക്കു ശേഷമേ, അനുവാദാഭ്യർത്ഥനയൊ, പുറപ്പെടുന്നു എന്നുള്ള വിവരം ധരിപ്പിക്കുന്ന രീതിയൊ എങ്ങിനെ ആയിരിക്കണമെന്നു തീരുമാനിക്കാൻ കുമാരിക്കു കഴിഞ്ഞുള്ളു. വാനവരമ്പന്റെ സ്ഥാനത്യാഗത്തെ അക്കമ്മാൾ തടഞ്ഞില്ലെന്നു മാത്രമല്ല, അനുകൂലിക്കുകയും ചെയ്തു. അതു് ഒരു കൂട്ടുകെട്ടിന്റെ ഫലമായിരിക്കണം. രണ്ടാളും ബൌദ്ധവേദക്കാരാണല്ലൊ ഇപ്പോൾ. അതിൽ പല രഹസ്യങ്ങളും ഉണ്ടായിരിക്കാം. ഈ കൂട്ടുകെട്ടിന്റെ വിചിത്ര ഫലങ്ങളിൽ ഒന്നാണു് ആണ്ടാൾ, മകൾക്കു വേണ്ടി പണിതു കേററി കൊണ്ടുവന്നിരുന്ന ആകാശക്കോട്ടയുടെ—അക്കമ്മാളെ വാനവരമ്പൻ ഇരുത്തുന്ന സിംഹാസനത്തിൽ കേററുക എന്നുള്ള പദ്ധതിയുടെ—നാശം. അതും ആണ്ടാളുടെ ആധിപത്യമൊ സ്വാധീനമൊ നശിപ്പിക്കുന്നതിന്നു കരുതിക്കൂട്ടി വരുത്തിയതാണെന്നു് അന്നു് അവർ വിചാരിച്ചില്ലെങ്കിലും, ഇപ്പോൾ വിശ്വസിച്ചു തുടങ്ങിയിട്ടുണ്ടു്. ഇതൊന്നും ആണ്ടാൾ തുറന്നു പറയാറില്ല. എന്നാലും അവരുടെ അഭിപ്രായ ഗതിയൊ, സംശയങ്ങളൊ ഈ വിധമൊക്കെയാണെന്നു്, മററാരെയുംകാൾ കൂടുതലായി അക്കമ്മാൾ ധരിക്കത്തക്കവിധം കുത്തു വാക്കുകൾ അവരുടെ നാവിൽ നിന്നു് വീണിട്ടുണ്ടു്. അതുകാരണമാണു് അമ്മയോടു് അനുമതി ആവശ്യപ്പെടുന്നതിന്നും, പുറപ്പെടുന്നു എന്നു ധരിപ്പിക്കുന്നതിന്നു തന്നെയും അക്കമ്മാൾ ബുദ്ധിമുട്ടിയതു്.

എത്ര ബുദ്ധിമുട്ടായാലും അമ്മയോടു പറയാതെ യാത്ര പുറപ്പെടുക, എന്നു് ആലോചിക്കാനേ ഇല്ല. ആണ്ടാൾ കുത്തുവാക്കുകൾ പറയാതിരിക്കില്ല. അമ്മയല്ലെ, എന്തു പറഞ്ഞാലും ക്ഷമയോടു കേൾക്കുക എന്നുറച്ചു് അക്കമ്മാൾ ചെന്നു കണ്ടു. ഭയപ്പെട്ടതു പോലുള്ള സംസാരമൊ ഭാവമൊ ഒന്നുമല്ല കണ്ടതു്. സന്തോഷത്തോടെ സംസാരിച്ചു എന്നു ധരിക്കേണ്ടതില്ല.

ആണ്ടാൾ ചോദിച്ചു. "എത്ര ദിവസം കൊണ്ടു് അവിടെ ചെല്ലുമെന്നു നിനക്കറിഞ്ഞുകൂടായല്ലൊ. മിറിയാമിനേയും കൊണ്ടു പോകുന്നുണ്ടു്, അല്ലെ, നന്നായി. അവിടെ ജീവിത സൗകര്യങ്ങൾ വളരെ കുറവാണെന്നു അറിഞ്ഞുകൊണ്ടല്ലെ പുറപ്പെട്ടുന്നതു്. അപ്പോൾ പിന്നെ പശ്ചാത്തപിക്കേണ്ടി വരില്ല. വീരനും നിൻെറ കൂടെ വരുന്നുണ്ടൊ? അവനും മാർഗ്ഗത്തിൽ ചേരാൻ ഒരുക്കമാണു് അല്ലെ?

അക്ക:—വീരണ്ണനും വരുന്ന എന്നാണു് പറഞ്ഞതു്. മാർഗ്ഗത്തിൽ ചേരാൻ വലിയ ധൃതിയാണു്.

ആണ്ടാ:—ഒന്നു ഞാൻ പറഞ്ഞു തരാം. ഞാൻ നിനക്കു കൊള്ളരുതാത്തവളായിപ്പോയി. അതൊക്കെ പോകട്ടെ. എൻെറ ഭർത്താവിനു വേണ്ടാതായപ്പോൾ പിന്നെ മററുള്ളവരെ എന്തിനു കുററപ്പെടുത്തുന്നു. ഞാൻ പറയാൻ വന്നതു് അനാവശ്യമാണെന്നു് ഇപ്പോൾ തോന്നുമായിരിക്കും. രസിക്കാതെ വരുമായിരിക്കും. എന്നാലും ഇതു കേട്ടു് ഓർമ്മയിൽ വച്ചുകൊള്ളണം. വീരനു് നിന്നെ കല്യാണം കഴിക്കണമെന്നുണ്ടല്ലൊ. അതു് ആകപ്പാടെ തരക്കേടില്ലാത്ത ആലോചനയാണു്. ഈയിടെ നിങ്ങൾക്കു സ്വാതന്ത്ര്യം കുറെ അധികമായിപ്പോയി—ഞാനിവിടെ ഇരിപ്പായതിൽ പിന്നെ. വീരനെ കല്യാണം കഴിക്കുന്നതിൽ തെററില്ല. കല്യാണം മുറയ്ക്കു നടന്നുകൊള്ളും എന്നു വച്ചു് അതിനു മുമ്പു് ഭർത്താവാക്കരുതു്. ആക്കിയാൽ എന്നും കണ്ണീരും കയ്യും അല്ലെങ്കിൽ അടിമത്വം ആയിരിക്കും, വീരനൊ മററാരൊ ആയാലും അനുഭവം.

# 21

അക്കമ്മാളും മിറിയാമും മററും നീലമ്പേരൂർ എത്തിയപ്പോഴേയ്ക്കു് അവിടത്തെ എടുപ്പുകളുടെ പണി മിക്കവാറും തീൎന്നുകഴിഞ്ഞിരുന്നു. തിരുവഞ്ചിക്കുളത്തുനിന്നു പോയിരുന്ന തൊഴിൽക്കാരിൽ ചിലർ അവിടെ സ്ഥിരതാമസമാക്കി. ബാക്കിയുള്ളവരും പെരുങ്കോയിലകം സിൽബന്ധികളിലും അന്തേവാസികളിലും ഉൾപ്പെട്ടവരിൽ ചിലരും നാട്ടിലേക്കു പൊയ്ക്കഴിഞ്ഞു. നാട്ടിൽ നിന്നു് കുടുംബാംഗങ്ങളെ കൊണ്ടുചെന്നു് നീലമ്പേരൂരിൽ തന്നെ താമസം ഉറപ്പിച്ച ചിലരുണ്ടു്. എന്താണു് വേണ്ടതെന്നു തീരുമാനിക്കാതെ കുഴങ്ങുന്ന വേറെ ചിലരും ഇല്ലാതില്ല. കെട്ടിടങ്ങളുടെ പണിയും അതു സംബന്ധമായ ബഹളകോലാഹലങ്ങളും ഒതുങ്ങുന്നതിനു മുമ്പു തന്നെ ജീവകാരുണ്യപ്രവൎത്തനങ്ങളും മതപ്രവൎത്തന ശ്രമങ്ങളും പുരോഗമിച്ചു കഴിഞ്ഞു. പുതിയ വേദക്കാരുടെ പള്ളിയും അതോടു ഘടിപ്പിച്ചുള്ള കേന്ദ്രവും ആതുരാലയവും അതിൻെറ പ്രവൎത്തനങ്ങളും എല്ലാം സമ്മിശ്രപ്പെട്ടാണു് കിടക്കുന്നതു്, അല്ലെങ്കിൽ നടക്കുന്നതു്. പുതിയ സ്ഥാപനത്തിനു് വാനവരമ്പൻ ആശ്രമം എന്നാണു് പേരു കൊടുത്തതു്. എങ്കിലും ജനതതി പള്ളി എന്നു നാമകരണം ചെയ്തു. ശ്ലീഹായുടെ "ദയാ"യും ശോഭിച്ചില്ല. പള്ളി എന്നു പേരിട്ടതു് ശ്രുബൻ ആണെന്നു തോന്നുന്നു. ആ പേരിനാണു് ജനപിൻതുണ ലഭിച്ചതു്. ഒരു പത്തു പതിനഞ്ചു നാഴിക ചുററിലുള്ള ദേശങ്ങളിൽ "പള്ളി "യെപ്പററിയും "പള്ളിപ്പെരുമാളി"നെപ്പററിയും അറിവില്ലാത്ത ഒരാളെങ്കിലും ഉണ്ടായിരുന്നില്ല. രോഗങ്ങൾ സുഖപ്പെടുത്തുന്നതിൽ ശ്ലീഹായിക്കുണ്ടായിരുന്ന അത്ഭുതകരമായ സിദ്ധി, സ്ഥാപനത്തിൻെറ പ്രസിദ്ധിക്കും മാൎഗ്ഗപ്രചരണശ്രമങ്ങൾക്കും അത്യധികം സഹായകമായിരുന്നു. ഭൂതബാധ ഒഴിവാക്കുന്നതിനുള്ള കഴിവു് പെരുമാളിനു് വേഗത്തിൽ കൈവന്നു. ആതുരൎക്കു് "പള്ളി" യഥാൎത്ഥത്തിൽ

ഒരു അഭയ സ്ഥാനമാണെന്നു പരക്കെ ബോദ്ധ്യമാകാൻ വളരെ താമസം വന്നില്ല. "പള്ളി"യുടെ പ്രസിദ്ധിയിലും, മാർഗ്ഗത്തിൻെറ പ്രചരണത്തിലും അസൂയാലുക്കളായി ചിലർ പ്രത്യക്ഷപ്പെടുകയും അവർ പെരുമാളിൻെറ ശ്രമങ്ങൾ വിഫലമാക്കുന്നതിനും, മതപ്രചരണത്തെ തടസ്സപ്പെടുത്തുന്നതിനും കഴിവതു യത്നിക്കയും ചെയ്തു. അമ്പലങ്ങളോടും കാവുകളോടും മററും ബന്ധമുണ്ടായിരുന്ന അവർ, ജനങ്ങളെ സഹായിക്കുന്നതിലല്ല, അവർക്ക് ധനപരമായും സ്വാധീനപരമായും ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനാണ് മുമ്പോട്ടിറങ്ങി "പള്ളി"യേയും അവിടുത്തെ പ്രവർത്തനങ്ങളേയും കുററപ്പെടുത്തുന്നതെന്നു തെളിയിക്കാൻ കാലം അധികം വേണ്ടിവന്നില്ല. ആ വക എതിർപ്പുകൾ അവസാനിച്ചതോടുകൂടെ, "പള്ളി"യിലെ പ്രവർത്തനങ്ങളുടെ പ്രശസ്തി പല മടങ്ങ് വർദ്ധിച്ചു. ഈ സുവർണ്ണകാലത്തെ എല്ലാ പ്രവർത്തനങ്ങളിലുംതന്നെ ഭാഗഭാക്കാകുന്നതിനുള്ള ഭാഗ്യം അക്കമ്മാളിനു ലഭിച്ചു എന്നുകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

അധികകാലം പെരുമാളുമൊന്നിച്ച് കഴിക്കാൻ ശ്ലീഹായിക്കു നിവൃത്തിയില്ല. വിളഞ്ഞു കിടക്കുന്ന പ്രദേശങ്ങൾ അദ്ദേഹത്തിൻെറ മനക്കണ്ണുകൾ കണ്ടുകൊണ്ടേ ഇരിക്കുന്നു. എത്രയും വേഗം അവിടേയ്ക്കു പോകുന്നതിനായി, നീലമ്പേരൂർ "ദയറാ"യുടെ ചുമതല തൻെറ ശിഷ്യനെ ഏല്പിക്കുന്നതിനു് ശ്ലീഹാ ഒരുക്കങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കയാണ്. ആരംഭംമുതൽ തന്നെ, ഈ ലക്ഷ്യം മുൻ നിറുത്തി എല്ലാ കാര്യങ്ങളും പെരുമാളിൻെറ ചുമതലയിൽ നടത്തിക്കുന്നതിനു് അദ്ദേഹത്തെ മുമ്പോട്ടു തള്ളി വിട്ടുകൊണ്ടിരുന്നു. "പള്ളി"യിലേയ്ക്കു ആവശ്യമുള്ള "പ്രവർത്തകരെ", നിയോഗിക്കുന്നതിനുള്ള അധികാരവും അദ്ദേഹം പള്ളി പെരുമാളിനു കൊടുത്തു. അതോടുകൂടെ ആ സ്ഥാപനം സ്വയംപര്യാപ്തമായി എന്നു് ബോദ്ധ്യപ്പെട്ട് ശ്ലീഹാ സന്തോഷിക്കയും തൻെറ പ്രവർത്തനരംഗം മാററുന്നതിനുള്ള കാലം അടുത്തുവരുന്നു എന്നു് ശിഷ്യനെ ധരിപ്പിക്കുകയും ചെയ്തു. രോഗശാന്തി നല്കുന്നതിനുള്ള കഴിവിനെപ്പററി ആദ്യഘട്ടത്തിൽ പെരുമാളിനു് സംശയമുണ്ടായിരുന്നു എന്നു

സമ്മതിക്കേണ്ടതുണ്ട്. ശ്ലീഹാ വേണ്ടവിധത്തിൽ ധൈര്യപ്പെടുത്തി മുൻപോട്ടു ഇറക്കി, അതിവേഗം തന്നെ ആ സംശയം അകററിക്കൊടുത്തു.

രാജസ്ഥാനം സ്വമനസ്സാലെ ഉപേക്ഷിച്ച് ജനസേവനത്തിനു് ഇറങ്ങിയ ആളായിരുന്നതുകൊണ്ടു് പെരുമാളിനെപ്പററി ജനങ്ങൾക്ക് പ്രത്യേക ബഹുമാനവും ഭക്തിയും ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ പെരുമാററം അതു വദ്ധിപ്പിച്ചു. രോഗികൾക്ക് സുഖം കൊടുക്കുന്നതിനുള്ള ശക്തി മനുഷ്യസ്നേഹിയും അഹങ്കാരം ലേശമില്ലാത്തവനുമായ ആ നല്ല മനുഷ്യനുണ്ടെന്നു തെളിഞ്ഞപ്പോൾ ജനപ്രീതി കൂടുതൽ വദ്ധിച്ചു. പെരുമാളിൻെറ സ്വാത്ഥരഹിതമായ സേവനത്തിൻെറ വൈശിഷ്ട്യം മനസ്സിലായതോടു കൂടെ അദ്ദേഹത്തോടുള്ള ബഹുമാനവും വദ്ധിച്ചു. അതു സ്പഷ്ടമാക്കുന്നതിനുള്ള മോഹത്തിൽനിന്നാണ് "പള്ളിയിലെ പെരുമാൾ" എന്നുള്ള സംജ്ഞ ഉൽഭൂതമായതു്. ആ പേരു പിന്നെ പള്ളി പെരുമാളായി ലോപിക്കയും ഉണ്ടായി. "പള്ളിയിലെ പെരുമാൾ" ആരാദ്ധ്യനായപ്പോൾ, അതിനനുസരിച്ച് "പള്ളി"ക്കും അവിടുത്തെ പ്രവൎത്തനങ്ങൾക്കും പുരോഗതി സിദ്ധിച്ചു 'മാൎഗ്ഗ'ത്തിൽ പ്രവേശിക്കാൻ ആഗ്രഹിച്ച് സമീപിക്കുന്നവരുടേയും, പ്രവേശനം ലഭിച്ചവരുടേയും സംഖ്യയും വദ്ധിച്ചുകൊണ്ടിരുന്നു.

മാൎഗ്ഗത്തിൽ പ്രവേശിച്ച് "പള്ളി"യോടു് "അടുത്ത ബന്ധം പുലൎത്തി"യവർ എല്ലാം അംഗങ്ങളായി ചേൎന്നിരുന്നില്ല. അംഗങ്ങളായി ചേൎന്നവരെ മാത്രം ഉൾപ്പെടുത്തി ഒരു സംഘടന അപ്പോൾ രൂപമെടുത്തിരുന്നില്ല. അതുകൊണ്ടാണ് "അടുത്ത ബന്ധം പുലൎത്തിയവർ" എന്നു പ്രയോഗിച്ചതു്. ആതുരരുടെ സംഖ്യയും നാൾതോറും വദ്ധിച്ചുകൊണ്ടേ ഇരുന്നു.

ഈ തരത്തിൽ ആരോഹണം ചെയ്തുകൊണ്ടിരുന്ന സ്ഥാപനം 'പെരുമാളി'ൻെറ കയ്യിൽ സുരക്ഷിതമാണെന്നു് മാർ ത്തോമ്മാശ്ലീഹായിക്കു പൂൎണ്ണ ബോദ്ധ്യമായി. അപ്പോൾ. ഇനി വൈകാതെ താൻ യാത്ര പുറപ്പെടുന്നതാണെന്നു് അദ്ദേഹം ശിഷ്യനെ ധരിപ്പിച്ചു.

പെരുമാൾ പറഞ്ഞു "ശ്ലീഹാ പോകാതെ ഇവിടെ താമസിക്കണം എന്നു നിർബ്ബന്ധിക്കുന്നതിനാണ് ആഗ്രഹം തോന്നുന്നതു്, അങ്ങെയുടെ പ്രവൃത്തിരംഗം എത്രമാത്രം വിസ്തൃതമാണെന്നു് ശരിക്കു മനസ്സിലാക്കാൻ തക്ക അറിവു് എനിക്കില്ല. അങ്ങു് മാർഗ്ഗം അറിയിച്ചുകഴിഞ്ഞ പല ദേശങ്ങളുടേയും പേരു മാത്രമാണ് ഞാൻ കേട്ടിട്ടുള്ളതു്. ചിലവയുടെ പേരു തന്നെയും കേട്ടിരുന്നില്ല. കർത്താവു് ലോകവ്യാപകമായ പ്രവർത്തനരംഗം ഏല്പിച്ചിട്ടുള്ള ആൾ, ഈ പ്രദേശത്തു് ഇത്രയും താമസിച്ചു് ഞങ്ങളുടെ കണ്ണുകൾക്കു കാഴ്ചതന്നു് നേർവഴിക്കു തിരിച്ചതുതന്നെ, മഹാ വലിയ സേവനമാണ്. വലിയ ത്യാഗം കൊണ്ടാണ് അങ്ങു് അതു് സാധിച്ചതു്. ഇങ്ങിനെ എല്ലാമായാലും, പോകാൻ സമ്മതിക്കുന്നതിനു ഞാൻ അശക്തനാണ്. പോകേണ്ടെന്നു പറയുന്നതിനു അല്പം പോലും കഴിവുമില്ല."

ശ്ലീഹാ:—ഞാൻ പോകുന്ന ദിക്കിലെല്ലാം എൻെറ കൂടെ ഉണ്ടായിരിക്കുമെന്നു നമ്മുടെ കർത്താവു് എനിക്കു് ഉറപ്പു തന്നു. അവിടുന്നു തന്ന വാക്കു ശരിക്കു പാലിക്കുക തന്നെ ചെയ്യു എന്നു ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. ആ വാഗ്ദത്തം ഇനിമേലും പാലിക്കുമെന്നു് എനിക്കു നല്ല വിശ്വാസവുമാണ്. ഇത്രമാത്രം കരുണയോടുകൂടി എന്നോടു വർത്തിച്ച കർത്താവു് നിങ്ങളേയും എന്നെയും കൈവെടിയുകയില്ല. ഞാൻ നിങ്ങൾക്കു വേണ്ടി എന്നും മുട്ടിപ്പായി പ്രാർത്ഥിക്കും.

പെ:—അതു ഞങ്ങൾക്കു ശക്തി തരും; ഞങ്ങളുടെ രക്ഷാകവചമായിരിക്കുകയും ചെയ്യും; നിശ്ചയം. എന്നാലും വേർപാടു്.........

ശ്ലീ:—നമ്മുടെ സ്ഥിരവാസത്തിനുള്ള ഭവനമല്ല ഈ ലോകം. നാം ഇവിടെ വഴിയാത്രക്കാർ മാത്രമാണ്. ഇന്നു വന്നു, നാളെയൊ മററന്നാളൊ കടന്നു പോകുകയാണ് ചെയ്യുന്നതു്. അങ്ങിനെ പോയി, നിത്യ വിശ്രമത്തിനു് നമുക്കായി നമ്മുടെ കർത്താവു് ഒരുക്കിയിട്ടുള്ള ദിക്കിൽ ഒരുമിച്ചുകൂടി എന്നെന്നും സ

ന്തോഷമായി കഴിക്കാം എന്നോക്കണം. അങ്ങിനെ ആകുമ്പോൾ ഇപ്പോഴത്തെ വേർപാട്ട് നിമിത്തം മനഃശല്യം ഉണ്ടാകേണ്ടതില്ലല്ലൊ.

പെ :—അതു ശരിയാണ്. എന്നാലും ...

ശ്രീ :—ബലഹീന മനുഷ്യരാണ് നാം. വളരെ മുമ്പോട്ടു കാണുന്നതിനു നമുക്കു കണ്ണില്ല. നമ്മുടെ കൈ പിടിച്ച് നടത്തുന്ന കർത്താവിൽ ശരണപ്പെട്ട്, ധൈൎയ്യപൂർവ്വം ചുവടുവച്ച് മുമ്പോട്ടു പോകണം. അപ്പോൾ ഭയവും സങ്കടവും സംശയവും നീങ്ങും.

പെ :—അങ്ങിനെ ചെയ്യാം.

ശ്രീ :—ഒന്ന് വിസ്മരിക്കരുത്. നമ്മുടെ ആഗ്രഹമോ ഉദ്ദേശമോ അനുസരിച്ച് കാൎയ്യങ്ങൾ നടക്കാതെ വരികയൊ, അവയ്ക്കു വിപരീതമായ അനുഭവങ്ങൾ ഉണ്ടാകയൊ ചെയ്താൽ ഭഗ്നാശയനാവരുത്. നന്നെന്നു നമുക്കു തോന്നുന്നതു്, യാഥാൎത്ഥ്യത്തിൽ തീയതായിരിക്കാം. നാം അതു് അറിയുന്നില്ല. അറിയുന്ന ദൈവം നമുക്ക് ആ ചീത്ത സാധനമോ അനുഭവമോ തരുമൊ? ഒരിക്കലും തരില്ല. നാം ആഗ്രഹിക്കുന്നതു് കിട്ടാതെ വരുന്നതു്, നമ്മുടെ പ്രാൎത്ഥന നിഷേധിച്ചതുകൊണ്ടാണെന്നു സംശയിക്കരുതു്. അരോചകമായി നമുക്കു തോന്നുന്ന അനുഭവങ്ങൾ ഉണ്ടാകുന്നതു്, അവ ആവശ്യമായതു കൊണ്ടാണ്. അതു മനസ്സിലാക്കാനുള്ള കഴിവ് തരുന്നതിനപേക്ഷിക്കണം. ഈ വിവരം ഞാൻ നേരത്തെ പറഞ്ഞു തന്നിട്ടുള്ളതായി ഓൎമ്മിക്കുന്നു.

പെ :—അങ്ങിനെ ചെയ്യാം.

ശ്രീ :—ഞാൻ ലോകമെല്ലാം ഓടിയും പറന്നും നടന്നു. ഇപ്പോൾ മുമ്പോട്ടു നോക്കി മനസ്സുകൊണ്ടു് പദ്ധതികൾതയ്യാറാക്കുന്നു. കൎത്താവിന്റെ പദ്ധതി എന്താണെന്നു അറിഞ്ഞുകൂടാ. എന്റെ പദ്ധതി എന്തു തന്നെ ആയിരുന്നാലും, അതു് എത്ര അഭികാമ്യമായി തോന്നിയാലും,

അതിനേക്കാൾ വളരെ മെച്ചമായിരിക്കും കത്താവ്വ് എനിക്കായി തയ്യാറാക്കിയിട്ടുള്ള പദ്ധതി. ഞാൻ പല രാജ്യങ്ങളിൽ "സദ്വാത്ത" പ്രചരിപ്പിക്കുന്നതിനു് ഒരുങ്ങിയാണു് ഇവിടെ നിന്നു പുറപ്പെട്ടതു്. കത്താവിൻെറ ഉദ്ദേശം അതല്ലെങ്കിൽ, എന്റെ പദ്ധതി പ്രവത്തനത്തിൽ വരികയില്ലല്ലൊ. ഞാൻ ഇനി ഒരുദിക്കിലും ഓടികഷ്ടപ്പെടേണ്ടാ എന്നു് അവിടെ നിന്നു നിശ്ചയിച്ചു് എന്നെ ഇപ്പോഴോ നാളെയൊ അവിട്ടത്തെ അട്ടക്കലേയ്ക്കു വിളിക്കുകയാണെങ്കിൽ, എൻെറ പദ്ധതി ഒക്കെ അവസാനിക്കുമല്ലൊ. അങ്ങിനെ വരുന്നതു് നല്ലതിനാണെന്നും, എന്നോടുള്ള സ്നേഹംകൊണ്ടു് ആശ്വാസവും വിശ്രമവും തരുന്നതിനാണു് എന്നെ വിളിക്കുന്നതെന്നും മനസ്സിലാക്കാൻ കഴിഞ്ഞാൽ ആശ്വാസമായി. അല്ല സന്തോഷമായി.

പെ :—എന്നാലും...

ശ്ലീ :—കത്താവിൻെറ തിരുവിഷ്ടം നമ്മിൽ നടക്കണമെന്നു് ആഗ്രഹിക്കുകയും, അതിനായി നമ്മെത്തന്നെ കത്താവിൽ ഏല്പിച്ചു കൊട്ടുക്കുകയും ആണു് ചെയ്യേണ്ടതു്. ഞാൻ ഒരു ഉദാഹരണം പറയാം. അങ്ങേയ്ക്കു പ്രിയംകരമായ ഒരു സ്ഥാപനമാണല്ലൊ ഇതു്. ഇതു വളരെ ഉയന്നും വികസിച്ചും കാണണമെന്നു് അവിട്ടന്നു് ആഗ്രഹിക്കുന്നതു്, മനുഷ്യപ്രകാരം ചിന്തിക്കുമ്പോൾ തെററല്ല. എന്നാൽ ഈ സ്ഥാപനം ഉയരുകയല്ല, ഇല്ലാതാകയാണു് നന്നെന്നു കത്താവ്വ കണ്ടു് ആ വിധം വരുത്തിയാൽ, ആ അനുഭവം നമ്മെ ദുഃഖിതരാക്കാതിരിക്കണം. ആ തരത്തിൽ കത്താവിൽ ആശ്രയിക്കാനുള്ള കഴിവ്വ തരുന്നതിനാണു് നാം പ്രാത്ഥിക്കേണ്ടതു്.

ഈ സംഭാഷണം നടന്ന ദിവസം മുതൽ ശ്ലീഹാ പൊയ്ക്കുഴിഞ്ഞാലും, "പള്ളി"യിലെ കായ്യങ്ങൾ പഴയപടി വീഴ്ച കൂടാതെ നടന്നു പോകുന്നതിനുള്ള ഏപ്പ്പാടുകൾ എല്ലാം ശ്ലീഹായുടെ ആലോചനയോടും സഹകരണത്തോടും കൂടെ

പെരുമാൾ ക്രമപ്പെട്ടുത്താൻ തുടങ്ങി. അക്കമ്മാളുടെ സാന്നിദ്ധ്യവും സേവനസന്നദ്ധതയും അദ്ദേഹത്തിന്റെ ചുമതലകൾ വളരെ ലഘൂകരിച്ചു. മാർഗ്ഗത്തിൽ പ്രവേശിച്ചുകഴിഞ്ഞ വീരപാണ്ഡ്യനും പല ചുമതലകൾ ഏററു് അവയെല്ലാം ശരിക്കു നിർവ്വഹിച്ചു് പെരുമാളിനു് ആശ്വാസം നല്കുന്നു. "പള്ളി"യിൽ എത്തി മാർഗ്ഗത്തിൽ ചേൎന്നു് താമസം കൂടാതെ തന്നെ അക്കമ്മാളെ വിവാഹം കഴിക്കണമെന്നായിരുന്നു വീരപാണ്ഡ്യന്റെ ഉദ്ദേശം. അതിനു തടസ്സമൊന്നും ഉണ്ടാകുമെന്നു നിരൂപിച്ചിരുന്നുമില്ല. കാര്യത്തിന്റെ ഗതി ഏതു വിധമാണെന്നു പെരുമാൾ മനസ്സിലാക്കി. ഒരു ദിവസം ഇക്കാര്യത്തെപ്പററി വീരപാണ്ഡ്യൻ സംസാരിച്ചു. അദ്ദേഹത്തിനു തടസ്സമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അക്കമ്മാളുടെ അഭിപ്രായം വിഭിന്നമായിരുന്നു. വിവാഹശേഷം അപ്പനോടൊന്നിച്ചു "പള്ളിയിൽ" താമസിക്കുന്നതു് യുക്തമല്ലെന്നാണു് കുമാരിയുടെ അഭിപ്രായം. അവൾ വീരപാണ്ഡ്യനോടു തുറന്നു പറഞ്ഞു "എനിക്കു വിരോധമില്ലെന്നല്ല, സന്തോഷമായിരിക്കും. എന്നാൽ നാം ഇപ്പോൾ വിവാഹം കഴിഞ്ഞു് ഇവിടെനിന്നു പോകുന്നതായാൽ, വികസിച്ചുകൊണ്ടിരിക്കുന്ന ഈ സ്ഥാപനത്തിന്റെ എല്ലാ വശങ്ങളും നോക്കേണ്ട ചുമതല പ്രായമായ അപ്പയുടെ തലയിലാവും..."

വീര:—ഒരു വലിയ രാജ്യം ഭരിച്ച മാമയ്ക്കു് ഇതൊരു പ്രശ്നമാകുമെന്നു ഭയപ്പെടാനുണ്ടോ?

അക്ക:—ഒരു രാജ്യം ഭരിക്കാനാണെങ്കിൽ അപ്പയ്ക്കു ഇന്നും വലിയ ബുദ്ധിമുട്ടൊന്നും വരുമെന്നു തോന്നുന്നില്ല. അതു ചെറുപ്പംമുതൽ പരിചയിച്ചതാണല്ലൊ. അതിനു വേണ്ട കഴിവു്, പൂർവ്വികന്മാരിൽ നിന്നു പിൻതുടച്ചാവകാശവഴി കിട്ടിയിട്ടുമുണ്ടാവണം. ഇവിടുത്തെ കഥ അങ്ങിനെ അല്ല. പരിചയമില്ലാത്ത, വളരെ സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങൾ ഓരോ ദിവസം ഉയൎന്നുവരും. അവ എല്ലാം വമ്പിച്ച പ്രശ്നങ്ങളാണെങ്കിൽ യാതൊരു കുസലും കൂടാതെ അപ്പ പരിഹാരമുണ്ടാക്കും. നിസ്സാര പ്ര

ശ്നങ്ങളാണ് ഇവിടെ ഉയരുന്നതിൽ മഹാഭൂരിപക്ഷവും. നിസ്സാര കാര്യങ്ങൾ അപ്പയെ പണ്ടേ തന്നെ ശല്യപ്പെടുത്തുമായിരുന്നു......

വീര :—നമ്മൾ ഇവിടെ താമസിച്ചതുകൊണ്ട്, അതിനെന്തു നിവാരണമാണുണ്ടാകുന്നത്. ?

അക്ക :—വേണ്ട,നിവാരണങ്ങൾ ഉണ്ടാകുന്നതായിട്ടാണല്ലോ നാം കാണുന്നത്. ചിലതെല്ലാം ഞാൻ ഇടപെട്ടു പരിഹരിക്കുന്നുണ്ട്. മററു ചിലവ വീരണ്ണൻ ക്രമപ്പെടുത്തുന്നുണ്ട്.

വീര :—ഞാനോ? ഞാനെന്താണിവിടെ ചെയ്യാറുള്ളത്'...

അക്ക :—താൻ എന്താണ് ചെയ്യാറുള്ളത് ? അവ നിസ്സാരങ്ങളായിരിക്കാം. എന്നാലും ആ കാര്യങ്ങളും നടക്കേണ്ടവയല്ലെ? അപ്പയുടെ ശ്രദ്ധ അവയിലും പതിയണമെന്നു വരുന്നതാണ് ബുദ്ധിമുട്ട്. ഞാൻ മുമ്പേ പറഞ്ഞില്ലെ, നിസ്സാര കാര്യങ്ങളാണദ്ദേഹത്തെ ശല്യപ്പെടുത്തുന്നതെന്ന്. ഈ നിസ്സാരങ്ങളെ എല്ലാം ഒന്നിച്ചു കൂട്ടി ഹിമാലയം പോലുള്ള ഒററ പ്രശ്നമാക്കി അങ്ങോട്ടു കൊടുത്താൽ അതിനെ, കാററിൽ കരിയില എന്നതുപോലെ പറത്തിക്കളയും.

വീര :—അതുകൊണ്ടു എന്തു വേണമെന്നാണ് കൺമണി പറയുന്നത്.

അക്ക :—കുറച്ചു കാലംകൂടെ ഇവിടെ താമസിക്കാം. അപ്പയ്ക്കു ഇവിടുത്തെ നിസ്സാര കാര്യങ്ങളിലും ശ്രദ്ധചെലുത്താൻ തക്കവണ്ണം എല്ലാം ശരിപ്പെടും. അപ്പോൾ നമുക്ക പോകാം.

വീര :—കല്യാണം കഴിച്ച ശേഷം ഇവിടെ നിന്നു പോകണമെന്നല്ലെ.

അക്ക :—അതേ. അങ്ങിനെ തന്നെയാണ് ഞാൻ ഉദ്ദേശിച്ചതു്.

വീര :—എത്രകാലം കഴിഞ്ഞാലാണ് അതു സാധിക്കുന്ന തെന്നാരറിഞ്ഞു. തിതിയൻ ഉണ്ടല്ലൊ ഇവിടെ. അയാൾ കാര്യങ്ങൾ നോക്കിക്കൊള്ളുകയില്ലേ.

അക്ക :—അയാൾ ഇവിടെ ഉണ്ട്. ചില കാര്യങ്ങൾ എല്ലാം അന്വേഷിക്കുന്നുമുണ്ട് എന്നല്ലാതെ ചുമതലയേററു എന്തെങ്കിലും നടത്തുന്നുണ്ടോ? അതിനു് ഇന്നു കഴിയുമെന്നു തോന്നുന്നില്ല.

വീര :—പടത്തലവനായി ഭരണം നടത്തിയ ആളാണല്ലൊ.

അക്ക :—അന്നത്തെ മദ്യപാനമൊ, വിപ്ലവം ഇളക്കി വിടാൻ ചെയ്തതിലുള്ള പശ്ചാത്താപമൊ, ശാരീരികമായി സംഭവിച്ച തകരാറൊ, അന്നേ ഉണ്ടായിരുന്നതോ പിന്നീടുണ്ടായതോ ആയ എന്തൊ മാനസിക രോഗമൊ, അയാളെ അശക്തനാക്കിക്കളഞ്ഞു എന്നു തോന്നുന്നു. ഇപ്പോൾ അപ്പ പറയുന്നതു് അപ്പടിയെ അനുസരിക്കുന്നതിനല്ലാതെ വേറൊന്നും ചെയ്യാൻ ത്രാണി ഇല്ല. ഭാര്യയെ വരുത്തുന്ന കാര്യമോ അവരുടെ അടുക്കൽ പോയി താമസിക്കുന്ന കാര്യമോ പറയുകയൊ ചോദിക്കയൊ ചെയ്താൽ എന്തൊ ഒരു ചലനം ഉണ്ടാകും. അതു അനുകൂലമായിട്ടുള്ളതല്ല. ഇതാണ് തിതിയന്റെ സ്ഥിതി. അപ്പോൾ അയാളെ എന്തെങ്കിലും ഏല്പിച്ചിട്ടു നമുക്കു പോകാം എന്നു ചിന്തിക്കാനില്ല. ഞാൻ പറഞ്ഞതാണ് ഏററം ഉത്തമ മാർഗ്ഗം. വീരണ്ണൻ അല്പകാലം കൂടെ ക്ഷമിക്കണം.

വീരപാണ്ഡ്യൻ അക്കമ്മാളുടെ അഭിപ്രായം സ്വീകരിച്ചു. രണ്ടാളും "പള്ളി" യിലെ പല കാര്യങ്ങളും ചുമതലയായി നടത്തുന്നുണ്ട്. അക്കമ്മാൾ, പെരുമാളിന്റെ ദിനചര്യയിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതുകൊണ്ട്, ആ വൃദ്ധനു ബുദ്ധിമുട്ട് പലതും ഒഴിഞ്ഞുകിട്ടുന്നുണ്ട്.

മാർത്തോമ്മാ ശ്ലീഹാ പെരുമാളിനോടും അദ്ദേഹത്തിന്റെ "പള്ളി"യോടും യാത്ര പറഞ്ഞു പിരിഞ്ഞിട്ടു കാലം കുറെ ആയി. ശ്ലീഹാ സ്ഥലത്തുണ്ടായിരുന്നപ്പോഴും "പള്ളി"

സംബന്ധമായ എല്ലാ ചുമതലകളും വഹിച്ചു വന്നതു് പെരുമാളായിരുന്നു. എങ്കിലും സഹായത്തിനൊ ഉപദേശം നൽകുന്നതിനൊ ഒരാളുണ്ടെന്നു് അദ്ദേഹത്തിനു് ആശ്വാസമുണ്ടായിരുന്നു. ശ്ലീഹാ പൊയ്ക്കഴിഞ്ഞു് സർവ്വ ചുമതലകളും പെരുമാൾ ഏററതോട്ടുകൂടി, സ്ഥാപനത്തെപ്പററി ജനതയുടെ മതിപ്പു് വർദ്ധിക്കയാണുണ്ടായതു്. പെരുമാളിനോടുള്ള ബഹുമാനവും വർദ്ധിച്ചു. അതോടുകൂടെ "പള്ളി പെരുമാൾ" എന്ന പേരിനു് സ്ഥിരപ്രതിഷ്ഠയും ലഭിച്ചു. പള്ളി പെരുമാൾ ഒരു സിദ്ധനാണെന്നും അദ്ദേഹത്തിന്റെ നടപ്പും എടുപ്പും ജീവിത രീതിയും ആതുരരോടുള്ള പെരുമാററവും എല്ലാം അതു വ്യക്തമാക്കുന്നുണ്ടു് എന്നും ആണു് ജനതാഭിപ്രായം. രോഗബാധിതരും ഭൂതാവേശം ഹേതുവായി കഷ്ടപ്പെടുന്നവരും എന്നും തന്നെ "പള്ളിയിൽ" വന്നു സുഖംപ്രാപിക്കുന്നുണ്ടു്. അവരിൽ നിന്നു പ്രതിഫലം വാങ്ങുകയില്ല. കാഴ്ചപോലും വയ്ക്കരുതെന്നാണു് കർശനമായ കല്പന. എന്നാൽ ഓരോരുത്തരും, അപ്പരവർക്കു ലഭിക്കുന്ന പ്രയോജനത്തിൽ, അനുഗ്രഹത്തിൽ, കൃതജ്ഞരാണെന്നു് കാണിക്കാനുള്ള ആഗ്രഹം കൊണ്ടു്, "കാണിക്ക" യിടാറുണ്ടു്. അതു മാത്രം മതി "പള്ളി" യിലെ നിത്യാവശ്യങ്ങൾ നടത്തിക്കൊണ്ടു പോകാൻ എന്നുള്ള നില ആയിരിക്കുന്നു. പള്ളി പെരുമാളിനും "പള്ളി" യിലെ അന്തേവാസികൾക്കും അനുയായികൾക്കും സംതൃപ്തിയും ഉത്സാഹവും പ്രദാനം ചെയ്യുന്ന ഒരു കാലമാണിതു്.

ശ്ലീഹാ എവിടേയ്ക്കു പോയി. എന്തു ചെയ്യുന്നു എന്നുള്ള വിവരം ശരിയായി കിട്ടാറുണ്ടായിരുന്നില്ല. ആരെങ്കിലും യാത്രക്കാർ വരുമ്പോൾ വല്ലതും അറിഞ്ഞു എന്നു വരാം. കൊടുങ്ങല്ലൂരുമായി, പെരുമാളിനു് ഔദ്യോഗികമായി ബന്ധമൊന്നുമില്ലാത്തതുകൊണ്ടു്, അനൌദ്യോഗബന്ധത്തിനു തന്നെ കാലം കൊണ്ടു് ശൈഥില്യം സംഭവിച്ചു് കാലഹരണപ്പെടുന്ന മട്ടായിട്ടുണ്ടു്. കുലശേഖരനു് ഭരണഭാരവും കുടുംബഭാരവും വേണ്ടോളമുള്ളതിനാൽ സ്ഥാനം ഒഴിഞ്ഞു് വാനപ്രസ്ഥത്തിനു പോയ പിതാവിനെപ്പററി നിത്യവും അന്വേഷിക്കാൻ അവസരവും സൌകര്യവും ഇല്ല. ആവശ്യം

എന്തെങ്കിലും ഉണ്ടെന്നറിയിക്കുകയൊ അറിയുകയൊ ചെയ്താൽ ഉടനടി നിർവ്വഹിച്ചു കൊള്ളണമെന്ന് പെരുങ്കോയിലകത്ത് പ്രമതലയുള്ള ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവക്കെല്ലാം കർശനമായ കല്പന നൽകിയിട്ടുണ്ട്. അതിലധികമൊന്നും പ്രതീക്ഷിക്കാനുമില്ലെന്നുവരുത്താം. പെരുമാൾ അത്രയും തന്നെ പ്രതീക്ഷിക്കുന്നില്ല.

"പുകഞ്ഞ കൊള്ളി പുറത്ത്" എന്നു മുമ്പു പറഞ്ഞ ചൊല്ലനുസരിച്ചുതന്നെ കഴിയുകയാണ് ആണ്ടാൾ, ഭർത്തൃവിയോഗത്തോടുകൂടെ തൻെറ സ്വാധീനം നിശ്ശേഷം നശിച്ചു എന്ന് അവക്കു ബോദ്ധ്യമാണ്. വല്ലതും ബാക്കിയുണ്ടോ അതു കുലശേഖരനിൽ പ്രയോഗിച്ചു നോക്കിയാൽ എങ്ങിനെ ഇരിക്കും, എന്ന് ആരായുകയൊ പരീക്ഷിക്കുകയൊ ചെയ്യാൻ അവരുടെ അഭിമാനം ആണ്ടാളെ അനുവദിച്ചില്ല. മകൻെറ അടുത്ത് സ്വാധീനം ചെലുത്താൻ ചെന്നിട്ട്, അവൻ കൂട്ടാക്കാതിരുന്നാൽ അതില്പരം മാനക്കേട് ഉണ്ടാവാനില്ല എന്നു പൂർണ്ണമായി വിശ്വസിച്ചു അവർ ഒരുമാതിരി തപസ്വിനി ആയിക്കഴിഞ്ഞുകൂട്ടുകയാണ്.

*　　　*　　　*

കാലം അതിവേഗം മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. "പള്ളി"യുടെ പ്രശസ്തിയും ജനസമ്മതിയും ഉച്ചകോടിയിൽ എത്തിക്കഴിഞ്ഞു. ഇനി അതിന്നു ഉയരാൻ ഇടമില്ലാതായിക്കഴിഞ്ഞൊ? ആരോഹണം ചെയ്തു ഉച്ചത്തിൽ എത്തിയാൽ അവിടെ തന്നെ കുറെ കാലം നിൽക്കുക. അതു കഴിഞ്ഞാൽ അവരോഹണം ആരംഭിക്കുക, ഇതാണ് പ്രകൃതിയുടെ നടപടിയൊ നയമൊ എന്ന് എവിടെ നോക്കിയാലും കാണാവുന്നതാണ്. "പള്ളി പെരുമാളിൻെറ വ്യക്തിമാഹാത്മ്യം കാരണം അദ്ദേഹത്തിൻെറ സ്ഥാപനം ഉച്ചകോടിയിൽ തന്നെ ഉറച്ചു നിൽക്കുകയാണ്. ഒന്നും ഒരിടത്തും നിൽക്കുകയില്ല; മുമ്പോട്ടു പോയില്ലെങ്കിൽ പുറകോട്ടു പോകും, പോകണം എന്ന പ്രകൃതി നിയമത്തിന്ന് ഒരു വ്യത്യസ്തമാണ് "പള്ളി" എന്നു തന്നെ പറയണം.

കോക്കമംഗലം, നിരണം എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ച സഭകൾക്കു വേണ്ട കെട്ടുറപ്പുകൾ വരുത്തിക്കഴിഞ്ഞു,

ശ്ലീഹാ പമ്പയാററിൻെറ ഉത്ഭവസ്ഥാനത്തെ ലക്ഷ്യമാക്കി പുഴവഴി മലമ്പ്രദേശത്തേയ്ക്കു പോയി എന്നുള്ള വാൎത്ത കിട്ടിക്കഴിഞ്ഞു് കുറേക്കാലത്തേയ്ക്കു് അദ്ദേഹത്തെപ്പററി യാതൊരു വിവരവും പെരുമാളിനു് ലഭിച്ചില്ല. പിന്നെയും കാലം കഴിഞ്ഞു. പമ്പയാറിൻെറ ഉത്ഭവസ്ഥാനത്തിനു് അടുത്തു, പശ്ചിമ ഘട്ടങ്ങളുടെ പടിഞ്ഞാറെ താഴ്വരയിൽ, നിലയ്ക്കൽ എന്ന പ്രദേശത്തുണ്ടു് ശ്ലീഹാ എന്നറിഞ്ഞു. നാലു് ആറുകളാൽ ചുററപ്പെട്ടിരുന്ന ഏദൻതോട്ടത്തോടു സാദൃശ്യമുള്ള ഫലഭൂയിഷ്ഠമായ ആ ഭൂവിഭാഗത്തിൽ ഒരു പള്ളി ശ്ലീഹാ സ്ഥാപിച്ചു എന്നും അറിഞ്ഞു. അവിടത്തെ ജനനേതാക്കളായ കല്ലറയ്ക്കൽ മറക്കാർ ഉൾപ്പെടെ പല ബ്രാഹ്മണരും, ഉച്ചവൎണ്ണജാതിയിൽപെട്ട ഒട്ടു വളരെ ജനങ്ങളും മാൎഗ്ഗത്തിൽ ചേൎന്നു എന്നും പെരുമാളിനു വിവരം ലഭിച്ചു. അദ്ദേഹം സന്തോഷാശ്രുക്കൾ പൊഴിച്ചു. ശ്ലീഹായെ കാണുന്നതിനുള്ള മോഹം കൊണ്ടു് അദ്ദേഹത്തിൻെറ പുതിയ പ്രവൎത്തനരംഗം സന്ദൎശിക്കണം എന്നു് പെരുമാൾ ഉറച്ചു. ശാരീരികമായ അസ്വാസ്ഥ്യങ്ങളോടു് കാലാവസ്ഥയും യോജിച്ചു് ആ യാത്ര മുടക്കി. മഴക്കാലത്തു കരകവിഞ്ഞു് കുതിച്ചുപാഞ്ഞു വരുന്ന പമ്പയാററിലൂടെ മേൽപോട്ടു യാത്ര ചെയ്യു കേവലം അസാദ്ധ്യം തന്നെ ആയിരുന്നു. പള്ളിപെരുമാൾ യാത്ര മാററി വച്ചു. പമ്പ ശാന്തമാകുകയും ആരോഗ്യം അല്പം മെച്ചപ്പെടുകയും ചെയ്തപ്പോൾ, നിലയ്ക്കൽ യാത്രയെപ്പററി ആലോചിച്ചു. ഒരുക്കങ്ങൾ നടത്തി. വേണ്ടത്ര ആരോഗ്യമില്ലാത്തവർ യാത്ര ചെയ്യാൻ പ്രായേണ വിമുഖരായിരിക്കും. ശരീരത്തിൻെറ ബലഹീനതയ്ക്കു്, മനഃശക്തി ഊന്നു കൊടുത്തു ശക്തിപ്പെടുത്താതെ, ആ ബലഹീനന്മാൎക്കു യാത്രയ്ക്കിറങ്ങാൻ കഴിവുണ്ടാകയില്ല. യാത്രയ്ക്കു തീയതി കുറിച്ചു. ഒരിക്കലല്ല, രണ്ടു പ്രാവശ്യം. രണ്ടു പ്രാവശ്യവും യാത്ര മാററി വെച്ചു. മൂന്നാം പ്രാവശ്യം മനസ്സുകൊണ്ടു് വീണ്ടും ഒരുക്കം തുടങ്ങിയപ്പോൾ, നിരണത്തു നിന്നു് ഒരു വിശ്വാസി ''പള്ളി'' യിൽ വന്നു. അയാൾ പെരുമാളിനെ കണ്ടു്, നിരണത്തെ സഭയുടെ സ്ഥിതിഗതികൾ അറിയിച്ചു. തുടൎന്നു ശ്ലീഹാ നിലയ്ക്കൽ സ്ഥാപിച്ച പള്ളിയുടെയും അവിടത്തെ ജനങ്ങളുടേയും നില സംഭാഷണവിഷയമായി. പെരു

മാൾ ആ വിശ്വാസിയോടു ചോദിച്ചു "നിലയ്ക്കൽ വളരെ അധികം ജനങ്ങൾ മാർഗ്ഗത്തിൽ ചേരുകയുണ്ടായോ?"

വിശ്വാസി പറഞ്ഞു—: ഉവ്വ്. അവിടെ വളരെ അധികം ആളുകൾ ചേർന്നു. പള്ളിയും പണിതു കഴിഞ്ഞു. എന്താണോ ചോദിച്ചതു്.

പെരു:—ശ്ലീഹാ വളരെ കാലമായല്ലോ അവിടെ തന്നെ താമസമാക്കിയിട്ടു്. അതോർത്തു ചോദിച്ചതാണു്.

വിശ്വാ:—ശ്ലീഹായുടെ നിലയ്ക്കലെ പ്രവർത്തനവും വളരെ വിജയകരമായിരുന്നു. അവിടെ കല്ലറയ്ക്കൽ മഠത്തിലെ അംഗങ്ങൾ ഒന്നടങ്കം മാർഗ്ഗത്തിൽ ചേർന്നു. അവരായിരുന്നു അവിടെ ആദ്യമായി ചേർന്നവർ

പെരു:— കല്ലറയ്ക്കൽമഠം നല്ല സ്ഥിതിയുള്ള പോററിമാരാണു്

വിശ്വാ:— അതേ. അവരെ അനുഗമിക്കാൻ ബ്രാഹ്മണരിൽ തന്നെ പലരുണ്ടായിരുന്നു. മററു വർഗ്ഗക്കാരും ധാരാളമായി ചേർന്നു.

പെ:—ഞാൻ അങ്ങോട്ടു അടുത്തു തന്നെ പുറപ്പെടണമെന്നു വിചാരിച്ചിരിക്കയോണു്. അപ്പോൾ ശ്ലീഹായേയും, മാർഗ്ഗത്തിൽ ചേർന്ന മററുള്ളവരേയും കണ്ടു്, ഏതാനും ദിവസം സന്തോഷമായി കഴിയാമല്ലോ.

വിശ്വാസി:—അവിടുത്തെ പ്രവർത്തനങ്ങൾ എല്ലാം ക്രമപ്പെടുത്തിയശേഷം ശ്ലീഹാ അവിടെ നിന്നു് പശ്ചിമ പർവ്വതങ്ങളിലെ ചുരംവഴി ചോഴദേശത്തേയ്ക്കു പോയി. ഇപ്പോൾ ചെന്നാൽ അദ്ദേഹത്തെ നിലയ്ക്കൽ വച്ചു കാണാൻ പററാതെ വരുമല്ലോ.

കുറേ നേരത്തേയ്ക്കു യാതൊന്നും സംസാരിക്കാൻ കഴിവില്ലാതെ, എന്നാൽ അതു് ആ മനുഷ്യനെ അറിയിക്കാതെ, പള്ളിപെരുമാൾ ഇരുന്നു. മനഃശക്തികൊണ്ടു് ക്ഷീണവും വിഷമവും ഒതുക്കി. സന്ദർശകനെ ലോഹ്യമായിത്തന്നെ പറഞ്ഞയച്ചു. ശ്ലീഹായെ നിലയ്ക്കൽ ചെന്നു കാണാൻ പററാതെ വന്നതു് വല്ലാത്തൊരു അടിയായി അദ്ദേഹത്തിനു് അനുഭ

വപ്പെട്ടു. അങ്ങനെ വിചാരിക്കാൻ കാൎയ്യമില്ല, ന്യായവുമില്ല എന്നു് ബോധമുണ്ടായിരുന്നു എങ്കിലും, ആ മനഃസ്ഥിതി മാററാൻ പററിയില്ല. ശാരീരികമായി ഉണ്ടായിക്കൊണ്ടിരുന്ന അധഃപതനമായിരിക്കാം കാരണം. ഈ അടി, ആ അധഃപതനത്തെ ത്വരിതപ്പെടുത്തുകയും ചെയ്തു. പിന്നീട്ടും അന്നുവരെ ശ്രദ്ധിക്കാറുണ്ടായിരുന്ന കാൎയ്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ ആത്മാൎത്ഥമായി ശ്രമിച്ചു. പക്ഷെ ഫലം തൃപ്തികരമായിരുന്നില്ല. തൃപ്തികരമായി പ്രവൎത്തിക്കാൻ പാറുന്നില്ലെന്നു വന്നപ്പോൾ, അതുകൊണ്ടു് ക്ഷീണവും കുണ്ഠിതവും വൎദ്ധിച്ചു. ഏതാനും ആഴ്ചകൾ ആ നിലയിൽ തുടൎന്നു. ആ കാലയളവിൽ സാധാരണയിൽ കൂടുതൽ സമയം പ്രാൎത്ഥനയ്ക്കു വിനിയോഗിക്കുന്നതായി അക്കമ്മാൾ കണ്ടു. എന്തോ പ്രത്യേക കാൎയ്യത്തിനു പ്രത്യേകമായ ി പ്രാൎത്ഥിക്കുകയായിരിക്കാം എന്നു് അവർ ഊഹിക്കുകയും ചെയ്തു. അതോടെ പെരുമാളിന്റെ ശരീരശക്തിയും മനഃശക്തിയും മെച്ചപ്പെട്ടു വരുന്നു എന്നു്, സ്നേഹപൂൎണ്ണയായ പുത്രി കണ്ടു് സന്തോഷിച്ചു. ആ അഭിവൃദ്ധി കുറച്ചുകാലത്തേയ്ക്കു തുടൎന്നു. അതിനുശേഷം ശരീരസ്ഥിതി ആ നിലയിൽ സ്ഥിരപ്പെട്ടുകയാണെന്നു അവർ വിശ്വസിച്ചു. അതു തെററായിരുന്നില്ല. പഴയ ഉത്സാഹം ഇല്ലായിരുന്നെങ്കിലും പെരുമാൾ സ്വകൃത്യങ്ങളെല്ലാം പഴയപടി നിൎവ്വഹിച്ചുതുടങ്ങി. നാനാഭാഗത്തു നിന്നു വരുന്ന ആളുകൾക്കു് സന്ദൎശനം അനുവദിക്കുകയും, രോഗശാന്തി വരുത്തുകയും ഭൂതബാധിതരെ സുഖപ്പെടുത്തുകയും മററും പഴയ രീതിയിൽ തന്നെ നടത്തിക്കൊണ്ടിരുന്നു. എന്നാൽ രോഗികളുമായുള്ള അഭിമുഖസംഭാഷണവും, അവൎക്കു വേണ്ടിയുള്ള പ്രാൎത്ഥന തുടങ്ങിയ പ്രവൎത്തനങ്ങളും കഴിയുമ്പോഴേയ്ക്കു് തളൎന്നുപോകുന്ന തരത്തിൽ ആകുമായിരുന്നു.

"പള്ളിയിൽ" യഥാൎത്ഥത്തിൽ ഒരു കുറവു് ഉണ്ടായിരുന്നു. പെരുമാളിനു് സുശക്തനായ ഒരു സഹായി ഇല്ലാതിരുന്നതാണു് അതു്. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യത്തിന്റെ വലിപ്പവും മെച്ചവും കാരണം, സഹായത്തിനുണ്ടായിരുന്നവർ എല്ലാംതന്നെ വളരെ ചെറുതായി പോയിരുന്നു. നാനാഭാഗത്തുനിന്നു വരുന്ന സന്ദൎശകരേയും വിശ്വാസികളേയും, "പള്ളിയുടെ പുരോഗതിക്കു് അനുവ

രതം പ്രയത്നിക്കുന്ന സഹപ്രവർത്തകരേയും എല്ലാം സ്വീകരിക്കുകയും, കണ്ടു സംസാരിക്കുകയും ഓരോരുത്തരും ഉന്നയിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കുകയൊ ഉപദേശിച്ചു കൊടുക്കുകയൊ ചെയ്യുകയും ചെയ്യേണ്ട ഭാരം പെരുമാൾ തന്നെ വഹിക്കേണ്ടതായി വന്നതു് ഇതു കൊണ്ടാണു്. പെരുമാളിൻെറ നിലയോടു് ഒപ്പമെങ്കിലും അടുത്ത നില ഉള്ള ഒരു സഹകാരിയൊ അനുചരനൊ ഉണ്ടായിരുന്നെങ്കിൽ, ഈ വക ചുമതലകളിൽ ഒട്ടെല്ലാം ആ ആളെ ഏല്പിക്കാമായിരുന്നു; അയാൾ ഏറ്റെടുത്തു കൊള്ളുമായിരുന്നു. അങ്ങിനെ ഒരാൾ ഇല്ലാതിരുന്നതിനാൽ, വരുന്നവർ എല്ലാം പെരുമാളിനെ തന്നെ കാണാൻ ആഗ്രഹിച്ചു. എല്ലാവരേയും സ്വീകരിച്ചു തൃപ്തിപ്പെടുത്താൻ അദ്ദേഹം നിർബ്ബന്ധിതനായി. വിശ്രമമില്ലാതെ പണി എടുത്തതുകൊണ്ടു് ക്ഷീണം ക്രമേണ വർദ്ധിച്ചു കൊണ്ടിരുന്നു. അദ്ദേഹം അതു് ഗൌനിക്കുന്നില്ല. അക്കമ്മാൾ പറഞ്ഞാൽ "നീ ഇത്ര വലിയ പേടിക്കാരിയാണെന്നു് ഞാനറിഞ്ഞിരുന്നില്ല" എന്നാണു് മറുപടി. ഒരു പുഞ്ചിരിയും. എത്ര വിശേഷപ്പെട്ട യന്ത്രവും വിശ്രമമില്ലാതെ നടത്തിയാൽ അതിനു കേടു സംഭവിക്കുമല്ലൊ. ദൈവം സൃഷ്ടിച്ച അതുല്യമായ ഒരു യന്ത്രവിശേഷമായിരുന്നു വാനവരമ്പൻ. ആ യന്ത്രത്തേയും വേണ്ട കരുതലോടുകൂടി, നിർത്തേണ്ട കാലത്തു് നിറുത്തിയും നടത്തേണ്ട കാലത്തു് നടത്തിയും സൂക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യാതിരുന്നതുകൊണ്ടു്, അതിൻെറ പ്രവർത്തനക്ഷമത ക്രമേണ കുറഞ്ഞു. ഇഴഞ്ഞു വലിഞ്ഞു് എന്തെങ്കിലും ചെയ്യുന്നതു് പെരുമാളിനു അശേഷം ഇഷ്ടമില്ലാത്ത കാര്യമാണു്. ക്ഷീണവും പ്രയാസവും അവഗണിച്ചു് ഉള്ള കഴിവു് അത്രയും അല്പസമയത്തേക്കു് എടുത്തു പ്രയോഗിച്ചാൽ, പിന്നെ അന്നു് കിടപ്പു തന്നെ ആയിരിക്കും.

കാര്യം ഈ വിധം മുമ്പോട്ടു പോകാൻ അനുവദിച്ചു കൂടെന്നു അക്കമ്മാൾ ഉറച്ചു. അവൾ അപ്പയെ സമീപിച്ചു. സംസാരിക്കാൻ ആരംഭിച്ചപ്പോൾ കണ്ണീരു് ഒഴുകാൻ തുടങ്ങി. പെരുമാളെ ആ കാഴ്ച വേദനിപ്പിച്ചു. പക്ഷെ കണ്ടില്ലെന്നു നടിച്ചു കളയുകയാണു് ചെയ്തതു്. അദ്ദേഹം

കാര്യം മനസ്സിലാക്കി. ഒഴിവൊന്നും കാണാഞ്ഞതുകൊണ്ടാണ് അങ്ങിനെ നടിച്ചതു്.

അക്കമ്മാൾ പറഞ്ഞു "അപ്പയുടെ ക്ഷീണം ഇന്നു കുറയും നാളെത്തീരും എന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നതു്. ആയാസപ്പെടരുതു്, വിശ്രമിക്കണം എന്നു് എല്ലാവരും പറയുന്നു, അതു് അപ്പ കേട്ട ഭാവം പോലുമില്ല"...

പെ :—കേൾക്കാഞ്ഞിട്ടോ അറിയാഞ്ഞിട്ടോ ഒന്നുമല്ല. കത്താവു് എന്നെ ഭരമേല്പിച്ച ജോലി ചെയ്യാൻ ഞാൻ കടപ്പെട്ടവനാണു്. എന്നെക്കൊണ്ടു കഴിയുന്നതു ഞാൻ ചെയ്തില്ലെങ്കിൽ ഞാൻ കുററക്കാരനാകും. അതു സന്തോഷമുള്ള സംഗതി അല്ലല്ലൊ. അതുകൊണ്ടാണു് ആവുന്ന സമയത്തെല്ലാം ആവുന്നതു പോലെ ചെയ്യുന്നതു്.

അക്ക :—ഒന്നും ചെയ്യാൻ കഴിവില്ലാതായല്ലൊ.

"ഇല്ല, അത്രടമായില്ല" എന്നു പുഞ്ചിരി തൂകിക്കൊണ്ടു് മറുപടികൊടുത്തതു് മകളെ സമാശ്വസിപ്പിക്കുന്നതിനായിരുന്നെങ്കിൽ, അതേ സമയം തന്നെ അദ്ദേഹം പിടിച്ചതു സാധിക്കണമെന്നു് ഉദ്ദേശിച്ചുമായിരുന്നു.

അക്ക :—ശ്ലീഹാ ഇപ്പോൾ ഇവിടെ ഉണ്ടായിരുന്നെങ്കിൽ അപ്പയെ ശാസിക്കുമായിരുന്നു. വിശ്രമിക്കാൻ ആജ്ഞാപിക്കുമായിരുന്നു.

പെ :—അദ്ദേഹം ആജ്ഞാപിച്ചാൽ ഞാൻ പരിപൂർണ്ണമായി വിശ്രമിക്കുന്നതിനു്, ശ്വാസം കഴിക്കരുതെന്നു പറഞ്ഞാൽ അങ്ങിനെ ചെയ്യുന്നതിനു് പോലും ശ്രമിക്കുമായിരുന്നു. ശ്ലീഹായെപ്പററിയുള്ള ചിന്ത എന്നെ ശല്യപ്പെടുത്തുന്നു. കുറച്ചു ദിവസമായി, അദ്ദേഹത്തിനു് എന്തൊ ആപത്തു സംഭവിക്കാൻ പോകുന്നു എന്നൊരു തോന്നൽ.

അക്ക :—അപ്പയുടെ ദേഹം വല്ലാതെ വല്ലാതെ ക്ഷീണിച്ചിട്ടുണ്ടു്. അതു മനസ്സിനെയും ക്ഷീണിപ്പിക്കാതിരിക്കയില്ലല്ലൊ. അതുകൊണ്ടു് ആപൽശങ്കയുണ്ടാകുന്നതായിരിക്കാം.

പെ :—ആയിരിക്കാം. നാം മനുഷ്യരാണു്. മരണം നമ്മുക്കു് ജന്മസിദ്ധവുമാണു്. അതിനെല്ലാവരും, പ്രായഭേദം കൂടാതെ ഒരുങ്ങിയിരിക്കണം. ശ്ലീഹാ എപ്പോഴം അതിനു ഒരുങ്ങിയിരിക്കയാണെന്നു് എനിക്കറിയാം—എന്നല്ല അദ്ദേഹം മരണത്തെ സ്വാഗതം ചെയ്യുന്ന കൂട്ടത്തിലാണു്. എത്രയും വേഗത്തിൽ ഈ ലോകത്തു നിന്നു പോയാൽ അത്രയും വേഗം കർത്താവിൻെറ സമീപത്തു് എത്താമല്ലൊ എന്നതാണു്, മരണത്തെ ആ വിധം സ്വാഗതം ചെയ്യുന്നതിനു കാരണം. എൻെറ മനഃസ്ഥിതിയും അതുപോലായിട്ടുണ്ടു് എന്നു പറയാം. എങ്കിലും ഒരു പ്രതിബന്ധം, എന്നെ ലോകത്തോടു കൂട്ടി ബന്ധിച്ച ഒരു സംഗതി......

അക്ക :—എന്താണപ്പാ മുഴവനാക്കാഞ്ഞതു്. പറയൂ, കേൾക്കാൻ ഞാൻ കാത്തിരിക്കയാണു്.

പെ :—നിന്നെ വിഷമിപ്പിക്കേണ്ടാ എന്നു് വച്ചു് പകുതിക്കൽ നിർത്തിയതാണു്.

അക്ക :—ഞാൻ അറിയേണ്ടതാണെങ്കിൽ, എത്രയും നേരത്തെ മനസ്സിലാക്കിത്തരികയല്ലെ നന്നു്.

പെ :—നിനക്കു് ഒരു അഭയസ്ഥാനവും ഇല്ലാതെ ഏകയായി വിട്ടുംവച്ചു പോകണമല്ലൊ എന്നു് ഓക്കുമ്പോൾ മനസ്സു പതറുന്നു. അതാണു് എന്നെ ലോകത്തോടു ബന്ധിച്ചിരിക്കുന്ന ചങ്ങല. നിനക്കു് ഒരു ഭർത്താവുണ്ടായിരുന്നെങ്കിൽ...വീരൻ നല്ല കൂട്ടത്തിലാണു്. അവൻ നിന്നെ കല്യാണം കഴിക്കുമെന്നൊരു പ്രതീക്ഷ എനിക്കുണ്ടായിരുന്നു. നിങ്ങൾ തമ്മിൽ ഉള്ള സ്നേഹം പ്രേമമായി ഭവിക്കണമെന്നു ഞാനാ

ഗ്രഹിച്ചു. എൻെറ ആഗ്രഹം അനുസരിച്ചു് കാര്യം നടക്കാൻ പോകുന്നില്ല എന്നു ഇപ്പോൾ മനസ്സിലായി......

അക്ക :—അപ്പയുടെ മനസ്സിനെ ദണ്ഡിപ്പിക്കുന്നതു് അതാണൊ ? അങ്ങിനെ ഒരു ചിന്തയൊ വ്യാധിയൊ അപ്പയെ ബദ്ധപ്പെടുത്തുന്നു എന്നറിഞ്ഞില്ല. അല്ലെങ്കിൽ ഞാൻ മുമ്പുതന്നെ വിവരം ധരിപ്പിക്കുമായിരുന്നു...

പെരു :—എന്താണു് ധരിപ്പിക്കാനുള്ളതു് ?

അക്ക :—എന്നെപ്പററി, ഭാവിയിൽ എനിക്കൊരാശ്രയമില്ലാതെ വരുമല്ലോ എന്നോർത്തു് വ്യാകുലപ്പെടേണ്ടാ...

പെരു:—എങ്ങിനെയാണു് ആ പ്രശ്നം പരിഹരിക്കുന്നതെന്നു് കേൾക്കാൻ മോഹമുണ്ടു്.

അക്ക :—വീരണ്ണനു് എന്നെ വിവാഹം കഴിക്കണമെന്നാഗ്രഹമുണ്ടു്. എനിക്കതിനു വിരോധവുമില്ല. വിരോധമില്ലെന്നല്ല, പൂർണ്ണ സമ്മതവും സന്തോഷവുമാണു്. അതിനു പററിയ കാലം ആയില്ലെന്നാണു് എൻെറ അഭിപ്രായം. അവസരമാകാഞ്ഞതുകൊണ്ടു് അപ്പയെ അറിയിച്ചില്ല എന്നേയുള്ളു.

പെരു :—എന്തവസരമാണുണ്ടാകേണ്ടതു് ?

അക്ക :—ഞാൻ ഉള്ളതു തുറന്നു പറയുകയാണോ വേണ്ടതു?

പെരു :—സംശയം കൂടാതെ.

അക്ക .—പറയാം. ഇവിടുത്തെ അന്തരീക്ഷം പരിശുദ്ധമാണെന്നാണു് എൻെറ വിശ്വാസം. അന്തരീക്ഷത്തെ അശുദ്ധമാക്കാൻ, ഇവിടെ വൈവാഹിക ജീവിതം നയിക്കുവാൻ എനിക്കു സന്തോഷമില്ല.

പെരു :—അതുകൊണ്ടു് എന്തു ചെയ്യാമെന്നാണു്.

അക്ക :—ഞങ്ങൾ വിവാഹം ചെയ്യുകയാണെങ്കിൽ ഇവിടുത്തെ പ്രവൎത്തനങ്ങളിൽ നിന്നു വിരമിക്കണം. താ

മസം മാററണം. അപ്പ എന്നെ നിബ്ബന്ധിക്കരുതു്, ഇപ്പോൾ ഇവിടെ നിന്നു ഞാൻ പോകയില്ല.

പെരു :—പോകയില്ലെന്നു ശഠിക്കുന്നതു ശരിയല്ല. ദൈവം മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചതു് എന്തിനാണു്? ദൈവത്തിൻെറ ഉദ്ദേശത്തെ തടയുന്നതു് തെററാണു്. നിങ്ങൾ കല്യാണം കഴിക്കണം.

അക്ക :—കഴിക്കയില്ലെന്നല്ലല്ലൊ. അല്പം കൂടെ കഴിഞ്ഞിട്ടാകാമെന്നാണല്ലോ.

പെരു :—എന്തിനങ്ങനെ താമസിക്കുന്നു.

അക്ക :—അപ്പയെ ഈ സ്ഥിതിയിൽ കണ്ടുംവച്ചു് പോകാൻ ഞാൻ ഒരുക്കമില്ല. അപ്പ എത്ര നിബ്ബന്ധിച്ചാലും ഞാൻ അതു ചെയ്കയില്ല. എൻെറ മനസ്സാക്ഷി അനുവദിക്കുകയില്ല.

പെരു :—എൻെറ ക്ഷീണം കുറഞ്ഞാൽ......?

അക്ക :— അപ്പയുടെ ശരീരം കുറെക്കൂടെ നന്നാകുകയും ക്ഷീണം കുറയുകയും ചെയ്തുകഴിഞ്ഞു അപ്പ കല്പിച്ചാൽ....

പെരു ;—ഇന്നു മുതൽ ആഹാരം കഴിക്കുന്നതിലും വിശ്രമിക്കുന്നതിലും ഞാൻ ശ്രദ്ധിക്കാം.

അക്ക :—ആഹാരം കുറെക്കൂടെ നന്നാക്കി തരുന്നതിനു ഞാൻ ചട്ടം കെട്ടിക്കൊള്ളാം.

പെരു :—അക്കാര്യം അങ്ങനെ തീച്ചപ്പെട്ടുത്തി. കല്യാണം കഴിഞ്ഞാൽ നിങ്ങൾ ഇവിടെ താമസിക്കുകയില്ലെന്നാണല്ലോ; പിന്നെ എവിടെ താമസമാക്കാമെന്നു് ആലോചിച്ചിട്ടുണ്ടോ.

അക്ക :—ആലോചിച്ചിട്ടില്ല. വീരണ്ണൻ പറഞ്ഞിട്ടുണ്ടു്, കുമാരിമുട്ടം ദേശവാഴി ആയി വീരണ്ണൻ അവിടെ താമസിക്കാമെന്നാണത്രെ മാമയുടെ അഭിപ്രായം. അവിടെ നല്ലൊരു കോയിലകമുണ്ടു്. സുഖമുള്ള പ്ര

ദേശമാണ്. ദേശവഴിയിൽ നിന്നുള്ള ആദായവും ഒട്ടും കുറവൊന്നുമല്ല എന്നാണ് വീരണ്ണൻ പറയുന്നതു്.

പെരു:—അതു നല്ല അഭിപ്രായമാണ്. വീരനും ജോലി ആയി. ഒരു തൊഴിലുമില്ലാതെ നടന്നാൽ മനുഷ്യൻ ചീത്തയായി പോകും. ഇഷ്ടമെങ്കിൽ നിങ്ങൾക്ക് അവിടെ ഒരു പള്ളി സ്ഥാപിക്കാമല്ലൊ,

അന്നു മുതൽ ആഹാരം കഴിക്കുന്നിതല്ലുള്ള അലസത പെരുമാൾ മാററിവെച്ചു. മകളുടെ സാന്നിദ്ധ്യം വലിയൊരനുഗ്രഹമാണ്. അവൾ പൊയ്ക്കഴിഞ്ഞാൽ, എങ്ങനെ കഴിയുമെന്നു പോലും അദ്ദേഹം ഓർത്തു. അവളുടെ ഭാവിക്കും സൌഭാഗ്യ ജീവിതത്തിനും വിലങ്ങു തടിയായി താൻ നില്ക്കുന്നതു് മഹാ അനീതിയാണ്. ഈ കുഴപ്പം എത്രയും വേഗത്തിൽ പരിഹരിക്കണം എന്നു് ഉറച്ചാണ് ഭക്ഷണ കാര്യത്തിലും വിശ്രമ വിഷയത്തിലും പ്രത്യേകം ശ്രദ്ധിച്ചതു്. പോഷകപ്രദമായ ആഹാരം രുചികരമായ രീതിയിൽ പാകം ചെയ്യുന്നതിനു് അക്കമ്മോൾ പ്രത്യേകം നിഷ്കർഷ ചെയ്തു. വിശ്വസ്തയും സ്നേഹ സമ്പന്നയുമായ മിറിയാം അവ പാകം ചെയ്തു കൊള്ളാമെന്നു് ഏററിട്ടും അക്കമ്മോൾ മേൽനോട്ടം വേണ്ടെന്നു വെച്ചില്ല. എതാനും ആഴ്ചകൾ കഴിഞ്ഞു് ഒരിക്കൽ പെരുമാൾ നേരമ്പോക്കായി മകളോടു പറഞ്ഞു. "ഞാൻ ആഹാരം ശരിക്കു കഴിക്കുന്നു. നന്നായി വിശ്രമിക്കുന്നു. നിങ്ങളുടെ ഒരുക്കങ്ങൾ പൂർത്തി ആക്കാൻ ഇനി അധികം വൈകേണ്ട"

വാസ്തവത്തിൽ അദ്ദേഹത്തിൻെറ ക്ഷീണം കുറഞ്ഞിട്ടുണ്ടായിരുന്നു. അതു സന്തോഷകരമായിരുന്നു. വീരനും ഒരുമിച്ചുള്ള ജീവിതവും സന്തോഷകരമായിരിക്കുമെന്നവൾക്കറിയാം. പ്രത്യാശയോടുകൂടെയാണ് അവൾ ആ ഭാവിയെപ്പററി ചിന്തിക്കാറുള്ളതു്. തൻെറ സൌഭാഗ്യം അപ്പയ്ക്കു ബുദ്ധിമുട്ടിനു കാരണമാകുകയില്ലേ? അതു് ഓർക്കുമ്പോൾ, വിവാഹവും വേണ്ട വീരണ്ണനും വേണ്ടെന്നു് പെട്ടെന്നു തീരുമാനിക്കും. ഉത്തമ സുഹൃത്തും സ്നേഹസമ്പന്നനും ആയ വീരപാണ്ഡ്യൻെറ ഭാവി കുഴപ്പത്തിലാക്കാൻ തനിക്കു അവകാശമു

ണ്ടോ? ഇപ്പോൾ തന്നെ അദ്ദേഹത്തെ ഈ വിധം അവഗണിച്ചു തള്ളി ഇട്ടിരിക്കുന്നതു് നീതിക്കും മര്യാദയ്ക്കും ചേർന്നതല്ല എന്നാകും അഭിപ്രായഗതി. ചുരുക്കിപ്പറഞ്ഞാൽ അക്കമ്മാൾ ധർമ്മസങ്കടത്തിൽപെട്ടു നട്ടം തിരിയുകയാണു്. പിതാവിനെ അവഗണിക്കാൻ പാടില്ല. എന്തു വന്നാലും, എന്തെല്ലാം പ്രയാസങ്ങളും കഷ്ടപ്പാടും ഉണ്ടായാലും അവഗണിക്കയുമില്ല. വീരപാണ്ഡ്യനെ എങ്ങനെ അവഗണിക്കും? ഭാവി എന്താണെന്നു് ആർക്കറിയാം. എന്താണു് വേണ്ടതെന്നു് അറിഞ്ഞുകൂടാ. കർത്താവു് നടത്തണം എന്നു് പ്രാർത്ഥിക്കുന്നുണ്ടു്. അദ്ദേഹം നടത്തുന്ന വഴിക്കു പോകുക എന്നുറച്ചു് അവൾ സമാധാനത്തോടെ ദിവസങ്ങൾ കഴിക്കുകയാണു്.

ഒരു ദിവസം സന്ധ്യയോടടുത്താണു്, പ്രക്കാട്ടു നിന്നു് ഒരു ജൂതൻ "പള്ളി"യിൽ എത്തി. സന്ധ്യാ പ്രാർത്ഥനയിൽ അയാളും സംബന്ധിച്ചു. പഴയ പരിചയക്കാരനാണു്. അല്ല പഴയ സ്നേഹിതനാണു്. ശ്ളീഹാ അവിടെ ഉണ്ടായിരുന്നപ്പോൾ പലപ്പോൾ അവിടെ ചെല്ലുകയും താമസിക്കുകയും ചെയ്തിട്ടുള്ള ഒരു വിശ്വാസി. "പള്ളി"യിലെ ആവശ്യങ്ങൾ നിറവേററുന്നതിനു കൈ തുറന്നു സംഭാവന ചെയ്യുന്ന ഒരു സ്നേഹിതൻ. അത്താഴം കഴിഞ്ഞു് അദ്ദേഹവും പെരുമാളുമായി സംസാരിച്ചുകൊണ്ടിരിക്കയാണു്. ചുററിലും ആളുകൾ അധികമില്ല. എങ്കിലും രണ്ടു നാലു പേരുണ്ടു്.

ആ ജൂതൻ ശങ്കിച്ചു ശങ്കിച്ചാണു് ചോദിച്ചതു്, "ശ്ളീഹായെപ്പററി വിവരം എന്തെങ്കിലും അടുത്തു് കിട്ടാറുണ്ടോ?"

പെരുമാൾ പറഞ്ഞു "എന്തെങ്കിലും വിവരം കിട്ടിയനാൾ മറന്നു എന്നാണു് പറയേണ്ടതു്. ചോഴൻെറ നാട്ടിലേയ്ക്കുപോയി എന്നു കേട്ടതിൽ പിന്നെ വിവരമൊന്നുമില്ല. നിങ്ങൾക്കു വല്ല വിവരവും കിട്ടാറുണ്ടോ!"

എന്താണു് വേണ്ടതെന്നു നിശ്ചയമില്ലാതെ ആ മാന്യൻ കുഴങ്ങി. ഇന്നല്ലെങ്കിൽ നാളെ അറിയണം, അറിയും. പിന്നെന്തിനു താൻ തന്ത്രം പ്രയോഗിക്കുന്നു, ഒളിച്ചു

വക്കുന്നു ? എന്നു തന്നെത്താൻ ചോദിച്ചു. എങ്ങിനെയൊ ഒരു തീരുമാനത്തിൽ എത്തി, അദ്ദേഹം പറഞ്ഞു "ഇന്ന ലെ ഒരു വിവരം കിട്ടി. ശരിയാണെന്നൊ തെററാണെ ന്നൊ കട്ടായമായി പറഞ്ഞു കൂടാ......"

പെ :—കിട്ടിയിട്ടുള്ള വിവരം ?

"ഞാനതെങ്ങിനെ പറയും. നാവു പൊങ്ങുന്നില്ല... നമ്മുടെ ശ്ലീഹാ..." വാചകം പൂർത്തിയാക്കാൻ കഴി

യാതെ, ആ ജൂതൻ പൊട്ടിക്കരഞ്ഞു.

പെരുമാൾ അക്ഷോഭ്യനായിരിക്കുന്നു എന്നാണു് അ വിടെ ഉണ്ടായിരുന്നവർ ധരിച്ചതു്. ജൂതൻ ഒരു തരത്തിൽ ക്ഷോഭം അടക്കിയ ശേഷം പറഞ്ഞു "ശ്ലീഹാ കാലം ചെ യ്തു എന്നാണു് അറിഞ്ഞതു്"

അതു കേട്ടു് പെരുമാൾ ഉള്ളിൽ ഒന്നു ഞെട്ടി. ഭാവവ്യ ത്യാസങ്ങൾ ഒന്നും പ്രകടമായിരുന്നില്ല. "അത്രയും മാത്രമെ അറിഞ്ഞുള്ളൂ എന്നൊ" എന്നു ചോദിച്ചപ്പോൾ, ശബ്ദത്തിനു ഒരു വിറയൽ ഉള്ളതുപോലെ തോന്നി അവിടെ ഉണ്ടായി രുന്നവക്കു്.

ജൂതൻ പറഞ്ഞു "ചോഴൻെറ കല്പന അനുസരിച്ചു് അയാ ളുടെ പടയാളികൾ വധിച്ചു എന്നാണു്"

പെ :—എന്തിനാണു് ഈ കഠിനകൃത്യം ചെയ്യിച്ചതെന്നു കൂടെ അറിയിച്ചിരുന്നെങ്കിൽ......

ജൂതൻ :—"ചോഴൻെറ കുടുംബാംഗങ്ങളിൽ ആരൊക്കെയൊ മാഗ്ഗത്തിൽ ചേൎന്നു. അവരെ മാഗ്ഗത്തിൽ ചേത്ത തിനാണു്.

പെ :—എൻെറ സങ്കടവും പരിഭ്രമവും തീൎന്നു. നമ്മുടെ ശ്ലീഹായിക്കു്, എൻെറ ശ്ലീഹായിക്കു് രക്തസാക്ഷി യുടെ കിരീടം കിട്ടി. അദ്ദേഹം ഭാഗ്യവാൻ. എ നിക്കു സന്തോഷമായി.

പിറെറന്നാൾ രാവിലെ പതിവുള്ള സമയത്തു് പെരു മാൾ പുറത്തുവന്നില്ല. അതുകൊണ്ടു് അക്കമ്മാൾ അറയി

ൽ കടന്നു ചെന്നു് അദ്ദേഹം ഉറങ്ങുകയാണൊ എന്നു നോക്കി. ഉറങ്ങുകയല്ല, പുഞ്ചിരി തൂകിക്കൊണ്ടു് കിടക്കുകയാണു്. എണീൽക്കാൻ സമയമായി എന്നു മകൾ അറിയിച്ചു. "ഞാൻ ഇനി എണീക്കുന്നതു് ഉയിർത്തെഴുന്നേൽക്കുന്ന ആ ദിവസത്തിലായിരിക്കും. ഞാനും ഇന്നു തന്നെ എൻെറ കർത്താവിൻെറ പാദത്തിങ്കൽ, എൻെറ ശ്ലീഹായുടെ സമീപത്തു ചെന്നുകൊള്ളാൻ അനുവാദം കിട്ടി. ഞാൻ പോകുകയാണു്. ഏഴര നാഴിക പകലുള്ളപ്പോൾ, എൻെറ കർത്താവു് കുരിശിൽക്കിടന്നു് ഉറങ്ങിയ സമയത്തു് ഞാൻ പോകും. നീ സങ്കടപ്പെടരുതു്, വീരൻെറ ഇഷ്ടമനുസരിച്ചു് നീ പ്രവർത്തിക്കണം. ഇവിടെ താമസിക്കാനിഷ്ടമില്ലല്ലൊ. ഈ സ്ഥാപനത്തിൻെറ ഭാവിയെപ്പററി എനിക്കു ചിന്തയുണ്ടു്. എന്നാൽ ഭയമൊന്നുമില്ല. ഇവിടെയും കർത്താവിൻെറ ഇഷ്ടം നടക്കും. നടക്കട്ടെ."

പതിവുള്ള പ്രാർത്ഥനകളും കർമ്മങ്ങളും അവിടെ വച്ചു നടത്തി. "പള്ളിയിലെ പെരുമാൾ" എന്ന പേരു സമ്പാദിച്ച മുൻ ചേരൻ വാനവരമ്പൻ, വിശേഷവിധിയായി വായുക്ഷോഭം പോലും ഉണ്ടാകാതെ, അന്നു് ഏഴര നാഴിക പകലുള്ള സമയം കർത്താവിൽ നിദ്ര പ്രാപിച്ചു. സമാധി ഇരുത്തൽ പിറേറന്നാൾ ഏഴര നാഴിക പകലുള്ളപ്പോൾ നടത്തണമെന്നാണു് അവിടെ ഉണ്ടായിരുന്നവർ തല്ക്കാലികമായി നിശ്ചയിച്ചതു്. അയൽപ്രദേശങ്ങളിലുള്ള ജനങ്ങളെ പ്രത്യേകമായി അറിയിക്കേണ്ടതില്ല. നിരണം, പ്രക്കാട്ടു്, കോക്കമംഗലം ഇവിടെല്ലാമുള്ള വിശ്വാസികളെ അറിയിക്കുന്നതിനു് ഓടികൾ പുറപ്പെട്ടു കഴിഞ്ഞു. തിതിയൻ സാധാരണ മൗനം ഭജിക്കയാണല്ലൊ. വന്നു കൂടുന്ന ആളുകളുമായി ഇടപെടാതെ ഒഴിഞ്ഞു മാറുകയും. ഇന്നു് ആ മട്ടൊന്നു മാറിയിട്ടുണ്ടു്. സമാധി എവിടെ ആയിരിക്കണം എന്നു് ആലോചിച്ചു് അഭിപ്രായൈക്യം ഉണ്ടാകാതെ കുഴങ്ങിയപ്പോൾ തിതിയനാണു് പരിഹാരം കാണിച്ചു കൊടുത്തതു്. പള്ളിയുടെ വടക്കു് അല്പം പടിഞ്ഞാറു് മാറി ഒരു സ്ഥലം ചൂണ്ടിക്കാണിച്ചു്, തൻെറ വിശ്രമസ്ഥാനം അതാണെന്നു് പെരുമാൾ പറഞ്ഞിട്ടുണ്ടെന്നു അയാൾ പ്രസ്താവിച്ചു. അതു് എല്ലാവരും സ്വീകരിച്ചു. തല്ക്കാലം കല്ലു

കൊണ്ട് നിലനിരപ്പു വരെ കെട്ടി സമാധി ഇരുത്താമെന്നും പുലകുളി അടിയന്തിരത്തിനു ജനങ്ങളെല്ലാം വന്നു കൂട്ടുമ്പോൾ, സമാധി ഏതു തരത്തിലാണു് ഉയർത്തേണ്ടതെന്നു തീച്ചപ്പെടുത്താമെന്നുമാണ് വെച്ചതു്.

സമാധി ഇരുത്തൽ സംബന്ധിച്ചുള്ള ചടങ്ങുകളെല്ലാം രണ്ടുനാഴിക പകലുള്ളപ്പോഴേയ്ക്കു പര്യവസാനിച്ചു. ദക്ഷിണേന്ത്യയിലെ രാഷ്ട്രീയ—സാമൂഹ്യ മണ്ഡലങ്ങളിൽ കോളിളക്കങ്ങൾ സൃഷ്ടിച്ച വീരപരാക്രമി ആയ ധീമാൻ ചേരൻ വാനവരമ്പൻ, മൺമറഞ്ഞു.

# ഉപസംഹാരം

പള്ളിപെരുമാളിന്റെ, പുലകുളി അടിയന്തിരത്തിനു എത്ര പറ അരിവച്ചു വിളമ്പി എന്നും, വിഭവങ്ങൾ എന്തൊക്കെ ആയിരുന്നു എന്നും, വലിയ പപ്പടത്തിനു നമ്പൂതിരിമങ്കയുടെ മറക്കുടയോളം വലിപ്പമുണ്ടായിരുന്നൊ എന്നും, എത്ര തരം പ്രഥമൻ ഉണ്ടായിരുന്നു എന്നും, എത്ര ആളുകൾ സംബന്ധിച്ചിരുന്നു എന്നും മററുമുള്ള വൎണ്ണനയ്ക്കു തുനിയുന്നില്ല. അതിനു് ഇവിടെ സ്ഥാനവുമില്ല. മാത്രമല്ല, ജനപ്പെരുപ്പം ജീവനില്ലാത്ത സർക്കാരിനുപോലും തലവേദന ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തെ—ഭൂമിക്കു, താങ്ങാൻ വയ്യാത്തവണ്ണം ജനം പെരുകിയതുകൊണ്ടു്, പെരുക്കുന്നവൎക്കു് കൈക്കൂലി കൊടുത്തിട്ടും അവരെ അതിൽ നിന്നു പിൻതിരിപ്പിക്കാൻ സർക്കാർ ശ്രമിക്കുന്ന കാലമാണല്ലൊ ഇതു്.—ജനക്കൂട്ടത്തോടു തട്ടിച്ചു നോക്കിയാൽ, ഇന്നു നാലും കൂടുന്ന ഏതെങ്കിലും ഒരു കവലയിൽ വെടിപറയൽ കേൾക്കാൻ കൂടുന്നത്ര ആളുകൾ പോലും വമ്പനായ പള്ളിവാണ പെരുമാളിന്റെ പുലകുളിയിൽ സംബന്ധിച്ചില്ലല്ലൊ എന്നു തോന്നും അനുവാചകൎക്കു്. സദ്യയും വൈദിക ചടങ്ങുകളും എല്ലാം ഭംഗിയായി നടന്നു. എല്ലാററിലും മേലായി ഒരു മെച്ചമുണ്ടായിരുന്നു, അന്നു് അവിടെ നടന്നതു് പുലകുളി ആയിരുന്നു എന്നു് മറ്റുകൂടാതെ എല്ലാവരും പറയുകയൊ സമ്മതിക്കുകയൊ ചെയ്തു.

സദ്യയും മററും കഴിഞ്ഞു്, സ്ഥാപനത്തിന്റെ ഭാവി നടത്തിപ്പിനെപ്പററിയും, പള്ളിപെരുമാളിന്റെ സമാധി പണിയുന്നതിനെപ്പററിയും ആലോചിക്കയുണ്ടായി. പാലയൂർ കൊടുങ്ങല്ലൂർ, കോട്ടക്കാവു്, കോക്കമംഗലം, പ്രക്കാട്ടു്, നിരണം, കൊല്ലം, നിലയ്ക്കൽ എന്നീ ദേശങ്ങളിൽ നിന്നു് പുലകുളിക്കു വന്ന വിശ്വാസികൾ എല്ലാം ആലോചനയിൽ സംബന്ധിച്ചു. സമാധി ഉൾക്കൊള്ളിച്ചു്, അതു മദ്ധ്യത്തിൽ വരത്തക്കവണ്ണം, മൂന്നു നിലയിൽ കുരിശിന്റെ ആകൃതി

യിൽ ഒരു കെട്ടിടം കെട്ടണമെന്നു നിശ്ചയിച്ചു. ആ മൂന്നു നില കെട്ടിടവും, അപ്പോൾ അവിടെയുള്ള മററു എടുപ്പുകളും ഒക്കെക്കൂടെ ചേർത്ത് ഒരു "ദയറാ" ആക്കണമെന്നാണ് പിന്നീടു നിശ്ചയിച്ചതു്. അങ്ങിനെ ആകുമ്പോൾ സ്ഥാപനത്തിൻെറ നിലനില്പിനു് ഉറപ്പു കിട്ടുന്നു എന്നുള്ളതായിരുന്നു 'ദയറാ' സ്ഥാപിക്കാൻ തീരുമാനിക്കുന്നതിനു് നേതാക്കന്മാരെ പ്രേരിപ്പിച്ചതു്. 'ദയറാ'യല്ല ആശ്രമമെന്നാണ് പേരു കൊടുക്കേണ്ടതെന്നൊരു അഭിപ്രായം ഉന്നയിക്കപ്പെട്ടു. 'ദയറാ' പുതിയൊരു വാക്കായിരുന്നതു കൊണ്ടും അതിൻെറ അത്ഥവും വ്യാപ്തിയും ആക്കും തന്നെ ശരിക്കറിയാൻ പാടില്ലായിരുന്നതുകൊണ്ടും ആ വാക്കു എല്ലാവരേയും ആകഷിച്ചു. പന്നീട് സമാധിസ്ഥാപനം ഏതു രീതിലാണ് പണിയേണ്ടതെന്നാണ് ആലോചിച്ചതു്. രണ്ടു മൂന്നു അഭിപ്രായങ്ങൾ ഉയന്നു വന്നു. ഒരു കെട്ടിടത്തിൻെറയൊ, പ്രകൃതിഭംഗിയുള്ള എന്തെങ്കിലും വസ്തുവിൻെറയോ ആകൃതിയിൽ, എന്തെങ്കിലും ഒന്നു്, സമാധി സ്ഥാനത്ത് കെട്ടി ഉയർത്തണമെന്നായിരുന്നു പൊതുവെയുള്ള അഭിപ്രായഗതി. കെട്ടിടത്തിന്റെയൊ മറ്റൊ ആകൃതിയിൽ എന്തെങ്കിലും ഉയത്തിക്കെട്ടി ഉണ്ടാക്കിയാൽ, അതിൻെറ അററമൊ മൂനയൊ മറെറാ ഒടിഞ്ഞൊ അടന്നൊ പോകുന്നതിനു് എളുപ്പമുണ്ടു്. അങ്ങിനെ വരുന്ന കേടുപാടുകൾ ഈ തലമുറക്കാർ ക്ഷണം ക്ഷണം പോക്കിക്കൊണ്ടിരിക്കും. അതു കഴിഞ്ഞാൽ അങ്ങിനെ ആരും ശ്രദ്ധിക്കുകയില്ല. അതുകൊണ്ടു് ക്ഷണത്തിൽ കേടു വരാത്ത തരത്തിലുള്ള പണി എന്തെങ്കിലുമായിരിക്കും ഉത്തമം എ.ന്നു് പാലയൂരിൽ നിന്നു വന്ന ഒരാൾ അഭിപ്രായപ്പെട്ടു. മററുള്ളവക്കും അതിനു വിരോധം തോന്നിയില്ല. കേടുപാടു തട്ടാത്തതായി എന്താണ് നിമ്മിക്കാവുന്നതു്, നിമ്മിക്കേണ്ടതു് എന്നു വ്യക്തമാക്കാൻ അവർ ആവശ്യപ്പെട്ടു.

അഭിപ്രായം പുറപ്പെടുവിച്ച പാലയൂർ ദേശികൻ ഈ വിധം പറഞ്ഞു. "സമാധിസ്മാരകം ഏതു തരത്തിലായിരിക്കണം എന്നു് ആലോചിച്ച് രൂപം കൊടുത്തിട്ടൊന്നുമല്ല ഞാൻ അഭിപ്രായപ്പെട്ടതു്. പ്രായോഗികമായി ഉണ്ടാ

കാവുന്ന അസൌകൎയ്യങ്ങളെയൊ നഷ്ടങ്ങളെയൊ ഒഴിവാക്കുന്നതിനും നമ്മുടെ പള്ളിവാണവരുടെ സമാധിപ്രതിഷ്ഠ എന്നും ഭംഗിയായി സംരക്ഷിക്കുന്നതിനും ഉള്ള ആഗ്രഹമാണ് എന്നെ അഭിപ്രായ പ്രകടനത്തിനു് പ്രേരിപ്പിച്ചതു്. "

കൊല്ലത്തു നിന്നു വന്നവരിൽ ഒരാൾ എണീററു നിന്നു, " ഞാൻ ഈ സംസാരത്തിൽ പങ്കുകൊള്ളണമെന്നു വിചാരിച്ചിരുന്നതല്ല. ഇപ്പോൾ ഇവിടെ ഉന്നയിക്കപ്പെട്ട അഭിപ്രായം വളരെ മെച്ചമാണു്. എന്നാൽ അതു നടപ്പിൽ വരുത്തുന്നതിനു മാൎഗ്ഗം ചൂണ്ടിക്കാണിക്കാൻ കഴിയുന്നുമില്ല. എനിക്കൊരഭിപ്രായം തോന്നി. ഒരു കരിങ്കല്ലു് നമുക്കു വേണ്ട നീളത്തിലും വീതിയിലും കനത്തിലും കീറി എടുത്തു് മണ്ണിൽ തൊടാത്ത അഞ്ചു വശങ്ങളും ശരിക്കു നിരപ്പാക്കി മിനുക്കി, സ്ഥാപിച്ചാലെന്താണു് ? എവിടമെങ്കിലും ഒടിഞ്ഞൊ മുറിഞ്ഞൊ പോകുമെന്നു് ഭയപ്പെടാനും ഇല്ലല്ലൊ " എന്നു പറഞ്ഞു.

വളരെ നല്ല അഭിപ്രായമെന്നു് എല്ലാവരും സമ്മതിച്ചു. അപ്പോൾ കൊട്ടങ്ങല്ലൂർ നിന്നു വന്ന ഒരു ദേഹം അഭിപ്രായപ്പെട്ടു, "ആ കരിങ്കൽ പലകയിന്മേൽ ഒരു കുരിശു കൊത്താമെങ്കിൽ കൊള്ളാം "

ആ അഭിപ്രായവും സ്വീകരിക്കപ്പെട്ടു. അതുകൊണ്ടും അവസാനിച്ചില്ല. കോക്കമംഗലത്തു നിന്നു വന്നവർ ഒരഭിപ്രായവും പുറപ്പെട്ടുവിക്കാതിരുന്നാൽ കൊള്ളുകയില്ലെന്നു വച്ചായിരുന്നിരിക്കാം, "ആ പലകയുടെ തലയ്ക്കൽ, വശത്തും ഒരു കുരിശുണ്ടായിരിക്കുന്നതു കൊള്ളാമെന്നെനിക്കു് തോന്നുന്നു" എന്നു പറഞ്ഞു. അതും സ്വീകരിക്കപ്പെട്ടു.

നിരണത്തു നിന്നു വന്നവർ ഒരു കൂടിയാലോചന നടത്തി. അതിനുശേഷം അവരുടെ നേതാവു് പറഞ്ഞു. "നമ്മുടെ പെരുമാളിനെ ഇനി കാണാൻ പററുകയില്ലല്ലൊ. എന്നാൽ അദ്ദേഹത്തിൻെറ ഒരു പ്രതിമ ഉണ്ടാക്കി വയ്ക്കാമെങ്കിൽ ഭാവി തലമുറകൾക്കും അതുകാണാം, അദ്ദേഹത്തിൻെറ ഛായ ഒട്ടൊക്കെ മനസ്സിലാക്കുകയും ചെയ്യാൻ കഴിയും.

അതുകൊണ്ടു് പള്ളിവാണപെരുമാളിൻെറ ഒരു പ്രതിമ നിർമ്മിച്ചു് സമാധിയിൽ വയ്ക്കണമെന്നാണു് ഞങ്ങളുടെ അഭിപ്രായം. ”

അഭിപ്രായം നല്ലതു തന്നെ. ഛായ ഒക്കത്തക്ക വിധത്തിൽ പ്രതിമ ആരുണ്ടാക്കും. മരം കൊണ്ടായാൽ അതു ഭാവി തലമുറകൾക്കു അധികകാലം കാണാൻ പാറുമൊ, എന്നു് സംശയം ഉയന്നു.

നിരണം പ്രതിനിധി പറഞ്ഞു “ആ പറഞ്ഞതു ശരിയാണു്. ഓട്ടുകൊണ്ടു പ്രതിമ ഉണ്ടാക്കാമെന്നാണു് ഞങ്ങൾ ഉദ്ദേശിച്ചതു്. ഛായ ഒട്ടെല്ലാം ശരിപ്പെടുത്തി പ്രതിമ നിർമ്മിക്കാൻ പററിയ കമ്മാളന്മാർ ഞങ്ങൾക്കുണ്ടു്. പ്രതിമ ചെറുതായിരിക്കും. വലിയതായി ഉണ്ടാക്കാൻ ആളില്ല.”

പള്ളിപെരുമാൾ, നടുവിൽ കുരിശുള്ള ഒരു രുദ്രാക്ഷമാല ധരിക്കാറുണ്ടായിരുന്നു. മുകളിൽ കുരിശുള്ള ഒരു വടിയും ഉപയോഗിച്ചു വന്നിരുന്നു. പ്രതിമയുടെ കഴുത്തിൽ മാലയും കൈയിൽ കുരിശുള്ള വടിയും ഉണ്ടായിരിക്കണം എന്നു നിശ്ചയിച്ചു. പ്രതിമ ചെറിയതായിട്ടു നിർമ്മിക്കുന്നതിനേ നിവൃത്തിയുള്ളു എങ്കിൽ അങ്ങിനെ ആവട്ടെ എന്നും വച്ചു.

നിരണത്തെ കരകൗശലക്കാരുടെ കര വിരുതു് വിളിച്ചറിയിക്കുന്ന ഒരു പ്രതിമ ആറു മാസത്തിനുള്ളിൽ വാർത്തു ശരിയാക്കി, സമാധിയിങ്കൽ സ്ഥാപിക്കപ്പെട്ടു എന്നും ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

“കുരിശു ധരിച്ചിട്ടുള്ള ഒരു ചെറിയ കരിങ്കൽപ്രതിമ ഉണ്ടാക്കി വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അനുവദിക്കണം ” എന്നൊരു വിശ്വാസി അറിയിച്ചു. അതു് അനുവദിക്കപ്പെട്ടു. ഭംഗിയുള്ള ഒരു കരിങ്കൽപ്രതിമ പെരുമാളിൻെറ ആദ്യത്തെ ആട്ടച്ചാത്തത്തിൻ നാൾ സ്ഥാപിച്ചു കൊള്ളാമെന്നയാൾ ഏററു.

അങ്ങനെ ആറു കരിശുകൾ ആട്ടച്ചാത്തത്തിനു മുമ്പു് ശരിപ്പെടുത്തണമെന്നാണു് അവിടെ കൂടിയ വിശ്വാസികൾ

അന്നു നിശ്ചയിച്ചതു്. മൂന്നുനിലയുള്ള സ്മാരക മന്ദിരത്തിന്റെ നിർമ്മാണം സംബന്ധിച്ച കൂടുതൽ തീരുമാനങ്ങൾ ആട്ടച്ചാത്തം നടത്തുന്ന സമയം ചെയ്യാമെന്നും വച്ചു.

പള്ളിപെരുമാളിന്റെ ആട്ടച്ചാത്തം കെങ്കേമമായി കഴിക്കണമെന്നു് കൊല്ലം മുതൽ പാലയൂർ വരെയുള്ള നസ്രാണികൾ എല്ലാവരും ആഗ്രഹിച്ചു. ഓരോ ദിക്കിലുള്ളവരും സദ്യക്കു വേണ്ട ഓരോ വിഭവങ്ങൾ തയ്യാറാക്കാമെന്നു് ഏററിരുന്നതനുസരിച്ചു് ഒരുക്കങ്ങൾ നടത്തി. എല്ലാവരും ചാത്ത ദിവസം നീലമ്പേരൂർ എത്തി പ്രാചീന നടപടിക്രമമനുസരിച്ചുള്ള എല്ലാ ചടങ്ങുകളും, വിശേഷ വിധിയായി നസ്രാണി വേദമനുസരിച്ചുള്ള കർമ്മങ്ങളും നടത്തി. സദ്യയും മററും കഴിഞ്ഞു്, സ്മാരക മന്ദിരത്തെപ്പററിയും, അതിന്റെ സംരക്ഷണത്തെപ്പററിയും 'പള്ളി'യുടെ ഭാവിയെപ്പററിയും മററും എല്ലാവരും ചേർന്നു് ആലോചിക്കുകയും ചില നിശ്ചയങ്ങൾ ചെയ്യുകയും ഉണ്ടായി. പെരുമാൾ, പള്ളിയിലെ പെരുമാളും, പള്ളിപെരുമാളും ആയി ക്രമേണ രൂപാന്തരം പ്രാപിച്ചിരുന്നവല്ലോ. ആ രീതിയിൽ തന്നെ ഒരു രൂപാന്തരംകൂടി സംഭവിച്ചു കഴിഞ്ഞു എന്നു് അന്നത്തെ സംസാരവും പ്രഭാഷണങ്ങളും തെളിയിച്ചു. "പള്ളിപെരുമാൾ" എന്നതു്, ഇവിടെ 'വാണപെരുമാൾ' എന്നാദ്യവും, 'പള്ളിവാണപെരുമാൾ' എന്നു പിന്നീടും മാറി വന്നു. ഇതിൽ ഒടുവിലത്തെ നാമത്തിലാണു് അദ്ദേഹം പിന്നീടുള്ള ആയിരത്തി തൊള്ളായിരത്തോളം സംവത്സരക്കാലമായി അറിയപ്പെട്ടുവരുന്നതു്.

ഒന്നാം ആട്ടച്ചാത്ത ദിവസമായപ്പോഴേക്കു്, മൂന്നു നിലയിൽ കുരിശിന്റെ ആകൃതിയിൽ പണിയാൻ നിശ്ചയിച്ചിരുന്ന സ്മാരകമന്ദിരത്തിന്റെ അടിത്തറ തീർന്നു കഴിഞ്ഞതേയുള്ളൂ. മൂന്നു വർഷം കൊണ്ടു് ഒന്നാം നിലയുടെയും, പന്ത്രണ്ടു വർഷം കൊണ്ടു് രണ്ടാം നിലയുടെയും പണി പൂർത്തിയായി. മൂന്നാം നില പണി പൂർത്തി ആയി എന്നു പറഞ്ഞുകൂടാ. എങ്കിലും ഒരു തരത്തിൽ, പിന്നൊരു പത്തു പന്ത്രണ്ടു വർഷം കൊണ്ടു് ആരൊ "തല്ലിക്കൂട്ടി." അങ്ങിനെ കെട്ടിടം

പണി അവസാനിച്ചു. അപ്പോൾ സമാധിയിങ്കൽ ആറു കരിങ്കുകളുമായി. അതു് അവസാനത്തിൻെറ ആരംഭമായിരുന്നു.

പള്ളിവാണപെരുമാൾ മൺമറഞ്ഞതോടു കൂടി "പള്ളി"യുടെ നല്ലകാലം കഴിഞ്ഞു് ഗ്രഹപ്പിഴക്കാലം ആരംഭിച്ചു. ചേര സാമ്രാജ്യത്തെ കോട്ടമില്ലാത്ത നിലയിൽ പട്ടുയർത്തിയ ആളായിരുന്നു വാനവരമ്പൻ. അദ്ദേഹത്തിൻെറ നയവിശേഷം കൊണ്ടും, കൈക്കരുത്തു കൊണ്ടും ആണു് അതു സാധിച്ചതു്. ചേര രാജ്യത്തിനു് അദ്ദേഹം വഴി എത്ര സുന്ദരമായ ഒരു പ്രതിഷ്ഠയാണു് ലഭിച്ചിരുന്നതെന്നു് അയൽ രാജ്യാധിപന്മാർ ശരിക്കുതന്നെ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണല്ലോ, ഒരു സൈന്യത്തെ അയച്ചു ഞങ്ങളുടെ രാജ്യം പിടിച്ചടക്കിക്കൊള്ളണം, എന്നു പടത്തലവൻ തന്നെ ചോഴനെ ധരിപ്പിക്കുകയും ക്ഷണിക്കുകയും ചെയ്തിട്ടും അയാൾ അനങ്ങാതിരുന്നതു്.

കരബലവും ബുദ്ധിശക്തിയും കൊണ്ടു് ഒരു സാമ്രാജ്യം പട്ടുയർത്തിയ വാനവരമ്പൻ അതെല്ലാം ഉപേക്ഷിച്ചു് വാനപ്രസ്ഥം സ്വീകരിച്ചു് പള്ളിവാണപെരുമാളായി. രാജ്യം ഭരിച്ച കാലത്തും, വാനപ്രസ്ഥം ആചരിച്ച കാലത്തും അദ്ദേഹം അതുല്യനായിരുന്നു. ചേരസാമ്രാജ്യത്തിനു് അദ്ദേഹത്തിന്റെ വേർപാടുകൊണ്ടു് സാരമായ ക്ഷതം സംഭവിക്കാതിരുന്നതു്, അദ്ദേഹത്തിന്റെ ഏകനായകത്വത്തിൽ തുടരുന്നതിനു് കുലശേഖരൻ ഉണ്ടായിരുന്നതും, ഭരണം നടത്തുന്നതിനും ക്രമസമാധാനങ്ങൾ പാലിക്കുന്നതിനും വേണ്ട യന്ത്രങ്ങൾ ഉണ്ടായിരുന്നതും കൊണ്ടാണു്. ചേര രാജ്യാധിപനായിരുന്ന കാലത്തെപ്പോലെ തന്നെ, നീലമ്പേരൂരിൽ "പള്ളി"യുടെ ആധിപത്യം സ്വീകരിക്കുകയും പ്രൌഢിയും അധികാര ബഹളങ്ങളും ലോകത്തെത്തന്നെയും ഉപേക്ഷിച്ചു സന്യസിക്കുകയും ചെയ്തകാലത്തും, അദ്ദേഹം ഏകനായകനായിരുന്നു. സൂര്യന്റെ ആകർഷണ വലയത്തിൽ പെട്ടു് എത്ര എത്ര ഗ്രഹങ്ങളോ ഗോളങ്ങളോ ആണു്, സൌരയൂഥത്തിൽ തലനാരിടയോ ഒരു വിനാഴികയുടെ ആയിരത്തിലൊരംശം സമയമോ തെററാതെ നിത്യമായി കറങ്ങിക്കൊണ്ടിരിക്കുന്നതു്? അവയെ എല്ലാം ആ

കഷ്ണ ശക്തിയാൽ യഥാസ്ഥാനങ്ങളിലും പന്ഥാക്കളിലും നിൎത്തുകയും ചലിപ്പിക്കുകയും ചെയ്യുന്ന സൂൎയ്യൻ ഇല്ലാതായാൽ എന്തായിരിക്കും ഫലം? എത്ര വലിയതായാലും ഒരു നക്ഷത്രമോ ഗ്രഹമോ, ആ ഒഴിവു നികത്താൻ ശ്രമിച്ചാൽ പററുമോ? അതു തന്നെയാണ് നീലമ്പേരൂർ "പള്ളി"യിലും സംഭവിച്ചതു്. അവിടത്തെ ഏക നായകൻ അപ്രത്യക്ഷനായി. "പള്ളി"യുടെ ജീവൻ, അതിൻെറ ഏക നായകൻെറ ആകഷ്ണ ശക്തി അല്ലെങ്കിൽ വ്യക്തിമാഹാത്മ്യം ആയിരുന്നു. പള്ളിവാണപെരുമാൾ നിശ്ചേതനനായതോടുകൂടെ 'പള്ളി'യും ആ നിലയിൽ എത്തി. ബഹുജന പിൻതുണ ഉണ്ടായിരുന്നതു കൊണ്ടു്, എല്ലാം തകരാൻ കുറച്ചുകാലം വേണ്ടി വന്നു എന്നു മാത്രം.

നസ്രാണി വേദത്തിൻെറ നിയമങ്ങളും രഹസ്യങ്ങളും വേണ്ടവിധം മനസ്സിലാക്കാതിരുന്ന പലരും പള്ളിവാണപെരുമാളുടെ കാലത്തും അതിനുശേഷവും, നീലമ്പേരൂർ 'പള്ളി"യിൽ ചേൎന്നിരുന്നു. പള്ളിവാണവരുടെ സമാധിസ്മാരകമന്ദിരവും മററും മററും ജീൎണ്ണിക്കുകയും, പൊതുജനസഹകരണവും ശ്രദ്ധയും ഇല്ലാതാകുകയും ചെയ്തപ്പോൾ, പള്ളിയെ അവർ അമ്പലമായി കാണാൻ തുടങ്ങി. ആകൃതിയിലും, വാസ്തുവിദ്യപരമായ കാൎയ്യങ്ങളിലും, പള്ളിയും അമ്പലവും തമ്മിൽ വലിയ വ്യത്യാസമില്ലാതിരുന്നതുകൊണ്ടു്, ഒന്നിനെ മറെറാന്നായി സങ്കല്പിക്കുന്നതിനു ബുദ്ധിമുട്ടുണ്ടായില്ല. ഉപയോഗങ്ങളിൽ മാററങ്ങൾ വരുത്തുന്നതിനും പണി വന്നില്ല. അങ്ങിനെയാണ്, നീലമ്പേരൂരിലെ പള്ളിവാണപെരുമാളിൻെറ "പള്ളി", "പള്ളിയിൽ ഭഗവതിക്ഷേത്ര"മായിത്തീൎന്നതു്. ഇവിടെ രണ്ടു കാൎയ്യങ്ങൾ ശ്രദ്ധേയങ്ങളായി ഉണ്ടു്. ഒന്നു് പെരുമാളിൻെറ "പള്ളി" "പള്ളിയിൽ ഭഗവതിക്ഷേത്രം" ആയിത്തീൎന്നതു്. മറേറതു്, കന്യകമറിയാമിൻെറ "പ്രതിഷ്ഠ", സൌമ്യയായ കാൎത്ത്യായനി ആയി മാറിയതു്. ഭദ്രകാളി എന്ന രൌദ്ര ഭഗവതിക്കു വളരെ പ്രാംബല്യമുണ്ടായിരുന്നിട്ടും, കൊടുങ്ങല്ലൂർ ക്ഷേത്രത്തിലെ പ്രതിഷ്ഠ രൌദ്ര ആയ കാളി ആയിരുന്നിട്ടും സൌമ്യയെയാണ് തെരഞ്ഞെടുത്തതു്. മാർത്തോമ്മാ എ. ഡി. 52ൽ കേരളത്തിൽ വന്നു. അദ്ദേഹത്തിൻെറ ഗു

രുവും ലോക രക്ഷകനുമായ യേശുക്രിസ്തുവിൻെറ മാതാവായ കന്യകമറിയാമിൻെറ ഐഹികവാസം അവസാനിച്ചതു ഏകദേശം എ. ഡി 48ൽ എന്നാണു് വെച്ചിരിക്കുന്നതു്. മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ദേവാലയങ്ങളെല്ലാം വി. കന്യകമറിയാമിൻെറ നാമത്തിലായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. പള്ളിവാണപെരുമാളിൻെറ "പള്ളി"യിലെ ദേവാലയവും വി. കന്യകയുടെ നാമത്തിലായിരുന്നിരിക്കാനാണു് ന്യായം കാണുന്നതു്. കേന്ദ്രം അധഃപതിക്കുകയും ദേവാലയത്തിൽ നസ്രാണിരീതിയിലുള്ള കർമ്മങ്ങൾ നടക്കാതെവരികയും ചെയ്തു. സമീപ പ്രദേശങ്ങളിൽ, നസ്രാണിവേദം സ്വീകരിച്ചവരായി ഉണ്ടായിരുന്നവർ, വഴതി പഴയ മതത്തിലേയ്ക്കു നീങ്ങിയതും, ഇതും ഏതാണ്ടു് ഒരുമിച്ചായിരുന്നു എന്നും വയ്ക്കാം.

പള്ളിവാണപെരുമാളിൻെറ സാന്നിദ്ധ്യത്തിൽ പള്ളിയിലെ "പെരുനാൾ" കഴിക്കുന്നു എന്നുള്ള സങ്കല്പം, അദ്ദേഹത്തിൻെറ വിയോഗശേഷവും തുടന്നു. ക്ഷേത്രങ്ങളിൽ ഉത്സവം നടത്തുന്ന രീതിയിൽ നിന്നു വളരെ വ്യത്യസ്തമല്ലാത്ത രീതിയിലാണു്, ഇരുപതാം നൂററാണ്ടിൻെറ മദ്ധ്യം കഴിഞ്ഞിട്ടും നസ്രാണികളുടെ പല പള്ളികളിലേയും പെരുനാൾ ചടങ്ങുകൾ. അപ്പോൾ ഒന്നാം നൂററാണ്ടിൽ "പെരുനാളും" "ഉത്സവ"വും തമ്മിൽ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ലെന്നു അനുമാനിക്കുന്നതിൽ തെററില്ല. പെരുമാൾ ഭരന്തരിച്ച ശേഷവും, അദ്ദേഹം ജീവിച്ചിരുന്ന കാലത്തു നടന്നുവന്ന രീതിയിൽ, പെരുനാൾ—ഉത്സവം ആരംഭിക്കുന്നതിനു മുമ്പു് കരപ്രമാണികൾ സമാധിയിങ്കൽ ചെന്നു് അനുവാദം ചോദിക്കാൻ തുടങ്ങി. രണ്ടായിരത്തോളം വഷങ്ങൾ കഴിഞ്ഞു. പെരുനാൾ-ഉത്സവം പച്ച ഉത്സവമായി ക്കഴിഞ്ഞു. എന്നിട്ടും അനുവാദം ചോദിക്കൽ നിത്തിയില്ല. ഇന്നും നീലമ്പേരൂർ പള്ളിയിൽ ഭഗവതിക്ഷേത്രത്തിൽ ഉത്സവക്കാലത്തു് പടയണി ആരംഭിക്കുന്നതിനു് കരനാഥന്മാർ അനുഗാമികളോടു കൂടെ പള്ളിവാണപെരുമാളുടെ സമാധിക്കു സമീപം ചെന്നു് ആദരപൂർവ്വം അനുവാദം ചോദിക്കുന്നു. ഉത്സവവും പടയണിയും മററും അവസാനിക്കു

മ്പോൾ പഴയപടി കരനാഥന്മാരും അനുയായികളും സമാധിയിങ്കൽ എത്തി, അവരുടെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും തെററു പററുകയൊ അവർ കുററം ചെയ്കയൊ ചെയ്തിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്നപേക്ഷിക്കുകയും, പട്ടിൽ പൊതിഞ്ഞു് കാണിക്ക സമർപ്പിക്കുകയും ചെയ്യുന്നു. പെരുമാളോടൊപ്പം കൊടുങ്ങല്ലൂർ നിന്നു വന്ന ആയോധനവിദ്യാകുശലന്മാരായിരുന്ന പണിക്കർമാരിൽ ചിലർ നീലമ്പേരൂരിൽ താമസമുറപ്പിക്കയുണ്ടായി. അവരുടെ വംശജന്മാർ കരനാഥന്മാരായി ഭവിച്ചു എങ്കിൽ വിസ്മയിക്കാനില്ലല്ലൊ. ഈ ചടങ്ങും, "പള്ളി", "പള്ളിയിൽ..ക്ഷേത്ര"മായി മാറിയതാണെന്നു തെളിയിക്കുന്നുണ്ട്.

പള്ളി, ക്ഷേത്രമായി മാറിയതിനെ അനുസ്മരിപ്പിക്കുന്ന ചടങ്ങുകൾ ഇന്നുമുണ്ടെങ്കിലും, പ്രാചീന കാലത്തു് വിശുദ്ധമെന്നു് ഗണിക്കപ്പെട്ടിരുന്ന പല വകയ്ക്കും സ്ഥാനഭ്രംശം സംഭവിച്ചു. സമാധിക്കു മീതെ പണിതീർത്ത കുരിശാകൃതിയിലുള്ള മൂന്നുനില കെട്ടിടം നിലംപരിചായി. അതിനുപകരം ഒരു ഉപഗൃഹം കുത്തിക്കൂട്ടി. അതും പൊളിഞ്ഞുപോയി. ഓട്ടുകൊണ്ടുള്ള പ്രതിമയും അതിൻെറ കഴുത്തിലെ തുളസിമാലയും കുരിശും ഇന്നുമുണ്ട്. വടിയുടെ മുകൾഭാഗത്തുണ്ടായിരുന്ന കുരിശു് ഒടിച്ചു് മാററാൻ പണിയുണ്ടായിരുന്നില്ല. ഏതാണ്ട് ഏഴര ഇഞ്ചു മാത്രം ഉയരമുള്ള ഒരു ചെറിയ സാധനമായതുകൊണ്ട്, എവിടെ വേണമെങ്കിലും ഒതുക്കി വയ്ക്കാൻ സാധിക്കും. ഇപ്പോൾ പ്രതിമ കൈവശമിരിക്കുന്ന ക്ഷേത്രാധികാരികൾ, അതു് ആരേയും കാണിക്കാതെ കഴിക്കാൻ ശ്രമിക്കുകയാണു്. നഷ്ടപ്പെട്ടുപോയി എന്നു പറഞ്ഞു് ഒഴിയുന്നതിനും മടിക്കുന്നില്ല. ജാതിയും മതവും മനുഷ്യരെ തമ്മിൽ അകററുകയൊ വേർപെടുത്തുകയൊ അല്ല, അടുപ്പിക്കുകയും യോജിപ്പിക്കുകയും ചെയ്യുകയാണു് വേണ്ടതെന്നു, സ്വ ജീവിതം കൊണ്ടു് തെളിയിച്ച മഹാൻെറ ആ പ്രതിമ, അപൂർവ്വ കൌതുക വസ്തുവായി പ്രഖ്യാപിച്ചു സംരക്ഷിക്കേണ്ടതാണു്.

കഴുത്തിൽ കുരിശുള്ള ഓട്ടുകൊണ്ടുള്ള പ്രതിമയ്ക്കു് പ്രകാശം കാണാൻ അനുമതി ഇല്ലെങ്കിലും ഇന്നും അതു്

നഷ്ടപ്പെട്ടിട്ടില്ല. (ആ പ്രതിമയുടെ ചിത്രമാണു് കവറിൽ കാണുന്നതു്. ഉള്ളിലും ഉണ്ടു്. വലതു കൈയിലുള്ള വടിയുടെ മുകൾഭാഗം കുരിശുൾപ്പെടെ ഒടിഞ്ഞു പോയി. അതു വരച്ചു ചേർത്തു ശരിപ്പെടുത്തിയതാണു്). കഴുത്തിൽ കുരിശുള്ള കരിങ്കൽ പ്രതിമ ആരോ പിഴുതു കുളത്തിൽ എറിഞ്ഞു. അതാവഴിക്കു പോയി. ആറു കുരിശുകളിൽ മൂന്നിൻെറ ചരിത്രമാണു് ഇതുവരെ വർണ്ണിച്ചതു്. അവയിൽ ഒന്നൊഴിച്ചു് ബാക്കി എല്ലാം അപ്രത്യക്ഷമായി. ശവകുടീരത്തിനു മുകളിൽ വച്ചിട്ടുള്ളകരിങ്കൽ പലകമേൽ രണ്ടു കുരിശുകളായിരുന്നുവല്ലൊ. മൂന്നു നിലകുരിശു മാളികയും, അതു അപ്രത്യക്ഷമായപ്പോൾ ഉണ്ടാക്കിയ ഉപഗ്രഹവും നശിച്ചു. കരിങ്കൽ പലക മണ്ണിനടിയിൽ ആയതുകൊണ്ടു് കുരിശുകൾ ഉണ്ടോ, പലക തന്നെ ഉണ്ടോ എന്നറിഞ്ഞുകൂടാ. ഈ ശവകുടീരവും അപൂർവ്വ വസ്തുവായി പ്രഖ്യാപിക്കേണ്ടതാണു്.

പെരുമാളുമൊരുമിച്ചു് നീലമ്പേരൂർ താമസമാക്കിയവരിൽ ചിലരുടെ കഥ മുകളിൽ വന്നു. ബാക്കിയുള്ളവരേയും, തിതിയൻെറ അന്ത്യത്തേയും പററി വിവരമൊന്നുമില്ല. അക്കമ്മാളും വീരപാണ്ഡ്യനും, അവർക്കു കിട്ടിയ കുമാരമുട്ടം ദേശത്തു താമസമാക്കി. പ്രാചീനകാലത്തു കുമാരമുട്ടത്തു് നസ്രാണികൾ ഉണ്ടായിരുന്നതായി ചരിത്രങ്ങളിൽ കാണുന്നുണ്ടു്. അതു് അവരുടെ പ്രവർത്തനഫലമായിരുന്നിരിക്കണം.

# KOTTAYAM PUBLIC LIBRARY
## KOTTAYAM

Cl. No. MF2 Acc. No. 112364

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 7 MAY 2006 | 15 NOV 2014 | 1 JAN 2020 |
| 3 SEP 2006 | 15 FEB 2015 | 9 MAR 2020 |
| 08 NOV 2006 | 20 MAY 2015 | |
| 15 MAR 2007 | | |
| 13 APR 2007 | 29 AUG 2017 | |
| 7 APR 2008 | 20 SEP 2017 | |
| 7 MAY 2008 | 21 NOV 2017 | |
| 19 SEP 2013 | | |
| 20 APR 2014 | 18 APR 2019 | |
| 21 MAY 2014 | 30 JUN 2019 | |
| 2 JUL 2014 | 15 AUG 2019 | |
| 5 AUG 2014 | 20 SEP 2019 | |
| 07 SEP 2014 | 20 SEP 2019 | |
| 10 OCT 2014 | 8 NOV 2019 | |

If the book is not returned on due date
a fine of 20 Ps. per day will be charged

MF2
PAR-P

119364

പാറേക്ക് ജോസഫ്. ഫം

പള്ളിവാണപെരുമാൾ

"................................................................................................................................................

........ചരിത്ര പശ്ചാത്തലം ഈ നോവലിൻ എത്രയും വിദഗ്ദ്ധമാംവണ്ണം ഉപയോഗിച്ചിട്ടുണ്ടെന്നാണു് എൻെറ അഭിപ്രായം.

ഇരുപത്തിയ[illegible]ിലധികം നോവലുകൾ രചിച്ചിട്ടുള്ള ഒരു സാഹിത്യകാരനാണു് ശ്രീ പാറേട്ട്. അവയിൽ ചിലതു് ചരിത്രാഖ്യായികകളത്രെ. ക്രി. 14-ാം ശതാബ്ദത്തിലെ കേരള ചരിത്രത്തെ സംബന്ധിക്കുന്ന ഒരു നോവൽ കഴിഞ്ഞ കൊല്ലം അദ്ദേഹം എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി. അന്നു് ഇവിടത്തെ സമുദായമൈത്രി പ്രകാശിപ്പിക്കുന്ന ഒരു കഥയാണതു്. ഒന്നാം ശത[illegible]ത്തിലെ ചരിത്രം സംബന്ധിച്ചുള്ള ഈ ആഖ്യായിക അതിലും കൂടതലായി വായനക്കാരെ [illegible]മെന്നാണു് എൻെറ അഭിപ്രായം. ഈ കൃതിക്കു് പ്രചുരപ്രചാരം ഉണ്ടാകട്ടെ എന്നാശംസിക്കു...

ഡോ. പി. ജെ. തോമസ്."